# മലയാളപ്പച്ച

# *malayala pachcha*

റിസേർച്ച് ജേണൽ: ഭാഷ, സാഹിത്യം, സംസ്കാരം

2-ാം ലക്കം

## എതിരെഴുത്തുകൾ



എതിരെഴുത്തുകൾ

പ്രസാധനം

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

2016

# എതിരെഴുത്തുകൾ

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

പുല്ലൂറ്റ് - കൊടുങ്ങല്ലൂർ

2016

malayala pachcha

Research Journal of language literature and culture

Published In India By
The Head of the Post Graduate Department of Malayalam,

KKTM Govt. College,

Pullut P.O., Thrissur District, Kerala, India. PIN 680663

email: kktmgovtcollegemalayalamdept@gmail.com

© HOD-KKTMC 2015

Published in February, 2016

ISSN: 2454-292X

Typeset using Unicode Malayalam Fonts (smc.org.in)

Cover & book design: Ashokkumar P K

You are free to:
Share — copy and redistribute the material in any medium or format
Adapt — remix, transform, and build upon the material
for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner, but not in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrict others from doing anything the license permits.

Notices:
You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception or limitation.

No warranties are given. The license may not give you all of the permissions necessary for your intended use.

*Advisory Board*

Dr. P. Pavithran
Associate Professor,
Sree Sankaracharya Sanskrit University, Tirur Centre

Dr. Sunil P. Elayidam
Associate Professor,
Sree Sankaracharya Sanskrit University, Kaladi

Dr. G. Ushakumari
Assistant Professor, Maharajas College, Ernakulam

*Managing Editor:*

H.O.D Department of Malayalam

*Chief Editor:*

Muhamed Basheer K.K,
Asst. Professor and Head, Dept. of Malayalam

*Issue Editor:*

Shereena Rani G.B.,
Assistant Professor, Dept. of Malayalam

*Editorial Board:*

M.Ramachandran Pillai

Roshni K Lal

Dr. Ganga Devi M.

Shereena Rani G.B.

Deepa B.S.

Dhanya S. Panicker

Dr. Aji Kuzhikkatt

# ആമുഖം

കാലത്തോടും ജീവിതത്തോടും സംവദിക്കുന്നതാണ് ആവിഷ്കാരങ്ങളെല്ലാംതന്നെ. മാനവികമൂല്യങ്ങളും മനുഷ്യാവകാശങ്ങളും നഗ്നമായി ലംഘിക്കപ്പെടുകയും ഭരണകൂടം അസഹിഷ്ണുത വിതച്ച് സാമുദായിക ധ്രുവീകരണത്തിന്റെ രാഷ്ട്രീയവിളവ് ആസൂത്രിതമായി കൊയ്തെടുക്കുകയും ചെയ്യുമ്പോൾ എഴുത്ത് പ്രതികരണത്തിനും പ്രതിരോധത്തിനുമപ്പുറം സമരത്തിന്റെ എതിരെഴുത്താവുന്നു.

എഴുത്തിന്റെ രാഷ്ട്രീയത്തെ അധികാരബന്ധങ്ങളുടെ സൂചകങ്ങൾ വെച്ച്  വിലയിരുത്തുന്ന പ്രബന്ധസമാഹാരമാണ് മലയാളപ്പച്ചയുടെ രണ്ടാംലക്കമായ എതിരെഴുത്തുകൾ. കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജിലെ മലയാളവിഭാഗം കോളേജ്  വിദ്യാഭ്യാസ വകുപ്പിന്റെ ധനസഹായത്തോടെ 2015 ഒക്ടോബർ 28, 29 തിയ്യതികളിൽ 'അധികാരം, പ്രതിരോധം, ആവിഷ്കാരം മലയാളസാഹിത്യത്തിൽ' എന്ന തലക്കെട്ടിൽ നടത്തിയ ദേശീയസെമിനാറിൽ അവതരിപ്പിച്ചവയിൽനിന്നും തെരഞ്ഞെടുത്തതാണ് മിക്ക പ്രബന്ധങ്ങളും. എതിരെഴുത്തുകൾ വിലയിരുത്തലുകൾക്കായി സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

മുഹമ്മദ് ബഷീർ കെ.കെ.
ചീഫ് എഡിറ്റർ.

# മലയാളപ്പച്ച

## റിസേർച്ച് ജേർണൽ

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ് മലയാളവിഭാഗം 2015 ഓഗസ്റ്റ് മുതൽ പ്രസദ്ധീകരിക്കുന്ന അർദ്ധവാർഷിക റിസേർച്ച് ജേർണലാണ് *മലയാളപ്പച്ച*. പകർപ്പവകാശം സ്വതന്ത്രമാക്കിയ മലയാളത്തിലെ ആദ്യത്തെ റിസേർച്ച് ജേർണൽ എന്ന ബഹുമതി ഇതിനുണ്ട്.

തനതുമലയാളലിപിയിൽ, യൂനികോഡ് സങ്കേതത്തിൽ, പൂർണ്ണമായി അച്ചടിക്കുന്നതും ഓഗസ്റ്റ്-ഫെബ്രുവരി മാസത്തിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേർണലിന്റെ ഉള്ളടക്കം ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ പുതിയ അന്വേഷണങ്ങളാണ്.

മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്ന പ്രബന്ധങ്ങൾ kktmgovtcollegemalayalamdept@gmail.com എന്ന വിലാസത്തിലേയ്ക്ക് word format-ൽ പത്തു പുറത്തിൽ കവിയാതെ തയ്യാറാക്കി അയക്കുക. റഫറൻസുകൾക്കും പിൻകുറിപ്പുകൾക്കും MLA സ്റ്റൈൽ സ്വീകരിക്കേണ്ടതാണ്.

# എതിരെഴുത്തിലെ ആഖ്യാനവിശേഷം

അധികാരവും പ്രതിരോധവും മലയാളസാഹിത്യത്തിൽ എങ്ങനെയാണ് ചരിത്രപരമായും രാഷ്ട്രീയമായും അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന അന്വേഷണത്തിന്റെ പരിണതഫലമാണ് 'എതിരെഴുത്തുകൾ'. മനുഷ്യന്റെ ഭാഗധേയം നിർണ്ണയിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന അധികാരത്തിന്റെ ബലതന്ത്രങ്ങളെ തിരിച്ചറിയാൻ ഈ പ്രബന്ധങ്ങളുടെ വായനയിലൂടെയും വിശകലനത്തിലൂടെയും സാധിക്കുമെന്നതിൽ തർക്കമില്ല.

അധികാരത്തിന്റെയും പ്രതിരോധത്തിന്റെയും ആവിഷ്കാരം വിവിധ വീക്ഷണകോണുകളിലൂടെയാണ് ഓരോ പ്രബന്ധകർത്താവും അവതരിപ്പിച്ചിരിക്കുന്നത്. പുരുഷാധികാരം, ഭരണാധികാരം, സവർണ്ണാധികാരം, മതാധികാരം തുടങ്ങി വ്യത്യസ്തമായ അധികാരശ്രേണികളേയും അവയുടെ നേർക്കുള്ള പ്രതിരോധത്തിന്റെ പാഠങ്ങളേയും വ്യത്യസ്തമാനങ്ങളിൽ ആവിഷ്കരിക്കുകയാണിവിടെ.

പുരുഷകേന്ദ്രിത സമൂഹത്തിൽ (male dominant society) സ്ത്രീസ്വത്വം തിരസ്കരിക്കപ്പെടുമ്പോൾ, വ്യവസ്ഥാപിത അധികാരങ്ങളുടെ നേർക്ക് ശക്തിയോടെ പ്രതികരിക്കുന്ന കവിതകളാണ് ഗിരിജ എം. പാതേക്കരയുടേത്. ഈ കവിതകളെ സ്ത്രീസ്വത്വ നിർമ്മിതിയുടെ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ അപഗ്രഥിക്കുകയാണ് ജോയ്സി റോജാ വർഗ്ഗീസ്. സ്ത്രീയെ അടിച്ചമർത്തുമ്പോഴുണ്ടാകുന്ന പ്രതിരോധത്തിന്റേയും അതിജീവനത്തിന്റേയും ഭാഗമായി എഴുത്ത് എങ്ങനെയാണ് ശക്തമായ ഒരു മാദ്ധ്യമമായിത്തീരുന്നതെന്ന് 'മാറ്റാത്തി'യെന്ന നോവൽ പഠനവിധേയമാക്കി അനു ട്രീസ ചിറ്റിലപ്പള്ളി വിശദീകരിക്കുന്നു. കുടുംബജീവിതത്തിലെ അസംതൃപ്തതൃഷ്ണകളും സ്ത്രീയുടെ ത്യാഗമനോഭാവവും എങ്ങനെയെല്ലാം മാധവിക്കുട്ടിയുടെ കഥകളിൽ പ്രതിഫലിക്കുന്നുവെന്ന്

വ്യക്തമായി വരച്ചുകാട്ടുന്ന പ്രബന്ധമാണ് വിജിതയുടേത്. സ്ത്രീസ്വത്വാവിഷ്കാരനിർമ്മിതിയ്ക്കായി യത്നിക്കുന്ന സ്ത്രീജീവിതമാണ് നോവൽ പ്രമേയത്തിനു കരുത്തുപകരുന്നതെന്ന ദീപ ആർ.വി.എം. എന്ന പ്രബന്ധകാരിയുടെ കാഴ്ചപ്പാട് 'ബർസ–തലകുനിക്കാത്തവൾ' എന്ന പ്രബന്ധത്തിനു ശക്തിനല്കുന്നു. പുരുഷാധികാരവ്യവസ്ഥയോടുള്ള പ്രതിരോധമായി നോവലിസ്റ്റ് 'ആരാച്ചാരി'ൽ ചേതനയെ അവതരിപ്പിച്ചിരിക്കുന്നത് ശ്രദ്ധാപൂർവ്വം നിരീക്ഷണം നടത്തിയിരിക്കുന്ന പ്രബന്ധമാണ് ധന്യ. എസ്. പണിക്കരുടെ 'സ്ത്രൈണസത്തയുടെ ചോദന'. പുരുഷമേധാവിത്ത കുടുംബത്തിനുള്ളിൽ സ്ത്രീ അതിജീവനത്തിന്റെ പ്രതിരോധപാഠങ്ങൾ എങ്ങനെ മെനയുന്നുവെന്ന് ആധുനികാനന്തര ചെറുകഥകളെ പഠനവിധേയമാക്കിക്കൊണ്ട് നിമ്മി. എ.പി. പ്രബന്ധരചന നിർവ്വഹിച്ചിരിക്കുന്നു.

ലിംഗനീതിയും തൊഴിൽനീതിയും സാമൂഹ്യനീതിയും ലഭ്യമാകാത്ത നിരവധി സ്ത്രീജീവിതങ്ങൾ ഇവിടെയുണ്ടെന്ന തിരിച്ചറിവ് പ്രദാനംചെയ്യുന്ന പ്രബന്ധമാണ് ഉദയന്റേത്. പ്രാദേശികവും ഭാഷാപരവും കാലികവും നൈസർഗ്ഗികവുമായ പ്രതിരോധപാഠങ്ങളെ കെ.ആർ. മീരയുടെ 'പായിപ്പാട്ടുമുതൽ പേസ്മേക്കർ വരെ' എന്ന കഥയിലൂടെ അടയാളപ്പെടുത്താൻ ശ്രമിച്ചിരിക്കുന്ന പ്രബന്ധമാണ് ഷീന വി.കെ.യുടെ 'പ്രതിരോധത്തിന്റെ ഭിന്നമുഖങ്ങൾ.' ആണധികാരവ്യവസ്ഥിതിയും പ്രതിരോധത്തിന്റെ പെണ്ണിടവും 'പാട്ടബാക്കി' എന്ന നോവലിൽ എങ്ങനെ പ്രതിഫലിക്കുന്നുവെന്ന അന്വേഷണമാണ് സിമി എ.ജെ. നടത്തിയിരിക്കുന്നത്. ആണധികാരത്തിൽനിന്നും പെണ്ണനുഭവങ്ങൾ തികച്ചും സ്വതന്ത്രമാകേണ്ടതിന്റെ ആവശ്യകത പ്രതിപാദിക്കുന്ന പ്രബന്ധമാണ് സൗമ്യയുടെ 'പെൺവിനിമയങ്ങളിലെ അധികാരരൂപങ്ങൾ'.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമിടയിൽ കുടുങ്ങിക്കിടക്കുന്ന സ്ത്രീജീവിതങ്ങള്ശക്തിപ്പെടുന്നതിന്റെ ചിത്രം 'പരിണയം' എന്ന തിരക്കഥയിലൂടെ കണ്ടെടുക്കാൻ ശ്രമിക്കുകയാണ് രാമചന്ദ്രൻപിള്ള. മാധവനാൽ തിരസ്കരിക്കപ്പെടുന്ന നങ്ങേലി എന്ന സ്ത്രീയുടെ ഉയിർത്തെഴുന്നേല്പിന്റേയും അതിജീവനത്തിന്റേയും നേർചിത്രം കൃത്യമായി ഈ പ്രബന്ധത്തിൽ ദർശിക്കാം. അഭിജ്ഞാനശാകുന്തളത്തിലെ രാജാധികാരവും അതിനുനേർക്കുള്ള പ്രതിരോധവും കാളിദാസൻ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നുവെന്ന് വിശകലനം ചെയ്തിട്ടുള്ള പ്രബന്ധമാണ് ശ്രീമതി. പ്രജിനിയുടേത്. മലയാളനാടകചരിത്രം അപഗ്രഥിച്ചാൽ

സമുദായപരിഷ്കരണത്തിന് എപ്പോഴും നാടകത്തിൽ പ്രാധാന്യം നല്കിയിരുന്നുവെന്നുകാണാം. അടുക്കളയിൽനിന്നും അരങ്ങിലേയ്ക്കും പിന്നീട് തൊഴിൽകേന്ദ്രത്തിലേയ്ക്കും എത്തിച്ചേരുന്നവളാണ് സ്ത്രീ എന്ന രാഷ്ട്രീയബോധം അരക്കിട്ടുറപ്പിക്കുന്ന 'തൊഴിൽകേന്ദ്രത്തിലേയ്ക്ക്' എന്ന നാടകത്തെ ചരിത്രപരമായി വിശകലനംചെയ്യുന്ന ഒന്നാണ് 'പ്രതിരോധത്തിന്റെ രംഗഭാഷ്യം—തൊഴിൽകേന്ദ്രത്തിലേയ്ക്ക്' എന്ന ഡോ. ജാൻസിയുടെ പ്രബന്ധം.

സൈബറിടങ്ങളിലെ അധികാരവും പ്രതിരോധവും നോവലുകളിൽ എങ്ങനെ ആവിഷ്കൃതമായിരിക്കുന്നുവെന്ന ഡോ. അജി കുഴിക്കാട്ടിന്റെ 'നവമാദ്ധ്യമാധികാരത്തിന് ഒരനുബന്ധം അഥവാ ഫ്രാൻസിസ് ഇട്ടിക്കോര' എന്ന പ്രബന്ധം വേറിട്ടുനില്ക്കുന്നു. അധികാരത്തിന്റെ ഏറ്റവും ശക്തമായ ഇടപെടൽ മനുഷ്യനിൽ അടിച്ചേല്പിക്കുന്നത് മതങ്ങളും വിശ്വാസങ്ങളുമാണെന്നും ഈ വിശ്വാസത്തെ തച്ചുടയ്ക്കാൻ ശ്രമിക്കുന്ന വാങ്മയമാണ് 'നിരീശ്വരൻ' എന്ന നോവൽ എന്നും 'തകർന്നുയരുന്ന ദേവബിംബങ്ങൾ' എന്ന പ്രബന്ധത്തിലൂടെ ഡോ. എം. ഗംഗാദേവി നിരീക്ഷിക്കുന്നു. ആഗോളവത്കരണത്തിന്റേയും വിപണിസംസ്കാരത്തിന്റേയും നീരാളിപ്പിടുത്തത്തിനിടയിൽ ഒരു ജനതയുടെ പ്രതിരോധസാദ്ധ്യതകൾ കണ്ടെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ശ്രുതി 'ചാവൊലി' എന്ന നോവലിനെ പഠനവിധേയമാക്കിയിരിക്കുന്നു. അഗ്നിക്കാവടി എന്ന അനുഷ്ഠാനകലയുടെ പ്രതിരോധസാദ്ധ്യതകളും അതിന്റെ മനഃശാസ്ത്രവും ചർച്ചചെയ്യാൻ ശ്രമിക്കുന്ന പ്രബന്ധമാമ് ശ്രീജ ജെ.എസ്സിന്റേത്.

അധഃകൃതരുടെ പ്രതിഷേധം എങ്ങനെയാണ് സവർണ്ണാധിപത്യത്തെ കീഴ്മേൽ മറിച്ചത് എന്ന് ടി.കെ.സി. വടുതലയുടെ ചെറുകഥയെ ആധാരമാക്കി തികച്ചും അക്കാദമിക രീതിയിൽ പഠിച്ച് പ്രബന്ധരചന നിർവ്വഹിച്ചിരിക്കുകയാണ് ഡോ. സുധീർകുമാർ പി. പാർശ്വവത്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ പ്രശ്നങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്ന 'ചാവൊലി' എന്ന നോവലിലെ അരികുജീവിതവും അധികൃതരാഷ്ട്രീയവുമാണ് ഉർസുലയുടെ പ്രബന്ധത്തിൽക്കാണാനാവുക. സി. അയ്യപ്പന്റെ കഥകളിൽ തെളിയുന്ന കീഴാള അനുഭവങ്ങൾ പ്രതിരോധപാഠങ്ങളായി വീണാ ഗോപാൽ തന്റെ പ്രബന്ധത്തിൽ ആവിഷ്കരിക്കുന്നു.

അധികാരത്താൽ ചൂഷണം ചെയ്യപ്പെടുന്ന നിരവധി മനുഷ്യജീവിതങ്ങളെ വിവിധ രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളുടെ

അടിസ്ഥാനത്തിൽ അക്കാദമികമായി വിലയിരുത്തുന്ന പ്രബന്ധമാണ് മെറിൻ ജോയിയുടേത്. അധികാരവും പ്രതിരോധവും ജനതയെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നുവെന്ന നിരീക്ഷണമാണ് 'നഗരാധികാരത്തിന്റെ അധിനിവേശങ്ങൾ—ആലാഹയുടെ പെൺമക്കളിൽ' എന്ന പ്രബന്ധത്തിലൂടെ സ്മിത എൽസി സെബാസ്റ്റ്യൻ നിർവ്വഹിച്ചിരിക്കുന്നത്.

'ഭരണകൂടത്തിന്റേയും പുരുഷാധിപത്യ സമൂഹത്തിന്റേയും ഭയപ്പെടുത്തലിന്റെ പാഠങ്ങൾ' എന്ന പ്രബന്ധത്തിൽ ദിവ്യ ധർമ്മദത്തൻ അധികാരത്തിന്റെ പ്രത്യയശാസ്ത്രം ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ കഥകളിലൂടെ വിശകലനം ചെയ്യുന്നു. ജനാധിപത്യം പേരിൽ മാത്രമാണെന്നും ആത്യന്തികമായി ജനങ്ങൾക്കല്ല, അധികാരികൾക്കുതന്നെയാണ് ആധിപത്യമെന്നും '1128-ൽ ക്രൈം' എന്ന നാടകപഠനത്തിലൂടെ മുഹമ്മദ് ബഷീർ. കെ.കെ. വിശദമാക്കുന്നു. അധികാരത്തെ നിർണ്ണയിക്കുന്ന വ്യത്യസ്തഘടകങ്ങളും അവ എങ്ങനെയാണ് പൗരജീവിതത്തെ സ്വാധീനിക്കുന്നതെന്നും മലയാറ്റൂരിന്റെ 'യന്ത്രം' എന്ന നോവലിനെ ആസ്പദമാക്കി ഷെറീനാ റാണിയുടെ പ്രബന്ധം അന്വേഷിക്കുന്നു. 'അധികാരത്തിനുപിന്നിൽ പണത്തിന്റെ ധിക്കാരപരമായ കരുത്തുണ്ട്' എന്നുതെളിയിക്കാനുതകുന്ന പ്രബന്ധമാണ് ബീന കെ.യുടേത്. പ്രസ്തുതപ്രബന്ധം ചന്തുമേനോന്റെ നോവലുകളിലെ ദായക്രമം അടിസ്ഥാനമാക്കിയാണ് സംവിധാനം ചെയ്തിട്ടുള്ളത്. ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസ'ത്തെ അവലംബിച്ച് അധികാരത്തിന്റെ വിവിധതലങ്ങളെ അപഗ്രഥിച്ചിരിക്കുന്നു ദീപ ബി.എസ്.

'എതിരെഴുത്തുകൾ' എന്ന ഈ പ്രബന്ധസമാഹാരം അക്കാദമികലോകത്തേയ്ക്ക് വിശകലനത്തിനായി സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

പുല്ലൂറ്റ്
22-02-2016

ഷെറീനാ റാണി ജി.ബി.
*ഇഷ്യൂ എഡിറ്റർ.*

ഉള്ളടക്കം


1. നവമാധ്യമാധികാരത്തിന് ഒരു അനുബന്ധം 15
*ഡോ. അജി കുഴിക്കാട്ട്*

2. നഗരാധികാരത്തിന്റെ അധിനിവേശങ്ങൾ
—ആലാഹയുടെ പെൺമക്കളിൽ 26
*സ്മിത എൽസി സെബാസ്റ്റ്യൻ*

3. കവിതയിലെ പെൺപിറവികൾ 35
*ജോയ്സി റോജ വർഗ്ഗീസ് എം.*

4. അധികാരം, പ്രതിരോധം—'മാറ്റാത്തി'യിൽ 41
*അന ട്രീസ ചിറ്റിലപ്പിള്ളി*

5. അരികുജീവിതവും അധികൃതരാഷ്ട്രീയവും 'ചാവൊലി'യിൽ 49
*ഉർസുല എൻ*

6. പ്രതിരോധ പാഠങ്ങൾ—സി.അയ്യപ്പന്റെ കഥകളുടെ പഠനം 57
*വീണാഗോപാൽ വി.പി.*

7. പ്രതിരോധത്തിന്റെ രംഗഭാഷ്യം—'തൊഴിൽ കേന്ദ്രത്തിലേയ്ക്ക്' 61
*ഡോ. ജാൻസി കെ.എ.*

8. അധികാരവും പ്രതിരോധവും
—എം. സുകുമാരന്റെ ചെറുകഥകളിൽ 69
*മെറിൻ ജോയ്*

9. പരിണയം—ഉരൽപ്പുരയിൽ നിന്ന് ഒരുറച്ച ശബ്ദം 79
*എം. രാമചന്ദ്രൻ പിള്ള*

10. പ്രതിരോധങ്ങളുടെ ആവിഷ്കാരം
—അഭിജ്ഞാന ശാകുന്തളത്തിൽ 89
*പ്രജിനി പ്രകാശ്*

11. അനുഷ്ഠാനകലകളിലെ ആവിഷ്കാര-പ്രതിരോധ സാദ്ധ്യതകൾ: 'അഗ്നിക്കാവടി'യെ മുൻനിർത്തി ഒരു പഠനം 94
*ശ്രീജ.ജെ.എസ്.*

12. ഭരണകൂടത്തിന്റെയും പുരുഷാധിപത്യസമൂഹത്തിന്റെയും ഭയപ്പെടുത്തലിന്റെ പാഠങ്ങൾ 98
*ദിവ്യധർമ്മദത്തൻ*

13. പ്രതിരോധത്തിന്റെ സാമൂഹികമാനങ്ങൾ 108
*സിമി എ.ജെ.*

14. പെൺവിനിമയങ്ങളിലെ അധികാരരൂപങ്ങൾ 115
*സൗമ്യ സി.എസ്.*

15. 'ചാവൊലി' –അതിജീവനത്തിന്റെ വേരുകൾ 121
*ശ്രുതി കെ.*

16. കുടുംബമെന്ന അധികാരസ്വരൂപം—മാധവിക്കുട്ടിയുടെ കഥകളിൽ 131
*വിജിത പി.*

17. പ്രതിരോധത്തിന്റെ ജാതിചരിത്രം വട്ടുതലയുടെ കഥകളിൽ 137
*ഡോ.സുധീർകുമാർ. പി*

18. സ്ത്രൈണസത്തയുടെ ചോദന 152
*ധന്യ.എസ്.പണിക്കർ*

19. കുറ്റവും ശിക്ഷയും സി.ജെ.യുടെ ക്രൈം നാടകത്തിൽ 158
*മുഹമ്മദ് ബഷീർ കെ.കെ*

20. സ്ത്രീയധികാരവും പ്രതിരോധവും നളിനി ജമീലയുടെ ആത്മാവിഷ്കാരത്തിൽ 165
*ഉദയൻ. എസ്*

21. ബർസ—തലകുനിക്കാത്തവൾ 171
*ദീപ ആർ.വി.എം.*

22. അതിജീവനത്തിന്റെ ജൈത്രയാത്ര 178
*അനുഡേവിഡ്*

23. പ്രതിരോധത്തിന്റെ ഭിന്ന മുഖങ്ങൾ 184
*ഷീന. വി.കെ.*

24. കുടുംബം അധികാരം പ്രതിരോധം 192
*നിമ്മി.എ.പി*

25. 'തകർന്നുയരുന്ന ദേവബിംബങ്ങൾ' 197
*ഡോ. ഗംഗാദേവി.എം*

26. അധികാരത്തിന്റെ സാമ്പത്തികശാസ്ത്രം 207
*ബീന.കെ*

27. അധികാരവും സിവിൽ സർവ്വീസും—'യന്ത്രം' എന്ന നോവലിൽ 212
*ഷെറീനാ റാണി ഇ. ബി*

28. ഖസാക്കിലെ ആഖ്യാനപരിണാമങ്ങൾ 218
*ദീപ ബി.എസ്.*

മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ സമ്പൂർണ്ണ ഉത്തരവാദിത്വം അതതു ലേഖകരിൽ മാത്രം നിക്ഷിപ്തമാണ്

# നവമാധ്യമാധികാരത്തിന് ഒരു അനുബന്ധം

അഥവാ 'ഫ്രാൻസിസ് ഇട്ടിക്കോര'

പുതുമാധ്യമങ്ങൾ പ്രത്യേകിച്ച് സൈബറിടം നമ്മുടെ ദൈനംദിനജീവിതാനുഭവങ്ങളുടെ ഉള്ളടക്കങ്ങളെ പുതുക്കിപ്പണിയുന്നുണ്ട്. രണ്ടായിരത്തിനുശേഷം എഴുതപ്പെട്ടിട്ടുള്ള ചില നോവലുകളെങ്കിലും ഈയൊരു സാംസ്കാരികാനുഭവത്തെ സ്വാംശീകരിക്കാൻ ശ്രമിക്കുന്നുണ്ട്. ടി. ഡി. രാമകൃഷ്ണൻ എഴുതിയ 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവലിന്റെ ചട്ടക്കൂട് സൈബറിടത്തിലാണ് മെനഞ്ഞെടുത്തിട്ടുള്ളത്. സൈബറിടം ദൈനംദിനജീവിതാനുഭവങ്ങളിൽ ഇടപെടുന്നതെങ്ങനെ എന്നുള്ള അന്വേഷണം സാമൂഹികബന്ധങ്ങളെ മുൻനിർത്തി വിശദമായി ഇനിയും ചർച്ചചെയ്യപ്പെട്ടിട്ടില്ല. സൈബറിടം സമൂഹത്തിന്റെ സ്ഥലകാലാനുഭവങ്ങളെ ഉടച്ചുവാർക്കുകയാണ് ചെയ്തത്. സൈബറിടം പോലുള്ള ഉപവ്യവസ്ഥകൾ(subsystems) ജനതകളുടെ സ്ഥലകാലാനുഭവങ്ങളെയും പെരുമാറ്റരീതികളെയും അഭിരുചികളെയും പരിവർത്തിപ്പിച്ചതെങ്ങനെ എന്ന് 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവലിനെ മുൻനിർത്തി പരിശോധിക്കുകയാണിവിടെ ചെയ്യുന്നത്.

ആധുനികാനന്തര സമൂഹത്തിന്റെ പ്രധാനസവിശേഷത അത് മാധ്യമസമൂഹമാണെന്നതാണ് എന്ന് ഗെ ദി ബോർദ് സൂചിപ്പിക്കുന്നത് മൂന്ന് പതിറ്റാണ്ടിനും മുമ്പാണ്. വർത്തമാനകാല കേരളീയാന്തരീക്ഷത്തിൽ സാമൂഹികബന്ധങ്ങളെ നിർണ്ണയിക്കുന്നതിൽ മാധ്യമങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. സാങ്കേതികതയെ കേരളീയരടക്കമുള്ള സമൂഹം എങ്ങനെയാണ് സ്വാംശീകരിച്ചിട്ടുള്ളതെന്ന് പഠിക്കാനും പരിശോധിക്കാനുമുള്ള ചരിത്രപാഠം എന്ന നിലയിൽ ഈ

നോവലിനെ പരിഗണിക്കാവുന്നതാണ്. ഒരർത്ഥത്തിൽ കേരളീയരുടെ സമകാലിക ജീവിതത്തിന്റെ ചരിത്രവത്കരണമായി ഈ നോവലിനെ പരിഗണിക്കാം. സാമ്പ്രദായിക ചരിത്രരചയിതാക്കാൾ ശ്രദ്ധയിലേക്കെടുക്കാത്ത വർത്തമാനത്തിന്റെ കേരളീയമുഖത്തെയാണ് ഈ നോവൽ അടയാളപ്പെടുത്തുന്നത്. പുതുമാധ്യമങ്ങൾ എങ്ങനെ സ്ഥലകാലാനുഭവങ്ങളെ പുതുക്കിപ്പണിയുന്നുവെന്ന് 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവലിനെ മുൻനിർത്തി പരിശോധിക്കുന്നത് പലതലത്തിൽ പ്രസക്തമാണ്.

സ്ഥലകാലങ്ങളുടെ പുതുവിതാനങ്ങൾ

ലോകത്തെവിടെയുമുള്ള സ്ഥലത്തേക്ക് ഒരു ബിന്ദുവിൽ നിന്ന് പ്രവേശിക്കാവുന്ന സാധ്യത സൈബറിടം തുറന്നു വെച്ചു. അതുപോലെ തന്നെ വർത്തമാനത്തിൽ നിന്നുകൊണ്ട് ഭൂതകാലത്തിലെവിടേക്കും പോക്കുവരവുകൾ നടത്താനുള്ള പ്രതീകാത്മക സ്വാതന്ത്ര്യവും സാധ്യതയും സൈബറിടം വിഭാവനംചെയ്തു. പതിനെട്ടാംകൂറ്റുകാരുടെ കുടുംബപുരാണവും ക്രിസ്തുവർഷം 52-മുതൽ വർത്തമാനകാലത്തോളം പടർന്നു കിടക്കുന്ന മത, വാണിജ്യ, ജ്ഞാനമീമാംസാചരിതവും ഒരു ബിന്ദുവിലേക്ക് സംഘാടനം ചെയ്യാൻ സാധിക്കുന്നത് സൈബറിടം ഒന്നിന്റെ മാത്രം വ്യാവഹാരിക സാധ്യതകളിലൂടെയാണ്. ഹൈപേഷ്യയുടെ കഥ പറയുന്ന നോവലിലൊരുഭാഗം ശ്രദ്ധിക്കുക: "പ്രിയപ്പെട്ട വായനക്കാരാ, ഇന്ന് ദുഃഖവെള്ളിയാഴ്ച. AD 410. നമ്മളിപ്പോൾ അലക്സാൻഡ്രിയ നഗരത്തിന്റെ തിരക്കിൽ നിന്ന് മാറി തെക്കുകിഴക്ക് ഭാഗത്ത് ലോകത്തിലെ ആദ്യത്തെ ജ്യോതിശാസ്ത്രജ്ഞയായ ഹൈപേഷ്യയുടെ ജോമട്രിക്ക എന്ന അഷ്ടഭുജഭവനത്തിനകത്താണ്."[1] ലോകത്തിൽ പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന കഥാപാത്രങ്ങളെ ബന്ധിപ്പിക്കുന്ന കണ്ണിയാണിവിടെ സൈബറിടം. ഇറാക്കിലേക്കും ഫ്ലോറൻസിലേക്കും അലക്സാൻഡ്രിയയിലേക്കും കൊച്ചിയിലേക്കും കുന്നംകുളത്തേക്കുമെല്ലാം വർത്തമാനത്തിൽനിന്നുകൊണ്ട് വിവിധകാലങ്ങളിലൂടെ പോക്കുവരവുകൾ നടത്താൻ സാധിക്കുന്നത് സൈബറിടത്തിലൂടെയാണ്. പുതുമാധ്യമത്തിന്റെ വാതായനത്തിലൂടെ ഇറ്റലിയും ഫ്രാൻസും യൂറോപ്പും ഏഷ്യയുമൊന്നാകെ ഒരു ബിന്ദുവിലേക്ക് വന്നെത്തുകയാണ്. അതായത് കുന്നംകുളം എന്ന സ്ഥലസങ്കല്പം പുതുചരിത്രാനുഭവത്തിന്റെ സാഹചര്യത്തിൽ ആഗോളബന്ധങ്ങളുടെ സാംസ്കാരിക ഇടമായി മാറുകയാണ്. ഇതിനുമുമ്പ് ഇങ്ങനെയൊരു സ്ഥലബന്ധനം അസംഭവ്യമായിരുന്നു. ഇത്തരത്തിൽ സ്ഥലകാലങ്ങളെ സൈബറിടം

പുനർവിഭാവനം ചെയ്യുമ്പോൾ സാമൂഹിക ബന്ധങ്ങളിൽ വരുന്ന വിടവുകളും സ്വഭാവവ്യതിയാനങ്ങളും അത്ര ഗുണപരമായ സാംസ്കാരിക സന്ദർഭത്തെയല്ല പ്രതിഫലിപ്പിക്കുന്നത് എന്നതുകൂടി പ്രത്യേകം ഓർമ്മ വെക്കേണ്ടതുണ്ട്.

സാങ്കേതികതയെ പ്രത്യേകിച്ച് നവമാധ്യമങ്ങളുടെ സാംസ്കാരിക വിനിമയങ്ങളുടെ സന്ദർഭങ്ങളെയും അവയുടെ സ്വഭാവങ്ങളെയും ചരിത്രവത്ക്കരിക്കാനുള്ള ശ്രമം ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവലിനെ വ്യത്യസ്തമാക്കുന്നുണ്ട്. സൈബറിടം എന്നത് സമൂഹത്തിനും സാങ്കേതികതയ്ക്കും ഇടയിൽ തുല്യതയോടെ വർത്തിക്കുന്ന ഭൂമിശാസ്ത്രമണ്ഡലമായിട്ടാണ് 'സൈബറിടത്തിന്റെ രാഷ്ട്രീയഭൂപടം' എന്ന കൃതിയിൽ ജെർമി ക്രാംപ്ടൺ നിർവചിക്കുന്നത്.[2] കേരളീയസമൂഹം എത്രത്തോളം സാങ്കേതികതയ്ക്കിടയിലാണ് എന്നത് പ്രത്യേകം പരിശോധിക്കേണ്ടതാണ് . എന്തായാലും ദൈനംദിനജീവിതത്തിൽ തൊഴിലിന്റെയും മറ്റ് വിനിമയബന്ധങ്ങളുടെയുംതലങ്ങളിൽ നിർണ്ണായകവും അനിവാര്യവുമായ ഘടകമായി കേരളത്തിലെ ഭൂരിപക്ഷജനതയെ പ്രത്യക്ഷമോ പരോക്ഷമോ ആയി സൈബറിടം സ്വാംശീകരിച്ചുകഴിഞ്ഞു എന്നത് യാഥാർത്ഥ്യമാണ്. രണ്ടായിരത്തിലാണ് എം. മുകുന്ദന്റെ 'നൃത്തം'[3] എന്ന നോവൽ നവമാധ്യമാനുഭവങ്ങളുടെ തുറസ്സിലേക്ക് മലയാളി വായനക്കാരെ കൂട്ടിക്കൊണ്ട് പോയത്. 'നൃത്തം' തുടങ്ങുന്നതിങ്ങനെയാണ്, 'നാല്പത്തിയെട്ടാമത്തെ വയസ്സിൽ അയാൾക്ക് ഒരു പുതിയ മേൽവിലാസമുണ്ടായി.

sreedhartp@hotmail.com

ഈ വിലാസത്തിൽ വീടിന്റെ പേരോ ഫ്ലാറ്റിന്റെ നമ്പറോ നിരത്തിന്റെ പേരോ എന്നല്ല നാടിന്റെ പേരുപോലുമില്ല. നാടിന്റെ പേരില്ലാത്ത ഒരുമേൽവിലാസം. അയാൾ എവിടെ പോയാലും ഈ മേൽവിലാസത്തിന് മാറ്റമില്ല അതിൽ അയക്കുന്ന സന്ദേശങ്ങൾ അയാൾക്ക് കിട്ടും ഇനി ഭൂമിയാണ് ടി.പി ശ്രീധരന്റെ മേൽവിലാസം'[4] പുതിയൊരുമാധ്യമം ആശയവിനിമയത്തിന്റെ സവിശേഷ സാധ്യതകളിൽ ഊന്നുന്ന ചരിത്രഘട്ടത്തെയാണ് 'നൃത്തം' അടയാളപ്പെടുത്തുന്നത്. ഇവിടെ പ്രധാനമായും ശ്രദ്ധിക്കേണ്ടത് സ്ഥലത്തെക്കുറിച്ചും കാലത്തെക്കുറിച്ചുമുള്ള സങ്കല്പങ്ങളിൽ വരുന്ന കാതലായ പരിവർത്തനമാണ്. 2009-ൽ പ്രസിദ്ധീകരിച്ച 'ഫ്രാൻസിസ് ഇട്ടിക്കോര'യുടെ 'കാനിബാൾ ഡോട്ട് കോം' എന്ന ഒന്നാം അധ്യായം തുടങ്ങുന്നത് ശ്രദ്ധിക്കുക: ' ഇട്ടിക്കോര ഗ്രൂപ്പിൽ

സെർച്ച് വിൻഡോയിൽ The Art of love making എന്ന് ടൈപ്പ് ചെയ്ത് Enter എന്ന് അടിച്ചപ്പോൾ 6,73,423 സൈറ്റുകളുടെ ലിസ്റ്റ് സൈറ്റിൽ തെളിഞ്ഞു'.[5] ഇട്ടിക്കോര സവിശേഷ ഇടത്തിൽ നിന്ന് ഗൂഗിൾ എന്ന അദൃശ്യ സാങ്കേതിക സമാന്തര ലോകത്തേക്ക് പ്രവേശിക്കുകയാണ്. ഈ സമാന്തര ലോകം ആഗോള വ്യാപകമായി പടർന്നു കിടക്കുന്ന മനുഷ്യനിർമ്മിത വിവരവിനിമയശൃംഖലയാണ്. 'നൃത്ത'ത്തിൽ ആശയ വിനിമയത്തിന്റെ തലത്തിൽ മാത്രം കേന്ദ്രീകരിക്കപ്പെട്ടുന്ന നവമാധ്യമം 'ഫ്രാൻസിസ് ഇട്ടിക്കോര'യിലേക്ക് വരുമ്പോൾ എല്ലായിടത്തും ഉള്ളതും എന്നാൽ ഒരിടത്തും ഇല്ലാത്തതുമായ, എല്ലാം മാറുന്നതുവരെ ഒന്നും ഉപേക്ഷിക്കാത്തതുമായ ഒരിടമായി, ഒരു സമാന്തര ലോകമായിട്ടാണ് മാറുന്നത്.'[6]

വേട്ടക്കാരുടെ സൈബറിടം

സാങ്കേതികത ചിലപ്പോൾ നമ്മുടെ യാഥാർത്ഥ്യങ്ങളെ ശിഥിലമാക്കുന്നുണ്ടാവാം പ്രത്യേകിച്ച് ടി.ഡി. രാമകൃഷ്ണൻ നോവലിൽ മെനഞ്ഞെടുക്കുന്ന ഇട്ടിക്കോര എന്ന മിത്ത് നക്ഷത്രകോര, കോരപ്പണം, കോരപ്പൂട്ട് തുടങ്ങി ശാഖോപശാഖകളായി പടർന്നു പോകുന്ന ബൃഹദാഖ്യാനത്തിന്റെ സ്വഭാവം പരിഗണിക്കുമ്പോൾ മിത്ത് നമ്മുടെ ഭൗതികയാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതിനേക്കാളേറെ മറച്ചുവെയ്ക്കുന്നുണ്ടെന്നു വേണം കരുതാൻ. ഇറ്റലി, ഗ്രീക്ക്, ഇന്ത്യ, ജപ്പാൻ, ഫ്രാൻസ്, ഇറാഖ്, എന്നിവിടങ്ങളിലേക്കൊക്കെ കുന്നംകുളത്തുനിന്ന് പടർന്നു വ്യാപിക്കുന്ന 'കോരപുരാണം' സൈബറിടം പങ്കു വെക്കുന്ന കണ്ണികളിൽ മാത്രം ജീവിക്കുന്ന കഥയാണ്. അതായത് കഥയുടെ ഘടനയെ തന്നെ കഥപറച്ചിലിന്റെ സാമ്പ്രദായിക മലയാള വിരുത്തത്തെ തന്നെ അട്ടിമറിക്കുന്ന ആഖ്യാന ഘടനയും സ്ഥലകാല പരിസരവും വാർത്തെടുക്കാൻ നവമാധ്യമങ്ങൾക്കാവുന്നുണ്ട് എന്നതിന്റെ ദൃഷ്ടാന്തം കൂടിയാണ് 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവൽ.

വർത്തമാന കാലത്തിന്റെ സാങ്കേതിക സംസ്കാരം മെനഞ്ഞെടുക്കുന്ന മിത്താണ് ഇട്ടിക്കോര. അതായത് വർത്തമാനകാലത്തിന്റെ സാങ്കേതിക സാംസ്കാരികസാഹചര്യങ്ങളിൽ മെനഞ്ഞെടുക്കുന്ന ഇട്ടിക്കോര എന്ന മിത്ത് പങ്കുവെയ്ക്കുന്ന രാഷ്ട്രീയ വിവക്ഷകളെ പിൻതുടർന്നാൽ പ്രത്യേകിച്ച് ആ മിത്ത് ഏതു പാരഡൈമിനുള്ളിലാണെന്ന് മനസ്സിലാകും. നോവൽ പങ്കുവെയ്ക്കുന്ന പുരുഷ, സാമ്പത്തിക, മത, ജ്ഞാന വിനിമയങ്ങളുടെ സ്വഭാവം ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ

സാംസ്കാരിക വർത്തമാനമാണ് പ്രതിഫലിപ്പിക്കുന്നത്. ഏ.ഡി. 52- ൽ തോമാശ്ലീഹാ ജ്ഞാനസ്നാനം ചെയ്ത് മാനസാന്തരപ്പെടുത്തിയ കുന്നംകുളത്തെ പതിനെട്ടാം കൂറ്റുകാരുടെ കുടുംബപുരാണം ഭൂമിയുടെയും സ്ത്രീയുടെയും കുരുമുളകിന്റെയും സംഗീതത്തിന്റെയും ഗണിതത്തിന്റെയുംമേലുള്ള കോരനീതിയുടെ പുരുഷ പ്രഖ്യാപനമാണ്. അതായത് ആയിരത്താണ്ടുകളായി ലോകത്തെ ഭരിച്ചു കൊണ്ടിരിക്കുന്ന സെമറ്റിക്ക് മതകേന്ദ്രിത ബോധമാണ് ക്രിസ്തുവർഷം മുതൽ വർത്തമാന കാലത്തോളം പടർന്നു വ്യാപിച്ചു കിടക്കുന്ന 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവലിന്റെ രാഷ്ട്രീയാവബോധത്തിന്റെ കാതൽ. മണ്ണിനോടും പെണ്ണിനോടും പ്രകൃതി വിഭവങ്ങളോടുമുള്ള കോരപാരമ്പര്യത്തിന്റെ ഉപഭോഗമനഃസ്ഥിതിയിൽ പുരുഷമുതലാളിത്ത കേന്ദ്രിതനൈതികതയാണ് തുളുമ്പി നില്ക്കുന്നത്.

സ്ത്രീയും ചിത്രകലയും ഗണിതവും സംഗീതവുമൊക്കെ ഈ കേന്ദ്രസത്തയെ പരിപോഷിപ്പിക്കുന്ന സഹഘടകങ്ങളും ഉൽപ്രേരകങ്ങളുമായാണ് നോവലിൽ പ്രവർത്തിക്കുന്നത്. ഇത് തോമസ് കുന്നിനെ പോലുള്ള ശാസ്ത്ര ചരിത്രകാരന്മാരും ജൂലിയ ക്രിസ്തേവ, ലൂസി ഇറിഗാറി, ഹെലൻ സിക്സു, സാന്ദ്ര ഹാർഡിംഗ്സ് തുടങ്ങിയ സ്ത്രീവാദികളും ജ്ഞാനശാസ്ത്രത്തിന്റെ ചരിത്രവും അവയുടെ ഘടനയും സെമറ്റിക്ക് പുരുഷ സാമ്പത്തിക പാരഡൈമിനുള്ളിൽ പരിമിതപ്പെട്ടുകിടക്കുന്നത് മുമ്പേ ചൂണ്ടികാണിച്ചിട്ടുണ്ട്.[7] പണവും അത് നല്കുന്ന അധികാരവും ഉപയോഗിച്ചാണ് കോരമാർ എക്കാലത്തും സ്ത്രീകളെ വലവീശിപിടിച്ച് തങ്ങളുടെ സാമ്രാജ്യം വിപുലമാക്കാൻ ഉപയോഗിച്ചിരുന്നത്. 'യൂറോപ്പിലെ സമ്പന്നരായ രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയുമിടയിൽ കോരയെ പ്രശസ്തനാക്കിയത് കുരുമുളകിനോടൊപ്പം കൊണ്ടുവന്ന എരിവും ചൊടിയുമുള്ള ആഫ്രോ ഏഷ്യൻ സുന്ദരിമാരായിരുന്നു'[8] എന്ന് കുരുമുളകുകച്ചവടക്കാരനും പെണ്ണ്കച്ചവടക്കാരനുമായിരുന്ന കോരയുടെ വാണിജ്യനീതിയുടെ പൂർവകാലത്തെ നോവലിൽ സൂചിപ്പിക്കുന്നുണ്ട്. ആധുനികപൂർവസാമൂഹികവ്യവസ്ഥയിലെ കോരനീതിയെ സ്വാംശീകരിക്കാനും പുനരുല്പാദിപ്പിക്കാനും അങ്ങനെ സൈബറിടം സ്ത്രീകളെ വേട്ടയാടാൻ കോരമാർക്ക് അരുനില്ക്കുന്നതിന്റെ വർത്തമാനമാണ് സാങ്കേതികതയുടെയും നവമാധ്യമങ്ങളുടെയും പാരഡൈമുകളുടെ രാഷ്ട്രീയത്തെ പ്രസക്തമാക്കുന്നത്. ഉള്ളടക്കത്തിൽ സാങ്കേതികതയുടെയും സാംസ്കാരികാനുഭവത്തിന്റെയും നവീനസന്ദർഭത്തെ അടയാളപ്പെടുത്തുന്ന 'ഫ്രാൻസിസ് ഇട്ടിക്കോര'യുടെ പാരഡൈമും മേൽ സൂചിപ്പിച്ച

വിധത്തിലുള്ള പുരുഷകേന്ദ്രിത സെമറ്റിക്ക് സാമ്പത്തിക താത്പര്യ ങ്ങളുടെ അച്ചുകൂടങ്ങളിലാണ് വാർത്തെടുക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് സൈബറിടം വർത്തമാനകാലത്ത് വേട്ടക്കാരുടെയും കൂടി മാധ്യമമാണ്.

നവമാധ്യമങ്ങൾ ഉപയോഗിക്കുന്ന വർഗ്ഗം ഉപരി-മധ്യവർഗ്ഗത്തി ന്റെ സാമ്പത്തിക, സാംസ്കാരിക അഭിരുചികളിൽ കുടുങ്ങി കിടക്കു കയും സാമ്പത്തിക ലാഭത്തിനുവേണ്ടി പുതുമാധ്യമങ്ങളെ ഉപയോഗ പ്പെടുത്തികൊണ്ട് മുതലാളിത്ത, പുരുഷ ശ്രേണികളുടെ വലനെയ്യുന്ന തിൽ വിജയിക്കുകയും ചെയ്യുന്നു. സാങ്കേതികതയുടെ സ്വാശ്രയത്വ ത്തെക്കുറിച്ച് സാമൂഹികശാസ്ത്രകാരനായ ഹാബർമാസ് പങ്കുവെക്കു ന്ന ഉത്കണ്ഠ ഏറെ അർത്ഥവത്താണ്. 'സാങ്കേതികത സാമൂഹികേ തരയുക്തിയുടെ ശുദ്ധമായ ഉപകരണരൂപത്തിന്റെ പ്രയോഗമായാണ്'[9] ഹാബർമാസ് പരിഗണിക്കുന്നത്. അതായത് സൈബറിടവും നവമാ ധ്യമങ്ങളും ജനാധിപത്യപരമായി നൈതികതയെ സ്വാംശീകരിക്കു ന്നതിൽ ഒട്ടും ആശാവഹമല്ലാത്ത മാതൃകകളായാണ് നിലനില്ക്കുന്നത് എന്നർത്ഥം. നവോത്ഥാനപൂർവ്വ നൈതികഘടനയിൽ പരിമിതപ്പെട്ടു കിടക്കുന്ന മത, സദാചാര, ഫ്യൂഡലിസ്റ്റ്, സാമ്പത്തിക ബന്ധങ്ങളുടെ ശ്രേണികളെ 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവൽ പുനരുത്പാ ദിപ്പിക്കുകയാണ് ചെയ്യുന്നത്. അതായത് സ്ത്രീകളും മറ്റ് മൂല സമൂഹങ്ങ ളും വിവിധ പുരുഷാധിപത്യ സാമ്പത്തിക വ്യവസ്ഥകളിൽ സ്ഥലകാ ലഭേദമേന്യേ ഇരകളാക്കപ്പെടുന്നതിന്റെ ചിത്രങ്ങൾ ഈ നോവലിൽ അനവധിയാണ് പ്രത്യേകിച്ച് മലയാളത്തിലെ മറ്റ് ആഖ്യാന പാഠങ്ങ ളിൽ പ്രതിഫലിക്കാത്തത്ര ആഴത്തിലും വ്യാപകമായും ആവർത്തിക്കു ന്ന ശ്രേണീകരണങ്ങൾ നവമാധ്യമങ്ങളുടെ ഉള്ളടക്കത്തിന്റെ ജനാധി പത്യവിരുദ്ധത തന്നെയാണ്.

### വിവരകോശങ്ങളുടെ കോരപുരാണം

ഒരു ഓൺലൈൻ കുടുംബപുരാണത്തിന്റെ സമകാലിക ലിഖിതപാഠ മാണ് ലളിതമായ അർത്ഥത്തിൽ 'ഫ്രാൻസിസ് ഇട്ടിക്കോര'. കച്ചവടം, ഗണിതം, ലൈംഗികത, മദ്യം, സംഗീതം, ഹിംസ, ചിത്രകല, സാങ്കേ തികത, മതം തുടങ്ങിയവ വിവിധ തലങ്ങളിൽ നോവലിൽ ഉടനീളം വർത്തമാന കാലത്തിന്റെ സ്ഥലകാല വിനിമയ വ്യവസ്ഥയിലെ വസ്തു യാഥാർത്ഥ്യത്തിന്റെ നേർ ചിത്രങ്ങളായാണ് നോവലിൽ പ്രത്യക്ഷ പ്പെടുന്നത്. ഈ വസ്തുയാഥാർത്ഥ്യം പ്രത്യേകിച്ച് നവമാധ്യമങ്ങളുടെ അകമ്പടിയോടുകൂടി സ്ഥാപിക്കപ്പെടുന്നവയേറെയും നവോത്ഥാന

പൂർവ മൂല്യവ്യവസ്ഥയെയാണ് പ്രക്ഷേപിക്കുന്നത്. കേരളം പോലുള്ള ജാതി, പുരുഷാധീശ, മതകേന്ദ്രിത വർഗ്ഗ സമൂഹത്തിനുള്ള പരിണാമ ത്തെ ഒളിപ്പിച്ചു നിർത്തി അല്ലെങ്കിൽ പാർശ്വവത്കരിച്ച് പരമ്പരാഗത ആചാരാനുഷ്ഠാനങ്ങളുടെയും പുരുഷാധീശ്വത്ത ഫ്യൂഡലിസ്റ്റ് മൂല്യങ്ങളു ടെയും ഏകശിലാത്മകമായ പ്രഖ്യാപനങ്ങളാണ് നോവലിൽ ആദിമ ധ്യാന്തം പ്രത്യക്ഷപ്പെടുന്നത്.

ആധുനികാനന്തര സമൂഹത്തെ മാധ്യമസമൂഹമായി സ്വഭാവവത്ക രിക്കുന്ന ഗെ ദി ബോദിനെപ്പോലുള്ള ഗവേഷകർ ചൂണ്ടിക്കാണിക്കു ന്ന ബഹുസ്വരതയുടെ സാംസ്കാരിക വിഭാവനം ഈ നോവലിൽ പ്ര ത്യക്ഷപ്പെടുന്നുണ്ടോ എന്നകാര്യം സംശയമാണ്. ഇത് സൂചിപ്പിക്കു ന്നത് അറിവും അധികാരവുമായുള്ള നേർ ബന്ധങ്ങളെയാണ്. അറി വിനെക്കുറിച്ചും അറിവിന് അധികാരവുമായുള്ള ബന്ധങ്ങളെക്കുറിച്ചും സമീപകാലത്ത് ഏറ്റവുമധികം ചിന്തിക്കുകയും എഴുതുകയും ചെയ്തിട്ടുള്ള ചിന്തകനാണ് മിഷേൽ ഫൂക്കോ. അറിവ് ലോകത്തിൽ ശത്രുതാപര മായ യുദ്ധമാണ്. ലോകത്തിൽ നിലനില്ക്കുന്ന ബന്ധങ്ങളിൽ ഹിംസയും അധിനിവേശവും അധികാരവും ബലപ്രയോഗവുമാണുള്ളത് അതിക്രമി ച്ചുകടക്കലിന്റെ ബന്ധങ്ങൾ, പോരും അധികാരവുമായിട്ടാണ് അറിവു ജന്മമെടുക്കുന്നത് എന്ന മിഷേൽ ഫൂക്കോയുടെ നിരീക്ഷണം പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്.[10] പ്രത്യേകിച്ച് നവമാധ്യമങ്ങൾ ഉപയോഗിക്കുന്ന സമൂഹങ്ങൾ ഉപരിമധ്യവർഗത്തിന്റെ സാമ്പത്തികതാത്പര്യങ്ങളിൽ കുടുങ്ങിക്കിടക്കുന്നത് നോവലിൽ കാണാം.

രശ്മിയും ബിന്ദുവും രേഖയും ഈ ഉപരിമധ്യവർഗത്തിന്റെ അഭിരു ചികൾ വച്ചുപുലർത്തുന്നവരാണ്. പണത്തിനുവേണ്ടിയും കുറച്ചൊക്കെ ശാരീരികാനന്ദത്തിനുവേണ്ടിയുമാണ് ഇവർ പുതുമാധ്യമങ്ങളെ ആശ്ര യിക്കുന്നത്. അതുമാത്രമല്ല പണത്തിനുവേണ്ടിയും ശാരിരീകാനന്ദത്തി നുവേണ്ടിയും രഹസ്യമായി, പ്രത്യേകിച്ച് കുടുബം, മതം തുടങ്ങിയ സദാ ചാരസ്ഥാപനങ്ങളെ മറികടക്കാനായിക്കൂടി പുതുമാധ്യമങ്ങളെ ഉപയോ ഗിക്കുകയാണ്. സാമ്പത്തികലാഭത്തിനും ലൈംഗികപങ്കാളിയെതേടു ന്നതിനും സഹായകരവും എന്നാൽ തങ്ങളുടെ പ്രവൃത്തികൾക്ക് മറ ലഭ്യ മാവുന്നതുമായ വിനിമയവ്യവസ്ഥ സൈബറിടത്തിൽ സാധ്യമാണെന്ന തുകൊണ്ടാണ് രശ്മിയും ബിന്ദുവും രേഖയും ഈ ഉദ്യമത്തിനിറങ്ങിത്തി രിക്കുന്നതെന്നത് ശ്രദ്ധേയമാണ്. 'എന്റെ രശ്മി... ഇതൊന്നും പുറത്ത റിയാൻ പോകുന്നില്ല. സമൂഹത്തിന്റെ മുന്നിൽ ഞാനൊരു കോളജധ്യാ പികയും രശ്മി ബാങ്കുദ്യോഗസ്ഥയും ബിന്ദു ഫാഷൻ ഡിസൈനറുമാണ്.

തികച്ചും മാന്യരും മര്യാദക്കാരും. നമ്മൾ കൊച്ചിയിൽ ഒരു ഫ്ലാറ്റ് വാടകക്കെടുത്ത് ഒരുമിച്ച് താമസിച്ച് ജോലി ചെയ്യുന്നു. അത്രതന്നെ.'[11] സാമ്പ്രദായിക സ്ഥാപനങ്ങളുടെ അധീശാധികാരത്തിൽ നിന്നും വിടുതൽ നേടുന്നതിന് സൈബറിടം സഹായകരമാണ് എന്നാൽ ഇവിടെ വിമോചനവാഞ്ഛയെക്കാൾ മധ്യവർഗസാമ്പത്തികതാത്പര്യമാണ് മുന്നിട്ടുനില്ക്കുന്നതെന്ന് തോന്നുന്നു. ചില യാർത്ഥ്യത്തിൽ സൈബറിടത്തിന്റെ ഉറസ്സ് ഗുണപരമായി വ്യഖ്യാനിക്കാനാവുമെങ്കിലും ആകെത്തുകയിൽ രശ്മി, ബിന്ദു, രേഖ എന്നിവരുടെ സാമ്പത്തിക താത്പര്യങ്ങൾ അവരെ പുരുഷാധിപത്യവ്യവസ്ഥയുടെ ഇരകളായി പരിവർത്തിപ്പിക്കുന്നതിലേയ്ക്കാണ് കൊണ്ടുചെന്നെത്തിക്കുന്നത്.

സാങ്കേതികജ്ഞാനവ്യവസ്ഥക്കുള്ളിൽ അന്യവത്കരിക്കപ്പെട്ട ശരീരത്തിന് പ്രത്യേകിച്ച് സ്ത്രീ ശരീരത്തിന് കൊടിയ പീഡനം ഏറ്റു വാങ്ങേണ്ടി വരുന്നുണ്ട്. കൊടിയപീഡനം മാത്രമല്ല വ്യാപകമായ ബാധ്യതകളും അതിന്റെ കൂടപ്പിറപ്പാണ്. പ്രത്യേകിച്ച് സാങ്കേതികതയും ശരീരവുമായുള്ള ബന്ധം ഇവിടെ വിമോചനത്തിലേക്ക് ഏതെങ്കിലും സമൂഹത്തെ നയിക്കുന്നുണ്ടോ എന്ന അന്വേഷണം ഏറെ പ്രസക്തമാണ്. നമുക്ക് കാണാൻ കഴിയുന്നത് സാമ്പ്രദായിക മൂല്യങ്ങളിലേക്ക് കൂപ്പുകുത്തുന്ന സാങ്കേതികതയുടെ മുഖമാണ് അതായത് സാങ്കേതികതയ്ക്ക് വിമോചനപരമായ ധർമ്മങ്ങളും ഉണ്ടായിരിക്കാം എന്നാൽ നമ്മുടേതു പോലെ സാമ്പത്തിക-പുരുഷ-മത-വർഗ്ഗകേന്ദ്രിത പാരഡൈമിനുള്ളിൽ കിടക്കുന്ന സമൂഹങ്ങൾക്ക് സാങ്കേതികത വിമോചനമല്ല വാഗ്ദാനം ചെയ്യുന്നത്. ഈ നോവലിലെ സ്ത്രീകളുടെ വ്യാവഹാരികമണ്ഡലം ഇക്കാര്യം നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നുണ്ട്. അതുകൊണ്ട് പാരഡൈമിനെ പൊളിച്ചെഴുതാത്തിടത്തോളം സാങ്കേതികതയുടെ ധർമ്മപരമായ ഇടപെടലുകളുടെ സ്വഭാവത്തിൽ ഗുണപരമായ അടിസ്ഥാനമാറ്റങ്ങൾ പ്രതീക്ഷിക്കാനാവുന്നില്ല. ഇത് സൂചിപ്പിക്കുന്നത് വ്യാപകമായ അർത്ഥത്തിൽ സാമ്പത്തിക താത്പര്യങ്ങളിൽ നിന്ന് നൽവാഴ്വിലേക്കുള്ള മാതൃകാമാറ്റത്തെയാണ്. ഈ നോവലിലെ ബിന്ദുവും രശ്മിയും തീയിലേക്ക് ആകർഷിക്കപ്പെട്ട് ചാമ്പലാകുന്ന ഈയാംപാറ്റകളെപ്പോലെ സ്വയം ചിതയൊരുക്കി എരിഞ്ഞുതീരുകയാണ്. ഇത് അടിസ്ഥാനപരമായി പാരഡൈമിന്റെ പ്രശ്നമാണ്. മാധ്യമങ്ങളും സാങ്കേതികതയും അധികാരവും ആരുടെ കയ്യിലാണെന്നതു തന്നെയാണ് ഇവിടെ കാതലായ പ്രശ്നം. സമൂഹത്തിന്റെ ലക്ഷ്യങ്ങളെയും മാർഗങ്ങളെയും മുൻഗണനാക്രമങ്ങളെയും തീരുമാനിക്കുന്നത്

പാരഡൈമുകളാണെന്ന, സാമൂഹിക ഘടനയാണെന്ന വാദമാണ് ഈ കുറിപ്പിന്റെ ഊന്നൽ. ശരീരത്തെ ആഘോഷിക്കാൻ പുതുഇടങ്ങളും വിതാനങ്ങളും പുതുബന്ധങ്ങളും സാങ്കേതികത വാഗ്ദാനം ചെയ്യുന്നത് കാണാം. രശ്മിയും ബിന്ദുവും രേഖയും പുതുമാധ്യമം നല്കിയ വാഗ്ദാനങ്ങളുടെയും പ്രതീക്ഷകളുടെയും സാമൂഹികരൂപങ്ങളാണ്. ഇവിടെ ശരീരം തന്നെ സാമ്പത്തികാധികാരത്തിന്റെ നിയന്ത്രണത്തിനുള്ളിലാണെന്ന് വ്യക്തമായികാണണം.

'ഫ്രാൻസിസ് ഇട്ടിക്കോര' ഒട്ടേറെ വിവരങ്ങൾ ഉള്ളടങ്ങുന്ന ഒരു വിവരകോശമാണ്. ഇങ്ങനെ വിവരകോശമാകുന്നത് ആഗോളവത്കരണ സാമൂഹികവ്യവസ്ഥയുടെ സ്വഭാവമാണ്. സൈബറിടമാണ് ഇത്തരത്തിൽ വിവരസമൂഹമായി ആധുനികസമൂഹത്തെ പരിണമിപ്പിച്ചത്. ആഖ്യാനത്തിലെ വിവരണാത്മകസ്വഭാവവും സംഭവങ്ങളെ സംഘാടനം ചെയ്യുന്നതിലും നാമിതുവരെ പരിചയിച്ച കഥാകഥനത്തിന്റെ കാവ്യാത്മകസ്വഭാവം വിട്ട് വിശദാംശങ്ങളെ പിൻതുടരുന്ന യുക്ത്യോന്മുഖ സമീപനമാണ് 'ഫ്രാൻസിസ് ഇട്ടിക്കോര'യിൽ കണാനാവുന്നത്. 'സൊറ' എന്ന പേരിട്ടിരിക്കുന്ന ഒരധ്യായത്തിൽ അമർത്യസെന്നിന്റെ ഭാര്യയായിരുന്ന നബനിത ദേബ് സെന്നിന്റെ കഥ പറയുന്ന സന്ദർഭം ശ്രദ്ധിക്കുക, 'നബനീത ദേബ് സെൻ ബംഗാളിലെ ഏറ്റവും പ്രധാനപ്പെട്ട എഴുത്തുകാരികളിലൊരാളാണ്. ജാദവ്പൂർ യൂണിവേഴ്സിറ്റിയിൽ കംപാരിറ്റീവ് ലിറ്ററേച്ചറിൽ പ്രൊഫസറായിരുന്നു. കഥകളും നോവലുകളുമടക്കം നാല്പതിലേറെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പല വിദേശ സർവ്വകലാശാലകളിൽ നിന്നും ഡോക്ടറേറ്റ് നേടിയ അവർക്ക് പത്മശ്രീ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നബനീത ദേബ് സെന്നിന് എന്നെക്കാളും പ്രായമുള്ള രണ്ട് പെൺമക്കളുണ്ട്. പ്രമുഖ പത്രപ്രവർത്തകയും ദ ലിറ്റിൽ മാഗസിന്റെ പത്രാധിപയുമായ അനന്തര ദേബ് സെന്നും സിനിമാതാരമായ നന്ദന ദേബ് സെന്നും.'[12] കഥ പരിണമിച്ച് എവിടെയോവെച്ച് ജീവചരിത്രത്തിലേയ്ക്ക് രൂപാന്തരീകരിക്കുകയാണിവിടെ. വിവരാണാത്മകമാവുന്നിടത്തുവച്ച് കഥാകഥനത്തിന്റെ സാമ്പ്രദായിക മട്ട് വിട്ട് വിവരമായിത്തീരുന്ന വളരെ ലളിതമായ സന്ദർഭമാണിത്.

ഗണിതശാസ്ത്രപദ്ധതികളിലെ വ്യത്യസ്തധാരകളെ പിൻപറ്റുന്ന നിരവധിസന്ദർഭങ്ങളുടെ ആവർത്തനം നോവലിലുടനീളമുണ്ട് അതിലൊരു സന്ദർഭം നോക്കുക, 'ഞാൻ പഠിച്ചതനുസരിച്ച് അത് ഇങ്ങനാ എഴുതാ

പൈ=4(1-1/3+1/5 -1/7+1/9-....)

ഹൈപേഷ്യടെ സിദ്ധാന്തങ്ങൾ ലത്തീനിലും ഹീബ്രൂലും അറബീലുമൊക്കെയായി ലോകം മുഴ്വാൻ പരന്നിട്ടുണ്ടുണ്ട്. ഇത് മൂന്നാം ശ്രേണ്യാന്നല്ലേ പറഞ്ഞത് , അപ്പോ ഒന്നാം ശ്രേണി എന്താ..? അത് വളരെ പ്രസ്ദ്ധല്ലേ, അതനുസരിച്ചാ ദൈവം ഈ ലോകത്തെ സൃഷ്ടിച്ചേക്കണേ. കാണാൻ ഭംഗിള്ള എന്ത് സാധനെടുത്ത് നോക്ക്യാലും അതില് ഈ ശ്രേണി കാണാം സൂര്യകാന്തിപൂവിന്റ നടുക്കുള്ള അല്ലേ്യാളൊന്ന് എണ്ണിനോക്ക. അല്ലെങ്കി കൈതച്ചക്ക. അതിന്റെയൊക്കെ ക്രമമില്ലായ്മക്കൊരു ക്രമമുണ്ട്. അതാ ഹൈപേഷ്യയുടെ ഒന്നാം ശ്രേണി. 0,1,2,3,5,8,13,21,34,55,... എന്നങ്ങനെ പൂവ്വം ഈ ശ്രേണീലെ ഒരു സംഖ്യയോട് തൊട്ടു പിന്നിലെ സംഖ്യ ക്കൂട്ട്യാ അടുത്ത സംഖ്യ കിട്ടും.'[13] ഗണിതശാസ്ത്രം മാത്രമല്ല നോവലിന്റെ ഭൂരിഭാഗവും ചരിത്രത്തിൽ ബന്ധിച്ചാണ് സംഘാടനം ചെയ്തിട്ടുള്ളത് .

ചരിത്രരചനാശാസ്ത്രത്തോട് വലിയൊരാധമർണ്യം ഈ നോവൽ പുലർത്തുന്നത് കാണാം. ദേശങ്ങളുടെ മാത്രമല്ല മതങ്ങളുടെയും വ്യത്യസ്ത ചിന്താപദ്ധതികളുടെയും ചരിത്രത്തിലാണ് 'ഫ്രാൻസിസ് ഇട്ടിക്കോര'യുടെ ഭൂതകാലവും വർത്തമാനവും വംശാവലിയുമെല്ലാം ശ്രേണീകരിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലെ സാമ്പ്രദായിക ചരിത്രരചനാപദ്ധതികളോടുള്ള, പ്രത്യേകിച്ച് രീതിശാസ്ത്രത്തെ പ്രതിയുള്ള ഉത്കണ്ഠകളും നോവലിൽ കടന്നുവരുന്നുണ്ട്... 'നമ്മുടെ ചരിത്രംന്ന് പറഞ്ഞാ എന്താ ? തമ്പ്രാന്മാരും നമ്പൂരിമാരും നായന്മാരുംകൂടി എഴുതിവെച്ചേക്കണതല്ലേ. ഒരു പത്തോ ഇരുനൂറോ കൊല്ലം മുമ്പ് നടന്ന കാര്യങ്ങളെപ്പറ്റിപ്പോലും കൃത്യമായ കണക്കുണ്ടോ നമ്മക്ക്? യൂറോപ്യന്മാര് അഞ്ഞൂറുകൊല്ലംമുമ്പ് നടന്ന കാര്യങ്ങളുടെ കൊല്ലവും മാസവും തീയതിയും സമയവുംവരെ കൃത്യമായി രേഖപ്പെടുത്തിവെച്ചിണ്ടുണ്ട്'.[14]

ഈ നോവലിന്റെ മൊത്തം പാരഡൈമിനെ സംബന്ധിച്ച ചില ഉത്കണ്ഠകൾ മേൽ സൂചിപ്പിക്കപ്പെട്ട പ്രസ്താവനയുടെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്നുണ്ട് . അത് നോവൽമുന്നോട്ടുവെക്കുന്ന സമീപനം നടേ സൂചിപ്പിച്ചതുപോലെ യൂറോകേന്ദ്രിതമായ ജ്ഞാനപദ്ധതികളോടുള്ള ഒട്ടും വിമർശനാത്മകമല്ലാത്ത വിധേയത്വമാണ്. സവർണചരിത്രസങ്കല്പത്തെ കൈയ്യൊഴിയേണ്ടതിൽ ശ്രദ്ധ പതിക്കുകയും ചിലപ്പോൾ അതിനേക്കാളേറെ ജീർണിച്ച യൂറോപ്യൻ ചരിത്രരചനാരീതിശാസ്ത്രത്തെ പകരം വയ്ക്കുന്നതിലുള്ള താത്പര്യത്തിന്റെ രാഷ്ട്രീയവുമാണ് വായനക്കാരെ സംശയദൃഷ്ടിയോടെ ഇത്തരംപാഠങ്ങളെ നോക്കിക്കാണാൻ പ്രേരിപ്പിക്കുന്നത്. ഗണിതം ചരിത്രം, മനഃശാസ്ത്രം,

സാങ്കേതികത, സംഗീതം തുടങ്ങി വിവിധ ജ്ഞാന പദ്ധതികളുടെ യുറോകേന്ദ്രിത വിവരകോശമായി നോവൽ വിഭാവനം ചെയ്യുന്നതിന്റെ രാഷ്ട്രീയ താത്പര്യം ഉള്ളടക്കത്തിൽ സൈബറിടത്തിന്റെ രാഷ്ട്രീയതാത്പര്യം തന്നെയാണ്.

കുറിപ്പുകൾ

1 രാമകൃഷ്ണൻ ടി. ഡി, 'ഫ്രാൻസിസ് ഇട്ടിക്കോര', ഡി. സി. ബുക്സ്, കോട്ടയം, 2012,പേജ്, 78.
2 Jermy W. Crampton, The Political mapping of Cyberspace , Edinburgh University Press, Edinburgh, 2003, p-6.
3 മുകുന്ദൻ എം., നൃത്തം, ഡി.സി. ബുക്സ്, കോട്ടയം, 2001 .
4 മുകുന്ദൻ എം. നൃത്തം, ഡി.സി. ബുക്സ്, കോട്ടയം, 2001,പേജ് 7-8.
5 രാമകൃഷ്ണൻ ടി. ഡി, 'ഫ്രാൻസിസ് ഇട്ടിക്കോര', ഡി. സി. ബുക്സ്, കോട്ടയം, 2012, പേജ്-25.
6 Donna Haraway, ACyborg Manifesto Science Technology And Socialist Feminism In The Late Twentieth Century. Simians, Cyborgs and . Women The Invention of Nature, Routledge, London, 1991, p-21-266.
7 Thoms S Khun ,The Structure Of Scientific Revolutions, The University of Chicago,Chicago, USA, 1970.
8 രാമകൃഷ്ണൻ ടി. ഡി, 'ഫ്രാൻസിസ് ഇട്ടിക്കോര', ഡി. സി. ബുക്സ്, കോട്ടയം, 2012, പേജ്-72.
9 Andrew Freen berg ,Marcuse or Habermas: Two Critique of Technology, Inqiry-39, 1996, p-17.
10 Sally Wyattif, Is Henwood Nod Miller And Peter Senker (ed.), Techenology and in /equality, Routlede, London, 2002, p-6.
11 രാമകൃഷ്ണൻ ടി. ഡി, 'ഫ്രാൻസിസ് ഇട്ടിക്കോര', ഡി സി ബുക്സ് ,കോട്ടയം, 2012, പേജ്-25.
12 അതേപുസ്തകം. പേജ്-56.
13 അതേപുസ്തകം. പേജ്-62.
14 അതേപുസ്തകം. പേജ്-62.

ഡോ. അജി കുഴിയ്ക്കാട്ട്
ഗസ്റ്റ് അദ്ധ്യാപകൻ, മലയാളവിഭാഗം,
കെ.കെ.ടി.എം. കോളേജ്.
പുല്ലൂറ്റ്, കൊടുങ്ങല്ലൂർ.

# നഗരാധികാരത്തിന്റെ അധിനിവേശങ്ങൾ— ആലാഹയുടെ പെൺമക്കളിൽ

ഉപഭോഗപരമായ അപമര്യാദകളുടെ അഭിനിവേശങ്ങളും അതിൽ നിന്നുളവായ അധിനിവേശങ്ങളുമാണ് അധികാരത്തിന്റെ ഇന്നത്തെ രൂപവികാസങ്ങൾക്കു പിന്നിലുള്ളത്. പിടിച്ചുനിൽക്കാൻ പൊരുതുന്ന ദൗർബല്യങ്ങളുടെ നാരുകൾ മുതൽ നിലനിൽപ്പിന്റെ ശക്തിയുള്ള പ്രയാണങ്ങൾവരെയുള്ള വേരോട്ടങ്ങളാണ് പ്രതിരോധങ്ങൾക്ക് ഇടം നൽകുന്നത്. Survival of the fittest and struggle for the existance എന്ന ഡാർവിൻ സിദ്ധാന്തം പ്രപഞ്ചത്തിലെ എല്ലാ അധികാരങ്ങളെയും പ്രതിരോധങ്ങളെയും നിർവചിക്കുന്നു. അതിജീവിച്ചവൻ അധികാരിയാവുന്നു. അതിജീവനത്തിനായി ശ്രമിക്കുന്നവന്റേതാണ് പ്രതിരോധം.

അധികാരത്തിനും പ്രതിരോധത്തിനും അവയുടെ പ്രകാശനത്തിനും എണ്ണമറ്റ മുഖങ്ങളുണ്ട്. എഴുത്തിലൂടെയും വാക്കുകളിലൂടെയും ദൃശ്യങ്ങളിലൂടെയും രൂപംതേടുന്ന ഒന്നാണിത്. സാഹിത്യം രണ്ടിനും പോന്ന ഒരു വഴിയാണ്. അധികാര-പ്രതിരോധങ്ങളെ അക്ഷരങ്ങൾകൊണ്ട് ആലേഖനം ചെയ്യുക മാത്രമല്ല സാഹിത്യം ചെയ്യുന്നത്. മറിച്ച് എഴുതി അധികാരം പ്രയോഗിക്കുകയും എഴുതി പ്രതിരോധം സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു നയം കൂടിയാണത്. സാഹിത്യംകൊണ്ട് സൃഷ്ടിച്ചെടുത്ത പ്രതിരോധമാണ് ഫ്രഞ്ച് വിപ്ലവം. തോമസ് പെയിൻ എഴുതി പ്രസിദ്ധം ചെയ്ത ലഘുലേഖകൾ ആണ് ഫ്രഞ്ചുവിപ്ലവത്തിനു തുടക്കം കുറിച്ചത്. എഴുത്തുതന്നെ ഒരു പ്രതിരോധമാണ്, ചിലപ്പോൾ അധികാരവും ആണത്. വാമൊഴിയേക്കാൾ പ്രബലത അഥവാ അധികാരം വരമൊഴിക്കുണ്ടെന്നതിനാലാണ് ഭൂമിയിലെ അധികാരങ്ങളെല്ലാം എഴുത്തിലൂടെ

ഉറപ്പിക്കപ്പെടുന്നത്. എന്നാൽ അതിനേക്കാളുപരി,സാഹിത്യം പ്രതിരോധതന്ത്രമായി വായിക്കപ്പെടുന്നു. അങ്ങനെ നോക്കുമ്പോൾ ഭക്തികൊണ്ടും കാൽപനികതകൊണ്ടും യഥാതഥസത്യങ്ങൾകൊണ്ടും ശാസ്ത്രനൈപുണി കൊണ്ടുമെല്ലാം മനുഷ്യർ തീർക്കുന്ന പ്രതിരോധങ്ങളുടെ ചരിത്രമാണ് സാഹിത്യമെന്നു കാണാം.

ജീർണ്ണതയ്ക്കു വിധേയപ്പെട്ട ഭൗതികതയിൽ നിന്ന് അനശ്വരതയ്ക്കു കടപ്പെട്ട ആത്മാവിനേയും അതിന്റെ ഉടമയായ ജീവിതത്തെയും സ്ഥലകാലാധികാരങ്ങളിൽ നിന്നും വിടർത്തിയെടുക്കാനുള്ള മാർഗ്ഗങ്ങളാണ് പ്രതിരോധങ്ങൾ. സ്ഥലവും കാലവും ചുറ്റുപാടുകളും സഹജീവികളും തീർക്കുന്ന പ്രതിസന്ധികളെ ജീവിതംകൊണ്ട് പ്രതിരോധിക്കുന്നവരുടെ കഥകളും നിലപാടുകളും വഴികളുമാണ് സാഹിത്യം കൈകാര്യം ചെയ്യുന്നത്. പ്രതിരോധം രൂപപ്പെടുമ്പോൾ അത് എന്തിനെതിരെ എന്നതിനെ അടിസ്ഥാനമാക്കി അധികാരത്തെ വായിച്ചെടുക്കാം. ശക്തിയോടെ പ്രയോഗിക്കപ്പെടുന്ന അധികാരത്തെ നേരിടാൻ ദുർബ്ബലവിഭാഗങ്ങൾ മെനയുന്ന തന്ത്രങ്ങളാണ് പ്രതിരോധങ്ങൾ.

"ഞങ്ങൾ പുല്ലുകൾ
ഒരു കൊടുങ്കാറ്റിനും
തകർക്കാനാവാത്തവർ....."

എന്നവരികൾ ദുർബ്ബലത സ്വയംകണ്ടെത്തുന്ന പ്രതിരോധമാണ്. പെണ്ണെഴുത്ത് എന്ന പ്രയോഗംതന്നെ അധികാരത്തെയും പ്രതിരോധത്തെയും ഒരുപോലെ വെളിപ്പെടുത്തുന്ന താക്കോൽവാക്കാണ്. മലയാള സാഹിത്യത്തിൽ അടുത്ത കാലത്തുണ്ടായ സ്ത്രീരചനകളിൽവെച്ച് വളരെ ശ്രദ്ധേയമായ സാറാജോസഫിന്റെ 'ആലാഹയുടെ പെൺമക്കൾ' എന്ന നോവൽ ശക്തമായ ചില അധികാരങ്ങളെയും വ്യക്തമായ ചില പ്രതിരോധങ്ങളെയും വെളിവാക്കുന്നുണ്ട്. കെ.എസ് രവികുമാറിന്റെ വാക്കുകളിൽ "പ്രാന്തീകരിക്കപ്പെട്ട പെണ്മ തങ്ങളുടെ കീഴാളത തിരിച്ചറിയുകയും, അതിനെ പ്രതിരോധത്തിന്റെ ആയുധമാക്കുകയുമാണിവിടെ." അധിനിവേശങ്ങളുടെ ആഖ്യാനമാണീ നോവൽ. കോക്കാഞ്ചിറയുടെ ചരിത്രമാണിതിലെ പ്രതിപാദ്യം. സ്ഥലകാലങ്ങളിൽ ഊന്നിനിന്നുകൊണ്ട് നടത്തുന്ന ഏതൊരാഖ്യാനവും സംസ്കാരത്തിന്റെ അടയാളപ്പെടുത്തൽ എന്ന നിലയിൽ കൂടുതൽ ജനകീയവും കൂടുതൽ സാമൂഹികവുമായ ചരിത്രമായി മാറുന്നു. ചരിത്രത്തെക്കുറിച്ചുള്ള ഈയൊരു കാഴ്ചപ്പാടിൽ ആലാഹയുടെ പെൺമക്കൾ, കോക്കാഞ്ചിറ എന്ന ഗ്രാമത്തിന്റെ– മുഖ്യധാരാസമൂഹങ്ങൾ പുറന്തള്ളിയ ഒരു പ്രാന്തവൽകൃതസമൂഹത്തിന്റെ

ചരിത്രമാണ്. പലരുടെ വിവരണങ്ങളിലൂടെയാണ് കോക്കാഞ്ചിറ യുടെ ചരിത്രം പൂർണ്ണതയിലെത്തുന്നത്. ആനിയെന്ന പെൺകുട്ടിയുടെ ചിന്തയും അവൾക്ക് കിട്ടുന്ന കേൾവികളും കാഴ്ചകളുമാണ് കോക്കാ ഞ്ചിറയെ വായനക്കാരനു വ്യാഖ്യാനിച്ചു തരുന്നത്. ആനിയുടെ മനസ്സു പറഞ്ഞ കഥ, അമ്മാമയുടെ വാമൊഴി ചരിത്രം, തോട്ടികൾ പറഞ്ഞ കഥ, ഒരിറച്ചിവെട്ടുശാലയുടെ കഥ എന്നിങ്ങനെ വ്യത്യസ്ത വീക്ഷണപ ഥങ്ങളിലൂടെ ഈ ചരിത്രം വാർന്നു വീഴുന്നു.

മനുഷ്യന്റെ ഭാഗധേയത്തെ നിർണ്ണയിക്കുന്നതിൽ ഒരു നാടിനുള്ള പങ്കുപോലെ തന്നെ പ്രധാനമാണ് ഒരു നാടിന്റെ ഭാഗധേയം നിർണ്ണ യിക്കുന്നതിൽ മനുഷ്യർക്കുള്ള പങ്കും. കോക്കാഞ്ചിറയിലെ മനുഷ്യരെ അങ്ങനെയാക്കുന്നത് ആ നാടിന്റെ ചരിത്രവും സംസ്കാരവുമാണ്. അതങ്ങനെ ആക്കിയതാവട്ടെ അവിടത്തെ മനുഷ്യർ തന്നെയാണ്. “ആരീം പറഞ്ഞിട്ട് കാര്യല്ല്യ കുട്ടാവേ, ഇത് അങ്ങൻത്തെ ഒര് സലണ്. കണ്ടോടത്ത്ന്നൊക്കെ, ആളില്ല്യത്ത ശവങ്ങളും ചത്തതും ചീഞ്ഞതും ഒക്യാകൊണ്ടന്ന് ഇവിട്യാ തട്ടും. തല്ലിക്കൊന്ന പേപ്പട്ടീണ്ടാവും. തെണ്ടൻ തല്ലിച്ചത്ത പോത്തുണ്ടാവും.” എന്നിങ്ങനെയുള്ള അമ്മാമയുടെ വാമൊഴി കഥാചരിത്രത്തിലെ വരികൾ ഇത് വ്യക്തമാക്കുന്നു. കൊടിച്ചി യങ്ങാടി എന്ന മേൽവിലാസം നാണിച്ചു മരിക്കാൻ തക്കവിധം അപക ടമാണ് എന്ന് ആനി തിരിച്ചറിയുന്നതും അങ്ങനെയാണ്.

വലിച്ചിഴച്ചു കൊണ്ടു വരുമ്പോൾ ആൾക്കാരെക്കൊണ്ട് പ്രാകിക്കു ന്ന ശവങ്ങളെ, “ശവങ്ങളായി തീർന്നതിനു ശേഷമാണ് തങ്ങളുടെ ജീവിതം മെച്ചപ്പെട്ടതെന്ന്” ആനിയുടെ മനസ്സ് വ്യാഖ്യാനിക്കുന്നു. അതായത്, തങ്ങൾക്കു താഴെ പിന്നെ ആരും ഇല്ലാത്ത മനുഷ്യരും, തങ്ങളുടെ ആവാസവ്യവസ്ഥയ്ക്കു താഴെ വേറെ അടരുകളില്ലാത്ത ജീവ വ്യവസ്ഥയുമാണ് കോക്കാഞ്ചിറയിൽ ഉള്ളടങ്ങുന്നത് എന്ന് ശവങ്ങളും തിരിച്ചറിയുന്നു എന്ന് സാരം. കോക്കാഞ്ചിറ നഗരം പുറന്തള്ളിയവരുടെ ലോകമാണ്. പുറന്തള്ളപ്പെട്ട സംസ്കാരമാണ് കോക്കാഞ്ചിറയുടെത്. ഗ്രാ മങ്ങളെ ഗ്രസിച്ചുകൊണ്ട് വളർന്ന നഗരം അതിന്റെ വളർച്ചക്കുവേണ്ടി പുറന്തള്ളിയവർ ഒക്കെ കോക്കാഞ്ചിറയിൽ എത്തി. ആനിയും അമ്മാ മ്മയും കുട്ടിപാപ്പനും ഒക്കെ നഗരം പുറന്തള്ളിയവരുടെ കൂട്ടത്തിലുള്പ്പെട്ടവ രാണ്. കടലെടുത്തുപോയ സംസ്കാരങ്ങളെപ്പോലെ, നഗരം അധിനിവേ ശിച്ച് ഒടുങ്ങിയും ഇടുങ്ങിയും പോകുന്ന ഒരു സംസ്കാരത്തെ വീണ്ടെടുക്കു കയാണ് ഇവിടെ സാറാ ജോസഫ് ചെയ്യുന്നത്. നാഗരികതയുടെ കടന്നു കയറ്റങ്ങളിൽ അമർന്നു പോയ ഒരു ജനതയുടെ സ്ഥലകാലവേരുകളും

ഭാഷയും ഒക്കെ വീണ്ടെടുക്കുന്ന പ്രക്രിയയാണത്. ഈ വീണ്ടെടുപ്പ് നോവലിസ്റ്റ് സാധ്യമാക്കുന്നത് പ്രധാനമായും ഭാഷയിലൂടെയാണ്.

ഇതിലെ 'ഭാഷയും പ്രതിരോധാത്മകമാണ്. ഒരു സംസ്കൃതിയുടെയോ വർഗ്ഗത്തിന്റെയോ, സ്വത്വാവിഷ്കാരം നടത്തുന്നതിൽ അവരുടെ വാമൊഴിക്കുള്ള പങ്ക് പ്രധാനമാണ്. കീഴാള ജനവിഭാഗത്തിന്റെ പ്രതിരോധത്തിന്റെ ഗൂഢമന്ത്രമായിത്തീർന്ന പ്രാർത്ഥനകൾ ആലാഹയുടെ പെൺമക്കളിൽ പുനരാവർത്തിക്കപ്പെടുന്നു. പുരുഷൻമാരായ പള്ളീലച്ചൻമാർക്കുമാത്രം അവകാശപ്പെട്ട പിശാചിനെ ഒഴിക്കൽ ആനിയുടെ അമ്മാമ്മയ്ക്കു ഹൃദിസ്ഥമാണ്. അമ്മാമ്മയുടെ ഭാഷ ഭാഷയുടെ പിത്രാധികാരത്തെ അതിജീവിച്ചുനിൽക്കുന്ന ഒന്നാണ്. നഗരാധിനിവേശത്തിനു കീഴ്പ്പെടാതെ നില്ക്കുന്ന ഒന്നായി ഈ ഭാഷയെ പുനഃസൃഷ്ടിക്കുക വഴി നോവലിസ്റ്റ് ശക്തമായ ഒരു പ്രതിരോധം സൃഷ്ടിക്കുകയാണ്. മുഖ്യധാരാസമൂഹങ്ങളുടെ ഭാഷാധിപത്യത്തെയും അതുവഴി അവരുടെ സംസ്കാരത്തെയും നോവൽ വെല്ലുവിളിക്കുന്നു. അധികാരത്തിന്റെയും നഗരത്തിന്റെയും ഭാഷയെ പൊളിച്ചെഴുതുന്ന കഥാപാത്രങ്ങളെയും അവരുടെ ഭാഷയെയും രൂപപ്പെടുത്തുന്നതിനൊപ്പം തന്നെ അധികാരത്തിനു വിധേയപ്പെട്ട - വ്യവസ്ഥപ്പെടുത്തിയ നഗരഭാഷ സംസാരിക്കുന്ന കുട്ടിപ്പാപ്പനെയും നോവലിസ്റ്റ് അവതരിപ്പിക്കുന്നുണ്ട്. ഗ്രാമീണഭാഷയെ പ്രാകൃതമെന്നു വിശേഷിപ്പിക്കുന്ന നഗരസംസ്കാരത്തിനെതിരെയുള്ള പ്രതിരോധമാണ് നോവലിലൂടെ പ്രകാശിതമാകുന്ന ഭാഷ. ഈ ഭാഷ കോക്കാഞ്ചിറയുടെ സാമൂഹിക സ്വത്വത്തെ നിർണ്ണയിക്കുന്ന വലിയ ശക്തിയായി നിലകൊള്ളുന്നു. നല്ലതെന്ന് അവരോധിതമായ ഭാഷയും വാക്കുകളും കയ്യിലില്ലാത്തവർ അവ്യവസ്ഥിതവും പ്രാകൃതവുമായ ഭാഷാസ്വത്വംകൊണ്ട് പ്രതിരോധിക്കുന്നത് വ്യവസ്ഥപ്പെട്ട അധികാരങ്ങളോടാണ്. അങ്ങനെ നഗരം രൂപപ്പെടുത്തിയ അച്ചടിഭാഷയുടെ വ്യവസ്ഥകൾക്കും വ്യവസ്ഥാപിതമായ വ്യാകരണനിയമങ്ങൾക്കും വഴങ്ങാത്ത— ഒരിടത്തും രേഖപ്പെടുത്താത്ത ഭാഷകൾക്കുള്ള ഇടമായി ഈ നോവൽ വികാസം പ്രാപിക്കുന്നു.

അധികാരം അധിനിവേശങ്ങളായി ഗ്രാമീണതയെ വ്രണിതമാക്കുമ്പോഴാണ് പ്രതിരോധം എന്ന അന്തർലീനത വിവിധരൂപങ്ങളിൽ ഉയർന്നു വരുന്നത്. നഗരം പുറന്തള്ളിയവർക്ക്, സാമ്പത്തികമായും മതപരമായും വിദ്യാഭ്യാസപരമായും സംസ്കാരികമായും സംഭവിച്ച കേടുപാടുകളാണീ ജനതയുടെ സംസ്കാരം. നഗരം അധിനിവേശിച്ചപ്പോഴാകട്ടെ അവർ പിന്നെയും ഇല്ലാതാവുന്നതിലേക്ക് ഒതുങ്ങിക്കൂടുന്നു.

ഉൾവലിവുകളിലൂടെ അവർ ഒട്ടുങ്ങിപ്പോകുന്നു. "പണമുള്ളവർ അങ്ങനെയാണ്, എന്തിനെയും അവർ സ്വന്തം കാൽച്ചോട്ടിലേക്കൊതുക്കും" എന്ന് കുട്ടിപ്പാപ്പൻ ആനിയോടു പറയുന്നുണ്ട്. അപ്പോൾ നഗരത്തിന്റെ സ്വത്വം കടന്നുകയറി ഇല്ലാതെയാക്കിയ ഒരു ഗ്രാമീണ സ്വത്വബോധത്തെ, അതിലെ നന്മകളെയൊക്കെയാണ്, സാറാ ജോസഫ് കാണിച്ചുതരുന്നത്.

'കോക്കാഞ്ചിറയിൽ മനുഷ്യരില്ല. പിശാശ്ക്കളാണ്' എന്നു പറയുന്ന മേലാളവർഗ്ഗത്തിനും, കോക്കാഞ്ചിറയിലെ വർഗ്ഗത്തിനും ഇടയിലൂടെ നടന്ന് ആനി ആത്മനിഷ്ഠമായൊരു ദർശനം തരുന്നു. അധികാരം ജനങ്ങളെ പീഡിപ്പിക്കുന്നതിന്റെ മറ്റൊരു മുഖമാണിത്. ശിക്ഷണത്തിന്റെ മ്ലാനമായ ഉത്സവാഘോഷം (Discipline and punish: The birth of person) എന്ന് ഫൂക്കോ വിളിക്കുന്ന ശിക്ഷണ ദൃശ്യത്തിന്റെ അദൃശ്യവും എന്നാൽ അനുഭവപരവുമായ ആവർത്തനമാണിത്. ഒരുപാടാളുകളാൽ ഒരുപാട് കാലംകൊണ്ട് രൂപപ്പെട്ട ശിക്ഷണപരമായ ഒരു വ്യവസ്ഥയാണിത്. കമ്പോളത്തിന്റെ സാമ്പത്തിക ബലതന്ത്രങ്ങൾ കൊണ്ടാണിത് സാധ്യമാകുന്നത്. കോക്കാഞ്ചിറയിൽ നഗരം കടന്നാക്രമിക്കുന്നത് ഇത്തരം കമ്പോളയാഥാർത്ഥ്യങ്ങളുടെയും സാമ്പത്തിക ശക്തികളുടെയും മൂന്നുപാധികൾ കൊണ്ടു തന്നെയാണ്. സംസ്കാരികതയെ പഠിക്കുമ്പോൾ, അതിരുകൾ ഭേദിച്ച് പുതിയ മേഖല രൂപപ്പെട്ടു വരുന്നതിനെക്കുറിച്ചും ഫൂക്കോ വിവരിക്കുന്നുണ്ട്.

അധികാരവും പ്രതിരോധവും രൂപപ്പെടുന്ന വഴികളും നോവൽ വിവരിക്കുന്നുണ്ട്. നാഗരികതയാൽ ഗ്രസിക്കപ്പെടുന്ന ഗ്രാമത്തിന്റെ ചരിത്രമെന്ന നിലയിൽ മാത്രമല്ല, ലോകത്തിലിന്നോളം കണ്ടുവന്ന അധിനിവേശത്തിന്റെയും പിൻവാങ്ങലുകളുടെയും ചരിത്രത്തിന്റെ ഒരു അദ്ധ്യായമെന്ന നിലയിലും ആലാഹയുടെ പെണ്മക്കൾ നിലകൊള്ളുന്നു. അധീശ വർണ്ണങ്ങൾകൊണ്ട് മങ്ങിപ്പോയ ഒരുപാടു തനതു വർണ്ണങ്ങളോട് ചേർത്ത് വായിക്കാവുന്ന ഒരു കൃതിയാണിത്. കമ്പോള സംസ്കാരം യാത്രയെന്ന പേരിൽ ആരംഭിച്ച് അധിനിവേശങ്ങളായി രൂപപ്പെട്ട് അധീശത്വങ്ങളായി വാഴുന്നിടത്ത് പ്രതിഷേധങ്ങൾ രൂപപ്പെടുത്തി, ഒന്നുകിൽ അതിനെ അതിജീവിക്കുകയോ അല്ലെങ്കിൽ അതിൽ നിന്ന് പിൻവാങ്ങുകയോ ചെയ്യുന്ന ലോകചരിത്രത്തിന്റെ കൂട്ടത്തിൽ നഗരമെടുത്തുപോയ ഒരു സംസ്കൃതിയുടെ ചരിത്രമായി ആലാഹായുടെ പെൺമക്കളുടെ കോക്കാഞ്ചിറ ഈ നോവലിലൂടെ വീണ്ടെടുക്കപ്പെടുകയാണ് .

സ്വന്തം ജീവിതത്തിലെ അനുഭവങ്ങളോടും ആവശ്യങ്ങളോടും പ്രതിരോധിക്കേണ്ടി വരുന്നതുകൊണ്ട് പലപ്പോഴും അധികാരങ്ങളെ വച്ചു പൊറുപ്പിക്കേണ്ടി വരുന്ന ഗതികേടും അശക്തരുടേതാണ്. ജീവൻ, പണം, വിശപ്പ്, ദാഹം, വസ്ത്രം, ബന്ധങ്ങൾ എന്നിങ്ങനെ ഒരുപാടാവശ്യങ്ങളോട് പ്രതികരിക്കേണ്ടി വരുന്നിടത്ത് അപ്രസക്തരായവർ നിശ്ശബ്ദരാകേണ്ടി വരുന്നു. അപ്രസക്തർ എന്ന് മുദ്രിതരായവരുടെ അദ്ധ്വാനവും കായികശേഷിയും ഭൂമിക്കും അതിലെ ആവാസവ്യവസ്ഥയ്ക്കും ഏറ്റവും അത്യാവശ്യമാണ്. എന്നിരിക്കിലും മുഖ്യധാരാസമൂഹത്തിന്റെ ഭൂപടത്തിൽ അവരുടെ പേരോ ദേശമോ ഭാഷയോ സംസ്കാരമോ അടയാളപ്പെടുന്നില്ല.

ജൻമി-കുടിയാൻ വ്യവസ്ഥിതി മുതലുള്ള ചരിത്രം ഇത്തരത്തിൽ അന്യവൽക്കരിക്കപ്പെടുന്നവരുടെ ചരിത്രമാണ്. ഭക്ഷണം കഴിക്കണമെങ്കിൽ പണിയെടുക്കാൻ ആളുവേണം. എന്നാലും ഭക്ഷണം കഴിക്കുന്നവരുടെ മേശയിൽ പണിക്കാരൻ പലപ്പോഴും അപ്രസക്തനാണ്. വിരുന്നുകാരായെത്തിയ ആര്യൻമാർ ദ്രാവിഡരെ അപ്രസക്തരാക്കി. വിരുന്നുവന്ന വിദേശികൾ സ്വദേശീയരെ അപ്രസക്തരാക്കി. ആലാഹയുടെ പെൺമക്കൾ കാണിച്ചു തരുന്ന ജനതയും അവരുടെ നാടും ഇത്തരത്തിൽ നഗരം വിരുന്നിനെത്തുമ്പോൾ അപ്രസക്തമാവുകയാണ്.

പലപ്പോഴും ഫലപ്രദവും പ്രസക്തവുമായ ഒരു പ്രതിരോധം സൃഷ്ടിച്ചെടുക്കാൻ കഴിയുന്നിടത്താണ് അതിന്റെ വിജയം സ്ഥിതി ചെയ്യുന്നത്. ഫലപ്രദമായ ഒരു പ്രതിരോധം ഇന്ത്യൻ ജനത സൃഷ്ടിച്ചതിനാലാണ് വിദേശികൾ നാടുവിട്ടതും ഇന്ത്യ സ്വതന്ത്രമായതും. ഇത്തരം പ്രതിരോധങ്ങളിൽ നിന്ന് മനുഷ്യനെ തടയുന്നത് അധികാരം കല്പിച്ചുണ്ടാക്കുന്ന ഭയം,ആശ്രിതത്വം മുതലായ വികാരങ്ങളാണ്. താഴേക്കിടയിലുള്ളവർക്ക് അവകാശപ്പെട്ടതു കൂടി കവർന്നെടുത്ത് അവരെ വരുതിക്കു നിർത്തുന്ന, നിസ്സഹായരാക്കുന്ന അധികാരത്തിന്റെ ചിത്രവും നോവലിൽ ആവിഷ്കൃതമാകുന്നു. കോക്കാഞ്ചിറവാസികൾ പുഴുപ്പച്ചരി തിന്ന് ജീവിക്കുന്നവരാണ്. മുക്കിലെ ചാക്കുവിന്റെ പീടികയിൽ അരിയുണ്ട്, പക്ഷേ, കോക്കാഞ്ചിറക്കാർക്ക് അവിടന്ന് അരി കിട്ടില്ല. മുക്കിലെ ചാക്കുവിന്റെ കടയിൽ വന്ന് നോട്ടുകൾ വാരിയെറിഞ്ഞിട്ട് അരികൊണ്ട് പോകുന്നവരുണ്ട്. എന്തുകൊണ്ടാണ് കോക്കാഞ്ചിറക്കാർക്ക് അരിയില്ലാത്തത്? കോക്കാഞ്ചിറക്കാർക്ക് അഞ്ചണയുടെ അരി വാങ്ങാനുള്ള കാശേ ഉള്ളൂവെന്ന് അമ്മാമ പറയുന്നു.

മേലാളസംസ്കാരം കീഴാളരിൽ നിന്ന് പലതും കയ്യടക്കുകയും അവർക്കവകാശപ്പെട്ട നിഷേധിക്കുകയുമാണ്. എന്തുകൊണ്ടാണ്

അരിയില്ലാത്തത് എന്ന് തിരിച്ചറിയണമെങ്കിൽ അറിവ് വേണം. വിദ്യാഭ്യാസം വേണം. പക്ഷേ, അവർക്കത് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. കോക്കാഞ്ചിറക്കാരിയെന്ന പേരിൽ ആനി അപമാനിക്കപ്പെടുന്നുണ്ട്, നോവലിൽ. ആനിയെ തൊട്ട കൈ കഴുകുന്ന ടീച്ചർമാർ മേലാളുവർഗ്ഗത്തിന്റെ മനോഭാവം വ്യക്തമാക്കുന്നു. "കൈയ് നല്ലോണം കഴുകിക്കോളൂ മാർത്തേ, കോക്കാഞ്ചറേന്ന് വരണ പിശാശ്ക്കളാ" എന്ന അമ്മിണിയമ്മ ടീച്ചറിന്റെ ഉപദേശം അധികാരത്തിന്റെ മറ്റൊരു മുഖമാണ്. ഇതിനോടു പ്രതിരോധിക്കാനാവാതെ ആനി നിസ്സഹായയാവുകയാണ്. കോക്കാഞ്ചിറയുടെ പേരു മാറ്റണം എന്നാണ് അവളുടെ മനസ്സിൽ അപ്പോൾ തോന്നുന്നത്. ആരാണീ നാട്ടുണ്ടാക്കിയത്, നാടിന്റെ പേരിൽ ഇങ്ങനെ ഒരു കുട്ടി പരിഹസിക്കപ്പെടരുത് എന്നെല്ലാം അവളുടെ മനസ്സ് അങ്ങുമിങ്ങും ഉഴറുന്നു.

ഉള്ളിൽ പ്രതിഷേധത്തിന്റെ അഗ്നിയുണ്ടെങ്കിലും ഫലപ്രദമായ രീതിയിൽ പ്രതിരോധിക്കാനാവാത്തതിന്റെ നോവും നോവലിൽ കാണാം. ഈ നോവലിലെ കുട്ടിപ്പാപ്പൻ എന്ന കഥാപാത്രം കാര്യവിവരമുള്ളയാളാണ്. അയാൾക്ക് പലതും അറിയാം. പക്ഷേ, അയാൾ രോഗിയാണ്, സ്വരമുയർത്തിയാൽ അയാൾ ചുമച്ച് അവശനാകും. ഇയാൾ നല്ലൊരു പ്രതീകം കൂടിയാണ്. കാര്യങ്ങളറിയാവുന്നവർ പലപ്പോഴും പ്രതിരോധിക്കാൻ ശക്തിയില്ലാത്തവരാകുന്നു. അയാളുടെ ശക്തി ചോർന്നു പോയതാണ്. കുട്ടിപ്പാപ്പൻ ക്ഷയരോഗിയാണ്. ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ, പ്രതിരോധിക്കാനാവാത്ത വിധം ദുർബ്ബലപ്പെടുത്തുന്ന അധിനിവേശങ്ങളാണ് അവരെ നിശ്ശബ്ദരും ശൂന്യരും ആക്കുന്നത്.

ഏതവസ്ഥയിലും അടിച്ചമർത്തപ്പെടലുകളോടും നിഷേധങ്ങളോടും ഇല്ലായ്മകളോടും മനുഷ്യൻ പ്രതിരോധിക്കും, പക്ഷേ മിക്കവാറും പ്രതിരോധങ്ങൾ, "നായർ വിശന്നു വലഞ്ഞു വരുമ്പോൾ കായക്കഞ്ഞിക്കരിയിട്ടില്ല, ആയതു കേട്ടു കലമ്പിച്ചെന്നവനായുധമുടനെ കാട്ടിലെറിഞ്ഞു...... അതു കൊണ്ടരിശം തീരാത്തവനാപ്പുരയുടെ ചുറ്റും മണ്ടി നടന്നു..."എന്ന് കുഞ്ചൻ നമ്പ്യാർ പാടിയത് പോലെ അവസാനിച്ചു പോകുന്നു. ഈ നോവലിൽ ഇതിന് നിരവധി ഉദാഹരണങ്ങളുണ്ട്. ലാസർ നോനുവിനെ തല്ലുന്നത് പോലെയുള്ളവ. ഇത്തരം പ്രതിരോധങ്ങൾകൊണ്ട് ഫലപ്രദമായൊരു പൊളിച്ചെഴുത്ത് നടക്കുന്നില്ല. "ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ പതിതരേ, നിങ്ങൾ തൻ പിൻമുറക്കാർ" എന്ന് ചങ്ങമ്പുഴ പാടുന്നിടത്ത്, മലയപ്പുലയൻ നിസ്സഹായനും നിശബ്ദനുമാണെങ്കിലും,

വരും തലമുറയ്ക്ക് ഊർജ്ജം പകരുന്ന ഒന്ന് അയാളുടെ നിശബ്ദതയിലുണ്ട്. പിൻതലമുറക്കാരെ ഊറ്റം കൊള്ളിക്കാൻ ഈ വരികൾക്കാവുന്നുമുണ്ട്.

അമരപ്പന്തൽ ഒരു പ്രതീകമാണ്. വെള്ളപ്പൊക്കം, ക്ഷയരോഗം എന്നിവയും പ്രതീകവൽക്കരിക്കപ്പെടുകയാണ് നോവലിൽ. നാഗരികതയുടെ വെള്ളപ്പൊക്കം കടപുഴക്കി ചുറ്റിപ്പിടിച്ച് വലിച്ചെറിഞ്ഞ ഒരു ജനതയുടെയും സംസ്കാരത്തിന്റെയും പ്രതീകമായി നോവലിന്റെ അവസാനത്തിൽ പ്രത്യക്ഷപ്പെടുന്ന അമരപ്പന്തൽ നോവലിന്റെ തുടക്കത്തിൽ എല്ലാസങ്കടങ്ങൾക്കും മീതേ പടർന്നു പുഷ്പിച്ചു നിന്ന കോക്കാഞ്ചിറഗ്രാമത്തിന്റെയും പ്രതീകമാണ്. ആനിയുടെ സ്വപ്നങ്ങളും അമ്മാമ്മയുടെ അദ്ധ്വാനവും ഈ അമരപ്പന്തലിനെ ചുറ്റിപ്പറ്റിയാണ്. ക്ഷയരോഗിയായ കുട്ടിപ്പാപ്പന്റെ മരണവും ആനിയെന്ന പുതിയ ക്ഷയരോഗിയുടെ പിറവിയും ഒരേ സമയത്താണ്. നഗരാധിനിവേശത്താൽ പുറന്തള്ളപ്പെടുന്ന ഗ്രാമചേതനയുടെ പ്രതീകം തന്നെയാണ് ഇവിടെ ക്ഷയരോഗം.

സാറാ ജോസഫ് തന്റെ എഴുത്തിലൂടെ കോക്കാഞ്ചിറയെന്ന ഈ നാടിനെയും സംസ്കാരത്തെയും വീണ്ടെടുത്തുകൊണ്ട്, ഒരു പ്രതിരോധനിർമ്മിതി സാധ്യമാക്കുകയാണ്. ആധിപത്യങ്ങൾക്കും അധികാരങ്ങൾക്കും എതിരെയുള്ള പ്രതിരോധങ്ങളുടെ നിർമ്മിതിയായി മലയാളത്തിലുണ്ടായിട്ടുള്ള കൃതികൾ സാഹിത്യചരിത്രത്തിലെ എക്കാലത്തെയും മികച്ച സൃഷ്ടികൾ തന്നെയാണ്. ചങ്ങമ്പുഴയുടെ വാഴക്കുല, ഇടശ്ശേരിയുടെ പുത്തൻകലവും അരിവാളും, കെ.ജെ ബേബിയുടെ മാവേലിമന്റം, ആനന്ദിന്റെ ആൾക്കൂട്ടം, മരണസർട്ടിഫിക്കറ്റ്, ഉത്തരായനം, അഭയാർത്ഥികൾ, മരുഭൂമികൾ ഉണ്ടാവുന്നത്, നാരായന്റെ കൊച്ചരേത്തി തുടങ്ങി മികച്ച കൃതികൾ മലയാളത്തിൽ ഏറെയുണ്ട്. എന്നാൽ ആലാഹയുടെ പെണ്മക്കൾ പ്രാന്തവല്ക്കരിക്കപ്പെട്ട ഒരു സമൂഹത്തിലെ, വീണ്ടും പ്രാന്തവൽക്കരിക്കപ്പെടുന്ന സ്ത്രീകളുടെ പ്രതിരോധമനസ്സിന്റെ ഇതിഹാസമാണ്.

സഹായകഗ്രന്ഥങ്ങൾ :

1. ആലാഹയുടെ പെൺമക്കൾ, സാറാജോസഫ് കറന്റ് ബുക്സ്, തൃശ്ശൂർ, 2002.
2. നോവൽ ചരിത്രത്തിന്റെ പാഠഭേദം, ഷാജി ജേക്കബ്, കറന്റ് ബുക്സ്, തൃശ്ശൂർ, 2003.
3. അന്ധനായ ദൈവം, പി.കെ.രാജശേഖരൻ, മലയാളനോവലിന്റെ 100 വർഷങ്ങൾ–ഡി.സി. ബുക്സ്, 1999.

4. സമൂഹമനസ്സും മലയാള നോവലും, ഡോ.പി.കെ. കുശലകുമാരി, മലയാള പഠനഗവേഷണ കേന്ദ്രം, തൃശ്ശൂർ, 2000.

5. സംസ്കാരപഠനം—ചരിത്രം സിദ്ധാന്തം പ്രയോഗം, മലയാള പഠനസംഘം, വള്ളത്തോൾ വിദ്യാപീഠം, മാതൃഭൂമി ബുക്സ്, 2011.

6. ആഖ്യാനത്തിന്റെ അടരുകൾ, കെ.എസ്. രവികുമാർ, ഡി.സി.ബുക്സ്, 2007.

സ്മിത എൽസി സെബാസ്റ്റ്യൻ
അൽഫോൻസ പ്രോവിൻസ്
പാലാ.

# കവിതയിലെ പെൺപിറവികൾ

## ഗിരിജ പി. പാതേക്കരയുടെ കവിതകളെ മുൻനിർത്തി ഒരന്വേഷണം

സമകാലിക കവയിത്രികളിൽ ശ്രദ്ധേയയാണ് ഗിരിജ പി. പാതേക്കര. പെണ്ണിന്റെ മേലുള്ള പുരുഷന്റെ സമസ്ത അധികാരങ്ങളെയും ചോദ്യം ചെയ്യുന്നവരുടെ പ്രതിനിധിയായി അവർ കവിതകളെഴുതുന്നു. 'പെൺപിറവി'യെന്ന കവിതാസമാഹാരത്തിന്റെ ആമുഖത്തിൽ അവർ സ്വന്തം നിലപാട് ഇപ്രകാരം വ്യക്തമാക്കുന്നു: "സ്ത്രീയെന്ന സ്വത്വബോധത്തിൽ അഭിമാനിച്ചും അഭിരമിച്ചും അതിൽ അള്ളിപ്പിടിച്ചുമാണ് ഞാനീ ലോകത്തെ കാണുന്നതും അനുഭവിക്കുന്നതും ഇവിടെ ജീവിക്കുന്നതും. അതിനാൽ എന്റെ കവിതകളിലും സ്ത്രീപക്ഷത്തു നിന്നുകൊണ്ടുള്ള ചില തോന്നലുകളാണതാനും. ഇതെന്റെ കവിതകളുടെ ഒരു പരിമിതിയായി പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ പുരുഷന്റേതിൽ നിന്നും വ്യത്യസ്തമായി സ്ത്രീ അനുഭവിക്കുന്ന പ്രശ്നങ്ങൾ അടിസ്ഥാനപരമായ മാറ്റങ്ങൾക്കൊന്നും വിധേയമാകാതെ ഇന്നും തുടരുകയാണ്. അവൾക്കുമേലുള്ള വിലക്കുകളും അധികാരപ്രയോഗങ്ങളും ഇന്നും അവസാനിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അവൾ സ്വതന്ത്രയാകുവോളം അവളിൽ നിന്നു പുറത്തുകടക്കാൻ എനിക്കാവുന്നുമില്ല. അവളെക്കുറിച്ച് എഴുതിക്കൊണ്ടേയിരിക്കുന്നതാണ് എന്റെ രാഷ്ട്രീയപ്രവർത്തനം..." ഗിരിജ തന്റെ ഈ നിലപാട് ശക്തമായി കവിതകളിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീ 'ശരീരം' മാത്രമാണ് എന്ന പൊതുസമൂഹത്തിന്റെ ധാരണകളെ എതിർത്തുകൊണ്ട്, സ്ത്രീയനുഭവങ്ങളുടെ വൈകാരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ

വിചാരണചെയ്തുകൊണ്ട് നിലവിലെ സ്ത്രീസ്വത്വത്തെ അപനിർമ്മിക്കാൻ അവർ ശ്രമിക്കുന്നു. അതിനായി ശരീരം, ഭാഷ, പരിസരം എന്നീ സ്വത്വനിർണ്ണയഘടകങ്ങളെ പെണ്ണിന്റെ കണ്ണിലൂടെ ഈ കവയിത്രി പൊളിച്ചെഴുതുന്നു.

ശരീരംകൊണ്ട് സ്ത്രീയുടെ സ്വത്വാവബോധം സ്ഥാപിക്കുന്ന കവിതയാണ് 'അടയാളങ്ങൾ.' ഇടതുപുരികത്തിലെ വെളുത്തകല കുന്നിക്കുരുപൊഴിയുന്ന കളിമുറ്റത്തിന്റെ ഓർമ്മയാണ്. അടിവയറ്റിലെ നീളൻ വരമ്പ് നെഞ്ചിലാദ്യമറിഞ്ഞ പാൽനനവിന്റെ കുളിരുള്ള ഓർമ്മ. കൺതടങ്ങളിലെ കറുപ്പാകട്ടെ കുടിച്ച കയ്പിലേക്കും കാഞ്ഞ വെയിലിലേക്കും തുറക്കുന്ന കവാടങ്ങൾ.

കാലം ശരീരത്തിൽ
മായ്ക്കാനാവാത്ത
കുറിപ്പുകളെഴുതുമ്പോൾ
ഡയറിയിലെഴുതാൻ സമയവും
സൂക്ഷിക്കാനിടവുമില്ലാത്ത
പെൺവിധിയിൽ
എന്തിനു വിലപിക്കണം? (അടയാളങ്ങൾ)

എന്ന് ചോദിച്ചുകൊണ്ടാണ് ഈ കവിത അവസാനിക്കുന്നത്. ഉടലിലേൽക്കുന്ന അടയാളങ്ങളെല്ലാം ഓരോ ഓർമ്മക്കുറിപ്പുകളാണെന്നും സ്ത്രീയുടെ ഉടൽതന്നെ ഓർമ്മക്കുറിപ്പുകളെഴുതാൻ പ്രാപ്തമാണെന്നും ഗിരിജ വിശ്വസിക്കുന്നു.

പുരുഷകേന്ദ്രിതഭാഷയിൽ നിന്നുവ്യതിരിക്തമായ പെൺഭാഷയുടെ കരുത്തും സൗന്ദര്യവും വെളിപ്പെടുത്തുന്നവയാണ് ടച്ച് മി നോട്ട്, ഒരുമ്പെട്ടവൾ എന്നീ കവിതകൾ. സാഹചര്യങ്ങളോട് പടപൊരുതി നിൽക്കാൻ തയ്യാറാവുന്ന പെൺകരുത്തിന്റെ മൂർച്ചയും ആത്മധൈര്യവുമാണ് 'ടച്ച് മി നോട്ട്' എന്ന കവിത. ടച്ച് മി നോട്ട് എന്നത് തൊട്ടാവാടിയെന്നും ലജ്ജാവതിയെന്നും എങ്ങനെ വ്യാഖ്യാനം ചെയ്യപ്പെട്ടു എന്നു സംശയിക്കുകയാണ് കവയിത്രി.

എന്നെ തൊടരുതേയെന്ന
ഒരപേക്ഷയാണതെന്ന്
ആരെങ്കിലും കരുതിക്കാണുമോ
എങ്കിലതും തെറ്റാണ്.
അതൊരാജ്ഞയാണ്!
'തൊടരുതെന്നെ'യെന്ന

ആയിരം മുള്ളുകളുള്ള
ഒരാജ്ഞ.
തൊടുന്നവനെ
മുറിപ്പെടുത്തുമെന്ന
ഒരു മുന്നറിയിപ്പ് (ടച്ച് മി നോട്ട്)

സ്ത്രീകൾ നേരിടുന്ന ലൈംഗികചൂഷണത്തെ പ്രതിരോധിക്കാൻ ആയിരം മുള്ളുകളുമായി പടച്ചട്ടയണിഞ്ഞു നിൽക്കുന്ന 'തൊട്ടാവാടി' പെൺകരുത്തിന്റെ പുതിയ ഭാഷ്യം ചമയ്ക്കുന്നു.

പുരുഷകേന്ദ്രീകൃത പ്രത്യയശാസ്ത്രം നിർമ്മിച്ചെടുത്ത സ്ത്രീസങ്കല്പത്തെ ഭാഷകൊണ്ട് ഉടച്ചുവാർക്കുന്ന കവിതയാണ് 'ഒരുമ്പെട്ടോൾ'. സ്ത്രീസ്വത്വത്തെ അടിച്ചൊതുക്കാൻ ഒട്ടേറെ സാമൂഹ്യവിലക്കുകളും ആചാരങ്ങളും ആൺകോയ്മ വ്യവസ്ഥിതി സൃഷ്ടിച്ചെടുത്തിരുന്നു. ഇതിനെതിരെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പെണ്ണുങ്ങളെ സമൂഹത്തിൽ നിന്ന് അധിക്ഷേപിച്ച് പുറത്താക്കാൻ ഫ്യൂഡൽ വരേണ്യാധികാരശക്തികൾ ഉപയോഗിച്ചുപോന്ന പുരുഷനിർമ്മിത പദപ്രയോഗമാണ് 'ഒരുമ്പെട്ടോൾ'. സ്ത്രീത്വത്തെ അടുക്കളയിലും കിടപ്പുമുറിയിലും മാത്രം തളച്ചിടുന്ന ആ പുരുഷകേന്ദ്രീകൃത നിലപാടിന് ഇന്നും മാറ്റമൊന്നുമില്ല എന്ന് തന്റെ കവിതയിലൂടെ ഗിരിജ അടിവരയിടുകയാണ്.

കുളിമുറിയിൽ
മൂളിപ്പാട്ടുപാടിയതിന്,
കണ്ണാടിയിലേറെ നേരം
നോക്കി നിന്നതിന്,
കൃത്യനേരം തെറ്റി
വീടണഞ്ഞതിന്
ഉറക്കെ ചിരിച്ചതിന്
ചിന്തിച്ചതിന്
ആ വാക്കെറിഞ്ഞ്
വീഴ്ത്താറുണ്ടായിരുന്നു അവളെ,

അമ്മ, അച്ചൻ,
ആങ്ങളമാർ, അയൽക്കാർ.
അർത്ഥം വെച്ചോർക്കുമ്പോൾ
ബ്രഹ്മനും തടുക്കാനാവാത്തവളെന്ന്
അഭിമാനിക്കാമെങ്കിലും

അന്ന്
ആ വാക്കേറ്റ മുറിവിലൂടെ
വാർന്നുപോയിട്ടുണ്ടായിരുന്നു
ഉള്ളിൽ നിന്നുപലതും. (ഒരുമെട്ടോൾ)

ഇപ്രകാരം സാമ്പ്രദായിക അർത്ഥങ്ങളിൽനിന്ന് മറ്റ് അനേകം അർത്ഥങ്ങളിലേക്ക് വാക്കിനെയും അതിലൂടെ വ്യവസ്ഥാപിത ഭാഷയെയും അപനിർമ്മിക്കുകകൂടി ചെയ്യുന്നുണ്ട് 'ഒരുമെട്ടോൾ' എന്ന ഈ കവിത.

പുരുഷൻ പെരുമാറാത്ത പരിസരങ്ങളെ പ്രകാശിപ്പിച്ചുകൊണ്ട് തങ്ങളുടെ ഒച്ച വേറിട്ടുകേൾപ്പിക്കുന്ന കവയത്രികളിൽ ഗിരിജ പി. പാതേക്കരയുമുണ്ട്. അലക്കുകല്ലിലെ മുഷിഞ്ഞ തുണികളേയും അടുക്കളഭരണിയിലെ കൊണ്ടാട്ടത്തെയും കുമിഞ്ഞുകൂടുന്ന എച്ചിൽപ്പാത്രങ്ങളേയും അവർ കാവ്യബിംബങ്ങളാക്കുന്നു. ഒരു സ്ത്രീയുടെ കെടാത്ത ആത്മവീര്യത്തെ ആവിഷ്കരിക്കുന്ന കവിതയാണ് 'കൊണ്ടാട്ടം'.

തിളയ്ക്കുന്ന എണ്ണയിലേക്ക്
എന്നെയൊന്നെറിഞ്ഞു നോക്കൂ
അപ്പോൾക്കാണാം
ആത്മവീര്യത്തോടെ
തലയുയർത്തി
ഞാൻ പൊങ്ങിപ്പൊങ്ങി വരുന്നത്.
കടിച്ചാൽ പൊട്ടാത്തവണ്ണം
മൊരിയുന്നത് (കൊണ്ടാട്ടം)

പെണ്ണിനെതിരെയുള്ള വ്യവസ്ഥാപിത അധികാരങ്ങളുടെ നേർക്ക് വീറോടെ കലഹിക്കുന്ന കവിതയാണിത്. സ്ത്രീയെ എത്ര അടിച്ചമർത്തിയാലും അവയെല്ലാംതന്നെ അവളെ കൂടുതൽ ശക്തയാക്കുകയാണ് എന്ന മുന്നറിയിപ്പ് നൽകുന്ന കവിത.

പുരുഷന്റെയും സ്ത്രീയുടെയും ദിനചര്യകളുടെ വ്യത്യസ്തതയാണ് 'ദിനചര്യകൾ' എന്ന കവിതയിലുള്ളത്. പ്രഭാതത്തിലേക്ക് സാവധാനം കൺതുറന്ന് കിടക്കയിലേറെനേരം അലസമായി കിടന്ന്, ചായക്കപ്പിലുണർന്ന്, പത്രങ്ങൾ വായിച്ച്, പ്രാതൽ കഴിച്ച്, വേഗത്തിൽ ഓടിയതിന് ക്ലോക്കിനെ പഴിപറഞ്ഞ് വീട് വിട്ടിറങ്ങുന്നവനാണ് പുരുഷൻ. അവൻ സല്ലാപങ്ങളിൽ മുങ്ങി നിവർന്ന് വൈകി വീടണയുന്നു. വിജയശ്രീലാളിതനായുറങ്ങുന്നു.

എന്നാൽ സ്ത്രീയുടെ ദിനചര്യയാകട്ടെ,
പിടഞ്ഞുണരുക,
തറകൾക്ക് തിളക്കമൊവുക
വസ്ത്രങ്ങൾക്ക് വർണ്ണമാവുക
അടുപ്പിൽ തിളച്ചുവേവുക
പാത്രങ്ങളിൽ നിറയുക
നിന്റെ പരിക്കുകളിൽ
കുഴമ്പായ് പരക്കുക.
.....................................
വൈകീട്ട് വീണ്ടും
അടുക്കളയിൽ തിളയ്ക്കുക
മക്കൾക്ക് അറിവാകുക
വീടിന് വെളിച്ചമാവുക
മെത്തയിൽ മുറിവാവുക.
മൊബൈലിന്റെ ഉണർത്തുപാട്ടിന്
കാതോർത്ത് കിടക്കുക.

പെണ്ണിന്റെ അനുഭവങ്ങളല്ല പുരുഷന്റെ ലോകത്തിലുള്ളതെന്ന് ഈ കവിത വിളിച്ചുപറയുന്നുണ്ട്. പുരുഷന്റെ സൗഭാഗ്യങ്ങളെക്കുറിച്ച് ബോധവതിയാകുകയും തങ്ങളെ ചുറ്റിവരിഞ്ഞ കടമകളുടെ അദൃശ്യകരങ്ങളിൽ കിടന്ന് പിടയുകയും ചെയ്യുന്ന സ്ത്രീമനസ്സിന്റെ വിഹ്വലതകളാണ് ഈ കവിതയിൽ ഉള്ളത്.

അകത്ത് കാളി
പുറത്ത് ദാസി
പുറത്തു നിന്നു പൂട്ടിയ വാതിൽ
തുറക്കാനാവാതെ ഞാൻ...        (കാളിദാസി)

എന്ന് ഇക്കാര്യം 'കാളിദാസി' എന്ന കവിതയിൽ അവർ മിഴിവോടെ പറയുന്നുണ്ട്. കാളിയുടെ തീക്ഷ്ണഭാവങ്ങളും രൗദ്രഭാഷയും ഗിരിജയുടെ കവിതകളിലുണ്ട്.

നിനക്കു വയസ്സായി,
ഞാനിപ്പോൾ പിറന്നതേയുള്ളൂ
പറഞ്ഞു തുടങ്ങുന്നതേയുള്ളൂ
നടന്നു പഠിക്കുന്നതേയുള്ളൂ
ഇനി ഊഴം എന്റേതാണ്. (പെൺപിറവി)

എന്ന് ഒടുവിൽ സ്ത്രീയുടെ ഊഴം വന്നെത്തിയതിനെക്കുറിച്ച് 'പെൺപിറവി' എന്ന തന്റെ കവിതയിലൂടെ അവർ പ്രഖ്യാപിക്കുന്നു. പുരുഷാധികാരങ്ങൾക്കെതിരെ പ്രതിരോധം തീർക്കുന്ന ഗിരിജ പി. പാതേക്കരയുടെ കവിതകൾ പുതുകവിതകളിൽ തന്റേതായ ഇടം നേടുന്നുണ്ട്. സ്ത്രീ സ്വതന്ത്ര്യയാകുവോളം അവളെക്കുറിച്ചു തന്നെ എഴുതിക്കൊണ്ടേയിരിക്കുമെന്നും അതാണ് തന്റെ രാഷ്ട്രീയം എന്നും ഈ കവയിത്രി വെളിപ്പെടുത്തുമ്പോൾ പെണ്ണെഴുത്തിന്റെ ധീരസ്വരമാണതിലുള്ളത്. പെണ്ണിനെക്കുറിച്ച് അവളുടെ അനുഭവമണ്ഡലങ്ങളെക്കുറിച്ച് അവൾക്കുമാത്രമേ ശക്തമായി ആവിഷ്കരിക്കാനാവൂ എന്ന പെണ്ണെഴുത്തിന്റെ പക്ഷത്തിൽ ഉറച്ചു വിശ്വസിക്കുന്നു ഈ കവയിത്രി. അതിനുവേണ്ടി അവളുടെ ലോകം നേർപ്പകർപ്പായി കവിതകളിൽ വരച്ചിടുന്നു. സ്ത്രീ സ്വതന്ത്ര്യയാകാത്തിടത്തോളം പുരുഷാധികാരത്തെ ചോദ്യം ചെയ്തുകൊണ്ട് ഗിരിജ പി. പാതേക്കരയുടെ കവിതകൾ പിറന്നുവീണു കൊണ്ടേയിരിക്കും. തീർച്ചയായും അത് പെൺപിറവിയായിരിക്കും, പെണ്ണിനുവേണ്ടിയുള്ളതായിരിക്കും.

സഹായകഗ്രന്ഥങ്ങൾ

1. പെൺപിറവി, ഗിരിജ പി. പാതേക്കര, ഡി.സി. ബുക്സ്, കോട്ടയം, ഡിസംബർ, 2012.
2. വർത്തമാന മലയാളകവിതയിലെ സ്ത്രീയനുഭവം, ഡോ. സി.ആർ. പ്രസാദ്, സാഹിത്യലോകം, മാർച്ച്-ഏപ്രിൽ, 2010.
3. ചെറിയ മരത്തിൽ പിടിച്ച കാറ്റുകൾ, വി.യു. സുരേന്ദ്രൻ, ഹരിതം ബുക്സ്, കോഴിക്കോട്, മെയ് 2015.

**ജോയ്സി റോജ വർഗ്ഗീസ് എം.**
ഗവേഷക
ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ.
jrjijesh@gmail.com

# അധികാരം, പ്രതിരോധം —'മാറ്റാത്തി'യിൽ

ഒരാൾക്ക് മറ്റൊരാളിൽ ആധിപത്യം അടിച്ചേല്പിക്കാൻ രണ്ടു വഴികളാണുള്ളത്. ഒന്ന് സാമൂഹിക പ്രാമാണിത്വം, മറ്റൊന്ന് സാമ്പത്തിക ശക്തി. വിദ്യാഭ്യാസവും സാമ്പത്തികസ്വാതന്ത്ര്യവും ഇല്ലാതിരുന്ന സ്ത്രീകളിൽ സാമൂഹിക പ്രാമാണിത്വമുള്ള പുരുഷൻ അധികാരം അടിച്ചേല്പിക്കുകയും സ്വാതന്ത്ര്യത്തിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയെ 'ആൺകോയ്മ' എന്ന് കേറ്റ് മില്ലറ്റ് പറയുന്നു. പുരുഷമേധാവിത്വത്തിന്റെ സ്ഥാപനവത്കൃതമായ അവസ്ഥയാണിത്.

'സ്വയം എഴുന്നേറ്റ് നിൽക്കാനുതകുംവിധം രണ്ടുകാലുകളും, ചിന്തിക്കാനുതകുംവിധം കഴുത്തിനുമുകളിൽ ഒരു തലയും സ്ത്രീയ്ക്കുണ്ട് എന്ന് പലരും കരുതാത്ത ഒരു കാലഘട്ടമുണ്ടായിരുന്നു. മുന്നിലും പിന്നിലും മേദസ്സുവളർന്ന ഒരു ജന്തുവായിട്ടാണ് മേധയുള്ള ഒരു ജീവിയായിട്ടല്ല അവൾ വീക്ഷിക്കപ്പെടുന്നത്'. സാമൂഹികവും സാംസ്കാരികവുമായി സ്ത്രീ അനുഭവിച്ചുപോന്ന അസ്വാതന്ത്ര്യത്തിന്റെ സ്വരൂപമാണിത്. ചിന്തകൾക്കും വികാരങ്ങൾക്കും വ്യാപനങ്ങൾക്കും നിയന്ത്രണങ്ങൾ നിലനിൽക്കുന്ന ഈ അവസ്ഥയിൽ നിന്ന് പ്രതിരോധത്തിലൂടെ പുറത്തുകടക്കാൻ സ്ത്രീ ആഗ്രഹിക്കുന്നു. 'ഒരാൾ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായിത്തീരുകയാണ്'—എന്നാണ് സ്ത്രീ ആരാണെന്ന് അന്വേഷിച്ച സിമോൺ ദി ബുവയുടെ കണ്ടെത്തൽ.

ഒരു വർഗ്ഗസമൂഹത്തിൽ നിരന്തരം സംഘർഷങ്ങളുണ്ടാകുക സഹജമായ അനുഭവമാണ്. വർഗ്ഗസമൂഹം തന്നെയും വർഗ്ഗപ്രശ്നങ്ങൾക്കപ്പുറം നിരവധി വൈരുദ്ധ്യങ്ങളെ നിലനിർത്തുന്നുണ്ട്. ജാതി/മതം/ലിംഗം/വംശം/വർണ്ണം തുടങ്ങിയ പ്രശ്നങ്ങളെ കൂടി ഉൾക്കൊള്ളുന്ന ഒരു വർഗ്ഗ നിലപാട് ഇത്തരം സംഘർഷങ്ങളെ അടയാളപ്പെടുത്തുന്നതിൽ അനുപേക്ഷണീയമാണ്. പദവിപരമായി സ്ത്രീയുടെ അനുഭവങ്ങൾ പുരുഷന്റെ അനുഭവങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. സമൂഹം അവയിൽ അടിച്ചേൽപിക്കുന്ന അധികാരവും രാഷ്ട്രീയമായ നിലപാടുകളും അവൾ ഏറ്റുവാങ്ങേണ്ടിവരുന്നു. 'സ്ത്രീയുടെ അനുഭവം' മൊത്തം സമൂഹത്തിന്റെ അനുഭവമല്ല അവരുടേതുമാത്രമാണ്. ഈ അനുഭവമാണ് തന്റെ രചനകളിലൂടെ അവൾ പ്രകടമാക്കുന്നത്. അതിനായി പ്രതിരോധത്തിന്റെ ഭാഷ സ്വീകരിക്കുകയും ചെയ്യുന്നു.

പെണ്ണെഴുത്തിലെ 'സ്ത്രീ'.

സിനിമയിലും, സീരിയലുകളിലും മാത്രമല്ല, പ്രചുരപ്രചാരം നേടിയ നമ്മുടെ സാഹിത്യകൃതികളിൽ മിക്കതിലും സ്ത്രീകളെക്കുറിച്ചുള്ള സങ്കല്പങ്ങൾ ഏറെ വികലമാണ്. 'ഒരു കാഥികയുടെ അനുഭവപാഠങ്ങളിൽ' ലളിതാംബിക അന്തർജനം, സാഹിത്യത്തിലെ സ്ത്രീചിത്രീകരണത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു. 'കരിങ്കുവളം പോലുള്ള കണ്ണുകൾ, റോസാപ്പൂപോലുള്ള കവിളുകൾ, ചന്ദ്രക്കല പോലുള്ള നെറ്റി, ചുണ്ടുകൾ തൊണ്ടിപ്പഴം പോലെ. പക്ഷെ ഇവയ്ക്ക് പിന്നിൽ മിടിയ്ക്കുന്ന ഒരു ഹൃദയമുണ്ടെന്നും അതിൽ ഊഷ്മളതയും ഊർജ്ജവും പ്രതീക്ഷയും കണ്ണീരുമുണ്ടെന്നുമുള്ള വസ്തുത ആരും ശ്രദ്ധിക്കാറില്ല'. സ്ത്രീ സ്വത്വത്തിന്റെ യഥാർത്ഥ അവസ്ഥയെ എഴുത്തുകാരി തുറന്നു കാണിക്കുന്നു. താൻ നേരിട്ട അടിച്ചമർത്തലുകളും അതിനുനേരെയുള്ള പ്രതിരോധങ്ങളും, തന്റെ രാഷ്ട്രീയമായ നിലപാടുകളും വ്യക്തമാക്കുന്നതിനുള്ള ഉപകരണമായി അവൾ സ്വീകരിക്കുന്നത് 'എഴുത്ത്' എന്ന മാധ്യമത്തെയാണ്. അടുക്കളയിലും തേവാരക്കെട്ടിലുമായി ഒതുങ്ങിക്കഴിയുക, രാമായണവും ശിവപുരാണവും മാത്രം വായിക്കുക, ഭർത്താവ് നല്ല നേരം നോക്കി കിടപ്പറയിൽ വരുമ്പോൾ നിറഞ്ഞ മനസ്സോടെ സ്വീകരിച്ച് വിധേയമാവുക ഇതാണ് പുരുഷ സങ്കല്പത്തിലെ സ്ത്രീ. ഈ പുരുഷ സ്ത്രീ സങ്കല്പത്തിൽ നിന്ന് തീർത്തും വ്യത്യസ്തമാണ് സ്ത്രീ സങ്കല്പത്തിലെ സ്ത്രീ.

'ഫെമിനിസം' എന്ന പ്രസ്ഥാനത്തിലൂടെ സ്ത്രീ പലപ്പോഴും എതിർത്തു നില്ക്കുന്നത് പുരുഷനോടല്ല പുരുഷാധിപത്യവ്യവസ്ഥിതിയോടാണ്.

കേറ്റ് മില്ലെറ്റ് തന്റെ 'ലിംഗബദ്ധരാഷ്ട്രീയം' എന്ന കൃതിയിലൂടെ സ്ത്രീയുടെ വ്യക്തിപരമായ വിമോചന ചേഷ്ടയുടെ പിന്നിലെ രാഷ്ട്രീയ ത്തെക്കുറിച്ച് തുറന്നെഴുതുന്നു. അനുവാചകരുടെ കഥാസ്വാദനകൗതുക ത്തെ തൃപ്തിപ്പെടുത്തുന്ന ഒരു സാഹിത്യരൂപമായി മാത്രം ഇന്ന് മലയാള നോവലുകൾ ഒതുങ്ങി നിൽക്കുന്നില്ല. ജീവിതത്തിന്റെ ഭാവനാനിഷ്ഠവും ദർശന സങ്കീർണ്ണവുമായ പുന:സൃഷ്ടി എന്ന നിലയ്ക്കും, ആവിഷ്കരണ സാധ്യതകളിലെ അസംഖ്യം വെല്ലുവിളികൾ നേരിടാൻ പോന്ന ഒരു സാഹിത്യ പ്രസ്ഥാനമായും നോവലുകൾ വളർന്നുകഴിഞ്ഞിരിക്കുന്നു.

ഉദാരമാനവവാദത്തെ നേരിട്ടെതിർത്തുകൊണ്ട് സ്ത്രീകളുടേതെന്ന് സ്വയം പ്രഖ്യാപിച്ചുകൊണ്ട് മലയാള സാഹിത്യത്തിന്റെ പൊതുമണ്ഡ ലത്തിൽ ഉയർന്നുവന്ന ശബ്ദമെന്ന നിലയ്ക്കാണ് സാറാ ജോസഫ് ശ്ര ദ്ധേയയായത്. തന്റെ കൃതികളിലൂടെ ഇത്തരത്തിൽ ആധുനിക പ്രശ്ന ങ്ങൾ കൈകാര്യം ചെയ്തുകൊണ്ട് എഴുത്തിന്റെ പുതിയൊരു ആഖ്യാന രീതി തുറന്നിടുന്നു. അതിനാകട്ടെ കരുത്തും, ഊർജ്ജവും തൻമയത്വവു മുള്ള ഒരു ഭാഷ തന്നെ മെനഞ്ഞെടുക്കുകയും ചെയ്തു. സാറാജോസഫി ന്റെ 'മാറ്റാത്തി' എന്ന നോവൽ സ്ത്രീ സ്വത്വത്തിന്റെ വിഭിന്ന മുഖങ്ങൾ പ്രകടമാക്കുന്നതാണ്. അധികാരത്തിന്റേയും, പ്രതിരോധത്തിന്റേയും വ്യത്യസ്തങ്ങളായ സ്ത്രീസ്വത്വാവിഷ്കാരങ്ങൾ ഈ നോവലിൽ കാണാൻ കഴിയും. അധികാരത്തിന്റെ പ്രതീകമായി ബ്രിജിത്തയും, പ്രതിരോധ ത്തിന്റെ പ്രതീകമായി ലൂസിയും, പെൺരാഷ്ട്രീയത്തിന്റെ പ്രതീകമായി സലീനയും ആദ്യാവസാനം ഈ കൃതിയിൽ നിറഞ്ഞു നില്ക്കുന്നു.

അധികാരവും - ബ്രിജിത്തയും

'പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സൈദ്ധാന്തിക നിലപാടനുസ രിച്ച് മനുഷ്യ സ്വഭാവം ജീവശാസ്ത്ര സംബന്ധിയാണ്. ലിംഗബന്ധ ങ്ങൾ സ്ത്രീകൾക്കും പുരുഷൻമാർക്കും വ്യത്യസ്തങ്ങളായ അധികാര സ്ഥാനങ്ങൾ നൽകുന്നു'. ഈ അഭിപ്രായത്തിന്റെ ഒരു മറികടക്കൽ ബ്രിജിത്തയിലുണ്ട്. 'അരുത്' എന്നത് ബ്രിജിത്തയെ സംബന്ധിച്ചിട ത്തോളം ബാധകമല്ല. ഈ അരുതുകൾക്ക് വഴങ്ങികൊടുക്കാൻ ബ്രിജി ത്തയിലെ 'ഞാൻ' സമ്മതിക്കുന്നില്ല. ഭക്ഷണക്രമത്തിലും നിത്യജീവി തത്തിലും ഈ ഞാൻ ഭാവം പ്രകടമാണ്.

'ബ്രിജിത്തയുടെ ശബ്ദം പകുതി ആണുങ്ങളുടെയും പകുതി പെണ്ണ ങ്ങളുടേതുമാണ്'. ശബ്ദത്തിലെന്നപോലെ സ്വഭാവത്തിലും ഈ ഭിന്നത പ്രകടമാണ്. സലീനയെ അച്ചടക്കം പഠിപ്പിക്കുമ്പോഴും ലൂസിയെ

ഉപദേശങ്ങൾകൊണ്ട് വീർപ്പുമുട്ടിക്കുമ്പോഴും ബ്രിജിത്തയിലെ 'പെണ്ണ്' ഉണർന്നു നിൽക്കുന്നു. വാക്കുകളിലാകട്ടെ അധികാരസ്വരം കലർത്താനും അവർ മടികാണിക്കുന്നില്ല. തന്റെ വീട്ടിൽ വന്ന് കള്ള് കുടിച്ച് കോപ്രായം കാണിച്ച ഓപ്പനേയും കൂട്ടുകാരെയും പടിയിറക്കി വിടുമ്പോൾ ബ്രിജിത്തയിലെ 'ആൺ ശൂര്' ഉണർന്നു നിൽക്കുന്നു.

തന്റെ സ്ഥലം പാപ്പാനഗറിനായി വിട്ടുകൊടുക്കണമെന്ന് പല പ്രാവശ്യം അച്ചൻമാർ പറഞ്ഞുവെങ്കിലും ബ്രിജിത്തയ്ക്ക് തക്കതായ ലാഭം കിട്ടുമെന്ന് ഉറപ്പായതിനുശേഷം മാത്രമേ ബ്രിജിത്ത ആ കച്ചവടം ഉറപ്പി ക്കാൻ സമ്മതം മൂളിയുള്ളൂ. ആ സ്ഥലം ദാനം ചെയ്താൽ സ്വർഗ്ഗത്തിലേയ്ക്കു ള്ള വഴി എളുപ്പമാകുമെന്ന് ഉപദേശിച്ച അച്ചനോട് ആ സ്വർഗ്ഗം എനിക്കു വേണ്ട എന്നായിരുന്നു ബ്രിജീത്തയുടെ മറുപടി. ബ്രിജിത്തയും ലൂസിയും തമ്മിൽ രക്തബന്ധമുണ്ടെങ്കിലും അവർ തമ്മിലുള്ള അന്തരം ഭക്ഷണകാ ര്യത്തിൽപോലും പ്രകടമാണ്.

ഒരിക്കൽ തന്റെ 'പവറ്' കാണിക്കാനായി, നാട്ടിൽ പ്രമാ ണിയായി വിലസുന്ന ഓപ്പനേയും കൂട്ടുകാരെയും ബ്രിജിത്ത ഭക്ഷണ ത്തിനായി വീട്ടിലേക്ക് ക്ഷണിക്കുന്നു. അന്നേ ദിവസം മീൻകാരി പെണ്ണിൽ നിന്ന് വലിയ വിലയ്ക്ക് നെയ്മറ്റിയ അയക്കുറ വാങ്ങിക്കു കയും ലൂസിയോട് ഇപ്രകാരം പറയുകയും ചെയ്യുന്നു. 'ജോറായിട്ടാ വറ്റിക്ക് ബ്രിജിത്ത കല്പിച്ചു. ലൂസിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇത്രയും കാശു കൊടുത്ത് ഇത്ര വലിയ വിലയുള്ള മീൻ ബ്രിജിത്ത വാങ്ങുന്നോ? എന്ന് അതിശയിക്കുന്നുണ്ട്.' ഇങ്ങനെ അധികാരത്തി ന്റെ കൽപനകളിലൂടെ ബ്രിജിത്ത അതിശയിക്കുന്ന പല രംഗങ്ങളും നോവലിൽ സൃഷ്ടിക്കുന്നുണ്ട്. ഞായറാഴ്ച കള്ളു കുടിച്ച് വിശ്രമിക്കാനും ഓപ്പന്റെ മുന്നിൽ ഞെളിഞ്ഞിരുന്ന് ബീഡി വലിക്കാനും ബ്രിജീത്ത യ്ക്ക് മടിയില്ലാ. 'എന്തെടാ' എന്ന് ചോദിച്ചാൽ 'ആരെടാ' എന്ന് തിരി ച്ചുചോദിച്ചുകൊണ്ട് ചുറ്റുമുള്ളവരുടെ മിണ്ടാട്ടം മുട്ടിക്കാൻ ബ്രിജിത്തയ്ക്ക് സാധിക്കും.

പ്രകൃതിയെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് ലൂസിയാ ണെങ്കിലും അത് അനുഭവിക്കുന്നത് മുഴുവൻ ബ്രിജിത്തയാണ്. പ്രകൃതിയായി തിളങ്ങുന്ന സ്ത്രീയായി ലൂസിയും അവളുടെ അധ്വാനത്തെ മുഴുവൻ കൈവശം വെച്ച് കാര്യങ്ങളെ നിയന്ത്രിക്കുന്ന അധികാരി യായി ബ്രിജിത്തയും മാറുന്നു.

വിവിധ സംസ്കാരങ്ങളിലും, ചരിത്ര പശ്ചാത്തലത്തിലും, സ്ത്രീയുടെ ചിന്തയും പ്രതികരണവും വ്യത്യസ്തമാണ്. ലോകത്തെമ്പാടുമുള്ള

സ്ത്രീകളുടെ വ്യത്യസ്തത ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ സുപ്രധാന ആശയ മർമ്മമാണ്. സമത്വവാദത്തിന്റെ തീവ്രത കുറയ്ക്കാതെ തന്നെയുള്ള ഈ വ്യതിരിക്തതാധിഷ്ഠിത വീക്ഷണം, സ്ത്രീയുടെ ശാക്തീകരണത്തിന്റെ ദിശയിലേക്കുള്ള ഫെമിനിസത്തിന്റെ വ്യക്തമായ നീക്കമാണ്. ഈ നീക്കമാണ് ബ്രിജിത്തയിലൂടെ എഴുത്തുകാരി ആവിഷ്കരിക്കുന്നത്.

പ്രതിരോധഭാവം - 'മാറ്റാത്തി'യിൽ

'പുരുഷസങ്കൽപങ്ങളിൽ രൂപീകൃതമായ സ്ത്രീസത്തയുടെ അയഥാർത്ഥ്യത്തെ തുറന്നുകാട്ടാൻ, മുഖ്യധാരാ സാഹിത്യത്തിൽ നിന്നും സൂചിതങ്ങൾ പെറുക്കിക്കൂട്ടിയ ഫെമിനിസ്റ്റ് വിമർശന സംഹിതയ്ക്ക് കഴിഞ്ഞു'. ഈ അഭിപ്രായത്തിന്റെ തുറവി സാറാജോസഫിന്റെ മാറ്റാത്തിയിലും കാണാൻ സാധിക്കും. ലൂസി എന്ന കഥാപാത്രം തനിക്കുനേരെയുള്ള ദുരന്തങ്ങളെ സ്വീകരിക്കുന്നതിനപ്പുറം അതിനെ പ്രതിരോധിക്കാനാണ് ശ്രമിക്കുന്നത്. അതിനായി അവൾ തെരഞ്ഞെടുത്ത മാർഗ്ഗം സമാധാനത്തിന്റേതാണെന്ന് മാത്രം.

പുരുഷമേൽക്കോയ്മ സാമൂഹിക വ്യവസ്ഥിതികളോട് ചേർന്നു പോകത്തക്കവണ്ണം മെരുക്കിയെടുക്കപ്പെട്ടവളാണ് ലൂസി എന്ന കഥാപാത്രം വീടിനുള്ളിലെ നാലു ചുവരുകൾക്കുള്ളിൽ ഈ 'മെരുക്കൽ' അവൾ അനുഭവിക്കുന്നുണ്ട്. എങ്കിലും കോവൽ വള്ളികൾക്കിടയിലെ സ്വാതന്ത്ര്യത്തിന്റേതായ തുറന്ന ലോകത്തേക്ക് അവൾ കടന്നുചെല്ലുന്നു.

ലൂസിയുടെ കിടപ്പിലും നടപ്പിലും ഇരിപ്പിലും സംസാരത്തിലും നോട്ടത്തിലും ഒരു കൂട്ടം അരുതുകളുടെ വാതിലുകൾ ബ്രിജിത്ത തുറന്നിടുന്നുണ്ട്. ലൂസിക്ക് പ്രായം തികഞ്ഞ ദിവസം ബ്രിജിത്ത വി. മരിയ ഗോരോത്തിയുടെ ജീവിത കഥ വായിക്കാനായി ലൂസിയുടെ കയ്യിൽ കൊടുത്തു. ചാരിത്ര്യം കവർന്നെടുക്കാൻ ശ്രമിച്ച കാമുകന്റെ കൈകൊണ്ട് മരണമടയേണ്ടിവന്ന വിശുദ്ധയുടെ ജീവിതമാണ് അതിലെ പ്രതിപാദ്യ വിഷയം. ചാരിത്ര്യം നഷ്ടപ്പെടുന്നതിനേക്കാൾ ഭേദം മരണമാണെന്ന് വിശ്വസിച്ച വിശുദ്ധയായിരുന്നു മരിയഗൊരേത്തി. എന്നാൽ ലൂസി കാമുകന്റെ പക്ഷത്തുനിന്ന് കഥ വായിക്കുകയാണ് ചെയ്തത്. ബ്രിജിത്ത കൽപിക്കുന്ന അരുതുകളെ പ്രതിരോധിക്കാൻ ലൂസി ശ്രമിക്കുന്നു.

ലൂസിക്ക് ചുറ്റുമുള്ളവരുടെ നോട്ടങ്ങളും പ്രവർത്തികളുമാണ് ലൂസി എന്ന സ്ത്രീയെ ചൂഷണത്തിന് ഇരയാക്കുന്നത്. പലപ്പോഴും ലൂസിയുടെ

നേരെയുള്ള നോട്ടങ്ങളും കയ്യേറ്റങ്ങളും ലൂസിയുടെ നേർക്കല്ല, ലൂസിയുടെ നെഞ്ചത്തേക്കാണ്. ഒരിക്കൽ ലൂസിയുടെ കൂട്ടുകാരി ഇപ്രകാരം പറയുന്നുണ്ട്. 'വേണങ്ങി സൂക്ഷിച്ചോട്ടാ, ചെക്കൻമാരുടെ കണ്ണ് ഏത് നേരം നോക്ക്യാലും നിന്റെ നെഞ്ചത്തേക്കാണ്. വല്ലതും പറ്റീട്ട് പിന്നെ കാര്യല്ല്യാട്ടാ' എന്ന്. എന്നാൽ ഓർമ്മക്കാപ്പുറത്ത് ലൂസിക്ക് വലിയൊരു തീപ്പൊള്ളൽ ഏൽക്കേണ്ടിവന്നു. അത് അവളുടെ അധ്യാപകനിൽ നിന്നുതന്നെയാണ്. 'അവളുടെ വായിലേക്കാണ് അയാളുടെ ശ്വാസം കേറിയത്. മാങ്ങാച്ചൊണ വീണപോലെ വായ്യാ പൊള്ളി. വിങ്ങുന്ന കനലടുപ്പിന്റെ ചൂടും മുരൾച്ചയുമായിരുന്നു അയാൾക്ക്. ലൂസി വെന്തുപോയി' എന്ന് നോവലിൽ പറയുന്നുണ്ട്., നിസ്സഹായയായ ഒരു സ്ത്രീയുടെ ദുരനുഭവമാണിത്. അയാളെ 'പട്ടീ' എന്ന് വിളിച്ച് ദേഷ്യപ്പെടുകയും മനസ്സാ ശപിക്കാൻ തയ്യാറാവുകയും ചെയ്യുകയാണ് ലൂസി.

ഒരു സ്ത്രീ എന്ന നിലയിൽ ലൂസിയോ കുറുമ്പയോ, ചെറോണയോ ഒരിക്കലും പുരുഷനെ അകറ്റിനിർത്തുന്നില്ല. ഇവർ മൂന്നുപേരും പുരുഷനെ ആരാധിക്കുകയും പുരുഷമണം ഇഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ പുരുഷാധിപത്യത്തിന്റെ ക്രൂരമായ വിനോദത്തിന് ഇരയാകേണ്ടിവന്നപ്പോൾ മൗനം ദീക്ഷിക്കാതെ പ്രതിരോധത്തിന്റെ ഭാഷ ചമയാനും ഇവർ മടി കാണിക്കുന്നില്ല. അത് ചിലപ്പോൾ മുഖഭാവത്തിലൂടെയും മൗനത്തിലൂടെയുമാണെന്നുമാത്രം.

സലീനയും 'പെൺരാഷ്ട്രീയവും'

ഫെമിനിസത്തിന്റെ വിപ്ലവാത്മകത എല്ലാ അർത്ഥത്തിലും അതിരുകളുടെ ലംഘനമാണ്. അടക്കിയും, അമർത്തിയും വച്ചിരുന്ന പ്രതിഷേധം പല രൂപത്തിലും ഭാവത്തിലും സാഹചര്യത്തിനനുസരിച്ച് പുറത്തുവരുന്നു. സ്ത്രീയും ഭ്രാന്തും അഥവാ ബാലൻസ് തെറ്റിയ മനസിന്റെ ഉടമയായ സ്ത്രീ എന്ന് ഫെമിനിസ്റ്റ് സിദ്ധാന്ത ചർച്ചകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇതും സ്ത്രൈണതയുടെ ഉദ്ഘോഷം തന്നെയാണ്. ഈ ഭാവത്തിന്റെ വിഭിന്നതലം രാഷ്ട്രീയവത്കരിക്കപ്പെടുന്നത് സലീന എന്ന കഥാപാത്രത്തിലൂടെയാണ്.

പുരുഷമേൽക്കോയ്മവ്യവസ്ഥയിൽ സമൂഹം അവൾക്കുമേൽ കല്പിച്ചിരിക്കുന്ന അരുതുകളെ ലംഘിക്കാനാണ് അല്ലെങ്കിൽ മറികടക്കാനാണ് ഇതിലെ സലീന എന്ന കഥാപാത്രം ഇഷ്ടപ്പെടുന്നത്. രാത്രിയിൽ ചുറ്റിയടിച്ച് നടക്കാനും, ആണുങ്ങളെ കണ്ണടച്ച് കാണിക്കാനും, പ്രേമലേഖനം എഴുതി വളയാത്തവരെ വളയ്ക്കാനും

സലീനയ്ക്കും കഴിയും. പുരുഷൻ കല്പിക്കുന്ന അതിരുകളെ ലംഘിച്ചുകൊണ്ട് പ്രവർത്തികളിലൂടെ തന്റെ നിലപാടുകളെ വ്യക്തമാക്കാനാണ് സലീന ശ്രമിക്കുന്നത്. പെൺ രാഷ്ട്രീയ നിലപാടുകളെ സലീനയുടെ പ്രവർത്തികളുടെ പിൻ ബലത്തിൽ നിന്നുകൊണ്ട് തുറന്നുകാണിക്കാനുള്ള ഒരു ശ്രമം നോവലിൽ കാണാൻ കഴിയും. പുരുഷന്റേതു മാത്രമായ ലോകത്തേക്ക് സ്ത്രീക്കും ചെന്നുകയറാൻ സാധിക്കുമെന്ന് സലീന എന്ന കഥാപാത്രം പറയാതെ പറയുന്നു. അവൾ തനിക്കു ചുറ്റുമുള്ള അരുതുകളെ ലംഘിക്കാൻ പ്രതിരോധത്തിന്റെ ശക്തമായ തലം തെരെഞ്ഞെടുക്കുന്നു. അത് പലപ്പോഴും വിപ്ലവാത്മകമായി തീരുമ്പോൾ 'തന്റേടിയായ സ്ത്രീ'യായി അവൾ മാറുന്നു. ലൂസിയെപ്പോലെ മൗനം ദീക്ഷിക്കാതെ വാക്കുകൾകൊണ്ടും പ്രവർത്തികൾകൊണ്ടും തന്റെ ഇഷ്ടങ്ങളെ പ്രകടമാക്കാൻ അവൾ മടികാണിക്കുന്നില്ല.

യഥാർത്ഥത്തിൽ സ്ത്രീ എതിരിടുന്നത് പുരുഷനോടല്ല, പുരുഷാധിപത്യമൂല്യങ്ങളോടാണ്. എല്ലാം തകർത്തെറിഞ്ഞുകൊണ്ടുള്ള പുരുഷാധിപത്യത്തിന്റെ വികസനവ്യഗ്രതയാണ് സ്ത്രീയെ ചൂഷണം ചെയ്യാൻ ഇടയാക്കിയത്. സാമൂഹിക- സാംസ്കാരിക- സാമ്പത്തിക രംഗങ്ങളിൽ എല്ലാം തന്നെ സ്ത്രീയുടെ രണ്ടാം ലിംഗ പദവിയെക്കുറിച്ചുള്ള അന്വേഷണം തുടർന്നുകൊണ്ടേയിരിക്കുന്നു. സാറാ ജോസഫിന്റെ രചനകൾ തിരിച്ചറിവിന്റെ രചനകളാണ്. സ്വാതന്ത്ര്യവും സമത്വവും സമാധാനവും ആഗ്രഹിക്കുന്ന സ്ത്രീത്വത്തിന്റെ വിഭിന്ന മുഖങ്ങളെ തന്റെ രചനയിലൂടെ അവർ പുറത്തുകൊണ്ടുവരുന്നു. അതിനായി അധികാരത്തിന്റെയും പ്രതിരോധത്തിന്റെതുമായ വ്യത്യസ്ത സ്ത്രീ ചമയങ്ങൾ 'മാറ്റാത്തി'യിൽ വരച്ചിടുന്നു. സ്ത്രീ അവളുടേതായ ആശയത്തിലൂടെസ്ത്രൈണാനുഭവങ്ങളെ ആവിഷ്കരിക്കുന്നത് സ്ത്രീപക്ഷ രചനയുടെ പ്രത്യേകതയാണ്. ഈ പ്രത്യേകത സാറാജോസഫിന്റെ 'മാറ്റാത്തി'എന്ന നോവലിൽ കാണാൻ സാധിക്കും.

സഹായകഗ്രന്ഥങ്ങൾ

1. ഒരു സംഘം ലേഖകർ. 2000. ഫെമിനിസം 2-ാം ഭാഗം, ദി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ്, കേരള.
2. ഗീത, 2000, സ്ത്രീവിമോചനമെന്നാൽ മനുഷ്യവിമോചനം, ചിന്ത പബ്ലിക്കേഷൻസ്.
3. ദേവിക. ജെ., 2000, സ്ത്രീവാദം, ഡി. സി ബുക്സ്, കോട്ടയം.

4. ശാരദാമണി. കെ., 1997, സ്ത്രീ, സ്ത്രീവാദം, സ്ത്രീ വിമോചനം, ഡി.സി ബുക്സ്, കോട്ടയം

5. സാറാ ജോസഫ്, 2008, മാറ്റാത്തി, കറന്റ് ബുക്സ്, തൃശ്ശൂർ.

അനു ട്രീസ ചിറ്റിലപ്പിള്ളി
ഗസ്റ്റ് ലക്ചറർ
വിമല കോളേജ്
തൃശ്ശൂർ
anutreesa.grand@gmail.com

# അരികുജീവിതവും അധികൃതരാഷ്ട്രീയവും 'ചാവൊലി'യിൽ

ആമുഖം

ദലിത്‌രചനകൾ പലപ്പോഴും പ്രതിരോധത്തിന്റെ സാഹിത്യമാണ്. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ജനതയുടെ പ്രതിരോധത്തിന്റെ സ്വരങ്ങളാണ് അവയിൽനിന്നുണരുന്നത്. കാലങ്ങളായി നിലനിൽക്കുന്ന മേലാളൻ/കീഴാളൻ ദ്വന്ദ്വങ്ങളുടെ പൊളിച്ചെഴുത്താണ് കീഴാളരചനയിലൂടെ സംഭവിക്കുന്നത്. മനുഷ്യനെ മനുഷ്യനായി മാത്രം കാണാനുള്ള വ്യഗ്രതയിൽ വ്യവസ്ഥാപിതമായ എല്ലാ സങ്കല്പങ്ങളോടും കലഹിക്കാൻ എഴുത്തുകാരൻ ശ്രമിക്കുന്നു. അതുകൊണ്ടുതന്നെ അധികൃതരാഷ്ട്രീയത്തോടുള്ള വെല്ലുവിളിയാണ് ദലിത്‌രചനകൾ. ആ വെല്ലുവിളികളിൽ നിലനിൽക്കുന്ന സാഹിതീയസങ്കല്പങ്ങളെപ്പോലും എഴുത്തുകാരന് പൊളിച്ചെഴുതേണ്ടതായി വരും. അത്തരത്തിൽ രചിക്കപ്പെട്ട ഒരു മറുനോവലാണ് പി.എ. ഉത്തമന്റെ 'ചാവൊലി'.

ഒരു വിഭജിതസമൂഹത്തിന്റെ അന്തഃസംഘർഷങ്ങളെ അനാവരണം ചെയ്യുന്ന 'ചാവൊലി' മണ്ണിനും മനുഷ്യനും നേർക്കുള്ള അധികൃതവർഗ്ഗത്തിന്റെ ചൂഷണങ്ങളെ മറനീക്കി പുറത്തുകൊണ്ടുവരുന്നു. നോവലിന്റെ ഘടനയിലും ആഖ്യാനത്തിലും സ്വീകരിച്ചിരിക്കുന്ന പുത്തൻവഴികൾ, ഭാഷയിലും സമൂഹത്തിലും നിലനിൽക്കുന്ന അധികാരമാനകങ്ങളെയെല്ലാം അതിജീവിക്കാൻ പര്യാപ്തമാണ്. നിലനിൽക്കുന്ന നോവൽസങ്കല്പങ്ങൾക്ക് ഒരു മറുനോവൽകൊണ്ട് മറുപടി നൽകുകയാണ് ഉത്തമൻ.

## നോവലിന്റെ ഇതിവൃത്തം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ കുറവരുടെ ജീവിതമുഹൂർത്തങ്ങളാണ് 'ചാവൊലി'യിൽ ഉത്തമൻ അവതരിപ്പിച്ചിരിക്കുന്നത്. 'മണ്ണിലാണ്ട മരങ്ങളായ്', 'അമരവാഴ്‌വുകളിങ്ങനെ' എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി നോവലിനെ തിരിച്ചിരിക്കുന്നു. ജീവിതത്തിലുടനീളം ഇടമില്ലായ്മയിലേക്ക് ക്രൂപ്പുകുത്തപ്പെട്ട അധഃസ്ഥിതന്റെ ദീനരോദനമുതിർക്കുന്ന 'ചാവൊലി' പഴയതും പുതിയതുമായ രണ്ട് കാലങ്ങളെയാണ് അവതരിപ്പിക്കുന്നത്. ജന്മിത്തവ്യവസ്ഥയുടെ കാലഘട്ടത്തിൽ നിലനിന്ന അടിമത്തം തന്നെ നഗരീകരണത്തിന്റെ പുതിയ കാലഘട്ടത്തിലും സംഭവിക്കുമ്പോൾ തങ്ങളുടെ ഇടങ്ങൾ നിർവ്വചിക്കാൻ കുറവർ നടത്തുന്ന പരിശ്രമങ്ങളാണ് ഈ നോവലിലെ പ്രതിരോധപാഠം. മണ്ണ്, മനുഷ്യൻ, ഭാഷ എന്നിവയിലെല്ലാം അധികാരവർഗ്ഗം പുലർത്തുന്ന കൈയ്യേറ്റങ്ങളും അധഃസ്ഥിതന്റെ കീഴടങ്ങലും പ്രതിരോധത്തിന്റെ പുതുനാമ്പുകളും 'ചാവൊലി'യെ ഇതരനോവലുകളിൽനിന്നും വ്യതിരിക്തമാക്കുന്നു.

## മണ്ണ്

പുതിയതും പഴയതുമായ കാലഘട്ടത്തിൽ മനുഷ്യൻ എങ്ങനെ മണ്ണിനെ നോക്കിക്കണ്ടു എന്ന വസ്തുതയാണ് രണ്ടു ഭാഗങ്ങളായി വർഗ്ഗീകരിക്കപ്പെട്ട 'ചാവൊലി'യിലൂടെ ഉത്തമൻ അവതരിപ്പിക്കുന്നത്. 'മനുഷ്യസംസ്കാരം പ്രകൃതിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുകയും അതിനെ സ്വാധീനിക്കുന്നതുപോലെ അതിനാൽ സ്വാധീനിക്കപ്പെട്ടുകയും ചെയ്യുന്നുണ്ട്.'(Ed. Cherryl Gloffelty & Harold Bloom–*The Eco-criticism Reader, University of Georgia Press,1996*) ഈ സ്വാധീനത്തിന്റെ സൂക്ഷ്മവശങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടാണ് 'മണ്ണിലാണ്ട മരങ്ങളായ്' എന്ന ആദ്യഭാഗം ഉത്തമൻ രചിച്ചിരിക്കുന്നത്. മണ്ണിലാണ്ടമരങ്ങൾ അവിടത്തെ അധഃസ്ഥിതരായ ജനങ്ങളാണ്.മണ്ണിനെ സ്നേഹിച്ച് മണ്ണായിമാറി അങ്ങനെ മണ്ണിലാണ്ട് അമരങ്ങളായിത്തീർന്നവരുടെ കഥയാണത്. നീലമ്പിയിലൂടെയും വെളുത്തയിലൂടെയും ആദിച്ചൻവൈദ്യനിലൂടെയുമെല്ലാം മണ്ണിനെ സ്നേഹിക്കുന്ന മനുഷ്യരെ ഉത്തമൻ അവതരിപ്പിക്കുന്നു. കാർഷികവൃത്തിതന്നെ ഒരുതരത്തിൽ പറഞ്ഞാൽ മണ്ണിനുനേർക്കുള്ള മനുഷ്യന്റെ കൈയ്യേറ്റത്തിന്റെ സൂചികയാണ്. പക്ഷേ മണ്ണിനെ സ്നേഹിക്കുന്നവന്റെ കരങ്ങൾ അതിനെ പുൽകുമ്പോൾ ഭൂമി അറിയാതെ പുളകിതയാകും. അങ്ങനെ

തരിശുനിലങ്ങൾക്കുപോലും ഹരിതകം ചാർത്തിക്കൊടുക്കുമ്പോൾ ആദിമമനുഷ്യന്റെ ഉള്ളകം നിറയുന്ന കാഴ്ചയാണ് നീലമ്പി എന്ന കഥാപാത്രത്തിലൂടെ ഉത്തമൻ വരച്ചിടുന്നത്. നോവലിലെ ആദ്യപകുതി മുഴുവൻ ഭൂമിയുടെ കാവലാളായി ഈ കഥാപാത്രം നിറഞ്ഞുനിൽക്കുന്നു.

'നീലമ്പി, പൊലി കൊണ്ട വിത്തീ,പാതി കരിക്കോമാക്കി. കാലനാട്ടി നല്ലമൊളവിട്ടു.വായ,ചേന, കാച്ചിൽ, ചെറുകെയങ്ങ്, നനകെയങ്ങ്,നട്ടുതെന, തെനചാമവെതച്ച്, കമുമൊളപ്പിച്ച്, വെറ്റെക്കൊടി കേറ്റി. മണ്ണി മണ്ണായി.

നീലമ്പിക്കും നേരോല്ല.വെളുത്തക്കും നേരോല്ല്യ.

പൊലരുമ്പോ മമ്മട്ടി തോളീക്കേറ്റി നീലമ്പി എറങ്ങി. പച്ചപ്പൊടിനെല്ലാം ആവലാതിയൊണ്ട്. നീലമ്പി ചെന്നേ പറ്റൂ.'

(പു.27-8)

നീലമ്പിയ്ക്ക് തന്റെ വിളവുകളെയും അവയ്ക്ക് നീലമ്പിയേയും കാണാതിരിക്കാൻ കഴിയില്ലെന്ന അവസ്ഥയാണ്. ഭാര്യ വെളുത്തയേക്കാൾ അവൻ സ്നേഹിക്കുന്നതും അവയെയാണ്. പെണ്ണിനേക്കാൾ മണ്ണാണ് തനിക്ക് വലുതെന്ന് അയാൾ സമ്മതിക്കുന്നുമുണ്ട്. നെല്ലിനോട് കിന്നാരം പറയുന്ന നീലമ്പി അവയെ തന്റെ ആത്മസുഹൃത്തുക്കളായാണ് കാണുന്നത്.

'വെളുത്ത ചെല്ല്മ്പം നെല്ലിനോട് കിണ്ണാണം ചൊല്ലണ്.

'ങ്ങള് ആരോടാണപ്പാ തമതാരം'

'ഈത്തുങ്ങളോട്"

'അയിന് കാതൊണ്ടാ കേപ്പാൻ,നാവൊണ്ടാ ചൊല്ലാൻ'

'പുല്ലും പൂച്ചെടീം അതിന്റെ തങ്കടം പറ്യേം.കിളീം കീടോം അതിന്റെ വെസ്മം പറ്യേം. മ്മക്ക് കേപ്പാൻ കാതും അറ്യാൻ അലിയണ മനതും ബേണം'

'ങ്ങള്, പറീം നെല്ലെന്തരാണ് പറേണത്?'

നെഞ്ചീപ്പറ്റി നിക്കണ നെല്ലിന തടവി നീലമ്പി ചിരിച്ച്; മനത്തെളിച്ചത്തോട.

'അയിന് വയറ്റിലൊണ്ട്"

'അയിന് മാത്തറം'

'അയിനും അയിനും അയിനും'

നെല്ലേൾ ചിരിച്ചു;അടക്കാൻ വയ്യാതെ'

(പു. 28)

കുഞ്ഞുങ്ങളെപ്പോലെ അവയെ സ്നേഹിച്ചും താലോലിച്ചും അവൻ വളർത്തി.അന്യോന്യം സ്വകാര്യങ്ങൾ കൈമാറി.ഒടുവിൽ അവ തങ്ങളുടെ മുഴുവൻ വിളവും നൽകി. മൈനയും മാടപ്രാവും മറ്റു പക്ഷി ക്കൂട്ടങ്ങളുമെത്തി. അണ്ണാനും വവ്വാലും മരപ്പട്ടിയും കുറുക്കനുമെത്തി. ഒന്നിനേയും നീലമ്പി ആട്ടിപ്പായിച്ചില്ല. എല്ലാവരെയും സഹജീവിക ളായി കാണുന്ന അയാൾക്ക് അത്തരത്തിലേ ചെയ്യാൻ പറ്റൂ. അധ്വാ നിച്ച് പാറയുടെ മുകളിലുപോലും കല്പവൃക്ഷങ്ങളെ വിളയിക്കാൻ അയാൾ തയ്യാറായിരുന്നു.

നീലമ്പി, വെളുത്തയോട് പറയുന്നു:
'നീ, പാറമോളില് തെങ്ങ് ബെക്കണം.തായ നട്ടതെന
നെറകൊണ്ട് കെടക്കുമ്പോല മലമോളില് തെങ്ങുംതോപ്പാക്കും.
പിന്ന മ്മക്ക്, ആര പേടിക്കണം. കൊയ്ത്തുട്ട്, കൊലവെട്ടൂട്ട്,
വിത്തെടുക്കട്ട്, പിന്ന'
'പിന്ന ങ്ങളെന്ത് ചെയ്യും'
അത് കേക്കേ നീലമ്പി കണ്ണടക്കും.
'അവറ്റേക്കും കൊടുക്കണ്ടെ'
'ആക്ക്?'
'കിളിയേക്ക്. അണ്ണാൻ, മരപ്പട്ടി, കള്ള ഊളനും അതുങ്ങള് തിമ്മട്ട്. മിച്ചമതി.'
'അവറ്റേണാ മണ്ണിന്റെ യമ്മി'
'ങാ'
(പു.29-30)

അധ്വാനിച്ചവന്റെ വിയർപ്പ് അധികാരികൾക്കുള്ള വിളവായി മാറുമ്പോൾ നീലമ്പി പരിഭവിക്കുന്നില്ല. മണ്ണ് പൊന്നാക്കുകയാണ് തന്റെ കർത്തവ്യമെന്നേ അയാൾക്ക് തോന്നുന്നുള്ളൂ. തമ്പുരാന്റെ വിള വെട്ടുപ്പ് കഴിഞ്ഞ് മറ്റുജീവജാലങ്ങൾക്ക് നൽകിക്കഴിഞ്ഞ് മിച്ചം വല്ല തുമുണ്ടെങ്കിൽ അതുകൊണ്ട് തൃപ്തിപ്പെടാനാണ് അയാൾ ശീലിക്കു ന്നത്. അതിനുകാരണം ആ ജീവജാലങ്ങളാണ് മണ്ണിന്റെ യഥാർത്ഥ ഉടമകൾ എന്ന തിരിച്ചറിവാണ്. ഒരിക്കലും സ്വാർത്ഥലാഭത്തോടെ മണ്ണിനെ സമീപിക്കാൻ നീലമ്പിക്കാകുന്നില്ല. പ്രകൃതിയിൽനിന്നും ലഭിച്ച പാഠങ്ങളാണ് അന്യന് തന്റെ ഭാര്യയിൽ ജനിച്ച പെൺകു ഞ്ഞിനെ സ്വന്തം മകളായി വളർത്താൻ അയാളെ പ്രേരിപ്പിക്കുന്നതും.

താൻ അധ്വാനിച്ചുണ്ടാക്കിയ ഇടത്തിൽനിന്നും ഭ്രഷ്ടനാകുമ്പോ ഴും അയാൾ പതറുന്നില്ല. മറ്റൊരു മണ്ണിൽ പണിയെടുക്കാനാകുമല്ലോ

എന്നാണയാൾ കരുതുന്നത്. എന്നാൽ തങ്ങളുടെ നാഥൻ പിരിഞ്ഞു പോകുന്ന നിമിഷത്തിൽ അവിടെയുള്ള ജീവജാലങ്ങൾ മുഴുവൻ കരഞ്ഞുപോകുന്നുണ്ട്. ഇതുവരെയുള്ള ജീവിതത്തിൽ അനുഭവിക്കാത്ത അനാഥത്വമാണ് അപ്പോൾ അവയെ വേട്ടയാടുന്നത്. മലയാള നോവലുകളിൽത്തന്നെ ഇത്തരത്തിൽ തീവ്രമായ ഒരു രംഗം അവതരിപ്പിക്കപ്പെട്ടിട്ടില്ലെന്ന് തോന്നുന്നു.

'പൊലരികൊണ്ട ആറ്റേൾ ചെലച്ച്
അണ്ണാൻ വിളിച്ച്.
പച്ചിക്കൂട്ടമൊക്കേം പൊറകേയെത്തി.
'നീയെങ്ങോട്ട് നീലമ്പീ'
'മണ്ണുള്ളേടത്തേക്ക്.'
'പിന്നിവിട ഞങ്ങക്ക്.'
'മണ്ണ് ഞാ, യാകും വര ഇങ്ങന...'
( പു.32)

തമ്പുരാന്റെ മണ്ണ് അദ്ദേഹത്തിനുതന്നെ അവകാശപ്പെട്ടതാണെന്ന് വിശ്വസിക്കുന്ന നീലമ്പി കുട്ടയും മമ്മട്ടിയും കുന്താലിയുമല്ലാതെ മറ്റൊന്നും കൈവശം വെയ്ക്കുന്നില്ല. തന്നിലും മണ്ണിലുമുള്ള വിശ്വാസമാണ് അയാളെ മുന്നോട്ട് നയിക്കുന്നത്. വീണ്ടും ഇടമില്ലായ്മയിലേക്ക് വഴുതിവീഴുമ്പോഴും സ്വന്തം കുടുംബം തന്നെ അയാളിൽനിന്ന് പിടിവിട്ടുപോകുമ്പോഴും തന്റെ പിറവിയുടെ ദൗത്യം തിരിച്ചറിഞ്ഞതാണ് നീലമ്പിയെ പിടിച്ചുനിർത്തുന്ന ഘടകം. അതാണ് തന്റെ ജീവിത നിയോഗമെന്ന് നീലമ്പി വിശ്വസിക്കുന്നു ഭൂമിയിലെ സകല ജീവജാലങ്ങളെയും 'മണ്ണിന്റെ യമ്മി'യായി കാണുന്ന സംസ്കാരത്തിന്റെ പ്രതിനിധിയാണയാൾ.

കാർഷികസംസ്കാരത്തിനുമേൽ ഉപഭോഗസംസ്കാരം കൊണ്ടുവരുന്ന അധികാരത്തിന്റെ പുതിയ മുഖങ്ങളാണ് 'അമരവാഴ്‌വുകളിങ്ങനെ' എന്ന രണ്ടാംപകുതിയിൽ അവതരിപ്പിക്കപ്പെടുന്നത്. ആദ്യഭാഗത്ത് കാണുന്നരീതിയിൽ മണ്ണും മനുഷ്യനും തമ്മിലുള്ള ഊഷ്മളബന്ധം ഇവിടെ കാണുന്നില്ല. പ്രകൃതിതന്നെ അവിടെ പൂർണ്ണമായി മാറിക്കഴിഞ്ഞിരിക്കുന്നു. എന്തിനെയും കാർന്നുതിന്നാനുള്ള ഉപഭോഗസംസ്കാരത്തിന്റെ പരാക്രമത്തിനിടയിൽ നഷ്ടപ്പെട്ടുപോകുന്ന പരിസ്ഥിതിയുടെ ജൈവികതയാണ് ഇവിടെ കാണാനാകുക. നഗരസംസ്കൃതി പ്രകൃതിയുടെ നേർക്കുനടത്തിയ ചൂഷണങ്ങളെ ഉത്തമൻ ഇങ്ങനെ അവതരിപ്പിക്കുന്നു.

'ശ്മശാനം ശിരച്ഛേദംചെയ്ത കുന്നുകളാൽ വലയിതം. കുന്നുകളുടെ ഷണ്ഡത ശവഗന്ധത്തിൽ ചേർത്തെടുത്ത ചുടലപ്പുകയിൽ ബന്ധിതം.

ശ്മശാനത്തിന് നേർക്കിഴക്ക് നദിക്കപ്പുറം ടാർറോഡ് തെളിയുന്നു. നദിമുറിച്ച് നടന്ന് റോഡിലെത്തുമ്പോൾ തകർന്ന മൺകുടിലുകളുടെ, കൂടാരങ്ങളുടെ ജഡഭൂമി.

മണ്ണടിഞ്ഞ ചേരിക്കുമേൽ നിന്നുനോക്കുമ്പോൾ നദി, ശ്മശാനം, തലയടർന്ന കുന്നുകൾ, എതിരെ നഖമാഴ്ത്തി വളരുന്ന നഗരം.' (പു.97)

പുരോഗതിയുടെ മുദ്രാവാക്യം വിളിച്ചുകൊണ്ട് പ്രകൃതിയെ ചൂഷണം ചെയ്യുന്നത് മനുഷ്യരാശിയുടെ പ്രത്യാശയല്ല. കുന്നുകൾ അടർത്തിമാറ്റുന്നതും പാറകൾ തകർക്കപ്പെടുന്നതും നന്മയിലേക്കുള്ള വാതിലുകളല്ല തുറക്കുന്നത്. അതിലൂടെ മൺമറയുന്നത് വരുംകാലമനുഷ്യന്റെ മണവും വിശ്വാസവും സംസ്കൃതിയുമാണെന്ന് നോവലിസ്റ്റ് തന്നെ പറയുന്നു.

പ്രകൃതിക്കുമേൽ നഖമാഴ്ത്തിവളരുന്ന നഗരസങ്കല്പത്തിന്റെ പ്രതിനിധിയായി പ്രത്യക്ഷപ്പെടുന്ന രഘൂത്തമൻ പുതിയകാലത്തിന് പ്രകൃതിയോടുള്ള കാഴ്ചപ്പാട് വെളിപ്പെടുത്തിത്തരുന്നുണ്ട്. ജീവഗന്ധം വമിക്കുന്ന മണ്ണടരുകൾക്കുമീതെ നടക്കുമ്പോൾ കാണുന്ന നീലപ്പൂവുകളുള്ള ചെറിയചെടി അയാളുടെ മനസ്സിൽ കൊണ്ടുവരുന്ന ചിത്രം സൗന്ദര്യത്തിന്റേതോ ആസ്വാദനത്തിന്റേതോ അല്ല.അയാൾക്ക് അതിനെ പിഴുതെടുക്കാനാണ് തോന്നുന്നത്. പക്ഷേ മണ്ണുമാറ്റി പരിശോധിച്ചപ്പോൾ അത് ആഴത്തിൽ വേരോടിനിൽക്കുന്നതുകണ്ട് അയാൾ ഉദ്യമം ഉപേക്ഷിക്കുന്നു. ആ വേര് യഥാർത്ഥത്തിൽ നമ്മുടെ പാരമ്പര്യസൂചകമായാണ് അവിടെ ആഴ്ന്നിറങ്ങുന്നത്. എത്രയേറെ ദൂരമുറ്റിയാലും മുഴുവൻ അറ്റുപോകാതെ സംസ്കൃതിയുടെ ചിഹ്നങ്ങൾ അവശേഷിക്കും എന്ന നേരിയൊരു പ്രത്യാശ കൊണ്ടുവരാനാണ് ഉത്തമൻ ശ്രമിക്കുന്നത്.

മനുഷ്യൻ

തന്റെ ഇടമറിയാതെ, സ്വത്വമറിയാതെ കാലാകാലങ്ങളായി നിലനിന്നുവരുന്ന അധികാരത്തിന്റെ ഭിന്നമുഖങ്ങളോട് കീഴടങ്ങിനിൽക്കുന്ന ഒരു കൂട്ടം ജനതയാണ് 'ചാവൊലി'യിലെ മുഴുവൻ മനുഷ്യരും. കൊട്ടുങ്കാടിനെ വിളഭൂമികളാക്കി മാറ്റിയെടുത്ത അധഃസ്ഥിതവർഗ്ഗം വിളവുണ്ടായിക്കഴിഞ്ഞാൽ തങ്ങൾ അധ്വാനിച്ചുണ്ടാക്കിയ

ഇടത്തിൽനിന്ന് ഭ്രഷ്ടരാകുന്നു. തങ്ങളുടെയിടയിൽ നിന്നല്ലാതെ കുടിയേറിവന്ന ഒരു തമ്പുരാൻ അവന്റെ മണ്ണിന് അധിപനാകുന്നു. അങ്ങനെ ഓരോ ഇടത്തിൽ നിന്നും അവൻ ഭ്രഷ്ടനാക്കപ്പെടുന്നു. അത് തമ്പുരാന്റെ മണ്ണാണ് എന്ന ധാരണ അറിയാതെ തന്നെ നീലമ്പിയെപ്പോലുള്ള കഥാപാത്രങ്ങളുടെയുള്ളിൽ കുത്തിവെയ്ക്കപ്പെടുന്നു. ഒടുവിൽ നിരന്തരമായ ഇടമില്ലായ്മയിലേക്ക് അവർ വഴുതിവീഴുന്നു.

ജന്മിത്തത്തിന്റെ അടയാളങ്ങൾ മുതലാളിത്തകാലത്ത് കോളനികളും ചേരികളുമായി ചുവടുമാറുന്ന ദൃശ്യങ്ങളാണ് 'അമരവാഴ്വുകളിങ്ങനെ' എന്ന രണ്ടാംപകുതിയിൽ കാണുന്നത്. ഇടമില്ലായ്മയിൽനിന്നും കോളനിയിലേക്കും ചേരിയിലേക്കും പറിച്ചെറിയപ്പെട്ട ജനതയ്ക്ക് വീണ്ടും തങ്ങളുടെ ഇടങ്ങൾ നഷ്ടപ്പെടാൻ തുടങ്ങുന്നതിന്റെ സൂചനയായി അന്താരാഷ്ട്രമാർക്കറ്റ് വരുന്നതിന്റെ വാർത്തയറിയിച്ചുകൊണ്ടാണ് 'ചാവൊലി' അവസാനിക്കുന്നത്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ലയനത്തിന്റെ ചിഹ്നങ്ങളായ ഇടങ്ങൾ നഷ്ടപ്പെടുന്നതിലൂടെ ആ ബന്ധത്തിന്റെതന്നെ വിനാശത്തിലേക്ക് നോവൽ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു.പുരോഗമനത്തിന്റെ പുത്തൻപരീക്ഷണങ്ങൾ ജൈവവൈവിധ്യത്തോടൊപ്പംതന്നെ മനുഷ്യജീവിതത്തിന്റെ താളവും നഷ്ടപ്പെടുത്തുന്നു. വൈവിധ്യങ്ങൾക്ക് പകരം ഐകരൂപ്യം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ സംസ്കാരത്തിന്റെ ജീർണ്ണിപ്പുകളിലേക്കാണ് വഴിതെളിക്കുന്നത്. പുതിയ ഇടമില്ലായ്മയെ മനുഷ്യരാശി എങ്ങനെ ചെറുത്തുനിൽക്കും എന്ന സന്ദേഹം ഉണർത്തിക്കൊണ്ടാണ് നോവലിസ്റ്റ് വിരമിക്കുന്നത്.

ഭാഷ

നിലനിൽക്കുന്ന സാഹിതീയസങ്കല്പങ്ങൾക്ക് നേരെയുള്ള പ്രതിരോധമാണ് 'ചാവൊലി'യിലെ ഭാഷ. താൻ അവതരിപ്പിക്കുന്ന കുറവസമുദായത്തിന്റെ നാട്ടുപേച്ചായ തിരുവനന്തപുരം ഭാഷയിലാണ് ഉത്തമൻ നോവൽ രചിച്ചിരിക്കുന്നത്. നെടുമങ്ങാട്, നെയ്യാറ്റിൻകര, തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന ഒരു ഭാഷയുടെ ഉൾപ്പിരിവാണത്. സവർണ്ണസമുദായത്തിന്റെ നാട്ടുമൊഴികൾ മാത്രം അഭിജാതമായി കൊണ്ടാടപ്പെട്ട സാഹിത്യലോകത്തിലേക്കാണ് ഉത്തമൻ ഈ പ്രാദേശികവിനിമയവുമായെത്തുന്നത്. പൃഷ്ടം/അപൃഷ്ടം എന്നിങ്ങനെയുള്ള ഭാഷാ തരംതിരിവുകൾക്ക് നേരെ 'ചാവൊലി' ഒരു ചോദ്യചിഹ്നമുയർത്തുന്നു. മറുനോവൽ എഴുതുന്ന

നോവലിസ്റ്റിന്റെ മറുഭാഷ! ഒരു നിഘണ്ടുവിലും കാണാത്ത ദേശ്യഭാഷാ പദങ്ങളുടെ അപാരലാവണ്യം.!! എന്നാൽ ആ ഭാഷയുടെ നേർക്കുപോലുമുള്ള അധികാരകൈയ്യേറ്റമാണ് രഘൂത്തമനിലൂടെ ഉത്തമൻ അവതരിപ്പിക്കുന്നത്. ആദ്യപകുതിയിലെ നാട്ടുപേച്ചിന്റെ ധാരാളിത്തത്തിന് രണ്ടാം പകുതിയിൽ അല്പം ഇടിവ് സംഭവിക്കുന്നതും ശ്രദ്ധേയമാണ്.

ഉപസംഹാരം

പ്രകൃതിക്കും മനുഷ്യനുമെതിരെ ഉപഭോഗസംസ്കാരം നടത്തുന്ന ചൂഷണങ്ങൾക്കെതിരെ പ്രതിജ്ഞാബദ്ധനായ ഒരെഴുത്തുകാരൻ നടത്തുന്ന സർഗാത്മകമായ കലാപമാണ് ചാവൊലി. ചൂഷിതസമൂഹത്തിന്റെതന്നെ സന്തതിയായതുകൊണ്ട് ഉത്തമന് അത് കൂടുതൽ ആർജ്ജവത്തോടെത്തന്നെ അവതരിപ്പിക്കാൻ സാധിക്കുന്നു. മണ്ണിൽനിന്നും പ്രകൃതിയിൽനിന്നും നമ്മളിൽനിന്നുതന്നെയും എങ്ങനെ നാം അന്യവത്കരിക്കപ്പെടുന്നു എന്ന് നോവലിസ്റ്റ് കാണിച്ചുതരുന്നു. തന്റെ സ്വത്വം തിരിച്ചറിയാതെ ഉഴലുന്ന രഘൂത്തമനെ അവസാനഭാഗത്ത് പ്രതിഷ്ഠിക്കുന്നതും അതുകൊണ്ടുതന്നെ. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആർദ്രമായ ബന്ധം ആദ്യപകുതിയിലും ('മണ്ണിലാണ്ടമരങ്ങളായ്') പ്രകൃതിയെ ഉപഭോഗവസ്തുവായി കാണുന്ന മനുഷ്യന്റെ ചിത്രം രണ്ടാം പകുതിയിലും ('അമരവാഴ്‌വുകളിങ്ങനെ') അവതരിപ്പിക്കുന്നതിലൂടെ രണ്ടുകാലത്തിന്റേയും സങ്കല്പങ്ങളിൽ വന്നുചേർന്ന വലിയ വിള്ളലുകളാണ് കാണാനാവുക.അതിനുചേർന്ന ഭാഷയും ഉത്തമൻ ഉപയോഗിക്കുന്നു. ആദ്യപകുതിയിലെ നാട്ടുപേച്ചുകൾ രണ്ടാംപകുതിയിലേക്കെത്തുമ്പോൾ അപ്രത്യക്ഷമാകാൻ തുടങ്ങുന്നത് അതിന് തെളിവാണ്. ചുരുക്കത്തിൽ എല്ലാ ചരിത്രവും അധീശവർഗ്ഗത്തിന്റെ ചരിത്രമായി മാറുമ്പോൾ ജീവിതചക്രത്തിലുടനീളം ഇടമില്ലായ്മയിലേക്ക് കൂപ്പുകുത്തിയവരെക്കുറിച്ചെഴുതുകവഴി പ്രകൃതിയുടെയും മനുഷ്യന്റെയും ചരിത്രത്തെ പുനർനിർമ്മിക്കുകയാണ് ചാവൊലിയിലൂടെ ഉത്തമൻ ചെയ്യുന്നത്.

ഉർസുല എൻ.,
ഗസ്റ്റ് ലക്ചറർ,
മലയാളവിഭാഗം, വിമല കോളേജ്,
തൃശ്ശൂർ -9
*e-mail: ursulabinoy@gmail.com*

# പ്രതിരോധ പാഠങ്ങൾ

## സി.അയ്യപ്പന്റെ കഥകളുടെ പഠനം

മുഖ്യധാരയിൽനിന്ന് മാറ്റിനിർത്തപ്പെട്ട ജനതയുടെജീവിതമാണ് സി. അയ്യപ്പൻ തന്റെ കഥാസമാഹാരത്തിൽ ആവിഷ്കരിക്കുന്നത്. (ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ -1986, ഞണ്ടുകൾ-2003). ജാതീയത അനുഭവിച്ച ജഡതയുടെ പ്രതിനിധികളിൽനിന്നുതന്നെയാണ് അതിനെതിരായുള്ള പ്രതിരോധം രൂപംകൊണ്ടത്. മലയാള കഥകളിൽ ടി.കെ.സി. വടുതലയ്ക്കുശേഷം കീഴാളജനപക്ഷത്തുനിന്ന് കഥയിലൂടെ സവർണ്ണനിലപാടുകളെ ചോദ്യംചെയ്ത കഥാകാരനാണ് സി. അയ്യപ്പൻ. ദളിത്ജീവിതത്തിന്റെ സവിശേഷമായ ആഖ്യാനവഴികളാണ് സി. അയ്യപ്പന്റെ കഥകൾക്ക് കരുത്ത് പകരുന്നത്. സോഷ്യലിസ്റ്റ് റിയലിസ്റ്റിന്റെ രീതിയിൽ എഴുതിയ ടി.കെ.സി.വടുതലയിൽനിന്നും വ്യത്യസ്തമായ രൂപഭാവങ്ങളിലാണ് സി. അയ്യപ്പന്റെ കഥകൾ പ്രവർത്തിക്കുന്നത്. ‘ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ’ എന്ന സമാഹാരത്തിലെ കഥകൾ നിശിതമായ പ്രതിരോധത്തിന്റെ ഭാഷ സൃഷ്ടിച്ചുകൊണ്ട് സവർണ്ണതയ്ക്കെതിരെ ആഞ്ഞടിക്കുന്നുണ്ട്. മലയാളത്തിലെ മറ്റൊരു കഥാകൃത്തും കാണാത്ത ആഖ്യാനവഴിയാണിത്. ആധുനികതയുടെ അവസാനമെഴുതിയ ഈ കഥാസമാഹാരം വേറിട്ട കാഴ്ചകളും സ്വപ്നങ്ങളും ഫാന്റസിയുംകൊണ്ട് സമ്പന്നമാണ്. ചിലപ്പോൾ ദുർഗ്രഹതയും ഈ കൃതിയിലുണ്ട്. സി. അയ്യപ്പന്റെ പ്രേതഭാഷണം, കാവൽഭൂതങ്ങൾ എന്നീകഥകളിൽ പ്രേതലോകമാണ് ഉള്ളത്. പ്രേതങ്ങൾ മനുഷ്യരുടെ അപരങ്ങളാണ്. ഈ കഥകളിൽ സമൂഹത്തിൽ അദൃശ്യരായ കഥാപാത്രങ്ങൾ ദൃശ്യതയിലേക്ക് വരുന്നത് പ്രേതരൂപികളായിട്ടാണ്.

പ്രമേയത്തിലും ഭാഷയിലും ഈ രചനകൾ പ്രതിലോമകരമായ സാഹിത്യത്തെ നിഷേധിക്കുന്നുണ്ട്. 'പ്രേതഭാഷണം' എന്ന കഥയിൽ സവർണ്ണബോധത്തെ കഥാകൃത്ത് ശക്തമായി ചോദ്യംചെയ്യുന്നുണ്ട്. പുലയസ്ത്രീയെ ജാതീയമായി തൊട്ടുകൂടാത്തവളായികാണുകയും എന്നാൽ അവളെ ലൈംഗികോപകരണമാക്കിമാറ്റുകയും ചെയ്യുന്ന മേലാളസമീപനത്തെ മരിച്ചവളുടെ പ്രേതത്തിന്റെ ഭാഷയിൽ ചോദ്യം ചെയ്യുന്നുണ്ട്. ഈ ചോദ്യങ്ങളൊക്കെ മേലാള നീതിബോധത്തിനെതിരാണ്. സവർണ്ണദൈവത്തോട് "ക്രിസ്ത്യാനിക്കെങ്ങനെയാ മൂപ്പിന്നേ പെലക്കള്ളി പെങ്ങളാകണത്" എന്ന്ചോദിക്കുന്നതിലൂടെ മേലാളന്റെ സമ്പ്രദായിക ധാർമ്മിക-നൈതിക വ്യവസ്ഥ പൊള്ളത്തരമാണെന്ന് തെളിയിക്കുകയാണ്.

പ്രേതങ്ങൾ പ്രതിരോധത്തിനും പ്രതികരണത്തിനുമുള്ള ഉപാധികളായിമാറുന്നുണ്ട്. സി. അയ്യപ്പന്റെതന്നെ വാക്കുകളിൽ: "ആത്മാഭിമാനത്തിനുവേണ്ടിയുള്ള കരച്ചിലും പല്ലുകടിയുമാണത്". ഭാഷയിലൂടെയുള്ള വിപ്ലവമാണ് സി. അയ്യപ്പൻ സാധിക്കുന്നത്. മരിച്ചയാൾക്ക് സ്വാതന്ത്ര്യത്തിന്റെ ചങ്ങലകൾ ബാധകമാവുകയില്ലല്ലോ. 'പ്രേതഭാഷണം', 'കാവൽഭൂതം', 'ഭൂതബലി' തുടങ്ങിയ കഥകളുടെ പ്രസക്തിയും ഇതുതന്നെയാണ്.

'കാവൽഭൂതം' എന്ന കഥയിൽ പാവപ്പെട്ട പെലക്കള്ളിപ്പെൺകുട്ടികളെ എന്തിനു വഴിപിഴപ്പിക്കുന്നുവെന്ന ചോദ്യത്തിന് ആളുകൾ ആട്ടിറച്ചി ഉണ്ടായാലും പശുവിറച്ചി വാങ്ങിക്കുന്നത് അതിനു വില കുറവായതുകൊണ്ടാണെന്ന് ഉത്തരം നൽകുന്നതിലൂടെ സവർണ്ണമനോഭാവം തുറന്നുകാട്ടുകയാണ് കഥാകൃത്ത്. മേലാളന്റെ ധാർമ്മികബോധത്തിന്റെ കാപട്യം വെളിവാക്കുകയാണിവിടെ. പുലയപ്പെണ്ണിന്റെ ശരീരത്തിന് മൂല്യമില്ലെന്നും അത് എളുപ്പം വശമാക്കാമെന്നുമുള്ള, വരേണ്യജനതയുടെ കാലങ്ങളായി ഉറച്ചുപോയ, വിശ്വാസത്തിന്റെ നേർക്കുള്ള പ്രഹരമാണിത്. പുലയപ്പെണ്ണിന് മേലാളന്റെ കാമസമ്പൂർത്തിക്ക് ഉതകുന്ന ശരീരമുണ്ടെന്ന കാരണത്താൽമാത്രം അവളെ സ്ത്രീയായി അംഗീകരിക്കുന്ന മേലാള മനോഭാവമാണിവിടെ ചോദ്യംചെയ്യപ്പെടുന്നത്.

സി. അയ്യപ്പന്റെ 'ഭൂതബലി' എന്ന കഥ ആൺമേൽക്കോയ്മയെ നേരിടുന്ന ദളിത്സ്ത്രീയുടെ നേർക്കാഴ്ചയാണ്. അച്ചടിഭാഷയിൽ സംസാരിക്കുകയും അശ്ലീലംകേട്ടാൽ ചെവിപൊത്തുകയുംചെയ്യുന്ന, നാട്ടിൽ അധഃകൃതവർഗ്ഗത്തില്പെട്ട ആദ്യത്തെ സ്കൂൾ അദ്ധ്യാപകനായ

കണ്ടങ്കോരൻ മാസ്റ്ററുടെ ഇളയമകളും കോളേജ് അദ്ധ്യാപികയുമായ രേവതിയുടെആത്മഭാഷണമാണ് 'ഭൂതബലി' ('തിരസ്കൃതരുടെ രചനാ ഭൂപടം', പേജ്-32) ദേവദാസ് മേനോൻ എന്ന വിവാഹിതന്റെ പ്രേമ മായിരുന്നു അവൾക്ക് നേരിടേണ്ടിവന്നത്. എന്നാൽ വളരെ വിദഗ്ധ മായി ആ പ്രേമത്തിൽനിന്ന് അവൾ തലയൂരുന്നു. എന്നാൽ അച്ഛന്റെ വിവാഹാലോചനയാണ് അവളെ കാത്തിരുന്നത്. തുടർന്ന് പ്രേതരൂ പിയായിമാറുന്നു അവൾ. അവളുടെ പ്രവൃത്തികൾ അച്ഛനെ തളർത്തു കയാണ്. തന്നെ വിവാഹംകഴിക്കാൻ കണ്ടെത്തിയ ചെറുപ്പക്കാരനെ ഉപദ്രവിച്ച് വലിച്ചിഴച്ച് കൊണ്ടുവന്നതിനുശേഷം വിവാഹത്തിനു പിന്നിലെ പൊള്ളത്തരങ്ങളെ അവൾ വിമർശിക്കുന്നു. പുരുഷമേ ധാവിത്തലോകത്തെ സ്ത്രീയുടെ സ്വാതന്ത്ര്യമില്ലായ്മയാണ് ഈ കഥ പറയുന്നത്. മലയാളത്തിലെ കാല്പനിക പ്രണയത്തിന് അന്യമായ മുഖമാണിത്.

'വേദി' എന്ന കഥയും ജാതീയതയുടെ കാപട്യമാണ് വർണ്ണി ക്കുന്നത്. 'കാവ്യനീതി' എന്ന കഥ പ്രണയത്തിന്റെ അറിയപ്പെടാ ത്ത തലങ്ങളാണ് അനാവരണംചെയ്യുന്നത്. ദളിത്ക്രൈസ്തവരുടെ സംഘർഷങ്ങളാണ് 'ചുവന്ന നാവ്' എന്ന കഥയിലുള്ളത്. 'ആന', 'അരുന്ധതീ ദർശനന്യായം' എന്നീ കഥകളും സവർണ്ണമേധാവിത്ത ത്തെ പരിഹസിക്കുന്നവയാണ്.

സി.അയ്യപ്പന്റെ ദേശമായ കീഴില്ലത്തെ കീഴാള അനുഭവങ്ങൾ അദ്ദേ ഹത്തിന്റെ കഥയിലുണ്ട്. ആഫ്രിക്കൻ കഥയിലെ മാന്ത്രികമായ അന്ത രീക്ഷം അദ്ദേഹത്തിന്റെകഥയിലുണ്ട്. 'പുലിയങ്കം' എന്ന കഥ ഇതിനു ദാഹരണമാണ്. നാട്ടുവാഴിത്തത്തിനെതിരെയുള്ള പ്രതിരോധമായി പുലിജന്മം കൈക്കൊള്ളുകയാണ് ഇതിലെ നായക കഥാപാത്രം. നളചരിതം കഥകളിയിൽ കാട്ടാളവേഷം അഭിനയിക്കാൻ വിസമ്മതി ക്കുന്ന കഥാപാത്രം സമൂഹത്തിലെ സവർണ്ണ വിശ്വാസങ്ങളെ തള്ളി പ്പറയുകയാണ് ചെയ്യുന്നത്. ദളിതന്റെ ഉള്ളിലുള്ള ആന്തരവൈരുദ്ധ്യ ങ്ങളും സി. അയ്യപ്പന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇത്തര ത്തിൽ പ്രമേയത്തിലും ഭാഷയിലും മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് സി.അ- യ്യപ്പൻ ചെറുകഥയിൽ കീഴാളന്റെ സ്വത്വപ്രതിഷ്ഠാപനം നടത്തുക യാണ് ചെയ്തത്. മലയാളചെറുകഥയിലെ കീഴാള പ്രതിരോധത്തിന്റെ കഥകളായി സി. അയ്യപ്പന്റെ കഥകൾ മാറുന്നത് ഇപ്രകാരമാണ്.

സഹായക ഗ്രന്ഥങ്ങൾ

1. ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ, സി. അയ്യപ്പൻ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1986, നവംബർ.
2. ഞണ്ടുകൾ, സി.അയ്യപ്പൻ, ഡി.സി.ബുക്സ്, കോട്ടയം, 2003.
3. തിരസ്കൃതരുടെ രചനാ ഭൂപടം, സന്തോഷ് ഒ.കെ., മൈത്രി ബുക്സ്, തിരുവനന്തപുരം.

**വീണാഗോപാൽ വി.പി.**

അസി.പ്രൊഫസർ
മലയാളവിഭാഗം
മഹാരാജാസ് കോളേജ്
എറണാകുളം

# പ്രതിരോധത്തിന്റെ രംഗഭാഷ്യം— 'തൊഴിൽ കേന്ദ്രത്തിലേയ്ക്ക്'

അധിനിവേശങ്ങൾ നിലയുറപ്പിക്കുമ്പോൾ പ്രതിരോധത്തിന്റെ അലകൾ രൂപപ്പെടുക സ്വാഭാവികമാണ്. ചരിത്രഗതിവിഗതികൾ ഈ യാഥാർത്ഥ്യം രേഖപ്പെടുത്തുന്നുണ്ട്. ഒരു ജനവിഭാഗത്തിന്റെ ജീവിതരീതികളും ആചാരാനുഷ്ഠാനങ്ങളും ഭാഷയും, സാഹിത്യവും ചേർന്ന സംസ്കാരത്തിന്മേൽ, കാലാകാലങ്ങളിലായി വിവിധ അധിനിവേശങ്ങൾ ഉടലെടുത്തിട്ടുണ്ട്. ദ്രാവിഡസംസ്കാരത്തിന്റെ പരിണാമത്തിൽ ആര്യാധിനിവേശം ഒരു നിർണ്ണായക ഘടകമാണ്. ചാതുർവർണ്യവും, ക്ഷേത്രസംസ്കാരവും ജന്മി-കുടിയാൻ സമ്പ്രദായവും ആര്യാധിനിവേശത്തിന്റെ അടയാളപ്പെടുത്തലുകളാണ്. ഈ അധിനിവേശത്തിൻ മേലുള്ള പ്രതിരോധമായാണ് നവോത്ഥാനചിന്തകൾ വേരുറച്ചത്. സാഹിത്യത്തിലും സമൂഹത്തിലും സംസ്കാരത്തിലും നവോത്ഥാനത്തിനുള്ള ആവേശം പ്രകടമായിരുന്നു. കലയും സാഹിത്യവും പരിഷ്കരണത്തിനായി വിവിധ പരിഷ്കരണ പ്രസ്ഥാനങ്ങളും അവയുടെ കലാപ്രവർത്തനങ്ങളും ആവിർഭവിച്ചു. യോഗക്ഷേമസഭ ഇതിൽ പ്രധാന്യമർഹിക്കുന്നു.

സമുദായപരിഷ്കരണനാടകം

ഒരു സമുദായം നേരിടുന്ന പൊതുപ്രശ്നങ്ങളെ സമഗ്രമായി കണ്ടുകൊണ്ട് സമുദായ നവീകരണത്തിന് തുടക്കംകുറിക്കാനുള്ള പ്രവർത്തനങ്ങൾ നവോത്ഥാനഘട്ടത്തിന്റെ പ്രത്യേകത ആയിരുന്നു. സാഹിത്യത്തെ സമുദായപരിഷ്കരണോപാധിയായി പ്രബുദ്ധർ തിരഞ്ഞെടുത്തു

'നാടകം—നാടിന്റെ അകം' എന്ന വിശേഷണത്തിനു യോജിക്കുന്ന കാലഘട്ടമായിരുന്നു 1930-40കൾ. 'നമ്പൂതിരിയെ മനുഷ്യനാക്കാൻ' യോഗക്ഷേമസഭയും നമ്പൂതിരി ആഢ്യൻമാരും നാടകം എന്ന ദൃശ്യമാധ്യമത്തെ ആയുധമാക്കി. യോഗക്ഷേമനാടകങ്ങൾ നാടിന്റെ അകമറിഞ്ഞ് രംഗാവതരണം നടത്താൻ തിരക്കിട്ടിറങ്ങി. ആര്യാധിനിവേശ സംസ്കാരത്തിൻമേൽ തീകോരിയിട്ട ശക്തിസ്രോതസ്സുകളായി നാടകം പ്രയോഗിക്കപ്പെട്ടു. നിലവിലുണ്ടായിരുന്ന ഫ്യൂഡൽവ്യവസ്ഥിതി, ജൻമി-കുടിയാൻ സമ്പ്രദായം, അസന്തുലിതമായ സാമൂഹ്യവ്യവസ്ഥിതി, ഇവയ്ക്കെല്ലാമെതിരെ പരിവർത്തന കാഹളം മുഴക്കാൻ പരിഷ്കരണമനസ്സുകൾ സുസ്സജ്ജമായത് നവോത്ഥാനഘട്ടത്തിന്റെ സവിശേഷതയായിരുന്നു. സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കേണ്ടിവന്ന അസ്വാതന്ത്ര്യത്തിനും അടിമത്തത്തിനും അസമത്വത്തിനും എതിരെ പരിഷ്കരണോപാധിയായി നാടകത്തെ ഉപയോഗിക്കാൻ നമ്പൂതിരി യുവാക്കൾതന്നെ മുന്നിട്ടിറങ്ങി. സമൂഹശില്പിയായി മാറേണ്ടവളാണ് സ്ത്രീ എന്ന തിരിച്ചറിവ് നൽകാൻ, സാപത്ന്യത്തിനും പരിവേദനത്തിനും സ്മാർത്തവിചാരത്തിനും അടിമപ്പെട്ട് അകത്തളങ്ങളിൽ ഒതുങ്ങിക്കഴിയേണ്ടിവരുന്ന സ്ത്രീകളുടെ ദൈന്യം പരിഷ്കരണ നാടകങ്ങൾക്ക് ഇതിവൃത്തഹേതുവായി.

'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്'

കേരളസംസ്കാരരൂപീകരണത്തിലെ സ്വാധീനശക്തിയായിരുന്ന ബ്രാഹ്മണ വ്യവസ്ഥിതിയുടെ ഇരകൾ അകത്തളങ്ങളിൽ മാത്രം ഒതുങ്ങിക്കഴിയാൻ വിധിക്കപ്പെട്ട സ്ത്രീ ജനങ്ങളായിരുന്നു. യാഥാസ്ഥിതികരുടെ ദുർവാശിയും, ഉദ്ബുദ്ധരെന്നു കരുതുന്നവർപോലും സ്ത്രീകളുടെ കാര്യത്തിൽ കാണിക്കുന്ന അനാസ്ഥയും, പുറംലോകത്തെക്കുറിച്ചുള്ള അജ്ഞതയും നിമിത്തം ദുസ്സഹമായിത്തീർന്ന സ്ത്രീ മനസ്സുകളിലേക്ക് വിപ്ലവാവേശത്തിന്റെ ശക്തിപകരാൻ വി. ടി ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിന് (1929) സാധിച്ചു. കേരളസംസ്കാരത്തിന്റെ നവോത്ഥാനപാതയിൽ 'മാറുമറയ്ക്കൽ' സമരം സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. സ്ത്രീ സ്വാതന്ത്ര്യത്തിനും ജാതി വ്യവസ്ഥിതിക്കുമെതിരെ ആഞ്ഞടിച്ച ഈ സമരത്തിന്റെ തീക്ഷ്ണതയേറിയ മറ്റൊരു മുഖം ഈ നാടകത്തിൽ പ്രതിഫലിക്കുന്നുണ്ട്. അകത്തളങ്ങളിലെ കൂരിരുട്ടിലേയ്ക്ക് പുരോഗമന ചിന്തയുടെ തീപന്തങ്ങൾ തുടരെത്തുടരെ എറിയുന്ന ഒരനുഭവമാണ് ഈ നാടകം സമ്മാനിച്ചത്. സാമുദായികലഹളയ്ക്ക് പകരം സമുദായത്തിനകത്തുതന്നെ

വിപ്ലവം സൃഷ്ടിക്കാൻ വി.ടി.യ്ക്ക് സാധിച്ചു. ഇതിലെ നായകൻ മാധവൻ നായികയായ തേതിയുടെ മൂടുപടം വലിച്ചുമാറ്റി പുതിയ ജീവിതത്തെ അവൾക്കുമുന്നിൽ തെളിയിച്ചുകൊടുക്കുന്നുണ്ട്. ഘോഷ ബഹിഷ്കരണം അരങ്ങിൽവെച്ച് നടപ്പിൽ വരുത്തി നാടകകൃത്ത് സമുദായ പരിഷ്കരണത്തിന് ആഹ്വാനം നൽകുന്നു.

'മറക്കുടയ്ക്കുള്ളിലെ മഹാനരകം'

വൃദ്ധനമ്പൂതിരിമാരുടെ സപത്നിമാരാകാൻ വിധിക്കപ്പെട്ട അന്തർജ്ജനങ്ങളുടെ ജീവിതമാണ് 'അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്' എന്ന നാടകം ആവിഷ്കരിച്ചത് എങ്കിൽ സാപത്ന്യത്തിനെതിരെയുള്ള ശക്തമായ പ്രതിഷേധമാണ് എം.ആർ.ബി.യുടെ 'മറക്കുടയ്ക്കുള്ളിലെ മഹാനരകം', ദീപം കാട്ടുക, നമസ്കരിക്കുക, നോമ്പു നോൽക്കുക, ഭർത്തൃശുശ്രൂഷ ചെയ്യുക, പൂജയൊരുക്കുക, ഉണ്ണാൻ വട്ടംകൂട്ടുക തുടങ്ങി ഗൃഹാന്തരീക്ഷത്തിലെ അനുഷ്ഠാനങ്ങൾക്കപ്പുറത്തുള്ള ഒരു ലോകം അന്തർജ്ജനങ്ങൾക്ക് നിഷിദ്ധമായിരുന്ന ഘട്ടത്തിലാണ് നീറുന്ന അവരുടെ പ്രശ്നങ്ങളെ സമൂഹമദ്ധ്യേ ചിന്തയ്ക്ക് വിഷയമാക്കാൻ എം.ആർ. ഭട്ടതിരിപ്പാട് തയ്യാറായത്. സ്ത്രീസ്വാതന്ത്ര്യത്തിലൂടെ മാത്രമേ സമുദായ പരിഷ്കരണം സാധ്യമാവുകയുള്ളൂവെന്ന് അദ്ദേഹം മനസ്സിലാക്കി. വിദ്യാഭ്യാസം നേടാൻ അവസരമില്ലാതെ ബാല്യത്തിൽ വിവാഹിതയാവുക, പടുവൃദ്ധന്റെ സപത്നിയാവുക, വിധവയായാൽ തല മുണ്ഡനം ചെയ്യുക, നാലുകെട്ടുകളിൽ ഒതുങ്ങിക്കഴിയുക തുടങ്ങിയ ദുസ്ഥിതിയിലേക്ക് പ്രത്യാശയുടെ കൈത്തിരി കൊളുത്താൻ ഈ നാടകത്തിന് സാധിച്ചു. 'കൊട്ടുക്കാൻ' (പെൺകൊട) ഒരു പെൺകുട്ടിയെങ്കിലും ഉള്ള അമ്മമാർ ഈ നാടകം വായിച്ചിരിക്കണമെന്ന് ഈ നാടകത്തിന്റെ ആമുഖത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. സ്വന്തം വികാരവിചാരങ്ങൾ ഉള്ളിലൊതുക്കി പാരതന്ത്ര്യത്തിന്റെ കയ്പുനീർകുടിയ്ക്കുന്ന സഹോദരിമാരുടെ മോക്ഷമായിരുന്നു നാടകകൃത്തിന്റെ ലക്ഷ്യം. ഭർത്താവിന്റെയും സപത്നിമാരുടേയും പീഡനം സഹിക്കവയ്യാതെ ജീവനൊടുക്കിയ ഈ നായിക കഥാപാത്രമായ ഇട്ടിപ്പാപ്തിയുടെ ആത്മബലി പിൻഗാമികളുടെ ശോഭനജീവിതത്തിനുവേണ്ടിയുള്ള സമർപ്പണമാക്കി മാറ്റാൻ എം. ആർ. ബി. ക്കു സാധിച്ചു.

'ഋതുമതി'

സാമുദായികസാംസ്കാരികാധഃപതനത്തിനെതിരെയുള്ള ഉണർത്തുപാട്ടായിരുന്നു 'ഋതുമതി'. ഋതുമതിയായികഴിഞ്ഞാൽ ഇല്ലത്തിന്റെ

ഉള്ളറകളിൽ ഒതുങ്ങിക്കഴിയേണ്ടിവരുന്ന, വിദ്യാഭ്യാസഅവകാശം നിഷേധിക്കപ്പെട്ട, മാറുമറയ്ക്കാനുള്ള അവകാശം പോലുമില്ലാത്ത, അന്തർജ്ജനങ്ങൾക്ക് നേരിടേണ്ടിവന്ന സഹനത്തിന്റെ പ്രതീകമായ ദേവകിയുടെ കഥയാണ് ഈ നാടകം. ഋതുമതിയായതിന്റെ പേരിൽ സമൂഹത്തിൽ തരംതാഴ്ത്തപ്പെടുന്ന, അടിച്ചമർത്തപ്പെടുന്ന സ്ത്രീത്വം, മാതൃത്വം എന്നീ പദങ്ങളിലൂടെ മഹത്വവത്കരിക്കപ്പെടേണ്ടവൾ സർവ്വംസഹയായി ചവുട്ടിത്താഴ്ത്തപ്പെടുന്നു. ഇതിനെതിരെയുള്ള പ്രേംജിയുടെ പ്രതികരണമാണീ നാടകം. ഏതുപ്രതിസന്ധികളേയും പ്രശ്നങ്ങളേയും തരണം ചെയ്യാനുള്ള അതിജീവനത്തിന്റെ മന്ത്രസിദ്ധിയുള്ളുടമകളാണ് സ്ത്രീകളെന്ന് നാടകകൃത്ത് ദേവകിയിലൂടെ പ്രഖ്യാപിക്കുന്നു. വിവാഹവേദിയിൽ വൃദ്ധനായ തുപ്പൻ നമ്പൂതിരിയെ വേളികഴിക്കാൻ സമ്മതിക്കാതെ പ്രതിഷേധവുമായി നിന്ന ദേവകിയെ ആക്രമിക്കാൻ ശ്രമിയ്ക്കുന്ന ചെറിയച്ഛനായ കിഴക്കേപ്രത്തിന്റെ കയ്യിൽ നിന്നും നായകൻ വാസുദേവൻ അവളെ മോചിപ്പിക്കുന്നു. മലയാള നാടകവേദിയിലൂടെ ആദ്യമായി സ്ത്രീ സ്വതന്ത്ര്യയാക്കപ്പെട്ടതിന്റെ മുഹൂർത്തം 'ഋതുമതി'യിലൂടെ ആവിഷ്കരിക്കപ്പെട്ടു.

സംസ്കാരചരിത്രത്തിന്റെ ഗതിവിഗതികളിൽ സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കും തിന്മകൾക്കുമെതിരെയുള്ള പരിഷ്കരണോപാധികളായിരുന്നു ഈ മൂന്നു നാടകങ്ങളും. പ്രസംഗമല്ല പ്രയോഗമാണ് വേണ്ടതെന്നു 'ഋതുമതി' നാടകത്തിന്റെ അവസാനം വേദിയിൽ പറഞ്ഞ പാർവ്വതി നെന്മേനിമംഗലത്തിന്റെ പ്രസ്താവനയ്ക്കും പ്രവർത്തികൾകൊണ്ട്–വിധവകളെ വിവാഹം കഴിച്ചുകൊണ്ട്–പ്രേംജിയും എം.ആർ.ബി.യും മാതൃകയായി. അകത്തളങ്ങളിലെ ഇരുളടഞ്ഞ ലോകത്തുനിന്നും പുറംലോകത്തെ കേൾക്കാനും അനുഭവിക്കാനും സ്ത്രീകൾക്കു പ്രചോദനമായി. അന്തർജ്ജനസമാജവും അവരുടെ പ്രവർത്തനങ്ങളും സ്ത്രീപ്രശ്നങ്ങളെ സമൂഹമദ്ധ്യേ അവതരിപ്പിക്കാനും അതിജീവനത്തിന്റെ നേർരേഖകൾ സൃഷ്ടിക്കാനും മുതിർന്നത് ഈ സാഹചര്യത്തിലാണ്. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ യൂറോപ്പിലും മറ്റും ദൃശ്യമായ അന്വേഷണവ്യഗ്രതയും യുക്തിചിന്തയും ഇവിടെയും ദൃശ്യമാകാൻ തുടങ്ങിയതിന്റെ നിദർശനങ്ങളായി ഇത്തരം പ്രവർത്തനങ്ങളെ കാണാവുന്നതാണ്.

### തൊഴിൽ കേന്ദ്രത്തിലേക്ക്

1931-ൽ രൂപംകൊണ്ട അന്തർജ്ജന സമാജം അതിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ തൊഴിൽ കേന്ദ്രങ്ങളും

പുരുഷാധിപത്യമൂല്യവ്യവസ്ഥയോടുള്ള സ്ത്രീവിമോചനപ്രവർത്തനത്തിന്റെ ആദ്യമറുപടിയായിരുന്നു. വി.ടി നേതൃത്വംനല്കിയ നമ്പൂതിരി സമുദായപരിഷ്കരണങ്ങളുടെ സഹോദരീപ്രസ്ഥാനമായാണ് അന്തർജ്ജനസമാജം അറിയപ്പെട്ടിരുന്നത്. 1944-ൽ ഓങ്ങല്ലൂർ സമ്മേളിച്ച യോഗക്ഷേമ സഭ, സ്ത്രീകൾ തൊഴിൽചെയ്തു സ്വയംപര്യാപ്തത നേടണമെന്നു ആഹ്വാനം ചെയ്യുന്നതിന്റെ ഫലമായാണ് പാലക്കാട് ലക്കിടി തിരുത്തിമ്മൽ ഇല്ലത്തു സ്ഥാപിതമായ ആദ്യ തൊഴിൽകേന്ദ്രവും അഗതികളായ സ്ത്രീ ജനങ്ങൾക്കുള്ള 'ഒരിടം' എന്നാശയവും. അവരുടെ തുടർജീവിതത്തിനായുള്ള ഉപാധിയെന്നോണം തൊഴിൽ പരിശീലനം എന്ന മുഖ്യലക്ഷ്യമാണ് ഇതു മുന്നോട്ടുവച്ചത്. നൂൽനൂല്പും നെയ്ത്തും തുന്നലുമായി നിത്യവൃത്തി കണ്ടെത്താൻ സ്ത്രീകളെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യവും ഈ കേന്ദ്രത്തിനുണ്ടായിരുന്നു. ഈ സ്ത്രീ കൂട്ടായ്മയിൽ നിന്നാണ് ആദ്യത്തെ സ്ത്രീപക്ഷനാടകമെന്ന് വിശേഷിപ്പിക്കാവുന്ന 'തൊഴിൽ കേന്ദ്രത്തിലേക്ക്'—അരങ്ങുകണ്ടത്. കാവുങ്കര ഭാർഗ്ഗവിയെന്ന 13 വയസ്സുകാരിയുടെ യഥാർത്ഥ ജീവിതാനുഭവത്തിൽ നിന്നാണ് നാടകപ്രമേയം കണ്ടെത്തിയത്. തൊഴിൽ കേന്ദ്രത്തിന്റെ ഉദ്ദേശ്യമെന്തെന്ന് സമുദായാംഗങ്ങൾക്കിടയിൽ പ്രചരിപ്പിക്കലായിരുന്നു ഈ നാടകത്തിന്റെ ലക്ഷ്യം. 1948-ൽ അരങ്ങേറിയ ഈ നാടകം രണ്ടു പ്രമേയങ്ങളാണ് അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്. കാനറ പ്രവർത്തകരായ പാർവ്വതിയും ദേവകിയും ചേർന്നു രക്ഷപ്പെടുത്തുന്നതാണ് ഒരു പ്രമേയം. വിവാഹശേഷം അടുക്കളയിലെ ഉപകരണസമാനമായി തന്നെ കണക്കാക്കുന്ന ഭർത്താവിനെ ഉപേക്ഷിച്ചിറങ്ങിയ ദേവകിയുടെ ധീരപ്രവൃത്തിയാണ് മറ്റൊരുപ്രമേയം. സ്ത്രീകൾതന്നെയാണ് പുരുഷകഥാപാത്രങ്ങളേയും അവതരിപ്പിച്ചിട്ടുള്ളതെന്ന പ്രത്യേകതകൂടി ഈ നാടകത്തിനുണ്ട്. യോഗക്ഷേമ നാടകത്രയത്തിൽ സ്ത്രീ അനുഭവിക്കുന്ന അടിമത്തവും അവരിലുള്ള വിമോചന തൃഷ്ണയുമാണ് പ്രതിപാദ്യവിഷയമെങ്കിൽ 'തൊഴിൽകേന്ദ്രത്തിലേക്ക്' വിമോചിത സ്ത്രീയുടെ തുടർജീവിതത്തിനുള്ള ഉറപ്പു നൽകലാണ്. പ്രതിരോധത്തിന്റെ രംഗഭാഷയാണ് ഈ നാടകമെന്നു മാത്രമല്ല അതിജീവനത്തിന്റെ അടയാളപ്പെടുത്തലുകളും ഈ നാടകത്തിൽ ദൃശ്യമാണ്. 1879-ൽ ഇബ്സൻ രചിച്ച പാവവീട് (A Doll's House) എന്ന നാടകത്തിൽ സ്ത്രീ സ്വാതന്ത്ര്യത്തിനും സ്വത്വത്തിനും വിലങ്ങുതടിയായി വർത്തിക്കുന്ന കുടുംബമെന്ന സ്ഥാപനത്തെ ചോദ്യം ചെയ്യുന്നുണ്ട്. ഇതിലെ 'നോറ' എന്ന കഥാപാത്രത്തിലൂടെ ഇബ്സൺ സ്ത്രീയുടെ ഇടം പ്രഖ്യാപിച്ചു കഴിഞ്ഞിരുന്നു. ആധുനിക സ്ത്രീ സ്വന്തം കഴിവിലും ആത്മവിശ്വാസത്തിലും

വ്യക്തിത്വത്തിലും നിലനിൽക്കാനും ജീവിക്കാനും പഠിച്ചവളായിരിക്കണമെന്ന് നോറയിലൂടെ ഇബ്സൻ പറഞ്ഞുവെയ്ക്കുന്നുണ്ട്. തന്റെ സ്നേഹത്തെ അവമതിക്കുകയും പ്രവൃത്തികളിലെ ആത്മാർത്ഥതയിൽ സംശയിക്കുകയുംചെയ്ത ഭർത്താവിനെ ഉപേക്ഷിച്ചുപോരാനുള്ള ധൈര്യം പ്രകടിപ്പിച്ചവളാണ് ഇബ്സന്റെ നോറ. ഞാനും നിങ്ങളെപ്പോലെ മനുഷ്യജീവിയാണെന്നുപറഞ്ഞു പടിയിറങ്ങിയ നോറ തന്റെ പിന്നിൽ വീടിന്റെ വാതിൽ അവൾതന്നെ കൊട്ടിയടച്ചപ്പോൾ ഉണ്ടായ ശബ്ദം യൂറോപ്പിനെയാകെ പ്രകമ്പനംകൊള്ളിച്ചു എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ഒരു നൂറ്റാണ്ടിനുശേഷമാണ് ലോകമാകെ സ്ത്രീപക്ഷചിന്തകൾക്കു നോറയുടെ വാക്കുകളും വിചിന്തനങ്ങളും മാതൃകയാക്കിയത്. പക്ഷെ നോറയുടെ പ്രവൃത്തികൾ സ്ത്രീത്വബോധത്തെയുണർത്തുവാൻ പര്യാപ്തമായെങ്കിലും സ്ത്രീയുടെ സാമൂഹ്യസുരക്ഷ ഒരു ചോദ്യചിഹ്നമായിതന്നെ ഉയർന്നു നിന്നിരുന്നു. ഇതിനുള്ള ഉത്തരമാണ് അന്തർജ്ജനസമാജം സമൂഹത്തിന് നേരെ ഉയർത്തിപ്പിടിച്ചത്. സമാജത്തിന്റെ നേതൃത്വത്തിൽ ഉടലെടുത്ത തൊഴിൽ കേന്ദ്രങ്ങളും സ്ത്രീസുരക്ഷയ്ക്കു മുഖ്യോപാധിയായി നിലകൊണ്ടു. ഏകാദശീവ്രതം, വിധവാവിവാഹം, ഋതുമതികൾക്കു പഠിക്കാനുള്ള അവകാശം, സജാതീയ വിവാഹം തുടങ്ങിയ ആശയങ്ങൾ മുറുകെ പിടിച്ചുകൊണ്ടു പ്രവർത്തിച്ച അന്തർജ്ജനസമാജത്തിന് യോഗക്ഷേമസഭയുടെ പരിഷ്കരണപ്രവർത്തനങ്ങൾ ഉത്തേജനം പകർന്നിരുന്നു.

സ്ത്രീകളുടെ പ്രശ്നങ്ങൾ സ്ത്രീകൾതന്നെ അവതരിപ്പിക്കുന്ന നാടകം എന്ന നിലയിൽ 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്ന നാടകത്തിന് ചരിത്ര പ്രാധാന്യമുണ്ട്. അന്തർജ്ജനസമാജത്തിന്റെ പ്രതിരോധ നടപടികളെ തളർത്താനും തകർക്കാനും യാഥാസ്ഥിതികത്വം ശ്രമിച്ചുകൊണ്ടിരുന്നു. തൊഴിൽകേന്ദ്രത്തെ വ്യഭിചാരശാലകളായും അന്തേവാസികളെ വ്യഭിചാരിണികളായും അവർ മുദ്രകുത്തി. 'പതാക' പത്രം നടത്തിയിരുന്ന തെക്കേടത്തു ഭട്ടതിരിയും കൂട്ടരുമായിരുന്നു ഇതിന്റെ പിന്നിലുണ്ടായിരുന്നത്. തെറ്റായ പ്രചാരണങ്ങളെ പ്രതിരോധിക്കാനും തൊഴിൽ കേന്ദ്രത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്താനും പറ്റുന്ന രീതിയിലാണ് നാടകം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ദേവകിയുടെ ഭർത്താവായ വക്കീലുമായി നടത്തുന്ന കലഹങ്ങളിലൂടെ സ്ത്രീ പദവിയെക്കുറിച്ച് അന്നുണ്ടായിരുന്ന ധാരണകൾ വെളിപ്പെടുന്നുണ്ട്. സ്ത്രീകൾ പാടുന്നത് നന്നല്ല, യോഗക്ഷേമ പ്രവർത്തനം തെറികേൾക്കാൻ പോകലാണ്, അവർ പൂമുഖത്തുവരാൻ പാടില്ല,

പെൺകുട്ടികളെ വിൽക്കുന്നത് തെറ്റല്ല, ഭർത്താക്കൻമാരുടെ ഹിതം നോക്കി, അടുക്കളപ്പണിചെയ്ത്, പൂജാദികർമ്മങ്ങൾ അനുഷ്ഠിച്ച് വീടിനുള്ളിൽ കഴിയുന്നതാണ് സ്ത്രീകൾക്ക് ഉത്തമം, സ്വാതന്ത്ര്യംതേടി പുറത്തിറങ്ങുന്നവർ വഴിപിഴച്ചവരാണ്, തൊഴിൽകേന്ദ്രങ്ങൾ വ്യഭിചാരശാലകളാണ് എന്നിങ്ങനെയാണ് വക്കീലിന്റെ ചിന്താഗതികൾ. ആധുനിക രീതിയിൽ വിദ്യാഭ്യാസം നേടിയവരുടെ പ്രതിനിധികളാണ് പാർവ്വതിയും ദേവകിയും സമുദായ പരിഷ്കരണമാണ് ഇവർ ലക്ഷ്യം വെയ്ക്കുന്നത്. പശുക്കൾ, പാത്രങ്ങൾ എന്നിവ പോലെ പെൺകിടാങ്ങളെ അടുക്കളപണിക്കായി വേൾക്കുന്നതിനെ അന്തർജ്ജനസമാജം പ്രതിനിധിയായ പാർവ്വതി വിമർശിക്കുന്നുണ്ട്. പാർവ്വതിയിലെ നവോത്ഥാന ചിന്തകൾ ദേവകിയേയും സ്വാധീനിക്കുന്നുണ്ട്. പരിഷ്കാരത്തിന്റെ സ്യൂട്ടിലുള്ള തന്ത്രശാലിയായ ഒരു പിൻതിരിപ്പനാണ് തന്റെ ഭർത്താവ് എന്ന് അവൾ തിരിച്ചറിയുന്നുണ്ട്. നാടകാവസാനം ദേവസേനയെ രക്ഷിക്കാൻ പോകുന്ന സമാജം പ്രവർത്തകർക്കൊപ്പം നിൽക്കാൻ ദേവകിയും ധൈര്യം കാണിക്കുന്നു. തനിക്ക് തടസ്സം നിൽക്കുന്ന ഭർത്താവിന്റെ മുഖത്തേക്ക് പൂണൂൽചരട് പൊട്ടിച്ച് വലിച്ചെറിഞ്ഞ് ഇറങ്ങുന്ന ദേവകി ‘ഡോൾസ് ഹൗസിലെ’ നോറയെക്കാൾ ശക്തയും ധീരയുമാണെന്ന് തോന്നിപ്പോകും. കുടുംബമെന്ന വ്യവസ്ഥാപിത കേന്ദ്രത്തിലെ സുഖവും ആർഭാടവും ഉപേക്ഷിച്ച് ആദർശത്തിനും സമുദായ പരിഷ്കരണത്തിനും വേണ്ടി നിലകൊള്ളാൻ അവൾ ധൈര്യം കാണിക്കുന്നുണ്ട്. ഇതിന് അവളെ പ്രാപ്തയാക്കിയത് തൊഴിൽ കേന്ദ്രമാണെന്ന് പറയേണ്ടിവരും.

അനാചാരങ്ങളുടെ, വിലക്കുകളുടെ ആകത്തുകയെന്നുപറയാവുന്ന രീതിയിൽ നമ്പൂതിരി സമുദായം ഇരുട്ടറകൾക്കുള്ളിലായിരുന്ന ഒരു കാലഘട്ടംമുണ്ടായിരുന്നു. നമ്പൂതിരി പരിഷ്കരണപ്രസ്ഥാനമാണ് ഇതിനു മാറ്റം വരുത്തിയത്. ഇംഗ്ലീഷ് വിദ്യാഭ്യാസം നമ്പൂതിരി സമുദായത്തിനു ലഭ്യമാക്കുക, സാപത്ന്യം നിർത്തലാക്കുക, ശൈശവ വിവാഹം നിറുത്തലാക്കുക, ഇങ്ങനെ അനാചാരകെട്ടുതികൾക്കുനേരെയുള്ള മാറ്റത്തിന്റെ കാഹളമാണ് പരിഷ്കരണപ്രസ്ഥാനം തുറന്നുവിട്ടത്. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട് പ്രഭാതം മുതൽ പ്രദോഷം വരെ നേദിക്കലും പൂജയ്ക്ക് പൂകെട്ടലും ശീപോതിക്ക് ഒരുക്കുട്ടലും ഗണപതിക്കിടീലുമായി തള്ളിനീക്കാൻ വിധിക്കപ്പെട്ട സ്ത്രീജന്മങ്ങൾ. അമ്പലവും, കുളവും മാത്രമാണ് അവർക്ക് വീട്ടു കഴിഞ്ഞാലുള്ള അനുവദനീയമായ സ്ഥലങ്ങൾ. അച്ഛന്റെ പ്രായത്തിലുള്ള മൂസ്സിനെ വിവാഹം

കഴിച്ച് നന്നേ ചെറുപ്പത്തിൽതന്നെ വിധവയാവാൻ വിധിക്കപ്പെട്ട വൾ. കുടുംബത്തിനൊരു ജനാധിപത്യ സ്വഭാവം കൈവരിക്കുകയെ ന്നതും സ്ത്രീകളും പുരുഷൻമാരും പൊതുകാര്യങ്ങൾ ചർച്ചചെയ്യാനുള്ള സാധ്യതകൾ സൃഷ്ടിക്കുകയെന്നതും കാലത്തിന്റെ ആവശ്യമായിരുന്നു. സജാതീയ വിവാഹവും പരിവേദനവും (ഏട്ടൻ വേളികഴിക്കാതിരിക്കു മ്പോൾ അനിയൻ വേളികഴിക്കുക) അധിവേദനവും (ഒന്നിൽകൂടുതൽ വേളികഴിക്കുന്നത്) വിജാതീയഗമനവും നിർത്തലാക്കണമെന്നാവശ്യ പ്പെട്ട് അന്തർജ്ജനവിപ്ലവം തുടങ്ങുന്നത് കാലഘട്ടത്തിന്റെ അനിവാര്യ തയായിരുന്നു. അന്തർജ്ജനങ്ങൾ പണിയെടുക്കണം, അടിമകളായിട്ട ല്ല സ്വതന്ത്രമായിട്ട് എന്ന ദേവകിയുടെ വാക്കുകൾ അടുക്കളയിൽനി ന്നും അരങ്ങത്തെത്തിയവരുടെ നിശ്ചയദാർഢ്യമാണ്. അരങ്ങിൽ നിന്നും അവർ എത്തിച്ചേരേണ്ടത് തൊഴിൽ കേന്ദ്രത്തിലേക്കാണെന്ന രാഷ്ട്രീയബോധം സ്ത്രീകൾ കൈവരിച്ചുകഴിഞ്ഞിരുന്നു.

ഡോ. ജാൻസി. കെ. എ.
അസി. പ്രൊഫസർ
മലയാളവിഭാഗം
വിമല കോളേജ്
തൃശ്ശൂർ.

# അധികാരവും പ്രതിരോധവും— എം. സുകുമാരന്റെ ചെറുകഥകളിൽ

ആമുഖം

ഇരുപതാംനൂറ്റാണ്ടിലെ സാഹിത്യാദികലകളെക്കുറിച്ചുള്ള വ്യവഹാരങ്ങളിൽ പാശ്ചാത്യർ ഉപയോഗിക്കുന്ന പ്രധാനപദമാണ് 'മോഡേണിസം'. മലയാളത്തിൽ ഇതിനുപകരം വ്യാപകമായ പ്രചാരം നേടിയിരിക്കുന്നത് 'ആധുനികതാവാദം' എന്ന പദമാണ്. ആധുനികതാവാദം മുന്നോട്ടുവച്ച പ്രമേയപരവും രൂപപരവുമായ സവിശേഷതകൾ ഏറ്റവും ശക്തമായി നിലനിന്നിരുന്ന അറുപതുകളുടെ മധ്യത്തോടെയാണ് എം. സുകുമാരൻ എന്ന എഴുത്തുകാരൻ കഥാലോകത്തേക്ക് കടന്നുവരുന്നത്. രാഷ്ട്രീയമായി താൻ ആർജ്ജിച്ച ദർശനങ്ങളെയും ജ്ഞാനങ്ങളെയും സാമൂഹ്യവത്കരിക്കുന്ന പ്രയോഗരൂപമായിരുന്നു സുകുമാരന് ചെറുകഥകൾ. ഇതിന് സഹായകമായ സാഹിത്യസാഹചര്യം ആധുനികത (Modernism)യായിരുന്നെങ്കിൽ രാഷ്ട്രീയസാഹചര്യം ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ സജീവമായിരുന്ന തീവ്രവാദപരമായ ഇടതുപക്ഷരാഷ്ട്രീയത്തിന്റേതുമായിരുന്നു. അറുപതുകളിൽ കഥാലോകത്തേയ്ക്ക് കടന്നുവരുകയും 'കഥയിൽ രാഷ്ട്രീയമായ ആധുനികതയ്ക്ക് ജന്മംനൽകുകയും' (2012: 11) ചെയ്ത കഥാകാരനാണെന്ന് സച്ചിദാനന്ദൻ സുകുമാരനെ വിലയിരുത്തിയിട്ടുണ്ട്. ആധുനിക ചെറുകഥ സൃഷ്ടിച്ചെടുത്ത രൂപസവിശേഷതകളെ സ്വാംശീകരിച്ചുകൊണ്ടും അന്നത്തെ ഇടതുപക്ഷരാഷ്ട്രീയത്തിന്റെ അഗാധഘടനകളെ ഉൾക്കൊണ്ടുമുള്ള അവതരണങ്ങളായിരുന്നു സുകുമാരന്റെ കഥകൾ.

സുകുമാരൻ തന്റെ വീക്ഷണങ്ങളും ദർശനങ്ങളും അവതരിപ്പിക്കാനുള്ള മാധ്യമമായി കഥാസാഹിത്യത്തെ സ്വീകരിച്ചു. ചില ഘട്ടങ്ങളിൽ നോവലിലേക്കും നോവലെറ്റിലേക്കും വികസിക്കുന്ന എഴുത്തിടങ്ങളിലൂടെ സുകുമാരന്റെ കഥാലോകം സഞ്ചരിച്ചിരുന്നു. 'ശുക്കമരങ്ങൾ ഞങ്ങൾക്ക്' (1973), 'മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ' (1975), 'ചരിത്രഗാഥ' (1976) എന്നീ കൃതികളിലൂടെ മലയാളചെറുകഥാസാഹിത്യരംഗത്ത് കടന്നുവന്നു. 'പാറ' (1970), 'അഴിമുഖം' (1971), 'ശേഷക്രിയ' (1979), 'ജനിതകം' (1994) എന്നീ നോവലുകളും സുകുമാരൻ രചിച്ചിട്ടുണ്ട്. പലപ്പോഴായി എഴുതിയിട്ടുള്ള നോവെല്ലകൾ 'ചുവന്നചിഹ്നങ്ങൾ' (2004) എന്ന സമാഹാരമായി പ്രസിദ്ധീകരിച്ചു. ആയിരത്തിതൊള്ളായിരത്തി അറുപതുകളിൽ കഥയെഴുത്താരംഭിച്ച സുകുമാരൻ 1982-ൽ അതുവരെയുള്ള തന്റെ കഥകളെ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തിയശേഷം കഥാലോകത്തുനിന്നും പിൻവലിയുന്നു. നീണ്ട പത്തുവർഷത്തെ മൗനത്തിനുശേഷം 1992-ൽ 'പിതൃതർപ്പണം' രചിച്ചു. 1994-ൽ 'ജനിതകം' എന്ന ചെറുനോവൽകൂടി രചിച്ചശേഷം എഴുത്തുജീവിതത്തിൽനിന്നും മാറി നിൽക്കുന്ന കഥാകാരനായി എം. സുകുമാരൻ ജീവിച്ചു. താൻ വിശ്വസിക്കുന്ന പ്രത്യയശാസ്ത്ര സമഗ്രതയെ പ്രായോഗികതയിലെത്തിക്കാൻ കഴിയാത്ത സംഘർഷാവസ്ഥകളാണ് എഴുത്തുജീവിതം നിർത്തി മൗനമവലംബിക്കുന്ന സുകുമാരന്റെ രാഷ്ട്രീയത്തിനു പിന്നിലുള്ളത്. ആധിപത്യത്തിലേയ്ക്ക് മാത്രം ചുരുങ്ങുന്ന അധികാരവ്യവസ്ഥിതികളോടുള്ള കലഹമാണ് സുകുമാരന്റെ കഥകളിലുള്ളത്. അധികാരത്തെ പ്രതിരോധിക്കാനുള്ള ആവിഷ്കാര മാധ്യമമായി കഥാസാഹിത്യത്തെ സ്വീകരിച്ച ഈ എഴുത്തുകാരൻതന്നെ പിന്നീട് എഴുത്ത് നിർത്തി മൗനം അവലംബിക്കുന്നത് കാണാം.മൗനത്തെ മറ്റൊരു രാഷ്ട്രീയാനുഭവമാക്കി മാറ്റുകയായിരുന്ന എം.സുകുമാരന്റെ കഥകളിലെ അധികാര-പ്രതിരോധബോധത്തെ അവലോകനം ചെയ്യുകയാണിവിടെ.

### എം. സുകുമാരന്റെ കഥാസന്ദർഭം

ഇരുപതാംനൂറ്റാണ്ടിന്റെ സാഹിത്യവികാസവും സാമൂഹിക പരിവർത്തനവും തമ്മിൽ പരസ്പരാശ്രിതമായ ബന്ധമാണുള്ളത്. സാഹിത്യം സാമൂഹികമാറ്റത്തെ ത്വരിപ്പിക്കാനുള്ള ഉപാധിയാകുകയും അതേസമയം തന്നെ മാറുന്ന സമൂഹത്തിന്റെ ചലനങ്ങൾ സാഹിത്യവിഷയമാകുകയും ചെയ്യുന്ന ദ്വന്ദ്വാത്മകബന്ധമാണത്. അധിനിവേശത്തിന്റെ ഭാഗമായെത്തിയ ആധുനികത (Modernity)യാണ്

അതിന്റെ ആശയപരിസരം രൂപീകരിച്ചത്. മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും കാലക്രമേണ സംഭവിച്ച മാറ്റത്തിന്റെ ഒരു ചരിത്രഘട്ടത്തെയാണ് ആധുനികത (Modernity) അടയാളപ്പെടുത്തുന്നത്. യൂറോപ്യൻനാട്ടുകളിൽ ആദ്യം ദൃശ്യമായ മാറ്റം പിന്നീട് കൊളോണിയലിസത്തിന്റെയും വിജ്ഞാനവ്യാപനത്തിന്റെയും ഫലമായി ലോകമെമ്പാടും വ്യാപരിച്ചു. വിഭിന്ന ദേശങ്ങളിൽ വ്യത്യസ്ത കാലഘട്ടങ്ങളിലായാണ് അതിന്റെ വ്യാപനം. കൊളോണിയലിസത്തിന്റെ ഫലമായുണ്ടായ പാശ്ചാത്യവൽക്കരണം, മിഷണറിപ്രവർത്തനങ്ങളുടെ ഫലമായുണ്ടായ വിദ്യാഭ്യാസവ്യാപനം, സമൂഹത്തിലെ സമ്പദ്ഘടനയിൽവന്ന മാറ്റം, അസമത്വത്തിനും അസ്വാതന്ത്ര്യത്തിനുമെതിരെ ഉയർന്ന സംഘടനാവബോധം തുടങ്ങിയവയെല്ലാം ചേർന്ന ജ്ഞാനപരിസരമാണ് കേരളത്തിലെ ആധുനികാവബോധത്തിന് കാരണമായത്. ഇതിന്റെ തുടർച്ചയായ ശാസ്ത്ര-സാങ്കേതിക-വ്യവസായമേഖലകളിൽ ദ്രുതഗതിയിലുള്ള വികാസം സംഭവിച്ചു. നിരവധിയാളുകൾക്ക് സ്വദേശം വിട്ട് പ്രവാസജീവിതം തെരഞ്ഞെടുക്കേണ്ടതായിവന്നു. കാലഘട്ടത്തിന്റെ സ്വാധീനങ്ങൾ സമൂഹത്തിലെ ആധുനികമനുഷ്യനെയെന്നപോലെ ആധുനിക എഴുത്തുകാരനെയും ബാധിച്ചു. ഉപജീവനാർത്ഥം മറുനാടൻ മഹാനഗരങ്ങളിലെത്തിപ്പെട്ട ഗ്രാമീണയുവാക്കൾക്കുണ്ടായ അന്യവൽക്കരണവും സ്വത്വനഷ്ടവും അസ്തിത്വവേദനയുമൊക്കെ കഥാസാഹിത്യത്തിലെ മുഖ്യപ്രമേയങ്ങളായി. ആയിരത്തിതൊള്ളായിരത്തി അറുപതുകളോടെയാണ് ഇത്തരത്തിലൊരു ആധുനികതാ (Modernism) ദർശനം മലയാളകഥാസാഹിത്യത്തിൽ പ്രകടമാകുന്നത്. മനുഷ്യന്റെ ഒറ്റപ്പെടലും അവന്റെ അന്യവൽക്കരണവും ആധുനികതയുടെ ദർശനത്തിന്റെ ഭാഗമായിവന്നു. ഈ ജീവിതാവസ്ഥകളെ വ്യത്യസ്തരീതികളിലൂടെ അവതരിപ്പിക്കുകയാണ് ആധുനികരായ എഴുത്തുകാർ ചെയ്തത്.

ഒ.വി. വിജയൻ, എം. മുകുന്ദൻ, കാക്കനാടൻ, പത്മരാജൻ തുടങ്ങിയവരെല്ലാം ഈ സാഹിത്യഭാവുകത്വത്തെ ഒരു പ്രസ്ഥാനമായി വളർത്തിയെടുത്തു. ഈ കാലയളവിൽ പ്രചരിച്ച സാമൂഹികമായ നിഷ്ഫലത, പ്രതിബദ്ധതയില്ലായ്മ, അസ്തിത്വവാദം തുടങ്ങിയവയ്ക്കെതിരെ തന്റേതായ നിലപാടെടുത്ത കഥാകൃത്താണ് എം. സുകുമാരൻ. ആധുനികതയുടെ തുടർച്ചയും വികാസവുമായിരിക്കുമ്പോൾത്തന്നെ സുകുമാരന്റെ കഥകൾ സാമൂഹ്യയാഥാർത്ഥ്യപ്രതിപാദകങ്ങളായിരുന്നു. അന്നുവരെ തുടർന്നുവന്നിരുന്ന രചനാരീതിയിൽനിന്ന് വ്യത്യസ്തമായ

ദർശനവും സങ്കേതവുമാവിഷ്കരിച്ചുകൊണ്ടുള്ള കഥകളിലൂടെയാണ് എം. സുകുമാരൻ വ്യക്തിത്വം സ്ഥാപിച്ചത്.

കഥാഭൂമിക: സാമാന്യാവലോകനം

ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ കഥാലോകത്തേക്ക് കടന്നുവന്ന എം. സുകുമാരന്റെ ആദ്യകാല ചെറുകഥകൾ നിസ്സഹായരായ മനുഷ്യരുടെ നിലവിളികളും മൗനങ്ങളും നിറഞ്ഞവയായിരുന്നു. പിന്നീടുള്ള ചെറുകഥകൾ രാഷ്ട്രീയബോധം ഉൾക്കൊണ്ട് വ്യക്തമായ രാഷ്ട്രീയകാഴ്ചപ്പാടുകളിലൂടെ രചിച്ചവയായിരുന്നു. വിശ്വസിച്ച പ്രത്യയശാസ്ത്രങ്ങളുടെ തകർച്ചയും അത് സൃഷ്ടിച്ച നിരാശാബോധവുമായിരുന്നു തുടർന്നുള്ള ചെറുകഥകളിൽ നിഴലിച്ചിരുന്നത്. തന്റെ വീക്ഷണങ്ങളും ദർശനങ്ങളും അവതരിപ്പിക്കാനുള്ള മാധ്യമമായി ചെറുകഥകളെ സ്വീകരിക്കുമ്പോഴും ചില ഘട്ടങ്ങളിൽ നോവലിലേയ്ക്കും നോവലെറ്റിലേക്കും വികസിക്കുന്ന എഴുത്തിടങ്ങളിലൂടെ സുകുമാരന്റെ കഥാലോകം സഞ്ചരിച്ചിരുന്നു.

'പാറ', 'അഴിമുഖം', 'ശേഷക്രിയ', 'ജനിതകം' എന്നീ നാല് നോവലുകളാണ് സുകുമാരൻ രചിച്ചിട്ടുള്ളത്. ഐക്യകേരളരൂപീകരണം, ഇ.എം.എസ്. മന്ത്രിസഭയുടെ പിറവിയും പതനവും, കമ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പ്, നിരവധി തൊഴിലാളിസമരങ്ങൾ, അടിയന്തരാവസ്ഥ എന്നീ രാഷ്ട്രീയപരിസരങ്ങളാണ് സുകുമാരന്റെ നോവലുകളുടെ സാമൂഹികരാഷ്ട്രീയ പശ്ചാത്തലം.

സുകുമാരന്റെ നോവലുകളിലെല്ലാം തൊഴിലാളിയുടെ ജീവിതാവസ്ഥകളെയാണ് ആഖ്യാനം ചെയ്തിരിക്കുന്നത്. ഉദ്യോഗസ്ഥലോകം അനുഭവിക്കുന്ന സങ്കീർണ്ണതകളും സംഘർഷങ്ങളുമാണ് വാസു (പാറ)വിലൂടെയും വാസന്തി (അഴിമുഖം)യിലൂടെയും കുഞ്ഞയ്യപ്പനി (ശേഷക്രിയ)ലൂടെയും ഗോകുലൻ, ഭാസ്കരൻനായർ (ജനിതകം) എന്നിവരിലൂടെയും ആവിഷ്കരിച്ചിരിക്കുന്നത്. അധികാരപ്രയോഗങ്ങളിലൂടെ ജീവിതത്തിന്റെ ഗതിതന്നെ മാറിപ്പോകുന്ന മനുഷ്യരാണ് ഈ നോവലുകളിൽ നിറയുന്നത്.

കീഴുദ്യോഗസ്ഥർ മേലുദ്യോഗസ്ഥരെ അനുസരിക്കണമെന്നുള്ള ഡയറക്ടറുടെ ഉപദേശത്തിൽ അപാകതയുള്ളതായി ആദ്യഘട്ടത്തിൽ ശിപായിയായ വാസുവിന് തോന്നുന്നില്ല. മേലുദ്യോഗസ്ഥർക്ക് കാപ്പി വാങ്ങിക്കൊണ്ടുവരലും കത്ത് പോസ്റ്റുചെയ്യലും തന്റെ കർത്തവ്യങ്ങളാണെന്ന് വന്നതോടെ വാസുവിന്റെ അഭിമാനത്തിന് പോറലേൽക്കുന്നു.

വെള്ളക്കാരൻ മേലുദ്യോഗസ്ഥനായിരുന്നപ്പോൾ ഇന്ത്യാക്കാരനായ ശിപായി ചെയ്യേണ്ടിവന്ന വിടുപണികളുടെ തുടർച്ചയാണിത്. തൊഴിൽ വിഭജനം ജാതിവിഭജനമായ ഫ്യൂഡൽകാല മൂല്യങ്ങളെത്തന്നെയാണ് സ്വതന്ത്ര ഇന്ത്യയിലെ ഉദ്യോഗരംഗം അബോധത്തിൽ ആവാഹിച്ചെടുത്തത്. 'ശേഷക്രിയ'യിലും ജാതിയെ പ്രധാനപ്രശ്നമായി അധികാരസമൂഹം കാണുന്നു. കുഞ്ഞയ്യപ്പൻ എന്ന ഹരിജനായ തൊഴിലാളിയുടെ സത്യസന്ധതയും കൃത്യനിഷ്ഠതയും വിപ്ലവപാർട്ടിയോടുള്ള ആഭിമുഖ്യവും ഒന്നും അയാളെ പിന്തുണയ്ക്കുന്നില്ല. കാരണം ബോധിപ്പിക്കാതെയുള്ള പിരിച്ചുവിടൽ നോട്ടീസ് മാത്രം ഒരുത്തരമായി പ്രത്യക്ഷപ്പെടുമ്പോൾ പ്രത്യയശാസ്ത്രങ്ങളോടുള്ള വിശ്വാസത്തകർച്ചയും നിരാശയും എല്ലാം ചേർന്ന് ഒരു തൊഴിലാളിയുടെ ആത്മഹത്യയിലേക്ക് നീളുന്ന ദുരന്തമായി 'ശേഷക്രിയ' അവസാനിക്കുന്നു.

അധികാരവർഗത്തിന്റെ ചൂതാട്ടങ്ങളുടെ തുടർച്ചതന്നെയാണ് 'അഴിമുഖ'ത്തിലും പ്രതിഫലിക്കുന്നത്. ഡയറക്ടർ ചായവരുത്തിച്ചതാണ് വാസുവിന് അപമാനം എങ്കിൽ, ഉദ്യോഗസ്ഥയായ വാസന്തിയുടെ അഭിമാനവും അപമാനവും അവളുടെ ലൈംഗികതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓഫീസറുടെ ലൈംഗികാക്രമണങ്ങളെ അവൾ ചെറുത്തുനിന്നു. എന്നാൽ ബ്യൂറോക്രസിയുടെ ശക്തിയോടേറ്റുമുട്ടി അവൾ പരാജയപ്പെടുന്നു. ഇത്തരത്തിൽ പരാജയങ്ങളേറ്റു വാങ്ങുന്ന ഉദ്യോഗസ്ഥലോകത്തെ 'പാറ'യിലും കാണാവുന്നതാണ്. കസേരയിൽ ഇരുന്നതിന് മൂന്ന് വർഷത്തെ ഇൻക്രിമെന്റ് കട്ടുചെയ്യപ്പെട്ട ശിപായി രാമനാഥൻ, 'നമ്മള് എന്നും ശിപായിമാര് തന്നെ' എന്നു നെടുവീർപ്പിടുന്ന ശങ്കരപ്പിള്ള, മറ്റുള്ളവരുടെ താളത്തിന് തുള്ളേണ്ടി വരുന്ന നശിച്ച പണിയെ ശപിക്കുന്ന ഡ്രൈവർ, ആർക്കുമുന്നിലും തലകുനിക്കാത്തതിനാൽ പ്രമോഷൻ നിഷേധിക്കപ്പെട്ട ജനാർദനൻനായർ, അവസരോചിതമായി പെരുമാറി പ്രമോഷൻ നേടിയെടുക്കുന്ന അസോസിയേഷൻ പ്രസിഡണ്ട്, ഭർത്താവിന്റെ പ്രമോഷന് മേലുദ്യോഗസ്ഥന് ശരീരം നൽകുന്നവർ എന്നിങ്ങനെ വാസു കണ്ടുമുട്ടുന്ന ഉദ്യോഗസ്ഥലോകം വളരെ സങ്കീർണ്ണമാണ്. ഔദ്യോഗികമായ വിലാസം മാത്രമാണിവരുടെ സ്വത്വമെന്ന അവസ്ഥയാണ് നോവലിലുടനീളമുള്ള അസ്വസ്ഥതയായി രൂപപ്പെടുന്നതെന്ന് കാണാം.

'ശേഷക്രിയ'യിലെ കുഞ്ഞയ്യപ്പനും, 'പിതൃതർപ്പണ'ത്തിലെ വേണുകുമാരമേനോനും ആത്മഹത്യയിൽ അഭയം തേടുന്നു. എന്നാൽ 'ജനിതക'ത്തിലെ കവിയും വിപ്ലവമനസ്സുള്ളവനുമായ ഗോകുലൻ

പ്രത്യാശയുടെ പാത പിന്തുടരാൻ തീരുമാനിക്കുകയാണ്. 'പാറ'യും ശുഭപ്രതീക്ഷ നൽകിക്കൊണ്ടാണ് അവസാനിക്കുന്നത്. ജോലിയിൽനിന്നും പിരിച്ചുവിടപ്പെട്ട വാസു സ്വന്തം മണ്ണിലേക്ക് തിരിച്ചെത്തുന്നു. അയാൾ മണ്ണിലേയ്ക്കിറങ്ങി കയ്ക്കോട്ട് ആഴത്തിലമർത്തുമ്പോൾ ജീവചൈതന്യമായ ജലം പുറത്തേയ്ക്കൊഴുകുന്നു. ജൈവികമായ ഈ കുതിപ്പിനെ തടയുന്ന 'പാറ'കളെ തകർക്കാൻ അയാൾക്കിപ്പോൾ കരുത്തുണ്ട്.

'ചുവന്ന ചിഹ്നങ്ങൾ' എന്ന നോവെല്ലാ സമാഹാരത്തിലും അധികാരസങ്കീർണ്ണതകളെയാണ് അവതരിപ്പിച്ചിരിക്കുന്നത്. 'ആശ്രിതരുടെ ആകാശ'ത്തിലേയും 'അന്നയായി'യിലേയും 'ചക്കുകാള'യിലേയും 'കുഞ്ഞപ്പുവിന്റെ ദുഃസ്വപ്നങ്ങളി'ലേയും 'ശുദ്ധവായു'വിലേയും തൊഴിലാളി ജീവിതങ്ങൾ നേരിടുന്ന മുതലാളിത്ത വ്യവസ്ഥിതിയുടെ ആധിപത്യമുറകളും അടിച്ചമർത്തലുകളുമാണ് പ്രതിപാദിക്കുന്നത്. "മുതലാളിയുണ്ടെങ്കിലേ നിനക്ക് നിലനില്പുള്ളൂ. കച്ചവടം നിലച്ചാൽ നീ തുലയും. കഠിനമായി അദ്ധ്വാനിക്കണം. കർമ്മത്തിലാണ് നീ വിശ്വസിക്കേണ്ടത്. പ്രതിഫലത്തിലല്ല. കളവു പറയരുത്, മദ്യപിക്കരുത്, വ്യഭിചരിക്കരുത്." (ആശ്രിതരുടെ ആകാശം, 2004: 11).

അധികാരം, ജാതി, വിശ്വാസം, ആത്മഹത്യ തുടങ്ങി നിരവധി തലങ്ങൾ ഉയർത്തുന്ന രാഷ്ട്രീയ പ്രശ്നങ്ങളാണ് സുകുമാരന്റെ കഥാലോകത്തിൽ നിറഞ്ഞുനിൽക്കുന്നത്. ചെറുകഥയുടെ ആഖ്യാനശില്പത്തിലൊതുങ്ങാതെ വരുമ്പോൾ നോവലിന്റെയും നോവലെറ്റിന്റെയും ആഖ്യാനസാധ്യതകളെ ഉപയോഗപ്പെടുത്തുന്ന രീതിയും സുകുമാരന്റെ കഥാലോകത്തിൽ പ്രകടമാകുന്നു.

### അധികാര-പ്രതിരോധ ആവിഷ്കാരങ്ങൾ

അധികാരം എന്നും എക്കാലത്തും സമാനസ്വഭാവം നിലനിർത്തുന്ന കാഴ്ചയാണ് സുകുമാരന്റെ കഥകളിൽ നിറയുന്നത്. ചൂഷണം നടത്തിയും അടിമയാക്കിയും സ്വന്തം താല്പര്യം സംരക്ഷിച്ചുമാണ് അധികാരവ്യവസ്ഥ നിലനിൽക്കുന്നത്. സ്വന്തം സുഖഭോഗങ്ങൾ വർദ്ധിപ്പിക്കുന്നതിൽ മാത്രമാണ് അധികാരം കേന്ദ്രീകരിക്കുന്നതെന്ന് തുറന്നുപറയുകയാണ് സുകുമാരന്റെ കഥാലോകം.

മാനവചരിത്രത്തെ വിവിധഘട്ടങ്ങളിലൂടെ അവതരിപ്പിക്കുന്ന ചരിത്രഗാഥയിൽ കീഴടങ്ങലും വിധേയത്വവും അടിമത്തവും ചരിത്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും സാമൂഹ്യജീവിതത്തെ സ്വാധീനിച്ചിട്ടുണ്ടെന്ന്

വ്യക്തമാകുന്നു. 'ചരിത്രഗാഥ', 'ഭരണകൂടം' എന്നീ കഥകളെ ഉദാഹരിച്ച് ഇത് വ്യക്തമാക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

വിശ്വരൂപൻ, പ്രിയഗുപ്തൻ എന്നീ കഥാപാത്രങ്ങൾ അധികാരം, അടിമത്തം എന്നീ മനുഷ്യാവസ്ഥയുടെ പ്രതിനിധാനങ്ങളാണ്. ചൂഷണം/അദ്ധ്വാനം, ഉടമ/അടിമ, ആധിപത്യം നടത്തുന്ന ന്യൂനപക്ഷം/വിധേയത്വമുള്ള ഭൂരിപക്ഷം, വിയർക്കാതെയും വിതയ്ക്കാതെയും ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നവർ/വിതച്ചിട്ടും അദ്ധ്വാനിച്ചിട്ടും വേണ്ട പ്രതിഫലം ലഭിക്കാത്തവർ ഇങ്ങനെയുള്ള വ്യത്യസ്ത സ്വഭാവസവിശേഷതകളുടെ പ്രതിനിധാനമാണ് പ്രിയഗുപ്തനും വിശ്വരൂപനും. ഉടമ നിയന്ത്രിക്കേണ്ടവനും അധികാരം സ്ഥാപിക്കേണ്ടവനുമാണെന്നും താൻ അടിമയും മറ്റുള്ളവരുടെ സൗജന്യത്തിൽ കഴിയേണ്ടവനാണെന്നും വിശ്വസിക്കുന്ന വ്യക്തിയും സമൂഹവും എക്കാലത്തും മാനസിക അടിമത്തത്തിൽ നിലകൊള്ളുന്നവരാണ്. മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ഉടമ/അടിമ ബോധത്തെ അനാവരണം ചെയ്യുന്നു ഈ കഥ.

അടിമത്തബോധവും വിധേയത്വവും അധികാരവ്യവസ്ഥയെ നിലനിർത്തുന്ന ഘടകങ്ങളാണ്. അടിമബോധം ഉള്ളവൻ അനുസരിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നവരായിരിക്കും. അതുകൊണ്ടുതന്നെ തങ്ങളെ സംരക്ഷിക്കേണ്ടവരും തങ്ങൾക്ക് ദിശാബോധം നൽകേണ്ടവരും തങ്ങളെ ഭരിക്കുന്നവരാണെന്നും അവരോടുള്ള അനുസരണം ജീവിതത്തിന്റെ സ്വാഭാവിക കർമ്മമാണെന്നും ഇത്തരം വ്യക്തിത്വങ്ങൾ ഉൾക്കൊള്ളുന്നു. ഈ കഥയിൽ, പ്രിയഗുപ്തനും കൂട്ടരും തങ്ങൾ ആധിപത്യത്തിന് ശ്രമിക്കുന്നവരുടെ അടിമകൾ ആണെന്നും അനുസരിക്കുന്നവരാണെന്നും അവർക്ക് വഴങ്ങുന്നവരാണെന്നും സ്വയം അംഗീകരിക്കുന്നു. അതുതന്നെയാണ് വിശ്വരൂപന് ബലം നൽകുന്നത്. പിന്നീട് പ്രതിരോധത്തിലൂടെ അതിജീവിച്ച് സ്വയം വിമോചിതരാവാൻ ശ്രമിക്കുന്ന പ്രിയഗുപ്തനെയും കൂട്ടുകാരെയും കഥാകൃത്ത് അവതരിപ്പിക്കുന്നതിലൂടെ മനുഷ്യരാശിയുടെ സ്വാതന്ത്ര്യത്തിനും വികാസത്തിനുംവേണ്ടിനിലകൊള്ളുന്ന സർഗാത്മക വ്യക്തിത്വത്തെയാണ് പ്രത്യക്ഷീകരിക്കുന്നത്. വ്യക്തിയോ സമൂഹമോ തിരിച്ചറിയാൻ വൈകുന്ന, അവനിൽ കടന്നുകൂടുന്ന വിധേയത്വത്തിന്റെയും അടിമവൽക്കരണത്തിന്റെയും സൂക്ഷ്മസ്വഭാവത്തെയും അതിന്മേൽ അധികാരം മേൽക്കോയ്മ സ്ഥാപിക്കുന്നതിന്റെയും വിശദാംശങ്ങൾ 'ചരിത്രഗാഥ' തുറന്നുകാണിക്കുന്നു.

'ഭരണകൂടം' എന്ന കഥയിൽ അവതരിപ്പിക്കുന്ന രാജാവ്, ഭരണകൂടം സ്ഥാപിക്കുന്ന നിഗൂഢാധികാരത്തിന്റെ പ്രതിനിധാനമാണ്. രാജകുമാരനായ ശശാങ്കനും ആട്ടിടയനായ ഗോകുലനും സർഗാത്മകമൂല്യവ്യക്തിത്വത്തെയും സ്വാതന്ത്ര്യബോധത്തെയുമാണ് പ്രതിനിധീകരിക്കുന്നത്. പുല്ലും വെള്ളവും ഉപയോഗിക്കാനുള്ള അനുവാദം നൽകുന്നതിലൂടെ ഗ്രാമാധിപൻ നാട്ടുകാരുടെമേൽ തന്റെ അധികാരം കൗശലപൂർവ്വം പ്രഖ്യാപിക്കുന്നു. പൂജാരിയെത്തന്നെ ന്യായാധിപനാക്കുന്നതിലൂടെ മതവും ഭരണകൂടവും തമ്മിലുള്ള സഹകരണംകൂടി കഥാകൃത്ത് സൂചിപ്പിക്കുന്നു അധികാരം നിലനിർത്താൻവേണ്ടി ഭരണകൂടം എത്രത്തോളം മനുഷ്യത്വവിരുദ്ധവും ക്രൂരവുമായ നയങ്ങളാണ് നടപ്പിലാക്കുന്നതെന്ന് യുവാവായ ശശാങ്കന്റെ അനുഭവങ്ങളിലൂടെ അനാവൃതമാവുന്നു.

തോക്കുകൾ തുടച്ച് വൃത്തിയായി സൂക്ഷിച്ചുവെക്കുന്ന രാജാവിനെയാണ് കഥാരംഭത്തിൽ അവതരിപ്പിക്കുന്നത്. നിഗൂഢവൽക്കരിച്ചും ആയുധവൽക്കരിച്ചും ഭയപ്പെടുത്തിയുമാണ് എക്കാലവും ഭരണകൂടത്തെ അധികാരിവർഗം നിലനിർത്തിയതെന്ന് ഈ പാഠത്തിൽ വായിച്ചെടുക്കാം. 'ഭരണകൂടം, പ്രത്യയശാസ്ത്രം, മതം തുടങ്ങിയവ സ്വയം വെളിപ്പെടാതെ ആധിപത്യം ചെലുത്തുമ്പോൾ അധികാരം നിഗൂഢമായി സ്ഥാപിക്കുകയാണ് ചെയ്യുന്നത്' (2001: 147) എന്ന് പി.എം. ഗിരീഷ് അധികാരത്തെയും ഭാഷയെയും കുറിച്ചുള്ള ചർച്ചയിൽ അഭിപ്രായപ്പെടുന്നുണ്ട്.

നിഗൂഢതയും ഭയവും നിറഞ്ഞ ഈ കൊട്ടാരം വേണ്ട എന്ന് ശശാങ്കൻ പറയമ്പോൾ രാജാവിന്റെ മറുപടി 'അനുസരണയുടെ ശ്വാനന്മാർ എന്നും നമുക്കു ചുറ്റും കാൽനക്കിയും വാലിളക്കിയും നിൽക്കും. ഈ തോക്കുകളെ നാം ഭദ്രമായി സൂക്ഷിക്കണം. ഇതിന്റെ കുഴലിനകത്തെ ചൂടാറാത്ത പുകയാണ് നമ്മുടെ അധികാരം' (2012:167). അന്യനിൽ ഉണ്ടാക്കുന്ന ഭയത്തിന്റെയും വിധേയത്വത്തിന്റെയും അനുസരണത്തിലൂടെയുമാണ് അധികാരം സുരക്ഷിതമാവുന്നത്.

തോക്കും ഓടക്കുഴലും ഈ കഥയിലെ കേന്ദ്രസൂചകങ്ങളായി കടന്നുവരുന്നു. തോക്ക് അധികാരത്തെ കുറിക്കുമ്പോൾ, ഓടക്കുഴൽ സ്വാതന്ത്ര്യം, സർഗാഹ്ലാദം, ശാന്തി എന്നിവയുടെ ചിഹ്നമാകുന്നു. തന്റെ ഓടക്കുഴൽ ശശാങ്കനുകൊടുത്ത് പകരമായി ഗോകുലൻ വാങ്ങിയ തോക്ക് ജനങ്ങളിലെത്തുന്നതോടെ അതവരുടെ ഇച്ഛയുടെ തന്നെ ഒരു വിപുലനമായി മാറുന്നു. അതോടെ തടവറകൾ തകരുന്നു. ശശാങ്കൻ അച്ഛന്റെ പത്തുതോക്കുകൾ കൂടി ജനങ്ങൾക്കു നൽകി ഓടക്കുഴൽ

വായനയിൽ മുഴുകുന്നു. ഗോകുലൻ ഓടക്കുഴലിനു പകരം തോക്കു വാങ്ങുമ്പോൾ തന്റെ ശാന്തജീവിതത്തിന്റെ ആനന്ദം ശശാങ്കനുനൽകി പകരം അധികാരം പ്രതീകാത്മകമായി ഏറ്റുവാങ്ങുകയാണ് ചെയ്യുന്നത്. ആ അധികാരം ജനങ്ങളിലേക്ക് പകരുന്നതോടെ അത് അധികാരമെന്ന സ്വഭാവം കൈവെടിഞ്ഞ് സ്വാതന്ത്ര്യം തന്നെയായി മാറുന്നു. ശശാങ്കന്റെ ചുണ്ടിലൂടെ ഒടുവിൽ ഒഴുകിവീഴുന്നത് ആ സ്വാതന്ത്ര്യത്തിന്റെ സംഗീതമാണ്. നാടുവാഴിയായ പിതാവ് ദുഃഖത്താൽ മരിക്കുകയും ന്യായാധിപനും കാവൽമുഖ്യന്മാരും ഭഗ്നാശരാവുകയും ചെയ്യുമ്പോഴും ശശാങ്കന് മുരളീഗാനത്തിൽ മുഴുകാൻ കഴിയുന്നത് അയാൾ തന്റെ സ്വാതന്ത്ര്യം സ്വന്തം ഉള്ളിൽത്തന്നെ കൊണ്ടുനടക്കുന്നതുകൊണ്ടാണ്. വിപ്ലവമുഹൂർത്തത്തിൽ തോക്കും ഓടക്കുഴലും പരസ്പരവിരുദ്ധങ്ങളല്ല, പരസ്പരപൂരകങ്ങളാണ്. തോക്ക് ജനതയ്ക്കെതിരായ ഭരണകൂടോപകരണമായിരിക്കുമ്പോഴാണ് ഓടക്കുഴൽ അതിനെതിരായിരിക്കുന്നത്.

അധികാരബോധങ്ങളിലെ ഉൾക്കാഴ്ചകളാണ് സുകുമാരന്റെ കഥകൾ അവതരിപ്പിക്കുന്നത്. വിഭിന്ന ഭാവങ്ങൾ പ്രകടിപ്പിക്കുന്ന അധികാരശക്തികളുടെ ചരിത്രഗാഥയായിത്തീരുന്നു ഈ കഥകൾ. ആധിപത്യത്തിലേയ്ക്കുമാത്രം ചുരുങ്ങുന്ന അധികാരസങ്കല്പങ്ങളാണ്, 'സിംഹ'ത്തിലും 'അന്നന്നത്തെ അത്താഴ'ത്തിലും 'ജലജീവികളുടെ രോദന'ത്തിലും 'സിംഹാസനങ്ങളിൽ തുരുമ്പ്' തുടങ്ങി സുകുമാരന്റെ കഥകളിലെല്ലാം നിറയുന്നത്.

അധികാരലോപംവന്ന ബ്യൂറോക്രാറ്റായ 'സിംഹ'ത്തിലെ ഗോവിന്ദൻനായർക്ക് സ്വന്തം അധികാരത്തിന്റെ പ്രതാപനഷ്ടമാണ് ഏറ്റവും വലിയ ദുഃഖമായി മാറുന്നത്. അധികാരത്തിന്റെ പ്രശ്നം സംഘടനയുടെ അപചയവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്ന കഥകളാണ്. 'കുറ്റപത്രത്തിന് മറുപടി', 'കല്പവൃക്ഷത്തിന്റെ ഇല' തുടങ്ങിയ കഥകൾ. അധികാരപ്രശ്നങ്ങൾ കുടുംബബന്ധങ്ങളിലേല്പിക്കുന്ന പോറലുകളാണ് 'ഇനിയുറങ്ങാം', 'ആശ്രിതരുടെ ആകാശം' എന്നീ കഥകൾ. ഭർത്താവിന്റെ ഉദ്യോഗവും അതു നിലനിർത്തുന്നതിനായി മേലുദ്യോഗസ്ഥന് ശരീരം വിൽക്കേണ്ടിവരുന്ന സ്ത്രീ ജീവിതങ്ങളെയുമാണ് ഇവിടെ അവതരിപ്പിക്കുന്നത്. പുരുഷാധികാരവ്യവസ്ഥ ചൂഷണം ചെയ്യുന്ന സ്ത്രീജീവിതങ്ങളിലൂടെ ലൈംഗികതയുടെ രാഷ്ട്രീയത്തെ അതിശക്തമായി സുകുമാരൻ ആവിഷ്കരിച്ചിരിക്കുന്നു. 'വേപ്പിൻപഴങ്ങളി'ലെ 'ഊമയായ പെൺകുട്ടി', 'മനക്കണക്ക്', 'രഥോത്സവം', 'നക്ഷത്രരശ്മി' തുടങ്ങിയ നിരവധി കഥകളിലൂടെ അധികാരം അടിച്ചമർത്തുന്ന ലൈംഗികതയുടെ ഭാവതലങ്ങളെ അവതരിപ്പിച്ചിരിക്കുന്നു. 'ചരിത്രഗാഥ',

'സംഘഗാനം', 'വിചാരണയ്ക്കുമുമ്പ്', 'അയൽരാജാവ്', 'ഭരണകൂടം', 'സിംഹാസനങ്ങളിൽ തുരുമ്പ്' തുടങ്ങിയ കഥകളിൽ അധികാരത്തെ അന്യാപദേശങ്ങളിലൂടെ അവതരിപ്പിച്ചുകൊണ്ട് മധ്യവർഗത്തിന്റെ വിമോചനഗാഥകൾ രചിക്കുന്നു. ഭരണകൂടവും മറ്റ് അധികാരസ്ഥാപനങ്ങളും നീതിനിർവ്വഹണത്തിൽ പരാജയപ്പെടുന്നതിനെക്കുറിച്ചുള്ള ഈ കഥകളിൽ പലതിലും നീതിപീഠം തന്നെയാണ് മനുഷ്യവിരുദ്ധമായ അധികാരകേന്ദ്രമായി കല്പിക്കപ്പെടുന്നത്. ഉദ്യോഗക്കയറ്റം കിട്ടാൻ ഭാര്യയെ മേലുദ്യോഗസ്ഥർക്ക് കാഴ്ചവെയ്ക്കുന്ന 'ഇനിയുറങ്ങാം'പോലുള്ള ആദ്യകാലരചനകൾക്കുശേഷം അധികാരവിമർശനത്തിനുള്ള ഒരുപായമായി ബ്യൂറോക്രസി നേരിട്ടുകടന്നുവരുന്ന സുകുമാരന്റെ കഥകൾ, 'കുറ്റപത്രത്തിനു മറുപടി', 'കൽപവൃക്ഷത്തിന്റെ ഇല', 'അന്നന്നത്തെ അത്താഴം', 'സിംഹം', 'ജലജീവികളുടെ രോദനം' തുടങ്ങിയവയാണ്. ചുരുക്കത്തിൽ, അധികാരം മുന്നോട്ടുവയ്ക്കുന്ന സംഘർഷഭൂമികയാണ് എം. സുകുമാരന്റെ കഥകൾക്ക് ചുറ്റുമതിലുകൾ സൃഷ്ടിച്ചിരിക്കുന്നത്.

## സഹായകഗ്രന്ഥങ്ങൾ


1. അച്യുതൻ, എം., 1973, ചെറുകഥ ഇന്നലെ ഇന്ന്, കോട്ടയം ഡി.സി. ബുക്സ്.
2. ഒരു സംഘം ലേഖകർ, 1992, എം. സുകുമാരൻ കഥാകാലം വ്യക്തി, കൊല്ലം, ഇംപ്രിന്റ് ബുക്സ്.
3. സുകുമാരൻ, എം., 1970, പാറ, തൃശ്ശൂർ, കറന്റ് ബുക്സ്.
4. സുകുമാരൻ, എം., 1971, അഴിമുഖം, കോട്ടയം, സാഹിത്യപ്രവർത്തകസഹകരണ സംഘം.
5. സുകുമാരൻ, എം., 1979, ശേഷക്രിയ, കോട്ടയം ഡി.സി ബുക്സ്.
6. സുകുമാരൻ, എം., 1994, ജനിതകം, തൃശ്ശൂർ, കറന്റ് ബുക്സ്.
7. സുകുമാരൻ, എം., 2004, ചുവന്ന ചിഹ്നങ്ങൾ, തൃശ്ശൂർ, കറന്റ് ബുക്സ്.
8. സുകുമാരൻ, എം., 2012, എം. സുകുമാരന്റെ കഥകൾ സമ്പൂർണ്ണം, കോട്ടയം, ഡി.സി. ബുക്സ്.
9. സുനിൽ, പി. ഇളയിടം. 2009. ദമിതം: ആധുനികതാവാദത്തിന്റെ രാഷ്ട്രീയഅബോധം, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.



**മെറിൻ ജോയ്**

ഗവേഷക

ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ.

marinjoy1@gmail.com

# പരിണയം
# ഉരൽപ്പുരയിൽ നിന്ന് ഒരുറച്ച ശബ്ദം

ദുരനുഭവങ്ങളുടെ ഒരു പരമ്പരമാത്രം ജീവിതം എന്നപേരിൽ അനുഭവിക്കാൻ വിധിക്കപ്പെട്ട അന്തർജ്ജനങ്ങളുടെ വേദനിപ്പിക്കുന്ന ചിത്രങ്ങൾ മലയാള സാഹിത്യത്തിൽ നോവലുകളായും നാടകങ്ങളായും ചെറുകഥകളായും പുറത്തുവന്നിട്ടുണ്ട്. ഇത്തരംകൃതികളിൽ ഏറിയ പങ്കും ഉണ്ടായത് ആ സമുദായത്തില്പെട്ട എഴുത്തുകാരിൽ നിന്നു തന്നെയാണ്. (ലളിതാംബികാ അന്തർജ്ജനം, വി.ടി.ഭട്ടതിരിപ്പാട്, എം.ആർ.ഭട്ടതിരിപ്പാട്, എം.പി.ഭട്ടതിരിപ്പാട് മുതലായവർ).

നമ്പൂതിരി സമുദായത്തിൽ നിലവിലിരുന്ന സ്മാർത്തവിചാരം എന്ന ആചാരത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യാവസ്ഥയുടെ—അതിലെ സ്ത്രീ ജിവിതത്തിന്റെ—ദുരിതപർവ്വം ആലേഖനം ചെയ്യുകയാണ് 1994-ൽ പുറത്തു വന്ന 'പരിണയം' എന്ന ചലച്ചിത്രത്തിന്റെ തിരക്കഥയിലൂടെ എം.ടി.വാസുദേവൻ നായർ. മനുഷ്യനെ അവൻ ആർജ്ജിച്ചെടുത്ത സാംസ്കാരിക നവോത്ഥാനങ്ങളിൽനിന്ന് നൂറ്റാണ്ടുകളോളം പിന്നോട്ടടിക്കുന്ന ആചാരവൈകൃതങ്ങളും അതിനെ നേർക്കുനേർ നേരിടേണ്ടി വരുമ്പോൾ പ്രഖ്യാതമായ സാമുദായിക സംഘടനകൾ പേറുന്ന ദൗർബ്ബല്യങ്ങളും യാഥാർത്ഥ്യ ബോധത്തോടെയും ചരിത്രബോധത്തോടെയും ഈ തിരക്കഥ അവതരിപ്പിക്കുന്നു. കഥയും കഥാപാത്രങ്ങളും സാങ്കല്പികമാണെങ്കിലും സ്മാർത്തവിചാരത്തിന്റെ ചിട്ടകളോടും ചട്ടങ്ങുകളോടും നീതി പുലർത്തി ഗവേഷണബുദ്ധിയോടെ രചിയ്ക്കപ്പെട്ടതിനാൽ കേരളത്തിന്റെ സാംസ്കാരികചരിത്രത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടം എന്ന നിലയിലും ശ്രദ്ധേയമാണ് ഈ തിരക്കഥ.

ആചാരങ്ങൾ തീർക്കുന്ന കടുത്ത അസ്വാതന്ത്ര്യങ്ങൾക്കിടയിൽപ്പെട്ട് ഇരുട്ടുനിറഞ്ഞ ഉരൽപ്പുരകളിലേക്ക് വലിച്ചെറിയപ്പെട്ട ബ്രാഹ്മണ സ്ത്രീ മനസ്സുകൾ മിക്കതും സ്വന്തം കർമ്മഫലത്തെ മാത്രം പഴിയ്ക്കാൻ പാകപ്പെട്ടിരുന്നു. സ്വാതന്ത്ര്യത്തിന്റേയും അഭിമാനബോധത്തിന്റേയും വെളിച്ചം അവരുടെ മനസ്സുകളിൽ തെളിയിച്ചത് നമ്പൂതിരി സമുദായത്തിനുള്ളിൽത്തന്നെ നടന്ന പരിഷ്കരണങ്ങളായിരുന്നു. സ്വസമുദായത്തിനുള്ളിൽ പുലരുന്ന ജീർണതകളെ ജനമദ്ധ്യത്തിൽ വിളിച്ചു പറയുകയും അവ കുടഞ്ഞു കളഞ്ഞ് ഒരു സ്വയം ചികിത്സയ്ക്ക് ധൈര്യം കാണിക്കാൻ സമൂഹത്തോട് ആഹ്വാനം ചെയ്യുകയും ചെയ്തവരാണ് വി.ടി.ഭട്ടതിരിപ്പാടിനെപ്പോലുള്ളവർ. പ്രതിഷേധിക്കാനും പ്രതിരോധിക്കാനും സ്ത്രീസമൂഹത്തിന് അവർ പകർന്നു കൊടുത്ത ഊർജ്ജം ചെറുതല്ലായിരുന്നു.

സ്മാർത്തവിചാരം

"ചരിത്രത്തിൽ എല്ലാക്കാലത്തും എല്ലാ സമൂഹത്തിലും അധികാരി വർഗം ഉണ്ടായിരുന്നു. ആ വർഗ്ഗത്തിലുള്ള സ്ത്രീകളാണ് ഏറ്റവും വലിയ ദുരന്തങ്ങൾ അനുഭവിച്ചുപോരുന്നതും അനുഭവിക്കുന്നതും. കാരണം അധികാരി വർഗത്തിലുള്ള പുരുഷന്റെ സുഖസാമഗ്രി മാത്രമല്ല പ്രദർശനവസ്തു കൂടിയാണ് സ്ത്രീ. അവളിൽ അവന്റെ ഉടമസ്ഥാവകാശം നിലനിർത്തണം. അപ്പോൾ സാധനം ജീവനുള്ള വസ്തുവാണെങ്കിലും അതിനു സ്വാതന്ത്ര്യം അനുവദിച്ചു കൂടാ." അങ്ങനെ ഒരധികാരം അഥവാ മേധാവിത്തം സ്ഥാപിക്കലിന്റെ അടയാളമാണ് സ്മാർത്തവിചാരം.

ശങ്കരാചാര്യരുടേതായി അറിയപ്പെടുന്ന സ്മൃതിനിയമങ്ങൾ തന്നെ ശങ്കരാചാര്യരാൽ രചിക്കപ്പെട്ടതല്ലെന്ന വാദം നിലനില്ക്കെയാണ് ആചാര്യകല്പിതം എന്ന മേൽവിലാസത്തിൽ കേരളത്തിലെ നമ്പൂതിരിമാർ ഈ ചടങ്ങ് നടത്തിപ്പോന്നത്. സ്മാർത്തവിചാര നടപടികൾക്ക് 'അടുക്കളദോഷശങ്ക' (വ്യഭിചാരസംശയം) മാത്രം ധാരാളമായിരുന്നു. ഒരു അന്തർജ്ജനത്തെപ്പറ്റി ഗൃഹസ്ഥന് (ഭർത്താവിന്) വ്യഭിചാര സംശയം തോന്നിയാൽ അവരെ സ്മാർത്തവിചാരത്തിന് വിധേയയാക്കുകയും കുറ്റം തെളിയിക്കപ്പെട്ടാൽ സമുദായഭ്രഷ്ടയാക്കി പുറംതള്ളുകയുമാണ് പതിവ്. നിരപരാധിയാണെന്ന് ബോധ്യപ്പെട്ടാൽ 'അഴിവ് ചൊല്ലൽ' എന്ന ചടങ്ങിലൂടെ കുറ്റവിമുക്തയാക്കുന്ന ഏർപ്പാടും ഉണ്ടായിരുന്നു. എന്നാൽ വിചാരവേളയിൽ ആ സ്ത്രീ അനുഭവിച്ച കൊടിയ

ശാരീരിക മാനസിക പീഡനങ്ങൾക്ക് മറുപടിയില്ല. അതേ സമയം നമ്പൂതിരിസമുദായത്തിലെ പുരുഷന്മാരാവട്ടെ കുത്തഴിഞ്ഞ ലൈംഗികസ്വാതന്ത്ര്യം അനുഭവിച്ചു പോരികയും ചെയ്തു. സ്മാർത്തവിചാരം എന്ന ചടങ്ങ് സ്വാർത്ഥനിഷ്ഠമായ പുരുഷമേധാവിത്വത്തിന്റെ പ്രകടനപരമായ ഉപോത്പന്നവും താൻ അടിമയാക്കി വച്ചിരുന്ന സ്ത്രീയുടെ സ്വത്വത്തിനുമേൽ താൻ മാത്രമാണ് പരമാധികാരി എന്ന പുരുഷവർഗത്തിന്റെ പ്രഖ്യാപനവും മാത്രമല്ല, ചിന്തയിലും വാക്കിലും പ്രവൃത്തിയിലും വേട്ട നമ്പൂതിരിയെ മാത്രം ധ്യാനിച്ചു ജീവിച്ചുകൊള്ളണമെന്ന് അകായിലെ സാധുക്കൾക്കുള്ള ഭീഷണമായ മുന്നറിയിപ്പും കല്പനയും കൂടിയാണ്. അകായിലെ പാവം സ്ത്രീജന്മങ്ങൾക്ക് അനുഭവിക്കേണ്ടി വന്ന മനുഷ്യത്വരഹിതവും ക്രൂരവുമായ സ്മൃതി നിയമങ്ങളിൽ ഏറ്റവും ഭീകരമായിരുന്നു സ്മാർത്തവിചാരവും തുടർന്നുള്ള ഭ്രഷ്ടും.

ചടങ്ങുകൾ;

തന്റെ ഇല്ലത്തുള്ള ഒരു അന്തർജ്ജനത്തിന്റെ ചാരിത്രശുദ്ധിയിൽ ഗൃഹസ്ഥന് സംശയം തോന്നിയാൽ ആ വിവരം അയാൾ അമ്പലസഭയിൽ അറിയിക്കുന്നു. തുടർന്ന് അയാളുടെ ഇണങ്ങർ ഇല്ലത്തുവന്ന് അന്തർജ്ജനത്തിന്റെ ദാസിമാരെ ചോദ്യംചെയ്യുന്നു. ഇതിന് 'ദാസീവിചാരം' എന്നാണ് പറയുന്നത്. അതിലൂടെ ഗൃഹസ്ഥന്റെ സംശയത്തിന് അടിസ്ഥാനമുണ്ടെന്നു കണ്ടാൽ ആ സ്ത്രീയെ ഇല്ലത്തുതന്നെ തടവിലാക്കുകയും കാവലിടുകയും ചെയ്യുന്നു. 'അഞ്ചാംപുരയിലാക്കൽ'എന്നാണ് ഈ തടവിലാക്കലിന്റെ പേര്. അന്നു മുതൽ 'സാധനം' എന്നാണ് ആ അന്തർജ്ജനം വിളിക്കപ്പെടുന്നത്.

തുടർന്ന് ഇണങ്ങരെ ഒപ്പംകൂട്ടി ഗൃഹനാഥൻ രാജാവിനെ മുഖം കാണിച്ച് വിധിപ്രകാരം സ്മാർത്തവിചാരം നടത്തിത്തരണം എന്നപേക്ഷിക്കുന്നു. രാജാവ് വേദങ്ങളിലും സ്മൃതി-ശ്രുതി നിയമങ്ങളിലും പണ്ഡിതനായ ഒരു വൈദികന് (ഇയാൾ സ്മാർത്തൻ എന്നറിയപ്പെടുന്നു) വിചാരം നടത്താൻ ഉത്തരവ് നൽകുന്നു. അതോടെ 'സ്മാർത്തവിചാരം' ആരംഭിക്കുന്നു.

സൂക്ഷ്മമായ കുറ്റവിചാരണയാണ് സ്മാർത്തവിചാരം. സ്മാർത്തനു പുറമേ പണ്ഡിതന്മാരായ നമ്പൂതിരിമാർ (മീമാംസകർ), സഭാപ്രതിനിധി (അകക്കോയ്മ), രാജപ്രതിനിധി (പുറക്കോയ്മ) എന്നിവരും ചേർന്നതാണ് സ്മാർത്തവിചാര സംഘം. സാധനത്തെക്കൊണ്ട് എന്തു വിധേനയും സത്യം പറയിപ്പിച്ച് കുറ്റം തെളിയിക്കുക. സ്മാർത്തന്റെ ഉത്തരവാദിത്തമാണ്. പ്രലോഭനങ്ങളും വാഗ്ദാനങ്ങളും

പരാജയപ്പെട്ടാൽ ദണ്ഡനമുറകൾ തുടങ്ങും. ആരോപിതയായ സ്ത്രീയെ പട്ടിണിയ്ക്കിടുക, മുറിയിലേക്ക് വിഷജന്തുക്കളെ കയറ്റിവിടുക, പായയിൽ ചുരുട്ടി മുകളിൽ നിന്ന് താഴേക്ക് ഉരുട്ടുക എന്നിവ ദണ്ഡന മുറകളിൽ ചിലതാണ്.

കുറ്റം സമ്മതിച്ചുകഴിഞ്ഞാൽ പിന്നെ സംസർഗത്തിന്റെ വിശദാംശ ങ്ങൾ അന്വേഷിക്കും. ജാരൻ ആര്, സംസർഗം നടന്ന സ്ഥലം, സമയം, സാഹചര്യം മുതലായ എല്ലാ വിശദാംശങ്ങളും വിചാരസംഘം ചോദി ച്ചറിയും. ആവശ്യമെങ്കിൽ പുറമേനിന്നും വിവരങ്ങൾ തേടും. 'ബഹി ർവിചാരം' എന്നാണ് ഇതിനു പേര്. അതിനോടകം ആ പെൺകുട്ടി യുടെ ആത്മബലം മുഴുവൻ നഷ്ടമായിരിക്കും. വിശദമായ കുറ്റസമ്മതം ലഭിക്കുന്നതോടെ വിചാരം അവസാനിപ്പിക്കും.

വിചാര വിവരങ്ങൾ രാജാവിനെ അറിയിച്ച് അനുവാദം വാങ്ങി സ്മാർത്തൻ സ്വരൂപം ചൊല്ലൽ നടത്തുന്നു. തുടർന്ന് വ്യഭിചാര ശങ്ക തെളിയിക്കപ്പെട്ട സ്ത്രീയും അവളുമായി ബന്ധം പുലർത്തിയ പുരുഷന്മാ രും സ്വസമുദായത്തിൽ നിന്നും കുടുംബത്തിൽ നിന്നും ഭ്രഷ്ടാക്കപ്പെട്ടു ന്നു. ഭ്രഷ്ടയാക്കപ്പെട്ട സ്ത്രീകളുടെ പിന്നീടുള്ള ജീവിതം പരമദയനീയ മാണ്. ഉദക വിഛേദം നടത്തി മറക്കുട ചവിട്ടിപ്പൊളിച്ച് അവരെ പടി കടത്തുന്നു. പിഴപ്പിച്ചയാൾ ഏറ്റെടുക്കാൻ തയ്യാറായാൽ അയാളോടൊ പ്പം പോകാം. അല്ലെങ്കിൽ പടിപ്പുരയ്ക്കു പുറത്തു കാമക്കണ്ണുമായി കാത്തു നില്ക്കുന്ന ഏതെങ്കിലും വിജാതീയന്റെ ഇരയാവാം.

തിരക്കഥ:

കേരളത്തിൽ നൂറ്റാണ്ടുകളായി നിലനിന്ന ഈ ആചാരത്തി ന്റെ വിശദാംശങ്ങളെ കൃത്യതയോടെ പിൻതുടരുന്ന രചനയാണ് 'പരിണയം' എന്ന തിരക്കഥ. നമ്പൂതിരിമാരുടെ ഇടയിൽ ആഢ്യത്വ വും പ്രഭുത്വവുംകൊണ്ട് പേരുകേട്ട പാലക്കുന്നത്തു മനയിലെ വൃദ്ധനായ നമ്പൂതിരി ദാരിദ്ര്യം മുതലാക്കിയാണ് കിഴക്കേടത്തു മനയിലെ പതിനാറു തികയാത്ത പെൺകിടാവ് നങ്ങേലിയെ മൂന്നാം വേളിയാ ക്കിയത്. വലിയ ആത്തേമാരുടേയും ചെറിയ ആത്തേമാരുടേയും പരി ഹസിക്കലുകൾക്കിടയിൽ ഒരു മനുഷ്യ ജന്മത്തിനു ലഭിയ്ക്കേണ്ടുന്ന പരി ഗണനകളൊന്നും ഭർത്താവിൽ നിന്നോ ഭർതൃഗൃഹത്തിൽ നിന്നോ കിട്ടാതെ അവൾ കഴിയുന്നു. തന്നേക്കാൾ പ്രായമുള്ള മരുമകന്റെ മുന്നിൽ വിനീതനായി നില്ക്കുന്ന ദരിദ്രനായ കിഴക്കേടത്ത് നമ്പൂതിരി യോട് അവളുടെ ഭർത്താവ് പറയുന്ന വാക്കുകളിൽ നിന്ന് അവൾ അനു ഭവിക്കുന്ന അവഗണന വ്യക്തമാണ്.

പാലക്കുന്നം: "ആവാം, കിഴക്കേടം, ന്നാൽ ഉള്ള വസുതയല്ലെ പറയണ്ടു. മൂന്നാമതൊന്നുംകൂടി വന്നപ്പോൾ വടക്കേക്കെട്ടിലെ കോലാഹലം കൂടീന്നൊരു ഗുണേണ്ടയിട്ടുള്ളൂ. വേണ്ടിര്ന്നില്ലാന്ന് ഇപ്പളാ തോന്ന്ണ്"! (സീൻ-18)

വേളി കഴിഞ്ഞ് അധികനാൾ കഴിയും മുമ്പേ വൃദ്ധനായ പാലക്കുന്നം മരിക്കുന്നു. അതും നങ്ങേലി കാലുകുത്തിയതിന്റെ ദോഷമായി ചാർത്തപ്പെട്ടു. ആചാരപ്രകാരം അവളുടെ താലിചരടറുക്കുന്നു.

ലഭിച്ചിരുന്ന അല്പം വെളിച്ചംകൂടി നിഷേധിയ്ക്കപ്പെട്ട വിധവാജീവിതം. പുസ്തകവായനയും കലാസ്വാദനവും വശമായിരുന്ന നങ്ങേലിക്ക് അതിനൊന്നും അവസരമില്ലാതെ ഇരുട്ടും മാറാലയും തിങ്ങിയ മുറികൾ മാത്രം അഭയമായി. ആയിടെയൊന്ന് മനയ്ക്കലെ കുഞ്ചുണ്ണിയുടെ സുഹൃത്തും കഥകളി നടനുമായ മാധവനുമായി നങ്ങേലി പരിചയത്തിലാകുന്നതും ആ പരിചയം പ്രണയത്തിലേക്ക് വളരുന്നതും. സാഹചര്യങ്ങളുടെയും ശാരീരിക മാനസിക പ്രേരണകളുടെയും സമ്മർദ്ദത്തിൽ നങ്ങേലി മാധവനെ തന്റെ അറയിൽ സ്വീകരിക്കുന്നു. അയാളുമായി ശാരീരികമായി ബന്ധപ്പെടുന്നു. അവൾ ഗർഭിണിയാകുകയും അഞ്ചാംപുരയിലാക്കപ്പെടുകയും കാരണവരുടെ അപേക്ഷപ്രകാരം സ്മാർത്ത വിചാരം നടക്കുകയും ചെയ്യുന്നു.

പിഴപ്പിച്ചതാര് എന്ന ചോദ്യത്തിന് നങ്ങേലി മറുപടിയൊന്നും പറഞ്ഞില്ല. വിചാരം ദിവസങ്ങളോളം നീണ്ടു. പട്ടിണി മുതലായ ദണ്ഡനമുറകൾ സ്വീകരിക്കപ്പെട്ടു. പക്ഷേ അവൾ ശബ്ദിച്ചില്ല. ഒരു പാതിരാത്രിയിൽ ആരുടെയും കണ്ണില്പെടാതെ മാധവൻ കുത്തഴിയുടെ സമീപമെത്തുന്നു. അവൾ ദൈന്യവും ക്ഷീണവും മറന്ന് ഉത്സാഹത്തോടെ എഴുന്നേല്ക്കുന്നു. വാതിൽ വെട്ടിപ്പൊളിച്ച് തന്നെ രക്ഷപ്പെടുത്തി എവിടേയ്ക്കെങ്കിലും കൊണ്ടു പോകു എന്ന് പറയുന്നു. പക്ഷേ അതിനായിരുന്നില്ല മാധവൻ വന്നത്. തന്നെ രക്ഷിക്കണമെന്ന് പറയാൻ. തന്റെ പേര് സ്മാർത്ത വിചാര സംഘത്തോടു പറഞ്ഞ് കലാകാരനായി വളരാനുള്ള തന്റെ മോഹങ്ങൾ തകർക്കരുതെന്നു പറയാൻ. സ്വാർത്ഥിയായ അയാൾക്ക് താൻമൂലം തകർന്ന ഒരു പെൺകിടാവിന്റെ ജീവിതം പ്രശ്നമാകുന്നതേയില്ല.

താൻ വഞ്ചിയ്ക്കപ്പെട്ടത് തിരിച്ചറിഞ്ഞ നങ്ങേലിക്ക് അതോടെ അതുവരെയില്ലാതിരുന്ന ഒരു ആത്മധൈര്യം കൈവരുന്നു. മാധവന്റെ പേര്

താൻ പറയില്ലെന്ന് അവൾ അയാൾക്കുറപ്പു കൊടുക്കുന്നു. അതു വിശ്വസിക്കാമോ എന്ന ഭാവത്തിൽ ദയനീയനായി നിന്ന മാധവനോട് അവൾ പറയുന്നു. (ദുഃഖമൊതുക്കിയ ഒരു നേർത്ത ചിരിയോടെ) "മാധവന്റെ വൻ വേഷങ്ങളൊന്നും കാണാൻ സാധിച്ചിട്ടില്ല. മോഹംണ്ടായിരുന്നു ച്ചാലും. ഇപ്പോൾ ഭീരുവേഷം കണ്ടു. വളരെ നന്നായി! (പെട്ടന്ന് ക്രുദ്ധയായി) മാധവന് പോവാം! കടന്നു പോവാൻ"! (സീൻ-64)

സ്നേഹിച്ച പുരുഷന്റെ വഞ്ചന തിരിച്ചറിഞ്ഞ പെണ്ണിന്റെ ആത്മരോഷവും തന്നോടു തന്നെ തോന്നിയ വെറുപ്പും നങ്ങേലിയുടെ വാക്കുകളിലുണ്ട്. പിഴപ്പിച്ചവർ ആരൊക്കെ എന്ന സ്മാർത്തന്റെ ആവർത്തിച്ചുള്ള ചോദ്യങ്ങൾക്ക് അവൾ കുഞ്ഞിക്കാളിയോട് പറഞ്ഞേല്പിക്കുന്ന മറുപടിയിലും ഇതു വ്യക്തമാണ്.

"പറഞ്ഞേക്കു പലരും. പേരോർമ്മയില്ല. ആയിരം പേരുണ്ടാവുമ്പോൾ ഓർമ്മ വരില്ല എന്നുകൂടി പറഞ്ഞേക്കൂ" (സീൻ-65)

തുടർന്ന് അവൾ പടിയടച്ച് പുറത്താക്കപ്പെടുന്നു. പടിപ്പുരയ്ക്കു പുറത്ത് കാമത്തിന്റെ കഴുകൻകണ്ണുമായി നില്ക്കുന്നവരിൽനിന്ന് മാതുവും പിന്നീട് അവിടെയെത്തുന്ന കുഞ്ചുണ്ണിയും അവളെ രക്ഷിക്കുന്നു. കുഞ്ചുണ്ണി തയ്യാറാക്കുന്ന താമസസ്ഥലത്ത് അവൾ താമസിക്കാൻ തുടങ്ങുന്നു. അതിന്റെപേരിൽ സമുദായപരിഷ്കരണസംഘടനയിൽനിന്ന് അയാൾ പുറത്താകുന്നു.

മാധവന് അരങ്ങുകൾ പിഴയ്ക്കുന്നു. തെറ്റു ചെയ്തു എന്ന ബോധംകൊണ്ട് വീർപ്പുമുട്ടി, നങ്ങേലിയേയും അവളുടെ വയറ്റിൽ വളരുന്ന കുഞ്ഞിന്റെ പിതൃത്വവും സ്വീകരിച്ചുകൊണ്ട് തെറ്റു തിരുത്താൻ തയ്യാറായി കുടിലിനു പുറത്തുവന്നു നില്ക്കുന്ന മാധവൻ കേൾക്കെ നങ്ങേലി കുഞ്ചുണ്ണിയോടായി പറയുന്നു: "അതിന് അച്ഛനില്ല ... ... നിർബ്ബന്ധമാണെങ്കിൽ പറഞ്ഞേക്കു, നളൻ! അല്ലെങ്കിൽ അർജ്ജുനൻ, അല്ലെങ്കിൽ ഭീമൻ" ആ ശബ്ദം തുടരുന്നു: "സ്നേഹത്തിന്റെ കാര്യം പുറത്ത് പറേണത് കേട്ടു. എനിക്കും സ്നേഹം തോന്നിയിരുന്നു... അതു അരങ്ങത്തുകണ്ട ഏതോ വീരനായകനോടായിരുന്നു എന്ന് (pause) പിന്നെയാണ് മനസ്സിലായത്. ഈ മാധവനായിരുന്നില്ല. നിശ്ചയം". (സീൻ-74) മാധവന് ആ നിശ്ചയദാർഢ്യത്തിന് മുന്നിൽ നിന്ന് തിരിച്ചു പോകേണ്ടിവന്നു. നങ്ങേലി നനഞ്ഞ കണ്ണുകൾ തുടച്ച് മന്ദഹസിക്കുകയും സ്വാശ്രയ ജീവിതത്തിന്റെ ചിഹ്നമായി ഒരു നൂലിഴ ചർക്കയിൽ നൂൽക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ തിരക്കഥ അവസാനിക്കുന്നു.

സ്ത്രീ സ്വത്വം സ്ഥാപിക്കുന്നു:

1994-ൽ തിരക്കഥയ്ക്കുള്ള ദേശീയ പുരസ്കാരം മലയാളത്തിലെത്തിച്ച 'പരിണയം' സൂക്ഷ്മമായ ചരിത്രബോധത്തോടെ രചിയ്ക്കപ്പെട്ടതാണ്. ഒരു കാലഘട്ടത്തിൽ തീർത്തും അപമാനവീകരിക്കപ്പെട്ട നമ്പൂതിരി സ്ത്രീജീവിതത്തിന്റെ നേർചിത്രമാണത്. സ്വന്തമായി അസ്തിത്വം എന്നൊന്നുണ്ട് എന്നുപോലും ബോധ്യമില്ലാതിരുന്ന ഒരു സ്ത്രീസമൂഹത്തെ സഹാനുഭൂതിയോടെ നോക്കിക്കാണുന്നു എഴുത്തുകാരൻ. തങ്ങൾക്ക് വന്നുപെടുന്ന ദുരിതങ്ങൾ മുഴുവൻ മുജ്ജന്മ പാപങ്ങളുടെ ഫലമായും സുകൃതക്ഷയമായും വന്ന അനിവാര്യതയാണെന്ന് കരുതി ശിരസ്സാ വഹിയ്ക്കാൻ പാകപ്പെട്ടവരായിരുന്നു ഇവിടുത്തെ നമ്പൂതിരി സ്ത്രീകൾ. അവർ അല്പമായെങ്കിലും ചിന്തിക്കാൻ തുടങ്ങിയതും പ്രതികരിക്കാൻ തുടങ്ങിയതും വി.ടി ഭട്ടതിരിപ്പാടിന്റെയും മറ്റും സാമൂഹികപരിഷ്കരണ ശ്രമങ്ങളുടെ ചൂടിൽ നിന്നു കൊണ്ടാണ്. ആ കാലഘട്ടത്തെ തിരശ്ശീലയിൽ പുനരാവിഷ്കരിക്കാൻ ശ്രമിക്കുന്ന ഈ തിരക്കഥയിലെ നായികയും വ്യത്യസ്തയല്ല.

അക്കാലത്തെ സാധാരണ അന്തർജ്ജനങ്ങളെപ്പോലെ നിരക്ഷരയല്ല നങ്ങേലി. ദരിദ്രമായ ഒരു ഇല്ലത്തെ പെൺകിടാവായിരുന്നിട്ടും അവൾ സാഹിത്യവും കലയും പഠിച്ചു. വായിക്കാനും കലാസൃഷ്ടികൾ ആസ്വദിക്കാനും അവസരങ്ങൾ കിട്ടാതിരുന്നിട്ടും അവൾ അതിനുവേണ്ടി കൊതിച്ചു. സുന്ദരിയും വിദുഷിയുമായ പതിനാറ് തികയാത്ത ആ പെൺകുട്ടിയുടെ ജീവിതത്തിലെ എല്ലാ പ്രതീക്ഷകളെയും കെടുത്തിക്കളയുന്നതായിരുന്നു അവളുടെ വിവാഹം. വിവാഹരാത്രിയിൽ അച്ഛന്റെ പ്രായമുള്ള വരൻ അവളെ സമീപിക്കുന്ന രംഗം വിവാഹം എങ്ങനെ ഒരു സ്ത്രീയുടെ ജീവിതത്തിൽ ദുരന്തമാകും എന്നതിന്റെയും സമ്പന്ന ബ്രാഹ്മണരിലെ പുരുഷവർഗത്തിന്റെ ജീർണിച്ച ലൈംഗിക അരാജകത്വത്തിന്റെയും സൂചനയാണ്: "................ അദ്ദേഹത്തിന്റെ ചലനങ്ങളിൽ പ്രേമമോ നവവരന്റെ അനുനയമോ ഇല്ല. തനിക്കവകാശപ്പെട്ടത് വന്നിരിക്കുന്നു. ഉപയോഗപ്പെടുത്താം എന്ന പ്രായോഗിക ചിന്തമാത്രം. നിലവിളക്കിൽത്തന്നെ കണ്ണുനട്ടിരിക്കുന്ന അവളുടെ ശരീരത്തിൽ അയാൾ എന്തൊക്കെയോ പരാക്രമം കാണിക്കുന്നുണ്ട്. വധുവിന്റെ ലജ്ജയല്ല, ഭയം. പ്രതീക്ഷയല്ല, അറപ്പ്. പുളയുന്ന വിളക്കുതിരികൾ. കട്ടിലിന്റെ മേലാപ്പിലെ രസക്കുടുക്കകൾ (സീൻ-14).

ഭാര്യ എന്ന പദവി കിട്ടിയതിന്റെ പേരിൽ ചവിട്ടും തൊഴിയും തരാൻവേണ്ടി മാത്രമായി ഒരാൾ വേണ്ടന്നു വെച്ച മാതു (അവൾ നമ്പൂതിരി

സ്ത്രീയല്ല പരിചാരികയാണ്) എന്ന കഥാപാത്രം നങ്ങേലിയുടെ ജീവിതത്തിന്റെ മറുധ്രുവത്തിലെന്നോണം കഥയിലുണ്ട്. ഭർത്താവിനെക്കുറിച്ച്: "ചത്തിട്ടൊന്നൂല്യ. അട്യേൻ ആ അശ്രീകരത്തിനെ ആട്ടിപ്പൊറത്താക്കി." (സീൻ-15) എന്നുള്ള മാതുവിന്റെ വാക്കുകൾ നങ്ങേലിക്ക് സങ്കല്പിക്കാനും ആവുന്നതല്ല.

താൻ സ്നേഹിച്ച മാധവൻ തന്നെ സ്വന്തം ജീവിതത്തിലേക്ക് ക്ഷണിച്ചുകൊണ്ടുപോകും എന്ന് ഒരു പാതിരാത്രിയിൽ ഉരൽപുരയുടെ പുറത്ത് അയാൾ ഒരു ഭീരുവിനെപ്പോലെ പതുങ്ങിയെത്തുന്നതുവരെ അവൾ പ്രതീക്ഷിച്ചിരുന്നു. ആ വരവോടെ അയാൾ മോഹിച്ചത് തന്റെ ശരീരം മാത്രമായിരുന്നു എന്നവൾക്കു മനസ്സിലായി. അതുണ്ടാക്കിയ നീറുന്ന വേദനയിൽനിന്ന് കടഞ്ഞുണ്ടാക്കിയ കരുത്തുമായാണ് അവൾ സ്മാർത്തവിചാരസംഘത്തെ പിന്നീട് നേരിടുന്നത്. അത് പെണ്ണിനെ പലവിധത്തിലും ചതിയിൽപ്പെടുത്തുന്ന മാധവനും പാലക്കുന്നവും ഉൾപ്പെടെയുള്ള പുരുഷവർഗത്തോടുള്ള പുച്ഛം ഉള്ളടക്കിയതുമാണ്. അതുവരെ നിശ്ശബ്ദമായിരുന്ന ഉരല്പുരയിലെ സാധനം അന്നാദ്യമായി ശബ്ദിച്ചു.

"സ്മാർത്തൻ: കുറ്റം ചെയ്തിട്ടുണ്ടോ എന്നാണ് ചോദ്യം
മറുപടി: ഇല്ല
*വീണ്ടും സ്മാർത്തൻ പറയുന്നു.*
സ്മാർത്തൻ: ഗർഭിണിയാണ് എന്നു കേൾക്കുന്നതിൽ സത്യാവസ്ഥ ഇല്ല എന്നാണോ സാധനം പറയുന്നത്. ചോദിക്ക് പെണ്ണേ
സങ്ങേലിക്കുട്ടി: സത്യമാണ്.
*എല്ലാവർക്കും ആശ്വാസം, സന്തോഷം.*
സ്മാർത്തൻ വിജയഭാവത്തിൽ: ശ്രദ്ധിക്കണില്ലേ? *(സംഘക്കാരോട്)* കുറ്റം ചെയ്തിട്ടില്ല എന്നാണ് നടേ പറഞ്ഞത്.
നങ്ങലിക്കുട്ടി: കുറ്റം ചെയ്തിട്ടില്ല എന്നാണ് ഇപ്പളും പറയുന്നത്
*സ്മാർത്തൻ പറയുന്നു.*
സ്മാർത്തൻ: സാധനം ഗർഭിണിയല്ലേ എന്ന് ചോദ്യം?
നങ്ങേലി: അതേ എന്നുത്തരം.
*(കയർത്ത്)* സ്മാർത്തൻ: അതൊരു കുറ്റമല്ലാന്ന് തോന്നുന്നുണ്ടോ?
നങ്ങേലി: ഗർഭമുണ്ടാവും, പ്രസവിക്കും, സ്ത്രീകളെ സൃഷ്ടിച്ചത് അങ്ങനെയല്ലേ? അതൊരു കുറ്റായിട്ട് തോന്നീയിട്ടില്ല.

*സ്മാർത്തൻ പറയുന്നു.*

*പിന്നെ ആലോചനയോടെ ഒരു ചോദ്യം ശരിക്കുംകിട്ടി എന്ന ആത്മവിശ്വാസത്തിൽ,*

സ്മാർത്തൻ: വിധവകൾ ഗർഭിണികളാകാറില്ല. എന്ന് പ്രകൃതി നിയമമുണ്ട്, ദേവനിയമവുമുണ്ട്.

*അകത്ത് നങ്ങേലിക്കുട്ടിയുടെ മുഖത്ത് രോഷം പടരുന്നു.*

ശബ്ദം: *(സാവധാനത്തിൽ)* പുരാണമൊക്കെ മറന്നോ പണ്ഡിതന്മാർ. വേദം സൃഷ്ടിച്ച വ്യാസമുനി പുത്രോല്പാദനം നടത്തിയത് വിധവകളിലല്ലേ?

*സംഘം പരുങ്ങുന്നു.* (സീൻ -65)

ഇതൊരു കുറ്റസമ്മതമല്ല. ഒരു പൊട്ടിത്തെറിയാണ്. നൂറ്റാണ്ടുകളായി പലയിടങ്ങളിൽ അമർത്തിയ വേദനകൾക്ക് ഒരിടത്തുണ്ടായ പൊട്ടിത്തെറി. പെണ്ണിനെ തനിക്ക് ഉപയോഗിക്കാവുന്ന അനേകം ഉപകരണങ്ങളിലൊന്നായി മാത്രം കാണുന്ന വിലകുറഞ്ഞ ആൺ മനസ്സുകൾക്കു നേരെയുള്ളത്.

കുഞ്ചുണ്ണി: പ്രതിഷേധത്തിന്റെ ആൺസ്വരം

സ്വസമുദായത്തിലെ സ്ത്രീകളെ അവരുടെ നരകജീവിതത്തിൽനിന്ന് കരകയറ്റാൻ മുൻകൈയെടുത്ത അക്കാലത്തെ പരിഷ്കാരേച്ഛുക്കളായ നമ്പൂതിരി യുവാക്കളുടെ പ്രതിനിധിയാണ് തിരക്കഥയിലെ പ്രമുഖ കഥാപാത്രമായ കുഞ്ചുണ്ണി. നങ്ങേലിയുടെ ഭർത്താവായ പാലക്കുന്നത്തു നമ്പൂതിരിക്ക് ഒന്നാംവേളിയിലുണ്ടായ മകൻ.

വിധവാവിവാഹവുംമറ്റും പ്രായോഗികതലത്തിൽ വരണമെന്ന് തീവ്രമായി അഭിലഷിക്കുന്ന കുഞ്ചുണ്ണി സ്ത്രീയെ ബഹുമാനിക്കുകയും സ്വന്തം കഴിവുകൾ പുറത്തുകൊണ്ടുവരാൻ ഓരോ സ്ത്രീയും ശ്രമിക്കണമെന്ന് വാദിക്കുകയും ചെയ്യുന്നു. (താഴ്ന്നജാതിയിൽപെട്ട ഒരു പെൺകുട്ടിയെ വിവാഹംകഴിക്കാൻ നിശ്ചയിച്ചിരിക്കുകയാണ് അയാൾ). നമ്പൂതിരിക്കുട്ടികൾക്ക് പഠിക്കാൻ സ്കൂളുണ്ടാക്കാൻ അയാൾ യാചനായാത്ര നടത്തുന്നു. "ഓത്ത് മേല്പ്പെട്ടും കീഴ്പ്പട്ടും ചൊല്ലാനറിയുന്ന നമ്പൂതിരിക്ക് പാട്ടശ്ശീട്ടിൽ ഒപ്പിടാനറിയില്ല. അതിനാണ് വിദ്യാലയം."(സീൻ 17) അതാണ് അയാളുടെ കാഴ്ചപ്പാട്.

തനിക്ക് മറ്റാരോ ഒരുക്കിവച്ച ദുർവിധിയെ നിരാകരിക്കാൻ നങ്ങേലിക്ക് ഊർജ്ജമായത് കുഞ്ചുണ്ണിയുടെ ആശയങ്ങളും സാമീപ്യവുമാണ്. സാമൂഹ്യപരിഷ്കരണശ്രമങ്ങളെക്കുറിച്ച് തനിക്കൊന്നുമറിയില്ല

എന്നു പറയുന്ന നങ്ങേലിയോട് അയാൾ ചോദിക്കുന്നു; "എന്നെല്ലാ വരും പറയുന്നതാണ് തെറ്റ്. അറിയണം. വേണ്ട സമയത്ത് വേണ്ടതു പറയാൻ തയ്യാറാവണം എന്താ ഇല്ലത്തെ പെൺകിടാങ്ങളുടെ മാത്രം വായിൽ കൊഴുവാണോ?" (സീൻ-17). ഒരു നമ്പൂതിരി സ്ത്രീയുടെ വൈധവ്യത്തിന്റെ ദുരിതങ്ങൾ പേറി നില്ക്കുന്ന നങ്ങേലിക്ക് അത്ഭുതവും ആശ്വാസവും പ്രതീക്ഷയുമായി അയാൾ ഒരിക്കൽ പറഞ്ഞു: "വിറയ്ക്കുന്ന വിരലുകൾകൊണ്ട് ഒരു വൃദ്ധൻ കെട്ടിയ ചരട് അറുത്തുകളഞ്ഞു എന്നു വച്ച്... (വീണ്ടും നിർത്തുന്നു) എന്താ പറേണ്ടത് എന്നറിഞ്ഞൂടാ. ചുരുക്കത്തിൽ ഈ ജീവിതം ഇനി വ്യർത്ഥം എന്ന് ഒരിക്കലും തോന്നരുത്. എന്റെ ഒരപേക്ഷയാണ്" (സീൻ 53).

"എല്ലാം മറക്കാൻ ശ്രമിക്കും പോലെ പിന്നെ അവൾ ചർക്കയിൽ നൂൽനൂൽക്കാൻ തുടങ്ങുന്നു. സ്വാശ്രയജീവിതത്തിന്റെ ഒരു നൂലിഴ നീണ്ടു നീണ്ടു വരുന്നു" (സീൻ-74) എന്ന ദൃശ്യത്തിലാണ് തിരക്കഥ അവസാനിക്കുന്നത്. അത് ഒരു ഒടുക്കമല്ല. തുടക്കമാണ്. ഒടുങ്ങുമായിരുന്ന ഒരു സ്ത്രീജന്മം തുടങ്ങുകയാണ്. സ്വന്തം വിധി നിശ്ചയിക്കാനുള്ള അധികാരം അവൾ തന്നെ കയ്യടക്കുകയാണ്.

സഹായക ഗ്രന്ഥങ്ങൾ:-

1. എം.ടി യുടെ തിരക്കഥകൾ: എം.ടി വാസുദേവൻ നായർ, ഡി.സി ബുക്സ് (വാല്യം-4).
2. കുറിയേടത്തുതാത്രീവിചാരത്തിന്റെ കാണാപ്പുറങ്ങൾ–മാതൃഭൂമി ബുക്സ്.
3. കേരള സംസ്കാര ചരിത്ര നിഘണ്ടു–കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. അവസാനത്തെ സ്മാർത്തവിചാരം–എ.എം.എൻ.ചാക്യാർ,സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ.

**എം. രാമചന്ദ്രൻ പിള്ള**

അസിസ്റ്റന്റ് പ്രൊഫസർ

മലയാളവിഭാഗം

കെ.കെ.ടി.എം.ഗവൺമെന്റ് കോളേജ്

പുല്ലൂറ്റ് കൊടുങ്ങല്ലൂർ. ramakripa72@ gmail.com

# അധികാര പ്രതിരോധങ്ങളുടെ ആവിഷ്കാരം —അഭിജ്ഞാന ശാകുന്തളത്തിൽ

മഹാഭാരതത്തിൽ നിന്നുദ്ധൃതമായ കാളിദാസന്റെ ശാകുന്തളം കവിയുടെ ഭാവനാചാതുര്യംകൊണ്ടും സഹൃദയഹൃദയാഹ്ലാദദായിനിയും അതിലുപരി ഉപമാത്മകവുമാണെന്നത് തീർത്തും യാദൃച്ഛികമാണ്. രാജാധികാരത്തെ ചെറുത്തു നില്പിലൂടെ ആവിഷ്കൃതമാക്കുന്ന ഒരു കൃതിയെന്ന നിലയിൽ അഭിജ്ഞാന ശാകുന്തളത്തെ വിവക്ഷിക്കാം. ഈ നാടകത്തിലൂടെ സഞ്ചരിക്കുമ്പോൾ, രണ്ടു വിധത്തിലുള്ള അധികാരങ്ങൾ ദൃശ്യമാണ്. ഒരു രാജാവിന് തന്റെ പ്രജയ്ക്കു മേലുള്ള രാജാധികാരവും മററൊന്ന് പുരുഷമേധാവിത്വത്തിന്റെ അധികാരവും. അന്ന് നിലനിന്നിരുന്ന സാമൂഹികാചാരങ്ങളും വ്യവസ്ഥിതിയും ഈ കൃതി രൂപം കൊള്ളുന്നതിൽ ഹേതുവാണെന്നിരുന്നാലും ധർമ്മപാലകനായ രാജാവ് തന്നെ വിസ്മൃതിയിലാണ്ടത് തികച്ചും സ്വാഭാവികമായിരിക്കുമോ? ധർമ്മത്തിലൂന്നി, നാഗരികതയുടെ പൊള്ളയായ കാഴ്ചപ്പാടുകളില്ലാതെ, ആരണ്യത്തിൽ വസിച്ചതു കൊണ്ടാവാം, വാക്കിനെ സത്യമായിക്കണ്ട ആ കണ്വപുത്രി തന്റെഅഭിലാഷ നിവൃത്തിക്കായി ധർമ്മം മാത്രമാധാരമെന്ന് നിനച്ച് ഗാന്ധർവ്വ വിധി പ്രകാരം ദുഷ്യന്തനെന്ന വ്യക്തിയെ വേട്ടത് എന്നാണ് കാളിദാസ പക്ഷം. വനജ്യോത്സ്നയെപ്പോലും തന്റെ സോദരിയായി കണക്കാക്കിയ ശകുന്തള, ചാപല്യമെന്തെന്നറിയാത്ത പെൺകിടാവ്, എന്തിനായിരിക്കണം ഗുരുസ്ഥാനീയരായവരുടെ അനുവാദം പോലുമില്ലാതെ സ്വയം അടിയറ വെച്ചത്. അതും തന്റെ സന്തതിയാൽ രാജാധികാരത്തിന്റെ പ്രൗഢി പ്രാപ്തമാക്കാം എന്നോർത്താവണം. ദുഷ്യന്തനെന്ന കഥാപാത്രവും,

തന്റെ വംശം നിലനിർത്തുന്നതിന് വേണ്ടി മാത്രമാണ് 'ശകുന്തള'യെ വേൾക്കാൻ തയ്യാറായത്.

മഹാഭാരതത്തിലെ ശാകുന്തളോപാഖ്യാനത്തിൽ, പറയാതെ വിട്ടുപോയ പല കാര്യങ്ങളും രാജാവിന്റെ ധർമ്മത്തിൽ മാത്രമുറച്ച്– അധികാരഭാവങ്ങളിൽ നിന്നും വേറിട്ട്–മനുഷ്യമനസ്സിന്റെ ചിന്തയെ ഉണർത്തുന്നതിൽ കാളിദാസൻ ശ്രദ്ധിച്ചിരുന്നുവെന്ന് മനസ്സിലാക്കാം. ദുഷ്യന്തൻ, താൻ രാജാവാണെന്ന അധികാരത്താലാണ് 'സകാമായാഃ സകാമേന നിർമ്മന്ത്രോ രഹസി - സ്മൃതഃ' എന്ന വിധിപ്രകാരം ശകുന്തളയെ വേട്ടത്: തദവസരത്തിൽ, തന്റെ ആഗ്രഹനിവൃത്തിക്കുവേണ്ടി, സ്വരാജ്യം വരെ വാഗ്ദാനം ചെയ്യുകയുണ്ടായി.

'അസംശയം ക്ഷത്രപരിഗ്രഹക്ഷമാ
യ ദാര്യമസ്യാഭിലാക്ഷിമേ മനം
സതാം ഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ'

ഈ ശ്ലോകത്തിലൂടെ ശകുന്തള ക്ഷത്രിയനു വേൾക്കാവുന്നവളാണെന്ന് രാജാവ് അസംശയം സ്ഥാപിക്കുന്നു. കാരണം, ശങ്കയുള്ള വിഷയത്തിൽ, മനസ്സിന്റെ വൃത്തികളാണ് നമുക്ക് പ്രമാണമായിട്ടുള്ളത്.

പിന്നീട് അനസൂയ-പ്രിയംവദമാർ ഭ്രമരങ്ങളാൽ ആക്രമിക്കപ്പെട്ട തങ്ങളുടെ സഖിയോട് രാജാവായ ദുഷ്യന്തനാണ് തപോവനങ്ങളെ രക്ഷിപ്പാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്ന് പറയുകയുണ്ടായി. തദവസരത്തിലാണ് ദുഷ്യന്തൻ ഒരു പൗരവനായി രംഗപ്രവേശം ചെയ്യുന്നത്. സ്വയം രാജാവാണെന്ന് വെളിപ്പെടുത്താതെ, ധർമ്മാനുഷ്ഠാനങ്ങൾ വിഘ്നമില്ലാതെ നടത്താൻവേണ്ടി അധികാരപ്പെടുത്തിയ വ്യക്തിയെന്നു മാത്രമാണ് പറയുകയുണ്ടായത്. ശകുന്തളയുടെ രൂപസൗഷ്ഠവത്താലും ആതിഥേയത്താലും തല്പരനായെങ്കിലും രാജാവായ തനിക്ക് വേൾക്കാൻ പററുന്നവളാണൊ എന്ന് അരക്കിട്ടുറപ്പിക്കുന്നതിനു വേണ്ടി സഖിമാരോട് വീണ്ടും അവളുടെ ജന്മവൃത്താന്തം ആരായുകയുണ്ടായി. നിത്യബ്രഹ്മചാരിയായ കണ്വമഹർഷിക്ക് എപ്രകാരമാണ് ഒരു പുത്രിയെ ലഭ്യമാകുകയെന്ന് നിനച്ചിരിക്കെ, അവൾ അപ്സരസിന് കൗശികനിൽ ജാതയായവളെന്ന് തിരിച്ചറിഞ്ഞ് തന്റെ ആഗ്രഹനിവൃത്തി സാധ്യമായിരിക്കുന്നുവെന്ന് മനസാ ഉറപ്പിച്ചു.

'പ്രഭാതരളം ജ്യോതിഃ വസുധാതലാത് ന ഉദേനി' എന്ന് ആത്മഗതം ചെയ്തു. പുനഃ വൈഖാനസവ്രതമനുഷ്ഠിക്കുന്ന, അവളെ അഗ്നിയെന്നു കരുതിയെങ്കിലും കരഗതമായിരിക്കുന്ന രത്നമായിത്തീർന്നിരിക്കുന്നു.

പ്രണയബദ്ധരായിത്തീർന്ന ശകുന്തളാ-ദുഷ്യന്താദികളുടെ വിധി നിർണ്ണയം മറവിയെന്ന പോരാളിയെക്കൊണ്ട് കാളിദാസൻ അനുഭവവേദ്യമാക്കിയിരിക്കുന്നു.

'സാ വിധിനാ ചിത്രേ നിവേശ്യ
പരികല്പിത സത്ത്വയോഗാ/നു
മനസാ രൂപോച്ചയേന കൃതാനു
ധാതുഃ വിഭീത്വം തസ്യാം
വപും ച അപുചിന്ത്യ സാ അപരാ
സ്ത്രീരത്ന സൃഷ്ടിഃ
ഇതിമെ പ്രതിഭാതി'

രാജാധികാരിക്കുചിതമായ വചസ്സുയർത്തേണ്ട, ചന്ദ്രരാജവംശത്തി നലങ്കാരമായ, രാജർഷിയാൽ ഇപ്രകാരം കമലാധിവാസന്റെ സൃഷ്ട്യൗ ന്നത്യവും, തപോകന്യകയുടെ ഉടലും ചേർത്ത് സാദൃശ്യം ചമയ്ക്കുന്നത് തീർത്തും വിവേചനം മാത്രമാണ് .

ആ തരുണീമണിയുടെ രൂപത്തെ അനാഘ്രാത കുസുമം പോലെയും നുള്ളാത്ത തളിർപോലെയും അണിയാത്തരത്നം പോലെയും അനാ സ്വാദിത മധുസദൃശവും അളവറ്റ പുണ്യങ്ങളുടെ കലവറയാണെന്നും വർണ്ണിക്കുകയുണ്ടായി. തികച്ചും, നിർദ്ദോഷപരമായ വാക്കുകളാണി തെങ്കിലും ആഢ്യതയുടെ അധികാരത്തിന്റെ മാറ്റൊലി ദൃശ്യമാണ്.

ശകുന്തളയാകട്ടെ രാജാവെന്നോ രാജപുരുഷനെന്നോ നിനയ്ക്കാതെ തന്നെ മനസ്സാ അദ്ദേഹത്തെ വരിച്ചു. തപസ്വി ജനങ്ങളാൽ, ആശ്രമ പരിപാലാനാർത്ഥം നിയോഗിക്കപ്പെട്ട ദുഷ്യന്തരാജാവ് തന്റെ മനോ രഥത്തിന് ആക്കംകൂട്ടിയതറിഞ്ഞ് യജ്ഞനിർവ്വഹണത്തിൽ വിഘ്ന മില്ലാതിരിക്കാൻ മറ്റ് പരിജനങ്ങളെ കൊട്ടാരത്തിലേയ്ക്ക് പറഞ്ഞയ ച്ച്, ആശ്രമപദത്തിൽ വിശ്രമിയ്ക്കാനുറച്ചു. വിദൂഷകനെ യാത്രയാക്കുന്ന വേളയിൽ, ചപലനായ അദ്ദേഹം തന്റെ പ്രണയവൃത്താന്തം അന്തഃപുര ത്തിൽ നിമന്ത്രണം ചെയ്താലോ എന്ന് നിനച്ച്, വ്യർത്ഥമായി പറഞ്ഞ വാക്കുകളെ പരമാർത്ഥമാക്കരുതെന്ന് ഉണർത്തിക്കുകയുണ്ടായി.

വനജ്യോത്സ്നയെപ്പോലും തന്റെ സോദരിയായി കരുതിയ ശകു ന്തളയാവട്ടെ അദ്ദേഹം രാജാവാണെന്നറിഞ്ഞതുമില്ല. എങ്കിലും, സഖിയായ അനസൂയയുടെ നിവേദനം മാനിച്ച് അവരുടെ തോഴിയെ സമുദ്രമാകുന്ന കടിഞ്ഞാണിനാൽ ബന്ധിച്ച ഉർവ്വിയെന്നവണ്ണം സംര ക്ഷണമേകിക്കൊള്ളാമെന്ന് വാക്കു നൽകുകയുണ്ടായി.

ദുർവാസാവിന്റെ രൂപത്തിൽ ആഗതനായ വിധി 'ആരെ നിനച്ചിരിക്കുന്നൊ അയാൾ നിന്നെ ബോദ്ധ്യപ്പെടുത്തിയാലും അറിയാതെ പോകട്ടെ' എന്ന് ശാപശരങ്ങളുതിർത്തു.

'പ്രത്യഭിജ്ഞാനംകൊണ്ട് ശാപനിവൃത്തി വരുത്താനാശിച്ച് സഖിമാർ യാത്രാവേളയിൽ അവളോട് അംഗുലീയകത്തെക്കുറിച്ച് സ്മരണ നൽകി.

അർത്ഥവത്തായ ശ്ലോകത്തിലൂടെ ഹംസപദിക അഞ്ചാമങ്കത്തിൽ ഇപ്രകാരം പറയുന്നു:-

'അല്ലയോ ഭ്രമരമെ പുതുതേനിൽ കൊതിപൂണ്ട്, പൂങ്കുലയെ നുകർന്നിട്ട് വീണ്ടും പദ്മത്തിലമരുന്നതെന്തിന്.'

ഈ ഗാനാലാപനത്താൽ വിരഹദുഃഖമില്ലെങ്കിലും, മനസ്സ് തപ്തമായിരിക്കുന്ന രാജാവിന് കാര്യമേതുമറിയാനായില്ല.

രാജ്യലക്ഷ്മി കയ്യിലിരിക്കെ കൈയൊഴിഞ്ഞ ലക്ഷ്മിയെ തിരയാനാവാത്തവനെപ്പോലെയായിത്തീർന്ന അദ്ദേഹം ലോകഹിതത്തിനായി ധർമ്മപരിപാലാനാർത്ഥം രാപ്പകലുകളറിയാതെ ദിനങ്ങൾ കഴിച്ചുകൂട്ടി. വാമേതരാക്ഷി തുടിക്കുന്നതെന്തെന്നറിയാതെ ശകുന്തള രാജാവിനു മുന്നിൽ നമ്രമുഖിയായി നിന്നു. ഗർഭവതിയായ തപോധനയെ ആരെന്ന് സംശയിച്ച്, വീണ്ടും ഇവളെ താൻ പാണിഗ്രഹണം ചെയ്തതറിഞ്ഞ്, അവളെ സ്വീകരിക്കണമെന്നത് എന്ത് ധർമ്മമെന്നാരാഞ്ഞു. പരിത്യജിക്കാനും, സ്വീകരിക്കാനും അർഹയല്ലാതായ താപസകന്യക അപഹരിച്ച മുതൽ തിരിച്ചുനൽകിയ പിതാവിനെക്കുറിച്ചോർത്ത് വിസ്മൃതിയാണ്ട് തന്റെ അനുരാഗത്തിന്റെ രേതസിനെ പേറുന്ന കൂലംകഷയായ അരുവിയെന്നവണ്ണം ആയിത്തീർന്നു. അജ്ഞാതമായ ഹൃദയത്തോടുള്ള വേഴ്ച വൈരമായി ഭവിക്കുമെന്നത് ജീവിക്കാനുള്ള പ്രേരണയെ ഉണർത്തി. പിറവി മുതൽ വഞ്ചനയറിയാതെ വളർന്ന കാനനവാസികളുടെ വാക്കിനെ പ്രമാണമാക്കാതെ ചതിയെ ആപ്തവാക്യമാക്കുകയെന്നത് പുരുവംശരാജാവിന് ചേർന്നതാണോയെന്ന വാക്കിനാൽ ശാർങ്ഗരവൻ ശക്തിയായി പ്രതിരോധിക്കുന്നത് നമുക്ക് വീക്ഷിക്കാം.

'ആത്മവിശുദ്ധിയറിയുന്നവളാണെങ്കിൽ, ദാസ്യവും പതിവ്രതയ്ക്കലങ്കാരം എന്ന് മൊഴിഞ്ഞുകൊണ്ട് അവർ നടന്നു നീങ്ങി.'

ജിതേന്ദ്രിയനായ രാജർഷിയുടെ മനം കവരാൻ, ശശാങ്കകുമുദങ്ങൾക്കോ കതിരവനോ പങ്കജത്തിനൊ മാത്രമെ സാധ്യമാവൂയെന്ന്

രാജാവ് ആവർത്തന വിരസതയെ സൃഷ്ടിക്കുമ്പോഴും ദാരത്യാഗിയോ, പരസ്ത്രീസ്പർശമോ ഏതു വിധത്തിൽ ധർമ്മം കാക്കണം എന്നീ പ്രകാരമെല്ലാം ആരായുകയുണ്ടായി. വിധിയെ പഴിച്ച ശകുന്തളയെ അപ്സര തീർത്ഥത്തിനടുക്കൽ നിന്നും തേജസ്സിനാൽ ഉദ്ധൃതയാക്കപ്പെട്ടു.

ഏതൊരു സാഹിത്യകൃതിയെടുത്താലും ഓരോ കാലഘട്ടത്തിൽ നിലനിന്നിരുന്ന സാമൂഹികാചാരങ്ങളും വ്യവസ്ഥിതിയും ആ കൃതികളിൽ പ്രതിഫലിക്കുന്നു. ഇത്തരത്തിൽ ചിന്തിച്ചാൽ അഭിജ്ഞാന ശാകുന്തളത്തെ അധികാരം പ്രതിരോധത്തിലൂടെ ആവിഷ്ക്കരിക്കപ്പെട്ട ഒരു കൃതി എന്ന് വിശേഷിപ്പിക്കാനാകും.

സഹായഗ്രന്ഥങ്ങൾ

1. അഭിജ്ഞാനശാകുന്തളം–കുട്ടികൃഷ്ണമാരാര്
2. അഭിജ്ഞാനശാകുന്തളം–എ.ആർ. രാജരാജവർമ്മ
3. Sanskrit Drama–A. B. Keeth
4. Abhijhnanashakunthala–Kate
5. സംസ്കൃതസാഹിത്യ വിമർശനം –ഡോ. എൻ.വി. പി. ഉണ്ണിത്തിരി.

പ്രജിനി പ്രകാശ്
അസിസ്റ്റന്റ് പ്രൊഫസർ
സംസ്കൃത വിഭാഗം
കെ.കെ.ടി.എം.ഗവ. കോളേജ്
പുല്ലൂറ്റ്

# അനുഷ്ഠാനകലകളിലെ ആവിഷ്ക്കാര-പ്രതിരോധ സാദ്ധ്യതകൾ: 'അഗ്നിക്കാവടി'യെ മുൻനിർത്തി ഒരു പഠനം

ആമുഖം

ഭക്തിയുടെയും ആത്മീയതയുടെയും വിശ്വാസത്തിന്റെയും തലങ്ങ ൾക്കുപരിയായി സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും ഒക്കെയായ ബഹുമുഖ സാദ്ധ്യതകൾ ആരാധനാലയങ്ങൾക്കും അവി ടങ്ങളിൽ നിലനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങൾക്കുമുണ്ട്. ക്ഷേത്ര ങ്ങൾ സാംസ്കാരിക കേന്ദ്രങ്ങൾ എന്ന രീതിയിലുള്ള വിലയിരുത്തലു കൾ പണ്ടേ നിലവിലുള്ളതാണെങ്കിലും ഫോക്‌ലോർ എന്ന വിജ്ഞാ നശാഖയുടെ വികാസമാണ് അത്തരം സമീപനങ്ങൾക്ക് കൂടുതൽ ആധികാരികത ഉറപ്പുവരുത്തിയത്. ക്രമീകൃതമായ ചിട്ടവട്ടങ്ങളോടെ മനുഷ്യർ പരമ്പരാഗതമായി നിർവ്വഹിച്ചുവരുന്ന ക്രിയാത്മകമായ ചടങ്ങുകളാണ് അനുഷ്ഠാനങ്ങളും അതിനോടനുബന്ധിച്ച് നടക്കുന്ന കലാരൂപങ്ങളും. അത്തരമൊരാനുഷ്ഠാനകലയാണ് തെക്കൻ കേരള ത്തിലെ സുബ്രഹ്മണ്യക്ഷേത്രങ്ങളിൽ ഉത്സവത്തിന്റെ ഭാഗമായി ഇന്നും അരങ്ങേറുന്ന 'അഗ്നിക്കാവടി'. പ്രസ്തുത കലയെ മുൻനിർത്തി അനുഷ്ഠാ നകലകളിലെ ആവിഷ്ക്കാര- പ്രതിരോധതലങ്ങളെക്കുറിച്ചുള്ള ഒരു വിശ കലനമാണ് ഈ പഠനം ലക്ഷ്യമാക്കുന്നത്.

അനുഷ്ഠാനതലം:

അനുഷ്ഠാനം എന്ന നിലയിൽ ഭക്തിയോടും വിശ്വാസത്തോടും കഠിനമായ വ്രതാനുഷ്ഠാനങ്ങളോടുംകൂടി നിർവ്വഹിക്കപ്പെടുന്ന ഒരു

ചടങ്ങാണിത്. ക്ഷേത്രങ്ങളിൽ വാർഷിക ഉത്സവത്തിന്റെ ഭാഗമായി ട്ടാണ് ഇത് നടത്തുന്നത്. പ്രധാന ഉത്സവദിവസം രാത്രി ഭക്തർ ക്ഷേത്രപരിസരത്ത് ഒരുക്കിയിട്ടുള്ള വലിയ തീക്കുണ്ഡത്തിലൂടെ നഗ്നപാദരായി കടന്നുപോവുകയും നൃത്തംവെയ്ക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ മുഖ്യചടങ്ങ്. ഇതിന് മുന്നോടിയായി ഭക്തർ നാൽപത്തൊന്നു ദിവസത്തെ കഠിനവ്രതം അനുഷ്ഠിക്കുന്നുണ്ട്. (ഇതിൽ പ്രാദേശിക വ്യത്യാസങ്ങൾ ഉണ്ടാകാം) ഭക്തിയുടെ ഉദാത്താവസ്ഥയിൽ ഉപാസകൻ സ്വയം ദേവതയായി മാറുന്ന അവസ്ഥയാണിവിടെ സംഭവിക്കുന്നത്. ഒരു പക്ഷേ യുക്തികൊണ്ട് വ്യാഖ്യാനിക്കാൻ കഴിയാത്ത ചില കാര്യങ്ങൾ അതിൽ ഉണ്ടായി എന്നും വരാം.

ആവിഷ്കാരതലം:

അനുഷ്ഠാനാംശത്തെ മാറ്റിനിർത്തി, കലാംശത്തിന് മുൻതൂക്കം നൽകി അപഗ്രഥിച്ചാൽ ഈ അനുഷ്ഠാനകലയെ അനുഷ്ഠാനാത്മകമായ ഒരു നാടകം എന്നു തന്നെ വിശേഷിപ്പിക്കാം. അനുഷ്ഠിക്കുന്നവർ മാത്രമല്ല കാഴ്ചക്കാരായ കൂട്ടായ്മയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അതിൽ പങ്കുവഹിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട ചടങ്ങുകളും കർമ്മങ്ങളും വേഷവിധാനങ്ങളും അലങ്കാരങ്ങളും താളമേളങ്ങളും എല്ലാം കൂടിച്ചേർന്ന് മാന്ത്രികമായ ഒരന്തരീക്ഷം അവിടെ സൃഷ്ടിക്കപ്പെടുന്നു. അപ്പോഴുണ്ടാകുന്ന ഭക്തിയും ഭയവും കലർന്ന വൈകാരികാവസ്ഥയെ അരിസ്റ്റോട്ടിലിന്റെ 'കഥാർസിസ്' എന്ന നാടക സങ്കൽപത്തോട് ചേർത്ത് വായിക്കാം. ഉത്തമമായ ഒരു നാടകം എന്താണോ ആസ്വാദകന് നൽകുന്നത്; അതുതന്നെയാണ് ഈ അനുഷ്ഠാനകലയും പങ്കാളികൾക്ക് (നിർവ്വഹിക്കുന്നവർക്കും കാഴ്ചക്കാർക്കും) നൽകുന്നത്.

പ്രതിരോധ സാദ്ധ്യതകൾ:

സൈന്ധവസംസ്കാരകാലത്തുനിന്നാരംഭിക്കുന്ന ദ്രാവിഡാരാധനാരീതിയുടെ പാരമ്പര്യം പിൻതുടരുന്ന ഒരു അനുഷ്ഠാനകലയാണ് 'അഗ്നിക്കാവടി.' പക്ഷേ ഈ കലാരൂപം നിലനിൽക്കുന്ന ക്ഷേത്രങ്ങളിൽ ഭൂരിപക്ഷവും ഇന്ന് പൗരോഹിത്യം നിർവ്വഹിക്കുന്നത് വൈദികപാരമ്പര്യം പിൻതുടരുന്ന ബ്രാഹ്മണപൂജാരിമാരാണ്. സമീപകാലം വരെ ഇവയെല്ലാം അബ്രാഹ്മണപൂജ ഉണ്ടായിരുന്നവയുമാണ്. പുനരുദ്ധാരണം കഴിയുന്നതോടുകൂടി ഇവിടെയെല്ലാം ബ്രാഹ്മണപൂജ നടപ്പിൽ വരികയാണുണ്ടായത്. അതേസമയം നിത്യപൂജ ബ്രാഹ്മണരാണെങ്കിലും ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന കാവടിയുമായി ബന്ധപ്പെട്ട

ചടങ്ങുകൾക്ക് കാർമ്മികത്വം വഹിക്കുന്നതും അതിൽ പങ്കാളികളാകുന്നതും തദ്ദേശവാസികളായ അബ്രാഹ്മണർ തന്നെയാണ്. വരേണ്യാധിനിവേശത്തിനിടയിലും നിലനിന്നുപോരുന്ന അതിജീവന സാദ്ധ്യതയായി നമുക്കിതിനെ കണക്കാക്കാം. ഈ സാംസ്കാരികാധിനിവേശം കേരളത്തിലെ ഭൂരിപക്ഷം ക്ഷേത്രങ്ങളിലും സംഭവിച്ചു കഴിഞ്ഞു. പുനരുദ്ധാരണത്തോടുകൂടി പലയിടത്തും ദേശീപാരമ്പര്യങ്ങൾ പിൻതുടരുന്ന തനത് ആരാധനാരീതികൾ അപ്രത്യക്ഷമാവുകയും ആര്യമായ രീതിയിലേക്ക് എല്ലാം ഏകീകരിക്കപ്പെടുകയും ചെയ്യുന്നു. ഈ അവസ്ഥയിലും അപൂർവ്വം ചിലത് മാറ്റങ്ങളോടെയാണെങ്കിലും പ്രതിരോധിക്കുകയും അതിജീവിക്കുകയും നിലനിൽക്കുകയും ചെയ്യുന്നുണ്ട്. അക്കൂട്ടത്തിലുപ്പെടുന്നു 'അഗ്നിക്കാവടി'.

മനഃശാസ്ത്രതലം:

ശ്രീനാരായണഗുരുവിനെപ്പോലുള്ള നായകന്മാരുടെ നേതൃത്വത്തിൽ സാമൂഹിക-സാംസ്കാരിക നവോത്ഥാനത്തിന്റെ വഴിയിലൂടെ കടന്നു വന്നവരാണ് കേരളജനത. പഴയ പല ആചാരങ്ങളെയും അനാചാരങ്ങൾ എന്നുപറഞ്ഞ് നമ്മൾ ഉപേക്ഷിക്കുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടുണ്ട്. അത് ആവശ്യവുമാണ്. ഈ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ 'അഗ്നിക്കാവടി' എന്ന അനുഷ്ഠാനം നിർവ്വഹിക്കുന്ന കലാകാരൻ ജീവശാസ്ത്രപരമായി മനുഷ്യശരീരസംബന്ധിയായ സാമാന്യയുക്തിയുടെ പരിധികൾ ലംഘിക്കുന്നുണ്ട്. ശരീരം തുളച്ച് ശൂലം കുത്തുകയും നഗ്നപാദരായി തീയിൽ നൃത്തംവെയ്ക്കുകയും ചെയ്യുന്നു. മുഖ്യചടങ്ങിന് മുന്നോടിയായി അനുഷ്ഠിക്കുന്ന കഠിനവ്രതങ്ങളും നിർവ്വഹണ സമയത്തെ ഭൗതികസാഹചര്യങ്ങളും അവരുടെ മനസിനെയും ശരീരത്തെയും അസാധ്യമായത് ചെയ്യാൻ സജ്ജമാക്കുന്നുണ്ടാകാം. എങ്കിലും സാമാന്യയുക്തിയുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ വേദനയുടെയും ഭയത്തിന്റെയും വന്യവും ഹിംസാത്മകവുമായ ഒരു തലം ഈ കലയ്ക്കുണ്ട്. അതിനൊരു വിശദീകരണം ആവശ്യമാണ്.

അടിസ്ഥാനപരമായി മനുഷ്യൻ ഒരു മൃഗം തന്നെയാണ്. എത്ര സാംസ്കാരസമ്പന്നരായി എന്നുപറഞ്ഞാലും നമ്മൾ എല്ലാ മൃഗീയ വാസനകളും ഉള്ളിൽ അടക്കിവെച്ചിരിക്കുകയാണ്. അവസരം കിട്ടിയാൽ അത് പുറത്ത് ചാടുകയുംചെയ്യും. അക്രമവാസനയുടെ കാര്യവും അങ്ങനെതന്നെയാണ്. ഫോക്‌ലോർ എന്ന വിജ്ഞാന

ശാഖ അതിന്റെ ധർമ്മങ്ങളിൽ പറയുന്ന പ്രധാനപ്പെട്ട ഒരു ഘടകമാണ് അടക്കിവച്ചിരിക്കുന്ന വികാരങ്ങളുടെ നിർദ്ദോഷമായ വിനിമയം ചെയ്യൽ. അത്തരത്തിലുള്ള ഒരു വിനിമയം—ഉറങ്ങിക്കിടക്കുന്ന ഹിംസാവാസനകളുടെയും അധികോർജ്ജത്തിന്റെയും നിർദ്ദോഷമായ വിനിമയം—ഈ കർമ്മങ്ങളിലൂടെ സംഭവിക്കുന്നുണ്ട്. ഇത്തരം അനുഷ്ഠാനങ്ങളിലെ പങ്കാളികളും പ്രേക്ഷകരും ഈ അവസ്ഥകളിലൂടെ കടന്നു പോകുമ്പോൾ—അത് ഭക്തിയുടെ പേരിലുള്ള ചടങ്ങുകൾ ആണെങ്കില്പോലും—അവർ വ്യക്തിപരമായും സാമൂഹികമായും ഒരു പ്രശാന്തിയുടെ അവസ്ഥയിലേക്ക് എത്തിച്ചേരുന്നുണ്ട്. എല്ലാത്തരത്തിലും ആക്രമണോത്സുകമായ ഇന്നത്തെ സമൂഹത്തിൽ, നിഷേധിക്കാനാവാത്ത ഒരു സാമൂഹികധർമ്മം അബോധപൂർവ്വമാണെങ്കില്പോലും ഇവ നിർവ്വഹിക്കുന്നുണ്ട്.

ഉപസംഹാരം

അധിനിവേശത്തെ അതിജീവിച്ച് ഇന്നും നിലനിൽക്കുന്ന ദ്രാവിഡ സ്വത്വാവിഷ്കാരത്തിന്റെ അപൂർവ്വമാതൃകയാണ് 'അഗ്നിക്കാവടി' എന്ന അനുഷ്ഠാനകല. തനതായ ആചാരങ്ങളും ദേശീപാരമ്പര്യങ്ങളും എല്ലാം വരേണ്യപാരമ്പര്യത്തിലേക്ക് ഏകീകരിക്കപ്പെട്ടുമ്പോൾ നഷ്ടമാകുന്നത് നമ്മുടെ സംസ്കാരത്തിന്റെ ബഹുസ്വരതയാണ്. ഈ സാംസ്കാരികാധിനിവേശത്തിന് നൂറ്റാണ്ടുകളുടെ പഴക്കം ഉണ്ടെങ്കിലും ഇനിയെങ്കിലും ഒരു പ്രതിരോധത്തിന്റെ പാഠം ഉയർന്നുവന്നില്ലെങ്കിൽ തനത് എന്ന് പറയാൻ ഒന്നും ബാക്കിയുണ്ടാവില്ല.

ആവേദകൻ: സതീഷ്കുമാർ, പാച്ചല്ലൂർ, തിരുവനന്തപുരം.

കടപ്പാട്: പനത്തുറ ശ്രീ സുബ്രഹ്മണ്യസ്വാമിക്ഷേത്രം, പാച്ചല്ലൂർ പി.ഒ.,
തിരുവനന്തപുരം.

**ശ്രീജ.ജെ.എസ്.**
അസി.പ്രൊഫസർ,
മലയാളവിഭാഗം,
കെ.കെ.ടി.എം.ഗവ:കോളേജ്,
കൊടുങ്ങല്ലൂർ.

# ഭരണകൂടത്തിന്റെയും പുരുഷാധിപത്യസമൂഹത്തിന്റെയും ഭയപ്പെടുത്തലിന്റെ പാഠങ്ങൾ

പ്രമേയത്തിന്റെ ജീവിതഗന്ധംകൊണ്ട് വായനക്കാരെ ആകർഷിക്കുന്ന കഥാകൃത്താണ് ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്. ആഖ്യാനരീതികളേക്കാൾ, വൈവിധ്യമാർന്ന ജീവിത ചിത്രീകരണത്തിലൂടെയാണ് ശിഹാബുദ്ദീന്റെ കഥകൾ സവിശേഷമാകുന്നത്. അദ്ദേഹത്തിന്റെ കഥകളിലെ പല കഥാപാത്രങ്ങളും ബഹിഷ്കൃതസ്വത്വം ഉള്ളവരാണ്. പരാജയപ്പെട്ടുമെന്നറിഞ്ഞുകൊണ്ടുപോലും അവർ പ്രതിഷേധിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നു. ചിലരെ സമൂഹം ഉന്മാദികളാക്കി മാറ്റുന്നു. പുതുകാലത്തിന്റെ സ്പന്ദനം പുതു കഥകളിലും കാണാം. ശിഹാബുദ്ദീന്റെ സമീപകാലത്ത് പ്രസിദ്ധീകരിച്ച 'മതഭ്രാന്തൻ', ' ഒരു പാട്ടിന്റെ ദൂരം' എന്നീ കഥകളിൽ സമൂഹത്തിന്റെ ഹിംസാത്മകതയെയും പ്രതിലോമവികാരങ്ങളെയും ആവിഷ്കരിച്ചിരിക്കുന്നു. ഈ രണ്ടു കഥകളും വിശദമായി അവലോകനം ചെയ്ത് സമകാലികസമൂഹത്തിന്റെ മാറിയ ജീവിതവീക്ഷണങ്ങളെ വിലയിരുത്തുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

ചരിത്രാതീതകാലംമുതൽതന്നെ മനുഷ്യന്റെ കൂടെ ഉള്ളതാണ് ഭയം. പ്രകൃതിശക്തികളോടുള്ള ഭയത്തിൽ നിന്നാണല്ലോ ദൈവങ്ങളും മതങ്ങളുംതന്നെ രൂപപ്പെട്ടത്. അടിമകൾക്ക് ഉടമയോടുള്ള ഭയം, തൊഴിലാളികൾക്ക് മുതലാളിമാരോടുള്ള ഭയം, ജനങ്ങൾക്ക് ഏകാധിപതികളോടുള്ള ഭയം—ഇങ്ങനെ ഭയത്തിന് ചരിത്രപരമായ അസ്തിത്വവും കാരണങ്ങളും ഉണ്ട്. വൈയക്തികമായ ഉത്കണ്ഠകളിൽ നിന്നുണ്ടാകുന്നതാണ് വ്യക്തിപരമായ ഭയങ്ങൾ. എന്നാൽ ഒരു രാഷ്ട്രത്തിന്റെ

സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക സന്ദർഭങ്ങളിൽനിന്ന് ഉടലെടുക്കുന്നതാണ് ഒരു ജനതയുടെ/സമൂഹത്തിന്റെ ഭയം. വ്യക്തിപരമായ ഒരു ഭയം സമൂഹത്തിന്റെ ഭയമായി വികസിക്കുന്നത് ശിഹാബുദ്ദീന്റെ 'ഒരു പാട്ടിന്റെ ദൂരം' എന്ന കഥയെ ശ്രദ്ധേയമാക്കുന്നു. ഒരു സമൂഹത്തിന്റെ ഭയം രാഷ്ട്രത്തിന്റെ ഭയമായിപരിണമിക്കുന്നത് 'മതഭ്രാന്തൻ' എന്ന കഥയെ വ്യത്യസ്തമാക്കുന്നു.

2013-ൽ പ്രസിദ്ധീകരിച്ച ഏറ്റവും മികച്ച മലയാളചെറുകഥകളിലൊന്നാണ് ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ 'ഒരു പാട്ടിന്റെ ദൂരം'. അനുഭവിപ്പിക്കുന്ന കഥയാണിതെന്ന് പറയാം. അല്ലി എന്നി കൗമാരപ്രായത്തിലുള്ള പെൺകുട്ടിയാണ് ഈ കഥയിലെ പ്രധാന കഥാപാത്രം. പ്ലസ് ടു പഠനംകഴിഞ്ഞ് എൻട്രൻസ് എഴുതികിട്ടി, മെഡിക്കൽ കോളേജിൽ പോകാൻ തയ്യാറായി നിൽക്കുന്ന പെൺകുട്ടിയാണ് അവൾ. അല്ലിയെ ചുറ്റിപ്പറ്റിയാണ് ഈ കഥയിലെ ഭയം വികസിപ്പിക്കുന്നത്. കഥയുടെ ആരംഭത്തിൽ തന്നെ പ്രായമായ പെൺകുട്ടികൾ സന്ധ്യകഴിഞ്ഞ് പുറത്ത് ഒറ്റയ്ക്ക് നിൽക്കരുത് എന്ന് പറഞ്ഞ് അമ്മ, അല്ലിയെ ശാസിക്കുന്നുണ്ട്. സ്ത്രീകളെക്കുറിച്ച് പൊതുസമൂഹം പുലർത്തുന്ന പരമ്പരാഗത കാഴ്ചപ്പാട് തന്നെയാണ് ഈ കഥയിലെ അമ്മയുടേതും. ദൂരെ കാട്ടുമുക്കിലുള്ള ഒരു കോളേജിലേക്ക് മകളെ പഠിക്കാൻ അയക്കാൻ അവർ വിമുഖയാണ്. അവൾ അങ്ങനെ ഒരു സ്ഥലത്ത് എങ്ങനെ താമസിക്കും, ആരാണ് അവളെ കൊണ്ടുപോവുകയും തിരികെ കൊണ്ടുവരികയും ചെയ്യുന്നതെന്നും അമ്മ ആശങ്കപ്പെടുന്നുണ്ട്. എന്നാൽ സ്ത്രീയ്ക്കുവേണ്ടത് സാമ്പത്തികസ്വാതന്ത്ര്യമാണെന്നും അങ്ങനെയാണെങ്കിലേ വിവാഹശേഷവും അവളുടെ ജീവിതം സന്തോഷപൂർണമാകു എന്നും പുരോഗമനവാദിയായ അച്ഛൻ മറുപടി നൽകുന്നുണ്ട്. പുരുഷാധികാരത്തിന്റെ പ്രച്ഛന്നരൂപമാണ് ഈ കഥയിലെ അമ്മ. 'ഉൽപാദനമണ്ഡലം പുരുഷനും പ്രത്യുൽപാദനമണ്ഡലം സ്ത്രീയ്ക്കുമായി നീക്കിവെയ്ക്കുന്ന ചൂഷകനീതിയെ സ്വാഭാവികവത്കരിച്ചും ആദർശവത്കരിച്ചുമാണ് അധികാരം വ്യത്യസ്തവിതാനങ്ങളിൽ ആധിപത്യം ഉറപ്പിക്കുന്നത്.'[1] ഇത്തരത്തിൽ പുരുഷാധികാരത്തിന്റെ പ്രത്യയശാസ്ത്രം ഈ കഥയുടെ അബോധതലത്തിൽ പ്രവർത്തിക്കുന്നതായി കണ്ടെത്താം.

കോളേജിൽചേർന്ന അല്ലിയ്ക്ക് അച്ഛൻ ഒരു മൊബൈൽ ഫോൺ വാങ്ങികൊടുക്കുമ്പോഴും അമ്മ ഉത്കണ്ഠാകുലയാകുന്നുണ്ട്. മൊബൈൽ വാങ്ങിക്കൊടുത്തതുകൊണ്ടാണ് രണ്ട് വീടിനപ്പുറത്തെ പെണ്ണ് ഒരു

ബസ്സ് ക്ലീനറോടൊപ്പം ഒളിച്ചുപോയതെന്ന് അമ്മപറയുമ്പോൾ ദൂരെ പഠിക്കുന്ന മകൾക്ക് തങ്ങളെ വിളിക്കാൻ മറ്റെന്താണ് വഴിയെന്ന് അച്ഛൻ ചോദിക്കുന്നുണ്ട്. മകളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തി ക്കുന്ന ഉൽപതിഷ്ണുവായ ഒരച്ഛനെയാണ് ഈ കഥയിൽ കാണാനാവുക. എന്നാൽ അമ്മയാകട്ടെ മൊബൈൽ ഫോൺവഴി ഉണ്ടാകുന്ന ചതിക്കു ഴികളെക്കുറിച്ച് പറഞ്ഞ് മകളെ തന്റെ ഉൽകണ്ഠകൾ അറിയിക്കുക യാണ്. അതിനാൽ താനാണ് മൊബൈൽ ഫോൺ ഉപയോഗിക്കു ന്നതെങ്കിലും അമ്മയാണ് അത് കൈയിൽവെച്ച് കൊണ്ടിരിക്കുന്ന തെന്ന് അല്ലിയ്ക്ക് തോന്നുമായിരുന്നു എന്ന് കഥയിൽ പറയുന്നുണ്ട്. തന്റെ ഇടിക്കുന്ന ചങ്കാണ് മകൾ മൊബൈലായികൊണ്ട് പോയിരി ക്കുന്നതെന്നാണ് അമ്മ വിചാരിച്ചത്. ഇവിടെ അമ്മയുടെ മനസ്സിലുള്ള ഭയം ഈ കാലഘട്ടത്തിൽ പെൺമക്കളുള്ള എല്ലാ അമ്മമാരുടെയും ഭയമായി മാറുന്നു. യഥാർത്ഥത്തിൽ ഈ ഭയമാണ് കഥയുടെ കേന്ദ്ര ബിന്ദുവായി വികസിക്കുന്നത്.

കൂട്ടുകുടുംബവ്യവസ്ഥ തകരുകയും അണുകുടുംബങ്ങൾ വർദ്ധിക്കുക യും ചെയ്തതോടെ ശിശുപരിപാലനം പൂർണ്ണമായും സ്ത്രീയുടെ ഉത്തര വാദിത്തമായി മാറി. 'കുട്ടികളെ ആധുനികലോകത്തിന് സജ്ജമാകും വിധം നിർമ്മിച്ചെടുക്കുന്ന സ്ഥാപനമായി കുടുംബം മാറിക്കഴിഞ്ഞിട്ടു ണ്ട്. ഈ ഘടനയിലൂന്നിയ ഗാർഹികമായ ഒരു മൂല്യവ്യവസ്ഥ പത്രം, ടി.വി, വനിതാമാസികകൾ മുതലായ വിപണി /സാംസ്കാരിക മേഖല കളിൽ നിന്നും സ്ത്രീകളിലേക്ക് എത്തുന്നുണ്ട്. വ്യാപകമായി ഉയർന്നു വന്ന അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ,കോച്ചിംഗ് ക്ലാ സ്സുകൾ തുടങ്ങിയവ സ്ത്രീയെ കൂടുതൽ കൂടുതൽ കുട്ടികളിലൂടെ ഗാർഹിക ഇടങ്ങളിലേക്ക് തള്ളി മാറ്റിക്കൊണ്ടിരിക്കുന്നു.'[3] ഇത്തരത്തിൽ വീട്ടു കാര്യങ്ങളിൽ വ്യാപൃതയായി കഴിയുന്ന ഒരു മധ്യവർഗ്ഗസ്ത്രീയ്ക്ക് മകളെ കുറിച്ചുണ്ടാകുന്ന ഉത്കണ്ഠയാണ് ഈ കഥയുടെ ന്യൂക്ലിയസ് എന്ന് തന്നെ പറയാം. അവരുടെ ലോകം മുഴുവൻ ഏകമകളിൽ കേന്ദ്രീക രിച്ചിരിക്കുന്നു. സമൂഹത്തിന്റെ പ്രശ്നങ്ങളിൽ നിന്നൊഴിഞ്ഞുമാറി വ്യ ക്തികേന്ദ്രിതമായ ജീവിതത്തിലേക്ക് ചുരുങ്ങുന്ന അരാഷ്ട്രീയമായ ഒരു മനസ്സിന്റെ ഉടമയാണ് ഈ കഥയിലെ അമ്മ. അതിനാലാണ് അടുത്ത ബന്ധുക്കളെ പോലും വിശ്വാസമില്ലാതിരുന്ന അല്ലിയുടെ അമ്മ, മകളെ അച്ഛൻ തന്നെ കോളേജിൽ കൊണ്ടുപോയാക്കണമെന്ന് ശഠിച്ചത്.

അല്ലിയുടെ അച്ഛന് ഓണാവധി കിട്ടാതെ പോയത് കഥയിലെ വഴിത്തിരിവാകുന്നു. അല്ലിയെ കോളേജിൽ കൊണ്ടുചെന്നാക്കാൻ

അത്തവണ അച്ഛനില്ല. അവധി കഴിഞ്ഞ് രണ്ടു ദിവസം കഴിഞ്ഞി ട്ടും അവളെ ഒറ്റയ്ക്ക് അമ്മ വിടുന്നില്ല. അല്ലിയ്ക്ക് ഇന്റേണൽ പരീക്ഷയു മായി. ഒടുവിൽ പാതിവഴിയിൽ അച്ഛൻ കാത്തു നിൽക്കാമെന്ന തീരു മാനത്തിൽ മനസ്സില്ലാമനസ്സോടെ അല്ലിയുടെ അമ്മ അവളെ വിടുന്നു. എന്നാൽ യാത്രയ്ക്കിടയിൽ ഉറങ്ങിപ്പോയ അവൾ കണ്ണ് തുറന്നപ്പോൾ അമ്മയുടെ 120 മിസ്സ്കോളുകളും അച്ഛന്റെ 3 മിസ്സ്കോളുകളുംകണ്ട് തിരിച്ച് വിളിക്കാനൊരുങ്ങവേ ഫോൺ ചാർജ്ജ് തീർന്ന് ഓഫായി. അപ്പോൾ മുതൽ അല്ലിയുടെ മനസ്സ് അവൾ സ്വയംനിർമ്മിച്ച ഭയത്തിന്റെ അടിമയായി. ബസ്സിൽ തൊട്ടടുത്തിരുന്ന സ്ത്രീയെ സംശയത്തോടെയാ ണവൾ വീക്ഷിക്കുന്നത്. അവരുടെ കണ്ണിലെ വാത്സല്യം അവൾക്ക് വിശ്വാസയോഗ്യമായി തോന്നി എന്ന് കഥയിൽ പറയുന്നുണ്ടെങ്കി ലും, വാസ്തവം അങ്ങനെയല്ലായിരുന്നു എന്ന് കഥയിൽ നിന്ന് തന്നെ വായിച്ചെടുക്കാം. അവരുടെ നിഗൂഢമായ കണ്ണുകൾ തന്നെകുരുക്കാൻ കുറുക്കുവഴി തേടുന്നുണ്ടോ എന്നവൾ സംശയിക്കുന്നുണ്ട്. അവരുടെ ചിരി ഗൂഢമായിട്ടാണ് അല്ലിയ്ക്ക് തോന്നിയത്. വിശേഷങ്ങൾ പങ്കുവെ ച്ച ആ സ്ത്രീയുടെ ചലനങ്ങളിലും, കണ്ണുകളിലുമെല്ലാം അല്ലി അസാധാര ണമായ നിഗൂഢതകൾ കണ്ടെത്തി. സിറ്റിയിൽ ബ്യൂട്ടീഷനാണ് എന്ന് പറഞ്ഞ അവർ, കസ്റ്റമേഴ്സിന്റെ സൗകര്യത്തിനനുസരിച്ച് നിന്നാൽ കൂടുതൽ പണം കിട്ടുമെന്നൊക്കെ പറഞ്ഞപ്പോൾ അല്ലിയുടെ ഉള്ളിൽ ഭയം നിറയുന്നു, അവളുടെ പ്രായം പതിനെട്ട് കഴിഞ്ഞോ എന്നുറ പ്പ് വരുത്തിയ ശേഷം അവർ പെട്ടെന്നുതന്നെ ബസ്സ് നിറുത്താൻ പറയുകയും സ്ഥലമെത്തി എന്ന് പറഞ്ഞ് അവളുടെ കൈയ്ക്ക് പിടിച്ച് ബസ്സിൽ നിന്നിറങ്ങുകയും ചെയ്യുന്നു. അല്ലിയുടെ മനസ്സ് കൂടുതൽ ഭയച കിതമാകുന്നു. ഈ ഭയം കഥാന്ത്യം വരെ നിലനിർത്താനും എന്നാൽ പ്രസാദാത്മകവും, ശുഭാപ്തി വിശ്വാസപരവുമായ ചിന്തകളെ ഉണർത്താ നും കഴിയുന്നു എന്നതാണ് 'ഒരു പാട്ടിന്റെ ദൂരം' എന്ന ഈ ചെറുകഥ യുടെ മേന്മ.

ഭയത്തിന്റെ അന്തരീക്ഷം കഥാന്ത്യംവരെ നിലനിർത്താൻ സാധിച്ചി രിക്കുന്നു എന്നതാണ് ഈ കഥയുടെ ആഖ്യാനത്തിന്റെ സവിശേഷത. ഭയത്തിന്റെ ആവരണംകൊണ്ട് 'ഒരു പാട്ടിന്റെ ദൂരത്തി'ന്റെ അന്തരീ ക്ഷ സൃഷ്ടിയിൽ കഥാകൃത്ത് വൈദഗ്ധ്യം കാണിക്കുന്നു.

'1. ഒരു ഇളംകാറ്റ് പെട്ടെന്ന് ചെറുചുഴലിക്കാറ്റായി ശബ്ദമിട്ട് ദൂരത്തേ ക്ക് അദൃശ്യമായ ഒരു ഭീകരകഴുകൻ പോലെ പറന്നു പോയി.'

2. ചേച്ചി അകത്തു പോയതും ആരോ അമർത്തിപിടിച്ച് തേങ്ങും പോലെ അല്ലി കേട്ടു.'

വിജനമായ കാട്ടിൽ വഴികാട്ടിയ ചെറുപ്പക്കാരന്റെ പിന്നിലൂടെ നടന്ന അല്ലിയുടെ ഭയചകിതമായ മനസ്സിന്റെ ചിന്തകൾ മനോഹരമായി ഈ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നു. താൻ എവിടെ വെച്ചാവും ആക്രമിക്കപ്പെടുകയെന്നും, അതിന് ആ ചെറുപ്പക്കാരന് കിട്ടുന്ന കൂലിയെന്താണെന്നും, ഒടുവിൽ ജീവനെങ്കിലും ബാക്കികിട്ടുമോ എന്നും അവൾ ഭയപ്പെടുന്നുണ്ട്. ഈ ഭയം ഉള്ളിലുള്ളതുകൊണ്ട് അല്ലിക്ക് വനത്തിന്റെ പാർശ്വത്തിലെ മുള്ളുകൂട്ടം പല്ലിറുമ്മുന്നതായും, കോളേജ് ഹോസ്റ്റലിലേക്കുള്ളയാത്ര മരണപ്പൊത്തിലേക്കുള്ള യാത്രയായും അനുഭവപ്പെടുന്നു. ചെറുപ്പക്കാരന്റെ കൈയിലെ ട്രാൻസിസ്റ്ററിൽ നിന്നും കേൾക്കുന്ന ഗാനവും അല്ലിയുടെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കുന്നതാണ്. 'പൊട്ടിത്തകർന്ന കിനാവുകൊണ്ടൊരു പട്ടുനൂലുഞ്ഞാല് കെട്ടീ ഞാൻ' എന്ന പഴയ ചലച്ചിത്രഗാനമായിരുന്നു അത്. കാട്ടിലെ വാറ്റുചാരായത്തിന്റെ ഒഴിഞ്ഞ കുപ്പികളും, ബീഡിക്കുറ്റികളും, സിഗരറ്റുമെല്ലാം വരാൻ പോകുന്ന ഏതോ അപകടത്തിന്റെ സൂചനയായിട്ടാണ് അവൾക്ക് തോന്നിയത്. എന്നാൽ കഥാന്ത്യത്തിൽ ചെറുപ്പക്കാരൻ അല്ലിയുടെ ഹോസ്റ്റൽകെട്ടിടം ചൂണ്ടിക്കാണിക്കുമ്പോൾ മാത്രമാണ് അല്ലിയും വായനക്കാരും ആ ചെറുപ്പക്കാരനെ തെറ്റിദ്ധരിച്ചതാണെന്ന് വ്യക്തമാകുന്നത്. അവൾ ഹോസ്റ്റൽ ഗേറ്റിലേക്കു പ്രവേശിക്കും മുമ്പ് ബിയർകുപ്പിയുമായി ഒരു ആൺസംഘം വന്നെത്തുകയും അപ്പോൾ നേരത്തെ അല്ലി പേടിച്ചിരുന്ന ആ ചെറുപ്പക്കാരൻ അവളുടെ രക്ഷകനാകുകയും ചെയ്യുന്നു. ഒരു പാട്ട് കേൾക്കുന്ന ദൂരമത്രയും കൗമാരക്കാരിയായ ഒരു പെൺകുട്ടിയുടെ മനസ്സിലുള്ള വിഹ്വലതകളാണ് ഈ കഥയുടെ ഭാവബിന്ദു. സുരക്ഷിതത്വത്തെ കുറിച്ചുള്ള അല്ലിയുടെ ആശങ്ക, അവളുടെ അമ്മയുടെ ആശങ്കകൾ എന്നിവയെല്ലാം കേവലം വ്യക്തിതലത്തിനപ്പുറത്തേക്ക് വ്യാപിച്ച് സാമൂഹ്യതലത്തിലേക്ക് ഉയർന്നിരിക്കുന്നു എന്നതാണ് ഈ കഥയുടെ ആഖ്യാനപരമായ മേന്മ. സ്ത്രീകളുടെ സ്വതന്ത്ര്യവും, സുരക്ഷിതത്വവുമായി ബന്ധപ്പെട്ട പൊതുസമൂഹത്തിന്റെ ഉൽകണ്ഠകളാണ് ഈ കഥ പങ്കുവെയ്ക്കുന്നത്. 'കേരളത്തിൽ സ്ത്രീകൾ നേടിയ പല നേട്ടങ്ങൾക്കുംനേരെ പലതരത്തിലുള്ള തിരിച്ചടികൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിലൊന്നാണ് സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ വർദ്ധിച്ച തോതിലുള്ള ലൈംഗികാക്രമണങ്ങൾ, രണ്ടുവയസ്സ് മുതൽ എൺപതോ അതിലധികമോ

പ്രായമുള്ള സ്ത്രീകൾപോലും ഇവിടെ സുരക്ഷിതരല്ല. സ്ത്രീകൾ പലവിധത്തിൽ ചൂഷണം ചെയ്യപ്പെടുന്ന നമ്മുടെ സമൂഹത്തിൽ ലിംഗപദവി സംബന്ധിച്ച് നിലനിൽക്കുന്ന അസമത്വങ്ങളുടെ പ്രത്യാഘാതമായി'[4] ഇതിനെ കാണാമെന്ന് സി.എസ്. ചന്ദ്രിക നിരീക്ഷിക്കുന്നത്, വളരെ അർത്ഥവത്താണ്. ലിംഗപദവിയിലുള്ള അസമത്വം തന്നെയാണ്, ഇതിന്റെ ഹേതുവെന്ന് പറയാം.

മൊബൈൽപോലുള്ള സങ്കേതികവിദ്യകൾ പ്രത്യക്ഷത്തിൽ സ്ത്രീകൾക്ക് ഉപകാരപ്രദമാണെന്ന് തോന്നാമെങ്കിലും അവ പലപ്പോഴും സ്ത്രീവിരുദ്ധമാകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ക്യാമറയുള്ള മൊബൈലുകൾ പലപ്പോഴും അനുവാദമില്ലാതെ സ്ത്രീകളുടെ ചിത്രമെടുക്കാനും അത് ദുരുപയോഗപ്പെടുത്താനും ഇടയാകുന്നു. മാത്രവുമല്ല മൊബൈൽ പലപ്പോഴും സ്ത്രീകളുടെ സഞ്ചാരസ്വതന്ത്ര്യത്തിനും വിഘാതമാകുന്നു. എന്തുകൊണ്ടാണ് സ്ത്രീകൾ പലപ്പോഴും സാങ്കേതികവിദ്യകളെ ഭയക്കുന്നത് എന്ന് ചിന്തിച്ചാൽ സാങ്കേതികവിദ്യകൾക്കു പിന്നിലെ രാഷ്ട്രീയം വ്യക്തമാവും. സാങ്കേതികവിദ്യകൾ എല്ലാം തന്നെ പുരുഷാധിപത്യപരമാണ് എന്നതാണ് അതിനു കാരണം. അതിനാൽ തന്നെ പുരുഷാധിപത്യ വ്യവസ്ഥ നിർമ്മിച്ച സദാചാര സങ്കൽപങ്ങളുമായും ഈ സാങ്കേതികവിദ്യയ്ക്ക് ബന്ധമുണ്ടെന്ന് പറയാം. മോർഫ് ചെയ്ത് ഇന്റർനെറ്റിലൂടെ ആർക്കും ആരുടെയും നഗ്നചിത്രങ്ങൾ പ്രചരിപ്പിക്കാവുന്ന കാലഘട്ടമാണിത്. ഇത്തരം ചിത്രങ്ങൾ പ്രചരിപ്പിക്കുമെന്ന ഭീഷണിയിൽ ആത്മഹത്യ ചെയ്ത പല പെൺകുട്ടികളും കേരളത്തിലുണ്ട്. യാഥാസ്ഥിതിക സദാചാരസങ്കൽപത്തെ ഊട്ടിയുറപ്പിക്കുന്നവ തന്നെയാണ് പുത്തൻ സാങ്കേതിക വിദ്യകളും.

മതത്തിന്റെ പേരിൽ ഇരകളാക്കപ്പെടുന്ന നിസ്സഹായരായ മനുഷ്യരുടെ കഥയാണ് 'മതഭ്രാന്തൻ'. കഥയിലെ ഭ്രാന്തന് ഊരോപേരോ ഇല്ല. ആരോ ദീർഘദൂരബസ്സിൽ കയറ്റി വിട്ടതാണ് അയാളെ. താടിയും മുടിയും നീട്ടിയ വികൃത രൂപിയായ അയാളെ നഗരത്തിലെ ബോംബ് സ്ഫോടനത്തിൽ പോലീസ് പ്രതിയാക്കുന്നു. സി.സി.ടി.വി ദൃശ്യത്തിൽ ചവറുവീപ്പയിൽ അയാൾ എന്തോ നിക്ഷേപിക്കുന്നതായിട്ടാണ് പോലീസ് വ്യഖ്യാനിച്ചത്. യഥാർത്ഥത്തിൽ ഭ്രാന്തൻ ചവറുവീപ്പയിൽ നിന്ന് വിശപ്പടക്കാൻ എച്ചിൽപ്പൊതി എടുത്തതായിരുന്നു. തുടർന്ന് ഒരു നിരപരാധിയെ കൊടുംഭീകരനാക്കി ചിത്രീകരിക്കുന്നതാണ് കഥയിൽ കാണുന്നത്. ഭ്രാന്തന്റെ ശരീരഭാഷയെ ഭീകരന്റെ ശരീര ഭാഷയായി ഭീകരവിരുദ്ധ സ്ക്വാഡ് വ്യഖ്യാനിക്കുന്നു.

'പൊതി വീപ്പയിലേക്ക വെക്കുകയോ എടുക്കുകയോ ചെയ്യുന്ന ഒരാൾ എന്തിനാണ് ഭയാശങ്കകളോടെ മുഖം തിരിച്ച് സംശയാസ്പദമായി കൃഷ്ണമണികൾ ഇങ്ങേകോൺ വരെ ഉരുട്ടുന്നത്.'?[5] 'രണ്ടാം പകുതി—കൃത്യനിർവഹണത്തിനിടയ്ക്ക് തിരിഞ്ഞ് സംശയാസ്പദമായി ആൾക്കൂട്ടത്തെ ഒന്നു പാളി നോക്കുന്നു.'[6] താടിയുള്ള അയാളെ പോലീസുകാർ കാശ്മീരിയാക്കി .

സി.സി.ടി.വി ദൃശ്യങ്ങളാണ് ഭ്രാന്തനെ കുറ്റവാളിയാക്കിയത്. ഭ്രാന്തൻ ചവറുവീപ്പയിൽ നിന്ന് ഭക്ഷണപ്പൊതി എടുത്തതാണ്. എന്നാൽ പൊതി എടുത്തതാണോ, വെച്ചതാണോ എന്ന് ദൃശ്യത്തിൽ നിന്ന് പൂർണമായും വ്യക്തമാവുന്നില്ല എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ തന്നെ പറയുന്നുണ്ട്. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ലോകം പൂർണമായും യാഥാർത്ഥ്യമല്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. മാധ്യമങ്ങളുടെ ലോകം മിഥ്യകളെ യാഥാർത്ഥ്യമായി ചിത്രീകരിക്കാനാണ് ശ്രമിക്കുന്നത്. 'എക്സ്ക്ലൂസിവ്' വാർത്തകൾക്കുവേണ്ടി ഓരോ ചാനലും മത്സരിക്കുന്ന കാലമാണിത്. അതിനാൽ യാഥാർത്ഥ്യം എന്ന രീതിയിൽ മിഥ്യകളെ അവതരിപ്പിക്കുകയാണ് പല മാധ്യമങ്ങളും ചെയ്യുന്നത്.

ചിത്തഭ്രമമുള്ള അയാൾ പോലീസുകാർ ചോദിച്ചതെല്ലാം സമ്മതിച്ച കൊടുത്തു. താൻ ഒരു അധോലോകനായകനായി സിനിമയിൽ അഭിനയിക്കുകയാണ് എന്നാണ് അയാൾ ധരിച്ചത്. അലാവുദ്ദീൻ കിൽജി എന്നാണ് അയാൾ പേരുപറഞ്ഞത്. കശ്മീർ ആണോ സ്ഥലം എന്ന പോലീസുകാരന്റെ ചോദ്യത്തിന് അതേ എന്നും മറുപടി കൊടുത്തു. ചോദ്യം ചെയ്യലിനിടെ ഇടയ്ക്ക് ഭക്ഷണം ചോദിക്കുന്ന അയാളിൽ എന്തോ ഒരു അസ്വഭാവികത ഒരു ഉദ്യോഗസ്ഥൻ സംശയിക്കുന്നുണ്ട്. എന്നാൽ സൈക്കോളജിസ്റ്റ് താൻ അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ നിന്നാണ് ഡോക്ടറേറ്റ് എടുത്തതെന്ന് പറഞ്ഞ് ആ സംശയം പുച്ഛിച്ച തള്ളുകയാണ് ഉണ്ടായത്. ഒരു പകൽ നീണ്ടുനിന്ന ചോദ്യം ചെയ്യലിനും ഭേദ്യം ചെയ്യലിനും ശേഷം അയാൾ എല്ലാ കുറ്റങ്ങളും ഏറ്റു. നഗരത്തിൽ ഏതേതു സ്ഥലങ്ങളിൽ ബോംബ് വെച്ചിട്ടുണ്ട് എന്നചോദ്യത്തിന് മാത്രം അയാൾക്ക് ഉത്തരംനൽകാൻ സാധിച്ചില്ല. പിന്നീട് കഥ യഥാർത്ഥത്തിൽ അയാൾ ആരായിരുന്നു എന്ന ചെറിയ സൂചന നൽകുന്നു. ഒരിക്കൽ പോലീസുകാരാൽ ഉന്മാദിയാക്കപ്പെട്ടവനാണയാൾ. ഇപ്പോൾ പോലീസുകാരാൽ അയാൾ ഭീകരനും കൊടും കുറ്റവാളിയുമായി ചിത്രീകരിക്കപ്പെടുന്നു. വെറും നിലത്ത്

കമിഴ്ന്ന കിടക്കുന്ന അയാളുടെ ദൈന്യതയാർന്ന ചിത്രത്തിലാണ് കഥ അവസാനിപ്പിക്കുന്നത്.

ഭ്രാന്തനെ കുറ്റവാളിയായി കണ്ടെത്താൻ പോലീസിനെ പ്രേരിപ്പിച്ചത് ചവറ് വീപ്പയിൽനിന്ന് അയാൾ പൊതി എടുക്കുന്നതുകണ്ട സി.സി.ടി.വി ദൃശ്യങ്ങളാണ്. എന്നാൽ അത് പൊതി എടുക്കുന്നതോ വയ്ക്കുന്നതോ എന്ന് അവർക്ക് വ്യക്തമായില്ല. പിന്നെ ഭ്രാന്തന്റെ താടിയും ശരീരഭാഷയും കൂടാതെ അയാൾ പറഞ്ഞ മുസ്ലീം പേരും എല്ലാം അയാളെ ഭീകരനാക്കി. ഒരാൾ താടിവെച്ചാൽ, മുസ്ലീമായാൽ അയാൾ ഏതു കുറ്റകൃത്യത്തിനും അറസ്റ്റ് ചെയ്യപ്പെടാമെന്ന അവസ്ഥയാണ് ഇന്ന് പല ലോകരാഷ്ട്രങ്ങളിലുമുള്ളത്.

'കേരളത്തിൽ ഇസ്ലാംഭീതി പലവിധത്തിൽ വളരുന്നുണ്ട്. ഈ മാറ്റം ദൃശ്യമാകുന്നുമുണ്ട്.'[7] ദൃശ്യമാധ്യമങ്ങളിലും പലപ്പോഴും മുസ്ലീം വിരുദ്ധമായ വാർത്തകൾ പ്രത്യക്ഷപ്പെടാറുണ്ട്. പൊതുസമൂഹം ഇസ്ലാംമതത്തിൽപ്പെട്ടവരെ അപരരായി കാണുന്ന പ്രവണതയാണുള്ളത്. 'സ്വതന്ത്ര ഇന്ത്യയിൽ നിന്ന് പിരിഞ്ഞുപോയവർ മാത്രമല്ല, ഇവിടെയുള്ള മുസ്ലീമുകൾക്കൂടി ഇന്ത്യക്കു ആപത്താണെന്നാണ് ചിലർ പറയുന്നത്. മുസ്ലീമുകൾ വംശവർദ്ധനയുള്ള ഒരു ജനസ്സായതുകൊണ്ട് ഇവർ ഭൂരിപക്ഷമാകുമെന്നും അതിനാലിവരെ ആട്ടിപ്പായിക്കണമെന്നുമാണ് ഇന്ത്യൻ ഫാസിസം പ്രചരിപ്പിക്കുന്നത്.'[8] ഇത്തരം ചിന്താഗതികൾ പൊതുസമൂഹത്തിലാകെ പടർത്താനും അവർക്ക് സാധിച്ചിട്ടുണ്ട്. ഭയവും മുൻവിധികളുമെല്ലാം നിരപരാധികളായ മുസ്ലീം സഹോദരങ്ങളെയും പ്രതിക്കൂട്ടിലാക്കുന്നു. സമൂഹത്തിന്റെ ഈ മുസ്ലീം അപരവത്കരണം ശിഹാബുദ്ദീന്റെ മതഭ്രാന്തൻ എന്ന കഥയിൽ ശക്തമായി ആവിഷ്കരിച്ചിരിക്കുന്നു.

ഭീതിപ്പെടുത്തുക എന്നത് ഫാസിസത്തിന്റെ തന്ത്രമാണ്. ഹിറ്റ്ലറെയും, മുസ്സോളിനിയെയും പോലുള്ള സ്വേച്ഛാധിപതികൾ ചെയ്തിരുന്നതും അതാണല്ലോ കുറെ നിരപരാധികളെ കൊന്നൊടുക്കിയും ബാക്കിയുള്ളവരെ പേടിപ്പിച്ചും അധികാരത്തിന്റെ ബലതന്ത്രം വർത്തിച്ചത് അടിയന്തരവസ്ഥക്കാലത്ത് ഇന്ത്യയിൽ നാം കണ്ടതാണ്. 'ലോകത്തെങ്ങും ഫാസിസം അതിന്റെ സ്വാധീനം ഉറപ്പിക്കാൻ സ്വീകരിക്കുന്ന പല വഴികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് ഒരു ജനതയെ ഭീതിയ്ക്ക് അടിമപ്പെടുത്തുക എന്നതാണ്. ഹിറ്റ്ലർ ആക്രമണം നടത്തുക മാത്രമല്ല നടത്തിയ ആക്രമണങ്ങളെ വീണ്ടും വീണ്ടും പുനരവതരിപ്പിച്ച്

അതിലാഹ്ലാദിക്കുകയും ചെയ്തു'.[9] ഹിംസയാണ് ഫാസിസ്റ്റുകളുടെ മാർഗം. 'മതഭ്രാന്തൻ' എന്ന കഥയിൽ പലവിധ പീഡനങ്ങൾ നടത്തിയാണ് ഭ്രാന്തനെ കുറ്റക്കാരനാക്കുന്നത്. പീഡനം സഹിക്കവയ്യാതെ എല്ലാ കുറ്റവും അയാൾ ഏൽക്കുന്നു. എന്നാൽ നഗരത്തിൽ ഇനി എവിടെയെല്ലാമാണ് ബോംബ് പൊട്ടുന്നതെന്ന് മാത്രം അയാളെക്കൊണ്ട് പറയിക്കാൻ പോലീസുകാർക്കായില്ല.

ഇന്ത്യയിൽ ന്യൂനപക്ഷപീഡനം ഏറിവരുന്ന കാലമാണിത്. സിഖ്വിരുദ്ധകലാപവും, ബാബ്റിമസ്ജിദ് തകർത്തതിനെ തുടർന്നുള്ള പ്രക്ഷോഭങ്ങളും, ഒറീസയിൽ ക്രിസ്ത്യൻ മിഷണറിയെ ചുട്ടെരിച്ച സംഭവവും ഓർമ്മക്കുക. തീവ്രവാദികളാകട്ടെ, ഉണ്ടാവുകയല്ല ഉണ്ടാക്കപ്പെടുകയാണ്. പോലീസ് തിരക്കഥയൊരുക്കിയ പ്രഹസനത്തിലെ ഇരകളായാണ് അവർ നിർമ്മിക്കപ്പെടുന്നത്. ഭരണകൂടഭീകരതയുടെ ഇരകളാകുന്നത് പലപ്പോഴും ന്യൂനപക്ഷ,സമുദായത്തിൽ ജനിച്ചവരായിരിക്കും. 'മതഭ്രാന്ത'നിലെ ഭ്രാന്തനെ പോലെ പലരും തീവ്രവാദികളായി മുദ്രയടിക്കപ്പെട്ട് ജീവിക്കുന്ന രക്തസാക്ഷികളാകുന്നു.

'ഒരു പാട്ടിന്റെ ദൂരം' സ്ത്രീസുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവെയ്ക്കുന്ന ആദ്യന്തം ഉദ്വേഗഭരിതമായ കഥയാണ്. ഒരു പെൺകുഞ്ഞ് പിറന്നു വീഴുന്നത് തന്നെ ഭയത്താൽ ആവരണം ചെയ്യപ്പെട്ടാണ്. ഇന്ത്യയിലെ സ്ത്രീപീഡനനിരക്കുകളുടെ എണ്ണം ഞെട്ടിക്കുന്നതാണ്. അതു പോലെതന്നെയാണ് ഒരു പ്രത്യേക മതവിഭാഗത്തിൽ ജനിച്ചു എന്നതിനാൽ മാത്രം തെളിവുകളൊന്നുമില്ലെങ്കിലും ജയിലിൽ അടയ്ക്കപ്പെടുന്നവരുടെ എണ്ണവും. 'മതഭ്രാന്തൻ' ആകട്ടെ കേവലം ഒരു സമൂഹത്തിന്റെ മാത്രമല്ല രാഷ്ട്രത്തിന്റെ ഭയത്തേയും പ്രതിനിധീകരിക്കുന്നു. ഹൃദയസ്പർശിയായ ആഖ്യാനം ഈ രണ്ടു കഥകളുടെയും സവിശേഷതയാണ്.

## കുറിപ്പുകൾ

1 കെ.ഇ..എൻ. കുഞ്ഞഹമ്മദ് 2012, കേരളീയ നവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും, ലീഡ് ബുക്സ് കോഴിക്കോട്, പുറം - 08.

2 ഉഷാകുമാരി. ജി., 2013, ഉടൽ ഒരു നെയ്ത്ത്, SPCS, കോട്ടയം, പുറം 59.

3 ചന്ദ്രിക.എസ്.2008, ആർത്തവമുള്ള സ്ത്രീകൾ, ഫേബിയൻ ബുക്സ്, മാവേലിക്കര, പുറം 59.

4 രണ്ട് എളേപ്പമാർ, 2013, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, ഡി.സി.ബി. കോട്ടയം, പുറം 23.

5 കെ.ഇ.എൻ., 2004, ശ്മശാനങ്ങൾക്ക് സ്മാരകങ്ങളോട് പറയാനാവാത്തത്, ഫാറൂഖ് കോളേജ് പബ്ലിക്കേഷൻ ഡിവിഷൻ, കോഴിക്കോട്, പുറം 268.

6 ദേവിക.ജെ., 2013 പൗരിയുടെ നോട്ടങ്ങൾ, ഒലീവ് ബുക്സ്, കോഴിക്കോട്, പുറം 23.

7 വിജയൻ.എം.എൻ, 2014, മതം മാനവികത, എഡിറ്റർ സുബൈർ.വി, ഒലീവ് ബുക്സ്, കോഴിക്കോട്, പുറം 88.

ദിവ്യധർമ്മദത്തൻ
HSST മലയാളം
G.H.S.S. പൂങ്കുന്നം, തൃശ്ശൂർ.
റിസർച്ച് സ്കോളർ
മലയാളവിഭാഗം
യു സി കോളേജ്, ആലുവ.

# പ്രതിരോധത്തിന്റെ സാമൂഹികമാനങ്ങൾ

നാടകം സംഘർഷത്തിന്റെ കലയാണ്. ആദർശങ്ങൾ തമ്മിലോ, മനുഷ്യനും വിധിയും തമ്മിലോ സാമൂഹികവ്യവസ്ഥിതികൾ തമ്മിലോ ഉള്ള സംഘർഷമാണ് നാടകത്തിന് ജീവൻ നൽകിയിരുന്നത്. കാലഘട്ടത്തിന്റെ ആവശ്യങ്ങളെ, സംസ്കാരത്തിന്റെ തനിമയെ അവ ഓജസ്സുറ്റതാക്കിയിരുന്നു. മാത്രമല്ല, യഥാർത്ഥമായ ജീവിതസന്ദർഭങ്ങളെ ആവിഷ്കരിക്കുന്നതോടൊപ്പം, സാമൂഹിക നീതിക്കുവേണ്ടി, മാനവികതയ്ക്കുവേണ്ടി ഓരോ കാലഘട്ടത്തിലെയും നാടകങ്ങൾ നിലകൊണ്ടിരുന്നു. അത്തരത്തിലുള്ള സാമൂഹികധർമ്മങ്ങൾനിറവേറ്റിയിരുന്ന നാടകവിഭാഗത്തില്പ്പെടുന്നവയാണ് രാഷ്ട്രീയനാടകങ്ങൾ. സംസ്കൃത, സംഗീതനാടകങ്ങളിൽ നിന്നുവ്യത്യസ്തമായ ഗൗരവതരമായ വിഷയങ്ങളെ പ്രമേയമായി സ്വീകരിച്ച് മനുഷ്യനുവേണ്ടി അവന്റെ നന്മയ്ക്കുവേണ്ടി നിലകൊണ്ട നാടകങ്ങൾ കൂടിയാണവ. അതുകൊണ്ടുതന്നെയാണ് മലയാളനാടകചരിത്രത്തിലെ അമൂല്യസമ്പത്തായി കെ. ദാമോദരന്റെ 'പാട്ടബാക്കി' എന്ന നാടകം നാം വിലയിരുത്തുന്നത്.

### പാട്ടബാക്കി — പ്രമേയാവതരണം

കേരളത്തിൽ ഒരുകാലത്ത് നിലനിന്നിരുന്ന ദുഷിച്ച സാമൂഹിക അനീതിക്കെതിരെ ജന്മികുടിയാൻ ബന്ധത്തിനെതിരെ ശക്തമായി പ്രതികരിച്ച നാടകമാണ് 'പാട്ടബാക്കി'. കാലാവസ്ഥ ചതിച്ചിട്ടും പാട്ടംകൊടുക്കേണ്ടിവരുന്ന കിട്ടുണ്ണിയുടെ നിസ്സഹായവസ്ഥയിലൂടെയാണ് നാടകം മുന്നേറുന്നത്. ഒരു നേരത്തെ കഞ്ഞിക്കുപോലും

വകയില്ലാത്ത കിട്ടുണ്ണിയുടെ കുടുംബത്തെ നമ്പൂതിരി ജന്മിയുടെ കാര്യസ്ഥനായ രാമൻനായർ പാട്ടബാക്കിക്കുവേണ്ടി നിരന്തരം പ്രയാസപ്പെടുത്തുന്നു. മില്ലിൽ പണിയെടുക്കുന്ന തൊഴിലാളിയായ കിട്ടുണ്ണിക്ക് ശനിയാഴ്ച ശമ്പളം കിട്ടുന്ന ദിവസമാണെങ്കിലും വീട്ടിലേക്ക് കൊണ്ടുവരാൻ അവന്റെ കയ്യിൽ കാശുണ്ടായിരുന്നില്ല. വീട്ടിലാണെങ്കിൽ മുഴുപട്ടിണിയാണ്. അനുജനായ ബാലൻ വിശന്ന് തളർന്നുതുടങ്ങി. പെങ്ങളായ കുഞ്ഞിമാളു ഇരക്കാത്ത പീടികകളും ഇല്ലങ്ങളും ഇല്ല. എല്ലായിടത്തും കടം മാത്രം ബാക്കിയായിരിക്കുന്നു. കുത്തുവാക്കുകളും ആട്ടും കേട്ട് അവളും നിരാശയായിരിക്കുന്നു. ആ സമയത്താണ് കിട്ടുണ്ണി തന്റെ കയ്യിലുണ്ടായിരുന്നത് പെറുക്കികൂട്ടി കുഞ്ഞിമാളുവിന് ബ്ലൗസ് വാങ്ങിയത്. കഞ്ഞിക്ക് അരിയില്ലാത്തപ്പോൾ പെങ്ങൾക്ക് ബ്ലൗസ് വാങ്ങിയത് അമ്മയ്ക്ക് തീരെ ഇഷ്ടമായില്ല. പക്ഷേ കിട്ടുണ്ണിക്ക് പ്രധാനം പെങ്ങളുടെ മാനം മറയ്ക്കലായിരുന്നു.

ഒരുദിവസം രാമൻനായർ പാട്ടബാക്കി വാങ്ങുന്നതിനായി കിട്ടുണ്ണിയുടെ വീട്ടിലേയ്ക്കുവന്നു. അവൻ തന്റെ നിസഹായവസ്ഥ വെളിപ്പെടുത്തിയെങ്കിലും കാര്യസ്ഥൻ അതിലൊന്നും തൃപ്തനായില്ല. അവർ തമ്മിൽ വാക്കേറ്റമായി. രാമൻനായർ ഭീഷണിപ്പെടുത്തികൊണ്ട് ഇറങ്ങിപ്പോയി. കുടുംബക്കാരുടെ വിശപ്പകറ്റാനായി കിട്ടുണ്ണി എല്ലായിടങ്ങളിലും പോയി ഇരന്നുനോക്കി. എന്നിട്ടും അരികിട്ടിയില്ല. ഒടുവിൽ അയാൾ മോഷ്ടിച്ചു. മോഷണം അയാളെ പോലീസ് ലോക്കപ്പിലും ജയിലിലും എത്തിച്ചു. ആ സമയത്ത് കുഞ്ഞിമാളുവിന്റെ മേൽ കണ്ണുണ്ടായിരുന്ന രാമൻനായർ അവളെ കയറിപ്പിടിക്കാൻ ശ്രമിച്ചു. പക്ഷേ കുഞ്ഞിമാളു വഴങ്ങിയില്ല. ചൂലെടുത്തു മുഖത്തടിച്ചു. അപമാനിതനായ രാമൻനായർ ആ കുടുംബത്തെ പാട്ടബാക്കിയുടെ പേരിൽ ഇറക്കിവിടുമെന്ന് ഭീഷണിപ്പെടുത്തുകയും അതുപോലെ ചെയ്യുകയും ചെയ്തു.

അത്താണിയില്ലാത്ത ആ കുടുംബം തെരുവിലേയ്ക്കിറക്കപ്പെട്ടു. വഴിയിൽ കിടന്ന് അയാളുടെ അമ്മ മരിച്ചു. തന്നെയും അനുജനെയും പുലർത്താൻ മറ്റൊരുവഴിയും കാണാഞ്ഞതിനാൽ കുഞ്ഞിമാളു വേശ്യാവൃത്തി സ്വീകരിച്ചു. ശിക്ഷാകാലാവധി കഴിഞ്ഞ് ജയിലിൽ നിന്ന് തിരിച്ചുവന്ന കിട്ടുണ്ണി, സ്വന്തം ശരീരം വാടകയ്ക്ക് കൊടുത്ത് ഉപജീവനം നടത്തുന്ന പെങ്ങളെയാണ് കണ്ടത്. രോഷാകുലനായ കിട്ടുണ്ണിയോട്, ജേഷ്ഠൻ മോഷണം നടത്താൻ പ്രേരിതനായ അതേ സാഹചര്യം തന്നെയാണ് തന്നെ വേശ്യാവൃത്തിക്കും പ്രേരിപ്പിച്ചതെന്ന് അവൾ മറുപടി പറയുന്നു. അവളുടെ വാക്കുകളിൽ നിന്ന്

സാമൂഹികവ്യവസ്ഥമാറിയാലേ സദാചാരത്തിനു വിലയുള്ളൂ എന്ന നിഗമനത്തിൽ കിട്ടുണ്ണി എത്തിച്ചേരുന്നു. അതിനുവേണ്ടിയുള്ള ശ്രമത്തിൽ അയാൾ കുഞ്ഞിമാളുവിനെക്കൂടികൂട്ടി. മാനവികതയിലേക്കുള്ള കാൽവെയ്പാണ് കിട്ടുണ്ണിയിലൂടെ 'കെ. ദാമോദരൻ' സാധിച്ചെടുക്കുന്നത്. സാമൂഹികവും രാഷ്ട്രീയവുമായ അധികാര ചിഹ്നങ്ങൾക്കുമേൽ പ്രതിരോധത്തിന്റെ വലയങ്ങളാണ് കിട്ടുണ്ണി കോർത്തെടുക്കുന്നത്.

ചെറുത്തുനില്പിന്റെ രാഷ്ട്രീയം

കേരളത്തിൽ നിലനിന്നിരുന്ന ജന്മികുടിയാൻവ്യവസ്ഥയുടെ ഭാഗമായി നടമാടിയിരുന്ന ക്രൂരതകളെ തുറന്നുകാണിക്കുന്നതോടൊപ്പം പ്രതിരോധത്തിന്റെ പുതിയമാനങ്ങൾ സൃഷ്ടിക്കാനും കെ. ദാമോദരൻ 'പാട്ടബാക്കി'യിലൂടെ ശ്രമിക്കുന്നുണ്ട്. ഇടനില പ്രഭുക്കൻമാരുടെ ഇച്ഛയ്ക്കനുസരിച്ച് എല്ലുമുറിയെ പണിയെടുത്ത് പഞ്ചപുച്ഛമടക്കി പാട്ടംകൊടുക്കേണ്ടിവന്ന കുടുംബങ്ങളിലൊന്നാണ് കിട്ടുണ്ണിയുടെ കുടുംബവും. അന്നത്തെ കേരളത്തിലെ ഓരോ കുടുംബവും ജന്മികുടിയാൻ ബന്ധത്തിന്റെ ഇരകളായിരുന്നു. ആ സാഹചര്യത്തിലാണ് മൗനവും ദുഃഖവും മാത്രം കൈമുതലായ കുടിയാൻമാരുടെ കുടിലുകളിലും ജീവൻ നിലനിൽക്കേണ്ടത് അത്യാവശ്യമാണെന്ന തിരിച്ചറിവ് പ്രവഹിപ്പിക്കാൻ കെ. ദാമോദരന് കഴിഞ്ഞത്. അവിടവിടെ മുളച്ചുപൊന്തിയ തൊഴിലാളി സംഘടനകളുടെ പിൻബലത്തിലാണെങ്കിലും പാട്ടം ചോദിക്കാനെത്തുന്ന കാര്യസ്ഥനോട് തങ്ങളുടെ അവസ്ഥകളെന്താണെന്ന് തുറന്നുപറയാൻ, ജീവിക്കാനുള്ള സ്വാതന്ത്ര്യമെന്തെന്ന് വിളിച്ചുപറയാൻ കിട്ടുണ്ണി ധൈര്യപ്പെടുന്നുണ്ട്.

സ്വാതന്ത്ര്യത്തിന്റെ ആദ്യകിരണങ്ങൾ അമ്മയിൽ നിന്നുതന്നെ ആരംഭിക്കുന്നു. പാട്ടബാക്കിചോദിക്കാൻ വന്ന കാര്യസ്ഥനായ രാമൻ നായരോട് അമ്മ പറയുന്ന മറുപടി അധികാരി വർഗ്ഗത്തിനുനേരെയുള്ള തുറന്നസംഘട്ടനത്തെക്കുറിക്കുന്നു.

"ഇക്കൊല്ലം മഴപെയ്യാതെ വിളവു നന്നെ കുറഞ്ഞൂന്ന് നിങ്ങൾക്ക് നിശ്ചല്യേ രാമൻ നായരേ? ഉണ്ടായ നെല്ലുമുക്കാലും; മുഴ്വോനുംന്നു തന്നെ പറയാം, മനയ്ക്കലെത്തിച്ചില്ലേ ഞങ്ങള്? പിന്നെ ഈ പറമ്പിന്റെ പാട്ടാണ്, നാളികേരത്തിനു വിലയുമില്ല." എന്ന അമ്മയുടെ മറുപടികേട്ട് രാമൻനായർ അമ്പരന്നുപോയി. സ്ത്രീപോലും തനിക്കെതിരായി ചോദ്യംചോദിക്കാൻ തുടങ്ങിയിരിക്കുന്നു. പാട്ടം നൽകുന്ന കുടിയാൻമാർക്ക് വന്ന മാറ്റത്തെയോർത്ത് കലികാലം എന്നുപറഞ്ഞ്

രാമൻനായർ തിരിച്ചുപോകുന്നു. ദാരിദ്ര്യത്തിനെതിരെ, ചൂഷണത്തി നെതിരെയുള്ള അമ്മയുടെ വാക്കുകളും ചിന്താഗതികളും കുഞ്ഞിമാളുവി നെയും കിട്ടുണ്ണിയെയും ബാലനെയും സ്വാധീനിക്കുകയും പ്രതിരോധ ത്തിന്റെ വലയങ്ങൾ നിർമ്മിക്കാൻ അവർ ഒരുമ്പെടുകയും ചെയ്യുന്നു.

ജന്മികുടിയാൻ ബന്ധത്തോടൊപ്പം, മുതലാളി തൊഴിലാളി അസമ ത്വചൂഷണ വ്യവസ്ഥിതികളെയും കെ. ദാമോദരൻ തുറന്നുകാട്ടുന്നു. മുത ലാളിമാരുടെ കൊട്ടുംക്രൂരതകളും മനോഭാവങ്ങളും സാധാരണക്കാരെ അസ്വസ്ഥമാക്കുന്നതോടൊപ്പം ചങ്ങലകളാൽ ബന്ധിതരുമാക്കുന്നു.

"അതാണ് മുതലാളികൾ! നമ്മുടെ, തൊഴിലാളികളുടെ രക്തം പിഴി ഞ്ഞെടുക്കുകയാണവരുടെ ജോലി. മുതലാളിക്കു ഭയമില്ല; ധനികവർഗ്ഗ ത്തിനു ഹൃദയമില്ല."

മുഹമ്മദിന്റെ വാക്കുകളിലൂടെ മുതലാളിമാരുടെ ചൂഷണസ്വഭാവമെ ന്തെന്ന് വ്യക്തമാകുന്നു. സ്വേച്ഛാധിപത്യപരമായ അവരുടെ ഭരണത്തി നുകീഴിൽ അടിമകളായി കഴിയേണ്ടിവരുന്ന കേരളത്തിലെ സാധാ രണക്കാരുടെ അവസ്ഥ ദയനീയമാണ്. ആ സാഹചര്യത്തിലാണ് ആധിപത്യങ്ങൾക്കെതിരെ പ്രതിരോധത്തിന്റെ കരുനീക്കങ്ങൾ കഥാ പാത്രങ്ങളിലൂടെ കെ. ദാമോദരൻ നടത്തുന്നത്.

"ഉള്ളവർ ഇല്ലാത്തവർക്കു യാതൊരുപകാരവും ചെയ്യില്ല. ഒരു ഭാഗത്ത് നോട്ടും ഉറുപ്പികയും ആർക്കും ഉപയോഗമില്ലാതെ കുമ്പാര മായി കിടക്കുന്നു. മറുഭാഗത്ത് കഞ്ഞിവെള്ളംകിട്ടാതെ ജനങ്ങൾ പട്ടി ണികിടക്കുന്നു. ഒരുഭാഗത്തു യാതൊരു പണിയുമെടുക്കാത്ത മുതലാളി കൾ സുഖിയൻമാരായി കൂത്താടുന്നു. മറുഭാഗത്ത് എല്ലുമുറിയെ പണി യെടുക്കുന്ന എന്നെപ്പോലുള്ളവർ പിച്ചതെണ്ടുന്നു. ഇതന്യായമാണ് ഇതക്രമമാണ്."

കിട്ടുണ്ണിയുടെ വാക്കുകളിൽ സ്ഫുരിക്കുന്ന ഭാവം പ്രതിരോധത്തിന്റേ താണ്. അനീതിക്കും അക്രമത്തിനുമെതിരെ ശബ്ദമുയർത്തുന്നവനായി കിട്ടുണ്ണി പരിണമിച്ചിരിക്കുന്നു. ന്യായത്തെയും അന്യായത്തെയും അവൻ തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു.

"എന്റെ അഭിപ്രായത്തിൽ ഈ മർദ്ദനത്തിൽ നിന്നെല്ലാം രക്ഷനേ ടാൻ ഒരൊറ്റ നിവൃത്തിയേയുള്ളൂ. ഇന്ന് എല്ലാ അധികാരങ്ങളും ധനി കവർഗ്ഗക്കാർക്കുമാത്രമാണ്. ആ അധികാരങ്ങളും ആ ഭരണകൂടവും നമ്മൾ തൊഴിലാളികളും കൃഷിക്കാരും കൂടി സംഘടിച്ചു പ്രക്ഷോഭം നടത്തി പിടിച്ചെടുക്കണം."

മുഹമ്മദിന്റെ ഈ അഭിപ്രായം കേരളത്തിലെ അന്നത്തെ സാധാരണ മനുഷ്യരുടെ ആവശ്യമായിരുന്നു. ജന്മിത്വം നശിച്ച് 'കൃഷിഭൂമി കൃഷിക്കാരന്' എന്ന നയം സ്വപ്നം കണ്ടിരുന്ന ഒരു തലമുറയുടെ വാക്കുകളാണിത്. സമത്വസാക്ഷാത്കാരത്തിനുവേണ്ടിയുള്ള ദാഹമാണ് 'പാട്ടബാക്കി' എന്ന നാടകത്തിൽ പ്രകടമാകുന്നത്. മുതലാളിത്ത ദുഷ്പ്രഭുത്വത്തിനെതിരെ പ്രവർത്തിക്കാൻ സമരത്തിന്റെ പ്രതിരോധമാർഗ്ഗമാണ് ദാമോദരൻ സ്വീകരിക്കുന്നത്.

"മർദ്ദകവർഗ്ഗക്കാരിൽ നിന്നും അധികാരം പിടിച്ചെടുക്കുന്നതു
വരെ നമ്മൾ അടങ്ങിയിരിക്കരുത്"

എന്ന ഉറച്ചതീരുമാനമാണ് മുഹമ്മദ് പ്രകടിപ്പിക്കുന്നത്. കേരളജനതയോടുള്ള ആഹ്വാനമായി ഈ വാക്കുകൾ എക്കാലത്തും നിലനിൽക്കുന്നു.

പ്രതിരോധത്തിന്റെ പെണ്ണിടം

സാമൂഹിക രാഷ്ട്രീയാധികാരത്തിനുനേരെയുള്ള പ്രതിരോധത്തിനൊപ്പം ആണധികാരവ്യവസ്ഥിതിയ്ക്കുനേരെയുള്ള തുറന്ന ഉച്ചാടനവും 'പാട്ടബാക്കിയിൽ' നിഴലിക്കുന്നു. ഏത് പുരുഷൻ ആവശ്യപ്പെട്ടാലും സ്ത്രീ അവന് കീഴടങ്ങി കൊടുക്കേണ്ടവളാണെന്ന ചിന്ത കേരളത്തിലാകമാനം നിലനിന്നിരുന്നു. ഈ ചിന്താഗതിയെ തകിടം മറിക്കാനും ചൂലുകൊണ്ടടിച്ച് ആട്ടിപായിക്കാനും കുഞ്ഞിമാളു ശ്രമിക്കുന്നു. പാട്ടത്തിനുപകരം കുഞ്ഞിമാളുവിനെ കയറിപിടിക്കാൻ ശ്രമിക്കുന്ന രാമൻ നായരെ ധീരമായാണ് കുഞ്ഞിമാളു എതിരേറ്റത്.

> 'കടന്നുപോവിൻ നായരെ, ഫൂ തെമ്മാടി, പോ പടിപ്പുറത്ത്, നാണല്യ, മര്യാദേല്ല്യ, പ്രമാണിയാണത്രെ! പണക്കാരനാണത്രെ! തന്റെ പണോം പ്രമാണിത്തോം എനിക്ക് പുല്ലാണ്!
> വെറും പുല്ല്, പോ പുറത്ത്."

ദാരിദ്ര്യത്താലും ചൂഷണത്താലും പുരുഷാധിപത്യത്തിന് അടിമപ്പെടേണ്ടിവന്ന കേരളസ്ത്രീകൾക്ക് പ്രചോദനമായി കുഞ്ഞിമാളു എന്നും നിലകൊള്ളുന്നു. സ്വത്വത്തെ തിരിച്ചറിയാനും നിർമ്മിക്കാനും കുഞ്ഞിമാളു ശ്രമിച്ചിരിക്കുന്നു. സാമൂഹികമായ വ്യവസ്ഥകൾക്കെതിരെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും കുഞ്ഞിമാളു പ്രതിരോധം സൃഷ്ടിച്ചിരിക്കുന്നു. വേണ്ടിടത്ത് വേണ്ടപോലെ പറയാനുള്ള സാമൂഹികബോധം കുഞ്ഞിമാളുവിനെ വ്യതിരിക്തയാക്കുന്നു.

അധികാരത്തിന്റെ മറുപുറം

അസമത്വപരമായ വിവേചനങ്ങൾക്കപ്പുറം ഭാഷാപരവും ദൈവോന്മുഖവുമായ നീതിരാഹിത്യങ്ങളും സമൂഹത്തിൽ നിലനിന്നിരുന്നതിന്റെ സൂചനകൾ 'പാട്ടബാക്കിയിൽ' കാണാം. അസമത്വത്തിന്റെ മറ്റൊരു ബലതന്ത്രമാണ് ഭാഷാവിവേചനങ്ങൾ. ജന്മിക്കും കുടിയാനും വെവ്വേറെ ഭാഷാപദങ്ങൾ. മുതലാളിക്കും തൊഴിലാളിക്കും തമ്മിലുള്ള ബൗദ്ധികനിലവാരത്തിന്റെ വേർതിരിവുകൾ. ഇങ്ങനെ സമൂഹം ആരോപിക്കുന്ന അധികാരതന്ത്രങ്ങളെ തുറന്നുകാണിക്കാനും അതിനെതിരെ പ്രതിരോധത്തിന്റെമാനങ്ങൾ സൃഷ്ടിക്കാനും 'പാട്ടബാക്കി'യിലൂടെ കെ. ദാമോദരന് കഴിഞ്ഞിട്ടുണ്ട്.

ബ്രാഹ്മണ്യത്തിന്റെ സംഭാവനയായ ദൈവസങ്കല്പവും സാധാരണ മനുഷ്യരെ ശ്വാസം മുട്ടിക്കുന്നു. ദാരിദ്ര്യവും ചൂഷണവും ദുഃഖവും ദുരിതവും ദൈവത്തിന്റെ കണക്കുപുസ്തകത്തിലെ വിധിയായി കണക്കാക്കാൻ അവർ നമ്മെ പ്രേരിപ്പിക്കുന്നു. ആ വിധി സങ്കല്പത്തെയും കെ. ദാമോദരൻ ചോദ്യം ചെയ്യുന്നു.

"നമ്മുടെ തലയിലെഴുത്താണ് ബാലാ, നമ്മളൊക്കെ കഷ്ടപ്പെടണം ന്നാണ് ദൈവം വിധിച്ചിട്ടുള്ളത്"

എന്ന അമ്മയുടെ വാക്കുകളിൽ തെളിയുന്ന പാരമ്പര്യ മാമൂലുകളിൽ ബാലൻ അസ്വസ്ഥനാകുകയും പ്രതികരിക്കുകയും ചെയ്യുന്നു. മനുഷ്യനെ, മാനവികതയെ എത്തിപ്പിടിക്കാൻ ശ്രമിക്കണമെന്ന ആഹ്വാനമാണ് കെ. ദാമോദരൻ നമുക്ക് നൽകുന്നത്.

"മോഷണവും വ്യഭിചാരവും ഇല്ലാതാവണമെങ്കിൽ ദാരിദ്ര്യം നശിക്കണം ദാരിദ്ര്യം നശിക്കണമെങ്കിലേ, ഇന്നത്തെ ഭരണ സമ്പ്രദായം മാറണം. കുഞ്ഞിമാളൂ, നമുക്കീ സമുദായത്തോടു പകരം ചോദിക്കണം. ഈ സമുദായസംഘടനയെ നമുക്കൊന്നുടച്ചു വാർക്കണം"

കിട്ടുണ്ണിയുടെ വാക്കുകളിൽനിന്നുതന്നെ സ്വപ്നസാക്ഷാത്കാരത്തിനുവേണ്ടിയുള്ള പ്രതിരോധത്തിന്റെ സമരമുഖം നമുക്ക് കാണാം. അധികാരത്തിന്റെ വിവിധതലങ്ങളെ തകർക്കുന്നതിനൊപ്പം പ്രതിരോധത്തിന്റെ സാമൂഹികമാനങ്ങൾ സൃഷ്ടിക്കാനും കെ. ദാമോദരന് സാധിച്ചിരിക്കുന്നു. സമുദായത്തെ അടിമുടി പരിഷ്കരിക്കാൻ വേണ്ടി രചിച്ച സോദ്ദേശ്യനാടകമെന്ന നിലയിൽ പാട്ടബാക്കിയുടെ ഇതിവൃത്തം ആദർശപ്രചോദകവും സാർത്ഥകവുമാണ്. മാത്രമല്ല

അധികാരത്തിന്റെ, ചൂഷണത്തിന്റെ പ്രതിരൂപങ്ങൾ സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നതിനാൽ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയും ആഹ്വാനവും 'പാട്ടബാക്കി' യെ സമകാലീനമാക്കുന്നു.

സഹായഗ്രന്ഥങ്ങൾ

1. പാട്ടബാക്കി – കെ. ദാമോദരൻ
2. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, പവനൻ – കേരളസാഹിത്യ അക്കാദമി
3. ഉയരുന്ന യവനിക –സി.ജെ. തോമസ്

സിമി എ.ജെ.
ഗസ്റ്റ്ലക്ചറർ
മലയാളവിഭാഗം
വിമലകോളേജ് തൃശ്ശൂർ

# പെൺവിനിമയങ്ങളിലെ അധികാരരൂപങ്ങൾ

## സാവിത്രി രാജീവന്റെ കവിതകളെ മുൻനിർത്തി ഒരു പഠനം

വിധേയത്വത്തിന്റെ സ്ത്രൈണലാവണ്യമുദ്രകളിൽനിന്ന് മലയാള കവിത വേർപെടുന്നത് സ്വാതന്ത്ര്യസമരത്തെത്തുടർന്നാണ്. സ്ത്രീപക്ഷകവിതകളുടെ തുടക്കം ബാലാമണിയമ്മയുടെ കവിതകളോടുകൂടിയാണ്. മകൾ, ഭാര്യ, അമ്മ എന്നിങ്ങനെയുള്ള ജീവിതാവസ്ഥകളിലൂടെ വിഭാഗീകരിച്ച് നഷ്ടപ്പെടുന്ന തന്റെ ജീവിതത്തെക്കുറിച്ച് ബോധവതിയാകുന്ന സ്ത്രീയെയാണ് ബാലാമണിയമ്മയുടെ കവിതകളിൽ കാണാൻകഴിയുന്നത്. ഗാർഹികവൃത്തികളിൽനിന്ന് പിന്തിരിഞ്ഞുകൊണ്ടല്ല, സൃഷ്ടിയുടെ അധികാരത്തെ നിലനിർത്തിക്കൊണ്ട്, മാതൃത്വത്തെ കർതൃസ്ഥാനത്തേക്ക് ഉയർത്തുന്നു എന്നുള്ളതാണ് ബാലാമണിയമ്മയുടെ കവിതകളുടെ പ്രത്യേകത. കുടുംബത്തിന്റെ കർമ്മവിപാകങ്ങളിൽപെട്ടുഴലുന്ന സ്ത്രീകളെയാണ് ബാലാമണിയമ്മയുടെ കവിതകളിൽ കാണാൻ കഴിയുന്നതെങ്കിൽ 'വിജയലക്ഷ്മി' സ്ത്രീപക്ഷത്തുനിന്നുകൊണ്ട് അധീശത്വത്തിന് കീഴടങ്ങിനിൽക്കുന്ന കീഴാളവർഗ്ഗത്തെ ഒട്ടാകെ കവിതയുടെ ഭാഗമാക്കി മാറ്റുന്നു.

'നടക്കെന്നു കയർപ്പോനേ,
നയിക്കാൻ പിന്നിൽ നില്പോനേ,
മരിച്ചാണീ നടപ്പും: ഞാൻ
മടുത്താലെന്തു ചെയ്യേണ്ടൂ?' (കാള)

തച്ചന്റെ മകനെന്ന ദുരന്തയാഥാർത്ഥ്യത്തെ നിലനിർത്തിക്കൊണ്ട് വിജയലക്ഷ്മി സൃഷ്ടിച്ചെടുത്ത തച്ചന്റെ മകളെന്ന

കവിത പുരുഷകേന്ദ്രീകൃത സമൂഹത്തിലേക്ക് ഒരു പെൺവഴി വെട്ടിയെടുക്കുന്നുണ്ട്.

'വായകീറിയ ദൈവം പ്രജയ്ക്കിര-
യേകുമെന്ന് മുത്തച്ഛനേ ചൊല്ലിപോൽ
പോക ഞാനിന്നുളിപ്പെട്ടിയും മുഴ-
ക്കോലുമായ്– വീതുളിയ്ക്കിരയായിടാ' (തച്ചന്റെ മകൾ)

അധികാരത്തിന്റെ വീതുളിമൂർച്ചയെ പ്രതിരോധിച്ചുകൊണ്ട് കവിത ഇങ്ങനെ സ്ഥൈര്യത്തിന്റെ നടപ്പാതയൊരുക്കുന്നു. ചൂഷകന്റെ അല്ല മറിച്ച്, വേട്ടയാടപ്പെടുന്ന ഇരയുടെ സാമൂഹ്യജീവിത്തിൽ നിന്ന് കവിതയുടെ ഉടലും ഉയിരും ഉൾക്കൊള്ളുന്നു എന്നതാണ് വിജയലക്ഷ്മിയെ സുഗതകുമാരിയുടെ കവിതകളോട് അടുപ്പിക്കുന്നത്. പെണ്ണിനുവേണ്ടി സമൂഹം എഴുതിവെച്ചിട്ടുള്ള യാഥാസ്ഥിതിക വഴക്കങ്ങളെ പിന്തള്ളി, പെണ്ണിന്റെ സ്വത്വത്തിലൂന്നിക്കൊണ്ട് അവളുടെ നിലപാടുകളിലേക്കുയരാൻ സുഗതകുമാരിക്ക് കഴിഞ്ഞിട്ടുണ്ട്. സുഗതകുമാരിയുടെ കവിതയുടെ സംവേദനതലത്തെ ശക്തിപ്പെടുത്തുന്നത് സമൂഹത്തിൽനിന്ന് തിരസ്കൃതരാകുന്ന ജനതയുടെ ജീവിതാനുഭവങ്ങളുടെ തീക്ഷ്ണതയാണ്.

'കരിഞ്ഞ വാർമുടിയഴിഞ്ഞ് പാറിയും
മിഴികളിൽ കണ്ണീർ, വിഴിഞ്ഞും
പച്ചപ്പട്ടുടയാട കീറി
പ്പറിഞ്ഞും ക്രുദ്ധയായ് വിവശയായ് വന്നു
ണ്ടൊരുവൾ നിൽക്കുന്നു' (വിധി-ദേവദാസി)

അധികാരത്തിന്റെ നാൾവഴികളിൽനിന്ന് പെണ്ണിന്റെ അനുഭവലോകത്തെ വേർപെടുത്തി പുതിയ കാഴ്ചയും ചിന്തയും നിർമ്മിക്കുക എന്നതാണ് സുഗതകുമാരിയെപ്പോലെ സാവിത്രി രാജീവന്റെ കവിതകളെയും ജനകീയമാക്കുന്നത്. നിലവിലുള്ള പുരുഷാധിപത്യ സമൂഹത്തിന്റെ കീഴ്വഴക്കങ്ങളെ നിഷേധിച്ചുകൊണ്ട് പെണ്ണിന്റെ ജീവിത നൈരന്തര്യങ്ങളെ ഒരു പുത്തൻ ലാവണ്യശാസ്ത്രത്തിലേയ്ക്ക് പകർത്തുകയാണ് സാവിത്രി രാജീവൻ.

'അടുക്കളയിലെ
തേഞ്ഞുതീരുന്ന വീട്ടുപകരണമാണു ഞാൻ
ശ്വസിക്കുന്നതിനാൽ നടക്കുകയും
നടക്കുന്നതിനാൽ കിടക്കുകയും ചെയ്യുന്ന

പാചകങ്ങൾക്കൊപ്പം വാചകങ്ങൾ വിളമ്പുന്ന
സങ്കീർണ്ണത ഒട്ടുമില്ലാത്ത ഒരുപകരണം.' (പ്രതിഷ്ഠ)

അധികാരം ഉയിരും വീര്യവും ഊറ്റിയെടുത്ത് ഒരു വീട്ടുപകരണമായി സ്ത്രീ വസ്തുവൽക്കരിക്കപ്പെടുന്നതിന്റെ തിരിച്ചറിവാണ് 'പ്രതിഷ്ഠ' എന്ന കവിത. അധികാരത്തിന്റെ പുരുഷ വിനിമയങ്ങളെ ഭാഷയിലൂടെ ഊട്ടിയുറപ്പിക്കാൻ ശ്രമിക്കുന്ന സമൂഹത്തിന്റെ ചിന്താപരിച്ഛേദമാണ് സാവിത്രി രാജീവന്റെ 'ഉൽപത്തി' എന്ന കവിത. ലിംഗകേന്ദ്രീകൃതമായ അധികാരവ്യവസ്ഥയിൽ സ്ത്രീയും പ്രകൃതിയും ഉപഭോഗവസ്തുവായി മാത്രം അടയാളപ്പെടുത്തുന്ന സമൂഹത്തെയാണ് 'ദേഹാന്തരം' എന്ന കവിതയിൽ കാണാൻ കഴിയുന്നത്. കവിതയിലെ 'ഉടൽ' എന്ന പ്രയോഗം കാലങ്ങളായി വൈദേശിക സമൂഹത്തിന്റെ ചൂഷണത്തിന്റെ വട്ടുക്കൾ പേറുന്ന സമൂഹത്തെ ഒന്നാകെ ഉൾക്കൊള്ളുന്നു.

ഇനിയും കണ്ടെത്തിയിട്ടില്ലാത്ത
ഏതു ഭൂഖണ്ഡമാണ്
എന്റെ ഉടൽ ?
ഈ ഉടൽ ? (ദേഹാന്തരം)

ഇങ്ങനെ സാമ്രാജ്യത്വശക്തികളുടെ വാണിജ്യക്കണ്ണുകൾ അടയാളപ്പെടുത്തിയ മൂന്നാം ലോകത്തിന്റെ ഉടൽ എന്ന വിശാല അർത്ഥത്തിലേക്ക് ഈ പ്രയോഗം കടന്നുചെല്ലുന്നു. സമാനചിന്തയോടെ സ്ത്രൈണസ്വത്വത്തെ നിലനിർത്തിക്കൊണ്ട്, അധീശത്വത്തിന് കീഴടങ്ങിയ ബാഹ്യലോകത്തിന്റെ പിൻവഴികളിലേക്ക് ഇറങ്ങുന്ന സാവിത്രി രാജീവന്റെ കവിതകളാണ് 'പൊരുൾ', 'ഞാൻ', 'നിസ്വം', 'ചോദ്യം' തുടങ്ങിയവ. നൂറ്റാണ്ടുകളായി സ്ത്രീയുടെ കാഴ്ചയെ, ചിന്തയെ നിയന്ത്രിക്കുന്ന അധികാരത്തിന്റെ ആൾരൂപങ്ങളെ അന്വേഷിക്കുന്ന കവിതയാണ് പൊരുൾ.

'എന്റെ
അധികാരി ആരാണ്?'
നോക്കിന്റെ അധികാരിയും
വാക്കിന്റെ അധികാരിയും ആരാണ്?' (പൊരുൾ)

എഴുത്തിലും ജീവിതത്തിലും പിന്തുടർന്ന പുരുഷാധിപത്യ മനോഭാവങ്ങളോടുള്ള തുറന്നസംവാദമാണ് പെൺ കവിത: നിരൂപക-കവി സംവാദം

'അടുക്കളവിട്ടിറങ്ങിയാൽ
അവൾ നേരെ ഉടലിനകത്തേക്ക് കയറും
ഉടൽ വിട്ടിറങ്ങിയാലോ നേരേ അടുക്കളയ്ക്കകത്തേക്കും
ഒരേ വട്ടത്തിൽ അവളുടെ കറക്കം!'
(പെൺകവിത: നിരൂപക-കവി സംവാദം)

ഇങ്ങനെ വ്യവസ്ഥിതിയുടെ കാഴ്ചവട്ടത്തിൽ അധികാരത്തിന്റെ ചക്കിന് ചുറ്റും ഇപ്പോഴും കറങ്ങിക്കൊണ്ടിരിക്കുന്ന സ്ത്രീകളെയാണ് വീട് എന്ന കവിതയിൽ നമുക്ക് കാണാൻ കഴിയുന്നത്.

'വീടു വിട്ട് പതിനാറു കാതം നടന്നതേയുള്ളൂ
തിരിഞ്ഞുനോക്കുമ്പോൾ
വീടുണ്ട്
എട്ടുകാതം പിന്നിലായി എന്റെ കൂടെ
അടുത്ത കുതിപ്പിന്
അതെത്തി കൈനീട്ടിയതും
എന്നെ അടുക്കളയ്ക്കകത്താക്കി
വാതിൽ ചാരി
ചായയായി, കാപ്പിയായി,
വീണ്ടും സംസാരമായി' (വീട്)

ഇവിടെ നിലനില്പിന് ആധാരമായ ഇരിപ്പിടം എന്ന ഭൗതികമായ കാഴ്ചപ്പാടിനപ്പുറം വീട് എന്നത് സ്ത്രീസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന അധികാരരൂപമായി മാറുന്നു. ഇങ്ങനെ ഭാഷാഘടനയിലും സമൂഹത്തിനകത്തും നിലനിൽക്കുന്ന സാമൂഹികവിനിമയങ്ങളിലെ അധികാരത്തിന്റെ പൂർവ്വരൂപങ്ങളെ അടയാളപ്പെടുത്തുന്നതോടൊപ്പം സ്ത്രീയെ അധഃസ്ഥിത വിഭാഗത്തിന്റെ എതിർസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു എന്നുള്ളതാണ് സാവിത്രി രാജീവിന്റെ ആരണ്യകാണ്ഡം എന്ന കവിതയെ വ്യത്യസ്തമാക്കുന്നത്.

'ദാരിദ്ര്യരേഖയ്ക്കു താഴെനിന്ന്
ജനകന് സീതയെക്കിട്ടി
തിന്നാനും തീറ്റാനുമാകാതെ
കളയാനും വളർത്താനുമാകാതെ
ജനകൻ' (ആരണ്യകാണ്ഡം)

നൂറ്റാണ്ടുകൾ പിന്നിട്ട സവർണ്ണമേധാവിത്വം സമൂഹത്തിന്റെ കീഴേയ്ക്ക് തള്ളിയ ജീവിതങ്ങളുടെ പച്ചയായ ആവിഷ്കരണമാണ്

ആരണ്യകാണ്ഡം. തിന്നാനും ഉടുക്കാനുമില്ലാത്ത സീതയും, വീര്യം നഷ്ടപ്പെട്ട രാമനും നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയുടെ അവശേഷിപ്പുകളായി ഇന്നും തുടരുന്നു. ഇങ്ങനെ ബാഹ്യലോകത്തിന്റെ സ്വേച്ഛാപരമായ ഇടപെടലുകൾ പരിമിതപ്പെടുത്തിയ വിധേയരുടെ ലോകമാണ് 'ഇവിടെ' എന്ന കവിതയിലും വിഷയമായിട്ടുള്ളത്.

എങ്കിലും ഇവിടെ ആരാണുള്ളത്?
ഇവിടെ
കൊട്ടിയടയ്ക്കപ്പെട്ട കാതുകളും
വാക്കുകൾ നഷ്ടപ്പെട്ട നാവുകളും
തിമിരം ബാധിച്ച കണ്ണുകളും
എന്താണ് പ്രതീക്ഷിക്കുന്നത് (ഇവിടെ)

ഇപ്രകാരം സ്ത്രീയുടെ അനുഭവലോകത്ത് നിന്നുകൊണ്ട് മനുഷ്യാനുഭവങ്ങളിലെ സാമൂഹ്യനീതിയുടെ വേർതിരിവുകളെ പകർത്തുകയാണ് സാവിത്രി രാജീവൻ തന്റെ കവിതകളിലൂടെ ചെയ്യുന്നത്. അതോടൊപ്പം സ്ത്രീ ജീവിതത്തിന്റെ ബൗദ്ധികവും സാംസ്കാരികവുമായ സ്ഥാനചലനങ്ങളിൽ മനസ്സുറപ്പിച്ച് തന്റെ കവിതകളിലൂടെ പുരുഷാധികാരത്തിന്റെ കാൽച്ചുവടുകളിലെ സ്ത്രൈണമാതൃകകളെ പുനർനിർമ്മിക്കുന്നു.

ഈ ചരിഞ്ഞ ഭൂമിയിൽ
എല്ലാം ചരിഞ്ഞിരിക്കുമ്പോൾ
എന്തിനാണ്?
ഞാൻ മാത്രം നേരെ ഇരിക്കുന്നത്? (ചരിവ്)

ഇത്തരത്തിൽ പെണ്ണനുഭവങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് സാവിത്രി രാജീവന്റെ കവിത, സ്വത്വബോധം നഷ്ടപ്പെടുത്തിയ ജനതയ്ക്കുവേണ്ടി നിലനിൽക്കുന്നു. അവരുടെ ചിന്തയും മനസ്സും കവിതയുടെ ഭാഷയായി മാറുന്നു.

'എനിക്ക് പറയേണ്ടത്
ബധിരന്റെ
കേൾവിപ്പെടാത്ത ഭാഷയാണ്
ഞാൻ തിരയുന്നത്
മൂകന്റെ
പറയപ്പെടാത്ത ഭാഷയാണ്
എന്റെ ഭാഷയാണ്' (നിഷ്പത്തി)

ഇങ്ങനെ സഹനത്തിന്റെ ഉൾക്കനങ്ങളെ ആവിഷ്കരിച്ച് സാവിത്രി രാജീവന്റെ കവിത വിമോചനത്തിന്റെ നാൾവഴികളിലേക്ക് കടക്കുന്നു.

സൗമ്യ സി.എസ്.
ഗവേഷക വിദ്യാർത്ഥിനി
ശ്രീ കേരളവർമ്മ കോളേജ്
തൃശ്ശൂർ

# ‘ചാവൊലി’
# –അതിജീവനത്തിന്റെ വേരുകൾ

ആമുഖം

നോവലിന്റെ ഭാഷ പൊതുവേ സാമാന്യവ്യവഹാരത്തോട് അടുത്തു നില്ക്കുന്ന ഗദ്യഭാഷയാണ്. അതുകൊണ്ടുതന്നെ ഇതരസാഹിത്യരൂപങ്ങളെ അപേക്ഷിച്ച് നോവൽ കൂടുതൽ ജനകീയമാകുന്നു. എന്നാൽ ഈ സാമാന്യത്തിനു മുൻപും പിൻപും മറ്റുചില വിഭാഗങ്ങളുമുണ്ട് എന്ന വസ്തുത പലപ്പോഴും വിസ്മരിക്കപ്പെടാറുണ്ട്. സമൂഹത്തിലെ പ്രബലവിഭാഗത്തിന്റെ ഭാഷയെയാണ് സാമാന്യവ്യവഹാരഭാഷ എന്ന പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത്. മലയാള സാഹിത്യത്തിൽ ഈ സാമാന്യത്തിനു മുമ്പും പിമ്പുമുള്ളവരുടെ ഭാഷയെയും കൈകാര്യം ചെയ്തിട്ടുണ്ട്. പല കാലങ്ങളായി, പല തലങ്ങളായി മുഖ്യധാരയ്ക്കു പരിചിതമല്ലാത്ത ജീവിതങ്ങളെ അവരുടെ ഭാഷയിലൂടെ ആവിഷ്കരിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. തകഴിയും ബഷീറും സാറാജോസഫുമെല്ലാം ഈ ധാരയിലെ മുഖ്യപ്രയോക്താക്കളാണ്.

ഭാഷ പ്രധാനമായും രണ്ട് തരത്തിൽ നോവലെഴുത്തിലേക്ക് കടന്നുവരാം. സംഭാഷണ സന്ദർഭങ്ങളിൽ കഥാപാത്രാനുസൃതമായ ഭാഷയുടെ ഉപയോഗവും പ്രസ്തുത ഭാഷയിൽതന്നെയുള്ള ആഖ്യാന നിർവ്വഹണവും. നാളിതുവരെയുള്ള നോവൽ ചരിത്രത്തിൽ മിക്കവാറും കഥാവസ്തുവിൽ നിന്നും ഭിന്നമായി ആഖ്യാതാവിന്റെ ഭാഷ വേറിട്ടു കാണാം. ജീവിതത്തിന്റെ നേർപകർപ്പുകളാണെന്ന് അവകാശമുന്നയിക്കുന്ന

റിയലിസ്റ്റിക് നോവലുകളിൽ പോലും യഥാതഥമായ ജീവിതചിത്രീകരണം നടത്തുന്നത് ഒരു പ്രത്യേക വീക്ഷണത്തിലൂടെ മാത്രമാണ്. അവയിലെല്ലാം തന്നെ ജീവിതത്തിൽ നിന്ന് പുറത്തു നിൽക്കുന്ന ഒരാഖ്യാതാവുണ്ട്. പക്ഷേ, ആഖ്യാതാവും ആഖ്യാനവും വേറിട്ടുനില്ക്കുന്നില്ല എന്നതാണ് ചാവൊലിയുടെ കഥാകഥനരീതിയെ വ്യത്യസ്തമാക്കുന്നത്. മാനകഭാഷയുടെ വിനിമയ സൗകര്യവും സ്വീകാര്യതയും സ്വീകരിക്കാതെ, അതിനെ ചെറുത്തു നില്ക്കുന്ന തന്നാട്ടു തൻജാതിമൊഴിയിൽ ഉത്തമന്റെ 'ചാവൊലി' മുഴങ്ങുന്നത് ആഖ്യാനത്തിന്റെയും ആഖ്യാതാവിന്റെയും ഈ പരസ്പര സംയോഗം മൂലമാണ്.

ചാവൊലി—ദളിതന്റെ പ്രതിനിധാനമോ?

കലയും ജീവിതവും തമ്മിലുള്ള പരസ്പരാപേക്ഷികത്വം പ്രതിനിധാനം എന്ന പരികല്പനയിൽ അന്തർഭവിക്കുന്നുണ്ട്. സാഹിത്യം ജീവിതത്തിന്റെ പ്രതിനിധാനമാണ് എന്നു പറയുമ്പോൾ അതൊരു യാഥാർത്ഥ്യമാണെങ്കിൽ കൂടിയും അപൂർണ്ണവുമാണ്. കാരണംജീവിതം പലപ്പോഴും പ്രതിനിധാനങ്ങൾക്കപ്പുറത്തേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കും. പ്രതിനിധാനങ്ങൾ യാഥാർത്ഥ്യത്തെ പൂർണ്ണമായും ഉൾക്കൊള്ളാൻ പര്യാപ്തമല്ല എന്നിരിക്കേ, ഉത്തമന്റെ 'ചാവൊലി' ദളിത് ജീവിതത്തിന്റെ പ്രതിനിധാനമാണെന്ന അവകാശവാദം നോവലിന്റെ യാഥാർത്ഥ്യത്തെ ചുരുക്കുന്നു. പി.കെ. രാജശേഖരന്റെ വാക്കുകൾ നോക്കുക—"ദളിതന്റെ ഇടത്തെക്കുറിച്ച് അനുഭവത്തിന്റെ പദകോശം കൊണ്ടു നിർമ്മിച്ച ഈ നോവൽ ദളിതത്വത്തെയും ദളിത് സാഹിത്യത്തെയും കുറിച്ച് ഇന്ന് മലയാളത്തിൽ രൂപപ്പെട്ടിട്ടുള്ള പ്രബലവാദങ്ങളുടെ വഴിയിലല്ല സഞ്ചരിക്കുന്നത്. മറ്റൊരു മൂശയിൽ നിർമ്മിച്ചതല്ലാത്ത സ്വന്തം മൂശയിൽ സ്വന്തം ചൂളയിൽ വേവിച്ചെടുത്ത ഈ അനുഭവപാത്രം മലയാളത്തിലെ യഥാർത്ഥ ദളിത് സാഹിത്യത്തിന്റെ സ്വഭാവം രേഖപ്പെടുത്തുന്നു. ദളിത് നോവൽ എന്ന സാഹിത്യസൗജന്യം 'ചാവൊലി'യ്ക്ക് ആവശ്യമില്ല. ദളിതത്വം എന്ന അവസ്ഥയെ ശാശ്വതീകരിച്ചു നിർത്താൻ ശ്രമിക്കുന്ന പ്രത്യയശാസ്ത്രമായ ദളിതവാദത്തിന്റെ വ്രണിതമനസ്ഥിതിയില്ലാത്ത ഉത്തമൻ 'ചാവൊലി'യിൽ എഴുതുന്ന ദളിതത്വം ഒരു വംശത്തിന്റേതു മാത്രമായിരുന്നില്ല. കേരളത്തിൽ മറ്റേതെങ്കിലും അളവിൽ അദളിതരിലെ നൂറു കണക്കിനു ദരിദ്രർ പങ്കുവെച്ചിട്ടുള്ള ഭ്രഷ്ടിന്റെ പീഡയാണത്. സ്ഥലമോ സമ്പത്തോ ഒക്കെയായിരുന്നു അതിന്റെ നിയാമകങ്ങൾ.

അധികാരം എപ്പോഴും സ്ഥല (Space)വുമായി ബന്ധപ്പെട്ടു കിടക്കുന്നു. സമൂഹത്തിൽ നമുക്കൊരു സ്ഥാനമുണ്ട് എന്നതിനർത്ഥം സാമൂഹികമായ അംഗീകാരവും അധികാരവുമുണ്ടെന്നാണല്ലോ. അതുകൊണ്ടാണ് വെർജീനിയ വൂൾഫിനെപ്പോലുള്ളവർ 'സ്വന്തമായ മുറി' എന്ന ആശയവുമായി രംഗത്തു വന്നത്. ഇതുപോലെ സ്വന്തമായൊരിടത്തിനു വേണ്ടി അതുവഴിയുള്ള സാമൂഹിക പരിഗണനയ്ക്കു വേണ്ടി മുഴങ്ങുന്ന മണ്ണിന്റെ മക്കളുടെ ഒലിയാണ് 'ചാവൊലി'യിൽ ഉടനീളമുള്ളത്. നോവലിസ്റ്റിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

'ഭൂമിയിൽ എവിടെയും അതിരുജീവിതമുണ്ട്. അതിനാൽ സമാനതയും. പ്രകൃതിയെ ഒരു നുള്ളുപോലും നോവിക്കാതെ സ്വയം വേദനകളായി തീരുമ്പോഴും മണ്ണിനെ നെഞ്ചേറ്റിയോർ. ചരിത്രത്തിൽ അവരില്ല. മനുഷ്യസമൂഹത്തിൽ അവർക്കിടമില്ല. സ്ഥലകാലങ്ങളില്ലാതെ ഗതികിട്ടാചാവുകൾ, കൊച്ചേമ്പി, വെളുത്ത, നീലമ്പി, ആതിച്ചൻ, തേയി, കറുമ്പൻ, ചിന്നൻ, പെരുമാൾ, കുഞ്ഞിരാമൻ.. ... കാലങ്ങളിൽ നിന്ന് കാലങ്ങളിലേക്ക് അവർ നടന്നു പോകുന്നു. നാവിലൂടെ കേട്ടുകേഴ്വിയിലൂടെ വിഗ്രഹങ്ങളാവാതെ അവരുടെ ജീവിതകാഴ്ചകളിലൂടെ എരിഞ്ഞു പോകുമ്പോൾ തുള്ളിത്തെറിച്ച വെളിച്ചത്തുണ്ടുകൾ, കണ്ടെടുത്ത ചെറുചെറു ജീവിതങ്ങൾ പതുക്കെ പതുക്കെ കുറിച്ചുവെച്ചു.

'ചാവൊലി'യുടെ രചനാദൗത്യവും ആത്മാർത്ഥതയുമാണ് ഈ വാക്കുകളിൽ നിറയുന്നത്. സ്വന്തം സ്വത്വത്തിന്റെ ചരിത്രപരമായ അന്വേഷണം കൂടിയാണിത്. 'ചാവൊലി'യിലൂടെയുള്ള ഈ അന്വേഷണം മനുഷ്യസമൂഹത്തിന്റെയും ജന്തുജീവി സമൂഹത്തിന്റെയും പ്രശ്നങ്ങളെ അടയാളപ്പെടുത്താൻ പര്യാപ്തമാണ്.

'ചാവൊലി' എന്ന നോവലിന്റെ കേന്ദ്രസമൂഹമായി വർത്തിക്കുന്നത് തെക്കൻ കേരളത്തിലെ കുറവരാണ്. 'മണ്ണിലാണ്ടമരങ്ങളായ്' എന്ന നോവലിന്റെ ആദ്യഭാഗം ഈ സമൂഹത്തിന്റെ ജീവനലോകത്തെയാണ് പരിശോധിക്കുന്നത്. നോവലിലെ ഒരു കഥാപാത്രം—വെളുത്ത—പറയുന്നതിങ്ങനെയാണ്:

'ഇതൊക്കെ നമ്മളേണ്. ന്റ മുത്തപ്പൻ പറയോരുന്നു. കുഞ്ഞ്യേകാരന്നാര് യമ്മീന്റേം വല്യേയമ്മി ഇതേയത്ത് വെരുമ്പം ബ്ടെല്ലാം വങ്കാട്, പെരുങ്കാട്... അക്കാടീമ്മള് മാത്തറം, മ്മളെ മുത്തപ്പമ്മാരും മുത്ത്യേളും, മ്മള മണ്ണ്, മ്മള മരം, മ്മള പൂവും കായും, മ്മള വെയില്,

മ്മള കാറ്റ്, മ്മള വെള്ളം, തന്തോയം തന്നെ തന്തോയം, വേണ്ടുന്നത് മാത്തറം മണ്ണീന്നെടുക്കം, മരത്തീന്നെടുക്കം. അന്നന്ന് കയ്യം, ഏടേം പോവാം എന്തരും ചെയ്യാം. ചിരീം കളീം കെട്ടീം പിടിച്ചും പെറ്റും പൊലന്നും മണ്ണീതൊള്ളായിരത്തി ഒരു കെണം.'

'ഇപ്പംകിട്ടണ കായും കമിയും അവന്റെ വേർപ്പ്. ആ പൊടിക്കൊച്ചിന് ഒര് കരിക്ക് നേതിക്കണോൻ കള്ളൻ........ വല്ലോരേം മണ്ണി, അവന്റെ മുത്തപ്പന്റെ കുയിമാടത്തീ ഒരു തേങ്ങ കുയിച്ച് വെച്ച്, അങ്ങേര നെഞ്ചകൂട് പൊട്ടി എലവീശി വന്നേണ് ആ തെങ്ങ്

നോവലിന്റെ ഒന്നാംഭാഗം ദീർഘമായി അവതരിപ്പിക്കുന്നത് അതിജീവനത്തിന്റെ അതിരൂക്ഷമായ ഇടങ്ങളെയാണ്. വർണ്ണവ്യവസ്ഥയ്ക്കും ആധുനിക ലോകത്തിനും ഇടയിലുള്ള കനത്ത ലോകമാണ് നോവലിന്റെ നട്ടെല്ല്. (മനോജ് എം.ബി)

പിതൃക്കളെ കുടിയിരുത്തിയ ആൽത്തറയ്ക്കുമുന്നിൽ താണുവീണു തൊഴുതു നില്ക്കുന്ന ചങ്കരനിൽ നിന്നാണ് 'ചാവൊലി' മുഴങ്ങിത്തുടങ്ങുന്നത്. പൈതൃകം അന്വേഷിച്ചെത്തിയ പിൻമുറക്കാരനെ വെളുത്ത മുത്തി തിരിച്ചറിഞ്ഞു. പിന്നെ വെളുത്ത മുത്തിയുടെ ഓർമ്മയായും നോവലിസ്റ്റിന്റെ ആഖ്യാനമായും തലമുറകൾ നീളുന്ന 'ചാവൊലി'യുടെ കഥ വികസിക്കുന്നു. മണ്ണിനേയും പ്രകൃതിയേയും ജീവനെക്കാളേറെ സ്നേഹിച്ച്, മണ്ണിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച്. കുന്നുകളിൽ നിന്നും കുന്നുകളിലേക്ക് കുടിമാറ്റപ്പെടുന്ന നീലമ്പി, ജന്മി കുഞ്ഞ്യേങ്കരൻ നായരെക്കാൾ ക്രൂരനായിരുന്ന കാര്യസ്ഥൻ കോയിന്നാര്, അയാൾ കൊന്ന് ചാണകക്കുണ്ടിൽ താഴ്ത്തുന്ന കൊച്ചേമ്പിയും ചക്കിയും, ജന്മിയുടെ മകൻ പട്ടാളം വേലായുധന്നായരുടെ വിയർപ്പുചൂരിൽ മത്തയാകുന്ന വെളുത്ത, സ്വന്തം മണ്ണിനെയും നെല്ലിനെയും കുറിച്ച് മമതയും തന്റേടവും പ്രകടിപ്പിക്കുന്ന തേയി, നാട്ടുവൈദ്യത്തിന്റെയും മാന്ത്രികവിദ്യയുടെയും കരുത്തിൽ ഊരുചുറ്റുന്ന ആതിച്ചൻ, കാക്കാരിശ്ശി ആശാനായ ചിന്നൻ, സഹജീവികൾക്കിടയിൽ സാക്ഷരതയുടെ സന്ദേശമെത്തിക്കുന്ന കറുമ്പൻ— ഇങ്ങനെ കുടികിടപ്പിന്റെ യാതനകൾ അനുഭവിക്കുന്നവരും അതിനിടയിലും ആത്മബലവും തന്റേടവുംകൊണ്ട് സ്വന്തം വഴി കണ്ടെത്തുന്നവരുമായ നിരവധി കഥാപാത്രങ്ങൾ 'ചാവൊലി' എന്ന നോവലിൽ പ്രത്യക്ഷപ്പെടുന്നു. തലമുറകൾ മാറുന്തോറും ജന്മിത്തത്തോടുള്ള പ്രതിഷേധവും സ്വത്വാവബോധവും സമുദായാംഗങ്ങൾക്കിടയിൽ രൂപപ്പെട്ടു വരുന്നതിന്റെ സൂചനകളാണ് ഇവരിലൂടെ ആവിഷ്കരിക്കപ്പെടുന്നത്. ജന്മംകൊണ്ട് ജന്മിയെങ്കിലും തിരസ്കൃതനായ ശേഷം ദളിതർക്കായി

അക്ഷരവെളിച്ചം പകരാൻ തയ്യാറായ വേലായുന്നാരിലും ക്രൂരതയ്ക്കൊപ്പം അല്പം നന്മ ബാക്കി നില്ക്കുന്നുണ്ട്. സാക്ഷരത ദളിതന്റെ മോചനത്തിന് അനിവാര്യമാണെന്ന സന്ദേശമെത്തിക്കൽ ഈ നോവലിന്റെ സുപ്രധാനമായ ഊന്നലാണ്.

'അമരവാഴ്വ്'കളിങ്ങനെ എന്ന രണ്ടാംഭാഗം വർത്തമാനത്തെ തൊട്ടാണ് നില്ക്കുന്നത്. മണ്ണിലാണ്ട് അമരങ്ങളായി തീർന്ന മുൻതലമുറയിൽ നിന്ന് ഒരുപാട് മാറിപ്പോയ ഒരു ജനതയെയാണ് ഉത്തമൻ ഇവിടെ അവതരിപ്പിക്കുന്നത്. ജന്മിയുടെ അധീനത്തിലായിരുന്ന പഴയഗ്രാമം ഒരു കോളനിയായി മാറുകയാണ്. ഇവിടെയും സ്വന്തം ഇടമില്ലായ്മ എന്നത് കുറവർക്ക് കുടഞ്ഞെറിയാനാവാത്ത പ്രശ്നമായി മാറുന്നു. അവർ കൂടുതൽ പ്രാന്തവൽക്കരിക്കപ്പെടുകയും മണ്ണിനോടും പ്രകൃതിയോടുമുണ്ടായിരുന്ന അനുഭാവവവും ഇണക്കവും നഷ്ടമാവുകയും ചെയ്യുന്നു. കോളനിയിലെത്തുന്ന നിരീക്ഷകനായ രഘൂത്തമനിലൂടെയാണ്, അയാളുടെ ശ്ലഥവും വിഭ്രാമകവുമായ ഓർമ്മകളിലൂടെയാണ്, ഒന്നാം ഭാഗത്തിന്റെ തുടർച്ചകൾ അറിയാനാകുന്നത്. ചരിത്രത്തിൽ നിന്ന് കടന്നുവരുന്ന കുഞ്ഞിരാമൻ രഘൂത്തമന്റെ മുന്നിൽ ബഹുവ്യക്തിത്വത്തോടെ വെളിപ്പെടുന്നു. ഇടങ്ങളിൽ നിന്നും ഇടങ്ങളിലേക്ക് വീണ്ടും വീണ്ടും ആട്ടിയോടിക്കപ്പെടുന്ന ജനതതിയുടെ ചിത്രമാണ് അമരവാഴ്വുകളിൽ തെളിയുന്നത്. കുഞ്ഞിരാമന്റെ കഥാകഥനം നാട്ടുപേച്ചിലും രഘൂത്തമന്റെ നേർക്കാഴ്ചകൾ അച്ചടിവടിവിലും ആഖ്യാനം ചെയ്യുന്ന നോവലിസ്റ്റ് തലമുറകളുടെ വൈരുദ്ധ്യം പ്രകടിപ്പിക്കാൻ ഭാഷാവിനിയോഗത്തെ ബോധപൂർവ്വം ഒരുപകരണമാക്കുകയാണ്.

എഴുത്തുകാരന്റെ കേട്ടറിവുകളും അനുഭവസത്യങ്ങളും ആലങ്കാരികത തീരെയില്ലാതെ വിവരിക്കപ്പെടുമ്പോൾ വായനക്കാരന്റെ പ്രജ്ഞയിലേക്ക് ചില നടുക്കങ്ങൾ എടുത്തെറിയപ്പെടുകയാണ്. ജീവിതത്തിന്റെയും മരണത്തിന്റെയും ഇടയ്ക്കുള്ള നൂല്പാലത്തിൽ കുടുങ്ങിയ ചില മനുഷ്യജന്മങ്ങൾ നമ്മെ വേട്ടയാടാതിരിക്കില്ല. ചാണകക്കുണ്ടിലും, പുലിമടയിലും മലമടക്കുകളിലും ജലപാതത്തിലും ഒടുങ്ങിയ അടിയാള ജീവിതങ്ങൾ, ബലാത്സംഗവും കൈയ്യേറ്റവും നന്ദികേടും നിറഞ്ഞ ജന്മിത്തത്തിന്റെ കുടിലതകൾ, പ്രതിരോധത്തിന്റെ വഴി കണ്ടെത്താനുള്ള ദളിതന്റെ ശ്രമപരാജയപരമ്പരകൾ. പച്ചമാംസത്തിന്റെയും ചോരയുടെയും മണമുള്ള അനുഭവവൈവിധ്യങ്ങളിൽ നിന്ന് 'ചാവൊലി'യുടെ വായനക്കാരന് വിടുതലയില്ല. അടിയാളപ്പെണ്ണുങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന ചൂഷണങ്ങളെയും പീഡനങ്ങളെയും നോവലിസ്റ്റ് തുറന്നെഴുതുന്നുണ്ട്.

'പിന്നാലെ വന്നോരെക്കേം മാങ്ങേേയി പോയി. വെളുത്ത ആരേം കണ്ടില്ല. വേലായ്യന്നാരും...........

അയാള് മാവിക്കേറി ഉള്ളം കുലുക്കി മാങ്ങ വീത്തി. പറക്കിക്കുട്ടി തോർത്തുമുണ്ടി അറ്റം തെറുത്ത് കെട്ടി വെളുത്തേട തലേ വെക്കുമ്പം മൊലക്കുമ്പിലെ കരിങ്കണ്ണ്യേർ അയാള് ഒരിക്കക്കൂടി തൊട്ട്.'

'ചാണാക്കുയിക്കര എത്തീതും കാര്യത്തൻ കോയിന്നാരു പൂണ്ട ടക്കം ഒരു പിടി. ഞാം വെറളി പിടിക്കുമ്പം ഒരുപിടി ചാണം വാരി ന്റെ വായീ കുത്ത്യേറക്കി . പിന്നെ കാര്യത്തൻ എപ്പായാണ് മേത്ത്ന്ന് എയ്യ്ചത്........ ക്കറിഞ്ഞൂടാ. അങ്ങേര്, പ്രാന്തെടുത്ത് ന്ന, ചന്നം പിന്നം വെട്ടിക്കീറി ചാണക്കുയി താത്തി. ഒരു കൈ മാത്തറം എലേപ്പൊതിഞ്ഞ്............'

'ചാവൊലി' - കൂട്ടായ്മയുടെ കഥനങ്ങൾ

'ചാവൊലി' മികച്ച ഒരു ഫോക്നോവൽ കൂടിയാണ്. നാടോടി ജീവിതാനുഭവങ്ങളുടെയും വിശ്വാസാചാരങ്ങളുടെയും അനുഷ്ഠാന ങ്ങളുടെയും നാടൻ കലകളുടെയും സമൃദ്ധമായ ചേരുവയുണ്ട് ഈ നോവലിൽ. മേലാങ്കോട്ടമ്മ, മുത്തുമാരിയമ്മ, തുടങ്ങിയ അമ്മദൈവ ങ്ങളും ആയിരവില്ലിത്തമ്പുരാൻ എന്ന കുലപരദേവതയും നെരിപ്പോടു മാടൻ, മറുത തുടങ്ങിയ ദുർദ്ദേവതകളും പെരച്ചൻ എന്ന മന്ത്രവാദിയും കൊട്ടുതി, പെടോട, ചാവൂട്ട്, ന്യലുകെട്ട്, പതിനാറുകുളി, തെരണ്ട്കുളി തുടങ്ങിയ അനേകം ചടങ്ങുകളും, ഈക്കിക്കിത്തമ്പരം പോലുള്ള നാടൻ കളികളും. കാക്കാരിശ്ശി നാടകം എന്ന കലാരൂപവും കഥാപ്പാട്ടു കളും വായ്ത്താരികളും ഒക്കെച്ചേർന്ന് നാടൻ സ്വത്വത്തിന്റെ ഒരു സമാഹാ രമായി ഈ നോവൽ മാറുന്നു. "ഞാനീ മിറ്റത്തൊന്ന് ഉറീക്കോട്ടോ" ന്നു ചോദിക്കുന്ന നീലമ്പിയുടെ നിഷ്കളങ്കതയിൽ മണ്ണും കർഷകനും തമ്മിലുള്ള വൈകാരിക ബന്ധത്തിന്റെ തീവ്രതയാണ് ധ്വനിക്കുന്നത്.

"കുരു കാരണോമ്മാര്, ചത്തുമലന്ന് നെറുകന്തലേ നിക്കണോര്, വിളിച്ചാ വിളിക്കേക്കണോര്, തീക്കെട്ടും കാപ്പോര്, മണ്ണി ചൊവടൊറ പ്പിച്ച് നടത്തിക്കണോര്, എല്ലാരും കേക്കണം കൈയ്യേക്കണം, അനു മതിക്കണം. തലേകൈവച്ച് തമ്മതം തരണം."

തലങ്ങനെയും വിലങ്ങനെയും വിമ്മിട്ടപ്പെടുത്തുന്ന നിരവധി വിശ്വാസങ്ങളുടെ ലോകം ഈ നോവലിലുണ്ട്. കൊലചെയ്യപ്പെട്ടവരും കൂട്ടംതെറ്റിപ്പോയവരും അപമാനിതരുമായ ഓരോരുത്തരും ചാവായി അടയാളമായി നോവലിൽ സംസാരിക്കുന്നു. ഒരു ജനസമൂഹത്തിന്റെ ചരിത്രമായി അത് അടയാളപ്പെടുന്നു. പ്രകൃതി-മനുഷ്യബന്ധത്തിന്റെ

ആദിചരിത്രം തന്റെ ജൈവിക ലോകത്തിൽ നിന്നും പെരച്ചൻ തെളിച്ചു കൊണ്ടുവരുന്ന ഒരു സന്ദർഭമുണ്ട് നോവലിൽ.

"പെരച്ചൻ ചങ്കെറിഞ്ഞു, ആയി മൊയങ്ങുണ ചങ്ക്, വിത്തെടുത്ത് നെരത്തി; ചെമ്മങ്ങളെല്ലാം വിത്തിലൊളിഞ്ഞ് കെടപ്പ്"

ഏകലവ്യകഥ നോവലിൽ പ്രവേശിക്കുന്ന കഥാസന്ദർഭം കുറവരുടെ മിത്തുകളും അതിൽ സ്ഥാനം പിടിച്ചിട്ടുള്ള മഹാഭാരത കഥകളും ഉൾപ്പെട്ട ഒരു സമ്പത്തിനെയാണ് സൂചിപ്പിക്കുന്നത്. മാത്രമല്ല, ഏകലവ്യനും കർണ്ണനുമെല്ലാം ഇന്ത്യൻ ഫോക്‌ലോറുകളിൽ കീഴാളഭാവുകങ്ങളായി വായിക്കപ്പെടുന്നവരുമാണല്ലോ.

നോവലിലെ ആതിച്ചനെന്ന വ്യക്തി ഈ സമൂഹത്തിൽ നിന്നും വികാസം നേടി സിദ്ധൻ എന്ന നിലയിൽ ഉയർച്ച നേടുന്നുണ്ട്. വൈദ്യ-മാന്ത്രിക വിദ്യകളിൽ നേടിയെടുക്കുന്ന അറിവ്, രോഗികൾക്കു നല്കുന്ന ശുശ്രൂഷ ഇവയെല്ലാം ആതിച്ചനെ സ്വന്തം ജനങ്ങൾക്കിടയിലും തുടർന്ന് വിവിധ ഗ്രാമങ്ങളിലും ഒരു സിദ്ധനായി ഉയർത്തുന്നു.

"ആതിച്ചൻ കുന്നിമ്മണ്ട ചുറ്റി മണ്ണിമ്മേ കൈ നീട്ടി. അവന്റെ കൈക്കുമ്പിളില് എമ്മടങ്ങ് പച്ചമരുന്നേള്. അമ്മടെ കനിവ്, ആതിച്ചൻ അപ്പനുമേൽ മരുന്നു ുവി നാക്കിമ്മേലിറ്റിച്ചു."

നാട്ടറിവിന്റെ അറിവാളരും സംരക്ഷകരുമാകുന്ന ഇവരിൽ അറിവിന്റെ ഒരു വലിയ ലോകം വളരെ മുമ്പുതന്നെ ഉണ്ടെന്നും അങ്ങനെയാണ് തങ്ങൾ സിദ്ധരായിത്തീരുന്നത് എന്നും ഈ നോവൽ പറയാതെ പറയുന്നു.

ചിന്നൻ കാക്കരിശ്ശി നാടകത്തിലെ നൃത്തച്ചുവടുകൾ രാപ്പള്ളിക്കൂടത്തിൽ പഠിപ്പിച്ചു കൊടുക്കുന്ന സന്ദർഭവും സുപ്രധാനമായ ഒന്നാണ്.

"മ്മള് ചേറെങ്ങനെ ചവിട്ടിയടിക്കും. മ്മള് കൊയ്തെങ്ങനെ ഏറും. മ്മള് കറ്റയെങ്ങനാ ചവിട്ടി മെതിക്കും. മ്മള് നല്ലൊളവങ്ങനെ ചവിട്ടിപോയിക്കും. അമ്മട്ടീ, ത്തിരി മാറ്റിച്ചവിട്ടി, ചൊവടൊറപ്പിച്ച്, നടനം ചെയ്യ്, കൊറ്റനുതിക്കും മൊതല് മോന്തിവരെ ചേറും ചൊമട്ടും ആട്ടുന്നോന് ഇച്ചൊവട് വെയ്യാൻ വരുത്തമെന്ത്. മ്മക്കേ, യിത് കയ്യൂ."

നാടൻകലകളും മനുഷ്യാധ്വാനവും തമ്മിലുള്ള അഭേദ്യബന്ധമാണിവിടെ കാണുന്നത്.

പാരിസ്ഥിതികാവബോധത്തിന്റെ പ്രത്യക്ഷതകൾ നോവലിന്റെ നിബിഡമായ പ്രകൃതി ചിത്രീകരണത്തിൽ ഉൾച്ചേർന്നിട്ടുണ്ട് എന്ന വസ്തുതയും വിസ്മരിക്കാനാവില്ല. നീലമ്പിയുടെയും വെളുത്തയുടേയും

ആതിച്ചന്റെയും പേച്ചുകളിലൂടെ എന്നെന്നും പ്രസക്തമായ പാരിസ്ഥിതിക ദർശനങ്ങൾ തെളിഞ്ഞു തെളിഞ്ഞു വരുന്നു.

"–ങ്ങള് ആരോടാണപ്പാ തമതാരം

–ഈത്തുങ്ങളോട്

– അയിന് കാതൊണ്ടാ കേപ്പാൻ, നാവൊണ്ട ചൊല്ലാൻ

–പുല്ലും പൂച്ചെട്ടും അതിന്റെ തങ്കടം പറ്യേം. കിളീം കീടോം അതിന്റെ വെസ്മം പറ്യേം. മ്മക്ക് കേപ്പാൻ കാതും അറ്യാൻ അലിയണ മനതും ബേണം."

"ഇരുവരും മണ്ണീ വളക്കുറ് പോലെ കെടക്കുമ്പം നീലമ്പി, വെളുത്ത്യോട് പറയും.

–നീ, പാറമോളില് തെങ്ങ് ബെക്കണം, തായ നടുതന നെറകൊണ്ട് കെടക്കുമ്പോല മലമോലില് തെങ്ങും തോപ്പാക്കും. പിന്നെ മ്മക്ക്, ആര പേടിക്കണം. കൊയ്യട്ട് കൊലവെട്ടട്ട്. വിത്തെടുക്കട്ട് പിന്ന.......

– പിന്ന..... ങ്ങളെന്ത് ചെയ്യും

അത് കേൾക്കേ നീലമ്പി കണ്ണടയ്ക്കും

– അവറ്റേക്കും കൊടുക്കണ്ടെ.........

– ആക്ക്?

– കിളിയേക്ക്. അണ്ണാൻ, മരപ്പട്ടി, കള്ള ഊളനും.........

–അതുങ്ങള് തിമ്മട്ട്, മിച്ചം മതി.

– അവറ്റേണാ മണ്ണിന്റെ യമ്മി.

– ങാ"

ഇത്തരത്തിൽ മണ്ണിനോട് സമരസപ്പെട്ടിരുന്ന ഒരു വിഭാഗത്തെ ചൂഷണം ചെയ്ത് മാറ്റി നിർത്തുന്ന ദാരുണദൃശ്യങ്ങളുടെ കൂടെ പാരിസ്ഥിതികാവബോധത്തിന്റെ വളരെ സജീവമായ ദൃശ്യങ്ങളും, ഈ നോവലിൽ കാണാൻ കഴിയും.

### മാറിയ കാലത്തിന്റെ അടയാളങ്ങൾ

കാർഷികവൃത്തിയിലും ഉല്പാദനപ്രക്രിയയിലും ഉൾപ്പെട്ടിരുന്ന കുറവൻ, രണ്ടാം ഘട്ടത്തിൽ ശുചീകരണ തൊഴിലുകളിൽ ഏർപ്പെട്ടുന്നവരായി പരിവർത്തനപ്പെടുന്ന ചിത്രം നോവലിലുണ്ട്. ഇടമില്ലായ്മയിൽ നിന്ന് കോളനി, ചേരി തുടങ്ങിയ ഇടങ്ങളിലേക്കെത്തിയ ജനത വീണ്ടും കുടിയിറക്കപ്പെടാൻ പോകുന്നതിന്റെ സൂചനയാണ് അന്താരാഷ്ട്ര മാർക്കറ്റ് വരുന്നതിന്റെ വാർത്ത. ഇടിച്ചുനിരത്തപ്പെടുന്ന

കോളനികളും അവിടെ രൂപം കൊള്ളുന്ന ഫ്ലാറ്റുകളും പാർക്കുകളും ഇന്ത്യൻ നഗരാധികാരത്തിന്റെ കടന്നാക്രമണങ്ങളാണ്. തുറക്കുകയും അടയ്ക്കുകയും വീണ്ടും തുടർന്നടയ്ക്കുകയും ചെയ്യുന്ന അണ്ടിയാപ്പീസ് ഉപജീവന സംസ്കൃതിയുടെ അനിശ്ചിതത്വത്തിന്റെ പ്രതീകമായി നോവലിൽ പുകക്കുഴലുയർത്തി നില്ക്കുന്നു. കുറവർ മഹാസഭപോലുള്ള സംഘടനകളുടെ സമുദായോദ്ധാരണ പ്രവർത്തനങ്ങളും സ്വാതന്ത്ര്യ സമരമുന്നേറ്റങ്ങളും അയ്യങ്കാളിയുടെ ഇടപെടലുകളുമൊക്കെ പ്രഖ്യാപിത ചരിത്രത്തിൽ നിന്ന് നോവലിലേക്ക് കടന്നു വരുന്നുണ്ടെന്ന് അജയപുരം ജ്യോതിഷ്കുമാർ (2009:22) നിരീക്ഷിക്കുന്നുണ്ട്.

കഴിഞ്ഞ കാലത്തിന്റെ അസ്പൃശ്യജീവിതത്തിന്റെ പ്രതീകമായി ഒരു ചെറുചെടി നീലപ്പൂവുമായി നോവലിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ ഉദ്യോഗസ്ഥരും തൊഴിലാളികളുമെല്ലാം ആ നശിച്ച ചെടിയിലേക്ക് മൂത്രമൊഴിക്കാനാണ് ബദ്ധപ്പെടുന്നത്. എന്നാൽ രഘൂത്തമനാകട്ടെ, ആ ചെടിയിലൂടെയാണ് ആഴത്തിൽ വേരോടിയ ഒരു ജനതയുടെ ചരിത്രത്തെ, സത്വത്തെ മനസ്സിലാക്കുന്നത്. ജീവഗന്ധം വമിക്കുന്ന മണ്ണടരുകൾക്കുമീതേ നടക്കുമ്പോൾ അവയ്ക്കിടയിൽ ഒരു ചെറുചെടി നീലപ്പൂവുമായി നിലംപറ്റെ നില്ക്കുന്നു. അതിനെ പിഴുതെടുക്കാൻ ദൂരമുറ്റി, ചുവടുമാന്തി മണ്ണുമാറ്റുമ്പോൾ അത് ആഴത്തിലേക്ക് നീലവേരോടിച്ചു പോകുന്നു. മണ്ണടിഞ്ഞ ചേരിക്കുമേൽ നിന്നു നോക്കുമ്പോൾ നദി, ശ്മശാനം, തലയടർന്ന കുന്നുകൾ, എതിരെ നഖമാഴ്ത്തി വളരുന്ന നഗരം. ഈ കാഴ്ചയോട് നോവലിസ്റ്റ് പ്രതികരിക്കുന്നതിങ്ങനെ.

'ഖനനം പുറത്തേക്കെടുക്കുന്നത് മനുഷ്യരാശിയുടെ പ്രത്യാശയല്ല, കുന്നുകൾ അടർത്തി മാറ്റുന്നതും പാറകൾ തകർക്കപ്പെടുന്നതും നന്മകളിലേക്കുള്ള വാതിലുകളല്ല. മൺമറയുന്നതോ, വരും കാലമനുഷ്യന്റെ മണം, വിശ്വാസം, സംസ്കൃതി.'

നോവലിനൊടുവിൽ കൃഷ്ണൻ വാദ്ധ്യാരും രഘൂത്തമനും മാലിന്യം നിറഞ്ഞ പാർക്കിൽ ഇരുന്നുകൊണ്ട് സംസാരിക്കുന്നതിങ്ങനെയാണ്. 'നിങ്ങൾക്കറിയാമോ, കൂട്ടായ്മയുടെ സാമീപ്യമായിരുന്നു ഇവിടം. പുറംലോകം ചേരി എന്നു വിളിച്ചു. പൊതുധാരയിൽ നിന്ന് ആട്ടിയിറക്കപ്പെട്ടവരാണ് ഇവിടെ കൂടിയത്. ഭൂമിയിൽ നിന്നും നേടിയെടുക്കേണ്ടതൊന്നും അവരിവിടെ കൊണ്ടുവന്നില്ല. പരസ്പരം സ്നേഹിച്ചും കലഹിച്ചും... ...ഒരു നിലവിളിയിൽ ഒത്തുകൂടിയും. ചേരികൾക്ക് ഒരിടത്തും സ്വസ്ഥതയില്ല.

ഇന്നിവിടെ നാളെ ചേരിക്കുന്നിൽ. പിന്നെ മറ്റൊരിടത്തേക്ക്. തലമുറ മണ്ണിന്റെ ഉറസ്സിലാതെ നിക്ഷേപിച്ചു കൊണ്ടിരിക്കും.'

വർത്തമാനകാലത്തിന്റെ ഈ അപകടതകളിൽ നിന്ന് പുറത്തുകടക്കാൻ, പുതിയ ഇടമില്ലായ്മയെ ചെറുത്തു നില്ക്കാൻ, താന്നൾപ്പെടുന്ന മണ്ണിന്റെ ജനതയ്ക്ക് കഴിയുമോ എന്ന സന്ദേഹം അവസാന സന്ദർഭങ്ങളിൽ ചാവൊലി ഉയർത്തുന്നുണ്ട്.

ഉപസംഹാരം

ആഗോളവത്കരണത്തിന്റെയും വിപണിസംസ്കാരത്തിന്റെയും കെടുതികൾക്കിടയിൽനിന്ന് ചെറുത്തുനില്പിന്റെ ബലിഷ്ഠമായ വേരുകളായി ഉത്തമൻ അവതരിപ്പിക്കുന്ന 'ചാവൊലി' നാട്ടുമൊഴികളുടെയും നാട്ടറിവുകളുടെയും വീണ്ടെടുപ്പിനെ കുറിച്ച് നിരന്തരം ഓർമ്മപ്പെടുത്തുന്നു. ഇതിവൃത്തം, രൂപഘടന, കാലാവിഷ്കാരം, ആഖ്യാനരീതി, ഭാഷ എന്നിവയിലെല്ലാം ദളിതജീവിതവുമായി ഐക്യപ്പെട്ടുകൊണ്ടും വ്യവസ്ഥാപിത നോവൽ രീതികൾ ലംഘിച്ചുകൊണ്ടും 'ചാവൊലി' നാം പരിചയിച്ചതല്ലാത്ത മറ്റൊരു നോവലായി മാറുന്നു, വ്യവസ്ഥാപിത നോവലിന് എതിരെ നിൽക്കുന്ന മറുനോവൽ!

ഗ്രന്ഥസൂചി

1. ഉത്തമൻ പി.എ., 2007, ചാവൊലി, ഡി,സി. ബുക്സ്
2. ജ്യോതിഷ്കുമാർ അജയപുരം, 2009, ചാവൊലി: വീണ്ടെടുപ്പിന്റെ പുസ്തകം, വിദ്യാരംഗം മാസിക (മെയ് ലക്കം)
3. മനോജ് എം.ബി. 2013, ചരിത്രത്തിന്റെ ഒലി, വർത്തമാനത്തിന്റെയും, മലയാളം വാരിക (ജൂൺ 21)

ശ്രുതി കെ.

ഗസ്റ്റ് ലക്ചറർ (മലയാളം)
സെന്റ്ജോസഫ്സ് കോളേജ്
ഇരിങ്ങാലക്കുട
E-mail. Sruthysruthy04@gmail.com.

# കുടുംബമെന്ന അധികാരസ്വരൂപം —മാധവിക്കുട്ടിയുടെ കഥകളിൽ

കുടുംബം അധികാരസമവാക്യംതീർക്കുമ്പോൾ നിശ്ചലമാകുന്ന കുടുംബബന്ധങ്ങളെ വായനക്കാരന്റെ മുൻപിലേയ്ക്കെത്തിക്കുന്നവയാണ് മാധവിക്കുട്ടിയുടെ കഥകൾ. അധികാരസ്വരൂപത്തിന്റെ ശക്തമായ മാതൃകയാണ് 'കുടുംബം' എന്ന സ്ഥാപനം. മുതലാളിത്ത വികാസത്തോടൊപ്പമാണ് ഈ സങ്കല്പത്തിന് വേരുറയ്ക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ രൂപംകൊണ്ട അണുകുടുംബമാണ് കുടുംബത്തെ സംബന്ധിച്ച നമ്മുടെ ആദർശ മാതൃക. പുരുഷന്റെ പരമാധികാരവും സ്ത്രീയുടെ വിധേയത്വവുമാണ് കുടുംബഘടനയുടെ അന്തഃസത്ത. ഈ ഘടനയിൽ 'പുരുഷൻ ബൂർഷ്വായും സ്ത്രീ തൊഴിലാളിയുമാണെന്ന്' എംഗൽസ് നിരീക്ഷിക്കുന്നുണ്ട്. കുടുംബവുമായി ബന്ധിപ്പിച്ച് വൈകാരികതയുടേയും സംതൃപ്തിയുടേയും സുരക്ഷിതത്വത്തിന്റേയും രക്തബന്ധത്തിന്റേയും അനുശാസനകൾ നിഗ്രഹനം ചെയ്യുമ്പോൾ പുരുഷന്റെ ആധിപത്യം പരോക്ഷമായി ഉറപ്പിക്കപ്പെടുന്നു. പുരുഷൻ അധികാരിയായിരിക്കുന്ന ഒരിടത്ത് സ്ത്രീയുടെ അധ്വാനവും ലൈംഗികതയും പ്രത്യുൽപാദനശേഷിയും അയാളുടെ അധികാരപരിധിയിൽ നിലനിൽക്കും. പുരുഷാധിപത്യവ്യവസ്ഥയ്ക്കനുയോജ്യമായ വ്യക്തികളെ പാകപ്പെടുത്തിയെടുക്കുക എന്നതാണ് ഓരോ കുടുംബത്തിന്റേയും പ്രധാനകർമ്മം. കുടുബത്തിനുനൽകുന്ന പ്രാധാന്യത്തിലൂടെ ഈ അടിമത്തത്തെ സ്ത്രീ ഏറ്റെടുക്കുന്നു. കുടുംബത്തിനകത്ത് നേരിടേണ്ടിവരുന്ന ദുരനുഭവങ്ങൾ

സ്വകാര്യവിഷയങ്ങളാക്കി ചിത്രീകരിക്കുന്നതിലൂടെ സമൂഹത്തിന്റെ ബാധ്യത ഒഴിയുന്നു. സ്ത്രീയുടെ പ്രശ്നങ്ങൾ സമൂഹത്തെ ബാധിക്കാത്ത ഒന്നായി മാറുന്നു. അസുഖകരമായ ഇത്തരം യാഥാർത്ഥ്യങ്ങളെ നിഗൂഹനം ചെയ്യുകവഴി അവളെ ഗൃഹലക്ഷമിയും പതിവ്രതയും, ചാരിത്രവതിയുമാക്കി ആദർശവൽക്കരിക്കുന്നു. ("ഈ വിധം കുടുംബിനിയും ആദർശഭാര്യയും ഗൃഹലക്ഷ്മിയുമായ സ്ത്രീജീവിതം കുടുംബത്തിൽ ബന്ധിതമായിരിക്കുന്നു. അതിനാൽ സ്ത്രീയെക്കുറിച്ച് നൽകുന്ന നിർവ്വചനങ്ങളെല്ലാം തന്നെ അന്തിമവിശകലനത്തിൽ ഒരു കുടുംബിനിയുടേതായിത്തീരുന്നു") എല്ലാ മതങ്ങളും ഇത് ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. ഹൈന്ദവപാരമ്പര്യത്തിൽ വേദങ്ങളും പുരാണങ്ങളും ഉപനിഷത്തുകളും സ്മൃതികളും സ്വതന്ത്രമായൊരസ്തിത്വം സ്ത്രീക്ക് നൽകിയിട്ടില്ല. പ്രഭാതി മുഖർജി എഴുതുന്നു. "വിധേയത്വവും (ധർമ്മനിഷ്ഠയും ചാരിത്രനിഷ്ഠയും പുലർത്തി പൂർണമായും ഭർത്താവിനെ ആശ്രയിച്ചുകഴിയുന്ന ഭാര്യയാണ് മാതൃകാസ്ത്രീയെന്ന് നൂറ്റാണ്ടുകളായി നാം കാണുന്നു. മാതൃകാസ്ത്രീ എന്നാൽ മാതൃകാഭാര്യ എന്നാണർത്ഥം.)

മലയാളസാഹിത്യത്തിൽ കെ. സരസ്വതിയമ്മയും ലളിതാംബികാ അന്തർജ്ജനവും ഭാരം വഹിക്കുന്ന കുടുംബിനികളെ അവതരിപ്പിക്കുന്നുണ്ടെങ്കിലും ഈ പ്രമേയത്തെ വേണ്ടത്ര പ്രാധാന്യത്തോടെ ഉന്നയിക്കപ്പെടുന്നത് മാധവിക്കുട്ടിയിലെത്തുമ്പോഴാണെന്ന് കാണാം. (മാധവിക്കുട്ടിയുടെ കഥകൾ ഗാർഹികാധ്വാനവും സ്ത്രീജീവിതവും തമ്മിലുള്ള പീഡനാത്മകമായ ബന്ധങ്ങളും അവ സ്ത്രീയ്ക്കേകുന്ന സംഘർഷങ്ങളും വ്യഥകളും ചിത്രീകരിക്കുന്നതോടൊപ്പം പുരുഷാധിപത്യ വ്യവസ്ഥയുടെ കുടുംബിനിബിംബത്തിനു പിന്നിലെ വൈകൃതങ്ങൾ അനാവരണം ചെയ്യുന്നു). കുടുംബവ്യവസ്ഥയ്ക്കുള്ളിൽ സ്ത്രീ നേരിടുന്ന പ്രശ്നങ്ങൾ അവളുടെ (അധ്വാനം, സ്വാതന്ത്ര്യം, സർഗാത്മകത, ആദർശം എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്ന് മാധവിക്കുട്ടിയുടെ കഥകൾ വ്യക്തമാക്കുന്നു.) വീട്ടുവേലകളാൽ തകർക്കപ്പെടുന്ന സ്ത്രീ ജീവിതങ്ങളെ പരിചയപ്പെടുത്തിയ കഥകളായിരുന്നു 'കോലാട്', 'നെയ്പ്പായസം', 'കുറച്ചുമണ്ണ്', 'കുറ്റിക്കാട്ടിലെ നരി' എന്നിവ.

കോലാട്

പ്രഭാതംമുതൽ അർദ്ധരാത്രിവരെ അവിശ്രമം വീട്ടുജോലിചെയ്ത് രൂപപരിണാമംവന്ന അമ്മയ്ക്ക് മൂത്തമകൻ സമ്മാനിച്ച പേരാണ് 'കോലാട്.' അവളുടെ ഒട്ടിയ കവിളും അവിടവിടെയായി ചില

ഒടിവുകൾ പറ്റിയതെന്ന് തോന്നുന്ന ശരീരവും തേഞ്ഞപല്ലുകളും മെലിഞ്ഞകാലുകളും ആ പേരിനെ അന്വർത്ഥമാക്കുന്ന ചിഹ്നങ്ങളാണ്. കുടുംബാംഗങ്ങൾ വേണ്ടത്ര സ്നേഹമോ പരിഗണനയോ അവൾക്ക് നൽകുന്നില്ല. ആശുപത്രിയിലെ രോഗശയ്യയിൽ തളർന്നുകിടക്കുമ്പോഴും അവളുടെ മനസ്സ് അടുക്കളയിലായിരുന്നു! "അയ്യോ! പരിപ്പ് കരിയ്ണ്ട് തോന്ന്ണു" എന്ന് ലോകം അടുക്കളമാത്രമായ ആ കുടുംബിനി പരിഭ്രാന്തയാവുന്നു.

നെയ്പ്പായസം

വീട്ടുവേലചെയ്ത് അടുക്കളയിലെ വെറുംനിലത്ത് ഒരു ചൂലിനരികെ തളർന്ന് വീണ് ഹൃദയം സ്തംഭിച്ച് മരണമടയുന്ന കുടുംബിനി! ഭാര്യയുടെ ശവദാഹം വല്ലവിധേനയും 'കഴിച്ച് കൂട്ടി' മക്കളുടെ അടുത്തെത്തുന്ന ഒരു മദ്ധ്യവർഗ ദരിദ്രകുടുംബത്തിലെ ഭർത്താവിന്റെ സ്മരണയിലൂടെ അനാവൃതമാകുന്ന ഒരു അസ്വസ്ഥചിത്രമാണ് 'നെയ്പ്പായസം'. ആ കുടുംബത്തിന്റെ മാധുര്യത്തിനുവേണ്ടിയുള്ള അവളുടെ അധ്വാനത്തിന്റെ അവസാന പ്രതീകമാണ്, മരണത്തിന് മുൻപ് അവൾ തയ്യാറാക്കിയ നെയ്പ്പായസം.

കുറച്ചുമണ്ണ്

കഥയിലെ കുടുംബിനി കുടുംബഭാരത്താൽ എല്ലായ്പ്പോഴും ദുർമുഖിയായി കാണപ്പെടുന്നു. മൂന്നുമക്കളും ഭർത്താവും അയാളുടെ വൃദ്ധപിതാവുമടങ്ങിയ ആ കുടുംബത്തിലെ ഭാരിച്ച വീട്ടുജോലികൾ മാളുവിന്റെ ജീവിതം ദുഃസഹമാക്കി. കുടുംബത്തിൽ മാളുവിന് ആശ്വാസമരുളുന്ന യാതൊന്നുമില്ല. വാർദ്ധക്യത്താൽ മതിഭ്രമം ബാധിച്ച ഭർതൃപിതാവ് മൂലം അയൽക്കാരിയുമായുണ്ടായ സംഘർഷം അവളുടെ അവശേഷിച്ച അഭിമാനബോധത്തെയും വ്രണപ്പെടുത്തി. സ്വന്തം ജീവിതത്തിന്റെ അരൂപിയായ ശത്രുവിനോടുള്ള പ്രതികാരമെന്നവണ്ണം വൃദ്ധന്റെ കഴുത്തുഞെരിച്ച് കൊല്ലുകയാണ് കഥാപാത്രമായ മാളു.

ഗാർഹികാടിമത്തത്താൽ രോഗിണിയും വിരൂപയും അക്രമാസക്തയും ദുർമുഖിയും ഉന്മാദിനിയുമായ കുടുംബിനികളെയാണ് ഈ കഥകൾ കാട്ടിത്തരുന്നത്.

കുടുംബത്തിന്റെ നടപ്പു മര്യാദകളെ ലംഘിച്ച് സ്വതന്ത്രരാകാനാഗ്രഹിക്കുന്ന സ്ത്രീകളേയും അതിനശക്തരാകുന്നതിനെയും വെളിപ്പെടുത്തുന്ന കഥകളാണ് 'മഞ്ഞ്', 'രാത്രിയിൽ' എന്നിവ.

മഞ്ഞ്

മഞ്ഞിലെ ഭാര്യ തെരുവുഗായകന്റെ സ്നേഹത്തിലാകൃഷ്ടയാവുന്നു. പുറത്തുകടക്കാനൊരുങ്ങുമ്പോഴെല്ലാം വൃദ്ധനായ അവളുടെ ഭർത്താവ് അവളെ കുടുംബത്തിലേക്ക് പിടിച്ച് കൊണ്ടുവരാൻ ശ്രമിക്കുന്നു. അവളയാളെ വെറുക്കുന്നു. അയാളുടെ നടത്തം, പല്ലുകൾ, ഉച്ഛ്വാസം എന്നിവ പോലും അസ്വസ്ഥതയുണർത്തുന്നു. ദാരിദ്ര്യത്തിൽ നിന്നും രക്ഷനേടാൻ വേണ്ടിമാത്രമാണ് അവൾ വിവാഹിതയായത്. ഭർത്താവിന്റെ കാമചേഷ്ടകൾ അവളെ കോപാകുലയാക്കുന്നു. അയാളുടെ കാമലീലകൾക്കു മുൻപിൽ അവൾ പൊട്ടിത്തെറിക്കുന്നു. അയാളെ തള്ളിവീഴ്ത്തി അയാളുടെ നിസ്സഹായത കണ്ട് പൊട്ടിച്ചിരിക്കുന്ന ഈ സ്ത്രീ പ്രകടിപ്പിക്കുന്ന ആക്രമണവാസനയ്ക്ക് ഹേതു കുടുംബം എന്ന അധികാരസ്വരൂപമാണ്.

രാത്രിയിൽ

സുമതിയ്ക്ക് കുടുംബത്തിന്റെ ബന്ധങ്ങളിലേക്കുതന്നെ തിരിച്ചുവരേണ്ടിവരുന്നു. ഭർത്താവുറങ്ങികഴിഞ്ഞാൽ മുറി പുറത്തുനിന്നുപൂട്ടി വിജനമായ തെരുവിൽ വിളർത്ത നാട്ടുവെളിച്ചത്തിൽ കാമുകനോടൊപ്പം കഴിയാൻ അവൾ മടിച്ചിരുന്നില്ല. ആ ബന്ധത്തെ സ്നേഹമെന്നും അനുരാഗമെന്നും അയാൾ വിളിക്കുന്നു. തന്റെ ഭർത്താവ് ഒരു 'മൃഗ'മാണെന്നും അയാളെ വഞ്ചിച്ച് ഉപേക്ഷിച്ച് കാമുകനോടൊപ്പം ഇറങ്ങിപ്പോകാനും അവൾ ആഗ്രഹിക്കുന്നു.

'ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു', 'പുഴ വീണ്ടും ഒഴുകി', 'അവസാനത്തെ അതിഥി' എന്നിങ്ങനെയുള്ള കഥകളിൽ സ്ത്രീയെന്ന നിലയിൽ അവൾക്ക് അവളുടെ വ്യക്തിത്വത്തെ, അഭിലാഷങ്ങളെ, ആദർശങ്ങളെ ഒന്നും സഫലീകരിക്കാൻ സാധ്യമല്ലാതെ വരുന്നു. ഈ ഒരവസരത്തിൽ കുടുംബത്തിന് പുറത്ത് അന്യപുരുഷബന്ധങ്ങളെ കണ്ടെത്തുകയും കുടുംബിനി, ചാരിത്രം, പാതിവ്രത്യം തുടങ്ങിയ പ്രത്യയശാസ്ത്രരൂപങ്ങളെ തകർത്തെറിയാനുള്ള ശ്രമം ഇതിലെ സ്ത്രീ കഥാപാത്രങ്ങളിൽ കാണുകയും ചെയ്യുന്നു.

ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു

"തന്റെ വലയിൽ തന്നെ കുടുങ്ങുന്ന ഒരു എട്ടുകാലിയെപ്പോലെ ...." ഇങ്ങനെയാണ് ഈ കഥയുടെ ആരംഭം. എട്ടുകാലി കവയത്രിയും അതു നെയ്യുന്ന മാറാലകൾ അവൾ തന്റെ ആദർശങ്ങൾക്കുമേൽ മനഃപൂർവ്വം

തീർക്കുന്ന മറകളുമാണ്. എല്ലാമുഖം മൂടികളുമണിഞ്ഞ ഒരു മധ്യവർഗ്ഗകുടുംബത്തിലെ സന്താനമായി വളർന്നവളാണ് ഇതിലെ കഥാനായിക. സ്നേഹത്തേക്കാൾ സ്നേഹരാഹിത്യം അനുഭവിച്ചതുകൊണ്ട് അതിതീവ്രമായ പ്രണയത്തിലേക്ക് അവൾ കൂപ്പുകുത്തുകയാണുണ്ടായത്. വിവാഹത്തിനുമുൻപ് പരപുരുഷന്മാരുമായി ഒരു വിധബന്ധവും പുലർത്താതിരുന്ന ഈ പെൺകുട്ടി തന്റെ ഭർത്താവിനെ ഗാഢമായി സ്നേഹിച്ചു. അയാളുടെ മുഖം ഏറെനേരം നോക്കികാണാൻ അവൾ ഏറെ കൊതിച്ചു. എന്നാൽ നിരവധി സ്ത്രീകളുമായി അടുപ്പംപുലർത്തിയിരുന്ന അയാളുടെ ജീവിതത്തിലേക്ക് നിഷ്കളങ്കതയും പരിശുദ്ധിയും കടന്നുവന്നപ്പോൾ അയാൾ പരിഭ്രമിച്ചു. സ്നേഹം ഒരു കോമാളിത്തം മാത്രമാണെന്ന് അയാൾ അവളെ പഠിപ്പിച്ചു. തന്റെ സത്യത്തെയും സ്നേഹാദർശങ്ങളെയും മറന്ന് നായിക ഒരു കാരണവുമില്ലാതെ, നൈമിഷിക ലാളനകൾക്കായി ചില പ്രേമബന്ധങ്ങളിൽ കുടുങ്ങി. തന്റെ വ്യക്തിത്വത്തിന്റെ അഭിലാഷരാഹിത്യത്തിന്റെ മാറാലകൾ സ്വയം നെയ്ത് അവൾ തന്നെതന്നെ ബലികൊടുത്തു.

അവസാനത്തെ അതിഥി

ഈ കഥയിലെ കുലീനയായഭാര്യ തന്റെ മരണത്തിനുള്ള കൊലയാളിയെ രഹസ്യമായി വാടകയ്ക്കെടുക്കുന്നു. അവൾ വിവാഹം ചെയ്ത് വീട്ടിലെ രാജാവാക്കി വാഴിച്ച മിസ്റ്റർ മിത്ര സ്ത്രീലമ്പടനായിരുന്നു. അനസൂയാ ദേവിയുടെ സമ്പത്തിൽ മാത്രമായിരുന്നു അയാളുടെ കൗതുകം. ഈ സത്യം തിരിച്ചറിയുകയും കുലീനവും പവിത്രവുമായി താൻ കരുതിവെച്ച മനസ്സും ശരീരവും ഇത്തരമൊരാഭാസനു മുൻപിൽ സമർപ്പിക്കുകയും ചെയ്തതിലെ വിഡ്ഢിത്തം അനസൂയാ ദേവിയെ നിരന്തരം വേട്ടയാടിയിരുന്നു. അതിനുള്ള വാടകകൊലയാളിയെ അവർതന്നെ കണ്ടെത്തുകയും മരണം ചോദിച്ച് വാങ്ങുകയും ചെയ്യുന്നു. ആദർശനഷ്ടം മരണത്തോളം തീവ്രമാണെന്ന പാഠമാണ് ഈ കഥയുടെ കാതൽ.

ഉപസംഹാരം

മാധവിക്കുട്ടിയുടെ കഥകൾ മദ്ധ്യവർഗ കുടുംബജീവിതത്തിന്റെ സമസ്തവൈരുദ്ധ്യങ്ങളെയും ഭിന്നതലസ്പർശിയായ മുഖങ്ങളെയും അനാവൃതമാക്കുന്നു. ഈ കഥകൾക്കുമുൻപിൽ എത്തിപ്പെടുന്ന വായനക്കാരൻ അഴിഞ്ഞുപോയ തന്റെ പൊയ്മുഖങ്ങളെ കുറിച്ചോർത്ത് വിഹ്വലനാകുന്നു. തന്റെ നഗ്നത കണ്ട് നടുങ്ങുന്നു. വ്യവസ്ഥിതിയുടെ

ഉപരിതലസ്പർശിയായ ബന്ധങ്ങളും ബന്ധനങ്ങളും തന്നെയാണ് സത്യമെന്ന് പറയാൻ ശ്രമം തുടർന്നുകൊണ്ടേയിരിക്കുന്നു. സത്യം പറയാനോ അതിനെ നേരിട്ട് തോൽപ്പിക്കാനോ ധൈര്യമില്ലാത്ത സമൂഹം എഴുത്തുകാരികളുനേരെ കല്ലെറിയുന്നു. സ്ത്രീജീവിതം കുടുംബത്തിനകത്ത് നേരിടുന്ന നിരവധിയായ അസംതൃപ്തികളിലേക്ക് ഈ കഥകൾ വിരൽ ചൂണ്ടുന്നു. പരിമിതമായ അർത്ഥത്തിൽ മാത്രം ഏതാനും ചില പ്രശ്നപരിസരങ്ങളെ നിരീക്ഷിക്കുകയും പറയുകയും ചെയ്യുന്ന ഒരു പ്രബന്ധമാണിത്.

സഹായഗ്രന്ഥങ്ങൾ

1. പെണ്ണെഴുതുന്ന ജീവിതം –എൻ.കെ. രവീന്ദ്രൻ, മാതൃഭൂമി ബുക്സ് 2010
2. ശരീരത്തിനെത്ര ചിറകുകൾ –മാധവിക്കുട്ടി, എച്ച് &സി ബുക്സ്, എഡിറ്റർ അബ്രഹാം
3. വിജ്ഞാനം 21-ാം നൂറ്റാണ്ടിലേയ്ക്ക്–ഡോ. ജാൻസി ജെയിംസ്.
4. സ്ത്രീ, സ്വത്വം, സമൂഹം– മാധവിക്കുട്ടി പഠനങ്ങൾ, ഡോ. ഇ.വി. രാമകൃഷ്ണൻ, പൂർണ്ണപബ്ലിക്കേഷൻസ്, കോഴിക്കോട്.

വിജിത പി.

ഗസ്റ്റ് ലക്ചറർ മലയാളവിഭാഗം
വിമലകോളേജ്
തൃശ്ശൂർ

# പ്രതിരോധത്തിന്റെ ജാതിചരിത്രം വട്ടുതലയുടെ കഥകളിൽ

സാഹിത്യകൃതികളിൽനിന്നുള്ള ചരിത്രവായനയുടെ സാധ്യത പണ്ഡിതന്മാർ മുമ്പുതന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്. കല്പനയുടെ അംശം മാററി നിർത്തിയാൽ പല സാഹിത്യകൃതികളും സാമൂഹിക ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങൾ അവതരിപ്പിക്കുന്നവയാണ്.

ഇതു തിരിച്ചറിയാൻ ഇവയുടെ പുറംവായന മാത്രം മതിയാവുകയില്ല. കൂടുതൽ ആഴത്തിൽ പരിശോധിക്കുമ്പോഴാണ് അത്തരം കൃതികളുടെ ചരിത്രപ്രാധാന്യം നമുക്കു ബോധ്യമാകുക. വേദങ്ങളും ഇതിഹാസങ്ങളും പുരാണങ്ങളും ഇത്തരം വായനക്ക് വിധേയമാക്കപ്പെട്ടിട്ടുണ്ട്. ചരിത്രത്തെ ആ രൂപത്തിൽതന്നെ എഴുതി സൂക്ഷിക്കുന്ന രീതി ഇന്ത്യയിൽ അത്ര വികസിതമല്ലാതിരുന്നതിനാൽ ചരിത്രനിർമ്മിതിക്ക് സാഹിത്യകൃതികളെ ആശ്രയിക്കാതെ മാർഗ്ഗമില്ല എന്നത് ചരിത്രകാരന്മാർ തിരിച്ചറിഞ്ഞു.[1]

കേരളത്തിന്റെ ചരിത്രനിർമ്മിതിയ്ക്കും പലപ്പോഴും സാഹിത്യകൃതികളെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. കേരളമാഹാത്മ്യം, കേരളോല്പത്തി, മണിപ്രവാളകൃതികൾ എന്നിവയെല്ലാം കേരളത്തിന്റെ പൂർവ്വകാലം പഠിക്കാനായി പണ്ഡിതന്മാർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതായത് ചരിത്രത്തെ സാഹിത്യരൂപങ്ങളിൽനിന്നും വേർതിരിച്ചെടുക്കാൻ സാധ്യമാണ് എന്ന കണ്ടെത്തൽ ചരിത്രപഠനത്തിനു വലിയ മുതൽക്കൂട്ടായി.

എഴുത്തുകാരന് തന്റെ സാമൂഹികപരിസരത്തിൽനിന്നും

വേറിട്ടൊരു ജീവിതം സാധ്യമല്ല എന്ന തിരിച്ചറിവാണ് പ്രധാനമായും ചരിത്രവായനയ്ക്കായി സാഹിത്യകൃതികളെ ഉപയോഗിക്കുന്നതിലേക്ക് പണ്ഡിതന്മാരെ നയിക്കുന്നത്. ഇത്തരത്തിലുള്ള കൃതികൾ പ്രാചീന മധ്യകാലങ്ങളിൽ മാത്രമല്ല ആധുനികകാലത്തും ധാരാളമായി രചിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ 19-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട പല നോവലുകളും അക്കാലത്തെ സാമൂഹികജീവിതത്തെ പ്രതിനിധാനം ചെയ്യുന്നവയാണ്.[2] 'ഇന്ദുലേഖ', 'സുകുമാരി', 'സരസ്വതീ വിജയം' തുടങ്ങിയവ എടുത്തു പറയേണ്ടവയാണ്.

നോവൽ മാത്രമല്ല, ചെറുകഥ, നാടകം, കവിത തുടങ്ങിയവയെയും ഇത്തരം വായനയ്ക്ക് വിധേയമാക്കാവുന്നതാണ്. ഇവ പങ്കുവെക്കുന്ന ജീവിതാനുഭവങ്ങൾ, സാമൂഹിക പ്രതിരോധങ്ങൾ, പ്രതിഷേധങ്ങൾ എന്നിവയെ വായിച്ചെടുക്കുവാൻ പറ്റുന്ന രീതിയിൽ അവതരിപ്പിക്കപ്പെടുമ്പോൾ അവ അക്കാലത്തെ നേർസാക്ഷ്യങ്ങളായി മാറുന്നു.

ഇന്ത്യയിലെ സാമൂഹികജീവിതത്തിൽ പരമപ്രധാനഘടകമാണ് ജാതി. എങ്ങനെ ഉത്ഭവിച്ചതെന്നറിയാത്ത[3], സമസ്തമേഖലയിലും ആഴ്ന്നിറങ്ങിയ, ഇന്ത്യയിലെ ഏതു വിദൂരമേഖലയെയും ഗ്രസിച്ചു നിൽക്കുന്ന ഒന്നാണത്. ഒരാളുടെ തൊഴിൽമുതൽ ഭക്ഷണരീതിവരെ നിയന്ത്രിച്ചിരുന്നത് ജാതിയായിരുന്നു. സമ്പത്തിന്റെ ഉത്പാദനത്തിൽ ഏർപ്പെട്ടിരുന്ന താഴ്ന്നവിഭാഗങ്ങൾക്ക് ഇതിന്റെ ഗുണഫലങ്ങൾ കിട്ടിയിരുന്നില്ല. കേരളത്തെ സംബന്ധിച്ചും ഇത് യാഥാർത്ഥ്യമാണ്. പ്രവൃത്തിവിഭജനം, സ്വകാര്യസ്വത്ത്, കാര്യക്ഷമമായ ഭരണരീതി, കല, ശാസ്ത്രം, സാഹിത്യം ഇവയെല്ലാം ഏവരുടെയും കഷ്ടപ്പാടിന്റെ ഫലമായാണ് വളർന്നു വന്നത്. ജാതി ജന്മി നാടുവാഴി വ്യവസ്ഥ ആദ്യകാലത്തിൽ ഏവരെയും കഷ്ടപ്പെടുത്തിയെങ്കിലും അത് സമൂഹത്തെ മുന്നോട്ടു കൊണ്ടുപോയി. ഈ പുരോഗതിയെ ഒരു പിടി ഉയർന്ന വർഗ്ഗക്കാർ സ്വന്തമാക്കിയപ്പോൾ ഇത് സമൂഹത്തെയാകെ പിന്നോക്കം വലിക്കുകയാണുണ്ടായത്.[4]

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടത്തിൽ കേരളത്തിലെ ഉയർന്നജാതിയും താഴ്ന്നജാതികളും തമ്മിലുള്ള വിടവ് വളരെ വലുതായിരുന്നു. കേരളം ഇന്ത്യയിലെ ഏറ്റവും ജാതിബാധിത ഭാഗമായി പൊതുവിൽ കണക്കാക്കപ്പെട്ടിരുന്നു[5]. താഴ്ന്നജാതിക്കാരുടെ ജീവിതം ദുരിതമയമായിരുന്നു. സഞ്ചാരസ്വാതന്ത്ര്യം, വിദ്യാഭ്യാസ സൗകര്യം എന്നിവ ഉണ്ടായിരുന്നില്ല. കിണർ, കുളം തുടങ്ങിയവ തൊടാൻ പോലും പാടില്ല. ദൃഷ്ടിയിൽപോലും പെടാൻ പാടില്ലാത്തവരായിരുന്നു ഇവർ[6].

വെറും കൃഷി ഉപകരണമായിട്ടായിരുന്നു ഇവർ കണക്കാക്കപ്പെട്ടിരുന്നത്. പട്ടിണിയിൽനിന്നും ഒരിക്കലും ഇവർക്കു മോചനമില്ലായിരുന്നു. യജമാനൻ തങ്ങളെ തീററിപ്പോററുന്നു എന്ന ധാരണയായിരുന്നു അധഃസ്ഥിതർക്ക് ഉണ്ടായിരുന്നത്. ഒററമുറി കുടിലിൽ മൺപാത്രങ്ങൾ മാത്രം ഉപകരണങ്ങളായി അവർ ജീവിച്ചു. മിക്കവാറും കുടിൽ വയലിനരികിലോ കുന്നിൻ ചെരിവിലോ ആയിരുന്നു[7]. കേരളത്തിൽ പുലയ, പറയ വിഭാഗങ്ങളാണ് പരമ്പരാഗതമായി അടിമകളായി കണക്കാക്കപ്പെട്ടിരുന്നത്.[8] നാട്ടുവാഴികളെന്ന അധികാരവും വൻകിട ജന്മിമാരെന്ന സ്ഥാനവും കൈക്കലാക്കിയ നമ്പൂതിരിമാരുടെ ഉഗ്രശാസനത്തിനു കീഴിൽ പറയരും മററു അധഃസ്ഥിതരും മർദ്ദിച്ചൊതുക്കപ്പെട്ട് അടിമകളും അടിയാന്മാരുമായി. കുനിൻമേൽ കുരുവെന്ന പോലെ അയിത്തവും അവരെ ചൂഴ്ന്നുനിന്നു[9].

മൃഗങ്ങൾക്കു പോലും ഇതിലേറെ സ്വാതന്ത്ര്യമുണ്ടായിരുന്നു. അവയ്ക്ക് ഏതുവഴിയും സഞ്ചരിക്കാമായിരുന്നു. അവയെ ആരും ആട്ടിയോടിച്ചിരുന്നില്ല[10]. എന്നാൽ അധഃസ്ഥിതരുടെ ഓരോ ചലനവും സവർണർ നിർണ്ണയിച്ചിരുന്നു. കേരളത്തിൽ ജാതി ഭ്രവ്യടമാ സമ്പ്രദായവും അഭേദ്യമായിരുന്നു. ഈ ഉപരിജാതി-ജന്മി കൂട്ടായ്മ ഇവരുടെ ജീവിതം ദുരിതമയമാക്കി[11].

ഈ അടിമജീവിതത്തിനെതിരായ പ്രതിരോധങ്ങൾ കേരളത്തിൽ ഏററവും ശക്തമായി നയിച്ചത് അയ്യങ്കാളി ആയിരുന്നു. 19- ാം നൂറ്റാണ്ടിലെ ഈ വിപ്ലവം അധഃസ്ഥിതർക്ക് നൽകിയ ആത്മവിശ്വാസം കുറച്ചൊന്നുമല്ല. എന്നാൽ പിന്നെയും കാര്യങ്ങൾ എളുപ്പമായിരുന്നില്ല. അത്രമേൽ ആഴത്തിൽ വേരൂന്നിയിരുന്നു, ജാതീയത കേരളത്തിൽ.

അധഃസ്ഥിതന്റെ പ്രതിരോധങ്ങൾ പല എഴുത്തുകാരും കഥകളിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. അവരിൽ പ്രമുഖനാണ് ടി.കെ.സി. വടുതല. അടിമകളായ പുലയരുടെ ജീവിതപരിച്ഛേദങ്ങളാണ് ടി.കെ. സി. വടുതലയുടെ പല കഥകളും. ടി.കെ.സി. വടുതലയും സി. അയ്യപ്പനും രചിച്ച കഥകൾ കേരളത്തിലെ സാമൂഹിക സാംസ്കാരിക വ്യവസ്ഥകളെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ്. അക്കാരണം കൊണ്ടു തന്നെ അവയ്ക്ക് വലിയ പ്രാധാന്യമുണ്ട്[12]. പല കഥാകൃത്തുക്കളും കീഴാള കഥകളോട് നിഷേധാത്മക സമീപനം പുലർത്തിയപ്പോൾ തിരുത്തുമായി മുമ്പോട്ടു വന്ന ആദ്യത്തെ സാഹിത്യകാരനായിരുന്നു ടി.കെ. സി. വടുതല[13].

കേരളത്തിലെ അധഃസ്ഥിതരുടെ ജീവിതമെഴുതിയ ടി.കെ.സി. വടുതലയുടെ കഥകളിലെ കീഴാളപ്രതിരോധത്തെ മുമ്പു നാം കണ്ട ചരിത്ര പശ്ചാത്തലത്തിൽ അന്വേഷിക്കുകയാണ് ഈ പഠനത്തിലൂടെ.

പാടത്തു പണിയെടുക്കുന്ന അടിയാൻ യജമാനന്റെ സ്വത്താണെന്നതായിരുന്നു ഉപരിവർഗജന്മിമാരുടെ മേൽക്കോയ്മാകാലത്തെ പൊതുയുക്തി. പോത്തേരി കുഞ്ഞമ്പുവിന്റെ 19-ാം നൂറ്റാണ്ടിലെ 'സരസ്വതീവിജയം' എന്നനോവലിൽ ജന്മിയായ കുബേരൻ നമ്പൂതിരിയുടെ കാര്യസ്ഥൻ ഒരു അടിയാനെ വയലിൽവെച്ച് പാട്ടുപാടിയതിന് ചവുട്ടിക്കൊല്ലുന്നു. അത് ജന്മിക്ക് യാതൊരു വേവലാതിയും ഉണ്ടാക്കുന്നില്ല. മാത്രമല്ല, കാര്യസ്ഥന് ഉചിതമായ സ്ഥാനം നൽകുമെന്നും അയാൾ പ്രഖ്യാപിക്കുന്നു. കാര്യസ്ഥനും ജന്മിക്കുമെതിരെ കേസെടുക്കുകയും അവർക്ക് ഒളിവിൽ പോകേണ്ടിയും വരുന്നു. അപ്പോഴും കേസിന്റെ യുക്തി കുബേരൻ നമ്പൂതിരിക്കു മനസ്സിലാകുന്നില്ല. ഒരു അടിയാനെ ഒന്നു മർദ്ദിച്ചു. കഷ്ടകാലത്തിന് അയാൾ ചാകുകയും ചെയ്തു. അതിന് ഇത്ര ബഹളമെല്ലാം ആവശ്യമുണ്ടോ എന്നതായിരുന്നു അയാളുടെ സംശയം.[14]

ഈ യുക്തി 20-ാം നൂറ്റാണ്ടിലും കേരളത്തിൽ പ്രബലമായിരുന്നുവെന്നത് ചരിത്രവും വടുതലയുടെ കഥകളും ഒരു പോലെ വ്യക്തമാക്കുന്നു. എന്നാൽ ഈ അടിച്ചമർത്തലുകൾക്കെതിരായ പ്രതിരോധങ്ങൾ ഇക്കാലത്ത് ഏറെ ദൃശ്യമാകുന്നുണ്ട്. കുററവും ശിക്ഷയും[15] എന്ന കഥയിൽ ചീത എന്ന പുലയൻ വയറുവേദന കാരണം ജോലിക്കു പോകാത്തതിനാൽ ജന്മിയുടെ കാര്യസ്ഥനായ കിട്ടുണ്ണിയുടെ രോഷത്തിനു പാത്രമാകുന്നു. സന്ധ്യയായതോടെ കാര്യസ്ഥൻ രോഷാകുലനായി ചീതയുടെ കുടിലിനു മുമ്പിലെത്തുന്നു. നാട്ടുപ്രമാണിമാരായ നാരായണനും ചെരപ്പനന്തോണിയും കൂട്ടിനുണ്ട്. ചീത വയറുവേദന മൂലം കിടപ്പാണെന്നത് അവർ വിശ്വസിച്ചില്ല. മടി പിടിച്ചാണ് ജോലിക്കെത്താത്തത് എന്ന് കാര്യസ്ഥൻ ഉറച്ചു വിശ്വസിച്ചു. ആ അഹങ്കാരം അവസാനിപ്പിക്കാനാണ് അയാൾ റൗഡികളെയും കൂട്ടി കുടിലിലെത്തുന്നത്. അവർ കുടിൽ വലിച്ചു പറിച്ചു ദൂരേക്കിട്ടു. വയറുവേദനകൊണ്ടു പുളഞ്ഞ ചീതയെ കീറപ്പായോടു കൂടി എടുത്തു പുറത്തിട്ടു. ഒരു പൂവു പറിക്കുന്ന ലാഘവത്തോടെ പിഴുതെടുക്കാവുന്നതാണ് ഒരു പുലയക്കുടിൽ.

ഈ അതിക്രമം കണ്ട രണ്ടു ചെറുപ്പക്കാർ തേവനും പൂവനും ഓടിവന്നു അക്രമികളെ ചെറുത്തു. അതിനു ശേഷം അവിടെയെത്തിയ ആ കരയിലെ സകല പുലയരും വരിയെടുത്ത് ഒരു പുതിയ കുടിൽ അതേ

സ്ഥാനത്ത് നിർമ്മിച്ചു. ഈ ചെറുത്ത് നില്പ് കിട്ടുണ്ണി നായർക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. ഈ സംഭവം അയാളുടെ മനസ്സിൽ തീക്കനലായി. ഒരിക്കൽ അയാൾ നടന്നുവരുമ്പോൾ പൂവനും തേവനും എതിരെവന്നു. ഹൊ... ഹൊ... എന്നു കിട്ടുണ്ണിനായർ വിളിച്ചു. ബൂവോം.... ബൂവോം... എന്നു അവർ മുറ വിളിക്കണം. പിന്നെ ഇറങ്ങി നിന്ന് വഴി ശുദ്ധമാക്കണം. അവർ വഴി മാറിക്കൊടുക്കുവാൻ തയ്യാറായില്ല. അയാൾ വീണ്ടും ശബ്ദമുണ്ടാക്കി. അവർ പ്രതികരിച്ചില്ല. തുടർന്നു നടന്നത് ഇരുവിഭാഗവും തമ്മിലുള്ള സംഘർഷമാണ്. ചെരപ്പനത്തോണിക്കും കൂട്ടർക്കും തേവന്റെയും പൂവന്റെയും മേൽ ശാരീരികാധിപത്യം നേടാൻ കഴിഞ്ഞുവെങ്കിലും ഈ പ്രതിരോധം വളരെ നിർണായകമാണ്. കാരണം ഒരു പുലയൻ ശിക്ഷിക്കപ്പെടുന്നെങ്കിൽ അത് അവന്റെ കുററം കൊണ്ടു തന്നെയാണെന്ന് ധരിച്ചിരുന്ന[16] പുലയജനത പ്രതിരോധിക്കാൻ തയ്യാറായത് സാമൂഹിക പരിണാമത്തിലെ സുപ്രധാന അനുഭവമാണ്.

അടിയാനെ ചവിട്ടിത്തേയ്ക്കുന്ന ജന്മിയുടെയും അയാളുടെ കിങ്കരന്മാരുടെയും പീഡനം സഹിക്കവയ്യാതെ പ്രതികരിക്കുന്ന കണ്ടങ്കോരൻ എന്ന പുലയനാണ് 'എണ്ട വിതിയാ'[17] എന്ന കഥയിലൂടെ വട്ടുതല പറയുന്നത്. വാസുദേവകൈമളുടെ അടിയാനാണ് കണ്ടങ്കോരൻ. തന്റെ തമ്പ്രാനുവേണ്ടി എന്തും ചെയ്യുന്ന ഉത്തമനായ അടിയാനാണ് കണ്ടങ്കോരൻ. ആ പ്രദേശത്ത് പുലയരുടെ ഇടയിൽ അവരുടെ അവകാശത്തെക്കുറിച്ച് ബോധവൽക്കരിക്കാൻ ശ്രമിച്ച പുലയനാണ് വള്ളോൻ. തങ്ങളുടെ അധീശത്വം വള്ളോൻ തകർത്തേക്കുമെന്ന പേടി കാരണം അയാളെ വകവരുത്താൻ കൈമൾ ചാക്കോച്ചനെന്ന റൗഡിയെ എർപ്പാടാക്കി. ഇതിനായി കണ്ടങ്കോരന്റെ സഹായവും അയാൾ അഭ്യർത്ഥിച്ചു. തമ്പ്രാന്റെ സേവനത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച അയാൾക്ക് തന്റെ വർഗത്തെ ഉയർത്താനായി യത്നിച്ച വള്ളോനെന്ന വ്യക്തിയെ ചതിക്കുന്നതിൽ ഒരു ശരികേടും തോന്നിയില്ല. അന്ന് വള്ളോൻ പതിവായി വരുന്ന വഴിയിൽ ചാക്കോച്ചനും കണ്ടങ്കോരനും കാത്തുനിന്നു. സമയം കഴിഞ്ഞിട്ടും വള്ളോൻ എത്താത്തതിൽ കണ്ടങ്കോരന്റെ ആത്മാർത്ഥതയിൽ ചാക്കോച്ചനു സംശയം തോന്നി. അയാൾ കണ്ടങ്കോരനെ ആക്ഷേപിക്കുകയും മർദ്ദിക്കുകയും ചെയ്തു. രണ്ടു പ്രഹരങ്ങൾ അയാൾ സഹിക്കുകയും നിരപരാധിത്വം ഉറക്കെപ്പറയുകയുംചെയ്തു. ഇതൊന്നും വകവെക്കാതെ മൂന്നാമതും പ്രഹരിക്കാനായി തുനിഞ്ഞ ചാക്കോച്ചനെ കണ്ടങ്കോരൻ കാലുവലിച്ചു താഴെയിട്ടുകയും കഠിനമായി പ്രഹരിക്കുകയും ചെയ്തു.

“കണ്ടകോരാ, കർത്താവിനെ വിചാരിച്ച് എന്നെ കൊന്നേക്കരുതേ!”

“ഇപ്പ പട്ടി!” കണ്ടകോരൻ അവന്റെ മുഖത്ത് നോക്കി ഒരാട്ടുകൊടുത്തു. തുടർന്ന രണ്ടു മൂന്ന തൊഴിയും. “നിണ്ട പണി ഏൻ തന്നെ കയ്ച്ചെക്കാടാ, കണ്ടാന്ത മോനെ! ആ കൂാത്തൻ അണ്ണേ പറഞ്ചതാ, ഈ വലിയവന്മാരീട്ട കൂടരുതെണ്ണ്. അവണ്ട വാക്ക വീതി നന്നാകാൻ നോക്കിയതിണ്ട കൂലി ഇതാണ് അല്ലെങ്കി എന്തിന പറേണ് ഇതൊക്കെ ഏണ്ട വിതിയാ” പരാക്രമത്തിനിടയ്ക്കു കണ്ടകോരൻ ജല്പിച്ചു[18]. അവസാനം വർഗസ്വഭാവം അയാൾ തിരിച്ചറിയുകയാണ്. തന്റെ വർഗത്തിനായി കഷ്ടപ്പെടുന്ന വള്ളോനെന്ന അധഃസ്ഥിതരുടെ നേതാവിനെ അയാൾ സ്മരിക്കുന്നു.

പ്രതിരോധത്തിന്റെ മറെറാരു കഥയാണ് ‘വേദനയോടെ വിഷാദത്തോടെ’.[19] കഥ തുടങ്ങുന്നത് 75 വയസ്സു കഴിഞ്ഞ കറുത്ത കുഞ്ഞിന്റെ ഓർമ്മയിൽ നിന്നാണ്. പ്രായബന്ധ രോഗങ്ങൾ കാരണം ഡോക്ടറെ കാണാൻ ചെന്നതാണ് അയാൾ. ഡോക്ടറുടെ മുറിയിൽ ഒരു സ്ത്രീയുടെ ചിത്രം തൂക്കിയിട്ടിട്ടുണ്ട്. ആ ചിത്രം അയാളിൽ പഴയ ഓർമ്മകൾ കൊണ്ടു വന്നു. അയാളുടെ ചെറുപ്പകാലത്ത് സ്ത്രീകൾ മാറുമറയ്ക്കാൻ പാടില്ലായിരുന്നു; കല്ലു മാലയണിയണം. ഈ നിയമങ്ങൾ തെററിച്ച വരെ മേലാളന്മാർ ശിക്ഷിച്ചു, മർദ്ദിച്ചു, നശിപ്പിച്ചു. അതിനെ എതിർത്തു കൊണ്ട് ഒരു നേതാവ് പ്രത്യക്ഷനായി ഗോപാലദാസ്. അയാൾ പ്രസംഗിച്ചു നടന്നു സ്ത്രീകൾ കല്ലുമാല ഊരണം, കണങ്കാൽ വരെ വസ്ത്രം ധരിക്കണം.

പഴമക്കാർ ഭയന്നു: “തമിരു തമ്പ്രാക്കള് പെണങ്ങുകേലേ?[20]”

എന്നാൽ യുവതലമുറ ആവേശം കൊണ്ടു. ഇതോടനുബന്ധിച്ച് പുലയയോഗം ചെറുകുന്നിൽ ചേർന്നു. വലിയ ജനസഞ്ചയം. സ്ത്രീകൾ കല്ലുമാല പൊട്ടിച്ചു പ്ലാററുഫോമിലിട്ടു. അവിടെ കൂമ്പാരമായി, കല്ലുമാലകൾ. റൗഡികളായ മാതുപ്പിള്ളയും കുഞ്ചുപ്പിള്ളയും വേദിയിൽ കയറി ബഹളമുണ്ടാക്കി. അത് വലിയ അടിപിടിയിൽ കലാശിച്ചു.

കല്ലുമാല സമരം ചരിത്രത്തിന്റെ ഭാഗമാണ്. ഗോപാലദാസ് എന്ന നേതാവും അവർക്കുണ്ടായിരുന്നു. എന്നാൽ ആ യോഗം സംഘർഷഭരിതമായതിനാൽ കല്ലുമാല പൊട്ടിച്ചെറിയാൻ അവർക്കു കഴിഞ്ഞിരുന്നില്ല. എന്നാൽ പ്രതിരോധത്തിന്റെ തീക്ഷ്ണമായ അഗ്നി ജ്വലിപ്പിക്കാൻ അവർക്കായി[21]. ഹിന്ദുമതത്തിലെ ജാതി പീഡനത്തെക്കുറിച്ച്

ഇ. മാധവൻ ഇപ്രകാരം എഴുതി: "ഹിന്ദുമത ജന്തുവിന്റെ വാലായി തൂങ്ങിക്കിടക്കുന്നതു കൊണ്ട്, ഈച്ചയാട്ടുന്ന അപമാനകരമായ നില ഇനിയും അധഃകൃതർ എടുക്കുമെന്നു കരുതേണ്ട[22]"

അടിയാളന്മാർ സമ്പത്തുണ്ടാക്കിയാലും ജാതിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചനമില്ല. പണം അയാളുടെ ജാതി വ്യവസ്ഥയ്ക്ക് യാതൊരു മാററവും വരുത്തുന്നില്ല. 'നിനക്കുമതി'[23] എന്ന കഥയിൽ ശങ്കരൻ എന്ന മുൻപട്ടാളക്കാരന്റെ ജീവിതം ഈ സന്ദേശമാണ് നൽകുന്നത്. പട്ടാളത്തിൽ ചേരുന്നതിനു മുമ്പ് ശങ്കരൻ നാട്ടിലെ ക്ഷുരകനായിരുന്നു. വീട്ടുകൾ തോറും കയറി അയാൾ ജോലിചെയ്തു. സമൂഹത്തിന്റെ ഒററപ്പെടുത്തലും അമ്പട്ടനെന്ന കളിയാക്കലും അയാൾക്കുമടുത്തു. തുടർന്ന് ജോലി ഉപേക്ഷിച്ച് അയാൾ പട്ടാളത്തിൽ ചേർന്നു. ശങ്കരനും കുടുംബവും ഗോവിന്ദൻനായരെന്ന ജന്മിയുടെ ആശ്രിതന്മാരായിരുന്നു. അയാളുടെ പറമ്പിൽ കുടിൽ കെട്ടിയാണ് അവർ പാർത്തിരുന്നത്. പട്ടാളജീവിതം മതിയാക്കി തിരിച്ചുവന്ന അയാൾക്ക് ഒരേയൊരു മോഹമാണ് ഉണ്ടായിരുന്നത്. സ്വന്തമായി ഒരു പിടിമണ്ണും അവിടെ ഒരു വീടും വേണം. ഒരു ദിവസം അയാൾ വിനയപുരസ്സരം ഇക്കാര്യം ഗോവിന്ദൻനായരോട് പറഞ്ഞു. ഗോവിന്ദൻനായർ അനുകൂലമായി മറുപടി നൽകി. പുത്തരിക്കണ്ടത്തിനടുത്തുള്ള പറമ്പു വിലയ്ക്ക് നൽകാമെന്ന് അയാൾ പറഞ്ഞു. തന്റെ ജീവിതാഭിലാഷം സാക്ഷാത്കരിക്കുന്നതിൽ ശങ്കരൻ ആഹ്ലാദിച്ചു. അയാൾ തന്റെ കൈവശമുള്ള പണം ജന്മിയെ ഏല്പിച്ചു. എന്നാൽ ആധാരമെഴുത്തു നടന്നില്ല. പല തവണ ഓർമ്മിപ്പിച്ചെങ്കിലും വിവിധ കാരണങ്ങൾ പറഞ്ഞ് രജിസ്ട്രേഷൻ നീട്ടിക്കൊണ്ടു പോയി. അവസാനം ഒരു ദിവസം ആധാരം തയ്യാറായതായി ജന്മി പറഞ്ഞു. അലമാരയുടെ മുകളിൽ വെച്ചിരിക്കുന്ന പൊതി അഴിച്ചു നോക്കാൻ അയാൾ പറഞ്ഞു. ആഹ്ലാദത്തോടെ പൊതി അഴിച്ചു നോക്കിയപ്പോൾ അതിൽ ആധാരമുണ്ടായിരുന്നില്ല. പകരം കത്തി, കല്ല്, ചീർപ്പ് എന്നിവ. ഗോവിന്ദൻനായർ പരിഹാസപൂർവ്വം ശങ്കരനെ നോക്കി ചിരിച്ചുട്ടഹസിച്ചു.

"കടന്നുപോടാ പുറത്ത്. നിനക്കു വേണ്ടതെന്തെന്ന് എനിക്കറിയാം. അതാണ് പൊതിയിൽ കരുതിയിട്ടുള്ളത്." ശങ്കരന് ദേഷ്യം സഹിക്കാനായില്ല. അയാൾ പൊതിയിൽ നിന്നും കത്രിക മാത്രം കയ്യിലെടുത്തു. പിന്നീട് ഗോവിന്ദൻനായരുടെ മേൽ ചാടിവീണു. ഗോവിന്ദൻനായർ വാവിട്ടു കരഞ്ഞു. മരണപരാക്രമത്തോടെ കൈകാലുകളിട്ടടിച്ചു.

അമ്പട്ടൻ ചെയ്യേണ്ടത് ക്ഷുരകവൃത്തിയാണ് അതാണ് ജാതി വ്യവസ്ഥ പറയുന്നത്[24]. ഈ ജാതിസത്യം ശങ്കരനെ ഓർമ്മിപ്പിക്കുകയാണ് ജന്മി ചെയ്യുന്നത്. എന്നാൽ വഞ്ചിക്കപ്പെട്ട കീഴാളന്റെ പ്രതിരോധം ജന്മിയെ സ്തബ്ധനാക്കി. താൻ വർഷങ്ങളോളം അധ്വാനിച്ചുണ്ടാക്കിയ സമ്പത്ത് തട്ടിയെടുത്ത ജന്മിയോട് ക്ഷമിക്കാൻ അയാൾക്കാകുമായിരുന്നില്ല. ശങ്കരനു മുമ്പിൽ പരമ്പരാഗത ജാതി യുക്തി ഇല്ലാതായി. തന്റെ സമ്പത്തും അഭിമാനവും നശിപ്പിച്ച ജന്മിക്കെതിരായ രോഷം അയാളിൽ നിറഞ്ഞു. വളരെക്കാലമായി മനസ്സിൽ അടിഞ്ഞു കൂടിയ പ്രതിഷേധാഗ്നിയാണ് ശാരീരികമായി ജന്മിയെ ആക്രമിക്കുന്നതിലേക്ക് അയാളെ എത്തിച്ചത്.

'മാറി വരുന്ന കാലം'[25] എന്ന കഥയിൽ വിദ്യാഭ്യാസം നേടിയ ഒരു അടിയാൻ ചെക്കൻ ജന്മിയുടെ അഹന്തയെ ചോദ്യം ചെയ്യുന്നത് നമുക്ക് കാണാം. കണ്ടാരി കുറുമ്പ ദമ്പതികളുടെ മകനാണ് കണ്ണപ്പൻ. അവൻ പത്താംക്ലാസ് പാസായിട്ടുണ്ട്. യജമാനന്റെ നൂറു പറ കണ്ടത്തിൽ അന്ന് ജോലിക്കായി കണ്ടാരിക്ക് ആരെയും കിട്ടിയില്ല. അതുകൊണ്ട് അയാൾ തന്റെ മകനെയും കൂട്ടി പാടത്തേക്കിറിങ്ങി. ഉച്ചയായപ്പോൾ യജമാനൻ കുടവയറുമായി പണി കാണാനെത്തി. കുറച്ചു നേരം കഴിഞ്ഞ് അയാൾ തിരിച്ചുപോയി. പണികഴിഞ്ഞ ശേഷം കൂലി വാങ്ങാനായി ചെന്ന കണ്ടാരിയെ ജന്മി കഠിനമായി അധിക്ഷേപിച്ചു. അധികം പേരെ ജോലിക്കായി ഇറക്കാത്തതിനെച്ചൊല്ലി ചീത്ത വിളിച്ചു. രോഷം പൂണ്ട അയാൾ കണ്ടാരിയെ തല്ലാനായി മുന്നോട്ടു വന്നു. ഈ സമയം കണ്ണപ്പൻ മുമ്പിൽ കയറി പറഞ്ഞു:

"കിളക്കാരെ കണ്ടുപിടിക്കുന്നതിന് അധികം കൂലിയൊന്നുമില്ല. കൂട്ടതലാളെ പണിക്കിറക്കണമെങ്കിൽ അന്വേഷിച്ചു കൊണ്ടുവന്നിറക്കണം. ഞങ്ങൾക്ക് ഇന്നു കിളച്ചതിന്റെ കൂലി കിട്ടിയാൽ മതി."

ജന്മി ആകെ തകർന്നുപോയി. അന്നുവരെ ആരും ഇത്തരമൊരു സാഹസത്തിനു മുതിർന്നിരുന്നില്ല. "എടാ പെലയാടി, നിന്നെ ഞാൻ..............."

കണ്ണപ്പന്റെ തൂമ്പാ ഉയർന്നു. അത് അയാളുടെ തലയിൽ ഏതു നിമിഷവും പതിക്കാം. ജന്മിക്ക് അപകടം ബോധ്യപ്പെട്ടു. അയാൾ പെട്ടെന്നു പിന്മാറി മാനംകാത്തു. വേലക്കൂലി വാങ്ങി പ്രമുഖന്റെ പടിക്കു പുറത്തു കടന്നപ്പോൾ കണ്ടാരിക്കു തോന്നി. താൻ ശ്വസിക്കുന്ന വായുവിന് എന്തോ ഒരു പ്രത്യേകതയുണ്ടെന്ന്[26].

അധഃസ്ഥിതന്റെ ചെറുത്തു നില്പ് എല്ലായ്പ്പോഴും ജന്മിയുടെ അടിച്ച മർത്തലിനെതിരായി മാത്രമല്ല, മററു സാമൂഹിക വിപത്തുകൾക്കെ തിരെയുമുണ്ടായിരുന്നു. 'ആൻ മകാ ചീമേനി'[27] എന്ന കഥയിൽ അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള ശക്തമായ പ്രതിരോധം നമുക്കു കാണാനാകും. കൊച്ചുകറുമ്പിയുടെ ഭർത്താവ് തേവൻ മരണപ്പെട്ടു. കുറ ച്ചുകാലം മാത്രമെ അവർ ഒന്നിച്ചു ജീവിച്ചുള്ളൂ. അവളെ പലരും മോഹിച്ച താണ്. എന്നാൽ തേവനെയാണ് അവൾ ഭർത്താവായി സ്വീകരിച്ചത്. തേവന്റെ മരണശേഷം അവളെ വിവാഹം ചെയ്യാൻ വള്ളോൻ പല തവണ സമീപിച്ചു. എന്നാൽ അവൾ ഒഴിഞ്ഞു മാറി. കറുമ്പി രാത്രിയിൽ തേവനെ പലതവണ സ്വപ്നം കണ്ടു. അയാളുടെ ആത്മാവിനു മോക്ഷം കിട്ടാത്തതുകൊണ്ടാണ് സ്വപ്നത്തിൽ തേവൻ വരുന്നതെന്ന് അവൾ ഉറപ്പിച്ചു. അതിന്റെ പൊരുളറിയാൻ മരിച്ച ആളെ വെളിച്ചത്തുകൊണ്ടു വരാൻ പററിയൊരാളെ കിട്ടുന്നതിനായി അവൾ കാരണവരായ അയ്യ പ്പൻ വാപ്പന്റെ ഉപദേശം തേടി. അയാളുടെ നിർദ്ദേശപ്രകാരം അവൾ പൂതങ്കേരി ചരതൻ മന്ത്രവാദിയെ സമീപിച്ചു.

ഇതറിഞ്ഞ വള്ളോൻ പറഞ്ഞു: "മന്ത്രവാദം കൊണ്ട് മരിച്ചവൻ ജീവിച്ചതായി ഇന്നു വരെ കേട്ടിട്ടില്ല[28]." അതു തന്റെ വിശ്വാസമാ ണെന്നും തെററിയാൽ അവരുടെ കൂടെ കൂടാം എന്നും കറുമ്പി മറുപടി നൽകി.

ചരതൻ മന്ത്രവാദി പാട്ടുപാടാൻ തുടങ്ങി. അതിന്റെ അവസാനം ചൂരൽവടി എടുത്ത് കറുമ്പിയെ സമീപിച്ചു. അവളുടെ മുടികൂട്ടിപ്പിടി ച്ച ശേഷം തീകൊണ്ട് അയാൾ നെററി മുതൽ പൊക്കിൾ വരെ തലോടാൻ തുടങ്ങി. ആ സമയം അവിടെയെത്തിയ വള്ളോൻ മന്ത്ര വാദിയെ ആഞ്ഞടിച്ചു. അബോധാവസ്ഥയിൽ വേച്ചുവീഴുന്ന കറുമ്പിയെ അയാൾ താങ്ങി. അയാൾ മന്ത്രവാദിയുടെ മുടിപിടിച്ചു വലിച്ചു. അതു പറിഞ്ഞു പോന്നു. മന്ത്രവാദിയുടെ സ്ഥാനത്ത് വസൂരി പിടിച്ചു ചത്തു പോയെന്ന് ഏവരും ധരിച്ചിരുന്ന കണ്ടങ്കോരൻ.

ഒരു മന്ത്രവാദിയെ ചോദ്യംചെയ്യുന്നത് അക്കാലത്ത് അചിന്ത്യമാ യിരുന്നു. അധഃസ്ഥിതരുടെ അന്ധവിശ്വാസത്തെ ചോദ്യംചെയ്യുന്ന വ്യത്യസ്തമായ കഥയാണ് 'ആൻ മകാ ചീ മേനി' കീഴടങ്ങാൻ മാത്രമ ല്ല, വിശ്വാസത്തെപ്പോലും ചോദ്യം ചെയ്യാൻ അധഃസ്ഥിതനാകുമെന്ന് ഈ കഥയിലൂടെ വടുതല കാണിച്ചു തരുന്നു.

അധഃസ്ഥിതൻ ഏതു സ്ഥാനത്തെത്തിയാലും അത് ഒരിക്കലും അംഗീകരിച്ചു കൊടുക്കുന്നതിന് ഉപരിജാതിക്കാർ തയ്യാറല്ലായിരുന്നു.

പിന്നാക്ക ജാതിക്കാരനായ ഡോ. പല്പുവിന്റെ അനുഭവം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിനു തിരുവിതാംകൂറിലും കൊച്ചിയിലും ഗവ.ജോലി നൽകാൻ തയ്യാറാകാത്തതിനാൽ കേരളംതന്നെ വിട്ടു പോകേണ്ടി വന്നു. ഇനി ജോലി നൽകിയാൽ തന്നെ എങ്ങനെയായിരിക്കും അവരെപ്പോലുള്ളവരോടുള്ള പെരുമാററം എന്ന് 'പ്രസിഡണ്ടിന്റെ സന്ദർശനം'[29] എന്ന കഥ വ്യക്തമാക്കുന്നു. പ്രസിഡണ്ട് ഒരു ദിവസം ഡിസ്പെൻസറി സന്ദർശിച്ചു. പുലയനായ ഡോക്ടർ രാജനാണ് അവിടെ ചികിത്സ നടത്തുന്നത്. പ്രസിഡണ്ടും കൂട്ടാളികളും അവിടെ ചെന്നപ്പോൾ ചായകൊണ്ടുവരാൻ ഡോക്ടർ പറഞ്ഞു. ചായ വേണ്ടെന്നു പറഞ്ഞ അവർ മദ്യം കഴിക്കുവാൻ തുടങ്ങി. ഡോക്ടർ അതിനെ എതിർത്തു.

"എടാ നീയൊന്നും അത്ര വലുതാകണ്ട".

ഇരിപ്പിടത്തിൽ നിന്നും എഴുന്നേററു കൊണ്ടു പ്രസിഡണ്ട് ആക്രോശിച്ചു. ഡോക്ടർ തല കുനിച്ചില്ല. സീററിൽ നിന്നും എഴുന്നേററുകൊണ്ട് കുലുക്കമില്ലാതെ പറഞ്ഞു:

"എടാ വാടാ എന്നു വിളിക്കാൻ കൊതിയുണ്ടെങ്കിൽ വീട്ടിൽച്ചെന്നു വേലക്കാരെ വിളിച്ചാൽ മതി."

"എത്രയായാലും നീയൊരു പുലയനല്ലേ?"

"ഒരു സംശയവും വേണ്ട. എന്റെ പൂർവ്വികർ മാർഗം കൂടാതിരുന്നത് എന്റെ കുററമല്ല." ഈ മറുപടി പ്രഥമന് ശിരസിൽ കിട്ടിയ അടിയായി മാറി. അടിയേററ സർപ്പത്തെപ്പോലെ അയാൾ പുളഞ്ഞു. ഡോക്ടറെങ്കിലെന്ത്? ജാതിയിൽ പുലയനല്ലെ? പ്രഥമനോട് അങ്ങനെയൊക്കെ പെരുമാറാമോ എന്നായിരുന്നു അവരുടെ നിലപാട്[30]. ഇത്തരമൊരു പ്രതികരണം ഒരിക്കലും അവർ പ്രതീക്ഷിച്ചിരുന്നില്ല. അധഃസ്ഥിതന്റെ പ്രതിഷേധത്തിന്റെ ശക്തി ജാതിമേലാളന്മാർ അറിഞ്ഞു തുടങ്ങി.

അടിയാളന്മാരുടെ മേലുള്ള പൂർണ്ണാവകാശം സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങളായും മാറിയിട്ടുണ്ടെന്നത് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. ഈ അനുഭവങ്ങൾ കഥാരൂപത്തിൽ വട്ടുതല അവതരിപ്പിക്കുന്നുണ്ട്. കടന്നുകയററങ്ങൾക്കെതിരെയുള്ള പ്രതിരോധമായാണ് ഈ കഥകളെ വായനക്കാർക്ക് കാണാൻ കഴിയുന്നത്.

'രണ്ടുതലമുറ'[31] എന്ന കഥ അനീതിക്കെതിരായുള്ള സ്ത്രീയുടെ പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും ചിത്രമാണ് വായനക്കാർക്ക്

നൽകുന്നത്. മാത്തു തമ്പ്രാന്റെ പ്രധാന പണിക്കാരനായിരുന്നു ചാത്തൻ. അയാൾ കാളി എന്ന പെണ്ണിനെ വേട്ടു. മാത്തു തമ്പ്രാന്റെ മരണശേഷം അടിയാന്മാരുടെ പല ആനുകൂല്യങ്ങളും മകൻ വർക്കി കവർന്നെടുത്തു. ആയിടയ്ക്കാണ് ചാത്തൻ പനിപിടിച്ച് മരിക്കുന്നത്. ചാത്തന്റെ മരണശേഷം ഭാര്യ കാളിയും മകൾ നീലിയും മാത്രമായി കുടിലിൽ. വർക്കിയെന്ന ജന്മി നീലിയെ തുടർച്ചയായി ശല്യംചെയ്തു തുടങ്ങി. നീലി അതിനെ ശക്തിയായി പ്രതിരോധിച്ചു. അവൾ ഒരു തരത്തിലും വഴങ്ങാൻ തയ്യാറല്ലായിരുന്നു. ഒരു ദിവസം വർക്കിയുടെ കാര്യസ്ഥൻ അവരുടെ കുടിലിൽ ചെന്നു. അതു പൊളിച്ചുകളഞ്ഞ് പുതിയ കെട്ടിടം പണിയാൻ വർക്കി തീരുമാനിച്ച വിവരം അറിയിച്ചു. അതിനു നീലിയുടെ മറുപടി ഇങ്ങനെയായിരുന്നു:

"ആരാണിപ്പ കുടിയിറക്കാൻ വന്തേക്കണത്? എങ്ങ ഇന്നാ ഇന്നലോ ഇങ്ങോട്ട് ഓടി വന്നതും മെച്ചേല്ല. എങ്ങട കാർന്നോരു കാലം തൊട്ടേ ഈ കുടി ഇവിടെ ഇരിക്കണതാണ്. എങ്ങടെ കാർന്നോര് മല വെട്ടി നെലമാക്കിത്തീർന്നപ്പം അതിന് ഓത്തൊരൊണ്ടായി. നിങ്ങ ചെന്ന് ആ തമ്പ്രാനിട്ടപ്പറഞ്ഞോര് ഇപ്പ എറങ്ങിത്തരാൻ മനത്തില്ലെന്ന്...."

അന്നു വൈകുന്നേരം വർക്കി തന്നെ നേരിട്ട് കുടിലിന്റെ മുററത്തെത്തി അവരെ അധിക്ഷേപിച്ചു. അയാൾ ചാക്കോച്ചേട്ടനോട് കുടിലു പൊളിക്കാൻ ആജ്ഞാപിച്ചു.

"സൂക്ഷിച്ചു വേണേ....... " നീലി മുന്നറിയിപ്പു നൽകി. ചാക്കോച്ചേട്ടൻ ഭീതിയും വ്യസനവും നിമിത്തം മുന്നോട്ടുവെച്ച കാൽ പുറകോട്ടു വലിച്ചു. വർക്കി അയാളെ മാററി സ്വയം മുമ്പോട്ടു കയറി. "നിങ്ങ കാലന ഏനിപ്പക്കാണിച്ചു തന്നേക്കാടാ."

കയ്യിൽക്കിട്ടിയ ഒരരിവാളുമായി നീലി വർക്കിയുടെ മുമ്പിൽ ചാടി വീണു." "... ... അയ്യാണ്ട മോളേ ചതിച്ചല്ലാടി..."[32] കാളി വാവിട്ടു നിലവിളിച്ചു.

സ്വന്തം മാനത്തിനു വിലപറഞ്ഞ ജന്മിയുടെ മുമ്പിൽ കീഴടങ്ങാത്ത സ്ത്രീത്വത്തിന്റെ പ്രതിരോധം നമുക്ക് ഈ കഥയിൽ കാണാൻ കഴിയുന്നു. വർഗപ്രത്യയശാസ്ത്രം സ്വാനുഭാവത്തിൽ നിന്നും കാര്യസ്ഥന്റെ മുഖത്തു നോക്കിപ്പറയാൻ പ്രാപ്തയായ ഒരു അധഃസ്ഥിത സ്ത്രീയെയാണ് നീലിയെന്ന കഥാപാത്രത്തിലൂടെ വട്ടുതല നമുക്കു കാണിച്ചു തരുന്നത്. എത്രയെത്ര സ്ത്രീകൾ ഭീഷണികൾക്കു മുമ്പിൽ കീഴടങ്ങിയിട്ടുണ്ടാകണം! എന്നാൽ സ്ത്രീയുടെ മുഴുവൻ കരുത്തും ആവാഹിച്ചിരിക്കുന്ന

ഈ കഥ അധഃസ്ഥിതന്റെ പ്രതിരോധത്തിന്റെ പുതിയ പോർമുഖം തുറക്കുന്നത് നമുക്ക കാണാനാകും. സ്ത്രീയുടെ മാനത്തിനു വിലപറയുന്ന സവർണ്ണ തോന്നിവാസങ്ങൾക്ക് ശക്തമായ മറുപടി നൽകുന്ന മറ്റൊരു കഥയാണ് 'റിഹേഴ്സൽ'[33].

തുടുത്ത മുഖവും തുടിക്കുന്ന മാറിടവുമായി വടക്കുനിന്നും നടന്നു വരുന്ന കൊച്ചു പെണ്ണിനെ കണ്ട കുട്ടപ്പന്റെ ശരീരത്തിനു തീപ്പിടിച്ചു.

എന്തൊരഴക്! എന്തൊരു വികാരോത്തേജകത്വം! അയാൾ തന്നെത്തന്നെ മറന്നു. സമയം നട്ടുച്ചയാണ്. അവിടെങ്ങും ആരുമില്ല. അവളോട് ഒന്നു സംസാരിക്കണമെന്നേ അയാൾക്കുണ്ടായിരുന്നുള്ളൂ. എന്നാൽ അവൾ അടുത്തു വന്നപ്പോൾ ഒന്നും ചോദിക്കാൻ തോന്നിയില്ല. സ്വയം മറന്നതുപോലെ അയാളൊരു ലഹരിയിലായി. എന്താണു ചെയ്തതെന്നു ഓർമ്മിച്ചില്ല. അവളുടെ കൈ കരണത്തു പതിച്ചപ്പോൾ മാത്രമാണ് ബോധം നേരെവീണത്. മുഴുവൻ കരുത്തും ആവാഹിച്ച് അയാളുടെ കരണത്ത് ആഞ്ഞടിക്കുക മാത്രമല്ല അവൾ ചെയ്തത്, തൊള്ള തുറന്ന് ഉറക്കെ നിലവിളിക്കുകയും ചെയ്തു. അവളുടെ ജംബറിന്റെ മുൻഭാഗം കീറിയിരുന്നു. കൈത്തണ്ടയിൽ നിന്നും ചോര പൊടിയുന്നുണ്ടായിരുന്നു. എന്നിട്ടും അവർ ഈററപ്പുലിയെപ്പോലെ ചെറുത്തു നിൽക്കുകയായിരുന്നു. പരസ്യമായി തന്നെ അപമാനിച്ച ഒരാളെ കീഴാളസ്ത്രീ എങ്ങനെയാണ് പ്രതിരോധിച്ചതെന്ന് ഈ കഥയിൽനിന്നും വ്യക്തമാണ്. പരമ്പരാഗതമായി അധമബോധത്തിൽ ആഴ്ന്ന് വിധിയെപ്പഴിച്ച് കഴിയാതെ പ്രതിഷേധത്തിന്റെ തീജ്വാലകൾ സൃഷ്ടിക്കുന്ന കഥാപാത്രത്തെയാണ് വട്ടുതല 'റിഹേഴ്സൽ' എന്ന കഥയിലൂടെ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

മനയ്ക്കലെ കാര്യസ്ഥന് അടിയാത്തിയായ തളരിയെ കണ്ടപ്പോൾ അഭിനിവേശം അടക്കാനായില്ല. അവൾ തമ്പുരാന്റെ സ്വത്താണ്; അതുകൊണ്ടു തന്നെ അവൾ കാര്യസ്ഥനും അവകാശപ്പെട്ടതാണ്. എന്നാൽ അവൾ വഴങ്ങാൻ തയ്യാറായില്ല. പ്രകോപിതനായ അയാൾ അവളുടെ കയ്യിൽ കയറിപ്പിടിച്ചു. സർശക്തിയുമെടുത്ത് അവൾ കുതറി മാറാൻ ശ്രമിച്ചു. ഈ സമയത്താണ് അവളുടെ ഭർത്താവ് തിരുമങ്ങാടൻ അവിടെ എത്തിച്ചേർന്നത്. അയാൾ വേല കഴിഞ്ഞു വരികയാണ്. ഈ അതിക്രമം കണ്ട് അയാളുടെ ചോരതിളച്ചു. താൻ അടിയാനാണെന്നും അക്രമി തന്റെ കാര്യസ്ഥനാണെന്നുമുള്ള കാര്യം അയാൾ മറന്നുപോയി. ഈ പ്രതിരോധത്തിന്റെ കഥ പറയുന്നത്

'പുറത്തറിയിക്കാനാവാത്ത ദുഃഖം'[34] ആണ്. എന്നാൽ ഇവിടം കൊണ്ടു കഥ അവസാനിക്കുന്നില്ല. അടികൊണ്ട് പ്രാണനും കൊണ്ടോടിയ കാര്യസ്ഥൻ പകരം വീട്ടാൻ കാത്തിരുന്നു.

വൈകുന്നേരം കാര്യസ്ഥൻ എല്ലാം മറന്നതുപോലെ പെരുമാറി. രാത്രിയിൽ ലുമ്പിക്കൽ ചെന്ന് പലകയെടുത്തു തിരിച്ചു പോരണമെന്ന് തിരുമങ്ങാടനോട് അയാൾ ആവശ്യപ്പെട്ടു. രാവിലെ പോരെ എന്നു ചോദിച്ചതിന് രാത്രി തന്നെ ചെയ്യണമെന്നാണ് നിർദ്ദേശിച്ചത്. കാര്യസ്ഥൻ പകപോക്കുമെന്ന് തിരുമങ്ങാടന് ഉള്ളിൽ തോന്നിയിരുന്നു. അതുകൊണ്ടു തന്നെ അയാൾ ശ്രദ്ധാലുവായിരുന്നു. ലുമ്പിന്റെ പലക ഉയർത്തുന്ന സമയത്ത് കാര്യസ്ഥൻ ഒരു കത്തിയെടുത്ത് തിരുമങ്ങാടനെ കുത്തി. ഈ സമയത്ത് അയാൾക്ക് പ്രതിരോധിക്കാനാവില്ലെന്ന് കാര്യസ്ഥന് അറിയാമായിരുന്നു. കരുതിയിരുന്ന തിരുമങ്ങാടൻ അയാളുടെ കൈക്കു കടന്നുപിടിക്കുകയും ആഞ്ഞു വലിക്കുകയും ചെയ്തു. വെള്ളത്തിന്റെ കുത്തൊഴുക്കിലേക്ക് തല കുത്തി വീണ അയാൾ മുങ്ങി മരിച്ചു.

വട്ടുതലയുടെ കഥകളിലെല്ലാം കാണുന്നത്, സർവ്വമേഖലകളിൽ നിന്നും ബഹിഷ്കൃതരായ അധഃസ്ഥിതരുടെ ജീവിതമാണ്. അധികാരവും സമ്പത്തും കയ്യാളിയിരുന്ന ഉപരിവർഗത്തിന്റെ അടിച്ചമർത്തലുകൾ നൂററാണ്ടുകളായി അനുഭവിച്ചു വന്നവരായിരുന്നു അടിമകളെന്ന പൊതുനാമത്തിൽ അറിയപ്പെട്ടിരുന്ന അടിയാളജാതിക്കാർ. ജന്മി-നാട്ടുവാഴി കൂട്ടുകെട്ട് ഇവരുടെ ജീവിതം ദുസ്സഹമാക്കി. ഭൂമിയോടൊപ്പം വാങ്ങാനും വിൽക്കാനും കഴിയുന്ന വെറും ഉപകരണങ്ങളായി മാത്രം അവർ ഇവിടെ ജീവിച്ചു. ഇത് മധ്യകാലഘട്ടത്തിലെ മാത്രം കാര്യമല്ല, ആധുനികകാലത്തും കേരളത്തിൽ കീഴാളർ ഇതേ ജീവിതം നയിച്ചവരായിരുന്നു. സമ്പത്ത്, വിദ്യാഭ്യാസം, കുലത്തൊഴിലിനുമപ്പുറത്ത് പുതിയ തൊഴിലിൽ ഏർപ്പെടൽ എന്നിവയെല്ലാം അധഃസ്ഥിതനു നിഷിദ്ധമായിരുന്നു. അസുഖം വന്നാൽ പോലും അവർക്ക് ജോലിയിൽ നിന്നും വിട്ടു നിൽക്കാൻ കഴിയുമായിരുന്നില്ല. സ്ത്രീകളുടെ കാര്യം ഇതിലും ദുരിതപൂർണ്ണമായിരുന്നു. കഠിനാധ്വാനത്തിനു പുറമെ തങ്ങളുടെ അഭിമാനവും ജന്മിക്കു മുമ്പിൽ സമർപ്പിക്കേണ്ട ഗതികേടിലായിരുന്നു സ്ത്രീകൾ. ഇവയെല്ലാം കേരളത്തിലെ ചരിത്രരേഖകളിൽ അടയാളപ്പെടുത്തപ്പെട്ടവയാണ്. ചരിത്രവസ്തുതകളെ കഥാരൂപത്തിൽ അനുഭവതീവ്രതയോടെ അവതരിപ്പിക്കുമ്പോൾ അവയ്ക്ക് തീക്ഷ്ണത കൂടുന്നു. ഇത്തരത്തിലുള്ള കഥകളാണ് ടി.കെ.സി വട്ടുതലയെ മറ്റു കഥാകാരന്മാരിൽനിന്നും വ്യത്യസ്തനാക്കുന്നത്.

സ്വന്തം അനുഭവങ്ങളിൽ നിന്നുകൊണ്ട് രചിക്കപ്പെട്ടുമ്പോൾ അവയുടെ തീവ്രത പിന്നെയും വർധമാനമാകുന്നു. അതുകൊണ്ടുതന്നെ ഏതൊരു ചരിത്രവിദ്യാർത്ഥിയ്ക്കും ജാതിബന്ധങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് അനുയോജ്യമായ പാഠങ്ങളാണ് വട്ടുതലയുടെ മിക്കകഥകളും. കാരണം അവയ്ക്ക് ചരിത്രത്തിന്റെ പശ്ചാത്തലമുണ്ട്.

## Notes and references


1 Romila Thapar, Cultural Pasts, Oxford,2011, p.124

2 പ്രദീപൻ പാമ്പിരിക്കുന്ന്, സുകുമാരി, ചിന്ത, 2015,

3 A. L. Basham, The wonder that was India, Picador, 2004, p.150.

4 ഇ.എം.എസ്, കേരളചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ,ചിന്ത, 1997, p.40.

5 P. K.V. Kaimal, Revolt of the Oppressed,pp.9-10.

6 എ.കെ. ഗോപാലൻ, എന്റെ ജീവിതകഥ, ചിന്ത, 1987,p.35.

7 T. H. P. ചെന്താരശ്ശേരി, അയ്യങ്കാളി, പ്രഭാത് ബുക്സ്, 1979,p.14.

8 K. K. Kusuman, Slavery in Travancore, Kerala Historical Society, Thiruvananthapuram,p.20.

9 കരിവേലി ബാബുക്കുട്ടൻ, പുലയർ : ചരിത്രവും വർത്തമാനവും, പൂർണ പബ്ലിഷേഴ്സ്, 2011, p.54.

10 തെക്കുംഭാഗം മോഹൻ, അടിമഗർജ്ജനങ്ങൾ, എൻ.ബി.എസ്, 2010, p.29.

11 ഡോ. ഇ.ജെ. തോമസ്, കേരളത്തിന്റെ സാമൂഹികഘടനയും രൂപാന്തരവും, ഡി.സി. ബുക്സ്, 1997, p.21.

12 ടി.കെ.അനിൽകുമാർ, മലയാളത്തിലെ കീഴാളപരിപ്രേക്ഷ്യം, സാഹിത്യ അക്കാദമി, 2004, p.90.

13 *Ibid*d., p.82.

14 പോത്തേരി കുഞ്ഞമ്പു, സരസ്വതീ വിജയം, ചിന്ത, 2013.

15 ടി.കെ.സി.വട്ടുതല, തെരഞ്ഞെടുത്ത കഥകൾ,നാഷണൽ ബുക്സ് കോട്ടയം, 1981, pp.138-145.

16 *Ibid.*, p.142.

17 ടി.കെ.സി.വട്ടുതല, *op.cit.*

18 Ibid., p.87.

19 19. ടി.കെ.സി.വട്ടുതല, *op.cit.*, pp.319-323.

20 *Ibid.*, p.320.

21 തെക്കുംഭാഗം മോഹൻ, *op.cit.*

22 ഇ. മാധവൻ, സ്വതന്ത്രസമുദായം, സാഹിത്യഅക്കാദമി, തൃശ്ശൂർ, 2011, p.90.

23 ടി.കെ.സി വടുതല, *op.cit.*, pp.190-195.

24 ഡോ.കെ.സുഗതൻ, ബുദ്ധമതവും ജാതി വ്യവസ്ഥയും, പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്, 2011, p.177.

25 ടി.കെ.സി.വടുതല, *op.cit.,* p324-328.

26 *Ibid.*, p.328.

27 ടി.കെ.സി.വടുതല, *op.cit.*, pp. 119-130.

28 *Ibid.*, p.125.

29 ടി.കെ.സി വടുതല, *op.cit.*, pp.285-288.

30 *Ibid.*, p.287.

31 ടി.കെ.സി.വടുതല, *op.cit.*, pp.47-56.

32 *Ibid.*, pp.5456.

33 ടി.കെ.സി വടുതല, *op.cit.*, pp.289291.

34 *Ibid.*, pp. 306-310.

ഡോ.സുധീർകുമാർ. പി
അസി.പ്രൊഫസർ
കെ.കെ.ടി.എം. ഗവ.കോളേജ്,
പുല്ലൂറ്റ്

# സ്ത്രൈണസത്തയുടെ ചോദന

അധികാരത്തിനെതിരെ സ്ത്രീ ഉയർത്തുന്ന പ്രതിരോധമാണ് 'ആരാച്ചാർ' എന്ന നോവൽ. മാധ്യമ പ്രവർത്തനത്തെ—ദൃശ്യമാധ്യമത്തെ തുറന്നു കാട്ടുന്ന ഒരു നോവൽ കൂടിയാണ് ഇത്. കോളനിവത്കൃത ഇന്ത്യയുടെ സിരാകേന്ദ്രമായിരുന്ന കൊൽക്കത്തയെ പശ്ചാത്തലമായി സ്വീകരിച്ചുകൊണ്ട് ബംഗാളി ജീവിതത്തെയും സംസ്കാരത്തെയും അടിസ്ഥാനമാക്കി പുരുഷകേന്ദ്രീകൃതമായ അധികാരഘടനയെ തച്ചുടയ്ക്കുന്ന ഊർജ്ജപ്രവാഹമായി ഈ നോവൽ മാറുന്നു.

അധികാരവ്യവസ്ഥ എക്കാലവും പുരുഷനൊപ്പം നിലനിന്നുകൊണ്ട് സമൂഹത്തിൽ ശക്തമായ വിവേചനം സൃഷ്ടിച്ചിരുന്നു. ഇതിനെ കശക്കിയെറിഞ്ഞെങ്കിൽ മാത്രമേ സമത്വത്തെ സമൂഹത്തിൽ പ്രതിഷ്ഠിക്കാനാവുകയുള്ളൂ എന്നും ഈ നോവൽ സാക്ഷ്യപ്പെടുത്തുന്നു.

എക്കാലവും വീടിന്റെ അകത്തളങ്ങളിൽ വ്യാപരിക്കുന്ന സ്ത്രീയ്ക്ക് ചരിത്രത്തിന്റെ, സംസ്കാരത്തിന്റെ പുറംതിണ്ണകളിലാണ് സ്ഥാനം നൽകിയിരിക്കുന്നത്. തന്റെ സുഖലോലുപതയ്ക്കുള്ള ഉപാധിയായോ ഉപകരണമായോ മാത്രമാണ് പുരുഷൻ എക്കാലവും അവളെ കണ്ടിരുന്നത്. പുരുഷകേന്ദ്രീകൃതമായ ഒരു ലോകത്ത് അവളുടെ മേധയ്ക്കോ, മനസ്സിനോ, വ്യക്തിത്വത്തിനോ, ശരീരത്തിനോ പ്രസക്തിയേയില്ലെന്ന്, അവൾ അധികാരത്തിന് കീഴ്പ്പെട്ട് ഇരിക്കേണ്ടവളാണെന്ന് സമൂഹം കരുതുന്നു.

അധികാരം എന്നും പുരുഷനിൽ കേന്ദ്രീകരിക്കേണ്ട ഒന്നാണെന്നും സ്ത്രീയ്ക്ക് അതിന്റെ പിന്നാമ്പുറങ്ങളിൽ മാത്രമാണ് സ്ഥാനമെന്നും പുരുഷകേന്ദ്രിത സമൂഹം കരുതുന്നു.

ഏതു കാലഘട്ടത്തിലും കുടുംബത്തിലും സമൂഹത്തിലും തൊഴിൽ മേഖലയിലും പുരുഷന്റെ അധികാര പ്രമത്തതയ്ക്കു കീഴിൽ സ്ത്രീകൾ ഞെരിഞ്ഞമരുകയാണ് ചെയ്യുന്നത്. ഇതിനെ വെല്ലുവിളിക്കുകയാണ് 'ആരാച്ചാരി'ലെ നായികയായ ചേതനാഗൃദ്ധാമല്ലിക്. സമത്വത്തിനും നീതിക്കും വേണ്ടിയുള്ള നിരന്തരമായ പോരാട്ടമാണ് ചേതന നടത്തുന്നത്. സ്ത്രീയായിപ്പോയതിന്റെ പേരിൽ അടിച്ചമർത്തപ്പെടുകയും പാർശ്വവത്കരിക്കുകയും ചെയ്യുന്നതിന് എതിരെയുള്ള പ്രതിഷേധം കൂടിയാണ് ചേതനയിലൂടെ ബഹിർഗമിക്കുന്നത്. ഭരണഘടന സത്രീക്കും പുരുഷനും തുല്യാവകാശം വിഭാവന ചെയ്യുമ്പോൾ പോലും പലപ്പോഴും സ്ത്രീ നേരിടേണ്ടിവരുന്നത് അസമത്വങ്ങളും വിവേചനങ്ങളും മാത്രമാണ് സ്ത്രീക്ക് സ്വതന്ത്രമായ അസ്തിത്വത്തിനോ അന്തസ്സിനോ അവകാശമില്ല എന്ന സാമൂഹ്യവ്യവസ്ഥയുടെ അലിഖിതമായ നിയമങ്ങളെ തച്ചുടയ്ക്കാൻ ചേതനക്കു സാധിക്കുന്നു. സ്ത്രീയുടെ ഉൾക്കരുത്ത്, അത് അവൾക്ക് ജനിതകമായി ലഭിക്കുന്നതാണെങ്കിൽപോലും, നിശിതവും തീക്ഷ്ണവുമായ ജീവിതസന്ദർഭങ്ങൾ അനുഭവവേദ്യമാകുമ്പോഴാണ് പ്രകടമാകുന്നത്.

വർത്തമാനത്തിൽ നിന്ന് ചരിത്രത്തിലേയ്ക്കും സ്മൃതിയിലേക്കും സംസ്കാരത്തിന്റെ ഏടുകളിലേക്കും കണ്ണോടിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന ആഖ്യാനതന്ത്രമാണ് ഇതിൽ കെ.ആർ. മീര കൈക്കൊള്ളുന്നത്.

ഫോർത്ത് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മാധ്യമങ്ങൾ സാധാരണക്കാരും നിരാലംബരുമായ മനുഷ്യരുടെ ജീവിതത്തിൽ അടിച്ചേല്പിക്കുന്ന സംസ്കാരം ഇരട്ടമുഖങ്ങളുടേതാണ്. സമൂഹത്തോടോ, നിസ്സഹായരും പതിതരുമായ സാധാരണ മനുഷ്യരോടോ യാതൊരു പ്രതിബദ്ധതയും കാണിക്കാത്ത മാധ്യമങ്ങളുടെ കടന്നുകയറ്റത്തെ ശക്തമായി പ്രതിരോധിക്കുന്നു 'ആരാച്ചാർ' എന്ന നോവൽ. ചേതന എന്ന കഥാപാത്രം പുതിയ കാലഘട്ടത്തിലെ മാധ്യമ സംസ്കാരത്തിന്റെ പൊള്ളത്തരങ്ങളെ വാർത്താമൂല്യത്തിനുവേണ്ടി ഏതറ്റംവരെയും പോകാനുള്ള നവദൃശ്യമാധ്യമങ്ങളുടെ മാനസികാവസ്ഥയെയും 'ആരാച്ചാർ' ആവിഷ്കരിക്കുന്നു.

സമത്വത്തെക്കുറിച്ച് ആവേശം കൊള്ളുമ്പോഴും തൊഴിലിടങ്ങളിലും, കുടുംബങ്ങളിലും സമൂഹത്തിലും അദൃശ്യമായ വിലക്കുകൾ കൊണ്ട് പുരുഷന്റെ അധികാരപ്രമത്തത സ്ത്രീയ്ക്കു മുകളിൽ ആധിപത്യമുറപ്പിക്കുന്നു. മനുഷ്യബന്ധങ്ങളിലെ സങ്കീർണ്ണതകളും അതു സൃഷ്ടിക്കുന്ന മാനസിക വ്യാപാരങ്ങളും ആരാച്ചാരിൽ പ്രകടമാണ്. ചൂഷകനുമാത്രമല്ല ചൂഷിതയ്ക്കും സാമൂഹികവ്യവസ്ഥയ്ക്കുമേൽ ആധിപത്യമുറപ്പിക്കാനാവുമെന്ന് ചേതന കാട്ടിത്തരുന്നു.

ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് എന്ന തന്റെ പിതാവിന് ആരാച്ചാരുടെ ജോലി ഏറ്റെടുക്കാൻ പ്രായം ഒരു തടസ്സമായപ്പോൾ വിധി, താല്പര്യമില്ലെങ്കിൽ പോലും ഇഷ്ടദാനമായി, ചേതനയ്ക്കു നല്കുകയായിരുന്നു ആരാച്ചാരുടെ ജോലി. നന്ദരാജാക്കന്മാരുടെ കാലംമുതൽ ക്രിസ്തുവിനും 420 കൊല്ലം പുറകിലേക്ക് വേരുകളുള്ള ചാതുർവർണ്ണ്യ വ്യവസ്ഥയെക്കാൾ പഴക്കമുള്ള കുടുംബപാരമ്പര്യമാണ് തങ്ങൾക്കുള്ളത് എന്നതിൽ അഭിമാനം കൊള്ളുന്നു ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്.

അമ്മയുടെ ഗർഭപാത്രത്തിൽ തന്നെ ഞരമ്പുകളാൽ കുട്ടിക്കെട്ടികിടക്കുകയായിരുന്ന ചേതന ഭ്രൂണാവസ്ഥയിൽ പോലും ഉണ്ടാക്കിയത് ലക്ഷണമൊത്ത കുടുക്കായിരുന്നുവെന്ന് 'ഥാക്കുമാ' ഊറ്റം കൊള്ളുമ്പോൾ, പാരമ്പര്യവും ആരാച്ചാരുടെ ജോലിയിൽ നിർണ്ണായകമായ ഒരു ഘടകമാണ് എന്ന് നോവലിസ്റ്റ് ചൂണ്ടിക്കാണിക്കുന്നു. 451 പേരെ തൂക്കിലേറ്റിയ ആരാച്ചാരാണ് താനെന്ന് ഫണിഭൂഷൻ ഗൃദ്ധാ മല്ലിക് കൂടെക്കൂടെ കേൾവിക്കാരെ ഓർമ്മിപ്പിക്കുകയും തന്റെ പൂർവ്വപിതാക്കന്മാരുടെ ചരിത്രം തന്മയത്വത്തോടെ ആവിഷ്കരിക്കുകയും ചെയ്യുന്നതിലൂടെ ഏതു കൊടുങ്കാറ്റിലും ഉലയാത്ത, ഏതു പ്രതിസന്ധികളെയും അതിജീവിക്കാനാവുന്ന മഹാമേരുവാണ് താനെന്നും തന്റെ വേരുകൾ മണ്ണിലാഴ്ന്നു നില്ക്കുന്നവയാണെന്നും അയാൾ ഉറച്ചു വിശ്വസിക്കുന്നു.

ഗൃദ്ധാ മല്ലിക്കിന്റെ മകളായ ചേതനയ്ക്കാകട്ടെ അഞ്ചുവയസ്സു മുതൽ കുടുക്ക് ഒരു പ്രലോഭനവും പലപ്പോഴും പ്രതിരോധവുമായി മാറുന്നതും നോവൽ കാണിച്ചു തരുന്നു. തന്റെ മാനത്തിന് വില പറയാൻ തുനിയുന്ന മാരുതിപ്രസാദ് യാദവിനുമേൽ കണ്ണിമവെട്ടുന്നതിനു മുമ്പേ കുടുക്കുണ്ടാക്കി വരണമാല്യം പോലെ അണിയിക്കുന്ന ചേതനയുടെ പ്രവൃത്തി ആരാച്ചാരുടെ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ പുരുഷനു മാത്രമല്ല സ്ത്രീക്കും സാധിക്കുമെന്നും പുരുഷനു കണ്ടെടുക്കാവുന്ന ലോകത്തിനപ്പുറത്തേക്ക് നിരാലംബയും നിസ്സഹായയും എന്ന മുദ്ര കുത്തപ്പെട്ട സ്ത്രീയ്ക്കു പോകാനാവുമെന്നും തെളിയിക്കുന്നു.

ആരാച്ചാരുടെ പ്രവൃത്തിയിലേക്ക് പ്രവേശിക്കുന്നതിനു മുൻപു തന്നെ 727 തരത്തിൽ ഒരു മനുഷ്യനെ തൂക്കിലേറ്റാമെന്ന് ചേതന മനസ്സിലാക്കിയിരുന്നു. പുരുഷന്മാർക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടത് എന്ന് മുദ്രകുത്തിയ ഒരു മേഖലയിലേക്ക്– ചക്രവ്യൂഹത്തിലേക്ക് ചുവടുകൾ വെയ്ക്കുന്ന സ്ത്രീകൾക്കുണ്ടാവുന്ന മാനസികവും ശാരീരികവുമായ പരിണാമം ചേതനയിലും പ്രകടമാണ്. കാലങ്ങളായുള്ള സ്ത്രീകളുടെ ചരിത്രപരവും രാഷ്ട്രീയവുമായ അവസ്ഥകളെ വൈകാരിക ചരിത്രമായി– ചേതന എന്ന പെൺകുട്ടിയിൽനിന്ന് ആദ്യത്തെ വനിതാ ആരാച്ചാർ എന്ന പദവിയിലേക്കുള്ള അവളുടെ പരിണാമത്തെ സൂക്ഷ്മമായും അവഗാഹത്തോടു കൂടിയും ഈ നോവൽ അടയാളപ്പെടുത്തിയിരിക്കുന്നു.

ഉത്തരാധുനികത സൃഷ്ടിക്കുന്നത് കമ്പോളീകൃത സമൂഹത്തെയാണ്. അവിടെ മൂല്യമുള്ളത് ഏതിനെന്നും മൂല്യമില്ലാത്തത് ഏതിനെന്നുമുള്ള പ്രതിസന്ധികൾ വർത്തമാനകാലത്തുണ്ട്. എവിടെയും കമ്പോളവത്ക്കരണം പുരുഷകേന്ദ്രിതമാണ്. അത് സ്ത്രീകൾക്കുമേൽ സംഘർഷങ്ങളും പ്രതിരോധങ്ങളുമാണ് സൃഷ്ടിക്കുന്നത്. സഞ്ജീവ് കുമാർ മിത്രയും ഈ കാലഘട്ടത്തിന്റെ പ്രതിനിധിയാണ്. സമൂഹത്തിന്റെ കേന്ദ്രസ്ഥാനത്തിൽ നില്ക്കുമ്പോഴും പലപ്പോഴും ഭീരുവായി അയാൾ മാറുന്നുണ്ട്. സത്യം, നീതി, യാഥാർത്ഥ്യം, തുടങ്ങിയ അടിസ്ഥാനശിലകളെ പോലും വെല്ലുവിളിക്കുന്ന കമ്പോളവ്യവസ്ഥയുടെ പ്രതിനിധി കൂടിയാണ് അയാൾ.

വർത്തമാനയുഗത്തിൽ ഏറ്റവുമധികം വാർത്താമൂല്യമുള്ളതിനെ ചൂഴ്ന്നെടുക്കാനുള്ള ദൃശ്യമാധ്യമങ്ങളുടെ ദുരാർത്തിയും ഇവിടെ പ്രകടമാകുന്നു. സഹജീവിയുടെ വേദനയും യാതനയും വിപണിമൂല്യത്തിൽ മാത്രം നോക്കിക്കാണുന്ന പുതുകാലഘട്ട വാർത്താസംസ്കാരത്തിന്റെ യഥാർത്ഥ സ്വഭാവവും ധാർമ്മികമൂല്യങ്ങളെ ചവിട്ടിമെതിക്കുന്നതും നോവലിൽ ആവിഷ്ക്കരിക്കുന്നു. വാർത്തകൾ സൃഷ്ടിക്കുന്നതിന് ഏത് വളഞ്ഞ വഴിയും സ്വീകരിക്കാൻ പുതുതലമുറ മാധ്യമങ്ങൾ മടിക്കുന്നില്ല എന്നതും സത്യം, ധർമ്മം, നീതി തുടങ്ങിയ സാമൂഹിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കേണ്ടവർതന്നെ അതിൽനിന്ന് വ്യതിചലിക്കുന്നതും 'ആരാച്ചാർ' അടയാളപ്പെടുത്തിയിരിക്കുന്നു.

സി.എൻ.ബി. എന്ന വാർത്താ ചാനലിലെ സഞ്ജീവ് കുമാർ മിത്രയെന്ന ജേർണലിസ്റ്റാണ് 'ചേതന' എന്ന സ്ത്രീ ആരാച്ചാരുടെ വാർത്താമൂല്യം ആദ്യം കണ്ടെത്തുന്നത്. എത്രയൊക്കെയായാലും

'സ്ത്രീ' സ്ത്രീ മാത്രമാണെന്നും ഒരു വധശിക്ഷ നിർവ്വഹിക്കുവാൻ തക്ക മാനസികമോ, ശാരീരികമോ ആയ ശക്തി അവൾക്കില്ല എന്ന ഭരണ കൂടത്തിന്റെ വാദത്തെ മുൻനിർത്തി, സ്ത്രീ സംവരണത്തിന്റെ ഈ കാല ഘട്ടത്തിൽ സ്ത്രീയ്ക്ക് 'ആരാച്ചാർ' ജോലി ചെയ്യാനാകുമോ എന്ന ചോദ്യം ചേതനയ്ക്കു മുന്നിലേക്കു മാത്രമല്ല, സമൂഹത്തോടൊന്നാകെ ചോദി ക്കുന്ന ഈ ജേർണലിസ്റ്റ് കണ്ടെടുക്കുന്നത് ഒരു വലിയ വാർത്താ സാദ്ധ്യതയെയായിരുന്നു.

യതീന്ദ്രനാഥ് ബാനർജിയുടെ വധശിക്ഷ എന്തിനുവേണ്ടിയായിരു ന്നു എന്നതിലല്ല ചേതനയെന്ന സ്ത്രീ ആരാച്ചാരാവുന്നതിലെ വാർത്താമൂ ല്യത്തിനാണ് സി.എൻ.ബി. എന്ന ചാനൽ ഊന്നൽ നല്കുന്നത്. സംഭവ ങ്ങളുടെ ഒരു പരമ്പരയ്ക്കു ശേഷം ഇന്ത്യയിലെ ആദ്യത്തെ ഔദ്യോഗിക വനിതാ ആരാച്ചാരായിമാറുന്ന ചേതന അതോടുകൂടി സമകാലിക ടെലിവിഷൻ ചാനലുകളുടെ ഒരുപകരണമായി മാറുന്നു. അതിനു നിമിത്തമാകുന്നതാകട്ടെ പുരുഷാധിപത്യത്തിന്റെ പ്രതിരൂപങ്ങളായ ഫണീഭൂഷൺ ഗൃദ്ധാ മല്ലിക്കിന്റെയും സഞ്ജീവ് കുമാർ മിത്രയുടെയും ഇടപെടലുകൾ കൂടിയായിരുന്നു. ഭരണകൂടത്തിന്റെ ഉപകരണം മാത്രമാ യിട്ടല്ല തന്റെ പിതാവിന്റെ അഭിലാഷങ്ങളുടെ പൂർത്തീകരണവും തന്നി ലൂടെയാണെന്ന് ചേതന പല ഘട്ടങ്ങളിലും തിരിച്ചറിയുന്നുണ്ട്.

പുരുഷാധിപത്യത്തിന്റെ പ്രതിരൂപമായ സഞ്ജീവ് കുമാർ മിത്ര ചേതനയ്ക്കു നേരെ സ്വേച്ഛാധിപത്യത്തോടെയുള്ള ഒരു സമീപനമാണ് കൈകൊള്ളുന്നത്. പ്രണയമെന്ന മൂടുപടമണിഞ്ഞാൽ ഏതൊരു ഇന്ത്യൻ സ്ത്രീയുടെയും ഉള്ളിലുള്ള മൃദുലഭാവങ്ങളെ തൊട്ടുണർത്താനാ കുമെന്നും അതിലൂടെ അവളെ ചൂഷണം ചെയ്യാനാകുമെന്നും ധരിച്ചുവ ച്ചിരിക്കുന്ന സഞ്ജീവ് കുമാർ മിത്ര ചേതനയിലും അപ്രകാരം തന്നെ പ്രവർത്തിക്കുന്നു.

പുരുഷാധികാരത്തിന്റെ നിന്ദ്യമായ രണ്ടുമുഖങ്ങൾ—ഫണീഭൂഷൺ ഗൃദ്ധാ മല്ലിക്കിന്റെയും സഞ്ജീവ് കുമാർ മിത്രയുടെയും—ക്കിടയിൽ പെട്ട് ഞെരിഞ്ഞമരുന്ന ചേതന നിരന്തരമായ അവഗണനയും, പരിഹാസവും, ശാരീരികവും മാനസികവുമായ പീഡനങ്ങളും ഏറ്റുവാങ്ങുന്ന ശരാശരി ഇന്ത്യൻ സ്ത്രീയുടെ തന്നെ മറ്റൊരു മുഖമാണ്. സഹനത്തിന്റെ എല്ലാ അതിരുകളും ലംഘിക്കപ്പെടുമ്പോൾ അവളുടെയുള്ളിൽനിന്ന് പ്രതി ഷേധത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ ഉണ്ടാവുകതന്നെ ചെയ്യും. പുരുഷ വർഗ്ഗം സൃഷ്ടിച്ച അധികാരവലയങ്ങളെ ഭേദിക്കാനും അതിനെതിരെ

ശക്തിയായി നിലകൊള്ളാനും പ്രതികരിക്കാനും ചേതനയ്ക്കു സാധിക്കുന്നുണ്ട്. അഹങ്കാരവും ആർത്തിയും അധീശത്വവും നിറഞ്ഞ സഞ്ജീവ് കുമാർ മിത്രയുടെ അധികാരത്തിനെതിരെ അവൾ പ്രതിരോധിക്കുന്നത് മരണത്തിന്റെ കുടുക്ക് സൃഷ്ടിച്ചുകൊണ്ടാണ്. "നിന്നെ എനിക്കൊന്ന് അനുഭവിക്കണം" എന്നു പറയുന്ന സഞ്ജീവ് കുമാർ മിത്രയെ വെറുതെ വിട്ടുകളയാൻ അവൾക്കാവുന്നില്ല. സ്റ്റുഡിയോയിലെ കഴുമരത്തിൽ സഞ്ജീവ് കുമാർ മിത്ര അവസാനിക്കുമ്പോൾ തന്റെ ജീവിതത്തെയും വ്യക്തിത്വത്തെയും അവഗണിച്ച്, സ്നേഹം നടിച്ച് തന്നെ പുരുഷാധീശത്വത്തിനു കീഴിൽ ഞെരിച്ചമർത്തിയവനോടുള്ള ശാന്തമായ പ്രതികാരമാണ് ചേതന സാധ്യമാക്കുന്നത്. എനിക്കു നിന്നെ ഒരിക്കലെങ്കിലും അനുഭവിക്കണം എന്ന് തന്നോട് സഞ്ജീവ് പറയുന്ന അതേ ഡയലോഗ് അവൾ പ്രവർത്തിച്ചു കാണിക്കുന്നു. അയാളെ തൂക്കിലേറ്റുന്നതിലൂടെ സ്ത്രീസമൂഹത്തിന്റെ നേർക്കുള്ള പുരുഷാധികാരത്തിന്റെ അഹങ്കാരത്തെ തൂക്കിലേറ്റുകയാണ് ചേതന ചെയ്തത്. അതു മാത്രമല്ല, കോർപ്പറേറ്റ് മാധ്യമ സംസ്കാരത്തിന്റെ നേർക്കുള്ള, മാധ്യമ നീതിക്കു നേർക്കുള്ള പ്രതികരണം കൂടിയായിരുന്നു അത്. തന്നെ അവഗണിച്ചവരോടും അപമാനിച്ചവരോടും മുറിവേല്പിച്ചവരോടുമുള്ള അടങ്ങാത്ത പക കനലായി മനസ്സിൽ സൂക്ഷിക്കുന്ന സ്ത്രൈണസത്തയുടെ ചോദനയായി ചേതന മാറുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. 'ആരാച്ചാർ'—കെ. ആർ. മീര
2. 'ആരാച്ചാർ' പഠനങ്ങൾ—എഡിറ്റർ: സി. അശോകൻ
3. Review about Hang Woman by Shahanas Habeeb (Open Magazine)
4. ഇന്ത്യാ ടുഡെ റിവ്യൂ—അഭിരാമി ശ്രീറാം

ധന്യ.എസ്.പണിക്കർ
അസി.പ്രൊഫസർ
കെ.കെ.ടി.എം. ഗവ.കോളേജ്,
പുല്ലൂറ്റ്

# കുറ്റവും ശിക്ഷയും സി.ജെ.യുടെ ക്രൈം നാടകത്തിൽ

വ്യക്തി, സമൂഹം , രാഷ്ട്രം എന്നിവയുടെ അവകാശങ്ങളേയും താൽപ ര്യങ്ങളേയും സമീകരിച്ച് അവയുണ്ടാക്കുന്ന വൈരുദ്ധ്യങ്ങളേയും സംഘർ ഷങ്ങളേയും പരിഹരിച്ച് സമരസപ്പെടുത്താൻ ആവിഷ്കരിച്ചവയാണ് നിയമങ്ങൾ. വ്യക്തിതാൽപര്യങ്ങളുടെ പരിരക്ഷയും സമൂഹതാൽപ ര്യങ്ങളുടെ പരിപാലനവും അതുവഴി നിയമങ്ങൾ ലക്ഷ്യംവെക്കുന്നു. കുറ്റം, ശിക്ഷ എന്നീ ദ്വന്ദ്വങ്ങളെ ഭരണകൂടനിയമങ്ങളുടെ പശ്ചാത്ത ലത്തിൽ വിശകലനവിധേയമാക്കുകയും സംവാദാത്മകമാക്കുകയും ചെയ്ത നാടകമാണ് മലയാളത്തിലെ ഏറ്റവും മികച്ച പരീക്ഷണ നാട കമെന്ന് വിലയിരുത്തുന്ന സി.ജെ. തോമസിന്റെ '1128-ൽ ക്രൈം 27' എന്ന നാടകം. സാമൂഹ്യശാസ്ത്രത്തിന്റെയും മനഃശാസ്ത്രത്തിന്റെയും സാമ്പത്തിക ശാസ്ത്രത്തിന്റെയും തത്ത്വചിന്തയുടെയും ചരിത്രത്തിന്റെ യും വ്യത്യസ്തയുക്തികളിൽ നിന്നുകൊണ്ട് വധശിക്ഷയുടെ വിവിധമാന ങ്ങളെ കൊലപാതകം എന്ന കുറ്റത്തിന്റെ പശ്ചാത്തലത്തിൽ സി.ജെ. തോമസ് അപഗ്രഥിക്കുന്നു.

ലോകരാഷ്ട്രങ്ങളിൽ മൂന്നിലൊന്ന് അതായത് 141 രാജ്യങ്ങൾ വധശിക്ഷനിർത്തലാക്കുകയും (ആംനസ്റ്റി ഇന്റർനാഷണലിന്റെ മെയ് 2012-ലെ കണക്കനുസരിച്ച്) ഇന്ത്യയടക്കം മറ്റുലോകരാഷ്ട്രങ്ങളി ലും വധശിക്ഷയ്ക്കെതിരായ ചർച്ചകളും നിർദ്ദേശങ്ങളും പുരോഗമിക്കു കയും ചെയ്യുന്ന ചരിത്രപശ്ചാത്തലത്തിൽ ക്രൈം നാടകത്തെ പരി ശോധിക്കുമ്പോൾ അന്ന് സി.ജെ. ഉയർത്തിയ ചിന്തകളും വാദങ്ങളും

തന്നെയാണ് ഇന്നും വധശിക്ഷയ്ക്കെതിരെ ലോകസമൂഹം ഉയർത്തിപ്പിടിക്കുന്നതെന്നു കാണാം. അഫ്സൽ ഗുരുവിനും യാക്കൂബ് മേമനും ഭാരതം നല്കിയ വധശിക്ഷകളും ബസ്സിനകത്ത് പെൺകുട്ടിയെ പീഡിപ്പിച്ചുകൊന്ന ഡൽഹി സംഭവത്തിലെ പ്രധാന പ്രതിയ്ക്ക് പ്രായപൂർത്തിയായിട്ടില്ലെന്നതിനാൽ കോടതി കുറ്റവിമുക്തനാക്കിയതുമാണ് ഇന്ത്യയിൽ ഇത്തരം ചർച്ചകളെ ക്രിയാത്മകമാക്കിയത്. കുറ്റം, ശിക്ഷ, വധം തുടങ്ങിയ പരികല്പനകളുടെ അർത്ഥവും വ്യാപ്തിയും ആപേക്ഷികമായി നിലകൊള്ളുന്ന ഒന്നാണ്. അത് ദേശത്തിലെ പൗരന്മാരുടെ പുരോഗമനവീക്ഷണത്തോടും മാനവികതയോടും ഭരണകൂടത്തോടും ഭരണവ്യവസ്ഥയോടും ബന്ധപ്പെട്ടുനിൽക്കുന്ന ഒന്നാണ്.

'വ്യവസ്ഥാപിത സമൂഹത്തിന്റെ സുസ്ഥിര നിലനില്പിനായി അതിലെ അംഗങ്ങളായ വ്യക്തികളുടെ സ്വഭാവം, പെരുമാറ്റം, പ്രവൃത്തി, സ്വാതന്ത്ര്യം, അവകാശം, തുടങ്ങിയവയ്ക്കുമേൽ ബാധകമാക്കപ്പെടുന്ന നിയന്ത്രണം, അതിര്, വിലക്ക് എന്നിവയുടെ സമാഹാരമോ സംഹിതയോ സംഘാടനമോ ആണ് നിയമം.' (സർവ വിജ്ഞാന കോശം, വാല്യം 15, പുറം 647) വ്യക്തി സ്വാതന്ത്ര്യത്തിനുമേലുള്ള ഭരണകൂട വിലക്ക് എന്നതിൽ നിന്നും ഭിന്നവും കൂടുതൽ പുരോഗമനപരവും മാനവികവുമായ കാഴ്ചപ്പാടാണ് സി.ജെ. മുന്നോട്ടുവെയ്ക്കുന്നതെന്നു കാണാം. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അമേരിക്കൻ നിയമശാസ്ത്രകാരനായ റേസ്കോ പൗണ്ടിന്റെ നിയമ നിർവചനത്തോട് സി.ജെ. യുടെ വീക്ഷണം സാധർമ്മ്യം പുലർത്തുന്നതായികാണാം. സാമൂഹ്യ പുനർനിർമ്മാണത്തിനുള്ള ഒരു ഉപകരണമാണ് നിയമമെന്നതായിരുന്നു റേസ്കോ പൗണ്ടിന്റെ നിർവചനം. ഏതൊരാൾക്കും അയാളെ നന്നാക്കാൻ ആവശ്യമായ ശിക്ഷയേ നൽകാവൂ എന്ന് സി.ജെ. നാടകത്തിൽ ഗുരുവിനെക്കൊണ്ട് പറയിക്കുമ്പോൾ പ്രതിഫലിക്കുന്നത് സാമൂഹ്യപുനർനിർമ്മാണമെന്ന ആശയം തന്നെയാണ്.

കുറ്റം, ശിക്ഷ എന്നീ ദ്വന്ദ്വങ്ങളെ മനഃശാസ്ത്രപരമായി വിശകലനം ചെയ്യുമ്പോൾ അത് ആത്യന്തികമായി ലക്ഷ്യംവെക്കുന്നത് മനുഷ്യന്റെ സംസ്കരണ (Refinement) മാണെന്ന് കാണാം. അനഭിലഷണീയമോ (undesirable) സമൂഹ വിരുദ്ധമോ (Anti-Social) ആയ ഒരു വ്യവഹാരത്തെ വ്യക്തിയിൽ നിന്ന് ഇല്ലായ്മ ചെയ്യാൻവേണ്ടി ഉപയോഗിക്കുന്ന അസുഖകരമായ അനുഭവത്തെയാണ് ശിക്ഷയായി കാണുന്നത്. അതായത് ശിക്ഷയനുഭവിക്കുന്നതിലൂടെ വ്യക്തിയിൽ നടക്കേണ്ടത് മനോഭാവമാറ്റമാണ്. ശാരീരികപീഡനം (Corporal punishment)

കൊണ്ട് വ്യക്തിയുടെ ദുഃസ്വഭാവത്തെ താല്ക്കാലികമായി അടിച്ചമർത്താമെന്നല്ലാതെ ഇല്ലാതാക്കാൻ കഴിയില്ലെന്ന് പറയുന്നത് അതുകൊണ്ടാണ്. ദൗർഭാഗ്യവശാൽ നമ്മുടെ ജയിലുകളും ദുർഗുണ പരിഹാര പാഠശാലകളും ചെയ്യുന്നത് കുറ്റവാളിയുടെ കുറ്റവാസനകളെ കൂടുതൽ ശക്തമാക്കുകയാണ്. ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്ന കുറ്റവാളികൾ വീണ്ടും അതേ കുറ്റമോ അതിനേക്കാൾ മാരകമായ കുറ്റമോ ചെയ്ത് വീണ്ടും ജയിലിലേക്കു തന്നെ വരുന്ന അവസ്ഥ നിലനിൽക്കുന്നു.

സർക്കാർ, ഭരണസംവിധാനം, പട്ടാളം, പോലീസ്, കോടതി, ജയിൽ തുടങ്ങിയവ മർദ്ദനത്തിനുവേണ്ടിയുള്ള ഭരണകൂട ഉപകരണങ്ങളാണെന്നും പള്ളി, സ്വകാര്യ, സർക്കാർ സ്കൂളുകൾ, കുടുംബം, നിയമം, രാഷ്ട്രീയ കക്ഷികൾ, ട്രേഡുയൂണിയനുകൾ, പത്രം, റേഡിയോ, ടെലിവിഷൻ, സാഹിത്യം, കല, സ്പോർട്സ് തുടങ്ങിയവ പ്രത്യയശാസ്ത്രപരമായ ഭരണകൂട ഉപകരണങ്ങളാണെന്നുമുള്ള അൽത്തുസറിന്റെ വീക്ഷണത്തോട് (ദർശനവും രാഷ്ട്രീയവും, അൽത്തുസർ, വി.സി. ശ്രീജൻ. പുറം.17) സി.ജെ.യുടെ നാടകദർശനം താദാത്മ്യം പ്രാപിക്കുന്നത് കാണാം. ജയിൽ, കോടതി, പത്രം, രാഷ്ട്രീയക്കാർ, പള്ളി, നിയമം, സാഹിത്യം, കല തുടങ്ങിയവയെല്ലാം തന്നെ ക്രൈം നാടകത്തിൽ വിമർശിക്കുകയും വിശകലനവിധേയമാക്കുകയും ചെയ്യുന്നു.

മരണം, പ്രത്യേകിച്ചും അവനവന്റെ മരണം, ഫലിതമാണെന്ന പ്രമേയത്തെ കേന്ദ്രമാക്കി രചനയിലും ഘടനയിലും അവതരണത്തിലും ഏറ്റവും കൂടുതൽ പരീക്ഷണപ്രവണതകൾ പ്രകടിപ്പിച്ച നാടകമാണിത്. മരണം ഫലിതമാണെന്ന് ബോദ്ധ്യപ്പെടുത്താൻ ഗുരു, ശിഷ്യനു മുന്നിൽ സൃഷ്ടിക്കുന്ന നാടകത്തിനുള്ളിലെ നാടകത്തിലേയ്ക്ക് ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര ഉപകരണങ്ങളായി അൽത്തുസർ എടുത്തുകാണിച്ചവയെല്ലാം കടന്നുവരുന്നു.

കുമ്മായനിർമ്മാണ ഫാക്ടറിയിലെ തൊഴിലാളികളാണ് മാർക്കോസും വർക്കിയും. മാർക്കോസിന്റെ ഭാര്യയുമായി വർക്കിക്കുള്ള അവിഹിതബന്ധം മദ്യലഹരിയിൽ രണ്ടുപേരും തമ്മിലുള്ള തർക്കത്തിലേക്കും ശണ്ഠയിലേക്കും നീങ്ങുന്നു. ചൂളയിലേക്കുവീണ മാർക്കോസ് കൊല്ലപ്പെട്ടുവെന്ന നിഗമനത്തിൽ വർക്കി കൊലപാതകക്കുറ്റത്തിന് തടവിലാകുന്നു. വധശിക്ഷയെ ഭയപ്പെട്ട് ജയിലിൽ വർക്കി മനസ്സുതകർന്നുകഴിയുമ്പോൾ മരിച്ചുവെന്ന് വിശ്വസിച്ച മാർക്കോസ് തിരിച്ചുവരുന്നു. ഗുരു നാടകമവസാനിപ്പിക്കുന്നു.

കുറ്റശിക്ഷകളുടെ മൂല്യം നിർണയിക്കുന്നതിൽ മേൽകീഴ് അധികാരബന്ധങ്ങൾ എങ്ങനെ സ്വാധീനം ചെലുത്തുന്നുവെന്ന് അനാവരണം ചെയ്യാൻ സി.ജെ. നാടകത്തിൽ ഉപയോഗിച്ചിരിക്കുന്നത് പത്രമോഫീസിനെയാണ്. മാർക്കോസിന്റെ കൊലപാതകം ഡബിൾ കോളത്തിനുപോലും പറ്റില്ല. വല്ല സിനിമാതാരമോ കോടീശ്വരനോ ആയിരുന്നെങ്കിൽ ന്യൂസ് വാല്യൂ ഉണ്ടായേനേയെന്ന പത്രമാപ്പീസിലെ സഖറിയയുടെ പരിദേവനം ഉദാഹരണം. മരിച്ചവനോട് കുഴിക്കാണം വാങ്ങാൻ അവസരം കിട്ടാതെപോയതിനാലാണ് പള്ളിക്കാർക്കും അച്ചനും സങ്കടം. രാഷ്ട്രീയക്കാരനായ ശാസ്ത്രിക്ക് അത് പത്രത്തിൽ പ്രസ്താവന അച്ചടിച്ച് വരാനുള്ള അവസരമാണ്. ഒടുവിൽ മലമ്പ്രദേശങ്ങളിൽ താറാവുകൃഷി നടത്തുന്നതിനെക്കുറിച്ചുള്ള ധനകാര്യമന്ത്രിയുടെ വാർത്തവന്നതോടെ മാർക്കോസിന്റെ കൊലപാതകവാർത്ത പത്രത്തിലെ രണ്ടാം പേജിൽ കുമാരിപിൽസിന്റെ പരസ്യത്തിനു താഴെ ചെറിയ കുറിപ്പായിമാത്രം അച്ചടിക്കുന്നു. സാമൂഹികശ്രേണിയിലെ അധികാരബന്ധങ്ങളുടെ പിരമിഡിലെ താഴേത്തട്ടിലെ പ്രതിനിധിയായ മാർക്കോസിന്റെ ജീവൻ രാഷ്ട്രീയക്കാർക്കും പുരോഹിതനും മാധ്യമങ്ങൾക്കും കേവലം വിനോദം മാത്രമായി മാറുന്നു.

സമൂഹത്തിന്റെ ഏറ്റവും ചെറിയ ഏകകമായ കുടുംബത്തിനകത്തും വ്യക്തിയുടെ സ്ഥാനവും അധികാരവും നിർണയിക്കുന്നത് അയാളുടെ വരുമാനമാണ്. ഗൃഹനാഥനായ മാർക്കോസിന്റെ മരണവാർത്തയും വർക്കിയുടെ തടവുശിക്ഷയും മാർക്കോസിന്റെ ഭാര്യയിൽ ഉണ്ടാക്കുന്ന പ്രതികരണം കടിച്ചതുമില്ല പിടിച്ചതുമില്ല എന്നതാണ്. പണം തരുന്ന ഭർത്താവിനേയും ജാരനേയും ഒരേസമയം നഷ്ടമായതാണ് അവളുടെ സങ്കടം. പിതാവിന് കഞ്ചാവുവാങ്ങാൻ തനിക്കിനി ആരുപണം തരും എന്നോർത്താണ് വിഷമം.

കോടതി, പോലീസ്, ഭരണകൂടം, നിയമം, കുറ്റവാളി എന്നീ സംവിധാനങ്ങൾക്കകത്തും പുറത്തും നിന്നുകൊണ്ട് വധശിക്ഷയുടെ വിവിധ മാനങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യാൻ സി.ജെ.ക്ക് ക്രൈം നാടകത്തിൽ സാധിച്ചിട്ടുണ്ട്. മാനവികതയിലധിഷ്ഠിതമായ സി.ജെ.യുടെ ജീവിതദർശനം തന്നെയാണ് വിവിധ കഥാപാത്രങ്ങളുടെ വാക്കുകളിൽ പ്രതിഫലിക്കുന്നത്.

ഒന്നും ഒന്നും കൂട്ടിയാൽ പൂജ്യമാണോ? പിന്നെയെന്തിനാണ് ഒരുത്തൻ ചത്തതിന് വേറൊരുത്തനെക്കൂടി കൊല്ലുന്നത്? എന്ന

സഖറിയയുടെ ചോദ്യത്തിലെ ഗണിതയുക്തി വധശിക്ഷയുടെ അയുക്തികത വെളിവാക്കുന്നു. ഒരുത്തനെക്കൂടി വധിച്ചതുകൊണ്ട് മരിച്ചുപോയവന് എന്തെങ്കിലും ഗുണം കിട്ടുന്നുണ്ടോയെന്ന ഗുരുവിന്റെ ചോദ്യവും പ്രസക്തം തന്നെ. കൊന്നവൻ പിന്നേയും കൊല്ലുമെന്നുള്ള ഭയമാണ് വധശിക്ഷയ്ക്കു പ്രേരിപ്പിക്കുന്നതെങ്കിൽ ഒരൊറ്റ പരിഹാരമേയുള്ളൂ. കൊലപാതകം നടത്താൻ ആരോഗ്യമുള്ള എല്ലാവരേയും കൊല്ലണം എന്ന സഖറിയയുടെ വാക്കുകൾ ഓർമ്മിപ്പിക്കുന്നത് ഭാരതേന്ദുഹരിശ്ചന്ദ്രയുടെ അംധേരിയിലെ ചൗപട് രാജാവിനെയാണ്. കൊലക്കയറിനു പാകമായ കഴുത്തുണ്ട് എന്നതുകൊണ്ടുമാത്രം തൂക്കിലേറ്റാൻ വിധിക്കപ്പെട്ട ഗോവർധനെയാണ്.

നിയമത്തിന് മരണത്തിൽ താൽപര്യമില്ല കൊലക്കേസ്സിൽ മാത്രമേയുള്ളൂ. അത് പ്രതിയെ അപമാനം കൂടാതെ മരിക്കാൻ സമ്മതിക്കില്ല. ക്രൂശിക്കലാണ് ജനാധിപത്യത്തിന്റെ സനാതനമന്ത്രം നിയമം മരണത്തെ ആഘോഷമാക്കി മാറ്റുന്നു തുടങ്ങിയ ഗുരുവിന്റെ വാക്കുകൾ പ്രതിഫലിപ്പിക്കുന്നത് സി.ജെ.യുടെ ജീവഹത്യക്കെതിരായ നിലപാടുകളാണ്. പ്രതി എന്ത് കുറ്റം ചെയ്താലും അയാൾ നന്നാകുവാനുള്ള ശിക്ഷയിലധികം ചോദിക്കുന്നത്, അത് കൊടുക്കുന്നത് പാപകരം തന്നെ. കണ്ണിനു പകരം കണ്ണ് എന്ന നിയമം പരിഷ്കൃതമനുഷ്യന്റേതല്ല. അതു സമരരംഗത്തിന്റെ ഒരു പൈശാചികസന്തതിയാണ്. കാടത്തത്തിന്റെ അവശിഷ്ടമാണ്. എന്ന വാക്കുകളും വധശിക്ഷയ്ക്കെതിരായ പ്രഖ്യാപനമാവുന്നു.

ബി.സി. 1750 ൽ യൂഫ്രട്ടീസ് , ടൈഗ്രീസ് നദീമുഖത്ത് നിലനിന്ന മെസൊപ്പൊട്ടാമിയൻ സംസ്കാരത്തിന്റെ സൃഷ്ടിയായ ഹമുറാബിയൻ നിയമ ശാസ്ത്രസംഹിതയാണ് അറിയപ്പെട്ടതിൽ ഏറ്റവും പ്രാചീനമായത്. (നിശാഗന്ധി വിശ്വവിജ്ഞാനകോശം, വാല്യം 10. പുറം 672) ആയിരക്കണക്കിന് വർഷങ്ങളിലൂടെ മനുഷ്യൻ പുരോഗമിച്ചിട്ടും നമ്മുടെ നിയമസംഹിതയിലെ നിയമങ്ങളിൽ ഹമ്മുറാബിയുടെ കാലത്തോളം പഴക്കമുള്ള കാടൻ നിയമങ്ങളുണ്ടെന്ന് സി.ജെ. ഓർമ്മിപ്പിക്കുന്നു.

പ്രതിഭാഗം വക്കീലും വാദിഭാഗം വക്കീലും തമ്മിലുള്ള വാദ പ്രതിവാദങ്ങളിലും വധശിക്ഷയെ വിചാരണ ചെയ്യുന്നുണ്ട്. ജീവിതം ദിവ്യമാണ് അത് ഈശ്വരദത്തമാണ്. തൃണത്തെപ്പോലും മുളപ്പിക്കാൻ കഴിയില്ല മനുഷ്യനെന്ന് സർക്കാർ വക്കീൽ വാദിക്കുമ്പോൾ മരണശിക്ഷയുടെ ഉത്ഭവം തന്നെ പ്രതികാരബുദ്ധിയിൽ നിന്നാണെന്ന് പ്രതിയുടെ വക്കീലും ഓർമ്മിപ്പിക്കുന്നു. വധശിക്ഷ പ്രതികാരമാമെന്ന സി.ജെ.

യുടെ നിരീക്ഷണം എത്രത്തോളം യാഥാർത്ഥ്യമാണെന്ന് കുട്ടിക്കുറ്റവാളിയുടെ പ്രായപരിധി 18 ൽ നിന്ന് 16 ആക്കാൻ നമ്മുടെ ഭരണകൂടത്തെ പ്രേരിപ്പിച്ചത് ഡൽഹി പീഡന കൊലപാതകക്കേസിലെ പ്രധാന പ്രതിയെ കോടതി മോചിപ്പിച്ചനടപടിയാണെന്നതിൽ നിന്നും വ്യക്തമാവുന്നു. നിയമം അനുസരിച്ച് കൊന്നാലും നിയമം അനുസരിക്കാതെ കൊന്നാലും മരിക്കുന്നവനെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവുമില്ലെന്ന പ്രതിഭാഗം വക്കീലിന്റെ വാദവും ചിന്തനീയമാണ്.

കൊലപാതകക്കേസിൽ തടവും വിചാരണയും നേരിടുന്ന പ്രതി അനുഭവിക്കുന്നത് ആറിരട്ടിശിക്ഷയാണെന്ന ശിഷ്യന്റെ വാദത്തിലൂടെ പ്രതിയോടുകാണിക്കേണ്ട മാനുഷികമായ പരിഗണനയിലേക്കാണ് സി.ജെ. വിരൽ ചൂണ്ടുന്നത്. ആംനസ്റ്റി ഇൻർനാഷണലിന്റെ കണക്കനുസരിച്ച് കുറ്റവാളി വധശിക്ഷകാത്ത് ശരാശരി 10 വർഷം ഒരു രാജ്യത്ത് തടവിൽ കിടക്കേണ്ടിവരുന്നുണ്ടെന്നത് പ്രതി അനുഭവിക്കുന്നത് ആറിരട്ടി ശിക്ഷയാണെന്ന സി.ജെ.യുടെ വാദത്തെ സാധൂകരിക്കുന്നു. ക്രൂശിക്കലാണ് ജനാധിപത്യത്തിന്റെ സനാതന മന്ത്രമെന്നും പരിണാമം പൂർത്തിയാകാത്ത ഇരുകാലികളോട് എന്തെങ്കിലും പറഞ്ഞുമനസ്സിലാക്കാൻ സാധ്യമല്ലെന്നുമുള്ള ഗുരുവിന്റെ വാക്കുകളിൽ പ്രതിഫലിക്കുന്നത് വ്യവസ്ഥയോടുള്ള സി.ജെ.യുടെ അമർഷമാണ്. നിയമത്തിന് പ്രതിയെ ദ്രോഹിക്കാനുള്ള അവസരം നഷ്ടമാകുന്നതുകൊണ്ടാണ് ആത്മഹത്യാശ്രമം കുറ്റകരമാക്കിവെച്ചിരിക്കുന്നതെന്നും ജീവിതത്തെ ധീരമായി നേരിടാൻ നിയമം യാതൊരു സഹകരണവും കൊടുക്കുന്നില്ല. എന്നാൽ ജീവിതായോധനത്തിൽ നിന്ന് ഒളിച്ചോടുന്നതിനെ തടയുവാൻ നിയമമുണ്ട്. ഇതാണ് നിയമാവലിയിലെ ഏറ്റവും മൂർത്തിമത്തായ സ്വാർത്ഥതയെന്നും ഗുരുവിലൂടെ സി.ജെ. സംസാരിക്കുമ്പോൾ അനാവരണം ചെയ്യപ്പെടുന്നത് നിയമവ്യവസ്ഥയുടെ മനുഷ്യത്വവിരുദ്ധതയാണ്. മറ്റൊരിടത്ത് നിയമം പലപ്പോഴും ശിക്ഷയേക്കാൾ ഭയങ്കരമാകാറുണ്ടെന്ന് പ്രതിഭാഗം വക്കീലിനെക്കൊണ്ട് പറയിക്കുന്നുമുണ്ട്.

ജഡ്ജിയുടെ മുന്നിൽ പ്രതിഭാഗം വക്കീലും വാദിഭാഗം വക്കീലും നടത്തുന്ന കേസിന്റെ തലനാരിഴകീറിയുള്ള സംവാദങ്ങൾക്ക്, കൈയടിനേടാനുള്ള നാടകനടന്റെ വാചകക്കസർത്തിനേക്കാൾ യാതൊരു പ്രാധാന്യവുമില്ലെന്ന് വക്കീലിനേയും ജഡ്ജിയേയും വിചാരണയ്ക്ക് വിധേയമാക്കി സി.ജെ. തെളിയിക്കുന്നു.

ഡ്യൂട്ടി ബാധിച്ചാൽ മനുഷ്യൻ മനുഷ്യനല്ലാതായിത്തീരുമോയെന്ന ഗുരുവിന്റെ സർക്കാർ വക്കീലിനോടുള്ള ചോദ്യം മാനുഷികവശം നോക്കാതെ നിയമം നടപ്പാക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരോടുമുള്ള ചോദ്യമായി മാറുന്നു. സർക്കാർ വക്കീലിനെ ചക്കി, 'അയാൾക്ക് മനുഷ്യത്വമെന്നത് മനസ്സിലാകുകയില്ല. അയാളെ നിയമപ്പുസ്തകം കൊണ്ടുണ്ടാക്കിയതാണ്' എന്ന് പരിഹസിക്കുമ്പോൾ 'നിയമ അന്ധത' പൂർണമാവുന്നു. കേസിന്റെ വിചാരണയ്ക്കിടയിൽ നിങ്ങളെന്താണ് ആലോചിച്ചുകൊണ്ടിരിക്കുന്നതെന്ന ചക്കിയുടെ ചോദ്യത്തിന് ജഡ്ജിയുടെ മറുപടി കുടവയറൻ എന്നവാക്കിന്റെ അർത്ഥം കൊടന്തയാണോ, കുടന്തയാണോ എന്നു പറയുമ്പോൾ കേസും വിചാരണയും ശിക്ഷയും നൈതികതയും വൈകാരികതയും ഇല്ലാത്ത കോമാളിത്തങ്ങളായി മാറുന്നു.

മാനസിക പരിവർത്തനത്തിനുള്ള ഉപാധി എന്ന നിലയിൽ നിന്നും ഇരയുടേയോ ഭരണകൂടത്തിന്റെയോ പ്രതികാരത്തിനുള്ള മാർഗം എന്ന നിലയിലേക്ക് ശിക്ഷയെ പരിവർത്തിപ്പിച്ചതുമുതലാണ് ശിക്ഷ മനുഷ്യത്വവിരുദ്ധമാവുന്നത്.

സഹായക ഗ്രന്ഥങ്ങൾ

1. ശ്രീജൻ.വി.സി. ദർശനവും രാഷ്ട്രീയവും. അൽത്തൂസർ. തിരുവനന്തപുരം: ഫോക്കസ് ബുക്ക്സ്. 1991.
2. സർവവിജ്ഞാനകോശം, വാല്യം-15, തിരുവനന്തപുരം: കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, 2010.
3. നിശാഗന്ധി വിശ്വവിജ്ഞാനകോശം, വാല്യം 10, ഇരിങ്ങാലക്കുട: നിശാഗന്ധി പബ്ലിക്കേഷൻസ്, 2010.
4. തോമസ് സി.ജെ., '1128-ൽ ക്രൈം 27'. കോട്ടയം: ഡി.സി.ബുക്സ് 2005.
5. ഗ്രാംഷി അന്റോണിയോ. തെരഞ്ഞെടുത്ത സാംസ്കാരിക രചനകൾ, കൊല്ലം: ഗ്രാംഷി ബുക്സ്, 2013.

**മുഹമ്മദ് ബഷീർ കെ.കെ.**
അസി.പ്രൊഫസർ
കെ.കെ.ടി.എം. ഗവ.കോളേജ്,
പുല്ലൂറ്റ്.
muhammedbasheerkk@yahoo.co.in.

# സ്ത്രീയധികാരവും പ്രതിരോധവും നളിനി ജമീലയുടെ ആത്മാവിഷ്കാരത്തിൽ

ആമുഖം

പൊതുസമൂഹത്തിൽ വളരെയേറെ ചർച്ചചെയ്യപ്പെടുകയും ആഘോഷിക്കപ്പെടുകയും ഒപ്പംതന്നെ ചിലരെയെങ്കിലും ഭയപ്പെടുത്തുകയും അസ്വസ്ഥതപ്പെടുത്തുകയും ചെയ്ത ഒരു സർഗാത്മക ഇടപെടൽ ആയിരുന്നു നളിനി ജമീലയുടെ ആത്മകഥയായ 'ഒരു ലൈംഗിക ത്തൊഴിലാളിയുടെ ആത്മകഥ'/'ഞാൻ ലൈംഗികത്തൊഴിലാളി'.കഥ എന്നതിലോ ആത്മകഥ എന്നതിലോ ഉപരി എഴുതുന്നത് ഒരു ലൈംഗികത്തൊഴിലാളി എന്നതായിരുന്നു ഈ ആഘോഷങ്ങളുടെയും ആശങ്കകളുടെയും പിന്നിലുള്ള ഒരേയൊരു വസ്തുത. ഇത്തരം ആഘോഷങ്ങളേയും ആശങ്കകളേയും ഒരറ്റത്തേക്ക് നീക്കിവെച്ച് അതിന്റെ മറുപുറം തപ്പിയാൽ, എല്ലാവരുടേതുമായ അല്ലെങ്കിൽ ആയിരിക്കേണ്ട ഈ ഭൂമിയിൽ എവിടെയാണ് ഒരു ലൈംഗികത്തൊഴിലാളിയുടെ ഇടം എന്ന അന്വേഷണമാണ് നളിനി ജമീലയുടെ ആത്മകഥ. പുരുഷ കേന്ദ്രീകൃതമായ നമ്മുടെ സമൂഹത്തിൽ സ്ത്രീയുടെ അധികാരം എന്നും രണ്ടാംകിടയായിരിക്കും. പ്രതിരോധ സാദ്ധ്യതകൾ വളരെ ദുർബലവുമായിരിക്കും. ഈ പശ്ചാത്തലത്തിൽ ലിംഗനീതി മാത്രമല്ല സദാചാരനീതിയും വർഗ്ഗനീതിയും തൊഴിൽ നീതിയുമെല്ലാം ഒരുപോലെ പാർശ്വവൽക്കരിച്ച ഒരു സമൂഹത്തെ പ്രതിനിധീകരിക്കുന്ന 'ഞാൻ ലൈംഗികത്തൊഴിലാളി' എന്ന ആത്മകഥയെ മുൻനിർത്തി സ്ത്രീത്വത്തിന്റെ അധികാര-പ്രതിരോധ സാദ്ധ്യതകൾ അന്വേഷിക്കുകയാണ് ഈ പഠനം.

ആത്മകഥയിൽ നിന്ന് ജീവിതം എഴുത്തിലേക്ക്:

മലയാളത്തിലെ ആത്മകഥകളുടെ ചരിത്രം പരിശോധിച്ചാൽ, പുരുഷന്റെ നിഴലായി മാത്രം നിൽക്കാനും അതിൽ ആത്മസംതൃപ്തി കൊണ്ട് അഭിരമിക്കാനും താല്പര്യപ്പെടുന്നവയാണ് ആദ്യകാല സ്ത്രീ സംഭാവനകളിൽ ഭൂരിപക്ഷവും. അതിൽ നിന്നും വഴിമാറിയുള്ള വിപ്ല വകരമായ ഒരു ചുവടുവയ്പ്പായിരുന്ന മാധവിക്കുട്ടിയുടെ 'എന്റെ കഥ'. എഴുത്തിന്റെ സൗന്ദര്യശാസ്ത്രപരമായ അംശങ്ങളെ ഉദ്ദേശിച്ചല്ലെങ്കി ലും അതിന്റെ സാമൂഹികമാനത്തെയും സമീപനത്തെയും മുൻനിർത്തി 'ഞാൻ ലൈംഗികത്തൊഴിലാളി'യെയും നമുക്ക് ആ പാരമ്പര്യത്തിൽ തന്നെ പെടുത്താം. ഒരാൾ അയാളുടെ തന്നെ ജീവിതകഥ കഴിയുന്നത്ര സത്യസന്ധമായി എഴുതുന്നതാണ് ആത്മകഥ എന്ന പരമ്പരാഗതമായ നിർവ്വചനത്തിൽ നിന്ന് ആത്മാവിഷ്കാര സാധ്യതകൾ ഇന്ന് ഏറെ മുന്നോട്ട് പോയിക്കഴിഞ്ഞു. ഒരാൾക്ക് സ്വന്തം ജീവിതമെഴുതാൻ സ്വന്ത മായി അക്ഷരങ്ങൾ പോലും ഇന്ന് നിർബന്ധമില്ല. നളിനി ജമീലയുടെ 'എഴുത്തുപരീക്ഷ'കളിൽ നല്ല സ്പീഡിലെഴുതുമ്പോൾ കളഞ്ഞുപോകു ന്ന അക്ഷരങ്ങളെ തിരിച്ചുപിടിച്ചു കൊടുത്തത് 'ഗോപിനാഥ്' എന്ന സുഹൃത്താണ്. ആത്മകഥനം ഒരു സാഹിത്യപ്രവർത്തനം എന്നതി ലേറെ സാമൂഹികപ്രവർത്തനമോ സാംസ്കാരികപ്രവർത്തനമോ ആയി മാറുകയാണിവിടെ.

ലിംഗനീതിയും അധികാരവും :

മാനദണ്ഡങ്ങൾ പലതാണെങ്കിലും സമകാലിക സമൂഹത്തിൽ സ്ത്രീയും പരിസ്ഥിതിയും ദളിതനും ഒക്കെ പാർശ്വവൽക്കരിക്കപ്പെട്ടവ രാണ്.പക്ഷേ ലൈംഗികത്തൊഴിലാളിയായ ഒരു സ്ത്രീ ഒരേ സമയം പലതരത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവളാണ്. ലിംഗം, തൊഴിൽ, സദാചാരം, വർഗ്ഗം, സംസ്കാരം ഇവയെല്ലാം അവളെ ഒരേ സമയം കീഴാളയാക്കുന്നു.ഇതിനെല്ലാം ഇടയിലായിരിക്കുമ്പോഴും 'അധികാരവും അവകാശവും സ്ഥാപിക്കുന്ന ആളുകളെ എനിക്ക് അധികകാലം സഹി ക്കില്ല ' (പേജ്.42) എന്ന് പ്രഖ്യാപിച്ചുകൊണ്ട് ലൈംഗികത്തൊഴിൽ ചെയ്ത് ജീവിച്ച ഒരു സ്ത്രീ, തൊഴിൽ കുറ്റമാണോ എന്നും ഇനി അഥവാ കുറ്റ മാണെങ്കിൽ തന്നെ തുല്യപങ്കാളിയായ പുരുഷൻ എന്തുകൊണ്ട് ശിക്ഷി ക്കപ്പെടുന്നില്ല എന്നും സമൂഹത്തിന്റെ മുഖത്ത് നോക്കി ചോദിക്കുമ്പോൾ പിച്ചിച്ചീന്തപ്പെടുന്നത് നമ്മുടെ സംസ്കാരത്തിന്റെ കപടസദാചാര മുഖപട മാണ്. പുരുഷകേന്ദ്രീകൃത സമൂഹത്തിൽ അധികാരത്തിന്റെ കാര്യത്തിൽ

സ്ത്രീ പൊതുവേ തന്നെ അടിമയുടെ സ്ഥാനത്താണ്. അവളൊരു ലൈംഗികത്തൊഴിലാളിയാണെങ്കിൽ പിന്നെ ആർക്കും അവളുടെമേൽ അധിനിവേശം നടത്താം എന്നതാണ് സമൂഹത്തിന്റെ നിയമം.

സദാചാര കാര്യങ്ങളിൽ എപ്പോഴും 'ഇറ്റാമാഷ്'മാരെ ന്യായികരിക്കുകയും ഇരയെ വീണ്ടും വീണ്ടും വേട്ടയാടുകയും ശിക്ഷിക്കുകയും ചെയ്യുന്ന സമൂഹത്തിന്റെ പൊതുബോധം, ഇരയാകുന്നത് ഒരു ലൈംഗികത്തൊഴിലാളി ആണെങ്കിൽ അതിനു നേരെ കണ്ണടച്ചുകളയാനാണ് സാധ്യത. അംഗീകാരം പോലും സാദ്ധ്യമല്ലാത്ത ഈ രംഗത്ത് അതിജീവനം അതിലേറെ പ്രയാസമാണ്. സമൂഹം മുഴുവൻ അവൾക്ക് നേരെ അധികാരം സ്ഥാപിക്കുമ്പോൾ അവളുടെ അധികാരം സ്വന്തം കുടുംബത്തിൽ പോലും അംഗീകരിക്കപ്പെടില്ല. സ്വന്തം മകളെ വളർത്താൻ അഞ്ച് രൂപ തികച്ച് കൊടുക്കാനായി ഈ തൊഴിലിൽ എത്തിപ്പെടുന്ന എഴുത്തുകാരിയെ, ആവശ്യത്തിന് പണമുണ്ടാകുമ്പോൾ കുടുംബം തഴയുന്നത് സ്വന്തം കുട്ടികളുടെ മേൽ അവർ അധികാരം സ്ഥാപിക്കുമോ എന്ന് ഭയന്നാണ്. ഒരു സ്ത്രീ ലൈംഗികത്തൊഴിലാളിയ്ക്ക് സമൂഹത്തിൽ എവിടെയും അധികാരമോ അവകാശമോ ഇല്ല. സ്വന്തം കുടുംബത്തിൽ പോലും. എന്നാൽ അവളെ അധിനിവേശിച്ച് കീഴ്പ്പെടുത്താനും അവഹേളിക്കാനുമുള്ള അധികാരം സമൂഹത്തിന് മുഴുവൻ ഉണ്ടുതാനും. അതേ സമയം എഴുത്തുകാരിയുടെ അമ്മയെ ഒന്നുമല്ലാതാക്കി അച്ഛനെ വരച്ച വരയിൽ നിർത്തുന്ന, ആഢ്യത്വമുള്ള, 'ഒറ്റമുണ്ടുടുത്ത് സെക്സിയായ' വീടുഭരിക്കുന്ന വല്യമ്മ സ്ത്രീയധികാരത്തിന്റെയും ലൈംഗികതയുടെയും ഒരു മറുപുറം കാട്ടിത്തരികയും ചെയ്യുന്നുണ്ട്.

ജ്വാലാമുഖികൾ :

നന്നേ ചെറുപ്പത്തിൽ തന്നെ പഠിപ്പ് തുടരണമെന്നും 'ഇംഗ്ലീഷ് വായിക്കണ'മെന്നും പിന്നീട് പഠിപ്പ് മുടങ്ങിപ്പോകുമ്പോൾ 'ജോലിക്ക് പോകണം എന്നാലേ അധികാരമുണ്ടാവൂ' (പേജ് 16) എന്നും ചിന്തിച്ചവളാണ് എഴുത്തുകാരി. ലൈംഗികതയും സാമ്പത്തികനിലയും തന്നെയാണ് കുടുംബത്തിൽ അമ്മയെ അടിമയും വല്യമ്മയെ ഉടമയും ആക്കുന്നതെന്ന് അവർ സൂക്ഷ്മമായി തിരിച്ചറിയുന്നുണ്ട്. അത്തരം ചൂഷണങ്ങളെ എപ്പോഴും അതിജിവിക്കുവാനും ശ്രമിക്കുന്നുണ്ട്. മണ്ണമടയിലെ പണിക്കൂലി രണ്ടുരൂപയിൽനിന്ന് രണ്ടര രൂപയിലേയ്ക്ക് കൂട്ടിത്തരുവാനുള്ള സമരം, ഒരേ സമയം മണ്ണുപണിയും ലൈംഗികത്തൊഴിലും ചെയ്യേണ്ടിവരുന്ന സ്ത്രീ തൊഴിലാളികളുടെ ദുരവസ്ഥയെക്കുറിച്ചുള്ള തിരിച്ചറിവ് ഇവയൊക്ക ആ പ്രതിരോധങ്ങളുടെ ആരംഭമാണ്.

'ഞാൻ കയ്യും കാലും കാണിക്കില്ല ക്ലയന്റ് ഇങ്ങോട്ട് വരണമെന്ന്' (പേജ് 37) നിർബന്ധമുള്ള, 'അയാളെന്നെ പൂർണ്ണമായി ഉപേക്ഷിക്കുന്നതിന് മുമ്പ് തന്നെ അയാളെ ഉപേക്ഷിക്കാൻ' (പേജ് 56) കരുത്തുള്ള ഒരു ലൈംഗികത്തൊഴിലാളിക്ക് സംഘടനാ ബോധവും ആത്മവിശ്വാസവും നൽകാൻ കഴിയുന്ന കൃത്യമായ ഒരു പ്ലാറ്റ്ഫോമായിരുന്നു 'ജ്വാലാമുഖി'. ഒറ്റപ്പെട്ട വ്യക്തികളെക്കാൾ അധികാരവും പ്രതിരോധശേഷിയും ഒരു സംഘടിത സമൂഹത്തിനുണ്ടാവും. ആ സംഘടനാബോധം നല്കിയ അധികാരം തന്നെയാകണം ഇന്നും ഉത്തരം കിട്ടിയിട്ടില്ലെങ്കിലും 'ഇങ്ങനെ പരാതി പറയാനല്ലാതെ പരിഹാരമൊന്നും നമുക്ക് പറയാനില്ലേ' (പേജ് 73) എന്ന് ഉറക്കെ ചോദിക്കാൻ ഒരു ലൈംഗികത്തൊഴിലാളിക്ക് കരുത്ത് നൽകിയത്; മിനിമം വേതനവും വീടും റേഷൻകാർഡും വൈദ്യസഹായവും തങ്ങളുടെയും അവകാശമാണ് എന്ന് സമൂഹത്തോട് ആവശ്യപ്പെടാനും പുനരധിവാസം എന്ന 'പട്ടിക്കുട്ടിലടയ്ക്കലി'നെതിരെ പ്രതികരിക്കാനുമുള്ള ആത്മവിശ്വാസം നൽകിയത്; എല്ലാത്തിലുമുപരി സെക്സ് വർക്ക് ചെയ്യുന്നവരും ചെയ്യാത്തവരും ഒരേ വേദിയിൽ നിൽക്കുക എന്ന ആഹ്ലാദം നൽകിയത്.

ലൈംഗികത്തൊഴിലാളിയുടെ ബുദ്ധിജീവിതം :

ബുദ്ധിജീവിതം മുഖ്യധാരയുടെ കുത്തകയാണെന്ന നമ്മുടെ പൊതുബോധത്തെ പൊളിച്ചെഴുതുന്നുണ്ട് നളിനി ജമീല. സമൂഹത്തിന്റെ മുൻവിധികളും ദുരാശങ്കകളും മറികടന്ന് സംഘടനാ പ്രവർത്തനവും കലാപ്രവർത്തനവുമൊക്കെ നടത്തുന്നുണ്ട് അവർ. പക്ഷേ ഒരു ലൈംഗികത്തൊഴിലാളി പ്രസംഗിക്കുമ്പോൾ സമൂഹത്തിന് അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ടാണ് 'ഞാൻ പ്രസംഗിച്ചാലും അതിന്റെ ക്രെഡിറ്റ് മുഴുവൻ മൈത്രേയനും പോൾസണും കൊടുക്കാനാണ് എല്ലാവർക്കും താൽപര്യം' (പേജ് 77) എന്ന അവസ്ഥ വരുന്നത്. അതേസമയം ശക്തി മാത്രമല്ല യുക്തിയും ബുദ്ധിയും ചിന്തയും അതിജീവനത്തിന് ആവശ്യമാണെന്ന് അവർ കൃത്യമായി തിരിച്ചറിയുന്നുണ്ട്. അഗതിയായി ചെല്ലുമ്പോൾ നിഷേധിക്കപ്പെടുന്ന കഞ്ഞിയും ഷൂട്ട് ചെയ്യുമ്പോൾ 'മാഡം കഴിക്കൂ' എന്ന ആദരവോടെ എത്തുന്ന പരിപ്പുവടയും കലയ്ക്ക് മാത്രം സൃഷ്ടിക്കാൻ കഴിയുന്ന അത്ഭുതമാണ്. അത് ആരുടെയും കുത്തകയല്ല എന്ന് ഒരു ലൈംഗികത്തൊഴിലാളി തെളിയിക്കുമ്പോൾ സമൂഹം അസ്വസ്ഥമാവുന്നത് സ്വാഭാവികം.

എഴുത്ത് ആയുധം എന്ന നിലയിൽ:

ആത്മകഥയുടെ ആരംഭമായേക്കാവുന്ന നളിനി ജമീലയുടെ ഒരു കുറിപ്പ് ഒരു ക്ലയന്റ് കാണാനിടയായതിന്റെ ഫലം 'അതോടെ ആ ക്ലയന്റിനെ നഷ്ടപ്പെട്ടു' എന്നതാണ്. ആത്മകഥ എഴുതുന്ന കാര്യമറിഞ്ഞ മറ്റൊരു ക്ലയന്റ് 'പേരൊഴികെ എല്ലാം എഴുതിക്കൊള്ളാനാണ്' (പേജ് 134) എഴുത്തുകാരിയോട് പറഞ്ഞത്. പേര് വെളിപ്പെടുത്താൻ ഭയപ്പെടുന്ന ഒരു സമൂഹത്തിന് മുന്നിൽ സ്വന്തം പേര് വെളിപ്പെടുത്തി എന്നതു തന്നെയാണ് നളിനി ജമീലയുടെ ആത്മകഥ നിർവ്വഹിച്ച ചരിത്ര ദൗത്യം. എഴുത്ത് ഒരു ആവിഷ്കാര മാധ്യമം എന്ന നിലയിൽ നിന്ന് പ്രതികരിക്കാനും പ്രതിഷേധിക്കാനും പ്രതിരോധിക്കാനും ഉള്ള ആയുധമായി മാറുകയാണിവിടെ. സാഹിത്യസംബന്ധിയായ വരേണ്യസൗന്ദര്യശാസ്ത്ര സങ്കല്പങ്ങൾ ഇവിടെ അട്ടിമറിക്കപ്പെടുന്നു. ഇത് സമകാലിക ജീവിത എഴുത്തിലെ പൊതുപ്രവണതയാണ്. സി. ജസ്മിയുടെ 'ആമേനും' കല്ലേൻ പൊക്കുടന്റെ 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതവും' ഒക്കെ നമുക്ക് ഇതിനോട് ചേർത്ത് വായിക്കാം.

കമ്പനിവീടുകളിൽ നിന്ന് സൈബർ വലകളിലേക്ക് :

ലൈംഗികത ഏറ്റവും മുന്തിയ കച്ചവടച്ചരക്കായ ഒരു സമൂഹത്തിന്റെ ലൈംഗികതയെ സംബന്ധിച്ച പല മിഥ്യാധാരണകളെയും തിരുത്തിക്കുറിക്കുന്നുണ്ട് ഈ ആത്മകഥനം. ലൈംഗികതയെക്കാളുപരി ഉപദേശവും സംസാരവും സ്നേഹവും സാന്ത്വനവും സംശയനിവാരണവും ആഗ്രഹിച്ചാണ് കൂടുതലും പുരുഷൻമാർ തന്റെയടുത്ത് എത്താറുള്ളത് എന്ന് നളിനി ജമീല സാക്ഷ്യപ്പെടുത്തുമ്പോൾ ലൈംഗികത ആഗ്രഹിച്ച് ഈ പുസ്തകം വായിച്ചവർ നിരാശരായിട്ടുണ്ടാകണം. സ്ത്രീവാദികളുടെ പോലും അംഗീകാരം ലഭിക്കാത്ത ഒരു സ്ത്രീവർഗ്ഗം ലൈംഗികത്തൊഴിലും ലൈംഗികചൂഷണവും വേറെ തന്നെയാണ് എന്ന് വിളിച്ച് പറയുമ്പോൾ, അത് തെറ്റാകുന്നു എങ്കിൽ ആ തെറ്റിൽ അവരെക്കാൾ പങ്ക് തങ്ങൾക്കാണ് എന്നെങ്കിലും അംഗീകരിക്കാൻ തയ്യാറാകാത്ത ഒരു സമൂഹം 'ഒത്തുകഴിയലി'നെ (Living together) കുടുംബത്തിന്റെ പരിമിതികളിൽ നിന്നുള്ള മോചനമായും സ്വാതന്ത്ര്യപ്രഖ്യാപനമായും ആഘോഷിക്കുന്നു.

എന്നിട്ട് ഉഭയസമ്മതപ്രകാരമുള്ള ലൈംഗികത ചോദ്യം ചെയ്യപ്പെടേണ്ടതുണ്ടോ എന്ന ഒരു ലൈംഗികത്തൊഴിലാളിയുടെ ചോദ്യത്തെ

അവഗണിക്കുന്നു. 'അത് വിൽക്കണ്ട എന്ന് പറയുന്നതിനേക്കാൾ എന്തു കൊണ്ടും നല്ലത് വേണ്ടാത്തവർ വാങ്ങണ്ട എന്ന് തീരുമാനിക്കുന്ന താണ്' എന്ന് പ്രഖ്യാപിക്കുമ്പോൾ മൗനം പാലിക്കുന്നു. ഇത്രയേറെ സമൂഹം സദാചാരജാഗരൂകമായിരിക്കുമ്പോഴും അതിക്രമത്തിന് ഒരു കുറവുമില്ലതാനും. മണ്ണുമടയിൽ പണികഴിഞ്ഞ് ആളൊഴിഞ്ഞ സ്ഥലത്ത് പുരുഷൻമാരിൽ നിന്ന് ശരീരം രക്ഷിക്കാൻ ഉള്ള ഒരു ഓട്ടത്തെക്കുറിച്ച് നളിനി ജമീല പറയുന്നുണ്ട്. ('പാലം കഴിഞ്ഞ് പറമ്പിലേക്കെത്തുന്ന തും ഒരൊറ്റ ഓട്ടമാണ്. കൈത്തോട്ടും ഇടവഴിയും ഉള്ള ഇടംവരെ' പേജ് 19) അതേ ഓട്ടം ഇന്നും നമ്മുടെ പെൺമക്കളും അമ്മമാരും മുത്തശ്ശിമാ രും ഓടുന്നുണ്ട്; അതിനേക്കാളേറെ വേഗത്തിൽ.

## ഉപസംഹാരം

'സ്വന്തമായിടമില്ലാതെ തെരുവിൽ അന്തിയുറങ്ങാൻ വിധിക്കപ്പെട്ട ലൈംഗികത്തൊഴിലാളികൾക്ക്' സമർപ്പിക്കുന്ന നളിനി ജമീലയുടെ ആത്മകഥ ഒരേ സമയം ലിംഗനീതിയും തൊഴിൽനീതിയും സാമൂഹി കനീതിയും നിഷേധിക്കപ്പെട്ട ഒരു വ്യക്തിയുടെ/വർഗ്ഗത്തിന്റെ സ്വ ത്വാന്വേഷണമാണ്. മുഖ്യധാരാ സമൂഹത്തിന്റെ സ്ത്രീ സങ്കല്പങ്ങളെയും ലൈംഗിക ധാരണകളെയും ഈ കൃതി അട്ടിമറിക്കുന്നു. സ്ത്രീവാദത്തി ന്റെ അതിരുകളെപ്പോലും ചോദ്യം ചെയ്യുന്നു. ഇവിടെ ജീവിതം പോലെ തന്നെ എഴുത്തും വായനയും പ്രതിരോധ പ്രവർത്തനമാകുന്നു.

ഉദയൻ. എസ്

ഗവേഷകൻ

എൻ.എസ്.എസ് കോളേജ്

നിലമേൽ, കൊല്ലം.

# ബർസ—തലകുനിക്കാത്തവൾ

"സബിത 'ദുആ' പുസ്തകം അടച്ചു കയ്യിൽ പിടിച്ചു. ആരോ എഴുതിയുണ്ടാക്കിയ ഈ പ്രാർത്ഥന ഉരുവിടുന്നതെന്തിനാണ്? ദൈവവും മനുഷ്യനും തമ്മിൽ സ്വന്തം ഭാഷയിൽ സ്വന്തം ചിന്തയിൽ നേരിട്ടുമാകാമല്ലോ." സഫാമാർവാ മലകൾക്കിടയിലൂടെ പുണ്യത്തിനായി ഓടുന്നവരുടെ ഇടയിൽ തളർന്നിരുന്ന സബിത ചിന്തിച്ചതിങ്ങനെയാണ്. അവളുടെ മുന്നിൽ സഹസ്രാബ്ദങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന ഹാജിറാബീവിയുടെ രൂപം തെളിഞ്ഞു. അവർ പറയുന്ന ഓരോ വാക്കിലും സ്ത്രീത്വത്തിന്റെ നിസ്സഹായത തെളിഞ്ഞുകാണാം. സ്നേഹത്തിന്റെ പട്ടുനൂലിഴകൾകൂടി അറ്റുപോകുമോ എന്ന ഭയന്ന് അടിമത്തത്തിന്റെ ചങ്ങലക്കെട്ടുകൾ അറുക്കാൻ ശ്രമിക്കാഞ്ഞവളാണ് ഹാജിറാബീവി. ഇന്നും സ്ത്രീയുടെ മനസ്സ് ഇതേ നിസ്സഹായാവസ്ഥയിൽ തുടരുന്നു. ഇസ്ലാമിലൂടെ സബിത നടത്തുന്ന യാത്രയാണ് ഈ നോവൽ. തുറന്ന മനസ്സോടെ വിശുദ്ധഗ്രന്ഥത്തെ സമീപിച്ച സബിത, കാലം മുസ്ലീംസ്ത്രീകളെ എങ്ങനെ അടിച്ചമർത്തി എന്ന് തിരിച്ചറിയുന്നു.

അധികാരം കയ്യാളുന്നവരാണ് ചരിത്രം നിർമ്മിക്കുന്നത്. അവരുടെ ഇച്ഛയ്ക്കനുസരിച്ചാണ് ചരിത്രസംഭവങ്ങൾ വ്യാഖ്യാനിക്കപ്പെടുന്നത്. പുരുഷനിർമ്മിത മൂല്യങ്ങളെയും കാഴ്ചപ്പാടുകളെയും വലിച്ചെറിഞ്ഞ് നിഷേധിക്കപ്പെട്ട സ്വാതന്ത്ര്യം വീണ്ടെടുക്കാനുള്ള അഭിവാഞ്ഛയാണ് സ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിക്കാൻ സ്ത്രീയെ പ്രേരിപ്പിച്ചത്. സ്വത്വം തേടുന്ന സ്ത്രീ സമൂഹത്തിലും സാഹിത്യത്തിലും തന്റേതായ ഇടം

കണ്ടെത്താൻ ശ്രമിക്കുന്നതോടെ പ്രതിരോധത്തിന്റെ സ്വരം ഉയരുന്നു. എഴുത്ത് പ്രതിരോധത്തിനുള്ള ആയുധമാകുന്നതോടെ അവൾക്ക് എതിർപ്പുകളെയും നേരിടേണ്ടിവരുന്നു. സ്വാനുഭവത്തിന്റെ തീവ്രത പെൺരചനകളെ തീക്ഷ്ണമാക്കുമെന്നതിനു തെളിവാണ് ഖദീജമുംതാസിന്റെ 'ബർസ' എന്ന നോവൽ.

ഏഴാംനൂറ്റാണ്ടിൽ ആയിരക്കണക്കിന് സ്ത്രീകൾ ഗോത്രാധിപത്യത്തിൽനിന്ന് രക്ഷനേടാനായി മദീനയിലേക്ക് പലായനം ചെയ്തുവെന്ന് ചരിത്രപുസ്തകങ്ങൾ രേഖപ്പെടുത്തുന്നു. അവർ സാർവ്വത്രികസമത്വത്തിന്റെ സന്ദേശവുമായിവന്ന പ്രവാചകന്റെ അനുയായികളായി മാറി. പ്രവാചകൻ മുസ്ലീങ്ങളുടെ നേതാവായി മാറിയതോടെ സ്ത്രീകൾക്കും പൂർണ്ണ പൗരത്വം ലഭിച്ചു. പ്രവാചകന്റെ സഹപ്രവർത്തക എന്ന അർത്ഥംവരുന്ന 'സഹാബി' പദവി അവർക്കുണ്ടായിരുന്നു. പ്രവാചകനുമായി സ്വതന്ത്രമായി ആശയവിനിമയം നടത്താനും സൈനികവും രാഷ്ട്രീയസംബന്ധവുമായ കാര്യങ്ങളിൽ ഇടപെടാനും സമരംചെയ്യാനുമൊക്കെ മുസ്ലീം സ്ത്രീകൾക്ക് കഴിഞ്ഞിരുന്നു.

പിൽക്കാലത്ത് പ്രവാചകന്റെ സന്ദേശങ്ങൾ വളച്ചൊടിക്കപ്പെട്ടു. ഭൂതകാലത്തെ വിശുദ്ധിയുടെ മാനദണ്ഡമായി ഉപയോഗിച്ച് വർത്തമാനത്തെ നിയന്ത്രിക്കാമെന്നു കണ്ടെത്തിയ അധികാരികൾ സ്ത്രീകളുടെ പല അവകാശങ്ങളെയും നിഷേധിച്ചു. ഇസ്ലാം ഒരു വ്യക്തിയുടെ വിശ്വാസം എന്ന നിലയിലും ഭരണകൂടമെന്ന നിലയിലും പ്രവർത്തിക്കുമ്പോഴാണ് ആശയക്കുഴപ്പമുണ്ടാകുന്നത്. അധികാരം സ്ഥാപിച്ചെടുക്കാൻ വ്യാജഹദീസുകൾ നിർമ്മിക്കപ്പെട്ടു. സ്ത്രീകൾ മൂടുപടങ്ങൾ ധരിക്കേണ്ടിവന്നു. ക്രമേണ അവർക്ക് സ്വത്വം നഷ്ടപ്പെടുകയായിരുന്നു. മുസ്ലീംരാഷ്ട്രങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ സ്വതന്ത്രവ്യക്തിത്വങ്ങളുടെ വികാസത്തെ പ്രോത്സാഹിപ്പിച്ചിരുന്നില്ല എന്നുകാണാം. യാഥാസ്ഥിതികത്വം ചോദ്യംചെയ്യപ്പെടുന്ന ഒരളവിലേക്ക് വ്യക്തികൾ വളരുന്നത് അധികാരികൾക്കും മതമേധാവികൾക്കും ഭീഷണിയായിത്തീരുമെന്ന് അവർ ഭയപ്പെട്ടു.

ആർക്കും ചോദ്യംചെയ്യാനോ വിമർശിക്കാനോ പറ്റാത്ത അധികാരശക്തിയാണ് മതവും ദൈവവും വിശുദ്ധഗ്രന്ഥങ്ങളും എന്ന ബോധം വിശ്വാസികളിൽ വളർത്താനുള്ള ശ്രമമാണ് നടന്നത്. "നല്ലകാര്യങ്ങൾ ചെയ്യുമ്പോൾ എന്നെ അനുസരിക്കുക, തെറ്റായ വഴിക്കു പോവുകയാണെങ്കിൽ തിരുത്തുക. ഞാൻ നിങ്ങളുടെ ഭരണാധികാരിയാണ്

പക്ഷേ നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഞാനല്ല" എന്ന നബിവചനം ആരും ഓർക്കുന്നില്ല.

'ലൈംഗികതയുടെ ചരിത്രം' എന്ന തന്റെ ഗ്രന്ഥത്തിൽ ഫൂക്കോ പറയുന്നു, "അധികാരമുള്ളിടത്തൊക്കെ ചെറുത്തുനില്പുമുണ്ട്." 'ബർസ' എന്ന നോവലിലും സ്ത്രീയുടെ പ്രതിഷേധമുണ്ട്. മുസ്ലീംഭരണത്തിന്റെ കീഴിൽക്കഴിയുന്ന മുസ്ലീംസ്ത്രീകളുടെ ജീവിതം അടുത്തറിഞ്ഞ നോവലിസ്റ്റ്, സബിത എന്ന കേന്ദ്രകഥാപാത്രത്തിന്റെ ചിന്തകളിലൂടെ പ്രതികരിക്കുകയാണ്.

റഷീദിന്റെ കുടുംബവുമായുള്ള ബന്ധവും അവനോടുള്ള പ്രണയവും സബിതയ്ക്ക് ഒരുപോലെ വിലപ്പെട്ടതാണ്. അതുകൊണ്ടാവാം അന്യമതത്തെയും സംസ്കാരത്തെയും പെട്ടെന്ന് തന്റെ ജീവിതത്തിന്റെ ഭാഗമാക്കാൻ അവൾക്കു കഴിഞ്ഞത്. ഇസ്ലാംമതത്തെ അടുത്തറിയാൻ അവൾ മതഗ്രന്ഥങ്ങളിലൂടെ ശ്രദ്ധയോടെ സഞ്ചരിച്ചു. സൗദിയിലെത്തിയ സബിത ഇസ്ലാമിന്റെ മറ്റൊരുമുഖമാണു കണ്ടത്. കർശനമായ നിയമങ്ങൾ, മതാചാരങ്ങൾ, അറബികളുടെ മാത്രമല്ല മറ്റു പല നാട്ടുകാരുടെയും സ്വഭാവസവിശേഷതകൾ, ജീവിതരീതി എല്ലാം അവൾ സൂക്ഷ്മമായിത്തന്നെ നിരീക്ഷിക്കുന്നുണ്ടായിരുന്നു.

മതപഠനം സബിതയെ ആഴത്തിൽ ചിന്തിക്കാൻ പ്രേരിപ്പിച്ചു. ഒന്നാം അദ്ധ്യായത്തിൽ യഥാർത്ഥത്തിൽ സ്ത്രീയുടെ മതമെന്തെന്ന ചോദ്യത്തിന് ഉത്തരം നൽകുന്നുണ്ട്. പിന്നീട് പല സന്ദർഭങ്ങളിലും അവൾ പറയുന്നുണ്ട്, എല്ലാ നിയമങ്ങളും പുരുഷനിർമ്മിതമാണ്, പുരുഷനുവേണ്ടിയുള്ളതാണ്. സബിത കണ്ടുമുട്ടുന്ന സ്ത്രീകളിൽ ഭൂരിപക്ഷവും സാമൂഹികവ്യവസ്ഥിതിയെ നിർവികാരതയോടെ അംഗീകരിക്കുന്നവരാണ്. ബഹുഭാര്യാത്വവും മറ്റു ദുരാചാരങ്ങളും അവരെ അലോസരപ്പെടുത്തുന്നില്ല. നിലവിലിരിക്കുന്ന വ്യവസ്ഥിതിയിൽനിന്നു കിട്ടാവുന്നതെല്ലാം നേടിയെടുക്കുക എന്ന് പ്രായോഗികമായി ചിന്തിക്കുകയും ജീവിതം സുഖകരമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണവർ. ഈ നിർവികാരത അവരിൽ അടിച്ചേല്പിക്കപ്പെട്ടതാണ്. ഭർത്താവിനോട് അനുസരണക്കേടു കാട്ടുന്ന സ്ത്രീകളാണ് നരകത്തിൽ ഏറെയുള്ളത്. ഇസ്ലാംമതം സ്വീകരിക്കാത്തവരെല്ലാം നരകത്തിൽ വേവും, മഫ്തയിൽനിന്നു സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന ഓരോ മുടിയിഴയും നിങ്ങൾ നരകത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടാൻ കാരണമാകും എന്നുതുടങ്ങി ധാരാളം ദുർവ്യാഖ്യാനങ്ങൾ കേട്ടുവളർന്ന് ആചാരങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കിയവരാണവർ.

സ്ത്രീ, പുരുഷന്മാരുടെ കൃഷിയിടമാണെന്ന വചനം പല രീതിയിലും വ്യാഖ്യാനിക്കപ്പെടാം. പുരുഷമേധാവിത്വത്തിന്റെ കണ്ണിൽ സ്ത്രീശരീരം തന്റെ സ്വാർത്ഥതയ്ക്കനുസരിച്ച് ചെത്തിമിനുക്കാനുള്ള അധികാരം പുരുഷനുണ്ട്. മതാചാരമെന്ന പേരിൽ പെൺകുട്ടികളെയും ചേലാകർമ്മത്തിനു വിധേയരാക്കുന്ന സുഡാനികളെക്കുറിച്ച് നോവലിൽ പരാമർശിക്കുന്നുണ്ട്. പരിഷ്കാരികളും വിദ്യാസമ്പന്നരുമൊക്കെയായ രക്ഷിതാക്കൾപോലും ഇത്തരം കാട്ടാളത്തിനു കൂട്ടുനിൽക്കുന്നത് സബിത ഞെട്ടലോടെയാണ് കാണുന്നത്. പുരുഷന് ലൈംഗികതയും സ്ത്രീക്ക് അലൈംഗികതയുമാണ് പുണ്യം എന്നാണ് പുരുഷകേന്ദ്രിതമായ സമൂഹത്തിന്റെ വിശ്വാസം.

റഷീദും മതത്തെക്കുറിച്ചറിയാനും മതത്തിലൂടെ യാത്രചെയ്യാനും ശ്രമിക്കുന്നുണ്ട്. മക്കയിൽവച്ച് റഷീദ് നൂറ്റാണ്ടുകൾക്കപ്പുറത്തുനിന്നുവന്ന ഒരു മനുഷ്യനെ കണ്ടുമുട്ടുന്നു. ഇസ്ലാമിക നിയമവാഴ്ചയെക്കുറിച്ച് വ്യത്യസ്തമായ ചിന്തകൾ അയാൾ റഷീദിലേക്ക് പകരുന്നു. മതപരമായ കാര്യങ്ങളെക്കുറിച്ച് തുറന്നചർച്ചയ്ക്കൊരുങ്ങുന്ന റഷീദ് യാഥാസ്ഥിതികത്വത്തിൽ ഉറച്ചുനിൽക്കുന്ന പുരുഷനല്ല.

എന്നും അല്ലാഹുവിന്റെ വാക്കുകൾ പിൻതുടരുക, സ്ഥിരമായി സ്ത്രീക്കും പുരുഷനും ഇണചേർന്നു ജീവിക്കാനുള്ള ഒരു നിയമപരമായ ഉടമ്പടിയാണ് വിവാഹം, വിശ്വസ്തതയോടെ വിശുദ്ധിയോടെ ജീവിക്കുക, ഭർത്താവിന്റെ അഭീഷ്ടപ്രകാരം സന്താനോല്പാദനം നടത്തുക എന്നിങ്ങനെയുള്ള നിയമങ്ങൾ അതുപോലെ അനുസരിക്കാൻ സബിത തയ്യാറായിരുന്നില്ല. സബിതയുടെ മതപഠനം അപൂർണമായതുകൊണ്ടാണ് വഴിമാറിചിന്തിക്കുന്നതെന്നായിരുന്നു സുഹൃത്തായ ഡോക്ടർ കണ്ടെത്തുന്നത്. ഖുറാൻ വചനങ്ങളുടെ ആശയം സന്ദർഭങ്ങൾ വിവരിച്ച് കാലത്തിനും സംസ്കാരത്തിനുമനുസരിച്ച് വ്യാഖ്യാനിക്കാത്തതുകൊണ്ടാണ് പല ദുരാചാരങ്ങളും ഇസ്ലാമിന്റെ ജീവിതത്തിന്റെ ഭാഗമായതെന്നു കണ്ടെത്തുന്ന സബിതയ്ക്ക് സ്വയം പഠിക്കാനും അന്വേഷിക്കാനുമായിരുന്നു ഇഷ്ടം. നന്മയെ നഷ്ടപ്പെടുത്തിയാലും ആചാരങ്ങൾ കൈവിടില്ല എന്നു വിശ്വസിക്കുന്ന ഒരു സമൂഹത്തെ മാറ്റിയെടുക്കുക എളുപ്പമല്ല എന്നു സബിത തിരിച്ചറിയുന്നു.

രണ്ടാംവിവാഹക്കാരിക്ക് പെൺപണം കുറച്ചുനൽകിയാൽ മതി, കന്യകയ്ക്കു കൂടുതൽ പെൺപണം നൽകണം. മതത്തിലും വേദഗ്രന്ഥങ്ങളിലും പുരുഷന്റെ മേൽക്കോയ്മ അവളെ പീഡിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

മനസ്സിൽ മുറിവുകളുമായാണ് മുസ്ലീംസ്ത്രീകൾ കഴിയുന്നത്. "മുറിവേറ്റ സിംഹങ്ങൾ മുരളാതിരിക്കില്ല, അവ അഴികളിൽ ശക്തമായി മാന്തുന്നുമുണ്ട്" എന്ന് സബിത ചിന്തിക്കുന്നു. എത്രകാലം അടിച്ചമർത്തിയാലും സ്ത്രീയുടെ പ്രതിഷേധം പുറത്തുവരാതിരിക്കില്ല. ആശുപത്രിയിലെത്തുന്ന അറബിപ്പെണ്ണുങ്ങൾ ചികിത്സയെക്കുറിച്ച് നിരവധി സംശയങ്ങൾ ചോദിക്കും. ചികിത്സയിൽ വരുന്ന ചെറിയ പിഴവുകൾ അവർ ക്ഷമിച്ചിരുന്നില്ല. ശക്തമായി പ്രതികരിക്കുന്നവരാണവർ. പക്ഷേ പുരുഷന്റെ സ്വാർത്ഥതയ്ക്കു വഴങ്ങാനും അവരെ ആകർഷിക്കാനും അവർ നിരന്തരം ശ്രമിക്കുകയും സന്തോഷത്തോടെ വിധേയത്വം സ്വീകരിക്കുകയും ചെയ്യുന്നു. സ്ത്രീകളെ ശബ്ദമില്ലാത്ത, എളുപ്പം തളയ്ക്കാവുന്ന അനുസരണയുള്ള മൃഗങ്ങളാക്കിമാറ്റാൻ അധികാരികൾക്കു കഴിയുന്നു. അതിനുള്ള ശക്തമായ ആയുധങ്ങളാണ് വിശുദ്ധഗ്രന്ഥവും നബിവചനങ്ങളും

കനേഡിയൻ എഴുത്തുകാരി ആലിസൺ വിയറിംഗ് ഇറാൻസന്ദർശനത്തിന്റെ അനുഭവങ്ങൾ വിവരിക്കുമ്പോൾ മുസ്ലീംസ്ത്രീകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പീഡനങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഒരു ഇറാനി പുരോഹിതൻ പറയുന്നു, "സ്വാതന്ത്ര്യം വിലകൊടുത്തോ നിയമംമുഖേനയോ വാങ്ങേണ്ട വസ്തുവല്ല. അത് ഉള്ളിൽ അനുഭവിക്കേണ്ട ഒരവസ്ഥയാണ്." അതായത് പർദ്ദയ്ക്കുള്ളിലെ ഇറാനിസ്ത്രീകളുടെ ഹൃദയത്തിൽ വേണ്ടുവോളം സ്വാതന്ത്ര്യമുണ്ടെന്ന്. ഭാര്യമാർക്കിടയിൽ തെറ്റിദ്ധാരണകൾ വളർന്ന പശ്ചാത്തലത്തിലാണ് ഭാര്യമാരെ പുറംലോകവുമായുള്ള ബന്ധത്തിൽനിന്നകറ്റാൻ പ്രവാചകൻ മുതിർന്നത്. സ്ത്രീ വീടിനകത്തുതന്നെ ഇരിക്കണം, പുറത്തിറങ്ങുമ്പോൾ ആസകലം മറയ്ക്കണം. പല മുസ്ലീം രാഷ്ട്രങ്ങളിലും വിപ്ലവകാരികളായ സ്ത്രീകൾ പർദ്ദ വലിച്ചെറിഞ്ഞ് തെരുവിലേക്കിറങ്ങിയതായി ചരിത്രസംഭവങ്ങൾ രേഖപ്പെടുത്തുന്നു. എന്നാൽ സൗദി അറേബ്യയിൽ നിയമങ്ങൾ കുറേക്കൂടി കർശനമായിരുന്നു. റിയാദിൽ ജനിച്ചുവളർന്ന ഡോക്ടർ രജാഅൽസാനിയ 'റിയാദിലെ പെൺകുട്ടികൾ' എന്ന പുസ്തകത്തിൽ സൗദിയിലെ പെൺകുട്ടികളുടെ മനസ്സുതുറക്കുന്നു. കഥപറയാൻ ഇ-മെയിൽ സങ്കേതമുപയോഗിച്ച ഈ രചന സൗദിസർക്കാർ നിരോധിച്ചു. എഴുത്തുകാരിക്കുനേരെ വധഭീഷണിയുയർന്നു. എന്നിട്ടും പുസ്തകം രഹസ്യമായി പ്രചരിക്കപ്പെട്ടു. പർദ്ദയ്ക്കുള്ളിൽ രോഷം തിളച്ചു. നാലു പെൺകുട്ടികളുടെ കഥ പറയുമ്പോൾ ഒരിക്കലും വ്യവസ്ഥിതിയെ വെല്ലുവിളിക്കുന്നില്ല. എല്ലാനിമയങ്ങളും അനുസരിച്ചുകൊണ്ടുതന്നെ സ്ത്രീക്കും മനസ്സും സ്വപ്നങ്ങളും ഉണ്ടെന്ന് പ്രഖ്യാപിച്ച കഥാപാത്രങ്ങളാണവർ.

സാഹിത്യസൃഷ്ടികളിലൂടെ അസമത്വത്തെയും അനീതിയെയും എതിർത്ത നിരവധി എഴുത്തുകാരികളുണ്ട്.

ഇറാക്കിൽ കൂട്ടക്കൊലചെയ്യപ്പെട്ടവരാണ് നബിയുടെ പൗത്രൻ ഹുസൈനും കുടുംബവും. അവരിൽ ബാക്കിയായത് ഹുസൈന്റെ സ്വാതന്ത്ര്യദാഹിയായ മകൾ സുകൈന മാത്രം. അവളുടെ കഥ വായിച്ചപ്പോൾ കേരളത്തിലെ താത്രിക്കുട്ടിയെ സബിത ഓർത്തു. പുരുഷകാപട്യത്തിനെതിരെ ശബ്ദമുയർത്തിയവർ വേറെയുമുണ്ട്. സ്വാതന്ത്ര്യത്തിനുവേണ്ടി ഇറങ്ങിത്തിരിച്ച വിപ്ലവകാരിയായ അവളെ അറബികൾ വിളിച്ചത് 'ബർസ' എന്നാണ്. 'മുഖം മറയ്ക്കാത്തവൾ', 'തലകുനിക്കാത്തവൾ' എന്നൊക്കെയാണ് ആ വാക്കിന്റെ അർത്ഥം.

സബിതയ്ക്ക് സൗദിയിലെ ജീവിതം അസഹ്യമായിത്തോന്നിത്തുടങ്ങിയത് റഷീദും മാനസികമായ അകൽച്ച കാണിച്ചതോടെയാണ്. എത്ര ലോകപരിചയമുണ്ടായാലും പുരുഷന്റെ മനസ്സിലെ ആധിപത്യമനോഭാവം കുറയില്ല എന്നവൾ തിരിച്ചറിഞ്ഞു. ഔദ്യോഗികജീവിതത്തിലും പല സന്ദർഭങ്ങളിൽ അവളുടെ മനസ്സിൽ രോഷം പതഞ്ഞുപൊങ്ങിയിട്ടുണ്ട്. അവളുടെ പ്രതിഷേധം സൗദിയുടെ നിയമങ്ങൾക്കും ആചാരങ്ങൾക്കും മുന്നിൽ എരിഞ്ഞടങ്ങി. നാട്ടിലേക്ക് മടങ്ങാൻ അവൾ തീരുമാനിച്ചു. മതഗ്രന്ഥങ്ങൾ വായിച്ചും ആത്മീയകാര്യങ്ങളിൽ മുഴുകിയും സ്വയംതീർത്ത ഏകാന്തതയിൽ കഴിയുന്ന റഷീദിനും സബിതയുടെ തീരുമാനത്തെ അനുകൂലിക്കേണ്ടിവന്നു. യാത്രപറയാനെത്തിയ സബിതയോട് ഡോക്ടർ ആസ്യ പറയുന്നു, "നിങ്ങൾക്ക് നിലയ്ക്കാത്ത ഇച്ഛാശക്തിയും തിരിച്ചറിവുകളുമുണ്ട്. നാട്ടിലെത്തിയാൽ അവ ഇസ്ലാമിന്റെ വളർച്ചയ്ക്കുവേണ്ടി ഉപയോഗിക്കുക." സൗദിയിലെ ഓരോ പെണ്ണിന്റെയും ഉള്ളിൽ ഈ തിരിച്ചറിവുണ്ടാകും. പക്ഷേ വ്യവസ്ഥിതിക്കുമുന്നിൽ അവരുടെ പ്രതിഷേധങ്ങൾ ദുർബലമാകുന്നുവെന്നുമാത്രം.

ഏഴുകൊല്ലത്തെ സൗദിയിലെ ജീവിതത്തിൽനിന്ന് എന്താണ് കിട്ടിയതെന്ന ചോദ്യത്തിന് സബിത വ്യക്തമായ ഉത്തരം നൽകുന്നുണ്ട്. അവൾ ഇസ്ലാമിൽനിന്ന് വെള്ളവും വളവും ശേഖരിച്ചിട്ടുണ്ട്. അതിലെ സാമൂഹികസമത്വം, സാഹോദര്യം, മതം ആവശ്യപ്പെടുന്ന സാമൂഹ്യപ്രതിബദ്ധത, അതിന്റെ ചരിത്രത്തിലുറങ്ങുന്ന വിപ്ലവാംശം, റഷീദിനോടുള്ള അഗാധപ്രണയം ഇതൊക്കെയാണ് സബിതയെ ആകർഷിച്ചത്. ഇസ്ലാംമതത്തിന്റെ നന്മകൾ കണ്ടെത്താൻ ഏഴുവർഷത്തെ പ്രവാസജീവിതത്തിലെ അന്വേഷണം അവളെ സഹായിച്ചു. "എവിടെനിന്നൊക്കെ

വെള്ളവും വളവും വലിച്ചെടുത്താലും മരങ്ങളെല്ലാം ആകാശം സ്വപ്നംക ണ്ടുതന്നെ വളരുന്നു. അവിടേക്കുതന്നെ കൈകളും ചില്ലകളുമുയർത്തുന്നു." സ്ത്രീസ്വാതന്ത്ര്യത്തിന്റെയും ആത്മീയതയുടെയും അംശങ്ങൾ ഇഴചേ ർന്നുകിടക്കുന്ന ഈ വാക്കുകൾ സബിതയുടെ മതമെന്തെന്നു വ്യക്തമാ ക്കുന്നു. മഫ്തയിൽനിന്നു കുതറിയ ചെമ്പൻ ചുരുൾമുടിയിഴകൾ അതിരി ടുന്ന സബിതയുടെ സ്വർണ്ണമുഖത്തിന് ചരിത്രത്തിൽ താനെവിടെയോ കണ്ടുമുട്ടിയ പെൺമുഖത്തോടു സാദൃശ്യമുണ്ടല്ലോ എന്നു റഷീദ് ചിന്തി ക്കുമ്പോഴാണ് നോവൽ അവസാനിക്കുന്നത്.

സബിതയുടെ പ്രവാസജീവിതം, സൗദിയിലെ സ്ത്രീകളുടെ അവസ്ഥ, അവിടുത്തെ ജീവിതം, ജോലിതേടി സൗദിയിലെത്തി എന്നും രണ്ടാംകിട പൗരത്വം അനുഭവിക്കുന്ന വിദേശികൾ എന്നിങ്ങനെ നിരവധി കാര്യങ്ങൾ പറഞ്ഞുതീർക്കാനുള്ള വ്യഗ്രതയിൽ നോവൽ പലപ്പോഴും വെറും വിവരണമായിപ്പോകുന്നുണ്ട്. ഈ നോവലിന്റെ ശില്പഭംഗിയോ നോവലിസ്റ്റിന്റെ രചനാതന്ത്രമോ ഒന്നും ആരും ചർച്ച ചെയ്യാനിടയില്ല. പ്രമേയമാണ് ഈ നോവലിന്റെ കരുത്ത്. റഷീദിനു വേണ്ടി മതം മാറിവന്ന സബിതയെയാണ് നോവലിസ്റ്റ് കേന്ദ്രകഥാപാ ത്രമാക്കിയത്. മുസ്ലീംസമുദായത്തിൽ ജനിച്ചുവളർന്ന ഒരു പെണ്ണാണ് ഇങ്ങനെ പ്രതിഷേധം പ്രകടിപ്പിച്ചിരുന്നതെങ്കിൽ കൂടുതൽ എതി ർപ്പുകൾ ഈ കൃതി ഏറ്റുവാങ്ങുമായിരുന്നു. പല അദ്ധ്യായങ്ങളും ചില ആശയങ്ങളുടെ ചർച്ചകളായിത്തന്നെയാണ് അവതരിപ്പിക്കുന്നത്.

സ്ത്രീ അവളുടേതായ ഇടം കണ്ടെത്തേണ്ടതുണ്ട്. ഏതു നാട്ടിലായാ ലും ഏതു മതത്തിലായാലും ബഹുഭൂരിപക്ഷം സ്ത്രീകളും അവഗണിക്ക പ്പെടുന്നു. അവർക്കിടയിൽനിന്ന് ചരിത്രബോധത്തോടെ, ഇച്ഛാശക്തി യോടെ തങ്ങളുടെ ജീവിതത്തെ വായിക്കാനും പ്രതിഷേധിക്കാനും അത് ആവിഷ്കരിക്കാനും കഴിയുന്നവർ ഇനിയും മുന്നോട്ടുവന്നേ മതിയാകൂ എന്നാണ് ഈ നോവൽ വായനക്കാരെ ബോദ്ധ്യപ്പെടുത്തുന്നത്.

ദീപ ആർ.വി.എം.
ഗവേഷക, കാര്യവട്ടം കാമ്പസ്,
കേരളയൂനിവേഴ്സിറ്റി.

# അതിജീവനത്തിന്റെ ജൈത്രയാത്ര

മനുഷ്യമനസ്സിലെ വികാരവിചാരങ്ങളുടെ ആവിഷ്കാരമാണ് സാഹിത്യത്തിൽ നിർവ്വഹിക്കപ്പെടുന്നത് എന്നതു തർക്കമറ്റ സംഗതിയാണല്ലോ. അതിൽ ആനുകാലികവിഷയങ്ങളുടെ പ്രസക്തി അനുസരിച്ച് സാഹിത്യം; ഫെമിനിസം, ദളിത്ചിന്തകൾ, കമ്പ്യൂട്ടർയുഗം, പോർണോഗ്രഫി, അസ്തിത്വവാദം, അലിഗറി, ആധുനികോത്തരത, ആഗോളവല്ക്കരണം എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളെ ഉൾക്കൊള്ളുന്നു. സാഹിത്യത്തിനു പല നിർവ്വചനങ്ങളുണ്ട്. തോൺഡൺ വൈൽഡർ പറയുന്നു. കഴമ്പില്ലാത്ത പ്രസ്താവങ്ങളുടെ ഉപകരണസംഗീതാലാപനമാണ് സാഹിത്യമെന്ന്. ജീവിതത്തിന് എപ്പോഴും പ്രതീക്ഷ നല്കുന്നതാണ് സാഹിത്യമെന്നാണ് ഓസ്കാർവൈൽഡ് പറയുന്നത്. തോമസ് ഡിക്വീൻസിയുടെ അഭിപ്രായത്തിൽ, സാഹിത്യം രണ്ടുവിധത്തിലുണ്ട്. ഒന്നാമത്തേത് അറിവിന്റെ സാഹിത്യം, രണ്ടാമത്തേത്, ശക്തിയുടെ സാഹിത്യം. അറിവിന്റെ സാഹിത്യം പഠിപ്പിക്കുക എന്ന കൃത്യം നിർവ്വഹിക്കുന്നു. ശക്തിയുടെ സാഹിത്യം ചലിപ്പിക്കുന്നു. സ്ത്രീ ജീവിതത്തിലും സാഹിത്യത്തിലും തിരിച്ചറിവിന്റെ മേഖലയിലേക്കു കടന്നു വന്നിരിക്കുന്നു എന്നതു പ്രധാന കാര്യമാണ്. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള അറിവ് അവളെ ചലിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. പ്രത്യേകിച്ച് അധഃകൃത വർഗ്ഗത്തിലുള്ള സ്ത്രീകൾ. എല്ലാവിധ ചൂഷണങ്ങൾക്കും വിധേയരാകുന്ന സ്ത്രീ മാത്രമല്ല, പുരുഷനും ദലിത് എന്നറിയപ്പെടുന്നു. ദലിത് എന്ന പദം പ്രചാരത്തിൽ കൊണ്ടു വന്നത് 1970-കളുടെ

ആദ്യം മഹാരാഷ്ട്രയിൽ രൂപം കൊണ്ട ദലിത് പാന്തർ പ്രസ്ഥാനമാണ്. വാച്യാർത്ഥം അടിച്ചമർത്തപ്പെട്ട എന്നാണ്. ഇന്നലെ വരെ അമർത്തിപ്പിടിച്ച ശബ്ദത്തിന്റെ, വിചാരത്തിന്റെ, അഭിലാഷങ്ങളുടെ ആവിഷ്കാരമാണ് ദലിത്സാഹിത്യത്തിലടങ്ങിയിരിക്കുന്നത്. ആയിരക്കണക്കിനു വർഷങ്ങൾക്കുശേഷമാണ് ദലിത് ജീവിതം, സാഹിത്യത്തിൽ അടയാളപ്പെടുത്താൻ തുടങ്ങിയത്. ദലിതരുടെ ദുഃഖങ്ങൾക്കു ബഹിർഗമനം ഉണ്ടായിരിക്കുന്നു. ദലിത് സാഹിത്യമെന്നാൽത്തന്നെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സാംസ്കാരിക പ്രവൃത്തിയും മനുഷ്യാവകാശങ്ങൾക്കു വേണ്ടിയുള്ള അക്ഷീണമായ പോരാട്ടവുമാണ്.

ബാബുറാവു ബാഗുലിന്റെ അഭിപ്രായത്തിൽ, ദലിത് സാഹിത്യത്തിന്റെ കേന്ദ്രബിന്ദു മനുഷ്യനാണ്. മനുഷ്യന്റെ ഇമ്പങ്ങളും തുമ്പങ്ങളും ആവിഷ്കരിക്കുന്ന ദലിത് സാഹിത്യം അവനെ വിപ്ലവത്തിലേക്ക് നയിക്കുന്നു. അവനെ മഹത്വമുള്ളവനായി കണക്കാക്കുന്നു. അവനിൽ വിഭാഗീയത പ്രചരിപ്പിക്കുന്നില്ല. പകരം അന്യോന്യം സ്നേഹിക്കാൻ പഠിപ്പിക്കുന്നു. ഭാരതീയ ദലിത് സാഹിത്യ അക്കാദമി കേരളഘടകത്തിന്റെ അധ്യക്ഷൻ എരുമേലി വിജയന്റെ അഭിപ്രായത്തിൽ, ദലിത് സാഹിത്യം ദലിത് സമുദായത്തിൽ ജനിച്ച ഒരുവൻ തന്നെ എഴുതുന്നതായിരിക്കണമെന്നില്ല.... ദലിത് സാഹിത്യം ജാതി സാഹിത്യമല്ല. ജാതി നശീകരണത്തിനും സമത്വത്തിനും വേണ്ടി പോരാടുന്ന വിപ്ലവകാരികളുടെ സാഹിത്യമാണ് (പുരുഷോത്തമൻ കെ.സി., ദലിത് സാഹിത്യ പ്രസ്ഥാനം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, പുറം 83). ദലിത് എഴുത്തുകാരന് ദലിത് കാഴ്ച്ചപ്പാടുകൾ ഉണ്ടായിരിക്കണം.

മാറ്റങ്ങൾക്കു വേണ്ടിയുള്ള കലാപങ്ങളുടെ ചിഹ്നമാണ് ദലിതർ. അത് ഒരു ജാതിയല്ല. പരിവർത്തനത്തിന്റെയും വിപ്ലവത്തിന്റെയും പ്രതീകമാണത്. ഈ രാജ്യത്തെ ചൂഷിതരെ അതു പ്രതിനിധാനം ചെയ്യുന്നു. അടിമ ഉടമ ബന്ധത്തിന്റെ അനുഭവസാക്ഷ്യങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ചരിത്രം എന്നു പറയുന്നത് മനുഷ്യന്റെ അനേകം മുഖങ്ങളാണെന്നു അഴീക്കോട് ചൂണ്ടിക്കാട്ടുന്നു(സുകുമാർ അഴീക്കോട്, ഭാരതീയത, ഡി.സി.ബുക്സ്, കോട്ടയം, 1999, പുറം17). അധികാരവും ജനതയും തമ്മിലുള്ള ബന്ധത്തിന്റെ രേഖയാണ് ചരിത്രത്തിൽ അടയാളപ്പെടുത്തുന്നത്. അടിമ ഉടമ വ്യവസ്ഥയിൽ നിന്നും സാമൂഹികസമത്വത്തിന്റെ ശുദ്ധവായു ശ്വസിക്കുവാൻ മനുഷ്യൻ അനവരതം നടത്തിയ സംഘട്ടനങ്ങളുടെ സുദീർഘമായ കഥയാണ് ചരിത്രം (കരീം

സി.കെ., ചരിത്രപഠനങ്ങൾ, ചരിത്രം പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1984, പുറം 19). ഓരോ സമൂഹത്തിലും ഏതെങ്കിലും ഒരു വർഗ്ഗം സമൂഹത്തിന്റെ ഉല്പാദനവിഭവങ്ങളെ കയ്യടക്കിവെച്ച് മൃഗീയഭൂരിപക്ഷത്തെ അടക്കി ഒതുക്കി കഴിഞ്ഞിട്ടുണ്ട്. അവശത അനുഭവിച്ച വർഗ്ഗങ്ങൾ സംഘടിതമായി എതിർത്തിട്ടുമുണ്ട്.... അടിമകൾ ഉടമകൾക്കെതിരെ സമരം ചെയ്തു. ഇന്ന് കുടിയാൻ ജന്മിക്കെതിരായി സമരം ചെയ്യുന്നു. തൊഴിലാളികൾ മുതലാളികൾക്കെതിരെയും.... എന്നും താല്പര്യങ്ങളും ആശയങ്ങളും അഭിലാഷങ്ങളും തമ്മിൽ സംഘട്ടനങ്ങൾ നടക്കാതെ നിർവ്വാഹമില്ല, അവിരാമമായ സംഘട്ടനത്തിന്റെ കഥയാണ് മനുഷ്യചരിത്രം (കരീം സി.കെ., ചരിത്ര പഠനങ്ങൾ, പുറം18-29).

വയനാട്, അട്ടപ്പാടി ജില്ലകളിൽ അടിച്ചമർത്തപ്പെട്ട ചൂഷിതരുടെ നിലവിളി ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. വർഷങ്ങളോളം അദ്ധ്വാനിച്ച ഭൂമി തങ്ങളുടെ പേരിൽ സ്വന്തമായി കിട്ടുന്നതിനും വേതനത്തുക ന്യായമായി വർദ്ധിപ്പിക്കുന്നതിനും അവർ ശബ്ദം മുഴക്കിക്കൊണ്ടിരിക്കുന്നു. പഴയകാലത്ത് നിലനിന്നിരുന്ന അവകാശസമരങ്ങളുടെ ബാക്കിപത്രമെന്നോണം ആ ശബ്ദം അവശേഷിക്കുന്നു. ആദിവാസി ചരിത്രത്തിലേക്കു കണ്ണോടിക്കുകയാണെങ്കിൽ, മാനന്തവാടിയ്ക്കരികിലാണ് വള്ളിയൂർക്കാവ് ക്ഷേത്രം. പണ്ട് അടിയരേയും പണിയരേയും അടിമകളാക്കുന്ന കരാർ ഇവിടെ വെച്ചാണ് ജന്മികൾ ഉറപ്പിച്ചിരുന്നത്. പണം പറ്റുന്ന ആദിവാസിയും കുടുംബവും ആ ഭൂവുടമയ്ക്കുവേണ്ടി ജീവിതകാലം മുഴുവൻ ജോലിയെടുക്കണം എന്നാണു നിബന്ധന. എന്നാൽ അവർക്കു സ്വന്തമായൊന്നും ലഭിക്കുകയില്ല. ചരിത്രം പരിശോധിക്കുമ്പോൾ, പെരുമാട്ടി പഞ്ചായത്തിൽ നടന്ന കോളവിരുദ്ധസമരത്തിനു നേതൃത്വം കൊടുത്തത് ഗോത്രവർഗ്ഗമായ ഇരവാലൻ സമൂഹത്തില്പ്പെട്ട മയിലമ്മയായിരുന്നു എന്നു കാണാവുന്നതാണ്. കേരളത്തിലെ ആദിവാസി വിഭാഗത്തില്പ്പെട്ട സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ സമരങ്ങളുണ്ടായത് ഏവർക്കുമറിയാവുന്നതാണ്. ഇടം നഷ്ടപ്പെട്ട ഒരു ജനസമൂഹത്തോട് പരിഷ്കൃതലോകം ചെയ്ത തെറ്റുകൾ അനേകമാണ്. വിശ്വാസങ്ങളും പാരമ്പര്യങ്ങളും തനതു ശൈലിയിൽ തുടരുന്ന ആദികുലങ്ങൾ ഇന്നു തിരിച്ചറിവിന്റെ പ്രകാശത്തിൽ മുന്നേറുവാൻ തുടങ്ങുന്നു.

പുരോഗതിയുടെ കാര്യത്തിൽ ഇന്നും പുറകിൽ നില്ക്കുന്നവരാണ് കാട്ടുനായ്ക്കർ, തേൻകുറുമർ, ജേനു കുറുമ്പൻ എന്നിവർ. വനവിഭവങ്ങളായ

തേൻ, കാട്ടുകിഴങ്ങ്, കായ്കനികൾ, പുഴമത്സ്യം എന്നിവയെ ആശ്രയിച്ചാണവർ കഴിയുന്നത്. മുള ഉരസിയാണ് തീ ഉണ്ടാക്കിയിരുന്നത്. പ്രാകൃതരായിക്കഴിയുന്ന ഒരു വിഭാഗം. കാടിന്റെ നായകൻമാരായ ഇവർ കാട്ടുനായ്ക്കന്മാരായി. പണ്ടുകാലത്ത് മലയുടെ അടിവാരങ്ങളിലും ഗുഹകളിലും താമസിച്ചിരുന്ന ഇവർ മലാടി എന്ന പേരിലും അറിയപ്പെട്ടിരുന്നു. ചെറുകോളനികളിലായിട്ടാണ് താമസം. കുടിലുകൾ മെടല (ഗോഡ) കൊണ്ടുണ്ടാക്കിയതായിരിക്കും. അതായത് മുള തല്ലി തട്ടിയായി അടിക്കുന്നു. അതിന്റെ അകവും പുറവും മണ്ണു തേച്ചു കുഴച്ചു തേയ്ക്കും. മേല്ക്കൂര പുല്ലു മേഞ്ഞതായിരിക്കും. വസ്ത്രധാരണരീതിയിൽ വലിയ ആഡംബരമൊന്നും അവർക്കില്ല. നീളമുള്ള ചേലയാണ് സ്ത്രീകൾ ധരിക്കുന്നത്. അരയ്ക്കു ചുറ്റിയ വസ്ത്രത്തിന്റെ മറുതല തന്നെ മാറു മറയ്ക്കാനും ഉപയോഗിക്കുന്നു.

ദലിത് കഥ, കഥാസാഹിത്യത്തിൽ പുതിയൊരു സാമൂഹികമാനം കൈവരുത്തി. മലയാളത്തിൽ ടി.കെ.സി.വടുതലയും സി.അയ്യപ്പനുമാണ് ചെറുകഥാരംഗത്ത് മുന്നിട്ടു നില്ക്കുന്നത്. ജാതീയങ്ങളായ പരാധീനതകൾകൊണ്ട് അടിച്ചമർത്തപ്പെട്ട ദലിതരുടെ ആത്മീയവിക്ഷോഭങ്ങളുടെ ഞെരുക്കം ടി.കെ.സി.യുടെ കഥകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. സി.അയ്യപ്പനാകട്ടെ, ദലിത് ജീവിതാവസ്ഥയുടെ ആന്തരിക സംഘർഷങ്ങൾ കഥകളിൽ ചിത്രീകരിച്ചിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തമായി ദലിതരുടെ ആഗ്രഹങ്ങൾ വിപ്ലവവീര്യത്തിനു വഴിമാറുന്ന ജീവിതയാഥാർത്ഥ്യമാണ് എം.മുകുന്ദൻ 'കാമവും വിപ്ലവവും' എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്. കാട്ടുനായ്ക്കരുടെ ജീവിതപരിച്ഛേദമാണ് കഥയുടെ കേന്ദ്രപ്രമേയം. ആലക്കോരി ചന്തയിൽവെച്ച് മുളങ്കുറ്റികളിൽ തേൻ നിറച്ച് വില്ക്കുവാൻ പോയി തിരിച്ചുവരുന്ന തുള്ളിച്ചിയെ സ്വന്തമാക്കുവാൻ ആഗ്രഹിക്കുന്ന തലമുറിയൻ ആദിവാസി ജീവിതത്തിന്റെ പരിച്ഛേദമാണ്. ഈ കഥയിലൂടെ വെളിപ്പെടുന്ന തേനിന്റെ വില്പനയെക്കുറിച്ചുള്ള ചർച്ചയിൽ നിന്നും രണ്ടുപേർക്കും കണക്കു കൈകാര്യം ചെയ്യാൻ കഴിയാത്ത അവസ്ഥ വ്യക്തമാകുന്നുണ്ട്. അത് ഇന്നും ചിലയിടങ്ങളിൽ നിലനില്ക്കുന്ന അവസ്ഥയാണ്. കണക്കുകളും കണക്കുകൂട്ടലുകളുമില്ലാതെ അന്നന്നുവേണ്ട ആഹാരത്തിനു വേണ്ടി അത്യദ്ധ്വാനം ചെയ്യുന്ന മനുഷ്യക്കോലങ്ങൾ. നിരന്തരമായ ചൂഷണം ചിലപ്പോഴെല്ലാം അവരുടെ പ്രതിരോധശേഷിയെ ചലിപ്പിക്കുന്നുണ്ട്.

ആദിവാസി ഭഗവതിയായ കള്ളത്തി ഭഗവതിയെക്കുറിച്ചു പറയുന്നുണ്ട്. ഭഗവതിയുടെ കുരുത്തോലമുടിയിൽ ഫണം വിടർത്തി നില്ക്കുന്ന പറക്കും പാമ്പുകളെ കാണാം. കാവിലെ ആട്ടം കഴിഞ്ഞാൽ പാമ്പുകൾ

തിരികെ മുരിക്കിൻ മുകളിൽ പറന്നു ചെന്നിരിക്കും. ചത്ത പശുവിന്റെ ഇറച്ചിതിന്ന് അമ്മ ചത്തു പോയിരിക്കുന്നു. കുപ്പയിൽ പുരയുള്ള ആദിവാസികളുടെ ഭക്ഷണം വൃത്തിയില്ലാത്തതാണെന്നു സൂചിപ്പിക്കപ്പെടുന്നു. ആദിവാസി പേരുകൾ, തന്തയുടെ പേര് നായിന്റെ മോൻ എന്നും തള്ളയുടെ പേര് തേവിടിച്ചി എന്നുമാണ്. കഥാനായികയായ തുള്ളിച്ചി നിരക്ഷരയാണെങ്കിലും തന്റെ ചാരിത്ര്യം കാത്തുസൂക്ഷിക്കാൻ അവൾ ബദ്ധശ്രദ്ധയാണ്. സ്വന്തം വർഗ്ഗത്തിൽ നിന്നുപോലും അവൾക്കു സുരക്ഷിതത്വം അനുഭവപ്പെടുന്നില്ല. ജീവിതം പുലർത്താൻ രാപകൽ തേൻ വിറ്റ് തിരിച്ചുവരുന്ന തുള്ളിച്ചിയെ പിന്തുടർന്ന തലമുറിയനിൽ നിന്നും അവൾ തുണി വലിച്ചു പറിച്ചായാലും രക്ഷപ്പെടുന്നുണ്ട്. എന്നാൽ ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും നിസ്സഹായയായ സ്ത്രീ ചിത്രം കഥാകൃത്ത് ആവിഷ്കരിക്കുന്നുണ്ട്. ദേഷ്യം പോയ തുള്ളിച്ചി തലമുറിയനെ അന്വേഷിക്കാൻ തുടങ്ങുന്നു.അവന്റെ കുടിയിലെത്തി. എന്തുതന്നെ നല്കാമെന്നു പറഞ്ഞിട്ടും ചെറ്റവാതിലിൽ തല ചായ്ച്ചു വെച്ച് തേങ്ങിക്കരഞ്ഞിട്ടും തലമുറിയൻ വഴങ്ങിയില്ല. ഇവിടെ കാമം വിപ്ലവത്തിലേക്കു വഴി മാറുന്നു.

"ഈങ്കിലാബ് സിന്ദാബാദ്. രക്തസാക്ഷികൾ സിന്ദാബാദ്...". അവകാശങ്ങൾക്കു വേണ്ടിയുള്ള സമരം ആദിവാസികൾ ആരംഭിച്ചു കഴിഞ്ഞു. ഉറച്ചതീരുമാനത്തോടെയുള്ള മുന്നേറ്റങ്ങൾ ആദിവാസി ചരിത്രത്തിന്റെ താളുകളിൽ കുറിക്കപ്പെട്ടുകഴിഞ്ഞു എന്നതിന്റെ സൂചനയാണ് ഈ കഥ.

പ്രണയത്തിന്റെ ആർദ്രകാല്പനികതയ്ക്കു പകരം കീഴാളജീവിതത്തിലെ താളപ്പിഴകളും സ്വപ്നങ്ങളും കൂട്ടിച്ചേർത്തു വായിക്കാൻ ശ്രമിക്കുന്ന കാഥികൻ രാഷ്ട്രീയത്തിന്റെ വിപ്ലവവീര്യത്തിലേക്കു കൂടി കഥാപ്രമേയം വ്യതിചലിപ്പിക്കുന്നു. വിപ്ലവം സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി മാത്രമായിരിക്കരുത്, അതൊരു വിമോചനസമരം തന്നെയാകണമെന്നും മാറ്റങ്ങൾക്കു തുടക്കം കുറിക്കുവോളം അതിനു അന്ത്യം സംഭവിക്കരുത് എന്നും വ്യക്തമാക്കുന്നു. ഇന്നും ആദിവാസി കോളനികളിലെ വിമോചനസ്വരം തുടരുന്നുണ്ട്. ആവശ്യങ്ങൾ പലതാണ്. വിദ്യാഭ്യാസത്തിനു വേണ്ടി, ഭൂമിക്കു വേണ്ടി, അടിസ്ഥാനസൗകര്യങ്ങൾക്കു വേണ്ടി, പുരോഗതിക്കു വേണ്ടി അങ്ങനെയങ്ങനെ. ഈയടുത്ത ദിനങ്ങളിൽ മൂന്നാർ തോട്ടം മേഖലയിലെ കുറഞ്ഞ വേതനം 500 രൂപയാക്കണമെന്ന ആവശ്യവുമായി രാപകൽ സമരപരിപാടികൾ എല്ലാവരുടെയും ശ്രദ്ധയാകർഷിച്ച സംഭവമാണല്ലോ. 'പൊമ്പിളൈ ഒരുമൈ'

പ്രവർത്തകർ വേറിട്ട സമരതന്ത്രങ്ങളിലൂടെ വാർത്തകൾ സൃഷ്ടിച്ചു. പതിനേഴ് ദിവസങ്ങളോളം നടന്ന സമരം നീണ്ടുപോയാൽ ഉണ്ടാകുന്ന തോട്ടം മേഖലയുടെ പ്രതിസന്ധി കണക്കിലെടുത്ത്, ചർച്ചയിൽ സമരം പിൻവലിപ്പിക്കുയാണുണ്ടായത്. ഹരിയാനയിലെ സോൻപേട് ഗ്രാമത്തിൽ ഉറങ്ങിക്കിടന്ന നാലംഗ ദളിത് കുടുംബത്തെ ഉയർന്ന ജാതിക്കാർ പെട്രോളൊഴിച്ച് കത്തിച്ച വാർത്ത ജാതിവിദ്വേഷത്തിന്റെ അണയാത്ത കനൽ ഊതിപ്പെരുപ്പിക്കുന്നതായിരുന്നു. കൊല്ലപ്പെട്ട പിഞ്ചുകുഞ്ഞുങ്ങളുടെ മൃതദേഹവുമായി ബന്ധുക്കൾ ദേശീയപാത ഉപരോധിക്കുന്നു. നീതിതേടിയുള്ള യാത്ര ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, നാളെ അവസാനിക്കുന്നതുമല്ല. അതു തുടരുന്നു. ഇന്നും നാളെയും വരുംകാലത്തെയും മുന്നേറ്റങ്ങൾക്കു നാന്ദികുറിച്ചു കൊണ്ട് താൻ ആയിരിക്കുന്നതിനെ അംഗീകരിച്ചു കൊണ്ട് പുതിയ സാദ്ധ്യതകൾ തേടി, അധികാര വംശത്തെ പ്രതിരോധിച്ചു കൊണ്ട്, ആദിവാസി സമുദായം മുന്നേറുന്നു. ജീവിതത്തിലും സാഹിത്യത്തിലും പരിണാമങ്ങളുടെ ചരിത്രം രൂപപ്പെടുത്താൻ ഒരു ജൈത്രയാത്ര.

## ഗ്രന്ഥസൂചിക

1. കരീം സി.കെ., ചരിത്ര പഠനങ്ങൾ, ചരിത്രം പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1984

2. പുരുഷോത്തമൻ കെ.സി., ദലിത് സാഹിത്യ പ്രസ്ഥാനം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2008

3. പ്രദീപൻ പാമ്പിരികുന്ന്, ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007

4. മുകുന്ദൻ എം., മുകുന്ദന്റെ കഥകൾ സമ്പൂർണ്ണം, ഡി.സി. ബുക്സ്, കോട്ടയം,2009

5. മുരളി കവിയൂർ, ദലിത് സാഹിത്യം, കറന്റ് ബുക്സ്, കോട്ടയം, 2001

6. സുകുമാർ അഴീക്കോട്, ഭാരതീയത, ഡി.സി. ബുക്സ്, കോട്ടയം, 1999

**അനുഡേവിഡ്** (ഗവേഷക)
ശ്രീകേരളവർമ്മ കോളേജ്,
തൃശ്ശൂർ
anuannaadat@gmail.com.

# പ്രതിരോധത്തിന്റെ ഭിന്നമുഖങ്ങൾ:

## കെ.ആർ. മീരയുടെ 'പായിപ്പാട്ടു മുതൽ പേസ്മേക്കർ വരെ' എന്ന കഥയിലൂടെ

ഒരു ജനതയെ തനിക്കു കീഴിലാക്കലാണ് അധികാരം. അധികാരത്തെ പലരും പല രീതിയിൽ നിർവ്വചിച്ചിട്ടുണ്ട്. റസ്സൽ 'നഗ്നമായ അധികാരം' (Naked Power) എന്നാണ് അധികാരത്തെ വിളിക്കുന്നത്. ഇറച്ചിവെട്ടുകാരന് ആടിനോടുള്ളതുപോലെ പ്രജകളോട് യാതൊരു വിധ ഇണക്കവും പ്രകടിപ്പിക്കാത്ത ഒന്നാണ് അധികാരം എന്ന് അദ്ദേഹം തുടർന്നെഴുതുന്നു. ('Power' -P-57) ധൈഷണികവും ധാർമ്മികവുമായ നേതൃത്വത്തിലൂടെയും അധീശത്വത്തിലൂടെയുമാണ് ഒരു സമൂഹ വിഭാഗം നേതൃത്വം നിലനിർത്തുന്നത് എന്നു വാദിക്കുന്ന ഗ്രാംഷിയും ജ്ഞാനവും അധികാരവും പരസ്പരം ബന്ധപ്പെടുന്നതെങ്ങനെ എന്ന് വിലയിരുത്തുന്ന മിഷേൽ ഫൂക്കോയും അധികാരത്തെക്കുറിച്ച് വിശദമായി പരിശോധിക്കുന്നുണ്ട്. പിയറി ബോർദ്യൂ, ലൂയി അൽത്തുസർ, ഇ.പി. തോംസൺ, റിച്ചാർഡ് ഹൊഗ്ഗാർട്ട്, സ്റ്റ്യുവർട്ട് ഹാൾ, റെയ്മണ്ട് വില്യംസ് തുടങ്ങി ഒട്ടനവധി പേർ സംസ്കാരത്തെയും പ്രതിരോധത്തെയും കുറിച്ച് ചിന്തിച്ചവരാണ്. ഴാക് ദറിദ (Jacques Derida) യുടെ അപനിർമ്മാണ പഠനം സാംസ്കാരിക ചിഹ്നങ്ങളുടെ അധീശത്വം വെളിവാക്കുന്നവയായിരുന്നു.

ശിക്ഷയിലൂടെ അധികാരം സ്ഥാപിച്ചിരുന്ന ഒരു ഭരണകൂടം പിന്നീട് ശിക്ഷണത്തിലൂടെ തങ്ങളുടെ ശക്തി നിലനിർത്തിയതെങ്ങനെ എന്നതിന്റെ കഥയാണ് ചരിത്രം. നാമറിയാതെ നമ്മുടെ ശരീരവും മനസ്സും വരുതിക്ക് നിർത്തുകയും 'അച്ചടക്കമുള്ള പൗരന്മാരായി' നമ്മെ

മാറ്റുകയും ചെയ്യുന്നിടത്താണ് അധികാരകേന്ദ്രങ്ങളായി അധീശ ശക്തികൾ മാറുന്നതെന്ന് ഫൂക്കോ വ്യക്തമാക്കുന്നുണ്ട്. മതം, സ്നേഹം, നിറം, ജാതി, സമ്പത്ത്, ഭാഷ, വസ്ത്രം, ഭക്ഷണം, പ്രായം, ലിംഗം എന്നു തുടങ്ങി ഏതു മേഖലയിലും നിലനിൽക്കുന്ന അധികാരത്തിന് സ്ഥിര സ്വഭാവമല്ല ഉള്ളത്. സാഹചര്യത്തിനനുസരിച്ച് മാറുന്ന അറിവാണ് 'അധികാരം'. വീട്ടിലെ 'അച്ഛൻ' എന്ന അധികാരി തൊഴിലിടങ്ങളിൽ അടിമയായി മാറുന്നത് ഉദാഹരണമായെടുക്കാം. ഇത്തരത്തിൽ, നമുക്കുമേൽ നിറയുന്ന പലതരം അധികാരങ്ങൾക്കുമേൽ വ്യക്തിയോ സമൂഹമോ ഒറ്റയ്ക്കോ കൂട്ടായോ എടുക്കുന്ന പ്രതിഷേധ തന്ത്രങ്ങളാണ് പ്രതിരോധം.

വ്യക്തികൾ സ്വയം ആയുധങ്ങളായി മാറുന്ന വർത്തമാന ഭീകരതയിൽ അധികാരത്തിനെതിരെ പ്രവർത്തിക്കാൻ വാളും തോക്കുമല്ല ഉപകരിക്കുക; മറിച്ച് ഗുളികയാണ്. ഉത്തമ കല അധികാരത്തെ പ്രതിരോധിക്കുക തന്നെ ചെയ്യും. എഴുത്തുകാരുടെ നാക്കരിയപ്പെടുന്ന വർത്തമാനത്തിൽ സാഹിത്യം എങ്ങനെ പ്രതിരോധ ശക്തിയാവുന്നു എന്ന് അന്വേഷിക്കേണ്ടതുണ്ട്.

പ്രതിരോധം

ഒരു സമൂഹത്തിൽ സംസ്കാരത്തിന്റെ പ്രധാന ചിഹ്നങ്ങളാണ് ഭാഷയും സാഹിത്യവും. ഭാഷ, സാഹിത്യം, കല, ചരിത്രം എന്നിങ്ങനെയുള്ള സാംസ്കാരികധാരകൾ ഒരു സമൂഹത്തിന്റെ സർഗ്ഗാത്മക പ്രതിരോധത്തിന്റെ ഉറവിടങ്ങളാണ്. *പ്രതിരോധം എന്ന പദം സാഹിത്യത്തിൽ ആദ്യമായി പ്രയോഗിക്കുന്നത് പലസ്തീൻ എഴുത്തുകാരനായ ഗസ്സൻ കനഫാനി ആണ്. അധിനിവേശക സാഹിത്യം, പ്രതിരോധ സാഹിത്യം എന്നിങ്ങനെ രണ്ടുതരം സാഹിത്യത്തെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. ഓരോ ഭൂപ്രദേശത്തിനുമുള്ള സവിശേഷമായ സാംസ്കാരിക സാഹചര്യങ്ങൾ കലയുടെ ഘടനയിലും സ്വഭാവത്തിലും കാതലായ മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ട്. സാഹിത്യത്തിൽ ഇത്തരം മാറ്റങ്ങൾ പ്രകടമെന്നതിനെക്കാൾ നിഗൂഢമാണ്.

അധിനിവേശത്തിന്റെ പ്രത്യക്ഷ ഫലങ്ങളിലൊന്ന് അന്യവൽക്കരണമാണ്. ഭാഷ, സംസ്കാരം എന്നിവയെപ്പോലെ ഒരു ജനത സ്വന്തം മണ്ണിൽ അന്യവൽക്കരിക്കപ്പെടുന്നു.

February, 2016
Volume 01: No. 02
മലയാളപ്പച്ച
malayala pachcha

നമുക്കുചുറ്റും നടക്കുന്ന അധികാരത്തിന്റെയും അനീതിയുടെയും അടയാളങ്ങളോടുള്ള പോരാട്ടം തന്നെയാണ് പ്രതിരോധം. സംസ്കാരങ്ങൾക്കിടയിലെ വ്യത്യസ്തകളെ അംഗീകരിക്കുക, അധീശത്വത്തിനെതിരായി സർഗ്ഗാത്മകമായി പ്രതികരിക്കുക, സംസ്കാരത്തിന്റെ ഉപാദാനങ്ങളെയെല്ലാം പ്രതികരണസജ്ജമാക്കി പുതുക്കുക എന്നിങ്ങനെ ഒട്ടനവധി ലക്ഷ്യങ്ങളാണ് ഭാഷയിലും സാഹിത്യത്തിലുമുള്ള പ്രതിരോധ സംസ്കാരം മുന്നോട്ടു വെക്കുന്നത്.

നമ്മുടെ ഓർമ്മയെയും ഭൂതകാലത്തെയും ചിതറിത്തെറിപ്പിക്കുകയാണ് പുതിയ അധികാര മുഖങ്ങൾ. മറവി, മുൻവിധി, വൈകാരികത, മനുഷ്യത്വരാഹിത്യം എന്നീ ഗുണങ്ങളിലാണ് ഫാസിസം നിലയുറപ്പിക്കുന്നതെന്നും അതിനെ ചെറുക്കാനുള്ള വഴി ഓർമ, യുക്തിബോധം, മാനവികത, ചരിത്രപരമായ വിശകലന രീതി എന്നിവയാണെന്നും കെ.ഇ.എൻ ഓർമ്മപ്പെടുത്തുന്നു.

സാഹിത്യവും പ്രതിരോധവും

സാഹിത്യം എക്കാലവും ശക്തമായ പ്രതിരോധമാർഗ്ഗമായിരുന്നു. ചരിത്രത്തിന്റെ നിയമങ്ങൾക്ക് വഴങ്ങാത്ത ആഖ്യാനപാടവം കൊണ്ട് സ്വാതന്ത്ര്യനിഷേധത്തിനെതിരെ നമ്മുടെ എഴുത്തുകാർ പടവെട്ടിയിരുന്നു. മാനവിക മൂല്യങ്ങൾക്കുപരി അധികാരത്തെ പ്രതിഷ്ഠിക്കാൻ നടത്തുന്ന എല്ലാ ശ്രമങ്ങളെയും അനുകൂലിച്ചിരുന്ന ഒരു ഘട്ടത്തിൽ പോലും ഒരു പുനർവായനയ്ക്ക് ഇടം നൽകിയാൽ അക്കാലത്തെ എഴുത്തിൽ പോലുമുള്ള പ്രതിരോധത്തിന്റെ ശക്തി മനസ്സിലാക്കാം.

സർഗ്ഗാത്മകസാഹിത്യത്തിന്റെ കാര്യമെടുത്താലും ജനകീയ സമരങ്ങളുടെ കാര്യമെടുത്താലും അധികാരത്തിനെതിരെ എക്കാലവും ശക്തമായ പ്രതിരോധമുയർത്തിയ നാടാണ് കേരളം. ശ്രീനാരായണ ഗുരു, ചട്ടമ്പി സ്വാമികൾ, വേലുത്തമ്പി ദളവ തുടങ്ങിയ നീണ്ടനിരയുടെ നേതൃത്വത്തിൽ നടത്തിയ ഓരോ സമരങ്ങളും പ്രതിരോധങ്ങളുടെ മുഖപ്പുകളാണ്. സാഹിത്യത്തിലാകട്ടെ, കഥ, കവിത, നോവൽ, ലേഖനം, ആത്മകഥ, എന്നിങ്ങനെ വിവിധ ശാഖോപശാഖകളായി പിരിഞ്ഞു നിൽക്കുന്ന വൻമരത്തിനു താഴെ ജനതയ്ക്കുവേണ്ടി, ഭാഷയ്ക്കു വേണ്ടി, സംസ്കാരത്തിനു വേണ്ടിയുള്ള മുറവിളികൾ എക്കാലവും ഉയർന്നിട്ടുണ്ട്.

ഫാസിസത്തിന്റെ പുതുമുഖമായി വിശേഷിപ്പിക്കപ്പെടുന്ന ഇക്കാലം എഴുത്തുകാർക്ക് എഴുതാൻ മാത്രമല്ല, ജീവിക്കാൻ പോലും

സ്വാതന്ത്ര്യമില്ലാതാക്കപ്പെടുന്ന ഭീഷണകാലമാണ്. ഈ സവിശേഷ സാഹചര്യത്തിൽ എഴുത്തിലൂടെ മാത്രമേ നഷ്ടമായിക്കൊണ്ടിരിക്കുന്ന സ്വാതന്ത്ര്യത്തെ തിരിച്ചെടുക്കാനാവൂ. ആ ധീരത കാണിക്കുന്ന എഴുത്തുകാർ കുറഞ്ഞുകൊണ്ടിരിക്കുന്നുണ്ടെങ്കിലും നഷ്ടമായിട്ടില്ല എന്നു കാണിക്കുന്നതാണ് കെ.ആർ. മീരയുടെ എഴുത്തുകൾ. മീരയുടെ 'പായിപ്പാട്ടു മുതൽ പേസ്മേക്കർ വരെ' എന്ന കഥയിലൂടെ അധികാരവും പ്രതിരോധവും ഏതുതരത്തിലാണ് കഥാകാരി ആവിഷ്കരിച്ചിരിക്കുന്നതെന്നു പരിശോധിക്കുകയാണിവിടെ. മീരയുടെ കഥകളിൽ ഏറെയൊന്നും പറഞ്ഞുകേട്ടിട്ടില്ലാത്ത കഥയാണ് 'പായിപ്പാട്ടു മുതൽ പേസ്മേക്കർ വരെ.' പക്ഷേ സൂക്ഷ്മവിശകലനത്തിലാണ് ഒരു കഥ എത്രമാത്രം മാനങ്ങളുള്ള ഒന്നാണ് എന്ന് തിരിച്ചറിയുന്നത്.

വൃദ്ധ ദമ്പതികളാണ് കഥയുടെ കേന്ദ്രം. പള്ളിയിൽ പോവുന്ന വഴിയിൽ ഭാര്യ വീഴുന്നതും അവൾക്ക് ആശുപത്രിയിൽ വെച്ച് പേസ്മേക്കർ ഘടിപ്പിക്കുന്നതും അതിനു ശേഷം ജീവിതത്തിൽ വന്ന മാറ്റവും അവളുടെ മരണവും ഏറ്റവും ചുരുക്കി അവതരിപ്പിക്കപ്പെടുന്ന കഥ. ഒറ്റനോട്ടത്തിൽ ദാമ്പത്യത്തിന്റെ മധുരവും വാർദ്ധക്യത്തിലും നിലനിൽക്കുന്ന സ്നേഹവും എല്ലാം വിളംബരം ചെയ്യുന്ന ഈ കഥ. പക്ഷേ വിശദമായ വായനയിലൂടെയാണ് കഥയുടെ പ്രതിരോധം പുറത്തുവരുന്നത്.

പ്രതിരോധത്തിന്റെ വിഭിന്ന മുഖങ്ങളാണ് ഈ കഥയിലൂടെ അവതരിപ്പിക്കപ്പെടുന്നത്.

1) പ്രാദേശികം: തന്റെ സമൂഹത്തെയും തന്നെയും കുറിച്ചോർക്കുന്ന ഏതെഴുത്തുകാരിലും ആദ്യം നിറയുന്ന ബോധം തന്റെ 'ഇട'ത്തെക്കുറിച്ചുള്ളതാണ്. സ്ഥലബോധം രണ്ടു തരത്തിലാണ് കൃതികളിൽ കടന്നുവരുന്നത്. സി.വി. കൃതികളിലുള്ളതുപോലെ ചരിത്രപരമായ വർണ്ണനയാവാം അത്, അല്ലെങ്കിൽ ഭാവനാപരമായ പുനർനിർമ്മിതിയുമാവാം. പ്രാദേശിക ബോധത്തിലൂടെ സ്വത്വബോധമുണ്ടാക്കലാണ് പ്രതിരോധ സംസ്കാരനിർമ്മിതിയുടെ ആദ്യചവിട്ടുപടി. കവലയും ചന്തയും ഉത്സവങ്ങളുമെല്ലാം തുടിപ്പുകളായിരുന്ന ഒരു നാടിന്റെ പ്രാദേശികതയ്ക്കു മേലാണ് അധികാരം അതിന്റെ ആദ്യ ചവിട്ടുറപ്പിച്ചത്. ഇത്തരത്തിൽ ദേശാധിനിവേശത്തോടുള്ള കൃത്യമായ പ്രതിരോധമായി ബഷീറിനെപ്പോലുള്ളവരുടെ കൃതികൾ മാറുന്നു. കൂട്ടായ്മബോധം ഉള്ളിലുണ്ടായിരുന്ന ഒരു ജനത ഇന്ന് നിറയുന്ന ആഘോഷപ്പെരുക്കങ്ങളിലും

ഒറ്റപ്പെടുന്നു. വ്യക്തികൾ അവനവനിലേക്ക് ചുരുങ്ങി പുറത്തുള്ളതിനെ കണ്ടില്ലെന്നു നടിക്കുന്ന അവസ്ഥയിലെത്തുന്നു. ഈ സാംസ്കാരിക പരിസരത്തിലാണ്,

'ചെറുപ്പത്തിലൊക്കെ ഞങ്ങളുടെ കവലേല് എറങ്ങിനിക്കുമ്പം വഴീലൊക്കെ ഒരുപാടാള് കാണും. ആരെങ്കിലുമൊക്കെ പരിചയക്കാരു കാണും.... ഇപ്പഴിപ്പഴാ നമ്മുടെ വഴീൽ നമ്മളല്ലാതെ വേറാരുമില്ലാതാ യിപ്പോയത്' എന്ന വരികൾ സ്വസ്ഥത കളയുന്നത്.

2) ഭാഷ: 'ഒരു ജനതയെ നശിപ്പിക്കാനുള്ള ഏറ്റവും എളുപ്പമു ള്ള മാർഗ്ഗം അവരുടെ ഭാഷ' നശിപ്പിക്കലാണ്. അതുകൊണ്ടുതന്നെ ഭാഷാഭിമാനം നശിപ്പിക്കലിലൂടെ നമ്മുടെ സ്വത്വബോധം നശിപ്പി ക്കാൻ അധികാരം ശ്രമിക്കുന്നു. 'ഭാഷ രക്തമാണ്' എന്ന മാക്സ് മുള്ളറി ന്റെ വാക്യം കടമെടുത്താൽ ഭാഷയ്ക്ക് ജീവിതത്തിലുള്ള സ്ഥാനം മനസ്സി ലാവും. ഒരു ജനതയുടെ മനസ്സും ജീവിത വീക്ഷണവും വരെ മാറ്റുന്നത് ഭാഷയിലൂടെയുള്ള കടന്നുകയറ്റത്തിലൂടെയാണ്. 'ഭാഷ പൂത്തും വികാരം തളിർത്തും' നിൽക്കുന്ന ഭാവനയെപ്പറ്റി കവികൾ പാടിയത് വെറുതെ യല്ല. ഭാഷയാണ് വികാരങ്ങൾ വഹിക്കുന്നത്. വികാരവും ഹൃദയവും പരസ്പര ബന്ധിയാവുന്നത് രക്തമാകുന്ന ഭാഷയിലൂടെയാണ്. ഒരു ഭാഷ എങ്ങനെ രൂപപ്പെടുന്നോ, അതുപോലെയാണ് സമുദായം രൂപപ്പെടുക എന്നത് ഇന്ന് സാമൂഹ്യഭാഷാ ശാസ്ത്രത്തിലെ പ്രധാനപ്പെട്ട ഒരാശയ മാണ്. നാം അറിഞ്ഞോ അറിയാതെയോ ഒരു ഭാഷയിലൂടെ ചിന്തിക്കു കയും സ്വപ്നം കാണുകയും നമ്മുടെ ചരിത്രം നിർമ്മിക്കുകയും ചെയ്യുന്നു. ഭാഷ ഒരു അധികാര രൂപം കൂടിയാണ്. (എം.എൻ. വിജയൻ, 2005.)

കോളനിവത്കരണം എത്രമാത്രം അകന്നുപോയിട്ടും പോവാതെ ചിന്തയെക്കൂടി ആക്രമിക്കുകയാണിന്ന്. ഹൃദയത്തെ–വികാരങ്ങളെ– എല്ലാം ഇല്ലായ്മചെയ്യുന്ന, വികാരങ്ങളുടെ മേലുള്ള, ഈ കടന്നു കയറ്റത്തെ 'ഫ്രാൻസിൽ നിന്നു കൊണ്ടുവന്ന പേസ്മെക്കറി'ലൂടെയാണ് മീര അവതരിപ്പിക്കുന്നത്. ഫ്രാൻസിലെ പേസ്മേക്കർ ശരീരത്തിൽ പ്രവർത്തിക്കുന്നതോടുകൂടി ഭാര്യ ഫ്രഞ്ചിൽ മാത്രം സംസാരിക്കുന്നു.

'കെദെസീരെവ്', 'കി എത് വ്യൂ?' എന്നിങ്ങനെയുള്ള ഫ്രഞ്ച് പദങ്ങൾ കേട്ട് ദേഷ്യം വന്നാണ് ഭർത്താവ് ഭാര്യയെ അടിക്കാൻ തുടങ്ങിയത്. ഒന്നു തൊട്ടപ്പോഴേക്കും അവൾ തടി വെട്ടിയ പോലെ വീണു എന്നാണ് കഥാകാരി എഴുതുന്നത്. ഇത്തരം പരദേശി പദങ്ങൾക്കു ബദലായി തനി നാടൻ പദങ്ങളാണ് മീര അവതരിപ്പിക്കുന്നത്. 'മൂടൊറയ്ക്കാത്ത

തയ്യ്, പെമ്പള, കമിട്ടി, പതുക്കനെ, അലയ്ക്കാൻ, കത്തീം കത്താതേം, മുതലായവ.

ഭാഷയ്ക്കുമേലുള്ള അധിനിവേശം പെട്ടെന്നല്ല കടന്നുവരുന്നത്, പ്രാദേശിക ഭാഷയിൽ ക്രമമായ മാറ്റങ്ങൾ സൃഷ്ടിച്ച് അധികാര ഭാഷ മാത്രമാണ് ശരണമെന്ന തോന്നലുളവാക്കിയാണ് ഇത് സാധിച്ചെടുക്കുന്നത് എന്ന് ചിന്തകർ അഭിപ്രായപ്പെടുന്നു. അതുകൊണ്ടുതന്നെ ഭാഷാപ്രതിരോധം ഉയർത്തിപ്പിടിക്കേണ്ടത് അത്യാവശ്യമാകുന്നു.

3. കൃത്രിമത്വം/നൈസർഗ്ഗികത: പ്രതിരോധത്തിന്റെ അടുത്ത മുഖം മീര അവതരിപ്പിക്കുന്നത് ഹൃദയത്തിനുമേൽ ആധിപത്യം നേടുന്ന പേസ്മേക്കറിലൂടെയാണ്. നൈസർഗ്ഗികമായ ചിന്തയും ബോധവും വഹിച്ചിരുന്ന മനസ്സ് കൃത്രിമ സാഹചര്യത്തിൽ എത്രമാത്രം നശിപ്പിക്കപ്പെട്ടു എന്നതിന്റെ കൂടി വിവരണമാവുന്നുണ്ട് ഈ കഥ. ശരീരത്തിന്റെ ജൈവികതയെ ഇല്ലായ്മ ചെയ്യുന്ന അധികാരത്തിന്റെ നീരാളിപ്പിടുത്തമാണ് ഫ്രഞ്ച് വാക്കുകളായി മാറുന്നത്.

4. ഓർമ്മ/മറവി: 'അധികാരത്തിനെതിരായുള്ള മനുഷ്യന്റെ പോരാട്ടം മറവിക്കെതിരെ ഓർമ്മ നടത്തുന്ന പോരാട്ടമാണ്' എന്ന് മിലൻ കുന്ദേര വ്യക്തമാക്കുന്നുണ്ട്. ഓർമ്മകൾ മനുഷ്യനെ മനുഷ്യനാക്കുന്ന കവചമാണ്. ഓർമ്മകളെ ഇല്ലാതാക്കുക വഴി ഒരു മനുഷ്യന്റെ ഭൂതകാലത്തെ—അവനെ—എല്ലാം ഇല്ലാതാക്കുകയാണ്. കഥയിൽ ഭർത്താവ് ഭാര്യയെ അടിക്കാൻ തുടങ്ങിയത് അവളുടെ മറവിയോടുള്ള പ്രതിഷേധമായാണ്. ഓർമ്മകൾ നശിപ്പിക്കപ്പെടാതിരിക്കാനുള്ള ആഹ്വാനമായി കഥ മാറുന്നു.

5. കാലം: പ്രതിരോധത്തിന്റെ പ്രധാന സാക്ഷിയായി കാലം മാറുന്ന അപൂർവ്വമായൊരു കാഴ്ചയാണ് കഥയിലൂടെ അവതരിപ്പിക്കപ്പെടുന്നത്. പത്രവാർത്തയുടെ പശ്ചാത്തലത്തിലാണ് കഥയുടെ ചുരുൾ നിവരുന്നത്. സമയം നിമിഷങ്ങളായി നമുക്കുള്ളിലൂടെ പോവുന്നു.

'എരട്ടപ്പിള്ളാരു വേർപിരിയാൻ പോകുന്ന വാർത്ത വന്ന ദിവസമായിരുന്നു കഴിഞ്ഞേന്റങ്ങേ ഞായറാഴ്ച' എന്ന തുടക്കം തന്നെ സമയ സൂചകമാവുന്നു. ഭൂതവും ഓർമ്മയും ചെപ്പു തുറക്കുന്നു—വാർത്ത തന്നെ ജീവിതമാകുന്ന—അല്ലെങ്കിൽ ജീവിതം തന്നെ വാർത്തയാവുന്ന കാലം.....

'ആംബുലൻസ്' എന്ന വാഹനത്തെ കഥയിൽ അവതരിപ്പിക്കുന്നത് കാലത്തിന്റെ സൂചകമായിട്ടാണ്.

'കാര്യം ചെറിയ വണ്ടിയാ.... പക്ഷേ അതിന്റകത്ത് പൊറോം തിരിഞ്ഞിരിക്കുമ്പം നമ്മളേതാണ്ട് വല്യ പെട്ടിക്കകത്തു തനിച്ചിരിക്കുവാന്നും ആകാശത്തോട്ടു പൊങ്ങിപ്പോകുവാന്നും തോന്നും... അന്നേരമാ ഞാൻ ഓർത്തത്....' —ഈ ഓർമ്മകളിൽ നിറയുന്നത് ജീവിത തിരക്കുകൾക്കിടയിൽ ജീവിക്കാൻ സമയം കിട്ടാതിരുന്ന മനുഷ്യന്റെ നീറുന്ന അനുഭവങ്ങളാണ്. കാലത്തോട്ടു പുറം തിരിഞ്ഞിരിക്കുന്ന മനുഷ്യൻ.

പള്ളിയിലെ പാട്ട് ആദ്യന്തം നിറഞ്ഞുനിൽക്കുന്നു.

'മൺമയമാം ഈയുലകിൽ കാണ്മതുമായ
വൻ മഹിമ ധനസുഖങ്ങൾ സകലവും മായ
മന്നിൽ നമ്മൾ ജീവിതമോ പുല്ലിനെപ്പോലെ'

എന്നു തുടങ്ങുന്ന ആ പാട്ട് ഇന്നിനെയും നാളെയെയും കുറിച്ചുള്ളതാണ്.

'വണ്ടി മുന്നോട്ടുപോവുമ്പം നമ്മളു പൊറകോട്ടു നോക്കിയിരിക്കും', 'വഴീല് ആരും കാണത്തില്ലായിരിക്കും', എന്നിങ്ങനെ കാലം നിറയുന്ന കഥയാണ് 'പായിപ്പാട്ടു മുതൽ പേസ്മേക്കർ വരെ'.

ഇത്തരത്തിൽ നോക്കിയാൽ പ്രതിരോധത്തിന്റെ ശക്തമായ അടയാളങ്ങൾ സൂക്ഷിക്കുന്ന കഥയാണ് 'പായിപ്പാട്ടു മുതൽ പേസ്മേക്കർ വരെ'. അന്യ ഭാഷയോടും കൃത്രിമത്വത്തോടും എല്ലാത്തിലുമുപരി മറവിയോടും ഉള്ള ഓർമ്മയുടെ പ്രതിഷേധമായി കഥ മാറുന്നു. എരട്ടപ്പിള്ളാരുടെ വേർപിരിയലും ദമ്പതികളിലൊരാളുടെ വേർപിരിയലും യാദൃച്ഛികമല്ല—ഒരു മനസ്സിൽ/ഒരു വികാരത്തിൽ/ഒരു ചിന്തയിൽ നിന്നുള്ള വേർപിരിയലാണത്.

ദൃശ്യമാധ്യമങ്ങളിലൂടെ കാഴ്ചയ്ക്ക് പ്രാധാന്യമുള്ള പുതുസംസ്കാരം നമ്മുടെ മേൽ വരിഞ്ഞു മുറുകുകയാണ്. ചിന്തയും ഭക്ഷണവും രുചിയും താത്പര്യങ്ങളും വസ്ത്രവും എല്ലാം ഏകമാക്കപ്പെടുന്ന, വൈവിധ്യത്തെ അംഗീകരിക്കാനാവാത്ത പുത്തൻ അധികാര വ്യവസ്ഥയാണിന്ന്.

ഇങ്ങനെ മാറുന്ന പരിസ്ഥിതി, ഭാഷ, ജീവിതരീതി, വീക്ഷണം, ദേശം, ചിന്ത, സംസ്കാരം, വസ്ത്രം എന്നു തുടങ്ങി മനുഷ്യനെ മനുഷ്യനാക്കുന്ന എല്ലാ ഘടകങ്ങളുടെയും തിരിച്ചെടുപ്പിനു വേണ്ടിയുള്ള ശക്തമായ ആഹ്വാനമായി മീരയുടെ ഈ കഥ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുന്നു.

സഹായക ഗ്രന്ഥങ്ങൾ:

1. കെ.ആർ. മീരയുടെ കഥകൾ, കെ.ആർ. മീര, കറന്റ് ബുക്സ്, 2010
2. ഭാഷയും ഭാവനയും: പ്രതിരോധത്തിന്റെ അടയാളങ്ങൾ, സി.ആർ. പ്രസാദ്.
3. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010
4. സംസ്കാരത്തിലെ സംഘർഷങ്ങൾ, കെ. ഇ.എൻ., പ്രതീക്ഷ ബുക്സ്, 2012
5. പ്രതിരോധ സംസ്കാരം: സിദ്ധാന്തവും പ്രയോഗവും, ഇ.കെ. സീന, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014.

ഷീന. വി.കെ.
ഗവേഷക,
കോഴിക്കോട് സർവ്വകലാശാല
Email : isheekam@gmail.com

# കുടുംബം അധികാരം പ്രതിരോധം

## ആധുനികാനന്തര ചെറുകഥകളെ അടിസ്ഥാനമാക്കി ഒരു പഠനം

സമൂഹത്തിന്റെ ഊടും പാവുമാണ് കുടുംബം. മനുഷ്യന്റെ സാംസ്കാരിക മുന്നേറ്റത്തിൽ കുടുംബം ഒരു സുപ്രധാന ഘടകമാണ്. കുടുംബത്തെ മാറ്റി നിർത്തിക്കൊണ്ട് സ്ത്രീപുരുഷബന്ധം, വ്യത്യാസം, വിവേചനം, സമത്വം എന്നിവയെപ്പറ്റി മാത്രമല്ല സമൂഹത്തെയും സാഹിത്യത്തെയും പറ്റിയും സംസാരിക്കുക സാധ്യമല്ല. ഒറ്റപ്പെട്ട പ്രതിഭാസമായിട്ടല്ല കുടുംബം നിലനിൽക്കുന്നത്, സമൂഹത്തിന്റെ മാറ്റങ്ങൾ അതിൽ പ്രതിഫലിക്കുന്നു. ദീർഘമായ കാലയളവിലെ പ്രായോഗികമായ സാമൂഹികാനുഭവത്തിന്റെ വെളിച്ചത്തിൽ ലോകജനത ഉരുത്തിരിച്ചെടുത്തതാണ് കുടുംബവ്യവസ്ഥ. അത് സമൂഹത്തിന്റെ നിലനില്പിന് അനുപേക്ഷണീയമാണ്.

നാടോടിയായ പ്രാചീനമനുഷ്യനിൽനിന്ന് നാഗരികതയിലേയ്ക്കെത്തിച്ചേരുന്നതിനിടയിൽ കുടുംബം പല മാറ്റങ്ങളിലൂടെ കടന്നു പോവുകയുണ്ടായി. സഹോദരീസഹോദരന്മാർ സംഘമായി വിവാഹിതരാകുന്ന രക്തബന്ധ കുടുംബമാണ് അറിയപ്പെട്ടതിൽ വെച്ച് ഏറ്റവും പ്രാചീനം. പിന്നീട് സംഘകുടുംബങ്ങൾ പ്രത്യക്ഷമായി. ദമ്പതിമാർ താൽപര്യമുള്ളിടത്തോളം മാത്രം ഒന്നിച്ചു പാർക്കുന്ന താൽക്കാലിക കുടുംബത്തിനു ശേഷം ഒരു പുരുഷൻ നിരവധി സ്ത്രീകളെ വേൾക്കുന്ന ഗോത്രാധിപത്യ കുടുംബം നിലവിൽ വന്നു. പിന്നീടാണ് മനുഷ്യജീവിതത്തെ നിർണ്ണയിച്ച സംഭവമായ സ്വകാര്യസ്വത്തെന്ന സങ്കല്പം ഉണ്ടാകുന്നത്. അതോടെ ഓരൊറ്റ ഇണയെ വേൾക്കുന്ന ഏക ദാമ്പത്യ വ്യവസ്ഥ നിലവിൽ വന്നു.

കുടുംബരൂപം സാമൂഹികവ്യവസ്ഥയുടെ സൃഷ്ടിയാണ്. അതുകൊണ്ടുതന്നെ സമൂഹസംസ്കാരം അതിൽ പ്രതിഫലിക്കും.

സമൂഹത്തെ എന്നപോലെ സാഹിത്യത്തെയും നിർണ്ണയിച്ചത് കുടുംബബന്ധങ്ങളായിരുന്നു. കുടുംബത്തിനകത്തും പുറത്തുമുള്ള സ്ത്രീപുരുഷബന്ധങ്ങൾ എന്നും സാഹിത്യത്തിന് പ്രിയപ്പെട്ട വിഷയങ്ങളായിരുന്നു പ്രത്യേകിച്ച് ചെറുകഥാ സാഹിത്യത്തിന്. മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിത തൃഷ്ണകളെ ഏറ്റവും സൂക്ഷ്മമായി രേഖപ്പെടുത്താൻ കഴിയുന്ന സാഹിത്യരൂപമാണ് ചെറുകഥ. സാമൂഹിക പ്രശ്നങ്ങളെക്കാളുപരി ചിന്താപ്രസ്ഥാനങ്ങളെയും ദാർശനിക പ്രശ്നങ്ങളെയും തത്ത്വാധിഷ്ഠിത വിചാരങ്ങളെയും ചെറുകഥയ്ക്ക് വിഷയമാക്കിയ ആധുനികാനന്തര കാലഘട്ടം ജീവിതാനുഭവങ്ങളെയും വ്യക്തികളെയും അപനിർമ്മിക്കുകയോ അപരവ്യക്തിത്വങ്ങളെ കാട്ടിത്തരികയോ ചെയ്യുന്ന ഒരു പുതിയ കഥനസമ്പ്രദായം രൂപപ്പെടുത്തുകയുണ്ടായി. നവകൊളോണിയലിസം, കമ്പ്യൂട്ടർവത്കരണം, ഇലക്ട്രോണിക് വാർത്താവിനിമയം ഇവയെല്ലാം ചേർന്ന് സൃഷ്ടിച്ചെടുത്ത പുതിയ വ്യവസ്ഥ കുടുംബം എന്ന സാമ്പ്രദായിക സങ്കല്പങ്ങളെ പാടേ നിരാകരിച്ച് വ്യത്യസ്തമായ സാംസ്കാരികമാനങ്ങളെ ഉണ്ടാക്കിയെടുക്കുന്നതായി കാണാം.

ആഗോളീകരണത്തിന്റെ വ്യവസ്ഥകളും ജീവിതരീതികളുമാണ് സമകാലികസാഹിത്യത്തിൽ തെളിയുന്നത്. ഇന്നത്തെ ജീവിതത്തിന്റെ വിധവും വിപത്തും സമകാലിക ചെറുകഥകൾ പിടിച്ചെടുത്തിരിക്കുന്നു. കുടുംബത്തിനകത്തും സമൂഹത്തിലും ആർത്തികളും ആസക്തികളും വിഘടനങ്ങളും അധിനിവേശങ്ങളും ഒളിഞ്ഞും തെളിഞ്ഞും വ്യാപകമാണ്. മാറുന്ന കുടുംബസങ്കല്പങ്ങളെയും കുടുംബത്തിനകത്തെ അധികാര പ്രതിരോധങ്ങളെയും ആധുനികാനന്തര ചെറുകഥകൾ എപ്രകാരം അടയാളപ്പെടുത്തിരിക്കുന്നു എന്നതാണ് ഈ പ്രബന്ധത്തിലൂടെ അന്വേഷിക്കുന്നത്. സുഭാഷ് ചന്ദ്രൻ, കെ.ആർ. മീര, ആർ. ഉണ്ണി എന്നീ കഥാകൃത്തുക്കളുടെ തിരഞ്ഞെടുത്ത കഥകളെ മുൻനിർത്തിയാണ് അന്വേഷണം.

### കുടുംബം പഴമയും പുതുമയും

പിതൃദായക്രമത്തിലേക്കുള്ള മാറ്റം, സ്ത്രീധനസമ്പ്രദായത്തിന്റെ തിരനോട്ടം, വളരെ വ്യത്യസ്തങ്ങളായ കുടുംബപശ്ചാത്തലങ്ങളിലും സാമൂഹ്യസാഹചര്യങ്ങളിലും വളർന്ന സ്ത്രീപുരുഷന്മാർ തമ്മിൽ ഏർപ്പാടു ചെയ്യപ്പെട്ട വിവാഹങ്ങളിലൂടെ നിലവിൽ വന്ന സ്വതന്ത്ര കുടുംബങ്ങളുടെ വളർച്ച, സാമൂഹ്യപരിഷ്കരണത്തിൽ നിന്ന് സമുദായ പോഷണത്തിലേയ്ക്കുള്ള നീക്കം, ഉന്നത വിദ്യാഭ്യാസ-തൊഴിൽരംഗങ്ങളിലേയ്ക്ക് മദ്ധ്യവർഗ്ഗസ്ത്രീകളുടെ പ്രവേശം, പരമ്പരാഗത കുടുംബമൂല്യങ്ങളുടെ

തുടർന്നുമുള്ള സാന്നിദ്ധ്യം മുതലായ നിരവധി ഘടകങ്ങളുടെ സങ്കീർണ്ണമായ പ്രതിപ്രവർത്തനങ്ങളിലൂടെയാണ് ആധുനിക കുടുംബം കേരളത്തിൽ രൂപമെടുത്തത്. സാഹിത്യവും കുടുംബബന്ധങ്ങളുടെ മാറ്റങ്ങളെ കാലഘട്ടങ്ങളിലൂടെ രേഖപ്പെടുത്തി. കൂട്ടുകുടുംബവ്യവസ്ഥയിൽനിന്ന് അണുകുടുംബ വ്യവസ്ഥയിലേയ്ക്ക് കുടുംബസങ്കല്പങ്ങൾ മാറി. കുടുംബത്തിനുള്ളിലെ സ്ത്രീപുരുഷ സംഘർഷങ്ങളെ ആധുനികാനന്തര കഥകൾ ശക്തമായി രേഖപ്പെടുത്തി.

പഴയമൂല്യസങ്കല്പത്തിൽ നിന്നും പുതിയതലങ്ങളിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ നഷ്ടപ്പെടുന്ന സംസ്കാരങ്ങളെ പുതിയ കഥകൾ ഉണർവോടെ രേഖപ്പെടുത്തുന്നു സുഭാഷ്ചന്ദ്രന്റെ 'ഗുപ്തം: ഒരു തിരക്കഥ' എന്ന ചെറുകഥ സമൂഹത്തിന്റെ ലക്കുകെട്ട പോക്കിലേക്ക് സദാ ജാഗരൂകയായി തുറന്നിരിക്കുന്ന ഒരമ്മൂമ്മക്കണ്ണിനെ കാണിച്ചു തരുന്നു. ഒരു ചെറിയ പെൺകുട്ടിപോലും ഉപഭോഗവസ്തുവാകുകയും ഓരോ ചെറിയ ആൺകുട്ടിവരെയും ഉപഭോക്താവാകുകയും ചെയ്യുന്ന ഉപഭോക്തൃ സംസ്കൃതിയുടെ ഭയാനകകാലമാണ് 'ഗുപ്ത'ത്തിലേത്. മധ്യവർത്തി മലയാളിയുടെ ആർത്തിപിടിച്ച ജീവിതരീതികളും നഗരജീവിതത്തിലെ യാന്ത്രികതയും ഫ്ലാറ്റുകളിലെ അനാഥപ്പെടുന്ന ബന്ധങ്ങളും സ്വന്തം രഹസ്യലോകങ്ങളുടെ ആഹ്ലാദങ്ങളിൽ വിവേകത്തിന്റെ താക്കോൽ കളഞ്ഞു പോകുന്ന കുട്ടികളും അടങ്ങുന്ന വർത്തമാന കാലത്തിന്റെ പേടിപ്പെടുത്തുന്ന എല്ലാ അവസ്ഥകളിലൂടെയുമാണ് 'ഗുപ്തം' കടന്നു പോകുന്നത്. ഇവിടെ ഒരമ്മൂമ്മയുടെ സാന്നിധ്യമാണ് അപകടങ്ങളിലേയ്ക്ക് പോകാനിരുന്ന ഒരു കുടുംബത്തിന് ആശ്വാസമാകുന്നത്. 'അന്നുമുതൽ ഞാൻ മടിയിൽ സൂക്ഷിച്ച ഈ താക്കോൽ നിന്റെ സന്തോഷത്തിന്റെയും താക്കോലാണെന്നെനിക്കറിമായിരുന്നു. പക്ഷേ അത് അന്നു നിനക്കു തരാതിരുന്നതെന്താ തന്നാൽ നീ വീണ്ടും ആരെയെങ്കിലും അതിനുള്ളിൽക്കേറ്റി പൂട്ടുമായിരുന്നു.! നിന്റെ പിറക്കാൻ പോകുന്ന അനിയത്തിക്കുട്ട്യോ, നിന്റേമ്മ്യോ, ചെലപ്പോ എന്നെത്തന്ന്യോ....' ആസക്തികളിൽ കുടുങ്ങിപ്പോയ പുതിയ തലമുറകളെ മോചിപ്പിക്കാൻ പഴയ തലമുറയുടെ നന്മ വേണ്ടിവന്നു. പുതിയ കുടുംബസങ്കല്പങ്ങളിൽ പഴമയുടെ ഈ നന്മകൾക്ക് ഇടമില്ലായിരുന്നു. ഭൂതകാലത്തിന്റെ തണുത്ത ഇടവഴികളിൽ നിന്ന് വർത്തമാനകാലത്തിന്റെ ചൂടിനെ തണുപ്പിക്കാൻ അമ്മൂമ്മസ്പർശം വേണ്ടിവരുന്നതിനെ സുഭാഷ് ചന്ദ്രൻ കഥയിലൂടെ രേഖപ്പെടുത്തുന്നു. വർത്തമാനകാല അധികാരതന്ത്രങ്ങളെ പ്രതിരോധിക്കുന്ന പഴമയുടെ നന്മയെ കഥ വാർത്തെടുക്കുന്നു.

അധികാര പ്രതിരോധങ്ങൾ

വ്യക്തിയുടെയും വ്യവസ്ഥയുടെയും ശരിതെറ്റുകൾ വ്യത്യസ്തമാകുമ്പോൾ വ്യക്തിജീവിതം സംഘർഷഭരിതമാവുന്നു. കുടുംബത്തിന്റെ താളംതെറ്റുന്നു. പലപ്പോഴും അധികാരം പുരുഷനിൽ വരുന്നു. വ്യവസ്ഥാപിത കുടുംബത്തിന്റെ അധിപൻ പുരുഷനാകുമ്പോൾ അതിനുള്ളിലെ സ്ത്രീ അതിജീവനത്തിന്റെ പ്രതിരോധ തന്ത്രങ്ങൾ മെനയുന്നവളായും മാറുന്നു. മലയാളകഥയ്ക്ക് പുതിയ ആധുനികതകൾ കണ്ടെത്തിക്കൊണ്ടിരിക്കുന്ന എഴുത്തുകാരിലൊരാളായ മീരയുടെ പല കഥകളും മേല്പറഞ്ഞ രീതിയിൽ പ്രതിരോധത്തിന്റെ പുതുതന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുകുന്നവയാണ്. സ്ത്രീയുടെ പരാതിപ്പെടലായല്ല സ്ത്രീയവസ്ഥയുടെ അപനിർമ്മാണമായാണ് മീരയുടെ കഥകൾ മാറുന്നത്. ഭർത്താവിനെയും മക്കളെയും ഉപേക്ഷിച്ച് മറ്റൊരാളുടെ കൂടെ ജീവിക്കുന്ന 'പശ്യ പ്രിയേ, കൊങ്കണേ...'. എന്ന കഥയിലെ സതിയെത്തന്നെ എടുക്കാം. പൂർണ്ണ വിധേയത്വവും അച്ചടക്കവുമുള്ള സ്ത്രീയായിരുന്നു സതി. ഭർത്താവിന്റെ വാക്കുകൾക്കപ്പുറത്ത് ഒരു വാക്കും ഇല്ലാത്തവൾ. ഭാര്യയുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റി കൊടുക്കുന്ന ഭർത്താവിനെ വിട്ട് സതി ഒളിച്ചോടി. എന്തിനായിരിക്കും ഒളിച്ചോട്ടം എന്നതിന് സതി തന്നെ മറുപടി പറയുന്നു. 'ഇറങ്ങി വന്നത് എന്റെ ഗതികേടുകൊണ്ടാ. ഞാനും ഒരു മനുഷ്യസ്ത്രീയല്ലേ ദിവാകരേട്ടാ? എനിയ്ക്കും സംസാരിക്കേണ്ടേ? അതുകേൾക്കാൻ ആരെങ്കിലുമുണ്ടെന്ന ബോധ്യം വേണ്ടേ?' ഇവിടെ നിറഞ്ഞ കണ്ണുകളുമായി നമ്മുടെ ഇടയിലേയ്ക്ക് വരുന്ന സതി എക്കാലത്തെയും സ്ത്രീയവസ്ഥയെ പ്രതിനിധീകരിക്കുന്നു. മീരയുടെ 'ഓർമ്മയുടെ ഞെര'മ്പിലെ വൃദ്ധ പറയുന്നതുപോലെ 'പെണ്ണായാൽ ചോറും കറീം വയ്ക്കണം പെറണം... ...' ഇതിനപ്പുറത്തേയ്ക്കുള്ള പൊതുമണ്ഡലം അധികാരി വർഗ്ഗത്തിന്റെ കാൽക്കീഴിലാണ്. അതിനെതിരെയുള്ള പ്രതിരോധങ്ങളായി മാറുന്നു ഇത്തരത്തിലുള്ള ഒളിച്ചോട്ടങ്ങൾ.

വ്യവസ്ഥാപിത താല്പര്യങ്ങളെ മറികടന്നുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ ലോകങ്ങളെ വെട്ടിപ്പിടിക്കാനുള്ള ആഗ്രഹവുമായി ജീവിക്കുന്ന കഥാപാത്രങ്ങളെ ആർ. ഉണ്ണിയുടെ 'ആനന്ദമാർഗ്ഗം' എന്ന കഥയിൽ കാണാം. ഉഷ ടീച്ചറും, ആശാതോമസും, സുബൈദയും, രാധാമണിയുമൊക്കെ ചങ്ങലക്കെട്ടുകൾക്കുള്ളിലാണ്. കാലിന്റെ ഉപ്പൂറ്റിയിലെ വെടിച്ചുകീറിയ പാടുകൾ സങ്കടങ്ങളാണെന്ന് തിരിച്ചറിയുന്നവരാണ് ഇവരെല്ലാം. ഈ സങ്കടങ്ങളെ മറികടക്കാൻ ഇവർക്ക് കൂവേണ്ടി വരുന്നു. പാട്ടുപാടേണ്ടി വരുന്നു. അതിജീവനത്തിന്റെ പ്രതിരോധതന്ത്രങ്ങൾ കൂവലായും പാട്ടായും ഉണ്ണി വരച്ചിടുന്നു.

'തോടിനപ്പുറം പറമ്പിനപ്പുറം' എന്ന കഥയിലെ കുരുടി ഉമ്മച്ചിയുടെ യാത്രയും ഒരു തരത്തിൽ പ്രതിരോധമാണ്. കാപ്പിരികളുടെ നാട്ടിലേയ്ക്കും ലണ്ടനിലേയ്ക്കും മക്കയിലേയ്ക്കുമൊക്കെയുള്ള സങ്കല്പയാത്രകളാണ് കുരുടിയുമ്മച്ചിയും സുൽഫത്തും നടത്തുന്നത്. ജീവിതത്തിലെ അസ്വസ്ഥകളിൽ നിന്നുള്ള രക്ഷപ്പെടലുകളായി മാറുന്ന ഇവരുടെ ഓരോ യാത്രയും കുട്ടാമ്പുറം, വെനീസും അതിരമ്പുഴ, വത്തിക്കാനും കുമരകം, റഷ്യയും തെക്കേടത്ത് മനക്കാരുടെ കയ്യാല, ചൈനയിലെ വൻമതിലുമൊക്കെയായി മാറുന്നു.

ഇപ്രകാരം ആധുനികാനന്തര ചെറുകഥകൾ കുടുംബത്തിനുള്ളിലെ അധികാര പ്രതിരോധങ്ങളെ ഗൗരവമായി അടയാളപ്പെടുത്തുന്നു. സാമൂഹികാനുഭവങ്ങളെ അതിന്റെ സങ്കീർണ്ണതയിലും മാനുഷികതയിലും ഊന്നിക്കൊണ്ട് ആവിഷ്കരിക്കാനുള്ള ത്വര ആധുനികാനന്തര കഥാകൃത്തുകൾ പ്രകടിപ്പിക്കുന്നുണ്ട്. ജീവിത യാഥാർത്ഥ്യങ്ങളോടുള്ള നാട്യങ്ങളില്ലാത്ത ആഭിമുഖ്യവും വ്യവസ്ഥകളോടുള്ള പ്രതിഷേധവും ഈ കഥകളിൽ കാണാം. പാരമ്പര്യത്തോടും, ഭാഷാപരവും മാനുഷിക ബന്ധപരവുമായ ക്ലീഷേകളോടും യാഥാസ്ഥിതികത്വത്തോടുമെല്ലാമുള്ള കലാപങ്ങളായി ആധുനികാനന്തര കഥകൾ മാറുന്നു.

നിമ്മി.എ.പി
അസി.പ്രൊഫസർ
ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ്,
കോഴിക്കോട്

# 'തകർന്നുയരുന്ന ദേവബിംബങ്ങൾ'

## 'നിരീശ്വരൻ' എന്ന നോവൽ പഠനം

വിവിധതരം അധികാരങ്ങളുടെ ശ്രേണിയാണ് മനുഷ്യജീവിതം. മനുഷ്യശരീരത്തിനുമേൽ മനസ്സിന്റെയും മനസ്സിനുമേൽ ഓരോ അവയവങ്ങളുടെയും അധികാരം നിലനിൽക്കുന്നു. അവനവനിൽത്തന്നെയുള്ള ഈ അധികാരത്തിന്റെ വടംവലികൾ മനുഷ്യനെ വല്ലാത്തൊരവസ്ഥയിൽ കൊണ്ടെത്തിക്കാറുണ്ട്. ബാഹ്യലോകവും അനേകം അധികാരപ്രയോഗങ്ങളാൽ നിറഞ്ഞിരിക്കുന്നു. കുടുംബത്തിലാണെങ്കിൽ കാരണവരുടെ, അച്ഛന്റെ, അമ്മയുടെ, മുതിർന്നവരുടെ, ബന്ധുജനങ്ങളുടെ, സംസ്കാരത്തിന്റെ, പാരമ്പര്യത്തിന്റെ, വിശ്വാസത്തിന്റെ, ആരാധനയുടെ ഒക്കെ അധികാരം ഒരുവനിൽ പ്രയോഗിക്കപ്പെടുന്നുണ്ട്. ഈ പരമാർത്ഥങ്ങളുടെതന്നെ മറ്റുപലരൂപങ്ങൾ സമൂഹത്തിൽ കാണാം. അതായത് ഭരണകൂടത്തിന്റെ, നിയമത്തിന്റെ സാംസ്കാരിക സ്ഥാപനങ്ങളുടെ, സദാചാരമൂല്യങ്ങളുടെ, വിദ്യാഭ്യാസത്തിന്റെ, തൊഴിലിന്റെ, മേഖലകളിലെല്ലാം അത് ദർശിക്കാവുന്നതാണ്. അതുപോലെ തന്നെ അധികാരങ്ങളെ ചെറുത്തു നിൽക്കാനുള്ള ഒരു പ്രതിരോധസംവിധാനവും എപ്പോഴും ഉണ്ടായിരിക്കും. ന്യൂട്ടന്റെ തത്ത്വംപോലെ ഏതൊരു പ്രവൃത്തിക്കും ഒരു എതിർ പ്രവർത്തനം ഉണ്ട് എന്നതു തന്നെയാണ് അധികാരത്തിന്റെയും തത്ത്വം.

പരസ്പരാശ്രിതമായ ഒരു അധികാരബന്ധം എന്നും ഉണ്ടായിരിക്കേണ്ട ഒന്നാണ്. കാരണം ഒന്നിനും യാതൊരു നിയന്ത്രണവുമില്ലാതെ വരികയാണെങ്കിൽ വ്യവസ്ഥയൊക്കെ തകരാറിലാവുകയും

സമൂഹത്തിന്റെ കെട്ടുറപ്പ് നഷ്ടപ്പെടുകയും ചെയ്യും. അതിനാൽ എല്ലായിടത്തും ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് പലപ്പോഴും അധികാരമായി മാറുന്നത്. ഈ അധികാരം (നിയന്ത്രണം) അധികമാവുമ്പോഴാണ് അനധികൃതമായി മാറുന്നത്. ഈ സന്ദർഭത്തിൽ അധികാരത്തെ വെല്ലുവിളികളാൽ തകർത്തെറിയാനും ചെറുത്തു നിൽക്കാനും ശ്രമിക്കുന്നതായി കാണാം.

ദൃശ്യങ്ങളായ പല ശക്തികളും ഉപകരണങ്ങളും മനുഷ്യനെ വിധേയനാക്കുന്നപോലെ തന്നെ അദൃശ്യമായ പലതും അവന്റെ മേൽ അധികാരം പ്രയോഗിക്കുന്നുണ്ട്. അതിലേറ്റവും വലുതും പ്രാധാന്യമർഹിക്കുന്നതുമായ ഒന്ന് ഈശ്വര സങ്കല്പമാണ്. സകലരേയും സൃഷ്ടിച്ചും പരിപാലിച്ചും സംഹരിച്ചും നിയന്ത്രിക്കുന്ന ഒരു പരമാധികാരിയുണ്ട്. ആ പരമാധികാരിയെ, ഈശ്വരൻ, അല്ലാഹു, യേശു, വിഷ്ണു, നാരായണൻ എന്നിങ്ങനെ വിവിധ പേരുകളിൽ നാം ആരാധിക്കുന്നു. ഈ ആരാധനാമൂർത്തികൾ കാലാകാലങ്ങളായി മനുഷ്യനെ നിരന്തരം ഭയപ്പെടുത്തുകയും അനുഗ്രഹിക്കുകയും നിഗ്രഹിക്കുകയും ശിക്ഷിക്കുകയും ഒക്കെ ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. എതിർവാദങ്ങൾ ഉണ്ടാകാം. എന്നിരുന്നാലും പൊതുസമൂഹത്തിന്റെ സങ്കല്പ പ്രകാരം ഈശ്വരന്റെ അധികാരപരിധിയിലാണ് ഈ പ്രപഞ്ചം മുഴുവൻ. ഇത് ഒരു സങ്കല്പമാണ്. അല്ലെങ്കിൽ വിശ്വാസമാണ്. ഈ വിശ്വാസം പലപ്പോഴും മനുഷ്യനെ നിയന്ത്രിക്കുന്നതായും ഭരിക്കുന്നതായും അനുഭവപ്പെടാറുണ്ട്.

ഈ അടുത്ത കാലത്തായി വിശ്വാസത്തിന്റെ ശക്തി, ജനങ്ങളിൽ അനുദിനം വർദ്ധിക്കുന്നതായി കാണാം. ക്ഷേത്രങ്ങളും പള്ളികളും വിശ്വാസികളെക്കൊണ്ട് നിറയുന്നു. വളരെ ചെറിയ കെട്ടിടങ്ങളായിരുന്ന ക്ഷേത്രങ്ങളും പള്ളികളും ബഹുനില മന്ദിരങ്ങളായി ഉയരുന്നു. സ്വത്തുവകകൾ കൂടിക്കൂടി വരുന്നു. ഭണ്ഡാരക്കെട്ടിന്റെ വലുപ്പവും കൂടുന്നു. പൊങ്കാലക്കലങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. ഉത്സവാഘോഷങ്ങളുടെ നിറപ്പൊലിമ കൂടുന്നു. പ്രാർത്ഥനാസംഘങ്ങളും വായനാ സംഘങ്ങളും രൂപപ്പെടുന്നു. വ്രതനിഷ്ഠകൾ പൂർവ്വാധികം ശക്തിയായി തിരിച്ചു വരുന്നു. ക്ഷേത്രസംബന്ധിയായ പുസ്തകങ്ങൾ പ്രസിദ്ധീകൃതമാവുന്നു. സഞ്ചാരികളുടെ കേന്ദ്രമായി ക്ഷേത്രങ്ങൾ പരിണമിക്കുന്നു. ചരടുകൾ, മന്ത്രഏലസുകൾ, ഭാഗവതവായന, നാമജപം, പ്രത്യേക പൂജകൾ തുടങ്ങി വിവിധങ്ങളായ സംഗതികൾ ഭക്തജനങ്ങളെ ആകർഷിക്കുന്നു. എസ്.എസ്.എൽ.സി. പരീക്ഷയാകുമ്പോൾ പ്രത്യേക സരസ്വതീ

പൂജ, വിദ്യാപൂജ, വിദ്യായന്ത്രം, ചരട് ജപം, ഭസ്മജപം എന്നിവയൊക്കെ പരസ്യ ബോർഡിൽ എഴുതി പ്രദർശിപ്പിച്ച് ഭക്തരെ ആകർഷിക്കുന്നത് തിരുവനന്തപുരത്ത് ഒട്ടും അതിശയോക്തി കലർന്ന കാഴ്ചയല്ല. ദുർഗ്ഗാഷ്ടമി, വിജയദശമി, വരലക്ഷ്മി, അക്ഷയത്രിതീയ തുടങ്ങിയ ഏതാഘോഷങ്ങളെയും ദൈവികതയുടെ പിന്നിൽ കെട്ടി ആഘോഷിക്കുന്നത് ഒരു പ്രവണതയായി മാറിക്കൊണ്ടിരിക്കുന്നു. ഈ പ്രത്യേക സാഹചര്യം വളരെയധികം ശ്രദ്ധിക്കേണ്ടതാണ്. കാരണം സമൂഹത്തിന്റെ ആഴങ്ങളിലേക്കിറങ്ങിയെത്തുന്നതും ശ്വാസം മുട്ടിച്ചു കൊല്ലുന്നതുമായും മാറിക്കൊണ്ടിരിക്കുന്ന വിശ്വാസ തരംഗം. ഈ പ്രവർത്തനങ്ങൾ തുടർന്നു പോയാൽ ഒരു പക്ഷേ ഭാവിയിൽ നാം പഴയ നൂറ്റാണ്ടിലേക്ക് തിരിച്ചു പോകേണ്ടിവരും. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അനുദിനം വർദ്ധിക്കുന്ന സമൂഹത്തിന്റെ ഈ മാറ്റങ്ങൾ വ്യക്തമായി വരച്ചിടുകയാണ് വി.ജെ. ജയിംസിന്റെ ‘നിരീശ്വരൻ’ എന്ന നോവലിൽ.

മനുഷ്യൻ സങ്കല്പിച്ചുണ്ടാക്കിയതാണ് ഈശ്വരകഥ എന്നതാണ് വാസ്തവം. അല്ലെങ്കിൽ മനുഷ്യത്വത്തിന്റെ ഉദാത്തമായ ഭാവമാണ് ഈശ്വരൻ. ഈ ഉദാത്തതയുടെ മുന്നിൽ നാം പലപ്പോഴും വിധേയരായി മാറുന്നതുകാണാം. അങ്ങനെ ഈശ്വരൻ എല്ലാറ്റിന്റെയും പരമാധികാരിയായി മാറുന്നു. അദൃശ്യനായി നിന്നുകൊണ്ട് മാനുഷിക ചലനങ്ങളെയും തുടർജന്മങ്ങളെയും നിയന്ത്രിക്കുന്നവനാണ് അദ്ദേഹം. അധികാരത്തിന്റെ മറ്റൊരു രൂപമാണത്. മനുഷ്യൻ ഭയത്തോടെ വീക്ഷിക്കുകയും ആരാധിക്കുകയും ചെയ്യുമ്പോൾ മതവും ഈശ്വരനും അധികാരത്തിന്റെ ശക്തിയായി മാറുന്നു. നാടിന്റെയും നാട്ടുകാരുടെയും വിധി കല്പിക്കുന്ന ന്യായാധിപനായി മാറുന്നു. ഈ മാറ്റങ്ങൾ വളരെ സൂക്ഷ്മമായി ആവിഷ്കരിക്കുന്ന നോവലാണ് ‘നിരീശ്വരൻ’.

മനുഷ്യനെ നിയന്ത്രിക്കുന്ന മറ്റ് രണ്ട് അധികാരങ്ങളാണ് സമയവും കാലവും. ഇവ രണ്ടും ഒന്നു തന്നെയാണ് താനും. സമയത്തിലും കാലത്തിലും ഒതുങ്ങി നിൽക്കാതെ, ആ ബോധമില്ലാതെ, പ്രവർത്തിക്കുമ്പോഴാണ് മനുഷ്യന് പലതും നഷ്ടമാകുന്നത്. സമയത്തിനും കാലത്തിനും വിധേയമാകേണ്ടത് അത്യാവശ്യമാണ്. എന്നാൽ സമയം നമ്മെ ഞെരുക്കുന്നതും മയക്കുന്നതും മെരുക്കുന്നതുമായ സന്ദർഭങ്ങൾ വിസ്മരിക്കാവതല്ല. അതിനാൽ ചെറുതല്ലാത്ത അധികാരമാണ് സമയം നമ്മിൽ ചെലുത്തുന്നത്. സമയത്തിന്റെ ശക്തിമത്തായ ആവിഷ്കാരവും നിരീശ്വരനിൽ കണ്ടെത്താവുന്നതാണ്.

ഈശ്വരവിശ്വാസം, മതം, സമയം, എന്നീ മൂന്ന ഘടകങ്ങൾ അധികാരത്തിന്റെ പ്രകടനങ്ങളായി മാറുന്നത് 'നിരീശ്വരൻ' എന്ന നോവൽ അന്വേഷിക്കുന്നു. ആന്റണി, ഭാസ്കരൻ, സഹീർ എന്നീ മൂന്ന് ചെറുപ്പക്കാരുടെ പ്രവർത്തനങ്ങളാണ് ഈ നോവലിന്റെ കേന്ദ്രാശയം. ഈശ്വരൻ എന്ന അധികാരത്തിനെതിരെയുള്ള അവരുടെ ചിന്തകൾ വളരെ വ്യത്യസ്തവും ചിന്തോദ്ദീപകവുമാണ്. ആന്റണി, ഭാസ്കരൻ, സഹീർ ഈ പേരുകളുടെ ആദ്യാക്ഷരങ്ങൾ ചേർത്ത് 'ആഭാസസംഘം' എന്ന കൂട്ടായ്മ രൂപീകരിക്കുകയും ദേവത്തെരുവിന് 'ആഭാസത്തെരുവെ'ന്ന് നാമകരണം ചെയ്യുകയും ചെയ്തു. തുടർന്ന് ആഭാസത്തെരുവിൽ നിരീശ്വരനെ പ്രതിഷ്ഠിച്ചു.

ഈശ്വരൻ എന്ന അധികാര ചിഹ്നത്തെ വെല്ലുവിളിച്ചു കൊണ്ടാണ് നിരീശ്വരന്റെ പ്രതിഷ്ഠ ആഭാസത്തെരുവിൽ നടത്തിയത്. നിലനിൽക്കുന്ന ഈശ്വരവിശ്വാസം മനുഷ്യനെ ഭരിക്കുന്ന അധികാരമാണെന്നും അതിൽനിന്നും മോചനം വേണമെന്നും മതമില്ലാത്ത കൂട്ടായ്മ തീരുമാനിച്ചു നടപ്പാക്കിയതിൽ അസ്വാഭാവികമായിട്ടൊന്നും ചിന്തിക്കാനില്ല. പുതിയൊരു ചിന്തയുടെ ഭാഗമായിട്ടാണവർ നിരീശ്വര പ്രതിഷ്ഠ നടത്തുന്നത്. നമ്മുടെ (വിശ്വാസികളുടെ) മനസ്സുകളെ ഭരിക്കുന്ന അധികാരത്തെയാണ് അവർ മറിച്ചിടാനായി ശ്രമിക്കുന്നത്. അക്ഷേപഹാസ്യത്തിന്റെ എല്ലാ സാധ്യതകളെയും സ്വീകരിച്ചുകൊണ്ടാണ് ഈ പുത്തൻ വരവിനെ അവതരിപ്പിച്ചിരിക്കുന്നത്.

'വിശ്വാസത്തിന്റെ അടിത്തറതന്നെ തെറ്റിദ്ധാരണയാണല്ലോ'. (പുറം.34) എന്ന് കണ്ടുകൊണ്ട് നിരീശ്വരനെ വികലാംഗനാക്കിയാണ് ആഭാസന്മാർ ആ നാടിന്റെ 'ആൽമാവി'നുചുവട്ടിൽ പ്രതിഷ്ഠിക്കുന്നത്. എല്ലാ ധാരണകളെയും തെറ്റിക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. എന്നാൽ സംഭവിച്ചതൊക്കെ മറിച്ചായിരുന്നു. അധികാരത്തെ പ്രതിരോധിക്കാൻ ശ്രമിക്കുന്തോറും പിന്നെയും രൂപം മാറി വന്ന് നമ്മുടെ ബന്ധങ്ങളെ അത് ശക്തമായി മാറ്റിമറിക്കാൻ ശ്രമിക്കും. ഈ നോവലിൽ വ്യക്തമായ ചില ഉദ്ദേശ്യങ്ങളോടെയാണ് ആഭാസന്മാർ നിരീശ്വരപ്രതിഷ്ഠനടത്തുന്നത്. ഒരിക്കലും അവർ പ്രതീക്ഷിക്കാത്ത വഴികളിലേക്കാണ് പിന്നീട് സംഭവങ്ങൾ നടന്നു കയറുന്നത്.

നിരീശ്വരന്റെ പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കുന്നത് ഈശ്വരൻ എന്ന പേരായ എമ്പ്രാന്തിരിയാണ്. അയാളാകട്ടെ, ഈശ്വരനെ പൂജിച്ച് ജീവിച്ചിരുന്നവനും, എന്നാൽ ക്ഷേത്രത്തിൽ കളവുനടന്നതിന്റെ

പേരിൽ ജയിലിലടയ്ക്കപ്പെട്ടവനുമാണ്. ഈശ്വരനെ പൂജിച്ചതിന്റെ പേരിൽ ലഭിച്ച ശിക്ഷയിന്മേൽ ഏകാന്തനായി, അവിശ്വാസിയായി കഴിഞ്ഞു കൂടിയതിനാൽ നിരീശ്വരപ്രതിഷ്ഠ നടത്താൻ ഏറ്റവും ഉത്തമൻ ഈശ്വരൻ എമ്പ്രാന്തിരി തന്നെയാണ് എന്ന് ആഭാസന്മാർ തീരുമാനിച്ചു. ഒരു ദുർദ്ദിനത്തിൽ ദുർമുഹൂർത്തം നോക്കിയാണ് പ്രതിഷ്ഠാകർമ്മം നടന്നതെങ്കിലും വളരെത്താമസിയാതെ നിരീശ്വരന്റെ വിലാസങ്ങൾ ആരംഭിച്ചു.

'പ്രാർത്ഥന വിഡ്ഢിത്തമാണന്ന വസ്തുത നിലനിൽക്കേ അത് മന്ദബുദ്ധിയിൽ നിന്ന് ഉത്ഭവിച്ചത് ആഭാസന്മാരെ രസിപ്പിച്ചു. ബുദ്ധിമാന്ദ്യക്കാരൻ ഇല്ലാ ദൈവമായ നിരീശ്വരനോട് പ്രാർത്ഥിക്കുന്നു. ഇതു തന്നെയല്ലെ ബുദ്ധിയുണ്ടെന്നു നടിക്കുന്നവർ ഈശ്വരനോട് പ്രാർത്ഥിക്കുമ്പോൾ ചെയ്യുന്നതും. രണ്ടും ഒരു പോലെ ഭോഷത്തം'—പരിഹാസാത്മകമായും നിന്ദ്യാത്മകമായും അധികാരത്തെ പുച്ഛിക്കുന്ന ജനം തന്നെ മറിച്ചും തിരിച്ചും ചെയ്തുകൊണ്ടിരിക്കും. ഈശ്വരൻ എന്ന അധികാരിയെ ആരാധിക്കുന്ന ഭോഷത്തരത്തെ എഴുത്തുകാരൻ വിമർശിക്കുന്നു. ആന്റണിയും ഭാസ്കരനും സഹീറും ഒന്നിക്കുന്ന മതമൈത്രിയുടെ ഊഷ്മളതയെ വിസ്മരിക്കുവാൻ ഒരിക്കലും സാധിക്കില്ലെന്നു മാത്രമല്ല മതം എന്ന അധികാരത്തെ പൊളിച്ചെഴുതുക കൂടിയാണ് ചെയ്യുന്നത്. എല്ലാ മതങ്ങളും മനുഷ്യനുമേൽ ചില അധികാരങ്ങൾ സ്ഥാപിക്കുന്നു. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഭക്ഷണശീലങ്ങൾ, ആഘോഷങ്ങൾ തുടങ്ങി ഒരുവന്റെ പേരിൽപോലും മതാധികാരം അടയാളപ്പെടുത്തുന്നു. ക്രിസ്ത്യാനികൾക്ക്, ക്രിസ്ത്യൻ പേരുകൾ, മുസ്ലീങ്ങൾക്ക് ഇസ്ലാം പേരുകൾ, ഹിന്ദുക്കൾക്ക് ഹിന്ദു പേരുകൾ അങ്ങനെയാണ് ലോകം. പേരിൽ നിന്നു തന്നെ അവന്റെ മതം തിരിച്ചറിയപ്പെടണം എന്ന് കല്പിക്കുന്നു. ഈ അധികാരങ്ങളെ തികച്ചും നിരാകരിക്കുകയാണ് നോവലിലെ കഥാപാത്രങ്ങൾ ചെയ്യുന്നത്. മുപ്പത്തുമുക്കോടി ദൈവങ്ങൾ ഉള്ള ഹിന്ദു മതത്തെയും ഹിന്ദുക്കളുടെ ഈശ്വരാരാധനയെയും നിശിതമായി വിമർശിക്കുന്നുണ്ടെങ്കിലും നോവലിന്റെ അവസാന ഭാഗമെത്തുമ്പോഴേക്കും വിശ്വാസമെന്ന അധികാരം തഴച്ചു വളരുന്നതായും വേരുകൾ ആഴ്ത്തിപ്പടർന്ന് ഇനി അഴിച്ചു മാറ്റാൻ പറ്റാത്തവിധം സങ്കീർണ്ണമായിപ്പോയതായും കാണാം.

ഏതൊരാദർശത്തിനു വേണ്ടിയാണോ നിരീശ്വരൻ പ്രതിഷ്ഠിക്കപ്പെട്ടത് ആ ആദർശത്തിന് വിരുദ്ധമായിട്ടാണ് വന്നു ഭവിക്കുന്നത്. ഇതു തന്നെയാണ് എല്ലാ പ്രത്യയശാസ്ത്രങ്ങളുടെയും ഗതി. മുതലാളിത്ത

വ്യവസ്ഥിതിക്കെതിരെ അല്ലെങ്കിൽ ആ അധികാരത്തിനെതിരെ പ്രവർത്തിക്കുവാൻ ആഹ്വാനം ചെയ്തു കൊണ്ട് കടന്നുവന്ന മാർക്സിയൻ പ്രത്യയ ശാസ്ത്രത്തിന്റെ കാര്യത്തിൽപോലും മാറ്റം വന്നില്ല എന്നതാണ് വാസ്തവം. മുതലാളിയിൽ നിന്നും അധികാരം തൊഴിലാളിയിലേക്കെത്തി എന്ന് മാത്രം. ആത്യന്തികമായി അധികാരവ്യവസ്ഥ മാറുന്നില്ല. പേരുകൾ മാത്രമാണ് മാറ്റത്തിന് വിധേയമാകുന്നത്. 'അധികാരം കൊയ്യണമാദ്യംനാം' എന്ന് കവി പാടിയത് അർത്ഥവത്താണ്. എല്ലാ സമരങ്ങളും അധികാരത്തിനെതിരെയാണ്. അധികാരം കിട്ടിക്കഴിഞ്ഞാൽ ആ വ്യവസ്ഥയിൽ യാതൊരു മാറ്റവും വന്നുഭവിക്കുന്നില്ല. നിരീശ്വര പ്രതിഷ്ഠയിലും അതുതന്നെ സംഭവിച്ചു. നിരീശ്വരൻ ആരാധ്യദേവനായി മാറി. അങ്ങനെ നോക്കുമ്പോൾ ലോകത്തിന്റെ തന്നെ അധികാര ഘടനയ്ക്ക് കാതലായ മാറ്റമൊന്നും വന്നുഭവിക്കുന്നില്ല എന്ന് പറയാം. അധികാരം രാജാവിലായിരുന്നപ്പോൾ അധികാരി രാജാവും, അധികാരം ജനാധിപത്യപരമായപ്പോൾ അധികാരി മന്ത്രിമാരുമായി മാറി. കൂടുതൽ സങ്കീർണ്ണമായി എന്നല്ലാതെ ഗുണപരമായ മാറ്റങ്ങൾ ഒന്നുമുണ്ടായില്ല. ഈ വസ്തുത സ്ഥാപിക്കുകയാണ് 'നിരീശ്വര'നിലൂടെ. പ്രതിരോധത്തിനും പ്രതിഷേധത്തിനും ഒക്കെ അതീതമായി മറ്റൊരു രൂപത്തിലൂടെ അധികാര സ്ഥാപനം നടക്കുന്നു എന്ന് കാണാവുന്നതാണ്.

'നിപ്രസം'—നിരീശ്വര പ്രാർത്ഥനാസംഘം രൂപീകരിക്കുന്നത് വളരെ ശ്രദ്ധയോടെ നിരീക്ഷിക്കേണ്ട സംഗതിയാണ്. ആരുടെ പ്രശ്നവും പരിഹരിക്കാൻ 'നിപ്രസ'ത്തിൽ പേര് രജിസ്റ്റർ ചെയ്ത് കാശടച്ചാൽ മതിയാകും. നിപ്രസത്തിൽ നിന്ന് ഒരാൾ അതേറ്റെടുത്ത് കൃത്യമായി ചെയ്തു കൊള്ളും. 25 വർഷമായി ഒറ്റക്കിടപ്പിൽ കിടന്നിരുന്ന ഒരാൾ (അർജ്ജുനൻ) താൻ കിടപ്പിലായ അതേ പ്രായത്തോടെ ഉണരുന്നത് ഈ നോവലിലെ മറ്റൊരതിശയമാണ്. കാലം മനുഷ്യനുമേൽ തീർക്കുന്ന അധികാര ചിഹ്നങ്ങൾ അയാൾക്കുമേൽ പതിക്കുന്നില്ല. അതിന് ശാസ്ത്രീയമായ തെളിവുകൾ പോലും നിരത്തുന്നുണ്ട്. മഹാനിദ്രയിലാളുന്നവനെ കാലത്തിന്റെ അന്ധകാരലോകം പിടികൂടുന്നില്ല. ആ വിസ്മയകരമായ ഒരനുഭവം ഏതൊരു വായനക്കാരേയും അമ്പരപ്പിക്കുന്നതാണ്. കാലത്തിന്റെ അധികാരത്തിൽപെട്ടു പോയവരുടെ ലോകവും അർജ്ജുനന്റെ വൈരുദ്ധ്യാത്മകമായ ലോകവും വളരെ സ്വാഭാവികമായിട്ടാണവതരിപ്പിച്ചിരിക്കുന്നത്. അയാളുടെ മനോവികാരങ്ങൾ ഭാര്യയ്ക്കോ ഭാര്യയുടെ ചിന്തകൾ അയാൾക്കോ മനസ്സിലാക്കാൻ

സാധിക്കുന്നില്ല. ഒന്നുറങ്ങി ഉണർന്നപ്പോഴേക്കും മക്കൾ തന്നോളം വളർന്നിരിക്കുന്നു. ഭാര്യയെ തിരിച്ചറിയാൻ പറ്റാത്തവിധം ജരാനരകൾ ബാധിച്ചിരിക്കുന്നു. അർജ്ജുനന് അതൊട്ടും ഉൾക്കൊള്ളാനേ സാധിക്കുന്നില്ല.

അർജ്ജുനനെ ഉണർത്താൻ നിരീശ്വരശക്തിയ്ക്കാണ് കഴിഞ്ഞത് എന്നത് മറ്റൊരത്ഭുതവും. കാലവും നിരീശ്വരനും കൂടി സൃഷ്ടിച്ച ഈ വൈചിത്ര്യം ആ കുടുംബത്തെയാകെ ബാധിക്കുകയാണ്. അദൃശ്യങ്ങളായ അധികാരശക്തികളുടെ ഇരകളാകുകയാണ് ഒരു കുടുംബം. 'യുവാവായ ഭർത്താവിനു മുൻപിൽ വൃദ്ധയായ ഭാര്യയായി നിൽക്കേ സുധ വേരുകളറ്റപോലെ ആകെ പകച്ചു.' (പു:133) അച്ഛനും മക്കൾക്കും ഒരേ പ്രായം എന്നപോലെയായി. മഹാ നിദ്രയിൽ നിന്നുള്ള അയാളുടെ മോചനം വേണ്ടായിരുന്നു എന്നുപോലും ആഗ്രഹിച്ചു പോകുന്ന ഘട്ടത്തിലെത്തുന്നു. അങ്ങനെ കാലവും സമയവും അവരുടെ ജീവിതത്തെ നിയന്ത്രിക്കുകയും മാറ്റിമറിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. 'ഏതു കാലരാശിയിലാണ് താനിപ്പോൾ നിൽക്കുന്നതെന്ന സന്ദേഹം ഇന്ദ്രജിത്തിനെ അനുനിമിഷം വേട്ടയാടിക്കൊണ്ടിരുന്നു.' (പു. 151). 'കാലത്തിന്റെ നിയമത്തെ മറികടക്കുന്ന ഒരു മാനത്തിൽ ഇയാൾ എങ്ങനെയോ പ്രവേശിച്ചുപോയി, അല്ലെങ്കിലും ഇന്ദ്രിയങ്ങൾക്കും അപ്പുറമെത്തുന്നോനാണല്ലോ ഇന്ദ്രജിത്ത്'–(പു. 191). ഇന്ദ്രജിത്തിന്റെ മോഹം മേഘയിലായപ്പോൾ ഭാര്യ സുധ തന്നെ അറിയാതെ പ്രാർത്ഥിച്ചു പോവുന്നു നിരിശ്വരനോടിങ്ങനെ, 'ഒരേ ഒരു കാര്യം നീയെനിക്ക് സാധിച്ചു തരണം. എനിക്കെന്റെ ഇന്ദ്രേട്ടനെ തിരിച്ചുവേണം, പഴേ രൂപത്തിൽ ഉറങ്ങിക്കിടക്കുന്നവനായി. ഉണർന്നിരിക്കുന്ന ഇന്ദ്രേട്ടനെ എനിക്കു വേണ്ട.' (പു. 286). ഇങ്ങനെ നിരീശ്വരനു മുന്നിൽ പ്രാർത്ഥിച്ചപ്പോൾ അതുതന്നെ സംഭവിച്ചു. മേഘയുടെ അച്ഛൻ അർജ്ജുനൻ ഇന്ദ്രജിത്തിന്റെ തലയ്ക്കടിച്ചു. ബോധം കെട്ടുവീണ അദ്ദേഹത്തിന് പിന്നെ ഒരിക്കലും പഴയ പോലാവാൻ സാധിച്ചില്ല. അടി കൊണ്ട് വീണതും നിരീശ്വരനു മുന്നിൽ. അങ്ങനെ നിരീശ്വരന്റെ അധികാരത്തിനു മുന്നിൽ അർജ്ജുനൻ വീണ്ടും തകർന്നു വീഴുകയാണ്. അർജ്ജുനന്റെ അനുഭവത്തിലൂടെ അധികാരത്തിന്റെ അദൃശ്യകരങ്ങൾ അറിയാതെ നമ്മുടെ മേൽ പതിയുന്നതിന്റെ നേർദൃശ്യങ്ങളാണ് കാണാൻ സാധിക്കുന്നത്. മേഘയുടെ പ്രാർത്ഥനകൊണ്ട് ഉണർന്നെണീക്കുകയും സുധയുടെ പ്രാർത്ഥനയാൽ വീണ്ടും തളർന്നുവീഴുകയും ചെയ്യുമ്പോൾ ഒരാളുടെ ജീവിതത്തിൽ അയാളറിയാതെ വന്നുവീഴുന്ന ആരുടെയൊക്കെയോ അധികാരത്തിന്റെ കരങ്ങൾ

നമുക്ക് വായിച്ചെടുക്കാം. ഭരണകൂടത്തിന്റേതായ നയങ്ങൾ പലപ്പോഴും ജനങ്ങളെ പല പ്രതിസന്ധികളിലും തള്ളിവിടുന്നുണ്ട് എന്ന പരോക്ഷ സൂചനയാണിത്. അവനവന്റെ ഇച്ഛയ്ക്കൊത്തല്ല, മറ്റാരുടെയൊക്കെയോ നിയന്ത്രണങ്ങൾക്കു വിധേയനായാണ് മനുഷ്യൻ ജീവിക്കുന്നത് എന്ന സത്യം നിരീശ്വരൻ എന്ന നോവൽ തുറന്നു കാണിച്ചു തരുന്നു.

ജാനകി എന്ന വേശ്യപ്പെണ്ണിന്റെ ജീവിതവും അറിവും അനുഭവവും ആവിഷ്കരിക്കുന്നിടത്തുമാത്രമാണ് അധികാരവ്യവസ്ഥകൾ അസ്വസ്ഥതയോടെയാണെങ്കിലും അകന്നു നിൽക്കുന്നത്. ഗന്ധത്തെപ്പറ്റി ഗവേഷണം നടത്തുന്ന ശാസ്ത്രകാരന്റെ ബുദ്ധിയേക്കാൾ പതിന്മടങ്ങ് സൂക്ഷ്മാവലോകനപാടവവും വിശകലനശേഷിയും ജാനകിക്കുണ്ട്. മണങ്ങൾ തേടുകയും തിരിച്ചറിയുകയും അതിന്റെ വ്യത്യസ്തതകൾ വിവരിക്കുകയും ചെയ്യുന്നുണ്ട് ജാനകി. അധികാരത്തിന്റെ ഉന്മത്തതയെ വശീകരിക്കുന്നതന്ത്രങ്ങൾ ജാനകിക്കു മാത്രമേ അറിയൂ. ആ പ്രതിരോധത്തിന്റെ ആവിഷ്കാരവും നിരീശ്വരനിൽ കാണാം. നാട്ടുവേശ്യയായ അവൾക്ക് ഗന്ധങ്ങളിലൂടെ രതിമൂർച്ഛ അനുഭവിക്കാൻ സാധിക്കുന്നു എന്ന് പറയുമ്പോൾ ആവിഷ്കരിക്കപ്പെടുന്ന മനോയാനങ്ങൾ പ്രത്യേകം പഠനാർഹമാണ്. ഗന്ധത്തിന്റെ ശാസ്ത്രീയപഠനങ്ങൾ നടത്തുന്ന റോബർട്ടോ എന്ന ഗവേഷകന്റെ കണ്ടെത്തലുകളും പ്രധാനമാണ്. റോബർട്ടോ എന്ന പേരുപോലും ചില സൂചനകളാണ്. അയാൾ, ഗന്ധങ്ങൾ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനങ്ങളെകുറിച്ചാണ് പഠിക്കുന്നത്. കാണാൻ സാധിക്കാത്തതും എന്നാൽ അനുഭവിക്കാൻ കഴിയുന്നതുമാണ് ഗന്ധം. ഗന്ധം രണ്ടുതരമുണ്ട് സുഗന്ധവും ദുർഗന്ധവും ആ അദൃശ്യാനുഭവം തന്നെയാണ് അധികാരത്തിനുമുള്ളത്.

എല്ലാ ഘടനകളെയും തിരുത്തിയെഴുതുന്ന വിധിയെന്ന വിധാതാവിന്റെ പ്രവർത്തനമേഖലയാണ് നിരീശ്വനുള്ളത്. സത്യം വികേന്ദ്രീകൃതമാവുമ്പോൾ അധികാരത്തിന്റെ ശക്തി വർദ്ധിക്കുന്നുണ്ട്. നിരീശ്വരന്റെ അധികാര പരിധിയിലായി മാറുകയാണ് ആഭാസത്തെരുവു മുഴുവൻ. ആ നാട്ടിലെ അബോധാവസ്ഥയിൽ കിടന്നിരുന്ന അർജ്ജുനൻ എഴുന്നേറ്റു നടക്കുന്നു, സംസാരശേഷി കുറവായിരുന്ന (കൊഞ്ഞയുള്ള) ജയചന്ദ്രൻ സുഗമമായി സംസാരിക്കുന്നു, ചിലർക്ക് ആഗ്രഹിച്ച ജോലി ലഭിക്കുന്നു, രോഗം ഭേദമാകുന്നു, ദുഷ്ടന്മാർ ശിഷ്ടരായി മാറുന്നു, പാവപ്പെട്ടവർക്ക് ജീവിക്കാനുള്ള വക കിട്ടുന്നു, ക്ഷുരകനും ചായക്കടക്കാരനും ഒക്കെ ജീവിത പ്രയാസങ്ങൾ മാറിക്കിട്ടുന്നു..... ഇനിയും നീളുന്നു നിരീശ്വരന്റെ വിലാസങ്ങൾ. അനിർവ്വചനീയമായ പലപല അത്ഭുതങ്ങൾ

ആഭാസത്തെരുവിൽ സംഭവിക്കുന്നു. ചെറിയ ഒരു കൽപ്രതിമ നാട്ടാൻ മാത്രം സ്ഥലം ഉണ്ടായിരുന്നിടം വലിയ ക്ഷേത്രവും പ്രാർത്ഥനാസംഘവും പൂജാസാധനങ്ങളും കെട്ടിടങ്ങളും കൊണ്ട് നിറയുന്നു. വിശ്വാസത്തിന്റെ അധികാരം ഒരു സമൂഹത്തെയാകെ ബാധിക്കുകയാണീ ചിത്രീകരണത്തിലൂടെ. പിഴുതെറിയാൻ വേണ്ടി മാത്രം പ്രതിഷ്ഠിച്ച വികലാംഗനായ നിരീശ്വരനെ നശിപ്പിക്കാൻ സൃഷ്ടിച്ചവർക്കു സാധിച്ചതേയില്ല. എന്നു മാത്രമല്ല, ഒടുവിൽ ജയിലിൽ കിടക്കുമ്പോൾ നിരീശ്വരൻ രക്ഷിക്കും എന്ന് ഉറച്ചു വിശ്വസിക്കുകയുമാണവർ. പലപ്രാവശ്യം നിരീശ്വരൻ എന്ന വിശ്വാസത്തെ പിഴുതെറിയാൻ അവർ ശ്രമിച്ചു. അതിനായി പലപല പദ്ധതികൾ ഇടുകയും അപ്പോഴൊക്കെ അബദ്ധങ്ങളിൽപെട്ടു പോകുകയും കാര്യവിഘ്നം നേരിടുകയും ചെയ്തു. തടസ്സങ്ങൾ കൊണ്ട് നിറയുകയായിരുന്നു ആഭാസന്മാരുടെ ജീവിതം. എന്നിട്ടും അവർക്ക് നിരീശ്വരന്റെ ശക്തിവിശേഷം തിരിച്ചറിയാൻ കഴിഞ്ഞില്ല.

നിരീശ്വരക്ഷേത്രത്തിൽ ബോംബിട്ടതിനെത്തുടർന്ന് മൂവരും ജയിലിലടയ്ക്കപ്പെട്ടപ്പോൾ പൂജാരി ഈശ്വരൻ എമ്പ്രാന്തിരി അവരെ കാണാൻ വരുന്നു. ഇനി രക്ഷിക്കാൻ നിരീശ്വരൻ മാത്രമേയുള്ളൂ എന്ന സത്യം അവരെ അറിയിച്ചു. ബോംബു പിടിച്ചിരുന്ന ഭാസ്കരന്റെ ഉള്ളംകൈ പൊള്ളിയിരുന്നു. അയാൾക്ക് നിരീശ്വരനിൽ വിശ്വാസം തോന്നി, അവസാനത്തെ പ്രതീക്ഷ എന്ന നിലയിൽ ജയിലിൽ നിന്നും രക്ഷപ്പെടാനുള്ള ഏകമാർഗ്ഗം, അത്ഭുതമാർഗ്ഗം—നിരീശ്വരനാണെന്നും. ഭാസ്കരനും സഹീറും നിരീശ്വരനിൽ വിശ്വസിക്കുന്നതായും ആന്റണി അർദ്ധസമ്മതത്തോടെ മൗനിയാവുന്നതായും അറിയിച്ചുകൊണ്ട് നോവൽ അവസാനിക്കുകയാണ്.

'ഈശ്വരോത്പത്തിക്കും മുമ്പ് നിലനിന്നവനാകയാൽ ഈശ്വരനും ഈശ്വരനായവൻ നിരീശ്വരൻ. വിശ്വാസിക്കും അവിശ്വാസിക്കും മേലും കള്ളനും വിശുദ്ധനും മേലും അഭിസാരികയ്ക്കും ആനന്ദമാർഗ്ഗിക്കും മേലും ഒരേ മഴയും വെയിലുമയയ്ക്കുന്ന അവനിപ്പോൾ ഉപാധികളില്ലാതെ, ലോകത്തേക്കൊരു വാതിൽ തുറന്നിടുന്നു. ആർക്കും അതിലൂടെ ഉള്ളിൽ പ്രവേശിക്കാം. അഥവാ തൊട്ടുമാത്രം വിശ്വസിക്കുന്നവർ ഇനിയുമുണ്ടെങ്കിൽ, അവനവൻ നിൽക്കുന്ന ഇടം നിരീശ്വരക്ഷേത്രമായി തിരിച്ചറിഞ്ഞ് ഒരു വരം ആവശ്യപ്പെട്ടു കൊള്ളുക. പുറം കണ്ണടച്ച് ഉൾക്കണ്ണിൽ നോട്ടമുറപ്പിച്ച് ദൃഢമായി സങ്കല്പിക്കുന്ന പക്ഷം, വിചാരം വിത്തായി മുളച്ച് ഫലവൃക്ഷമാകുന്നതിന് അവനവൻ സാക്ഷിയാകും.

ഓം നിരീശ്വരായ നമഃ' എന്ന് നോവൽ പരിസമാപ്തിയിലെത്തുമ്പോൾ നിരീശ്വരന്റെ അധികാരം സ്ഥാപിക്കപ്പെട്ടുകഴിഞ്ഞതായി കാണാം.

ഈശ്വരനെ എതിർത്തവർ, വിശ്വാസത്തെ എതിർത്തവർ ഒടുവിൽ ആ വിശ്വാസത്തിൽ തന്നെ വന്നു നിൽക്കുന്നു. അങ്ങനെ വിശ്വാസം അധികാരസ്ഥാനത്തു പുനഃസ്ഥാപിക്കപ്പെടുന്നു. അദൃശ്യതയുടെ മായികതയിൽ മനുഷ്യന് മറുപടിയില്ലാത്തപോലെ എല്ലാ ആഗ്രഹങ്ങളെയും സാധ്യമാക്കിക്കൊണ്ട് നീരിശ്വരൻ എല്ലാവർക്കും മുകളിൽ അനുഗ്രഹവർഷം ചൊരിയുന്നു. ഈശ്വരനും മുമ്പുള്ളവനായി മാറുന്നു. ലോകത്തിന്റെ വ്യത്യസ്തങ്ങളായ അവസ്ഥകൾ, വിശ്വാസവും അവിശ്വാസവും, അധികാരവും പ്രതിരോധവും ഈശ്വരനും നിരീശ്വരനും ഒക്കെയുള്ള വിരുദ്ധദ്വന്ദ്വങ്ങളിലൂടെ വരച്ചിടുന്ന 'നിരീശ്വരൻ' എന്ന നോവൽ, നോവൽസാഹിത്യത്തിലെ മറ്റൊരു മുതൽക്കൂട്ടാണ്.

യുക്തിവാദമെന്നും നിരീശ്വരവാദമെന്നുമൊക്കെയുള്ള ചില സൈദ്ധാന്തികരുടെ വാദങ്ങളെയും വിശ്വാസത്തെയും നിരാകരിക്കുകയാണ് 'നിരീശ്വരൻ'. അതുപോലെ ഒരു സമൂഹത്തെയാകെ, ഒരു വിശ്വാസം എപ്രകാരം സ്വാധീനിക്കുന്നു, മാറ്റിമറിക്കുന്നു, നിയന്ത്രിക്കുന്നു എന്നെല്ലാം ഈ കൃതി വ്യക്തമാക്കുന്നു. അധികാരത്തിനെതിരെയുള്ള വിശ്വാസത്തിന്റെ പ്രതിരോധത്തെ മറികടക്കാൻ പ്രപഞ്ചശക്തിയിലൂടെ കഴിയുന്നുണ്ട്. മനുഷ്യൻ ഒന്ന് വിചാരിക്കുന്നു, ദൈവം മറ്റൊന്ന് കല്പിക്കുന്നു എന്നതിന്റെ പൊരുൾ തന്നെ ഇതാണല്ലോ. നാം പലപ്പോഴും പറയാറുള്ളതാണ് 'ഈശ്വരാധീനംകൊണ്ട് രക്ഷപ്പെട്ടു' എന്ന്. അധീനപ്പെടുത്തലാണ് അധികാരത്തിന്റെ നയം. ഇപ്രകാരം മനുഷ്യനെ അധീനപ്പെടുത്താൻ അദൃശ്യശക്തികൾക്കു സാധ്യമാകുന്നു എന്നതാണ് ഈ കൃതിയിലൂടെ ആവിഷ്കൃതമാകുന്നത്. സൂക്ഷ്മവായന ആവശ്യപ്പെടുന്ന ഈ കൃതി വായനയുടെ ഉൾക്കരുത്തായി നിലകൊള്ളുന്നു.

ആധാരകൃതി
നിരീശ്വരൻ—വി.ജെ ജയിംസ്
സി.സി.ബുക്സ്, കോട്ടയം - 2015

ഡോ. ഗംഗാദേവി.എം
അസി. പ്രൊഫസർ
മലയാള വിഭാഗം
കെ.കെ.ടി.എം.ഗവ. കോളേജ്, പുല്ലൂറ്റ്

# അധികാരത്തിന്റെ സാമ്പത്തികശാസ്ത്രം

## ചന്തുമേനോന്റെ നോവലുകളിലെ ദായക്രമം അടിസ്ഥാനമാക്കിയുള്ള പഠനം

സമൂഹത്തിന്റെ എല്ലാ അടരുകളിലും വ്യാപിച്ചിരിക്കുന്ന ഒന്നാണ് അധികാരം. സാമൂഹ്യശാസ്ത്രകാരൻമാർ അധികാരത്തെ വ്യത്യസ്തരീതികളിൽ നിർവചിക്കുകയും വിശകലനവിധേയമാക്കുകയും ചെയ്തിട്ടുണ്ട്. മാർക്സ്, ഫൂക്കോ, ഗ്രാംഷി ഇവരൊക്കെ സമൂഹത്തിൽ അധികാരത്തിന്റെ പ്രവർത്തനം എങ്ങനെയെന്ന് വിശദീകരിക്കുന്നുണ്ട്. സാമൂഹ്യബന്ധങ്ങൾ, സാഹിത്യം, ഭരണകൂടം, രാഷ്ട്രീയം തുടങ്ങിയ എല്ലാ മണ്ഡലങ്ങളിലും നിരന്തരമായ അധികാരസ്ഥാപനത്തിന്റെ ബലതന്ത്രമുണ്ട്. സർവ്വവ്യാപിയായ ഒന്നായിട്ടാണ് ഫൂക്കോ അധികാരത്തെ വീക്ഷിക്കുന്നത്. 'അധികാരത്തിനുപുറത്ത് ഒന്നുമില്ല' എന്നുകൂടി ഫൂക്കോ നിരീക്ഷിക്കുന്നു. അധികാരത്തെ ഒരു പ്രത്യയശാസ്ത്രമായി വിവക്ഷിച്ച് കൊണ്ട് സമ്പത്ത് അതിന്റെ നിയാമക ഘടകങ്ങളിൽ മുഖ്യ പങ്കുവഹിക്കുന്നത് എപ്രകാരമാണെന്ന് കണ്ടെത്താൻ സാഹിത്യകൃതികളെ ഉപാധിയാക്കി സ്വീകരിച്ചുകൊണ്ടുള്ള ഒരു വിശകലനമാണ് ഈ പ്രബന്ധം.

സമൂഹത്തിന്റെ അടിസ്ഥാനഘടന ഉല്പാദനോപാധികളായിരിക്കുകയും ഇതിന്റെ സാമ്പത്തികാടിത്തറയിൽ പടുത്തുയർത്തുന്ന ഉപരിഘടനയായ കുടുംബം, വിദ്യാഭ്യാസം, മതം, രാഷ്ട്രീയ സംവിധാനങ്ങൾ ഇവയിൽ സംഭവിക്കുന്ന മാറ്റങ്ങൾ സാമൂഹ്യഘടനയെ

നിയന്ത്രിക്കുകയും ചെയ്യുന്നു. അധീശത്വമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള സംഘർഷം മിക്കപ്പോഴും സാമ്പത്തിക അധികാരത്തിന്റേതാണ്. സാമൂഹ്യശാസ്ത്രദൃഷ്ട്യാ വിലയിരുത്തിയാൽ മാർക്സിന്റെ സിദ്ധാന്തങ്ങളിലേയ്ക്ക് അധികാരത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിക്കുന്നത് കാണാം. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം കേരളീയസമൂഹം സാമ്പത്തികോല്പാദനത്തിലും വിതരണത്തിലുമുള്ള പുനഃക്രമീകരണം ആവശ്യപ്പെട്ട ഒരു ഘട്ടമായിരുന്നു. സ്വകാര്യസ്വത്ത്, തൊഴിൽ വിഭജനം, കുടുംബവ്യവസ്ഥ ഇവയെല്ലാം സാമ്പത്തിക ഘടനയെ ആശ്രയിച്ച് നിലകൊള്ളുന്ന ഘടകങ്ങളാണ്.

ഉപഭോഗാധിഷ്ഠിതമായ ഫ്യൂഡൽ കാലത്തുനിന്നും ഉത്പാദനാധിഷ്ഠിതമായ വ്യാവസായികസമൂഹത്തിലേയ്ക്കുള്ള പരിവർത്തനം സംഭവിച്ചു തുടങ്ങുന്ന ഒരു ഘട്ടത്തിലാണ് ചന്തുമേനോന്റെ നോവൽ രചന. കേരളത്തിലെ നായർസമുദായത്തിൽ നിലനിന്നിരുന്ന കൂട്ടകുടുംബവ്യവസ്ഥയും മാതൃദായത്തിൽ അധിഷ്ഠിതമായ ദായക്രമവ്യവസ്ഥയായ മരുമക്കത്തായവും പശ്ചാത്തലമാക്കുന്നവയാണ് 'ഇന്ദുലേഖ'യും 'ശാരദ'യും. ഒരു സാമൂഹ്യസ്ഥാപനമെന്നപോലെ പ്രവർത്തിക്കുന്ന കൂട്ടുകുടുംബം അധികാരി/കാരണവർ എന്ന് വിളിക്കപ്പെടുന്ന അധീശകേന്ദ്രത്തിന്റേതാണ്. ഈ അധികാര കർത്തൃത്വം പിന്തുടർച്ച, വംശാവലി എന്നിവയനുസരിച്ചും നിലനിൽക്കുന്ന ദായക്രമവ്യവസ്ഥയ്ക്കനുസൃതമായും കൈവരുന്ന ഒന്നാണ്. സാമ്പത്തികശക്തിയെ ഉചിതമായി കൂട്ടുകുടുംബം എന്ന സാമൂഹ്യസംവിധാനത്തിലൂടെ ഉപയോഗിക്കുവാൻ കാരണവർ എന്ന മരുമക്കത്തായത്തറവാട്ടിലെ ഫ്യൂഡൽരാജാവിന് കഴിയുന്നു. താവഴിയ്ക്കുള്ള വംശാവലിയും പിന്തുടർച്ചയുമാണ് മരുമക്കത്തായം എന്ന ദായക്രമത്തിന്റെ സവിശേഷത. പിന്തുടർച്ച എന്നതുകൊണ്ട് പ്രധാനമായും സ്വത്ത് കൈമാറ്റമാണ് ഉദ്ദേശിക്കുന്നത്. സ്ത്രീവഴിക്ക് കൈമാറ്റം ചെയ്യപ്പെടുന്ന സ്വത്തിന്റെ കൈകാര്യ കർത്തൃത്വം തറവാട്ടിലെ കാരണവർക്കാണ്. തുടർന്ന് അനന്തരവൻമാരിലേയ്ക്ക് ഈ അധികാരം സംക്രമിക്കുന്നു.

''ഇന്ദുലേഖ'യിൽ' സ്വത്തിന്റെ കൈകാര്യകർത്തൃത്വം നിലനിൽക്കുന്നത് തറവാട്ടുകാരണവരായ പഞ്ചുമേനോനിലാണ്. വളരെ കൃത്യമായ ഒരു സാമ്പത്തിക സാമൂഹ്യശാസ്ത്രം ഈ കുടുംബവ്യവസ്ഥയിൽ ഇഴചേർന്ന് നിൽക്കുന്നുണ്ട്. സാമ്പത്തിക വിതരണത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട ഒരു സാമൂഹ്യക്രമം ഈ വ്യവസ്ഥയ്ക്കുള്ളിൽ നിലനിൽക്കുന്നു. കൂട്ടുകുടുംബത്തിലെ അംഗങ്ങളെ ഒരുമിപ്പിക്കുന്നത്

അധികാരവും അധികാരിയും തന്നെയാണ് അന്യരെ നിയന്ത്രിക്കാനും സംരക്ഷിക്കാനുമുള്ള ശക്തി സ്വത്തിന്റെ കൈകാര്യകർത്തൃത്വത്തിൽ നിന്നാണ് അധികാരി ആർജ്ജിക്കുന്നത്. വ്യക്തികളുടെ വിയോജിപ്പുകളെ മറികടക്കാനും എതിരിടാനും വ്യവസ്ഥചെയ്യുന്ന സാമൂഹ്യക്രമം തികച്ചും സാമ്പത്തികാധികാരത്തിന്റെ കുടക്കീഴിലുള്ളതാണ്.

പഞ്ചുമേനോൻ എന്ന കാരണവരുടെ അസ്തിത്വത്തിന് യുക്തമായ ബലം നൽകുന്നത് സാമ്പത്തികാധീശത്വമാണ് എന്ന് നോവൽ വായനയിൽ വ്യക്തമാണ്. മാധവൻ സ്വാശ്രയനായി നിൽക്കുമ്പോൾ മാത്രമേ ഈ അധീശത്വത്തോട് വിയോജിച്ചു കൊണ്ട് കുമ്മിണിയമ്മയുടെ മകനായ ശിന്നനെ പഠിപ്പിക്കാൻ തുനിയുന്നുള്ളൂ. സാമ്പത്തിക ഭദ്രതയാണ് ഇത്തരം സ്വാതന്ത്ര്യ പ്രഖ്യാപനത്തിന് മാധവനെ പ്രേരിപ്പിക്കുന്നത്. മാധവനേയും ഇന്ദുലേഖയേയും പണം ചെലവിട്ട് പഠിപ്പിക്കുന്ന തറവാടുതന്നെ കുമ്മിണിയമ്മയോടും മക്കളോടും കാണിക്കുന്ന ഉദാസീനതയും കൃത്യമായ സാമ്പത്തിക ഘടകത്തിന്റെ ഉല്പന്നമാണ്. മദിരാശിയിൽ തൊഴിൽ ലഭിക്കുന്ന, സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയുള്ള മാധവനെയാണ് ഇന്ദുലേഖ പരിണയിക്കാൻ ആഗ്രഹിക്കുന്നത്. സാമ്പത്തിക ഭദ്രതയാണ് അവിടെയും പ്രധാനം. പ്രത്യക്ഷമായ സാമ്പത്തികാടിത്തറയുള്ള കഥാപാത്രങ്ങളെ കൃത്യമായ പദവിയും സ്ഥാനമാനങ്ങളും നൽകിയാണ് ചന്തുമേനോൻ അവതരിപ്പിക്കുന്നത്. സാമ്പത്തിക സുസ്ഥിരതയില്ലാത്തതിനാൽ കുമ്മിണിയമ്മയും ശീനുപ്പട്ടരും അനുഭവിക്കുന്ന അവഗണനയും അവഹേളനങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

നൂൽക്കമ്പനിയിൽ ഓഹരിയിട്ടിരിക്കുന്ന കേശവൻ നമ്പൂതിരിയ്ക്ക് ലഭിക്കുന്ന പരിഗണനയും വിടനും വിഡ്ഢിയുമായ സൂരിനമ്പൂതിരിപ്പാട് സമ്പന്നനായിരിക്കുന്നതിനാൽ ലഭിക്കുന്ന പരിഗണനയും സാമ്പത്തിക ശാസ്ത്രത്തിന്റെ ദൃഷ്ടിയിൽത്തന്നെ വിലയിരുത്തേണ്ടതാണ്. സാമ്പത്തികഭദ്രത കൈവരിക്കാത്തകല്യാണിക്കുട്ടിയെ വിടനായ സൂരിനമ്പൂതിരിപ്പാടിന് നൽകുമ്പോഴും ധാരാളം പണമുള്ളവൻ കുമ്മിണിയമ്മയുടെ വർഗ്ഗത്തിൽ ചേരുന്നതിനാൽ വ്യാകുലപ്പെടുന്ന പഞ്ചുമോനോനെയാണ് അവതരിപ്പിക്കുന്നത്. ഇങ്ങനെ സാമ്പത്തികാസമത്വത്തിന്റെ നിഴൽവീണ് കിടക്കുന്ന നിരവധി സന്ദർഭങ്ങൾ 'ഇന്ദുലേഖ'യിൽ കാണുന്നുണ്ട്. ഭരണാധികാരം ലഭിക്കുന്നതുകൊണ്ട് പൂർണ്ണസ്വാതന്ത്ര്യം ലഭിക്കുന്നില്ലെന്നും തൊഴിലുകളിലൂടെ നേടുന്ന സ്വയംപര്യാപ്തത കൊണ്ടു മാത്രമേ അത് സാധിക്കൂ എന്നുമുള്ള ഗോവിന്ദൻകുട്ടിയുടെ വാക്കുകൾ പൂർണ്ണമായ സാമ്പത്തിക സ്വാതന്ത്ര്യമാണ് ആവശ്യപ്പെടുന്നത്.

സംഘസ്വത്തിൽ നിന്ന് സ്വകാര്യ സ്വത്തിലേയ്ക്ക് വഴിമാറുന്ന ഒരു സാമൂഹ്യക്രമം ഉരുത്തിരിയുന്നത് 'ഇന്ദുലേഖ'യിൽ കാണുന്നുണ്ട്.

'ശാരദ'യിലേയ്ക്ക് കടന്നാൽ ഒരു പ്രദേശത്തിന്റെ മുഴുവൻ ജന്മാവകാശമുള്ള പ്രഭുകുടുംബമായ പൂഞ്ചോലക്കര എടത്തിലെ കാരണവർ കോപ്പുണ്ണിയച്ചന്റെ സാമ്പത്തികാധീശത്വത്തിലേക്കാണ് എത്തുന്നത്. സമ്പത്തിന് വേണ്ടിയുള്ള കോടതിവ്യവഹാരംതന്നെ മുഖ്യപ്രമേയം. മാത്രമല്ല എതിരാളിയായ ഉദയന്തളി രാമവർമ്മൻ തിരുമുല്പാടിനെ സാമ്പത്തികശക്തി കൊണ്ടാണ് വ്യവഹാരത്തിൽ കോപ്പുണ്ണിയച്ചൻ തോല്പിക്കുന്നത്. ശാരദ തന്റെ അമ്മയുടെ നാട്ടിൽ തിരിച്ചെത്തുന്നതു തന്നെ പിതാവായ രാമൻമേനോന്റെ ബാങ്കുനിക്ഷേപം നഷ്ടപ്പെട്ടുമ്പോഴാണ്. കാരണവൻമാർ ഉണ്ടാക്കിവച്ച വിവാഹക്കുരുക്കിൽനിന്ന് രക്ഷപ്പെട്ടു നാടുവിട്ടവളാണ് ശാരദയുടെ അമ്മയായ കല്യാണിയമ്മ 'എന്താണച്ഛാ പ്രഭുത്വമെന്ന് വച്ചാൽ'? എന്ന ശാരദയുടെ ചോദ്യത്തിന് രാമൻമേനോൻ നൽകുന്ന മറുപടി 'രാജ്യം വാണ് മനുഷ്യരെ ശിക്ഷാരക്ഷ ചെയ്തിരുന്ന നിന്റെ കാരണവൻമാർ' എന്നാണ്.

സമൂഹത്തിലെ എല്ലാത്തരം ബന്ധങ്ങളിലും ഇഴപിരിഞ്ഞുകിടക്കുന്ന ഒന്നാണ് അധികാരം. സ്വത്തിന്റെ കർത്തൃത്വം അധികാരത്തെ നിയന്ത്രിക്കുന്ന കാഴ്ച 'ഇന്ദുലേഖ'യിലും 'ശാരദ'യിലുമുണ്ട്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ കേരളീയ സമൂഹത്തിലെ ചലനങ്ങളെ കൃത്യമായി ഈ നോവലുകൾ പ്രതിഫലിപ്പിക്കുന്നു. ഒരു നോവൽ യഥാർത്ഥത്തിൽ മഹത്താകുന്നത് മാനവരാശിയുടെ ഭാഗധേയത്തിലും തീവ്രശ്രമങ്ങളിലും പ്രസക്തമായി തോന്നുന്ന വസ്തുക്കളിൽ ആഴത്തിലും പരപ്പിലും അടിത്തറപാകുമ്പോൾ മാത്രമാണ് എന്ന് വില്യം ഹെന്റി ഹഡ്സൺ അഭിപ്രായപ്പെടുന്നു.

അധികാരവ്യവസ്ഥ രൂപപ്പെടുത്തുന്നതിൽ നൂറ്റാണ്ടുകളായി സ്വകാര്യസ്വത്ത് ചെലുത്തുന്ന സ്വാധീനം വളരെ വ്യക്തമാണ്. ചന്തുമേനോന്റെ നോവലുകളുടെ പശ്ചാത്തലത്തിൽ ഈ വസ്തുത വിലയിരുത്തുമ്പോൾ അധികാരം ഒരു പ്രത്യയശാസ്ത്രമായി നിലനിൽക്കുന്നതും അധികാരം ഒരു ശൃംഖലയായി സമൂഹത്തിലും വ്യക്തിബന്ധങ്ങളിലും പ്രവർത്തിക്കുന്നതും സമ്പത്ത് കൃത്യമായി അത്തരം ബന്ധങ്ങളെ നിർണ്ണയിക്കുന്നതും മനസ്സിലാക്കാൻ സാധിക്കും.

സഹായക ഗ്രന്ഥങ്ങൾ

1. കെ.വി. ദിലീപ്കുമാർ, സാമൂഹികശാസ്ത്രദർശനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000
2. പി.കെ. ബാലകൃഷ്ണൻ, ചന്തുമേനോൻ ഒരു പഠനം, ഡി.സി.ബുക്സ്, കോട്ടയം, 2010
3. കെ.പി. ശരത്ചന്ദ്രൻ, ഒ. ചന്തുമേനോൻ അരങ്ങും അണിയറയും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2013.
4. റോബിൻ ജെഫ്രി, നായർ മേധാവിത്വത്തിന്റെ പതനം, ഡി.സി.ബുക്സ്, കോട്ടയം, 2013.
5. D.Renjini, Nayar Women Today, Disintegration of Matrilineal System and the Status of Nayar women in Kerala, Classical Publishing Company, New Delhi, 2000.
6. വിവ: കെ. വസന്തൻ, സാഹിത്യ പഠനത്തിന് ഒരു ആമുഖം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1993.

ബീന.കെ
അസി.പ്രൊഫസർ
മലയാളവിഭാഗം
ഗവ.കോളേജ്
നെടുമങ്ങാട്

# അധികാരവും സിവിൽ സർവ്വീസും —'യന്ത്രം' എന്ന നോവലിൽ

കൂട്ടമായി ജീവിക്കാനാരംഭിച്ചകാലംമുതല്ക്കുതന്നെ പ്രാചീനമനുഷ്യർക്ക് തങ്ങളേക്കാൾ കഴിവുള്ളവരോട് വിധേയത്വമുണ്ടായിരുന്നു. എല്ലാത്തരം അധിനിവേശങ്ങൾക്കു പിന്നിലും ഇത്തരമൊരു പ്രവണത കാണാം. മൃഗജാലങ്ങൾക്കിടയിൽപ്പോലും ഈ വിധേയത്വം ദർശിക്കാം. ദുർബ്ബലർ എപ്പോഴും ബലവാന്മാർക്കു കീഴടങ്ങുന്ന അവസ്ഥ എല്ലായിടത്തും ഉണ്ട്. വിവിധ ഘടനകളുൾക്കൊള്ളുന്ന കുടുംബം, സമൂഹം, രാഷ്ട്രം എന്നിവയിൽ പ്രത്യക്ഷമായോ പരോക്ഷമായോ അധികാരത്തിന്റെ പ്രയോഗമുണ്ട്. വിവിധ ഘടനകൾക്കുള്ളിൽ നിയന്ത്രണാതീതശക്തിയായി അധികാരം നിലകൊള്ളുന്നു. പ്രതിരോധിക്കാൻ കഴിയാതെ അധികാരഘടനകൾക്കുള്ളിൽ ഞെരിഞ്ഞമരുന്ന നിരവധി വ്യക്തികളെ മലയാളനോവൽസാഹിത്യത്തിൽ കാണാൻ കഴിയും.

മലയാളനോവൽചരിത്രം അപഗ്രഥിക്കുമ്പോൾ വ്യക്തമാകുന്ന ഒരു വസ്തുതയുണ്ട്. അധികാരം പ്രത്യക്ഷമായോ പരോക്ഷമായോ കടന്നുവരാത്ത നോവലുകൾ വിരളമാണ്. ഏതെങ്കിലും തരത്തിലുള്ള അധികാരം നോവലുകളിൽ കാണാൻ കഴിയും. സിവിൽ സർവ്വീസ് രംഗത്തെ അധികാരം ചിത്രീകരിച്ചിട്ടുള്ള നിരവധി നോവലുകൾ മലയാളത്തിലുണ്ട്. സിവിൽ സർവ്വീസിന്റെ സ്വഭാവത്തെ നിർണ്ണയിക്കുന്നത് അധികാരമാണ്. സിവിൽ സർവ്വീസ് എന്നറിയപ്പെടുന്ന മേഖല കേവലം ഐ.എ.എസ് ഉദ്യോഗസ്ഥർ മാത്രം ഉൾക്കൊള്ളുന്നതല്ല, മറിച്ച് എല്ലാവിധ ഉദ്യോഗസ്ഥരും അടങ്ങുന്നതാണത്.

പൗരന്മാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുവേണ്ടി രൂപം കൊണ്ടതാണ് സിവിൽ സർവ്വീസ്. ഭരണകൂടത്തിന്റെ നിലനില്പും സ്ഥാപിത താൽപര്യങ്ങളും സംരക്ഷിച്ചുകൊണ്ടു മാത്രമാണ് ഭരണകൂടങ്ങൾ നിലകൊള്ളുന്നത്. ഭരണയന്ത്രത്തെ ബലിഷ്ഠമായ ഒരു ഘടനയാക്കിനിർത്തുന്നതിൽ അധികാരത്തിന് ഒരു സുപ്രധാന പങ്കുണ്ട്. സംഘർഷമുണ്ടാകുന്ന തരത്തിൽ അധികാരം വിനിമയം ചെയ്യപ്പെടുകയും ചെയ്യുന്നു. ഉദ്യോഗസ്ഥരുടെ ശ്രേണീകൃതഘടന ഇതിനൊരു കാരണമാകുന്നുണ്ട്. പണം, പദവി, സ്വാധീനം, സ്വജനപക്ഷപാതം എന്നിവ ഭരണകൂടത്തെ അതിന്റെ ലക്ഷ്യങ്ങളിൽനിന്നും വ്യതിചലിപ്പിക്കുന്നു. യഥാർത്ഥനീതി നിഷേധിക്കപ്പെടാൻ കാരണമായിത്തീരുകയും ചെയ്യുന്നു. ഉദ്യോഗസ്ഥവൃന്ദം ഭരണകൂടത്തെ വ്യക്തിക്ക് അപ്രാപ്യമാക്കിത്തീർക്കുന്നുവെന്ന് മാർക്സ് രേഖപ്പെടുത്തിയിട്ടുണ്ട്. ഉന്നതവർഗ്ഗത്തിന്റെ ഉപകരണമാണ് ഭരണയന്ത്രമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

മലയാറ്റൂരിന്റെ 'യന്ത്രം' എന്ന നോവലിനെ സംബന്ധിച്ച് ഇത് വാസ്തവമാണ്. ബാലചന്ദ്രൻ ഐ.എ.എസ് എന്ന കഥാപാത്രം അധികാരത്തിന്റെ തലപ്പത്ത് എത്തുമ്പോൾ അധികാരിവർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രങ്ങൾ നടപ്പിലാക്കാൻ പരിശ്രമിക്കുന്നു. താൻ വന്ന വഴികളെക്കുറിച്ച് അയാൾ ചിന്തിക്കുന്നില്ല. സാധാരണക്കാരന്റെ ആവശ്യത്തേക്കാളുപരി അധികാരിവർഗ്ഗത്തിന്റെ സ്ഥാപിതതാൽപര്യങ്ങൾ സംരക്ഷിക്കാൻ അയാൾ നിർബന്ധിതനാവുന്നു.

ധനവും സ്വാധീനവുമുള്ളവർക്കു മാത്രമേ നിലനില്പുള്ളൂ എന്ന പരമസത്യം ഈ നോവലിന്റെ അന്തർധാരയായി വർത്തിക്കുന്നുണ്ട്. കലാമണ്ഡലം വാർഷികോത്സവത്തിന് ഉദ്ഘാടകനായെത്തിയ ഗവർണ്ണറുടെ സുരക്ഷാസംവിധാനങ്ങൾ താറുമാറാക്കിക്കൊണ്ട് അദ്ദേഹത്തെ ചിലർ ആക്രമിക്കുന്നു. എസ്.പി ജയശങ്കറിനും സബ്ബ് കലക്ടർ ബാലചന്ദ്രനും ഇതിൽ പങ്കുണ്ടായിട്ടും ബാലചന്ദ്രനുമാത്രമാണ് ശിക്ഷ ലഭിക്കുന്നത്. കാരണം എസ്.പി ജയശങ്കർ പണവും പദവിയും സ്വാധീനവും ഉള്ള ഒരു ഉദ്യോഗസ്ഥനാണ്. സ്വാധീനമുള്ളവർ എപ്രകാരമാണ് രക്ഷപ്പെടുന്നതെന്ന് നോവലിസ്റ്റ് വ്യക്തമായി ഇവിടെ വരച്ചുകാട്ടുന്നുണ്ട്.

നീതിക്കും ന്യായത്തിനും വേണ്ടി നിലകൊള്ളേണ്ട മന്ത്രിമാരെ തെരഞ്ഞെടുക്കുന്നതിൽ പണത്തിന് സുപ്രധാന പങ്കുണ്ട്. 'യന്ത്രം' എന്ന നോവലിൽ രാഷ്ട്രീയപാരമ്പര്യവും സത്യസന്ധതയും ഇല്ലാത്ത ഭാസ്കരൻ നായരെ മന്ത്രിയാക്കുന്നതിൽ വമ്പൻ വ്യവസായിയായ ഹാജിയാരുടെ

പങ്ക് ചെറുതല്ല. ധനികനായ ഫിലിപ്പോസ് മുതലാളിയാണ് പ്രസന്നൻ എന്ന വ്യക്തിയെ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിർത്തിയതും ജയിപ്പിച്ചതുമെല്ലാം. അതുകൊണ്ടുതന്നെ പ്രസന്നൻ എന്ന മന്ത്രി എക്കാലവും ഫിലിപ്പോസ് മുതലാളിയുടെ ബിനാമിയായി തുടരുന്നു. ധനവും പദവിയും ഇല്ലാത്ത ഒരാളെ സമൂഹത്തിൽ ആർക്കും ആവശ്യമില്ലെന്ന ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യം വളരെ സ്വാഭാവികതയോടെ മലയാറ്റൂർ അവതരിപ്പിക്കുകയാണ് 'യന്ത്രം' എന്ന ഈ നോവലിൽ.

അധികാരം കേന്ദ്രീകരിക്കപ്പെടുമ്പോൾ അവിടെ അഴിമതിയും ഉണ്ടാകുന്നുണ്ട്. തങ്ങൾക്കു ലഭിക്കുന്ന പദവിയിൽ പലപ്പോഴും ഊറ്റം കൊള്ളുന്നവരാണ് ഉദ്യോഗസ്ഥരിൽ ഭൂരിഭാഗവും. ഒരു സാധാരണ ജീപ്പ് ഡ്രൈവറുടെ മകനായ ബാലചന്ദ്രൻ ഐ.എ.എസുകാരനായി മാറിയതിനുശേഷം അയാളുടെ ജീവിതവീക്ഷണത്തിൽ ശ്രദ്ധേയമായ മാറ്റമുണ്ടാകുന്നു. ആദ്യത്തെ കോൺഫറൻസിൽ പങ്കെടുക്കുന്ന സന്ദർഭത്തിൽ ഐ.എ.എസുകാരെക്കുറിച്ച് നടത്തുന്ന ആത്മഗതം ഇത് തെളിയിക്കുന്നുണ്ട്. "ഈ ഹാളിൽ ശരറാന്തലുകളുടെ വെളിച്ചത്തിനടിയിൽ നിവർത്തിവെച്ച ഫയൽപാഡുകളുമായി ഇരിക്കുന്ന സമ്പന്നന്മാർ ജനലക്ഷങ്ങളുടെ ഭാഗധേയം നിയന്ത്രിക്കുന്നവരാണ്, മന്ത്രിമാർ സ്ഥാനമൊഴിഞ്ഞാലും അധികാരത്തിൽ തുടരുന്ന സ്ഥിരം സർവ്വീസുകാരാണ്. തരുൺബോസ് പറയുന്നത് ശരിയല്ലേ? ഐ.എ.എസുകാർ എലീറ്റാണ്....ദി ചോസൺ"[1]

ഐ.എ.എസ് എന്ന അപ്രാപ്യമായ കൊടുമുടിയിൽ കാലുകുത്തിയ ഭാഗ്യവാൻ എന്നു സ്വയം അഭിനന്ദിക്കുകയാണ് കലക്ടർ ബാലചന്ദ്രൻ. അധികാരത്തിൽ ഇരിക്കുമ്പോൾ മാത്രമാണ് വിലയും നിലയുമുള്ളത് എന്ന് 'യന്ത്രം' എന്ന നോവലിൽ കലക്ടർ ശേഖരപിള്ള പറയുന്നു. "ഞാൻ സർക്കാർ യന്ത്രത്തിലെ തേഞ്ഞ ഒരു ചക്രം"[2]എന്നാണ് അദ്ദേഹം സ്വയം വിശേഷിപ്പിക്കുന്നത്. പെൻഷൻ പറ്റിക്കഴിഞ്ഞാൽ ആരും തന്നെ വകവയ്ക്കുകയില്ല. സ്വാധീനശക്തിയുടെ തരിപോലും തന്റെ പക്കൽ ഉണ്ടാവില്ല. ഇന്നോളം ഒന്നും സമ്പാദിച്ചിട്ടില്ല. ഉദ്യോഗത്തിലിരിക്കുമ്പോഴാണെങ്കിൽ ആരെങ്കിലും കടമെങ്കിലും തരും. ഉദ്യോഗത്തിന്റെ പത്രാസിൽ മയങ്ങുന്നവരാണ് ആളുകൾ എന്നു മദ്ദേഹം അഭിപ്രായപ്പെടുന്നു.

ഉദ്യോഗസ്ഥരായിരിക്കുമ്പോൾ പലപ്പോഴും സ്വാർത്ഥമതികളാകുന്ന ബ്യൂറോക്രാറ്റുകളുടെ ചിത്രം മലയാളനോവലുകളിൽ കാണാം. ഈ

ഉദ്യോഗസ്ഥാധിപത്യം പലപ്പോഴും കച്ചേരിക്കോയ്മ, ഉദ്യോഗസ്ഥദുഷ് പ്രഭുത്വം, ചുവപ്പുനാട എന്നിങ്ങനെ വിവിധ പേരുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രേണീകൃതഘടനയും ചാക്രികതയും മേധാവിത്വബോധവും സിവിൽ സർവ്വീസിനെ ബലിഷ്ഠമായ ഒരു ഘടനയാക്കി തീർക്കുന്നുണ്ട്. ഇത് പ്രത്യക്ഷമായോ പരോക്ഷമായോ പൗരസമൂഹത്തെ ബാധിക്കുന്നുണ്ട്.

നിലവിലിരിക്കുന്ന രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക വ്യവസ്ഥയെ മുന്നോട്ടുനയിക്കുക എന്ന കർമ്മമാണ് സിവിൽ സർവ്വീസ് അതിന്റെ വ്യവഹാരങ്ങളിലൂടെ നിർവ്വഹിച്ചുപോകുന്നത്. അത് സ്റ്റേറ്റിന്റെ ഒരു പ്രത്യയശാസ്ത്ര ഉപകരണമായിത്തീരുകയും ചെയ്യുന്നുണ്ട്.

'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവലിൽ ബ്യൂറോക്രാറ്റുകൾ എങ്ങനെയാണ് തങ്ങളുടെ നിഗൂഢലക്ഷ്യത്തിലെത്തിച്ചേരുന്നത് എന്നു ആനന്ദ് വ്യക്തമാക്കുന്നു. മനുഷ്യന്റെ നന്മയ്ക്കുപരി സർക്കാരിന്റെ നിലനിൽപിനു മുൻതൂക്കം കൊടുക്കുന്ന രീതി ഈ നോവലിൽക്കാണാം.

തകഴിയുടെ 'ഏണിപ്പടികൾ', ഈ. വാസുവിന്റെ 'ചുവപ്പുനാട', കോവിലന്റെ 'ഭരതൻ', എൻ.പ്രഭാകരന്റെ 'ജീവന്റെ തെളിവുകൾ', ആനന്ദിന്റെ തന്നെ 'ഗോവർദ്ധന്റെ യാത്രകൾ', 'മരണസർട്ടിഫിക്കറ്റ്' തുടങ്ങിയ നോവലുകളിലും സമാനപ്രമേയം തന്നെയാണുള്ളത്.

അധികാരിവർഗ്ഗം എക്കാലവും സുസംഘടിതമായിരിക്കും. അവർ പ്രതിനിധാനം ചെയ്യുന്ന വർഗ്ഗമേതായാലും പൗരനെതിരെ ഒന്നിച്ചു നിൽക്കാൻ അവർ എപ്പോഴും തയ്യാറായിരിക്കും. 'യന്ത്രം'എന്ന നോവലിലെ മന്ത്രി പ്രസന്നനും പരമേശ്വരനുമായുള്ള സംഭാഷണത്തിൽ അസംഘടിതമായ ജനതയെ പരാമർശിക്കുന്നുണ്ട്. വൈദ്യുതി ദീപത്തിനു ചുറ്റും പാറിപ്പറക്കുന്ന പ്രാണികളെ ചൂണ്ടിക്കാട്ടി പരമേശ്വരൻ പറയുന്നത് ശ്രദ്ധേയമാണ് : "അതാണ് അസംഘടിത ജനം. അതതു കാലത്തെ കപടദൈവങ്ങളെ, സോറി, കപടദീപങ്ങളെ ആരാധിച്ചു ചുറ്റിപ്പറന്ന്, വിശ്വാസരാഹിത്യം എന്ന നൊമ്പരമേറിയ ആത്മഹത്യയിലേക്കു നീങ്ങുന്ന ജനം."

മനുഷ്യജീവിതത്തിലുടനീളം അധികാരം വ്യത്യസ്തതരത്തിൽ വ്യാപിച്ചു നിൽക്കുന്നു. ഭരണകൂടം എക്കാലവും ഒരു മർദ്ദനോപകരണമാണ്. "ഒന്നും അധികാരത്തിൽ നിന്നും രക്ഷപ്പെടുന്നില്ല. അധികാരത്തിന്റെ വേതാളനിഷ്ഠൂരത മനുഷ്യന്റെ ജീവിതത്തെ ദുരിതത്തിലും

ഭീതിയിലും മുറുക്കിയിടുക മാത്രമല്ല ചെയ്യുന്നത്. അതിനെക്കുറിച്ചുള്ള ആധി മനുഷ്യനെ ചിത്തഭ്രമത്തിൽ കൊണ്ടെത്തിക്കുക കൂടി ചെയ്യുന്നു.” എന്നു ഫുക്കോ വ്യക്തമാക്കുന്നു.

ഏതൊരു അധികാരിയും ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി നിഷ്ക്കരുണം മൂല്യങ്ങളെ ചവിട്ടിമെതിക്കുന്നു. ഇത് നോവലുകളിൽ പ്രകടമായി കാണാം. ഭരണകൂടം ധർമ്മബോധത്തിന്റെ മൂർത്തിമദ്ഭാവമാണെന്ന് ഹെഗൽ കണ്ടെത്തുന്നുണ്ട്.

ജനാധിപത്യമെന്ന ആശയസങ്കൽപം യഥാർത്ഥലക്ഷ്യത്തിലെത്താതെ സ്വാർത്ഥതാൽപര്യങ്ങൾക്കു വിധേയമായി നിലകൊള്ളുന്നത് യന്ത്രം എന്ന നോവലിൽ കാണാം. റവന്യൂ മന്ത്രി ഭാസ്കരൻനായർ പ്രമുഖനായ ഒരു വക്കീലായിരുന്നു. രാഷ്ട്രസേവനത്തിൽ തന്ത്രപൂർവ്വം ഒരു വക്കീലിന് എങ്ങനെ ഇടപെടാമെന്ന് അതിസമർത്ഥമായി നോവലിസ്റ്റ് വരച്ചുകാട്ടുന്നു. അദ്ദേഹം രാഷ്ട്രസേവനം തെരഞ്ഞെടുത്തതിനു പിന്നിൽ ചില ഗൂഢലക്ഷ്യങ്ങൾ ഒളിഞ്ഞിരിക്കുന്നത് നോവലിസ്റ്റ് വ്യക്തമാക്കുകയാണ്. മന്ത്രിപദം കൊണ്ട് ജനത്തെ എങ്ങനെ സേവിക്കാം എന്നതല്ല, തനിക്ക് എന്തു നേട്ടമെന്നാണ് അയാൾ ചിന്തിക്കുന്നത്. സിവിൽ സർവ്വീസിൽ കയറിപ്പറ്റുന്ന ഭൂരിഭാഗം അധികാരികളും ഇത്തരത്തിൽ ചിന്തിക്കുന്നവരാണ്. കുടിയിറക്കലിനെതിരെ ജനങ്ങൾ പോരാടുമ്പോൾ ഭാസ്കരൻ നായർ സ്വീകരിക്കുന്ന സമീപനം ഈ വസ്തുതയെ സാധൂകരിക്കുന്നു. “ഇതൊരു ഡെമോക്രസിയാണ്. ഞാൻ അതിന്റെ സിംബലും! അധികാരത്തിന്റെ സിംബൽ! ലെറ്റ് ദെം ഡെമോൺസ്ട്രേറ്റ്”.

ജനാധിപത്യയുഗത്തിൽ മാനുഷികമൂല്യങ്ങൾ തികച്ചും സംരക്ഷിക്കപ്പെടുന്നതിനുവേണ്ടിയാണ് ഒരു ഗവൺമെന്റ് നിലനിൽക്കേണ്ടത്. സിവിൽസർവ്വീസ് നോവലുകളിൽ പരാമർശവിധേയമായപ്പോഴെല്ലാം തന്നെ അതിന്റെ നന്മകളേക്കാൾ തിന്മകളെ ചിത്രീകരിക്കുവാനാണ് നോവലിസ്റ്റുകൾ പരിശ്രമിച്ചത്. എല്ലാ നോവലിസ്റ്റുകളും സിവിൽ സർവ്വീസിനെ നിശിതമായും പരിഹാസ്യമായും മലയാള നോവൽ സാഹിത്യത്തിൽ അടയാളപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു.

വ്യത്യസ്ത നോവലുകൾ അപഗ്രഥിക്കുമ്പോൾ വ്യക്തമാകുന്ന ഒരു വസ്തുത, സിവിൽ സർവ്വീസ് എല്ലാ കാലത്തും പൗരസമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ മർദ്ദിക്കുന്ന ഒരു ഉപകരണമായിരുന്നു എന്നതാണ്.

ച്ചുരുക്കത്തിൽ, അധികാരം ഭരണത്തിൽ നിന്നും വ്യവച്ഛേദിക്കാൻ കഴിയാത്ത ഒന്നാണെന്നും ഇവ പരസ്പരപൂരകങ്ങളാണെന്നും കാണാം. അധികാരം ഒരിക്കലും കുറയുന്നില്ല. മറിച്ച് അതിന്റെ മേഖലകൾ വിപുലപ്പെട്ടു കൊണ്ടേയിരിക്കുന്നു. പൗരസമൂഹത്തിനുമേൽ സിവിൽ സർവ്വീസ് സ്ഥാപിക്കുന്ന അധികാരത്തിന്റെ തീവ്രത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അധികാരത്തിന്റെയും പ്രതിരോധത്തിന്റെയും ആവിഷ്കാരം ഇന്നും നോവലുകളിൽ മുഖ്യധാരയായി വർത്തിക്കുകയും ചെയ്യുന്നു.

കുറിപ്പുകൾ

1. മലയാറ്റൂർ രാമകൃഷ്ണൻ, യന്ത്രം, ഡി.സി. ബുക്സ്, 2006, പുറം. 29.
2. അതിൽത്തന്നെ, പുറം.167.
3. അതിൽത്തന്നെ, പുറം 390.
4. അപ്പൻ.കെ.പി, പേനയുടെ സമരമുഖങ്ങൾ, ചരിത്രം വന്നു വിളിച്ചപ്പോൾ (ലേഖനം), ലിപി പബ്ലിക്കേഷൻസ്, 2006, പുറം 25.
5. മലയാറ്റൂർ രാമകൃഷ്ണൻ, യന്ത്രം, ഡി.സി. ബുക്സ്, 2006, പുറം. 117.

ഷെറീനാ റാണി ഇ.ബി.
അസി. പ്രൊഫ., മലയാളവിഭാഗം
കെ.കെ.ടി.എം. ഗവ: കോളേജ്, പുല്ലൂറ്റ്.
speaktosherein@gmail.com

# ഖസാക്കിലെ ആഖ്യാനപരിണാമങ്ങൾ

## സൗന്ദര്യദർശനം

ചരിത്രാതീതകാലം മുതൽ സുകുമാരകലകൾ മനുഷ്യസംസ്കാരത്തിന്റെ ഭാഗമായിരുന്നു. സൗന്ദര്യശാസ്ത്രം എന്ന അർത്ഥത്തിൽ നാം ഇന്ന് ഉപയോഗിക്കുന്ന എയ്സ്റ്റെറ്റിക്സ് (Aesthetics) എന്ന പദത്തിന് ഇന്ദ്രിയാനുഭൂതിയെന്നാണർത്ഥം. ഈ പദം ആദ്യമായി ഉപയോഗിക്കുന്നത് ജർമ്മൻ ദാർശനികനായ ബോംഗാർട്ടനാണ്. സൃഷ്ടി, അനുഭൂതി, വ്യാഖ്യാനം, വിമർശനം എന്നീ പ്രക്രിയകളിൽ അന്തർലീനമായ വിശ്വാസങ്ങളെയും ആശയങ്ങളെയും സിദ്ധാന്തങ്ങളെയും ദാർശനികമായി അപഗ്രഥിക്കുകയാണ് സൗന്ദര്യശാസ്ത്രത്തിന്റെ ലക്ഷ്യം. വിജ്ഞാനത്തിന്റെ വിവിധമേഖലകളിൽ സാഹിത്യം , നരവംശശാസ്ത്രം, പരിസ്ഥിതിശാസ്ത്രം തുടങ്ങിയവയിൽ സൗന്ദര്യദർശനം ചെലുത്തുന്ന സ്വാധീനം സൗന്ദര്യശാസ്ത്രത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നു. ജീവിതത്തിന്റെ സമസ്തമേഖലകളിലും ഓരോ വ്യക്തിക്കും അവന്റേതായ ഒരു സൗന്ദര്യസങ്കല്പമുണ്ട്. അതിനെ വ്യാഖ്യാനിക്കാനാണ് പലപ്പോഴും സാഹിത്യകാരൻ ശ്രമിക്കുന്നത്. എന്നാൽ ചില സാഹിത്യസൃഷ്ടികൾ എല്ലാ സൗന്ദര്യശാസ്ത്രസിദ്ധാന്തങ്ങൾക്കും, കണ്ടെത്തലുകൾക്കും അപ്പുറം നിൽക്കുന്നു. മനുഷ്യജീവിതത്തിന്റെ ബാഹ്യവും ആന്തരികവുമായ ഭാവങ്ങളെ അവ തൊട്ടുണർത്തുന്നു. ഇത്തരത്തിലുള്ള ആഖ്യാനമാണ് ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവൽ. പ്രകൃതിക്കും

ഈശ്വരനുമിടയിൽ ജീവിയ്ക്കുന്ന സന്ദേഹിയായ മനുഷ്യന്റെ സ്വത്വപ്രതിസന്ധികളാണ് ഇതിലെ പ്രമേയം.

ആഖ്യാനകലയെക്കുറിച്ചുള്ള വിചിന്തനം, ആഖ്യാതാവിന്റെ വീക്ഷണകോണിനെ (point of view) ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കാലത്തിൽക്കൂടി തുടരുന്ന സംഭവത്തിന്റെ കഥനമാണ് ആഖ്യാനം (Narration). എഴുത്തുകാർ ആഖ്യാനത്തിന് രണ്ട് രീതികൾ സ്വീകരിയ്ക്കുന്നുണ്ട്. ഒന്ന് പ്രഥമപുരുഷനിലുള്ള ആഖ്യാനമാണ്. അത് പാരമ്പര്യനിഷ്ഠമായിട്ടുള്ളത്. ഉത്തമപുരുഷനിലുള്ള ആഖ്യാനമാണ് രണ്ടാമത്തേത്. ഈ രണ്ട് രീതിയിൽ നിന്നും വ്യത്യസ്തമായ ആഖ്യാനകലയാണ് ഒ.വി. വിജയൻ 'ഖസാക്കിന്റെ ഇതിഹാസ'ത്തിൽ സ്വീകരിച്ചിരിയ്ക്കുന്നത്. മേൽപ്പറഞ്ഞ രണ്ട് ആഖ്യാനരീതികളെ സമന്വയിപ്പി ച്ച് ഓരോന്നിന്റെയും സൗകര്യങ്ങളും പരിമിതികളും തിരിച്ചറിഞ്ഞ് നോവൽ രചിച്ചിരിയ്ക്കുന്നു. വർഷങ്ങൾകൊണ്ട് രചിച്ച കൃതിയാണ് ഖസാക്ക്. വിജയൻ ഈ നോവലിൽ ഒരുപാട് എഡിറ്റിങ് നടത്തിയതായി പറയുന്നുണ്ട്. ഇതിലുപയോഗിച്ചിരിയ്ക്കുന്ന ഭാഷ ആഖ്യാനകലയുടെ പുതിയമുഖമാണ് മലയാള നോവൽ സാഹിത്യത്തിന് നൽകിയിരിയ്ക്കുന്നത്. ആഖ്യാനത്തിലെ വൈവിദ്ധ്യം ഈ നോവലിന് ഒരു പുതിയ ശ്രുപശില്പം നൽകിയിട്ടുണ്ട്.

അസ്തിത്വദുഃഖം

അരയാലിലകളിൽ പതിഞ്ഞ കാറ്റ് വീശിയ ഒരു നട്ടുച്ചയ്ക്ക് ഖസാക്കിലെത്തുന്നതിന് മുമ്പ് രവിയും അനവധി തവണ സ്വയം ചോദിച്ചതാണ്ആ ചോദ്യം . അസ്തിത്വം പൂർണ്ണതയിൽ എത്തുന്നത് എപ്പോഴാണ്? ഐഹികസുഖങ്ങളുടെ പാരമ്യതയിലല്ല എന്ന് രവി കണ്ടെത്തുന്നു. ആയിരുന്നെങ്കിൽ തന്റെ മനസ്സ് ഒരിക്കലും വിഹ്വലമാകുകയില്ലായിരുന്നുവെന്ന് അയാൾ തിരിച്ചറിയുന്നു. ഭൗതികാനുഭവങ്ങളിലെ അലട്ടലുകളിൽകളിൽ നിന്നും വേദനകളിൽ നിന്നും ഒന്നുമറിയാതെ ഉറങ്ങാനാശിയ്ക്കുകയാണ് രവി. മനുഷ്യൻ ഏകനാണെന്നും അവൻ എവിടെ നിന്നു വന്നുവെന്നും, എവിടേയ്ക്കാണ് പോകുന്നതെന്നും അറിയാത്തിടത്തോളം അവന് അസ്തിത്വമില്ല എന്ന് രവി വിശ്വസിയ്ക്കുന്നു. എന്നാൽ മനുഷ്യൻ ഏകനാണെന്ന് വിശ്വസിയ്ക്കുന്ന രവി ഏകാന്തദുഃഖം അനുഭവിയ്ക്കുമ്പോഴും മൂല്യങ്ങളെ നിഷേധിയ്ക്കുന്നില്ല.

ഖസാക്കിൽ വിദ്യാലയം ആരംഭിയ്ക്കുമ്പോൾ അയാളോടൊപ്പം നിൽക്കുന്ന എല്ലാവരേയും സ്നേഹിയ്ക്കാൻ രവിയ്ക്ക് കഴിയുന്നു.

ദ്രോഹിയ്ക്കുന്നവർക്ക് പോലും തണലാകാൻ കഴിയുന്നു. കുട്ടികളെ സ്നേഹിയ്ക്കുന്നു. എന്നാലും ജീവിതം അയാൾക്ക് അർത്ഥരഹിതവും വിരസവുമാണ്. ഈ കാരണങ്ങൾ കൊണ്ട് വിദ്യാഭ്യാസം പൂർത്തിയാക്കാനോ കാമുകിയുമായുള്ള ബന്ധം അഭിലഷണീമായി തുടരാനോ കഴിയുന്നില്ല. മരണാസന്നനായ പിതാവിനെ ശുശ്രൂഷിയ്ക്കാൻ കഴിയുന്നില്ല . അഗമ്യഗമനങ്ങൾ ജീവിതത്തിൽ ഉടനീളം സംഭവിയ്ക്കുന്നു. കുടി, വ്യഭിചാരം എന്നിവയിലൂടെ രവിയുടെ ജീവിതം ജീർണ്ണതയുടെ പാരമ്യത്തിലെത്തുന്നു. ഒടുവിൽ മരണമല്ലാതെ മറ്റൊരു മാർഗ്ഗവും അയാളുടെ മുന്നിൽ അവശേഷിയ്ക്കുന്നില്ല. ഒടുവിൽ അതും സംഭവിയ്ക്കുന്നു. ഈ ജന്മത്തിലെ പാപങ്ങളിൽനിന്നെല്ലാം മോചനം നേടി പുനർജ്ജനിയ്ക്കാൻ വേണ്ടിയാണ് രവി മരണം തെരഞ്ഞെടുത്തത് എന്ന് അനുവാചകന് തോന്നും.

രവിയ്ക്ക് സർപ്പദംശമേൽക്കുമ്പോൾ വായനക്കാരന് ഞെട്ടൽ അനുഭവപ്പെടുന്നു. വിശ്വാസ്യത നിലനിർത്തിക്കൊണ്ട് രവിയുടെ ജീവിതം ചിത്രീകരിയ്ക്കാൻ ഒ.വി. വിജയന്റെ ആഖ്യാനശൈലിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മനുഷ്യന്റെ ഭാഗധേയം അജ്ഞാതമായ ഏതൊക്കെയോ ഘടകങ്ങൾ നിയന്ത്രിക്കുന്നുവെന്നും മനുഷ്യന്റെ ദുഃഖകരമായ അവസ്ഥകൾക്ക് ഇതാണ് കാരണമെന്നും വിജയൻ സ്ഥാപിയ്ക്കുന്നു. രവിയുടെ ദുരന്തബോധമാണ് 'ഖസാക്കിന്റെ ഇതിഹാസ'മെന്ന നോവലിന്റെ കാതൽ. ഈ ദുരന്തബോധം നോവലിസ്റ്റിന്റെ ദർശനത്തിന്റെ അടിസ്ഥാനമാണെന്ന് അദ്ദേഹത്തിന്റെ മറ്റ് നോവലുകളുടെ വായനയിൽനിന്നും മനസ്സിലാവുന്നുണ്ട്.

### അധികാരത്തിന്റെ ഭിന്നമുഖങ്ങൾ

കോളനി വാഴ്ചയോടും, അവരുടെ വിദ്യാഭ്യാസ സമ്പ്രദായങ്ങളോടും രവിയ്ക്കു കടുത്ത വിദ്വേഷമുണ്ടായിരുന്നു. പാശ്ചാത്യ വിദ്യാഭ്യാസത്തിലൂടെ മലയാളികൾ നേടിയെടുത്ത വിദ്യാഭ്യാസ സമ്പ്രദായങ്ങളെ പ്രതിരോധിയ്ക്കാനാണ് രവി ഖസാക്കിൽ ഏകാദ്ധ്യാപക വിദ്യാലയം സ്ഥാപിയ്ക്കുന്നത്. ഖസാക്ക് എന്ന ഗ്രാമത്തിൽ പുസ്തകങ്ങൾ ഉള്ളതായി ഈ നോവലിൽ പരാമർശിച്ച് കാണുന്നില്ല . ഖസാക്ക്പോലെയുള്ള ഉൾനാടൻ ഗ്രാമങ്ങളുടെ രാഷ്ട്രീയത്തെ പരിഷ്കൃതസമൂഹവുമായി കൂട്ടിക്കെട്ടി ആ സമൂഹത്തിന്റെ സ്വത്വം നഷ്ടപ്പെടുത്താൻ നോവലിസ്റ്റ് തയ്യാറാകുന്നില്ല. അറിവുകൾ സ്വയം തെരഞ്ഞെടുക്കാനുള്ള അവകാശം നമുക്കില്ല. അറിവിന്റെ പാഠ്യപദ്ധതികൾ നിർമ്മിയ്ക്കുന്ന ഭരണകൂടം പൊതുസമൂഹത്തിന്റെ കർത്തൃത്വം രൂപപ്പെടുത്തുന്നു എന്നത് ഒരു ഉൽക്കണ്ഠയായി രവിയിലൂടെ നോവലിസ്റ്റ് അവതരിപ്പിയ്ക്കുന്നു.

ഇന്ത്യയുടെ രാഷ്ട്രീയചരിത്രം രവിയുടെ സ്വഭാവത്തെ സ്വാധീനിച്ചിട്ടുണ്ട്. ഓണേഴ്സ് പരീക്ഷയ്ക്ക് രണ്ട്മാസം മുൻപ് കോളേജിൽ എത്തിച്ചേർന്ന അമേരിക്കൻ പ്രൊഫസർ രവിയ്ക്കു സ്കോളർഷിപ്പ് വാഗ്ദാനം ചെയ്തു. ഉപനിഷത്തും അസ്ട്രോഫിസിക്സും തമ്മിൽ ബന്ധപ്പെടുത്തി രവി നിർമ്മിച്ച പ്രബന്ധത്തിൽ മതിപ്പുതോന്നിയിട്ടാണ് അദ്ദേഹം വിദേശയൂണിവേഴ്സിറ്റിയിൽ അവസരം നൽകാൻ തീരുമാനിച്ചത്. എന്നാൽ സ്കോളർഷിപ്പ് സ്വീകരിയ്ക്കാനോ, അമേരിക്കയിലേയ്ക്ക് പോകാനോ രവി തയ്യാറായില്ല. രണ്ടാം ലോകയുദ്ധ കാലത്ത് ഇന്ത്യ സ്വന്തം ശത്രുവായ ബ്രിട്ടനോട് പകകാണിക്കാതെ പൊതുശത്രുവായ അമേരിയ്ക്കക്കെതിരെ യുദ്ധം ചെയ്യാൻ ഗാന്ധിജി ആവശ്യപ്പെട്ടു. ഇത് രവിയുടെ മനസ്സിലുണ്ട്. ഗാന്ധിജിയെയും ഹിറ്റ്ലറെയും ഒരേ ആശയത്തിന്റെ രണ്ട് വ്യത്യസ്ത പ്രതിനിധികളായി വിജയൻ നോവലിൽ അവതരിപ്പിച്ചിട്ടുണ്ട്. തേവാരത്തു ശിവരാമൻനായരുടെ ഞാറ്റുപുരയുടെ ഭിത്തിയിൽ ഹനുമാൻ സ്വാമിയോടൊപ്പം ഗാന്ധിജിയുടേയും ഹിറ്റ്ലറുടേയും ചിത്രങ്ങൾ പ്രതിഷ്ഠിയ്ക്കുന്നത് ഇതിനുവേണ്ടിയാണ്. രവിയുടെ അമേരിക്കൻ വിരോധത്തിന് ഒരു കൊളോണിയൽ വിധേയത്വം ഉള്ളതായി കാണാൻ കഴിയുന്നു. സ്കോളർഷിപ്പ് ഇംഗ്ലണ്ടിലെയോ ജർമ്മനിയിലെയോ യൂണിവേഴ്സിറ്റികളുടേതായിരുന്നെങ്കിൽ രവി സ്വീകരിയ്ക്കുമായിരുന്നു. ആഖ്യാനത്തിലെ വൈരുദ്ധ്യം ഇതിൽ കാണാൻ കഴിയും. വിദ്യാഭ്യാസരീതിയിൽ ബ്രിട്ടനെ വെറുക്കുമ്പോഴും, ലോകയുദ്ധത്തിലൂടെ ലോകത്ത് വിപത്ത് വിതച്ച അമേരിക്കയെയും രവി വെറുക്കുന്നു.

### ഉടഞ്ഞ മാതൃ-പിതൃ-പുത്ര ബിംബങ്ങൾ

പുരുഷകേന്ദ്രീകൃതവും പിതൃകേന്ദ്രീകൃതവുമായ ഒരു ഗ്രാമമാണ് ഖസാക്ക്. അച്ഛനെ വേദനിപ്പിയ്ക്കുന്ന പുത്രന്റെ പാപബോധത്തിലും ചിറ്റമ്മയുമായുള്ള അവിഹിതബന്ധത്തിലും ഉഴലുന്ന വ്യക്തിത്വവുമായാണ് രവി ഖസാക്കിലെത്തുന്നത്. പരമ്പരാഗതമായ മാതൃ-പിതൃ-പുത്ര ബന്ധങ്ങളെ ഉടച്ചുവാർക്കുകയാണ് നോവലിസ്റ്റ്. കുട്ടിക്കാലത്തേ അമ്മ നഷ്ടപ്പെട്ടുപോയ രവിയ്ക്ക് അച്ഛന്റെ രണ്ടാം വിവാഹം താങ്ങാവുന്നതിലേറെയായിരുന്നു. അമ്മയെത്തിരയുന്ന ഏകാന്തമനസ്സാണ് രവിയുടേത്.

അച്ഛനിൽനിന്നും അകന്നുപോയ മകന്റെ സന്ദേഹങ്ങളും, വ്യസനങ്ങളും രവിയുടെ വ്യക്തിത്വത്തെ മാറ്റിവെയ്ക്കുന്നു. വേദനിയ്ക്കുകയും, വേട്ടയാടപ്പെടുകയും ചെയ്യുന്ന പിതാവിനെയാണ് ഖസാക്കിൽ കാണുന്നത്. രോഗഗ്രസ്തനായി മരണശയ്യയിൽ കിടക്കുന്ന പിതാവിന്

തന്നെക്കാണണമെന്ന് അതിയായ ആഗ്രഹമുണ്ടെന്നറിഞ്ഞിട്ടും ആ ആഗ്രഹം നിഷേധിച്ച്, തന്റെ പാപബോധവുമായി അച്ഛനിൽനിന്നും സ്വന്തം വീട്ടിൽനിന്നും പലായനം ചെ യ്യാൻ രവി നിർബ്ബന്ധിതനായി.ഇവിടെയാണ് വിജയന്റെ ആഖ്യാനകലയുടെ മിഴിവ് അനുവാചകന് ദർശിയ്ക്കാൻ കഴിയുന്നത്. നോവലിൽ ഒരിടത്തുപോലും പിതാവും പുത്രനും തമ്മിൽ നേരിട്ട് സംവദിയ്ക്കാൻ നോവലിസ്റ്റ് അനുവദിയ്ക്കുന്നില്ല. അച്ഛൻ രവിയ്ക്ക് ഗുരുവായിരുന്നു. അച്ഛന്റെ കൈ വിരലിൽ തൂങ്ങി വിജനമായ ചുവന്ന പാതയിലൂടെ സായാഹ്നത്തിൽ സഞ്ചരിച്ചിരുന്നത് രവിയുടെ ജീവിതത്തിലെ സുഖദമായ ഓർമ്മയാണ്. എന്നാൽ അച്ഛൻ നൽകിയ വാത്സല്യം പാടേ ഉപേക്ഷിക്കുകയാണ് രവി. ഖസാക്കിലെത്തുമ്പോൾ എല്ലാ വൃദ്ധജനങ്ങളിലും തന്റെ പിതാവിനെക്കാണാൻ ശ്രമിയ്ക്കുകയും ചെയ്യുന്നു.

പിതാവും പുത്രനും തമ്മിലുള്ള ബന്ധവിച്ഛേദം രവിയെപ്പോലെ മറ്റ് കഥാപാത്രങ്ങൾക്കും വിജയൻ നല്കുന്നു. നൈസാമലിയും-മൊല്ലാക്കയും, മാധവൻ നായരും-അച്ഛനും തുടങ്ങിയവർ ഉദാഹരണം. രവിയിൽനിന്നും, മാധവൻനായരിൽനിന്നും വ്യത്യസ്തമായി നൈസാമലി പിതാവിനെ തിരിച്ചറിയുകയും പിതാവിലേ യ്ക്ക് മടങ്ങിപ്പോവുകയും ചെയ്യുന്നു. പിതൃ-പുത്രത്തെ മൂന്ന് തരത്തിൽ നോവലിൽ ആഖ്യാനം ചെയ്തിരിക്കുന്നു. ഈശ്വരൻ എന്ന പിതാവും മനുഷ്യൻ എന്ന പുത്രനും, ഗുരു എന്ന പിതാവും ശിഷ്യൻ എന്ന പുത്രനും , അച്ഛനും മകനും . ആത്മീയതയുടെ പശ്ചാത്തലമാണ് ഈ ബന്ധങ്ങളെ വ്യാഖ്യാനിയ്ക്കാൻ വിജയൻ സ്വീകരിച്ചിരിയ്ക്കുന്നത്.

സ്ത്രീയിലേയ്ക്കും പ്രകൃതിയിലേയ്ക്കും മടങ്ങാൻ രവിയുടെ മനസ്സിൽ അതിയായ ആഗ്രഹമുണ്ട്. ഈ അന്വേ ഷണത്തിന് കാരണമായി നോവലിസ്റ്റ് പറയുന്നത് മാതൃനഷ്ടമാണ്. അമ്മയെത്തിരയുന്ന അനാഥനായ ഒരു ശിശുവിന്റെ ആത്മാവ് വിജയൻ രവിയ്ക്കുനൽകുന്നു. സ്നേഹനിർഭരമായ ഒരു ബാല്യം രവിയ്ക്കുണ്ടായിരുന്നു. അമ്മയുടെ മടിയിൽ തലചായ്ച്ച് ആകാശത്തേയ്ക്കു നോക്കി ദേവന്മാർ വലിച്ചെറിയുന്ന കല്പവൃക്ഷതൊണ്ടുകളുടെ കഥ കേട്ടിരുന്ന കാലം. ആ കഥകൾ കൊച്ചുമനസ്സിൽ മാതൃത്വത്തിന്റെ വാത്സല്യം നിറച്ചു. ഗർഭിണിയായിരുന്ന അമ്മ പ്രസവത്തോടെ മരിയ്ക്കുമ്പോൾ രവി ഒറ്റപ്പെടുകയായിരുന്നു. അമ്മയുടെ പകരക്കാരിയായി വന്ന ചിറ്റമ്മയെ രവിയുടെ മനസ്സ് ഉൾക്കൊണ്ടില്ല. അതിനാൽ അയാൾ ചിറ്റമ്മയെ പ്രാപിയ്ക്കുന്നു. അമ്മയുടെ ഗർഭപാത്രത്തിലേയ്ക്ക് മടങ്ങുക, അവിടെ മാത്രമേ ശാശ്വതമായ ശാന്തി ലഭിയ്ക്കുകയുള്ളൂ

എന്ന ചിന്ത അയാളുടെ മനസ്സിൽ ഉറച്ചു. ഈ ചിന്തയാകാം അമ്മയാകാൻ പ്രായമുള്ള സ്ത്രീകളോടുകൂടി നടത്തുന്ന ശാരീരികബന്ധങ്ങളിലേയ്ക്ക് അയാളെ നടത്തുന്നത്. പാപത്തിന്റെയും ലൈംഗികതയുടെയും വലയത്തിനുള്ളിൽ കറങ്ങുകയാണ് രവിയുടെ ജീവിതം. നിഷിദ്ധമായതെന്തും നേടിയെടുക്കാനുള്ള സഹജമായ മനുഷ്യവാസന രവിയിൽ കാണുവാൻ കഴിയും. ചിറ്റമ്മയുമായുള്ള ലൈംഗികബന്ധം വേദകാലത്തായിരുന്നെങ്കിൽ ന്യായീകരിക്കാമായിരുന്നെന്ന് രവി വിശദീകരിയ്ക്കുന്നു. (വേദകാലത്ത് സഹോദരീ പരിണയം നിലനിന്നിരുന്നു). ആദിമകാലത്തേയ്ക്ക് തിരിച്ചുപോകാനുള്ള ആഗ്രഹം രവിയുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു.

പിതാവും പുത്രനും മാതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ അസ്തിത്വവ്യഥയുടെ പിൻബലത്തിൽ വിജയൻ വിശദീകരിയ്ക്കുന്നു. അസ്തിത്വവ്യഥയിൽ ഉഴറി ഉടഞ്ഞുപോയ മാതൃ-പിതൃ ബിംബങ്ങളുടെ വലയിൽ നിന്നും രക്ഷപ്പെടാൻ രവി ആത്മഹത്യചെയ്യുന്നു. രവിയുടെ പാപബോധത്തെ മരണത്തിലൂടെ അവസാനിപ്പിയ്ക്കാൻ ശ്രമിച്ചപ്പോഴും മനുഷ്യരാശിയെ ഒന്നാകെ അലട്ടുന്ന പാപബോധമായി അതിനെ മാറ്റാൻ വിജയന്റെ ആഖ്യാനശൈലിയ്ക്ക് കഴിഞ്ഞു.

ഖസാക്കിന്റെ ദർശനം

കേരളീയമായ ഒരു ഗ്രാമാന്തരീക്ഷം ഖസാക്കിന്റെ ജീവിതപശ്ചാത്തലത്തിൽ കാണാൻ കഴിയുന്നില്ല . യുക്തിയും അയുക്തിയും, മിത്തും യാഥാർത്ഥ്യവുമെല്ലാം അവിടത്തെ ജീവിതത്തിൽ കൂടിക്കുഴഞ്ഞുകിടക്കുന്നു. പരിഷ്കൃത സമൂഹത്തിന്റെ ശാസ്ത്രീയമായ യുക്തികൾ ഒരു വശത്തും ഗ്രാമീണ സമൂഹത്തിന്റെ അയുക്തികൾ മറുവശത്തും വിജയൻ ആവിഷ്കരിക്കുന്നു. നാഗരിക ജീവിതത്തിന്റെ സങ്കീർണ്ണതകൾ രവിയെ ജീവിതത്തിൽ പരാജയപ്പെടുത്തി. നഗരത്തിൽനിന്നും യാഥാർത്ഥ്യവും, അസ്തിത്വവും തേടി രവി ഖസാക്കിലേയ്ക്കുപോകുന്നു. ജൈവസ്വരൂപത്തെ കണ്ടെത്താനുള്ള ശ്രമത്തിൽ പാപത്തിൽ നിന്നും പാപത്തിലേക്ക് നടന്ന് ആ വഴിയമ്പലത്തിൽ രവി ജീവിച്ചു.

നിരർത്ഥകമായ ജീവിതത്തിന്റെ മുഖം ഖസാക്കിൽ അവതരിപ്പിയ്ക്കുമ്പോഴും, രവി മരണത്തെ സ്വയം വരിയ്ക്കുമ്പോഴും ജീവിതത്തെ അയാൾ ഒരുപാട് സ്നേഹിയ്ക്കുന്നു എന്ന ദർശനമാണ് നോവലിസ്റ്റ് നൽകുന്നത്. മരണവും ജീവിതവും തമ്മിലുള്ള അതിർവരമ്പുകൾ ഇവിടെ

ഇല്ലാതാകുന്നു. സ്കൂളിൽ എത്താത്ത കുട്ടികൾ—പഠനം നിർത്തിയവരായാലും മരിച്ചുപോയവരായാലും—അവരുടെ പേര് ഹാജർ പുസ്തകത്തിൽ നിന്നും നീക്കാൻ രവി തയ്യാറാകുന്നില്ല. ഇത് രവിയുടെ ജീവിത വീക്ഷണമാണ് വെളിപ്പെടുത്തുന്നത്. നോവലിസ്റ്റിന്റെ ജീവിതദർശനമാണ്. സ്നേഹവും മരണവും പാപവും രവി ഖസാക്കിൽ തിരിച്ചറിയുന്നു. പ്രകൃതിരഹസ്യങ്ങൾ തേടി ഖസാക്കിലെത്തിയ രവിയ്ക്ക് അത് കണ്ടെത്താനാകാതെ പ്രകൃതിയിലേയ്ക്ക് മടങ്ങേണ്ടിവരുന്നു. സർപ്പദംശമേറ്റ് മഴവെള്ളത്തിൽ കിടക്കുന്ന രവിയ്ക്ക് പ്രളയജലത്തിന് മുകളിൽ ആലിലയിൽ കിടക്കുന്ന ആദിമശിശുവിന്റെ രൂപമുണ്ട്. ആവർത്തനം പ്രകൃതിനിയമമാണെന്ന ദർശനത്തിൽ നോവലിസ്റ്റ് എത്തിച്ചേരുന്നു. ജനനമരണചക്രത്തിൽ നിന്നും മനുഷ്യന് മോചനമില്ല എന്ന തത്ത്വം അംഗീകരിയ്ക്കുകയാണ് വിജയൻ. ഇത് എന്റെ ജീവിതദർശനമല്ലെന്ന് നോവലിസ്റ്റ് പറയുമ്പോൾ ഇതുതന്നെയാണ് എന്റെ ജിവിതവീക്ഷണം എന്ന് നോവലിസ്റ്റ് നോവലിൽ അടിവരയിട്ട് ഉറപ്പിച്ചിരിക്കുന്നതായാണ് അനുവാചകന് ബോദ്ധ്യമാകുന്നത്.

ഉപസംഹാരം

വായനക്കാരന്റെ സൗന്ദര്യാസ്വദനതലത്തെ തൃപ്തിപ്പെടുത്തുന്ന ആഖ്യാനശൈലിയല്ല 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവലിന്റേത്. ഈ നോവലിന്റെ ആഖ്യാനശൈലിയെ പ്രത്യേകിച്ച് ഒരു സൗന്ദര്യശാസ്ത്ര സിദ്ധാന്തത്തിന്റെയും തത്ത്വങ്ങൾ ഉപയോഗിച്ച് വ്യാഖ്യാനിയ്ക്കാൻ കഴിയുകയില്ല. പരിസ്ഥിതിയും, പ്രത്യയശാസ്ത്രവും ചരിത്രവും നരവംശശാസ്ത്രവും സംസ്കാരവും മിത്തും ആത്മീയതയും ബിംബങ്ങളും മനഃശാസ്ത്രവും ശരീരശാസ്ത്രവും എല്ലാം വിജയൻ നോവലിൽ അവതരിപ്പിച്ചിരിയ്ക്കുന്നു. ഭൗതിക ജീവിതത്തിന്റെ കെട്ടുപാടുകളിൽപ്പെട്ടുഴലുന്ന മനുഷ്യജീവിതത്തിന്റെ താഴേത്തട്ട് മുതൽ മേൽത്തട്ട് വരെയുള്ള ചിത്രങ്ങൾ വിജയൻ തന്റെ കൃതിയിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. മനുഷ്യജീവിതം വിയോഗദുഃഖത്തിന്റെ ദുരന്തമാണെന്ന് അദ്ദേഹം പറയുന്നു. ആവർത്തിയ്ക്കുന്ന ജനിതകചക്രത്തിലെ ആരക്കാലുകൾ ആണ് പ്രപഞ്ചത്തിലെ ഓരോ ജീവിയും. പക്ഷേ കാലചക്രത്തിന്റെ തിരിയലിനിടയിൽ എവിടെയോ മനുഷ്യന്റെ നന്മ നഷ്ടപ്പെട്ടു.

പരിഷ്കാരത്തിന്റെ ഒരു ചെറിയ മാറ്റംപോലും ഏൽക്കാത്ത ഖസാക്ക് എന്ന ഗ്രാമത്തിൽ ചാരിത്രവതികളായ പെൺകിടാങ്ങളെയോ മദ്യത്തിനും മന്ത്രവാദത്തിനും അടിമപ്പെടാത്ത പുരുഷൻമാരെയോ കാണാൻ

കഴിയുന്നില്ല . ഈ ദർശനം അവതരിപ്പി യ്ക്കുന്നതിൽ നോവലിസ്റ്റിന്റെ ആഖ്യാ നശൈലി പൂർണ്ണവിജയമായിരുന്നു. അതിനാൽ 'ഖസാക്കിന്റെ ഇതിഹാസം' മലയാള നോവൽ സാഹിത്യത്തിലെ ഇതിഹാസമായി എന്നും നിലനിൽക്കും.

ആധാരഗ്രന്ഥസൂചി.

1. കെ.പി. അപ്പൻ, മാറുന്നമലയാള നോവൽ
2. ഒ.വി. വിജയൻ, ഖസാഖിന്റെ ഇതിഹാസം
3. പി.കെ. രാജശേഖരൻ, അന്ധനായ ദൈവം—മലയാളനോവലിന്റെ നൂറ് വർഷങ്ങൾ
4. പി.കെ . രാജശേഖരൻ, പിതൃഘടികാരം
5. ഒ.വി. വിജയൻ, ഇതിഹാസത്തിന്റെ ഇതിഹാസം
   ഖസാക്ക് പഠനങ്ങൾ, പ്രൊഫ. ടോണി മാത്യൂ
6. ഖസാക്ക് പഠനങ്ങൾ, സമാഹരണവും എഡിറ്റിങ്ങും: കെ.ജി. കാർത്തികേയൻ, എം. കൃഷ്ണൻ നമ്പൂതിരി
7. ആത്മായനങ്ങളുടെ ഖസാക്ക്, എം.കെ. ഹരികുമാർ

ദീപ ബി.എസ്.
അസി. പ്രൊഫ., മലയാളവിഭാഗം
കെ.കെ.ടി.എം. ഗവ: കോളേജ്, പുല്ലൂറ്റ്.

# മലയാളപ്പച്ച

*malayala pachcha*

മലയാളം - ഇംഗ്ലീഷ്

അർദ്ധവാർഷിക റിസേർച്ച് ജേണൽ

മലയാളവിഭാഗം
കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്
പുല്ലൂറ്റ്, കൊടുങ്ങല്ലൂർ
കേരളം.

ISSN 2454-292X
VOLUME 01 NUMBER 02
FEBRUARY 2016

ISSN 2454-292X

cc BY creative commons

Printed, published and edited by Head of the Post Graduate Department of Malayalam, KKTM Govt. College, Pullut, Kodungallur, Kerala. Ph.9946764768